# PROCEEDINGS

# OF THE

# NINTH KERALA LEGISLATIVE ASSEMBLY

## THIRD SESSION

**Monday, the 30th March 1992**

## OFFICIAL REPORT

VOLUME LXXXV—No. 17

**Price: 50 P.**

©
Government of Kerala
1998

PRINTED BY
THE S.G.P. AT THE GOVERNMENT PRESS, ERNAKULAM—1998

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


പേജ്

I. ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ .. 45

II. ചരമോപചാരം:

സർവ്വശ്രീ. എസ്. കുമാരൻ, സി. കെ. ബാലകൃഷ്ണൻ, എൻ. ഗമാലിയേൽ, ടി. കെ. അബ്ദു, ഡി. വിവേകാനന്ദൻ, പുത്തൂർ അച്ചുതമേനോൻ, ഒ. ജെ. ജോസഫ്, ശ്രീമതി കുസുമം ജോസഫ് എന്നിവരുടെ നിര്യാണം 152

III. കായികതാരങ്ങൾക്ക് അനുമോദനം .. 157

IV. ശ്രദ്ധക്ഷണിക്കൽ:

(i) കാസർകോട് ജില്ലയിലെ വോൾട്ടേജ് ക്ഷാമം—ശ്രീ. പി. രാഘവൻ .. 158

(ii) പാസ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം—ശ്രീ. സി. എഫ്. തോമസ് .. 163

V. സബ്മിഷൻ:

(i) ആകാശവാണിയുടെ പ്രഭാതഭേരി എന്ന പരിപാടി—ശ്രീ. കെ. പ്രകാശ് ബാബു .. 167

(ii) കോട്ടയം ബി.സി.എം. കോളേജ് വിദ്യാർത്ഥിനി സിസ്ററർ അഭയയുടെ മരണം—ശ്രീ. ടി. കെ. രാമകൃഷ്ണൻ .. 167

(iii) ടി.ബി. സാനിട്ടോറിയത്തിൽ ചികിൽസയിലായിരുന്ന ഉഷ എന്ന ഹരിജൻ യുവതിയെ ബലാൽസംഗം ചെയ്ത കേസ്—ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) .. 170

(iv) കോങ്ങാടു പോലീസ് സ്റേറഷനിൽവച്ച് വിജയകുമാർ എന്ന വിദ്യാർത്ഥിയെ ഉപദ്രവിച്ചു എന്ന പരാതി—ശ്രീ. പി. ബാലൻ .. 171

(v) ഡയിംഗ്-ഇൻ-ഹാർനസ് റൂൾ ലഘൂകരണം സംബന്ധിച്ച്—ശ്രീ. കെ. കെ. ശ്രീനിവാസൻ .. 172




LIBRARY ARCHIVES Kerala Legislative Assembly

പേജ്

(vi) കറവമാടുകൾക്കു പിടിപെട്ടിരിക്കുന്ന രോഗം—ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ .. 174

(vii) കൃഷി ഫാം തൊഴിലാളികളുടെ സമരം—ശ്രീ. കെ. ഇ. ഇസ്മയിൽ .. 175

(viii) വാഴൂർ ഗവൺമെൻറ് പ്രസ്—ശ്രീ. പി. എം. മാത്യു .. 176

(ix) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക—ശ്രീ. എ. കണാരൻ .. 178

(x) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്—ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ .. 180

(xi) ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ പൂർത്തീകരണം—ശ്രീ. ഇ. എം. അഗസ്തി .. 182

VI. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന—സംസ്ഥാനത്തെ ജലനയം—ജലസേചന വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്) .. 184

VII. റിപ്പോർട്ട് സമർപ്പണം:
അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമതു റിപ്പോർട്ട് .. 187

VIII. നിയമ നിർമ്മാണകാര്യം:

(i) 1992-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ .. 188

(ii) 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ .. 208


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

ഒൻപതാം കേരള നിയമസഭ

മൂന്നാം സമ്മേളനം

1992 മാർച്ച് 30, തിങ്കൾ

വാല്യം LXXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 1992 മാർച്ച് 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. പി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കാൻ നടപടി

* 1 [344] ശ്രീ. എ. കണാരൻ:

,, എം. നാരായണൻ (കുഴൽമന്ദം):

,, ടി. ചാത്തു:

,, വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമം കൊണ്ടുവരുവാൻ തയ്യാറാവുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ, ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കണാരൻ: സർ, ആദിവാസികളുടെ നിയമമൊക്കെ കൊണ്ടു വന്നിട്ട് 16 കൊല്ലം കഴിഞ്ഞു. ഈ 16 കൊല്ലത്തിനിടയ്ക്ക് ഈ നിയമ പ്രകാരം എത്ര ആദിവാസികൾക്കാണ് അവരുടെ ഭൂമി തിരിച്ചു നൽകാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ആ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി എത്ര അപേക്ഷകളും എത്ര പ്രശ്നങ്ങളും പെൻഡിംഗിൽ കിടക്കുന്നുണ്ട്?

ശ്രീ. കെ. എം. മാണി: ഇതു സംബന്ധിച്ച് ആകെ ഉണ്ടായിട്ടുള്ള ആപ്ലിക്കേഷൻസ് 8761 ആണ്. അതിൽ ആകെ കവർ ചെയ്യുന്ന ഭൂമി എന്നു പറയുന്നത് 9909 ഹെക്ടറാണ്. 8761 ആപ്ലിക്കേഷൻസ്. ഇതിൽ ഡിസ്പോസ് ചെയ്തത് 522 കേസുകളാണ്. അതിൽ 581 ഹെക്ടർ തിരിച്ചുകൊടുക്കാനായി ഉത്തരവായി തിരിച്ചുകൊടുത്തിട്ടുണ്ട്. ബാലൻസുള്ള 8239 അപേക്ഷകളിൻമേൽ തീരുമാനമെടുക്കാനുണ്ട്. അതായത് 9328 ഹെക്ടർ സ്ഥലത്തെ സംബന്ധിച്ച് 8239 കേസുകളിൽ തീരുമാനമാകാനുണ്ട്.

ശ്രീ. എ. കണാരൻ: 16 കൊല്ലക്കാലംകൊണ്ട് 522 കേസുകൾ മാത്രമേ ഗവൺമെന്റിന്റെ പരിഗണനയിൽ വന്ന് തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇപ്പോഴും ആദിവാസികളുടെ ഭൂമി പല കാരണങ്ങൾ കൊണ്ടും അന്യാധീനപ്പെട്ടു പോയിട്ടുണ്ട്. മാത്രമല്ല പല പല കൈമാററങ്ങൾ— അഞ്ചും ആറും എട്ടും കൈമാററങ്ങളായിട്ടുണ്ട്. പഴയ നിയമത്തിൽ വരുത്തിയ ഭേദഗതിമൂലം ആദിവാസികളേക്കാൾ ദരിദ്ര ജനവിഭാഗങ്ങളുടെ കൈവശംപോലും ആ ഭൂമി എത്തിച്ചേർന്നിട്ടുണ്ട്. ഈ അന്യാധീനപ്പെട്ട ഭൂമി മുഴുവൻ അവർക്ക് തിരിച്ചുകിട്ടാനും അതേയവസരത്തിൽ പലവിധ കൈമാററങ്ങളെക്കൊണ്ട് പാവപ്പെട്ടവരായ 5 സെൻറ് 10 സെൻറിൽ ഒക്കെ താമസിക്കുന്നവരായ ആളുകൾക്ക് ഒരു സംരക്ഷണം നൽകത്തക്കവിധം ഈ നിയമത്തിൽ മാററം വരുത്താൻ ഒരു സർവകക്ഷി കമ്മിററിയുണ്ടാക്കി അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം തികച്ചും ശരിയാണ്. ചില കേസുകളിൽ ഈ ആദിവാസികളേക്കാൾ പാവപ്പെട്ട ആളുകളാണ് ഇപ്പോൾ കൈവശക്കാർ. അവരെ ഒഴിപ്പിച്ചു വിടുക എന്നു പറയുന്നത് മറെറാരു ഹ്യൂമൻ പ്രോബ്ലമാണ്. ഒരു വർഗ്ഗത്തെ റിഹാബിലിറേററ് ചെയ്യാൻ തുടങ്ങുമ്പോൾ അതുപോലെ പാവപ്പെട്ട വേറൊരു വർഗ്ഗത്തെ ഒഴിപ്പിച്ചു വിടേണ്ടി വരുന്നു. ഇങ്ങനെയുള്ള ഒരു പ്രശ്നമുള്ളതുകൊണ്ടാണ് വാസ്തവത്തിൽ ഈ കേസുകളെ സംബന്ധിച്ചിടത്തോളം പുരോഗതിയുണ്ടാകാതെ കിടക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ നിയമത്തിൽ കാതലായ മാററം വരുത്തേണ്ടതാണ്. ഈ നിയമത്തിൽ കാതലായ മാററം വരുത്തണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): സർ, ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചു നൽകാനുള്ള നടപടികളെത്തുടർന്ന് അട്ടപ്പാടി തുടങ്ങിയ മേഖലകളിൽ ആദിവാസികളും കൈവശഭൂമിക്കാരും തമ്മിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംഘർഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെയൊരു സംഘർഷം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതു പരിശോധിക്കാം. ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് എത്ര പരാതികൾ ഇപ്പോൾ ഈ സർക്കാരിന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്; അതിനുവേണ്ടി വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഞാൻ ആ ചോദ്യത്തിന് ഉത്തരം നൽകിയിട്ടുണ്ട്.

ശ്രീ. ടി. ചാത്തു: ഈ നിയമത്തിലുള്ള അപാകത കാരണമാണ് ഇതും നടപ്പിലാക്കാൻ കഴിയാത്തത് എന്നു ബഹുമാനപ്പെട്ട മന്ത്രി തന്നെ സൂചിപ്പിച്ചു. ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ആദിവാസി പ്രവർത്തകരും അവരുമായി ബന്ധപ്പെട്ട യൂണിയൻ പ്രവർത്തകരും സർക്കാരും തമ്മിൽ ഒരു ചർച്ച നടത്തി ഇരുവഴിക്കും ദോഷം വരാത്തവിധം നടപടി സ്വീകരിക്കുമോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു വളരെക്കാലമായി ഇത്തരം ഭൂമി കൈവശപ്പെടുത്തി വരുന്ന പാവപ്പെട്ടവരുമുണ്ടെന്ന്. അവർക്കും ദോഷം വരാത്തവിധത്തിൽ നിയമം ഭേദഗതിചെയ്യാൻ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടാൻ ഈ ഗവൺമെന്റ് ഒരുക്കമാണോ?

ശ്രീ. കെ. എം. മാണി: നിയമം ഭേദഗതി ചെയ്യണമെന്ന അഭിപ്രായം മാത്രമേ പറഞ്ഞിട്ടുള്ളൂ. നിയമം ഭേദഗതി ചെയ്യണമെന്ന നയപരമായ തീരുമാനം ഗവൺമെന്റ് എടുക്കുകയാണെങ്കിൽ ആ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇപ്രകാരമുള്ള സമ്മേളനങ്ങൾ വിളിച്ചുകൂടി ചർച്ചകൾ നടത്താവുന്നതാണ്.

ശ്രീ. ടി. ചാത്തു: സർക്കാർ തലത്തിൽ വളരെക്കാലം കൃഷി ചെയ്ത് കൈവശം വച്ചിട്ടുള്ള ഭൂമിയിൽ നിന്നും ആദിവാസികളെ സർക്കാർ തന്നെ ഒഴിപ്പിച്ചിട്ടുണ്ട്. അവർക്ക് ഈ നിയമപ്രകാരം ആ ഭൂമി തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഈ നിയമം സർക്കാർ ഭൂമിയിൽ നിന്നും പോയിട്ടുള്ള ആളുകൾക്കല്ല. ഈ നിയമം ആദിവാസികളുടെ ഭൂമി വേറൊരാൾ കച്ചവടം ചെയ്ത് വാങ്ങിയാൽ അത് അസ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ചുള്ള അസംബ്ലി കമ്മിറ്റി 1960—നുശേഷം കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ഭൂമി മുതൽ തിരിച്ചുകൊടുക്കണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഈ നിയമം 1976—ൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും ഇപ്പോൾ 1982 മുതൽക്കാണ് അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

അതിൽ കാതലായ ഒരു പ്രശ്നമുണ്ടായത് ഈ നിയമം കൊണ്ടുവന്ന സാഹചര്യത്തിൽ ഫ്രാഡുലൻറ് എന്നൊരു വാക്ക് അതിൽനിന്നും എടുത്തു കളഞ്ഞു. അതായത് അവിഹിതമായി തട്ടിയെടുത്ത ഭൂമി തിരിച്ചു കൊടുക്കണം. ആ വാക്ക് ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ ആണ് ഈ പാവപ്പെട്ടവരുടേയും വില കൊടുത്തവരുടേയും ഒക്കെ പ്രശ്നം ഉദിക്കുന്നത്. അതുകൊണ്ട് ഫ്രാഡുലൻറ് എന്ന വാക്ക് കൂട്ടിച്ചേർത്ത് അവിഹിതമായി തട്ടിയെടുത്ത അതായത് ചൂഷണം ചെയ്ത് തട്ടിയെടുത്ത ഭൂമികൾ തിരിച്ചു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഈ നിയമത്തിൽ വാക്കുകൾക്ക് കുഴപ്പമൊന്നുമില്ല. നിയമം പാസ്സായ തീയതി മുതൽ (1960 മുതൽ) ഈ നിയമം പ്രാബല്യത്തിൽ വരുത്തിയ 1982 ജൂൺ വരെയുള്ള പരാതിയുടെ കേസുകളെ സംബന്ധിച്ചിടത്തോളം മുഴുവൻ ട്രാൻസാക്ഷൻസും ഡീംഡ് ഇൻവാലിഡാക്കിയിട്ടുണ്ട്.

ശ്രീ. പാലോട് രവി: ആദിവാസി മേഖലയിൽ ഗിരിവർഗ്ഗക്കാർക്ക് പട്ടയം കൊടുത്തിട്ടില്ല. ഈ സ്ഥലത്തുള്ള ഗിരിവർഗ്ഗക്കാരുടെ പട്ടയമില്ലാത്ത ഭൂമി ഗിരിവർഗ്ഗക്കാരുടെ പേരിൽ എഴുതി വച്ചതിനുശേഷം പുറത്തുള്ള ആൾക്കാർ കൈവശപ്പെടുത്തിയിരിക്കുന്നു. അങ്ങനെ അവരുടെ നൂറ് കണക്കിന് ഏക്കർ ഭൂമി കൈവശപ്പെടുത്തിയിരിക്കുകയാണ്. അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? ചോദിച്ചാൽ ഗിരിവർഗ്ഗക്കാരുടെയാണ് ഭൂമി എന്നു പറയും. പക്ഷേ ഗിരിവർഗ്ഗക്കാർക്ക് യാതൊരു അവകാശവും കാണുകയില്ല. അവർ ഒരു കൊച്ചു കൂര വച്ചു കെട്ടിയേക്കും. അവിടെ കൃഷി ചെയ്യുന്നതും കൈവശപ്പെടുത്തിയിരിക്കുന്നതും മററും പ്രമാണിമാരാണ്. അവരെ ഒഴിവാക്കാൻവേണ്ടി ഇപ്പോഴുള്ള നിയമം കൊണ്ട് കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി നിയമം ഭേദഗതി ചെയ്യണം. ആർ.ഡി.ഒ. മാർക്കാണ് അതിന് ചുമതല കൊടുത്തിരിക്കുന്നത്. ഒരു കേസുപോലും സ്പീഡ് അപ് ചെയ്യുന്നില്ല. അതുകൊണ്ട് ഗിരിവർഗ്ഗക്കാർക്ക് പട്ടയം കൊടുക്കുന്ന നടപടി വേഗത്തിൽ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: കൃത്യമായി പറഞ്ഞാൽ ഈ ചോദ്യത്തിൽ നിന്നും വരുന്നതല്ല ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിരിക്കുന്നത്. എങ്കിൽപോലും അവരുടെ കാര്യം ഗവൺമെൻറ് ആലോചിക്കും. ഇതൊരു പൊതുവായ പ്രശ്നമാണ്. പ്രത്യേകിച്ചും ആദിവാസികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭൂമിക്ക് അവകാശം നൽകുന്ന കാര്യത്തിൽ ഗവൺമെൻറിന് ഇപ്പോഴും താല്പര്യമാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകണമെന്നാണ് ഗവൺമെൻറ് നയം. അത് നടപ്പിലാക്കാൻ പരിശ്രമിച്ചപ്പോൾ സ്ഥലവാസികളും ആദിവാസികളും തമ്മിൽ വലിയ പോരാട്ടം അട്ടപ്പാടി തുടങ്ങിയ മേഖലകളിലുണ്ടാവുകയും ആർ. ഡി. ഒ.-യെ കയ്യേററം ചെയ്യുകയും ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അട്ടപ്പാടി മേഖലയിലും മററ് ആദിവാസി കേന്ദ്രങ്ങളിലും ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ കണക്കെടുത്തു കൊണ്ട് അവർക്ക് പകരം ഭൂമി നൽകാനാവശ്യമായ എന്തെങ്കിലും നടപടികൾ ഗവൺമെൻറ് ആലോചിക്കുമോ; ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കുന്നതിന് കരണീയമായ മാർഗ്ഗം എന്താണെന്ന് വല്ലതും ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഭൂമി നഷ്ടപ്പെട്ട ആളുകൾ ഒരു നിശ്ചിത തീയതിക്കുമുമ്പ് അപേക്ഷ കൊടുക്കണമെന്നാണ് നിയമത്തിൽ പറയുന്നത്. അതനുസരിച്ച് കൊടുത്തിട്ടുള്ള അപേക്ഷകളാണ് ഈ നിയമത്തിൽ പ്രതിപാദിക്കുന്നത്. ആ അപേക്ഷകളാണ് ഞാൻ പറഞ്ഞത് ഗവൺമെൻറിൻെറ മുൻപിലുള്ള 8761 അപേക്ഷകൾ. അത്രയും പേർക്കാണ് ഭൂമി നഷ്ടപ്പെട്ടത് എന്നുവേണം അനുമാനിക്കാൻ. അതിനപ്പുറത്തേക്ക് കടന്ന് ഒരന്വേഷണം നടത്തിയിട്ടില്ല. അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ചിടത്തോളം ആ ഭൂമി തിരിച്ചുകിട്ടുന്നതിനായി ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് വളരെ ശക്തമായ നടപടിയാണ് എടുത്തിട്ടുള്ളത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: അട്ടപ്പാടി പാലക്കാട് ജില്ലയിലായതു കൊണ്ട് ഞങ്ങൾക്ക് ആ വിഷയം മുഴുവൻ അറിയാം. അവിടെ ഈ ഗവൺമെൻറിൻെറ നയം നടപ്പിലാക്കാൻ പരിശ്രമിച്ചപ്പോൾ ഭൂമി കൈവശപ്പെടുത്തിയ മുഴുവൻ ആളുകളും സംഘടിതമായി ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ കൈയേററം ചെയ്തു. അതിൻെറ കേസ് നിലവിലുണ്ട്. യഥാർത്ഥത്തിൽ ആദിവാസികളുടെ കയ്യിൽ ഭൂമിയില്ല. ആദിവാസികൾക്ക് നേരിട്ട് അപേക്ഷ കൊടുക്കാനുള്ള അറിവും കഴിവുമില്ല. അതുകൊണ്ട് ഈ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ കണക്ക് എടുക്കാൻ ഗവൺമെൻറ് മുൻകൈയെടുക്കുകയും, അവർക്ക് പകരം ഭൂമി കിട്ടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറ് എടുത്തിട്ടുണ്ടോ; അതിനാവശ്യമായ നടപടി ഗവൺമെൻറ് എടുക്കുമോ?

ശ്രീ. കെ. എം. മാണി: അത് വ്യത്യസ്തമായ ഒരു ചോദ്യമാണ്. പൊതുവെ ആർക്കൊക്കെ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് അന്വേഷിക്കാം. മറേറത് നിയമത്തിൻെറ അടിസ്ഥാനത്തിലാണ് ചെയ്യേണ്ടത്. നിയമത്തിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറല്ല അത് തീരുമാനിക്കേണ്ടത്. നിയമത്തിൻെറ അടിസ്ഥാനത്തിൽ ഭൂമി നഷ്ടപ്പെട്ടവർ നിശ്ചിത തീയതിക്കകം അപേക്ഷ കൊടുത്തിരിക്കണം. അത് മാത്രമേ ഗവൺമെൻറ് പരിഗണിക്കുകയുള്ളൂ. ഇത് രണ്ടും രണ്ടാണ്. തീർച്ചയായും ബഹുമാനപ്പെട്ട ഇസ്മയിലിൻെറ വികാരങ്ങളെ ഞാൻ മാനിക്കുന്നു. അട്ടപ്പാടി പ്രദേശത്തെ സംബന്ധിച്ചിടത്തോളം സംഘർഷമുണ്ടെങ്കിൽ അത് സംബന്ധിച്ച് തീർച്ചയായും പരിശോധിക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ടി. ശിവദാസമേനോൻ: ആദിവാസികളുടെ ഭൂമി കൈമാറി കൈമാറി നിരവധി സെററ്ലേഴ്സിൻെറ കൈയിലുണ്ട്. അവർ നിരവധി കൊല്ലങ്ങളായി ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിച്ച് അവിടെ ജീവിതമാരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ ആ ഭൂമി ആദിവാസികൾക്കുതന്നെ തിരിച്ചു കൊടുക്കുകയെന്നുള്ളത് നീതീകരിക്കാൻ കഴിയുന്നതല്ല, ആദിവാസികളുടെ കൈയിൽനിന്ന് ആരെങ്കിലും ഭൂമി തട്ടിയെടുത്തിട്ടുണ്ടെങ്കിൽ അവർക്ക് വേറെ ഭൂമി കൊടുക്കുകയെന്നുള്ളതല്ലാതെ കൃഷിക്കാരെ വളരെ വ്യാകുലപ്പെടുത്തുന്നതും കഷ്ടപ്പെടുത്തുന്നതുമായിട്ടുള്ള ഒരു ഏർപ്പാടാണിത്. ആദിവാസികളെപ്പോലെ വനവാസികളും ഒരു തുണ്ടുഭൂമിക്കു വേണ്ടി കഷ്ടപ്പെട്ട് നാടും വീടും വിട്ട് അവിടെ വന്ന് നല്ല സുന്ദരമായ പൂങ്കാവനം വച്ചുപിടിപ്പിച്ചിട്ടുണ്ട്. അവരെ ഒഴിപ്പിക്കുകയെന്നു



LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ അവരുടെ മൃതശരീരമായി മാത്രമേ അവിടെനിന്ന് ഒഴിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അപ്രായോഗികമായ ഈ നിയമത്തിൽ വേണ്ടവിധത്തിലുള്ള മാററങ്ങൾ വരുത്തി ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി കിട്ടാൻ വേറെ സംവിധാനമുണ്ടാക്കി കൈവശമുള്ള ആളുകളെ ദ്രോഹിക്കാതിരിക്കാനുള്ള എന്തെങ്കിലും നടപടിയുണ്ടാക്കിയില്ലെങ്കിൽ ത്രിപുരയിലെപ്പോലുള്ള കുഴപ്പം ഇവിടെയുണ്ടാകും.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞ കാര്യത്തോട് ഞാൻ നൂറ് ശതമാനവും യോജിക്കുകയാണ്. അപ്രായോഗിക നിയമം എന്നുവച്ചാൽ ഈ ആദിവാസികളുടെ ഭൂമി മൂന്നാമതൊരാൾ വാങ്ങി ദേഹണ്ഡം ചെയ്തിട്ടുണ്ടെങ്കിൽ ഒഴിപ്പിച്ചുവിടുമ്പോൾ അതിന് നഷ്ടപരിഹാരം കൊടുക്കണം. ആ നിയമത്തിൽ പറഞ്ഞിരിക്കുന്ന നഷ്ടപരിഹാരം കൊടുത്ത് ഒഴിപ്പിക്കണം. നഷ്ടപരിഹാരം കൊടുക്കാൻ ആദിവാസികൾക്ക് കഴിവില്ലെങ്കിൽ അഡ്വാൻസ് കൊടുക്കും. ആ അഡ്വാൻസ് 20 വർഷക്കാലംകൊണ്ട് തിരിച്ച് കൊടുക്കണം. ഇല്ലെങ്കിൽ റവന്യൂ റെക്കവറി ആദിവാസികൾക്കുണ്ടാകും. എത്ര അപ്രായോഗികമായ നിയമമാണ്. ബഹുമാനപ്പെട്ട മെമ്പർ ശിവദാസമേനോന്റെ അഭിപ്രായത്തോട് ഞാൻ നൂറ് ശതമാനവും യോജിക്കുന്നു. ഇതുസംബന്ധിച്ചിടത്തോളം ഒരു തുറന്ന ചർച്ച ആവശ്യമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിയമപരമായി ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെ സംബന്ധിച്ചാണ്. എന്നാൽ ഇന്നും ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തുകയും വല്ലതും വർഷാവർഷം പാട്ടമായും പാതിവാരമായും കൊടുത്തുകൊണ്ട് ആ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന പ്രമാണിമാരായ ആളുകൾ വെളിയിലുണ്ട്. അതിനെ തടസ്സപ്പെടുത്താൻ, അവർക്ക് തന്നെ അനുഭവമെടുക്കാൻ എന്തെങ്കിലും നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ശിവദാസമേനോന്റെ സ്പിരിററും കോലിയക്കോട് കൃഷ്ണൻനായരുടെ സ്പിരിററും രണ്ടും രണ്ടാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ശിവദാസമേനോന്റെ സ്പിരിററ് അനുസരിച്ചുള്ള നിലപാട് ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻനായർ സ്വീകരിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഇതിനകത്ത് വലിയ മുതലാളിമാരൊന്നുമില്ല.

ശ്രീ. പി. രാഘവൻ: കാസർകോട് ജില്ലയിൽ ആയിരക്കണക്കിന് ഏക്കർ ഗവൺമെന്റ് ഭൂമി ആദിവാസികളുടെ പേര് പറഞ്ഞ് ആദിവാസികൾ അറിയാതെ സാമ്പത്തികമായി കഴിവുള്ളവർ കൈവശമാക്കിയിരിക്കുകയാണ്. ആദിവാസികളറിയാതെതന്നെ രജിസ്ട്രാർ ഓഫീസിൽ പോയി അവരുടെ പേരിൽ ഒപ്പിട്ട് തിരിച്ചുവാങ്ങുന്ന ഒരു സ്ഥിതിയുണ്ടായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പ്രത്യേകമായി അന്വേഷിച്ച് യഥാർത്ഥത്തിൽ അർഹരായിട്ടുള്ള ആദിവാസികൾക്ക് ആ ഭൂമി കിട്ടാനുള്ള നടപടി ഗവൺമെന്റ് എടുക്കുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെയുള്ള കേസുകളുണ്ട്. പററിച്ചിട്ടുള്ള കേസുകളുണ്ട്. അതൊക്കെ ഇതിൽ വരുന്നതാണ്. ബഹുമാനപ്പെട്ട സഭ മനസ്സിലാക്കേണ്ട ഒരു കാര്യം എന്റെ കൈയിലുള്ള കണക്കനുസരിച്ച് 8754-ൽ ഒരു ഏക്കറിന് താഴെയുള്ള മൂവായിരം കേസുകൾ..............

LIBRARY ARCHIVES Kerala Legislative Assembly

തേർഡ് പേഴ്സൺസ്, എന്നു പറയുന്നത് ഭൂമി ദേഹണ്ഡം ചെയ്ത് ഇപ്പോൾ ഭൂമി കൈവശമിരിക്കുന്ന ആളുകളിൽ മൂവായിരം പേർ ഒരു ഏക്കറിന് താഴെയുള്ളവർ ആദിവാസികളെപ്പോലെതന്നെ പാവപ്പെട്ടവരാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകൊടുക്കുന്നതിനുള്ള നിയമനടപടികളെ സംബന്ധിച്ച് അദ്ദേഹത്തിന് വ്യക്തിപരമായി അഭിപ്രായമുണ്ടെന്ന് പറഞ്ഞു. ഈ വ്യക്തിപരമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് നയത്തിന് വിരുദ്ധമായി ഈ നടപടികളൊക്കെ മരവിപ്പിച്ചുകൊണ്ടുള്ള ഒരു വാങ്മൂലനിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ടവർക്ക് നൽകിയെന്ന് ഈ സഭയിൽ പറഞ്ഞാൽ നിഷേധിക്കുമോ? നിഷേധിക്കുന്നില്ലെങ്കിൽ ഇത് ത്വരിതപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: ഇടതുപക്ഷ മുന്നണിയുടെ നേതൃത്വം വഹിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായം ബഹുമാനപ്പെട്ട ശിവദാസമേനോനിൽനിന്നും പുറത്തുവന്നു. ഞാൻ അതിനോട് യോജിക്കുന്നുവെന്ന് പറഞ്ഞത് തെററാണെന്ന് ബഹുമാനപ്പെട്ട ഷൺമുഖദാസ് കരുതുന്നുവെങ്കിൽ എനിക്ക് അതിൽ ദുഃഖമുണ്ട്. ഞാൻ ആർക്കും ഒരു നിർദ്ദേശവും കൊടുത്തില്ല. ഈ നിയമം നടപ്പിലാക്കുവാൻ ഗവൺമെൻറ് ബാദ്ധ്യസ്ഥമാണ്.

## മിച്ചഭൂമി വിതരണം

*2 [345] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ:
,, വി. സി. കബീർ:
,, ടി. നാണു മാസ്ററർ:
,, കെ. ചന്ദ്രശേഖരൻ:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിശ്ചിത കാലയളവിനുള്ളിൽ ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഡെൽഹിയിൽ റവന്യൂ വകുപ്പുമന്ത്രിമാരുടെ യോഗം നടക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം അടങ്ങുന്ന സ്റേറററ്മെൻറ് മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇതു സംബന്ധിച്ച സംസ്ഥാന റവന്യൂ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങളടങ്ങുന്ന സ്റേറററുമെൻറ് ഇതോടൊപ്പം നൽകുന്നു.†

---

†അനുബന്ധം I

(സി) സംസ്ഥാനങ്ങളിൽ ലഭ്യമായ മിച്ചഭൂമിയുടെ വിതരണം 31-3-1992-നകം പൂർത്തീകരിക്കുന്നതിനും ഭൂരേഖകൾ അപ്ഡേറ്റ് ചെയ്തും നവീകരിച്ചും സൂക്ഷിക്കുന്നതിനും ഭൂമി ഉടനടി വിതരണം ചെയ്യുന്നതിനും പ്രധാനമന്ത്രി നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: 1991 ഒക്ടോബർമാസം പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ റവന്യൂമന്ത്രിമാരുടെ യോഗത്തിന്റെ തീരുമാനം 1992 മാർച്ച്മാസം 31-ാം തീയതിക്കകം മിച്ചഭൂമി മുഴുവൻ വിതരണം ചെയ്യണമെന്നാണ്. അതനുസരിച്ച് മിച്ചഭൂമി വിതരണം ചെയ്തു കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണല്ലോ. ഇന്ന് 30-ാം തീയതിയാണ്. നാളെയാണ് 31-ാം തീയതി. ഈ ഒരു ദിവസംകൊണ്ട് ഈ ഭൂമി മുഴുവൻ വിതരണം നടക്കാൻ പോകുന്നില്ലല്ലോ. അതു സംബന്ധിച്ച് നാലഞ്ച് മാസമായിട്ടും ഈ ഗവൺമെൻറ് എന്ത് കാര്യങ്ങളാണ് ചെയ്തത്, ആ ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി അഞ്ച് മാസത്തിനകം നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഇൻഡ്യയിലെ ഏത് സംസ്ഥാനങ്ങളെക്കാളും ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 367 ഏക്കർ മിച്ചഭൂമി ഏറെറടുത്തു. 363 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു. കുറെ കേസ് ഹൈക്കോടതിയിൽ സ്റേറ ചെയ്തു കിടപ്പുണ്ട്. അതല്ലാതെ നമ്മുടെ സംസ്ഥാനത്ത് 936 ഏക്കർ സ്ഥലം മാത്രമേ ഇനി വിതരണം ചെയ്യാനുള്ളു. ഇത് ഒരു റിക്കാർഡാണ്. മറെറാരു സംസ്ഥാനത്തിലും ഇത്രയും പുരോഗതിയുണ്ടായിട്ടില്ല. 31-ാം തീയതിയെന്ന് പറയുന്നത് ഒരു ഡെഡ് ലൈനാണ്. പ്രധാനമന്ത്രി അങ്ങനെ ആഗ്രഹിക്കുന്നു. പ്രധാനമന്ത്രിയുടെ നിർദ്ദേശം എല്ലാവർക്കും വന്നിരിക്കുന്നു. പക്ഷേ പ്രായോഗികമായി ഇൻഡ്യയിലെ ഒരു സംസ്ഥാനത്തിലും ഇതുപോലെ ചെയ്യാൻ കഴിയുമെന്ന് എനിക്ക തോന്നുന്നില്ല. എനിക്ക് ഈ ചോദ്യം കിട്ടുന്നത് മിനിയാന്നാണ്. 1-ാം തീയതിക്ക്മുൻപ് 936 ഏക്കർ ഭൂമിയിൽ ഒരു നല്ല വിസ്തൃതിയിലുള്ള സ്ഥലം വിതരണം ചെയ്യാൻ കഴിയും. പിന്നെ നെഗ്ലിജിബിളായിട്ടുള്ള ഒരു ചെറിയ വിസ്തൃതിയിലുള്ള മിച്ചഭൂമി മാത്രമേ വിതരണം ചെയ്യാൻ അവശേഷിക്കുന്നുള്ളു.

ശ്രീ. എ. സി. ഷൺമുഖദാസ്: 12 ദിവസം മുമ്പാണ് ഞാൻ നോട്ടീസ് കൊടുത്തത്. ലെജിസ്ലേച്ചർ സെക്രട്ടേറിയററ് അത് പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. എം. മാണി: ഞാൻ പറഞ്ഞത് കേൾക്കാതെയാണ് ഷൺമുഖദാസ് പറയുന്നത്. നോട്ടീസ് തന്നതിനെക്കുറിച്ചല്ല, ഞാൻ മറുപടി കളക്ടുചെയ്തത് മിനിയാന്നാണ് എന്നാണ് പറഞ്ഞത്. മന്ത്രിയായിരുന്ന ഷൺമുഖദാസ് ഈ നിലയ്ക്ക്............... അങ്ങ് നോട്ടീസ് നൽകിയതും ഞാൻ ആൻസർ കളക്ടുചെയ്തതും രണ്ടും രണ്ടാണ്. മിനിയാന്ന് ഞാൻ ആൻസർ കളക്ടുചെയ്താൽ മിനിയാന്നത്തെ സ്ററാററിസ്ററിക്സ് വച്ചാണ് പറയുന്നത്.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: മിച്ചഭൂമി വിതരണം ചെയ്തതിന് പട്ടയം നൽകിയിട്ടുണ്ട്. പട്ടയം കിട്ടിയിട്ടുള്ള അനവധി ആളുകൾക്ക് ഇതുവരെ ഭൂമിയിൽ പ്രവേശിക്കാൻ കഴിയുകയോ ഭൂമി അധികൃതർ

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചുകൊടുക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം ഗവൺമെൻറി നറിയാമോ? അങ്ങനെ വല്ല പരാതിയും ഗവൺമെൻറിൻെറ മുൻപിൽ വന്നിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെയൊരു പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വി. സി. കബീർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 936 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്യാനുള്ളതെന്ന്. എന്നാൽ ധാരാളം ഏക്കർ ഭൂമിയെ സംബന്ധിച്ചുള്ള കേസുകൾ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലനിൽക്കുന്നതു കൊണ്ട് എത്ര ഏക്കർ ഭൂമിയുടെ കേസുകളാണ് കോടതിയിൽ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: മിച്ചഭൂമിയിൽ കുറെ ഭൂമി അന്യകൈവശം ഇരിക്കുന്നതാണ് നിക്ഷിപ്തവനം, അന്യകൈവശം തുടങ്ങിയ കാരണങ്ങളുടെ ഫലമായി തടസ്സപ്പെട്ടു കിടക്കുന്ന 17706 ഏക്കർ ഭൂമിയുണ്ട്. കോടതി സ്റേറമൂലം തടസ്സപ്പെട്ടത് 23121 ഏക്കറുമാണ്. രണ്ടുംകൂടി യുള്ള ഭരണപരമായ കാലതാമസം 484 ഏക്കറിനേയുള്ളൂ. ഇതെല്ലാംകൂടി 41311 ഏക്കറാണ് ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ നിർവ്വാഹമില്ലാത്ത നിലയിൽ കിടക്കുന്നത്.

ശ്രീ. വി. സി. കബീർ: പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ കാലോചിതമായി രേഖകൾ പരിഷ്ക്കരിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടറൈസ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കേരള ഗവൺമെൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിൽ അങ്ങനെ ഒരു നീക്കം നടത്തുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: തീർച്ചയായും അതിനുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. ടി. നാണുമാസ്ററർ: മിച്ചഭൂമി പതിച്ചു കൊടുക്കുന്നതിന് മുൻഗവൺമെൻറ് തുടർച്ചയായി ചില നടപടികൾ നടത്തിവന്നിരുന്നു. എന്നാൽ കഴിഞ്ഞ 8 മാസമായി ഈ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഇത് പരിഗണിച്ചുകൊണ്ട് ത്വരിതഗതിയിൽ മിച്ചഭൂമി പതിച്ചു കൊടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെ ഒരു സ്തംഭനവും ഇപ്പോൾ ഉണ്ടായിട്ടില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം വളരെ ഇഫക്ടീവ് ആയിട്ട് കാര്യങ്ങൾ നടന്നുവരികയാണ്. ഞാൻ രണ്ടുതവണ കളക്ടേഴ്സ് കോൺഫറൻസ് വിളിച്ചുകൂട്ടി, കൊടുത്തിട്ടുള്ള കർശനമായ നിർദ്ദേശം മിച്ചഭൂമി വിതരണം വളരെ വേഗം പൂർത്തിയാക്കണമെന്നാണ്. ഈ ഗവൺമെൻറ് വന്നതിനുശേഷം 363 ഏക്കർ സ്ഥലം എടുത്ത് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. ടി. നാണുമാസ്ററർ: ഈ നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം കൊടുത്തുവെന്ന് പറഞ്ഞു. പക്ഷെ മിക്ക ജില്ലകളിലും, വിശേഷിച്ച് കൊല്ലം ജില്ലയിൽ അതിൻെറ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ധാരാളം കോളനികളുള്ള പ്രദേശത്ത് ഇത് അനിവാര്യമാണ്. മിച്ചഭൂമിയാണെന്ന് ഗവൺമെൻറിന് ബോദ്ധ്യമായാലും അത് ഏറെറടുത്ത് വിതരണം ചെയ്യാൻ വളരെയധികം കാലതാമസം വരുന്നു

അതൊഴിവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ നിർദ്ദേശം വയ്ക്കുന്നത്. ആ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ആ നിർദ്ദേശത്തിന്റെ സ്പിരിററ് ഞാൻ ഉൾക്കൊള്ളുന്നു. 936 ഏക്കറാണ് ഇങ്ങനെ വിതരണം ചെയ്യാനായിട്ടുള്ളത്. എത്രയും വേഗം ഇത് വിതരണം ചെയ്യും. അതിനുവേണ്ട നടപടി ഗവൺമെൻറ് സ്വീകരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കീഴ്ക്കോടതിയിലും ഹൈക്കോടതിയിലും ധാരാളം കേസുകൾ നിലവിലുണ്ടെന്നു പറഞ്ഞു. ആ കേസുകൾ വേഗം തീർക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെ ലാൻറ് ബോർഡിൽ അനേകം കേസുകൾ ഉണ്ട് ഈ കേസുകളൊന്നും എടുക്കുന്നില്ല. ഉദാ. എന്റെ പഞ്ചായത്തിൽ മല്ലശ്ശേരിയിൽ ഈശ്വരൻകുട്ടിമേനോൻ എന്ന ആൾ ഭൂമി റിസർവ് ചെയ്ത് വച്ചിരിക്കുന്നു. ലാൻറ് ബോർഡ് പോലും ആ കേസ് എടുക്കാൻ തയ്യാറാകുന്നില്ല. ഇങ്ങനെയുള്ള പെൻഡിംഗ് കേസുകൾ പ്രത്യേകം സമയബന്ധിത പരിപാടിയിലൂടെ തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ലാൻറ് ബോർഡിലെ കേസുകൾ എത്രയും വേഗം തീർക്കണമെന്നാണ് ഗവൺമെൻറ് നൽകിയിട്ടുള്ള നിർദ്ദേശം. മെമ്പർ പറഞ്ഞ ആ കേസ് പ്രത്യേകിച്ച് ഗവൺമെൻറിന് അറിവ് നൽകുകയാണെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഗവൺമെൻറ് പ്ലീഡേഴ്സിന് സ്പെഷ്യലായിട്ടുള്ള നിർദ്ദേശം കൊടുത്തിരിക്കുന്നത് ലാൻറ് റിഫോംസ് കേസുകളെ സംബന്ധിച്ചിടത്തോളം കാലതാമസം വരാൻ പാടില്ലയെന്നാണ്. വേഗത്തിൽ ആ കേസുകളിലൊക്കെ തീരുമാനം ഉണ്ടാകണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ലാൻറ് ബോർഡ് പുനഃസംഘടിപ്പിക്കുന്നുണ്ടോ; അത് പുനഃസംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇപ്പോൾ സ്തംഭനമൊന്നുമില്ല. 24-1-1992-ൽ അതിന്റെ കാലാവധി കഴിഞ്ഞു. അത് കഴിഞ്ഞ് റീകോൺസ്ററിററ്യൂട്ട് ചെയ്തു. പഴയ ചെയർമാനെയും ഒരു തഹസിൽദാരെയും വച്ച് റീകോൺസ്ററിററ്യൂട്ട് ചെയ്തു. രാഷ്ട്രീയ കക്ഷി നേതാക്കൻമാരെ കഴിവതും പ്രാതിനിധ്യം കൊടുത്തുകൊണ്ട് നിയമാനുസൃതമായി കോൺസ്ററിററ്യൂട്ട് ചെയ്യണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്. അതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. സി. കെ ചന്ദ്രപ്പൻ: 40,000 കേസുകൾ കോടതിയിൽ പെൻഡിംഗ് ഉണ്ടെന്ന് മന്ത്രി പറഞ്ഞു. ഈ കേസുകളിൽ ശക്തമായ നടപടികളെടുക്കാൻ ഗവൺമെൻറ് പ്ലീഡർമാരോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന് വേഗം പരിഹാരം കാണാൻ ലാ-മിനിസ്ററർ കൂടിയായ റവന്യൂമന്ത്രി ഹൈക്കോടതിയുമായിട്ട് ചർച്ച ചെയ്ത് എന്തെങ്കിലും നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഇങ്ങനെയുള്ള കേസുകളെ സംബന്ധിച്ച് ഹൈക്കോടതിയുമായിട്ട് ഒരു ലെയിസാൺ ഉണ്ട്. ഇത് വേഗത്തിൽ തീർക്കണമെന്ന് ഞങ്ങൾ ഇൻഫോർമൽ ആയിട്ട് കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ഈ മിച്ചഭൂമി സമയബന്ധിതമായി വിതരണം നടത്തുന്നതുപോലെ തന്നെ ദീർഘകാലമായി റവന്യൂ പുറമ്പോക്കുകളിൽ കുടികിടക്കുന്ന കടപ്പുറത്തെ ആളുകൾ പട്ടയം കിട്ടുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയാണ്; അത് സമയബന്ധിതമായി പതിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഹസ്സന്റെ ചോദ്യം മൽസ്യത്തൊഴിലാളികളുടെ പട്ടയമാണ്. ആ കാര്യം പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് പ്രത്യേകം പരിഗണിക്കാം.

ശ്രീ. പി. രാജു: മിച്ചഭൂമി ഏറ്റെടുത്തതിൽ 900 ഏക്കർ ഭൂമി മാത്രമേ വിതരണം ചെയ്യാനുള്ളുവെന്ന് മന്ത്രി പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ബാക്കിയുള്ള ഭൂമി വിതരണം ചെയ്യുമ്പോൾ ഗ്രാമസഭകളുമായി ചർച്ച ചെയ്ത് ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: 70,000 പേർക്ക് റവന്യൂഭൂമി പട്ടയം കൊടുക്കാനുണ്ട്. പട്ടയം കൊടുക്കാവുന്ന റവന്യൂ ഭൂമിക്കു മുഴുവൻ 6 മാസത്തിനകം പട്ടയം കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. phased programme ആയി അത് ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. സി. പി. നാരായണൻ: ഈ നിയമം വന്നിട്ട് 22 കൊല്ലംകഴിഞ്ഞു. ഇപ്പോൾ ആയിരക്കണക്കിനാളുകൾ കോടതിയിൽ കേസുകളുമായിട്ട് പോകുകയാണ്. ഈ കോടതിയിലുള്ള കേസ് തീർക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: 1960–നുശേഷം എത്രയോ മന്ത്രിസഭകൾ കാലാകാലങ്ങളിൽ അധികാരത്തിൽ വന്നു. ഈ ഗവൺമെന്റിന്റെ മാത്രം വീക്ക്നെസ് കൊണ്ടല്ല. ഇത്തരം കേസുകൾ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറലിലൂടെ ഞങ്ങൾ ഹൈക്കോടതിയോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഗവൺമെന്റ് പ്ലീഡർമാർക്കും അഡ്വക്കേറ്റ് ജനറലിനും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. തോമസ് ചാഴിക്കാടൻ: സർ, മിച്ചഭൂമി സ്വയം ഡിക്ലെയർ ചെയ്യുകയും അതേ ഭൂമി തന്നെ ഭൂഉടമകൾ ആധാരം എഴുതി കൈമാററം ചെയ്യുകയും ചെയ്തതായിട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അനധികൃതമായി വസ്തു കൈമാററം ചെയ്തവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെയുള്ള പരാതികൾ ധാരാളം ഉയർന്നു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ: ഏറ്റെടുത്ത മിച്ചഭൂമി പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്ന പ്രവണത വ്യാപകമായി വളർന്നു വരുന്നു. ലക്ഷം വീട് പദ്ധതിക്കു വേണ്ടി ഗവൺമെൻറ് നിർദ്ദേശിക്കുന്ന ഏതെങ്കിലും പ്രദേശത്ത് മിച്ചഭൂമി ഉണ്ടെങ്കിൽ ആ ഭൂമി ഈ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; പാവപ്പെട്ട തൊഴിലാളി വിഭാഗത്തിന് കിട്ടേണ്ട ഈ ഭൂമി പൊതു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് നിർത്തിവയ്ക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ലാൻഡ് റിഫോംസ് ആക്ടിനകത്തു തന്നെ മിച്ചഭൂമി എങ്ങനെ വിതരണം ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ലേബറേഴ്സ്, ലാൻഡ്ലെസ് പേഴ്സൺസ് മുതലായവർക്കാണ്. നമ്മൾ കൊണ്ടുവരുന്ന ഹൗസിംഗ് കോംപ്ലക്സ് ലാൻഡ്ലസ് ആയിട്ടുള്ള ആളുകൾക്കാണ്. ഹൗസിംഗ് കോംപ്ലക്സിൽ പുനരധിവസിപ്പിക്കുന്നത് ലാൻഡ്ലസ് ആയിട്ടുള്ള ആളുകളെയാണ്. പുറമ്പോക്കു ഭൂമി കൊടുക്കുന്നത് ഈ ആക്ടിൻെറ സ്പിരിട്ട് അനുസരിച്ചു തന്നെയാണ്. അതുകൊണ്ട് അതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ല. നമുക്ക് നല്ലതാണെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. ഡൊമനിക് പ്രസൻേറഷൻ: മിച്ചഭൂമി കണ്ടെത്താനും അത് വിതരണം നടത്തുന്നതിനും വേണ്ടി താലൂക്ക് ലെവൽ കമ്മിററികൾ മുൻപ് ഉണ്ടായിരുന്നു. ഇപ്പോൾ അത് കൂടുന്നതായിട്ട് കാണുന്നില്ല. താലൂക്ക് ലെവൽ ലാൻഡ് ബോർഡ് ഉണ്ടാക്കാൻ ഈ ഗവൺമെൻറിന് നീക്കമുണ്ടോ?

ശ്രീ. കെ. എം. മാണി: ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് താലൂക്ക് ബോർഡ് റികോൺസ്ററിററ്യൂട്ട് ചെയ്തു. ഇനി അനൗദ്യോഗിക മെമ്പർമാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വീണ്ടും റീകോൺസ്ററിററ്യൂട്ട് ചെയ്യുന്നതിന് ഗവൺമെൻറ് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു: വർഷങ്ങളായി ഭൂഉടമാവകാശമില്ലാത്ത ഭൂമി മിച്ചഭൂമിയായി കണക്കാക്കുന്നതിനെ സംബന്ധിച്ച് ഇപ്പോഴും ലാൻഡ് ബോർഡിൽ കേസ് കിടക്കുന്നുണ്ട്. ജോയിൻറ് വെരിഫിക്കേഷൻ നടത്തി ഇത്തരം കേസുകൾ ഡിസ്പോസ് ചെയ്യുന്നതിനെ കുറിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ലാൻഡ്ട്രൈബ്യൂണൽ ആ കേസുകൾ കേൾക്കാനും സ്റേററ് ലെവൽ ബോർഡുകൾ അതിന് അപ്പീൽ കേൾക്കാനുമുണ്ട്. ലാൻഡ് ബോർഡിന് മുകളിൽ അപ്പീൽ അതോറിട്ടി ഉണ്ട്. അതിൽ ഗവൺമെൻറ് ഇടപെടുന്നില്ല. അവർ അത് സംബന്ധിച്ച് അന്വേഷണം നടത്തി കേസ് ശരിയാണോ തെററാണോ എന്ന് അവരാണ് തീരുമാനിക്കുന്നത്.

ഡോ. കെ. സി. ജോസഫ്: സർ, ഓരോ ഏക്കർ വീതം ഏതാണ്ട് 1,800 ഭൂരഹിത കർഷകത്തൊഴിലാളി കുടുംബങ്ങൾക്ക് കൊടുത്തതാണ് ക്യു. എസ്. ടി. കായൽ. പട്ടയം അവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓരോ വ്യക്തിക്കുമുള്ള ഭൂമി ഏതാണ് എന്ന് ഇപ്പോഴും തിരിച്ച് കൊടുത്തിട്ടില്ലയെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് കൊടുത്തിട്ടുള്ള പട്ടയം ഭൂമി ഏതാണ എന്ന് തിരിച്ചറിയുവാനും ഓരോ കർഷകത്തൊഴിലാളിക്കും അവരുടെ ഭൂമി കൊടുക്കുവാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഈ ചോദ്യവുമായി ഡയറക്ടായി ബന്ധപ്പെട്ട കാര്യമല്ല. ക്യു. എസ്. ടി. കായലിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കും. അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. ജോണി നെല്ലൂർ: സർ, ലാൻറ് ബോർഡ് തീർപ്പ് കൽപ്പിച്ച മിച്ചഭൂമി കേസുകൾ ഈ അടുത്ത കാലത്ത് റീ ഓപ്പൺ ചെയ്യുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെ റീ-ഓപ്പൺ ചെയ്തിട്ടുണ്ട്. 2365 കേസുകൾ ഇതിനോടകം റീ-ഓപ്പൺ ചെയ്തിട്ടുണ്ട്.

## ഭൂപരിഷ്ക്കരണത്തിൻെറ ഫലമായി ദരിദ്രരായവർ

*3 [346] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണത്തിൻെറ ഫലമായി എല്ലാ ഉപജീവനമാർഗ്ഗങ്ങളും ഭൂമിയും നഷ്ടപ്പെട്ട എത്ര ജൻമിമാർ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) ഭൂ പരിഷ്ക്കരണ നിയമം നടപ്പിലാക്കിയതുമൂലം ഉപജീവന മാർഗ്ഗവും ഭൂമിയും നഷ്ടപ്പെട്ട മുൻ ജൻമിമാർക്ക് ധനസഹായം നൽകുന്നതിനുള്ള വിവിധ ക്ഷേമ പദ്ധതികൾ കർഷകപുനരധിവാസ ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, സെൻററുകൾ തുടങ്ങി തൊഴിൽ നൽകുന്നതിനും കറവമാടുകളെ വാങ്ങാനും ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും ഓട്ടോറിക്ഷവാങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഇങ്ങനെ നൽകുന്ന ധനസഹായത്തിൻെറ മൂന്നിലൊന്ന് സബ്സിഡിയും ബാക്കി തുക വായ്പയുമാണ്. ഇതു കൂടാതെ ഇവർക്ക് പ്രതിമാസം പെൻഷൻ നൽകുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്.

ശ്രീ. എം. മുരളി: സർ, 1964-ലെ ലാൻറ് റിഫോംസ് ആക്ട് നടപ്പിലാക്കിയശേഷം തെരുവാധാരമായി കഴിയുന്ന പീഡിത ജൻമിമാരുടെ പ്രശ്നങ്ങൾ പഠിക്കാൻ യശശരീരനായ ശ്രീ. ഗോപാലകൃഷ്ണൻ നായരുടെ നേതൃത്വത്തിലൊരു കമ്മീഷനെ ഗവൺമെൻറ് നിയമിച്ചിട്ടില്ലേ; ആ കമ്മീഷൻെറ റിപ്പോർട്ടിലെ പ്രസക്തമായ നിർദ്ദേശങ്ങളെന്തെല്ലാമാണ്; അത് നടപ്പാക്കാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഗോപാലകൃഷ്ണൻ നായർ ചെയർമാനായി ഒരു കമ്മിററിയെ ഗവൺമെൻറ് നിയോഗിച്ചിരുന്നു. ആ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെൻറിന് കിട്ടുകയുണ്ടായി. അതിലെ ശുപാർശകൾ ജൻമിമാർക്ക് ആക്ടിലെ വ്യവസ്ഥപ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരത്തുക കഴിവതും വേഗം ലഭ്യമാക്കണം; ട്രൈബ്യൂണൽ മുമ്പാകെ കെട്ടികിടക്കുന്ന അപേക്ഷകളിൻമേൽ വേണ്ട തീരുമാനം വേഗം എടുക്കണം എന്നിവയാണ് ലാൻറ് ബോർഡിൽ നിന്നും സമീപകാലത്ത് ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ചാൽ ലാൻറ് ട്രൈബ്യൂണലുകൾ മുമ്പാകെ അവശേഷിക്കുന്ന അപേക്ഷകൾ വളരെ യധികം കുറച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. ചെറുകിട ജൻമിമാർക്ക് സൊലേഷ്യം ലഭിക്കാൻ അർഹതയുണ്ടെന്ന് അവരെ ബോധവാൻമാരാക്കാൻ സൊലേഷ്യം ലഭിക്കുന്നതിന് അവർ നൽകിയ അപേക്ഷകളിൽ ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ തീരുമാനമെടുക്കണം. 1–4–1964-നു ശേഷം ഉണ്ടാക്കിയിട്ടുള്ള കാരണങ്ങൾ മുഖേന കൂടിയായ്മ അവകാശപ്പെട്ടാൽ അത് നിരസിക്കുക അതിനാവശ്യമായ നിർദ്ദേശം ലാൻറ് ബോർഡു കൾക്ക് നൽകുക, തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് കൂടാതെ ഇവർക്ക് പെൻഷൻ നൽകണം എന്നു കൂടി റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശയാണ്.

ശ്രീ. എം. മുരളി: എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുകയെന്നത് സംസ്ഥാനത്തിന്റെ കടമയും കർത്തവ്യവുമാണ്. നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി ആരും ശ്രദ്ധിക്കാതെ കിടക്കുന്ന എത്ര പീഡിത ജൻമിമാരുണ്ട് എന്നുള്ള കണക്ക് ടൈം ബൗണ്ടായിട്ട് എടുക്കാനും ഇപ്പോൾ പെൻഷൻ നൽകാൻ പോകുന്നു എന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചു; ഞാനതിനെ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഭൂരഹിതരായ ഈ പീഡിത ജൻമിമാർക്ക് ടൈം ബൗണ്ടായിട്ട് ഭൂമി വിതരണം ചെയ്യാനും കൂടിയുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

മി. സ്പീക്കർ: ഭൂരഹിതരെ എങ്ങനെയാണ് ജൻമിയെന്ന് വിളിക്കുന്നത്?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മുരളി, ഞാൻ അവർക്ക് പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചില്ല. ഗവൺമെൻറ് അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല. അങ്ങനെ കൊടുത്താൽ കൊള്ളാമെന്നൊരു ശുപാർശ ശ്രീ. ഗോപാലകൃഷ്ണൻ നായരുടെ റിപ്പോർട്ടിലുണ്ട് എന്ന് മാത്രം പറഞ്ഞതേയുള്ളു. ഇത് പരിശോധിച്ച് അതിനാവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇവിടെ എത്രമാത്രം ഇതുപോലുള്ള ജൻമിമാരുണ്ട് എന്നുള്ളതിന്റെ കണക്ക് ഗവൺമെൻറ് മുമ്പാകെയില്ല. ഗോപാലകൃഷ്ണൻ നായരുടെ കമ്മീഷൻ റിപ്പോർട്ടിലും പറഞ്ഞിരിക്കു ന്നത് ഇതുവരെ അങ്ങനെയുള്ള ജൻമിമാർ എത്രപേരുണ്ട് എന്നുള്ളതിന്റെ കൃത്യമായ കണക്ക് കിട്ടിയിട്ടില്ല എന്നാണ്. ഇത് സംബന്ധിച്ച് കുറെ സംഘടനകളുമായി ആലോചന നടത്തി. ഇതിനെ സംബന്ധിച്ചൊരു കണക്ക് ശേഖരിക്കണം. അതിനുവേണ്ടി ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്ത് കാർഷിക വിപ്ലവം എന്ന രീതിയിലാണ് ഭൂമിക്ക് സീലിംഗ് ഏർപ്പെടുത്തിയത്. ഭരണ കക്ഷിക്കോ പ്രതിപക്ഷത്തിനോ ആ കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല.

പക്ഷേ ഇതിന്റെ പിന്നിൽ ശ്രീ. എം. മുരളി സൂചിപ്പിച്ചതുപോലെയുള്ള ഒരു മാനുഷിക പ്രശ്നമുണ്ട്. 50 ഏക്കർ കൈവശമിരിക്കുന്നവർക്ക് സീലിംഗ് വച്ചയിടത്തൊക്കെ 12 ഏക്കർ വരുമ്പോൾ 12 ഏക്കർ പട്ടയക്കാരൻ ജൻമിക്ക് യാതൊന്നും ഇല്ലാത്ത സ്ഥിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് ശരിയല്ലായെന്നുള്ളതാണ് എന്റെ അഭിപ്രായം. പതിനായിരക്കണക്കിനാളുകൾ ഈ മിച്ചഭൂമി എടുത്തതുകൊണ്ട് ഉപജീവന മാർഗ്ഗമില്ലാതെ കഴിയുന്നു. ബഹുമാനപ്പെട്ട ചെയറിനു തന്നെ അറിയാം. കൊച്ചിരാജാവ് പട്ടിണിയിലാണ്. പ്രിവിപഴ്സ് അവസാനിപ്പിച്ചു, വിപ്ലവകരമായ ഒരു കാര്യമാണ്. ഒരു രൂപ പോലും വരുമാനമില്ലാത്ത സാഹചര്യത്തിൽ അവരുടെ ഭൂമി വിടണമെന്നാണ്. അതുകൊണ്ട് അതിനെക്കുറിച്ച് സമഗ്രമായൊരു അന്വേഷണം ഗവൺമെന്റ് നടത്താൻ തയ്യാറുണ്ടോ; ഉണ്ടെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ അതിന് പരിഹാര മാർഗ്ഗം നിർദ്ദേശിക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: എന്റെ കണക്ക് ശരിയല്ലെന്ന് പറഞ്ഞു. ഞാൻ പ്രത്യേകിച്ച് കണക്കൊന്നും ഇതിനെ സംബന്ധിച്ച് പറഞ്ഞില്ല. കണക്കില്ലയെന്നാണ് പറഞ്ഞത്. ഇതിനെപ്പറ്റി കണക്ക് ശേഖരിക്കേണ്ടി യിരിക്കുന്നുയെന്നാണ് പറഞ്ഞത്. ഇതിനകത്ത് ഒരു ബുദ്ധിമുട്ടുള്ളത് നമ്മുടെ കാർഷിക പരിഷ്ക്കരണ നിയമത്തിൽ തന്നെ 109-ാമത്തെ സെക്ഷനിൽ ഒരു അഗ്രികൾച്ചറൽ റീഹാബിലിറേറഷൻ ഫണ്ട് വിഭാവന ചെയ്തിട്ടുണ്ട്. ആ അഗ്രികൾച്ചറൽ റിഹാബിലിറേറഷൻ ഫണ്ടിൽ തന്നെ ഏതാണ്ട് മൂന്നു കോടി എൺപത്തി അഞ്ചു ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുനൂററി അറുപത്തിയേഴ് രൂപ ഉണ്ട്. പാലക്കാട് ജില്ലയിൽ പീഡിത ജൻമിമാരെ പുനരധിവസി പ്പിക്കുവാൻ ഒരു പരിപാടി ആരംഭിച്ചു. മററു ജില്ലകളിലേക്ക് 1985-ൽ അത് വ്യാപിപ്പിച്ചു. പക്ഷേ പീഡിത ജൻമിമാരിൽ നിന്നുള്ള പ്രതികരണം വളരെ മോശമാണ്. അവർ ബോധവാൻമാരായിട്ടില്ല. ഇത് സംബന്ധിച്ച് പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചുവെങ്കിലും ആ പദ്ധതിക്ക് ഗുണഭോക്താക്കളായി വരുന്നതിനുവേണ്ടിയുള്ള ഡിമാൻഡ് കൂടുതലുണ്ടാ യിട്ടില്ലയെന്നുള്ളതാണ് ദുഃഖകരമായ ഒരുകാര്യം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഈ ഭൂപരിഷ്ക്കാര നിയമം മൂലം നൂററാണ്ടുകാലമായി ഭൂമി കൈവശം വച്ചു കൊണ്ടിരിക്കുന്ന ദശ ലക്ഷക്കണക്കായ കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, കുടിയാൻമാർ, കുടികിടപ്പുകാർ എന്നിവർക്കെല്ലാംതന്നെ അവരുടെ കിടപ്പിടത്തിന്റേയും കൃഷി നിലത്തിന്റേയും അവകാശങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള മഹത്തായ ഒരു ലക്ഷ്യമായിരുന്നു ആ ഭൂപരിഷ്ക്കാര നിയമത്തിലുണ്ടായി രുന്നത്. ആ ലക്ഷ്യം സാക്ഷാൽക്കാരം നടത്തുന്നതിനിടയിൽ മിച്ചഭൂമി ഉടമ കളായിരുന്ന ആളുകൾ തീരെ ദരിദ്രരായിപ്പോയി; കിടപ്പിടത്തിനുപോലും ഒരു സെന്റ് ഭൂമിയില്ലാത്തവരായിപ്പോയിയെന്നുള്ള നിലയിലാണ് ചില വ്യാഖ്യാനങ്ങൾ വന്നുകൊണ്ടിരുന്നത്. ഭൂ ഉടമകളായിരുന്ന ആളുകൾക്ക് കുറഞ്ഞത് 15 ഏക്കർ എങ്കിലും കൈവശം വയ്ക്കാമെന്ന വിധത്തിലും ഉടമാ വകാശം നിലനിർത്താവുന്ന വിധത്തിലുമുള്ള വ്യവസ്ഥകളാണ് അതിന കത്ത് ഉണ്ടായിരുന്നത്. ആ നിലയിൽ കൈവശം കൊടുക്കാത്ത നിലയിൽ തീരെ ദരിദ്രൻമാരായി ഒരു സെന്റ് ഭൂമി പോലും ഇല്ലാത്ത ആളുകളായി ഇന്ന് മാറിയിട്ടുണ്ടെങ്കിൽ അത്, അവരുടെ കയ്യിൽ നിലനിർത്താൻ അവകാശ പ്പെട്ടിരുന്ന ഭൂമി വിൽപ്പന ചെയ്യുകയോ മററു തരത്തിൽ കരണങ്ങൾ ചെയ്യുകയോ ചെയ്തിട്ട് ഒന്നും ഇല്ലാത്തവരായി തീർന്നതാണോ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവതരമായി പരിശോധിച്ചിട്ട് ഇങ്ങനെയുള്ള ഭൂരഹിതർ സംസ്ഥാനത്ത് എത്രയുണ്ട് എന്നുള്ള വിവരം സഭയ്ക്ക് തരുന്നതിനാവശ്യമായിട്ടുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇവിടെ പ്രതിപാദിക്കുന്നത്, മിച്ചഭൂമി നിയമപ്രകാരം സർക്കാർ ഏറ്റെടുത്തതിന്റെ ഫലമായി പീഡിതരായിട്ടുള്ള ആൾക്കാരെപ്പററിയാണ്. പക്ഷേ മറേറ കേസുകൾ ഉണ്ടായിരിക്കാം. ഏതായാലും ഇങ്ങനെയുള്ള ആളുകൾക്കേ സഹായത്തിനർഹതയുള്ളു. ഗവൺമെന്റ് ഇതുസംബന്ധിച്ച് സയന്റിഫിക്കായിട്ട് എത്ര പേരുണ്ട് എന്നുള്ളതിനെപ്പററി അന്വേഷിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി എല്ലാ ഉപജീവനമാർഗ്ഗങ്ങളും ഭൂമിയും, നഷ്ടപ്പെട്ട ദരിദ്ര ജൻമിമാർ, പാലക്കാട് ജില്ലയിൽ ഒരുപാടുണ്ട്. അത്തരം ജൻമിമാർക്ക് ജൻമി പ്രതിഫല സംഖ്യ ഗവൺമെന്റ് ഒന്നിച്ച് നൽകണമെന്നും ചെറുകിടക്കാരായ കൈവശ കുടിയാൻമാരുടെ, ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട ജൻമിപ്രതിഫല സംഖ്യ വിട്ടുകൊടുക്കാനും കഴിഞ്ഞകാല ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും ഭൂമി നഷ്ടപ്പെട്ട ജൻമിമാർക്ക് ജൻമിപ്രതിഫല സംഖ്യ എന്നുള്ള നിലയിൽ ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ; ജൻമിപ്രതിഫല സംഖ്യയ്ക്കെതിരായി ഇപ്പോൾ വരുന്ന ആർ. ആർ. നടപടികൾ നിർത്തിവയ്ക്കാനും അത് ഒഴിവാക്കാനും കഴിഞ്ഞകാല ഗവൺമെന്റിന്റെ തീരുമാനത്തിനനുസരിച്ച് നടപടിയെടുക്കാനും തയ്യാറുണ്ടോ?

ശ്രീ. കെ. എം. മാണി: കഴിഞ്ഞകാല ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് എന്ന് ഞാൻ പറയുന്നില്ല. വളരെ അനുകമ്പ അർഹിക്കുന്ന കേസുകളിൽ ആർ. ആർ. നടപടികൾ സംബന്ധിച്ച് തീർച്ചയായും അവർ അപേക്ഷിക്കുന്നുവെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട സാവകാശം ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം കൊടുക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: എല്ലാ ഭൂമിയും നഷ്ടപ്പെട്ട് ജീവിക്കാൻ മാർഗ്ഗമില്ലാത്ത ജൻമികൾക്ക് അവർക്ക് ലഭിക്കേണ്ട ജൻമിപ്രതിഫല സംഖ്യ എത്രയാണോ ആ സംഖ്യ ഒന്നിച്ച് ഗവൺമെന്റ് കൊടുക്കണമെന്നൊരു ധാരണ കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്നു. അതനുസരിച്ച് ഇത്തരം പാവപ്പെട്ട, ഭൂമി നഷ്ടപ്പെട്ട, ജൻമിമാർക്ക് പ്രതിഫലം കൊടുത്തിട്ടുണ്ടോ? എത്ര പേർക്ക്കൊടുക്കുമെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. എം. മാണി: എത്ര പേർക്ക് സൊലേഷ്യം കൊടുക്കണമെന്നുള്ളതിന്റെ വിവരം ഇപ്പോൾ എന്റെ കയ്യിലില്ല. പിന്നീട് ഞാൻ ആ വിവരം തരാം.

ശ്രീ. ടി. ശിവദാസമേനോൻ: ജൻമിമാർ രണ്ട് തരമുണ്ട്. ഒന്ന്, പുരാതനമായി നമ്മുടെ ജൻമവും ഇന്ന് ആധാരമെഴുതി വയ്ക്കുന്നവരും മറേറത് ബോംബെയിൽ പോയി സ്റ്റെനോഗ്രാഫർ ആയി വർക്ക് ചെയ്ത് ഏററവും സേഫ് ഇൻവെസ്ററ്മെന്റ് ഭൂമിയിലാണെന്ന് വിചാരിച്ച് ഇവിടെ ഭൂമി വാങ്ങിച്ചവർ. അത് absent land lordism

LIBRARY ARCHIVES Kerala Legislative Assembly

ആണ്. അത് ആരെയെങ്കിലും ഏൽപ്പിച്ച് മടങ്ങി വരുന്നവരുണ്ട്. മററത് വിലകൊടുത്ത് വാങ്ങിയവരല്ല. അവരുടെ അദ്ധ്വാനം മുഴുവൻ ബോംബെയിൽ നടത്തി അവിടെനിന്ന് ഇങ്ങോട്ട് കാശ് അയച്ച് കൊടുത്ത ഭൂമിയിലാണ് സേഫ് ഇൻവെസ്ററ്മെൻറ് എന്നു വിശ്വസിച്ചിരുന്നവർ. പാലക്കാടുള്ള 18 ഗ്രാമങ്ങളെപ്പററിയാണ് ഞാൻ പറയുന്നത്. പട്ടിണി കിടക്കുന്നവരാണ്. അങ്ങനെ പട്ടിണി കിടക്കുന്ന ആ വിഭാഗത്തിനു ജൻമിയെന്ന് പേരേയുള്ളു. വാസ്തവത്തിൽ ജൻമിയൊന്നുമല്ല. അവർ സ്ററെനോഗ്രാഫറായി വർക്ക്ചെയ്തിരുന്നവരാണ്. ആ വിഭാഗക്കാർക്ക് പ്രതിഫലസംഖ്യ മുഴുവൻ ഒന്നിച്ച് കൊടുക്കാനും ഇപ്പോൾ വ്യവസ്ഥയുണ്ട്. ശ്രീ. ഇസ്മയിൽ ചോദിച്ച ആ ചോദ്യം തന്നെ. അതിന്റെ കൂടെ എനിക്ക് ചോദിക്കുവാനുള്ളത് അവരെ റിഹാബിലിറേററ് ചെയ്യാൻ അവരുടെ യാഥാർത്ഥ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അവരെ രാജാക്കൻമാരായി കണക്കാക്കാതെ ഒരു പ്രത്യേക കാററഗറിയായി കണക്കാക്കി അവർക്ക് റിഹാബിലിറേറഷൻ പദ്ധതി വല്ലതും നടപ്പാക്കാൻ ഗവൺമെൻറിന് കനിവുണ്ടാകുമോ?

ശ്രീ. കെ. എം. മാണി: അതുകൊണ്ടാണല്ലോ നമ്മൾ ഇതിനെ സംബന്ധിച്ച് ഒരു കമ്മീഷനെ വച്ചത്, കമ്മീഷൻ റിപ്പോർട്ട് കിട്ടിയത്, നടപ്പിലാക്കുവാൻ. . . .ബഹുമാനപ്പെട്ട ശിവദാസമേനോനോട് എനിക്ക് ഒരു കാര്യം പറയുവാനുള്ളത് 109-ാം വകുപ്പുപ്രകാരം സൊലേഷ്യത്തിന് അർഹതയുണ്ടെങ്കിൽപ്പോലും ആ സൊലേഷ്യം വാങ്ങാൻ മുഴുവൻ ആളുകളും മുന്നോട്ട് വന്നിട്ടില്ല. അപേക്ഷ കൊടുക്കുന്നില്ല. ഒരു ബോധവൽക്കരണം ഈ വിഷയത്തിലാവശ്യമാണെന്ന് കമ്മീഷൻ തന്നെ പറഞ്ഞിരിക്കുകയാണ്. അപ്പോൾ അവർക്ക് അവകാശപ്പെട്ട സംഖ്യ പോലും വാങ്ങുന്നതിന് അവർ മുന്നോട്ട് വന്നിട്ടില്ല എന്നുള്ളത് പ്രത്യേകിച്ച് നോട്ടു ചെയ്യേണ്ട ഒരു കാര്യമാണ്. നമുക്ക് അതിനാവശ്യമായ ബോധവൽക്കരണം നടത്താം. ബഹുമാനപ്പെട്ട ശിവ ദാസമേനോൻ പറഞ്ഞതനുസരിച്ച് ഇത് തീർച്ചയായും അനുകമ്പയർഹിക്കുന്ന ഒരു വിഭാഗമാണ്. അവരെ റിഹാബിലിറേററ് ചെയ്യാൻ ഗവൺമെൻറ് തുറന്ന മനസ്സോടുകൂടി ഈ കാര്യം പരിശോധിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: രണ്ടു ദിവസത്തിനുമുമ്പ് കിളിമാനൂർ കൊട്ടാരത്തിലെ ഒരു തമ്പുരാട്ടി മിച്ചഭൂമിക്ക് അപേക്ഷ കൊടുത്തു. പത്തുസെൻറ് സ്ഥലം ദീനാനുകമ്പയുടെ പേരിൽ കൊടുത്തതിൽ സന്തോഷം. അങ്ങനെയുള്ള ആളുകൾക്ക് വീടുവച്ചുകൊടുക്കുവാൻ മനുഷ്യസ്നേഹി എന്നവകാശപ്പെടുന്ന മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഞാൻ അവകാശപ്പെടുക മാത്രമല്ല, ഞാനൊരു മനുഷ്യസ്നേഹിയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ വളരെ സ്നേഹപൂർവ്വം അനുകമ്പാപൂർവ്വം ഒരു ജീവകാരുണ്യ പ്രവർത്തനം എന്നുള്ളനിലയിൽ പരിശോധിക്കാം.

## ആദിവാസികൾക്ക് വീട് നിർമ്മിക്കാൻ സഹായം

* 4 [347] ശ്രീമതി കെ. സി. റോസക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരോ ആദിവാസി കുടുംബത്തിനും ഓരോ വീട് ലഭിക്കുന്നതിന് ഇപ്പോഴ് സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരമൊരു നടപടിക്ക് തുടക്കം കുറിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പട്ടികവർഗ്ഗക്കാർക്കായി ഭവനനിർമ്മാണത്തിന് താഴെ പറയുന്ന സഹായങ്ങൾ നൽകിവരുന്നു:

1. ഗ്രാൻറ്
2. പലിശരഹിതവായ്പ
3. ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയുള്ള പുനരധിവാസം.
4. ഓലമേയുന്നതിനും ഓടുമേയുന്നതിനുമുള്ള ധനസഹായം
5. വായ്പ
6. വീട് വയ്ക്കുന്നതിനുള്ള ഭൂമി

(ബി, സി) ഭവനരഹിതരായ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവിധ പദ്ധതികളിലായി പുതിയ വീടുകൾ അനുവദിച്ചുവരുന്നുണ്ട്.

ശ്രീമതി കെ. സി. റോസക്കുട്ടി: ആദിവാസികൾക്ക് വീടുവച്ച് കൊടുക്കുന്ന സ്കീം പ്രകാരം പല കോളനികളിലും പൂർത്തിയാക്കാതെ കിടക്കുന്ന വളരെയേറെ വീടുകളുണ്ട്, കോൺട്രാക്ടർമാർ ഇട്ടിട്ടുപോയ വീടുകളും ഇതിൽപ്പെടുന്നു. ഈ വീടുകളൊക്കെ പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ ഈ ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും ഇങ്ങനെയുള്ള വിവരങ്ങൾ ഗവൺമെൻറിന് നൽകുന്നുവെന്നുണ്ടെങ്കിൽ പ്രത്യേക പരിഗണന കൊടുത്ത് അതിനുള്ള നീക്കുപോക്കുകൾ നടത്തുന്നതാണ്.

ശ്രീമതി കെ. സി. റോസക്കുട്ടി: അടുത്ത അഞ്ചു വർഷക്കാലത്തേക്ക് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിലിരിക്കുന്ന കാലഘട്ടത്തിൽ ഓരോ ആദിവാസിക്കും ഓരോ വീട് എന്ന ആശയം പൂർത്തിയാക്കുവാനുള്ള നടപടികളെന്തെങ്കിലും സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി; ബഹുമാനപ്പെട്ട റോസക്കുട്ടി ടീച്ചർ പറഞ്ഞത് നല്ലകാര്യമാണ്. ആദിവാസികൾക്ക് ഓരോരുത്തർക്കും വീട്, എന്നു മാത്രമല്ല കുറച്ചുകൂടി ഗവൺമെൻറ് മുന്നോട്ടുപോയിരിക്കുന്നു. വീടില്ലാത്ത സംസ്ഥാനത്തെ എല്ലാവർക്കും വീട്, അഞ്ചു വർഷത്തിനകം, അതാണ് ഗവൺമെൻറിന്റെ നിലപാട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ആദിവാസികളുടെ വീട് നിർമ്മിക്കുന്നതിനുവേണ്ടി കോൺട്രാക്ട് എടുക്കുകയും ആ വീടുകൾ പൂർത്തിയാകാതെ അവിടെ ഇട്ടിട്ടുപോകുകയും ചെയ്ത ആൾക്കാരുടെ പേരിൽ ആർ. ആർ. നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുമോ; അങ്ങനെ ആർ. ആർ. നടപടി പ്രകാരം പണം വസൂലാക്കാൻ സാധിക്കാത്തപക്ഷം അവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനും ഗവൺമെൻറ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അക്കാര്യത്തെ സംബന്ധിച്ച് ശക്തമായ നടപടി സ്വീകരിക്കാം. പിന്നീട് അത് സ്റ്റേ ചെയ്യാനോ ഇൻസ്റ്റാൾമെൻറ് കൊടുക്കുവാനോ ആരും ആവശ്യപ്പെടരുത് എന്നുള്ളത് മാത്രമേയുള്ളൂ.

ശ്രീ. പി. ടി. തോമസ്: ആദിവാസികളുൾപ്പെടെയുള്ള ഈ ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന ഈ ഭവനനിർമ്മാണ പദ്ധതികൾക്ക് രണ്ടും മൂന്നും ഘട്ടമായിട്ടാണ് ഈ പണം കൊടുക്കുന്നത്. പണം കൊടുക്കുന്നതിലൊക്കെ വ്യാപകമായ കൈക്കൂലിയും ക്രമക്കേടും നടക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ഗ്രാമസഭകളുമായി ബന്ധപ്പെടുത്തി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: വ്യാപകമായ അഴിമതിയുണ്ടെന്ന് ഗവൺമെൻറ് സമ്മതിക്കുന്നില്ല. അവിടേയുമിവിടേയും അഴിമതികൾ ഈ കാര്യത്തിലുണ്ടാകാം. അത് തീർച്ചയായും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ പ്രത്യേക നടപടികൾ സ്വീകരിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: മലയോര പ്രദേശങ്ങളിൽ പട്ടയം നൽകാത്തതുമൂലം സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ പ്രയോജനം പാവപ്പെട്ടവർക്ക് ലഭിക്കുന്നില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയുംവേഗം ആ പ്രദേശങ്ങളിൽ പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ചോദ്യം ആദിവാസികൾക്ക് വീട് നിർമ്മിക്കാൻ സഹായം നൽകുന്നത് സംബന്ധിച്ചാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ആദിവാസികൾക്ക് പട്ടയം കൊടുക്കാത്തതുമൂലം ഈ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതാണ് വിഷയം.

ശ്രീ. കെ. എം. മാണി: ഒരു ചോദ്യവുമായി ഏതു നിലയിലും ബന്ധപ്പെടുത്താം. എന്തെങ്കിലുമാകട്ടെ. വ്യത്യസ്തമായ ചോദ്യമാണെങ്കിലും ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും പട്ടയം കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ നിലപാട്. തീർച്ചയായും അതിനെ സംബന്ധിച്ചിടത്തോളം ആവശ്യമായ നടപടികൾ എടുത്തു വരികയാണ്.

ശ്രീ. കൃഷ്ണൻ കണിയാമ്പറമ്പിൽ: ആദിവാസികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതുപോലെതന്നെ പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി വീടും ഭൂമിയും നഷ്ടപ്പെട്ട് കഴിഞ്ഞ പത്തുമാസമായി ഒരു സ്കൂളിൽ അഭയം പ്രാപിച്ചിട്ടുള്ള തൃശ്ശൂരിലെ വാടാനപ്പള്ളി പഞ്ചായത്തിൽ 21 കുടുംബക്കാരുണ്ട്. ഇതുവരെ അവർക്ക് സ്ഥലമോ വീടോ നിർമ്മിച്ചു കൊടുക്കുന്നതിന് ഒരു നടപടിയും ബഹുമാനപ്പെട്ട ഈ മന്ത്രിയുടെ വകുപ്പിൽ നിന്നുണ്ടായിട്ടില്ല. 21 കുടുംബങ്ങൾ ഒരു സ്കൂൾ അഭയകേന്ദ്രത്തിലാണ്. അവർക്ക് വീട് വച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാമ്പറമ്പിൽ ഇതേ ജാഗ്രതയോടുകൂടി ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഈ വിഷയം ഇതിനു മുമ്പ് പെടുത്തിയിരുന്നെങ്കിൽ അതിന് നടപടി സ്വീകരിക്കുമായിരുന്നു. ഏതായാലും ഇപ്പോൾ പറഞ്ഞ സ്ഥിതിക്ക് തീർച്ചയായും ഗവൺമെൻറ് ഇത് പരിശോധിക്കാം.

ശ്രീ. ടി. നാണുമാസ്ററർ: ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ധാരാളമായി ഈ ഗവൺമെൻറും മുൻ ഗവൺമെൻറും ഒക്കെ തുടർച്ചയായി നടപ്പാക്കിവരികയാണ്. എന്നാൽ വീട് അനുവദിച്ചുകൊടുക്കുന്നതിന് അവർക്ക് സ്വന്തമായി ഭൂമിയുണ്ടായിരിക്കണം. ആദിവാസികൾ തനതായി കൈവശംവച്ചുപോന്ന വടക്കൻ ജില്ലകളിലെ ഭൂമി മററുള്ളവർ തട്ടിയെടുത്തിരിക്കുന്ന നൂറുകണക്കിന് കേസുകളുണ്ട്. ഈ കേസുകൾ പരിശോധിച്ച് അവരുടെ സ്ഥലം വീണ്ടെടുത്തുകൊടുക്കാത്തതുകൊണ്ട് ഭവന നിർമ്മാണ പദ്ധതി പരിപൂർണ്ണമായി വിജയിപ്പിക്കുവാനും ഗവൺമെൻറിന്റെ ആ സ്കീം പൂർത്തിയാക്കാനും കഴിയാത്തതു പരിഗണിച്ച് ഇത്തരത്തിലുള്ള കേസുകളിൽ വളരെ പെട്ടെന്ന് നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: രണ്ടു ചോദ്യങ്ങളാണ് ചോദിച്ചത്. ഒന്ന്, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തുകൊടുക്കുന്നതിനെപ്പററി കഴിഞ്ഞ ചോദ്യത്തിലും പറയുകയുണ്ടായി. ഭൂമിയില്ലാത്ത ആദിവാസികൾക്ക്, ഭൂമിയില്ലായ്മയാണ് വീടുവച്ചുകൊടുക്കുവാനുള്ള ഒരു പ്രതിബന്ധം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർക്ക് നാലുസെൻറു ഭൂമിവീതം നൽകി വീട് വച്ചുകൊടുക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി കേന്ദ്രഗവൺമെൻറിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 24 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതിയാണ് കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്. അതിന്റെ അനുമതി കിട്ടിയാലുടൻ ഇതിൽ കാര്യമായ പുരോഗതി കൈവരുത്തുവാൻ കഴിയും.

ശ്രീ. കെ. ഇ. ഇസ്മയിൽ: പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീടുവച്ചുകൊടുക്കുന്നതിനുവേണ്ടി ഗവൺമെൻറ് അനുവദിക്കുകയും വീടു വയ്ക്കാനാവശ്യമായ പണം മുൻകൂറായി കോൺട്രാക്ടർമാർക്ക് നൽകുകയും വീട് വയ്ക്കാതിരിക്കുകയും ചെയ്തതിനെത്തുടർന്ന് അട്ടപ്പാടി അഗളി പഞ്ചായത്ത് പ്രസിഡൻറിനെതിരെ കേസെടുക്കുകയും അറസ്ററു ചെയ്യുകയും ചെയ്തു. എന്നാൽ ഇപ്പോഴും അതിന്റെ നടപടികൾ പൂർത്തിയായിട്ടില്ല. ഈ ആദിവാസി വീടുകളുടെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും; മുൻകൂർ പണം വാങ്ങിയ ആളുകളിൽനിന്നും അത് ഈടാക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഇതൊരു പ്രത്യേക ചോദ്യമാണ്. ഈ വസ്തുതകളെ സംബന്ധിച്ചിടത്തോളം ഇത് വസ്തുതയാണോ എന്താണെന്ന് ഗവൺമെൻറ് പരിശോധിക്കാം.

ശ്രീ. ടി. ചാത്തു: വനം പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് അലോട്ട് ചെയ്തിട്ടുള്ള വീട് അവിടെ പാറപൊട്ടിക്കാൻ കഴിയാത്തതുകൊണ്ട് നാട്ടിൽനിന്ന് കല്ല് കൊണ്ടുപോകണം എന്നിട്ട് വീട് കെട്ടണം,

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞതുകൊണ്ട് കോൺട്രാക്ടർമാർ ഉപേക്ഷിച്ചിട്ട് പോയതുകൊണ്ട് കെട്ടാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. ആ തടസ്സം നീക്കി ഗവൺമെൻറ് വനങ്ങളിലുള്ള ആദിവാസികൾക്കും വീടുവയ്ക്കാൻ ഗവൺമെൻറ് നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി: ഈ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ഡേവിഡ് പിൻഹീറോ: ഇളകുന്നപ്പുഴ വില്ലേജിൽപ്പെട്ട സ്വന്തമായി വീടോ സ്ഥലമോയില്ലാത്ത ഗിരിജനങ്ങൾ മിച്ചഭൂമിയിൽ കുടിയേറിപ്പാർത്തിട്ട് നാളുകളായി. അവർക്ക് ആ സ്ഥലം നൽകുകയും വീടുവച്ചുകൊടുക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യുമോ?

ശ്രീ. കെ. എം. മാണി: അത് പരിശോധിക്കാം. അങ്ങനെ ഭൂമി കയ്യേറിയതുണ്ടെങ്കിൽ അത് പരിശോധിച്ച് നിയമപരമായ വശം നോക്കിയിട്ട് അതിൻമേൽ തീരുമാനമെടുക്കാം.

## കാർഷിക വിളകളുടെ തറവില

*5 [348] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കാർഷിക വിളകളുടെ തറവിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റബറിൻെറ തറവില 30 രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കുരുമുളക്, നാളികേരം, കൊക്കോ, ജാതി, ഇഞ്ചി തുടങ്ങിയ കാർഷിക വിളകൾക്ക് ആദായകരമായ തറവില നിശ്ചയിക്കാൻ ആവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്):

(എ) തറവില നിശ്ചയിച്ചിട്ടില്ല. നാളികേരം (കൊപ്ര), ഇഞ്ചി, റബർ എന്നിവയ്ക്ക് ഇപ്പോൾ താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്.

(ബി) കർഷകന് ആദായകരമായ രീതിയിൽ റബറിൻെറ തറവില പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ കാര്യം കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സംസ്ഥാനത്തെ ഏതെല്ലാം കാർഷിക വിളകളുടെ തറവിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണമെന്നുള്ള ചോദ്യത്തിന് തറവില നിശ്ചയിച്ചിട്ടില്ല എന്നും കൊപ്രയുടേയും ഇഞ്ചിയുടേയും റബറിൻേറയും താങ്ങുവില ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ടെന്നും പറഞ്ഞു. ഇപ്പോൾ നിശ്ചയിച്ച താങ്ങുവില



LIBRARY ARCHIVES Kerala Legislative Assembly

തന്നെ വളരെ അപര്യാപ്തമാണെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. പി. ജോർജ്ജ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഗവൺമെൻറിന് ആ കാര്യം ബോദ്ധ്യമുണ്ട്. അത് വർദ്ധിപ്പിക്കാനാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: റബ്ബറിന്റെ തറവില 30 രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന് മറുപടിയായി കർഷകന് ആദായകരമായ രീതിയിൽ റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കണം എന്ന് സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്, അതിന് എന്തെങ്കിലും മറുപടി കിട്ടിയിട്ടുണ്ടോ; കിട്ടിയ മറുപടി അനുഭാവപൂർണ്ണമാണോ?

ശ്രീ. പി. പി. ജോർജ്ജ്: പ്രതികരണം അനുഭാവപൂർണ്ണമാണ്. റബ്ബർ ബോർഡാണ് അത് പ്രധാനമായിട്ട് ചെയ്യുന്നത്. ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യം എടുത്തിട്ടുണ്ട്.

ശ്രീ. എ. പത്മകുമാർ: പുതിയ ഇറക്കുമതി നയത്തിന്റെ ഭാഗമായി കേരളത്തിലെ റബ്ബർ കൃഷിക്കാർ ഇന്ന് അങ്ങേയറ്റം ബുദ്ധിമുട്ടിലാണ്. ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ സൂചിപ്പിച്ചതു പോലെ റബ്ബറിന്റെ തറവില നിശ്ചയിക്കാൻവേണ്ടി ക്രിയാത്മകമായി ഈ ഗവൺമെൻറ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പി. ജോർജ്ജ്: ഇപ്പോൾ റബ്ബർ ഇറക്കുമതി ചെയ്യുന്നില്ല. റബ്ബർ കയററുമതി ചെയ്യുന്നതിന് റബ്ബർ കർഷകരുടെ ചിരകാലാഭിലാഷം നിറവേററാൻ, അതിന് മുഖ്യമായ പങ്ക് വഹിക്കാൻ ഈ ഗവൺമെൻറിന് സാധിച്ചിരിക്കുകയാണ്. റബ്ബറിന്റെ വില താഴാൻ ഇടവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്തുകൊണ്ട് എറണാകുളത്തുവച്ച് അഞ്ച് മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ചേർന്ന യോഗത്തിൽ, കഴിഞ്ഞ ഡിസംബർ മാസത്തിൽ നടത്തപ്പെട്ട യോഗത്തിന്റെ തീരുമാനപ്രകാരം റബ്ബർ സംഭരിക്കുന്നതിന്, അൺഗ്രെയിഡഡ് റബ്ബർ സംഭരിക്കുന്നതിന്, റബ്ബർ മാർക്കററിംഗ് ഫെഡറേഷനെക്കൊണ്ടും അതുപോലെ ആർ. എം. എ. 4-ഉം ആർ.എം.എ. 5-ം സംഭരിക്കുന്നതിന് എസ്. ടി. സി.- യെക്കൊണ്ടും ഈ ഗവൺമെൻറ് വളരെ ആത്മാർത്ഥമായ നടപടിക്രമങ്ങൾ സ്വീകരിപ്പിക്കുകയും അതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തുകയും ചെയ്തതിന്റെ ഫലമായിട്ട് റബ്ബറിന്റെ വില താഴാൻ ഇടവരാത്ത രീതിയിൽ റബ്ബർ കർഷകരെ സാധിച്ചിട്ടുണ്ട്. വിലയുടെ കാര്യത്തിലും കുറേക്കൂടി മെച്ചപ്പെട്ട നിലയിലേയ്ക്ക് വരുത്താൻ അത് സാദ്ധ്യമായിട്ടുണ്ട്.

ശ്രീ. എ. പത്മകുമാർ: കഴിഞ്ഞ വർഷത്തെ ബഡ്ജററ് അവതരണ സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഒരു പതിയ സാമ്പത്തിക സിദ്ധാന്തം തന്നെ ആവിഷ്ക്കരിച്ച് ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ പറയുകയുണ്ടായി. രൂപയുടെ മൂല്യം കുറയന്നതുമൂലം കയററുമതി വർദ്ധിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഈ ഉല്പന്നങ്ങൾക്ക് വില കൂട്ടിക്കിട്ടുമെന്നും ഒക്കെ പറയുന്നത് നമ്മൾ ഇവിടെ കേട്ടതാണ്. രൂപയുടെ മൂല്യം കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്തുമാത്രം കയററുമതി വർദ്ധിച്ചു? അതുകൊണ്ട് ഈ രാജ്യത്ത് കർഷകർക്ക് എന്തുമാത്രം ഗുണം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പി. ജോർജ്ജ്: ബഡ്ജററിന്റെ ചർച്ചാവേളയോട് ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പറഞ്ഞ കാര്യങ്ങൾക്കനുസൃതമായ രീതിയിൽതന്നെയാണ് ഗവൺമെൻറ് പ്രവർത്തിക്കുന്നത്. ഇപ്പോൾ റബ്ബറിന്റെ എക്സ്പോർട്ട് പ്രോൽസാഹിപ്പിച്ചതിന്റെ ഫലമായിട്ട് ആർ.എം.എ. 4 എണ്ണായിരം ടൺ റബ്ബറും ആർ.എം.എ. 5 ഏഴായിരം ടൺ റബ്ബറും കയററി അയയ്ക്കാനായിട്ടുള്ള തീരുമാനമെടുത്തിട്ടുണ്ട്. മാത്രവുമല്ല, റബ്ബർ മാർക്കററിംഗ് ഫെഡറേഷൻ സംഭരിച്ച അൺഗ്രെയിഡഡ് റബ്ബർ ഏകദേശം നാലായിരത്തോളം ടൺ വരും.

ശ്രീ. എ. പത്മകുമാർ: ബഡ്ജററിൽ പറഞ്ഞതുമായി ബന്ധപ്പെട്ട് എന്തുമാത്രം കയററുമതി വർദ്ധിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ റബ്ബറിന്റെ വില എന്തുമാത്രം വർദ്ധിച്ചിട്ടുണ്ടെന്നുമാണ് ഞാൻ ചോദിച്ചത്.

ശ്രീ. പി. പി. ജോർജ്ജ്: റബ്ബറിന്റെ കയററുമതിയെ സംബന്ധിച്ചുള്ള കണക്കും റബ്ബറിന്റെ വില വർദ്ധിക്കാനിടയായിട്ടുള്ള സാഹചര്യവുമാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. എഫ്. തോമസ്: റബ്ബറിന്റെ തറവില നിശ്ചയിക്കുന്നതിന് കൃത്യമായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്? അതായത് കേന്ദ്രഗവൺമെൻറ് കഴിഞ്ഞ ജനുവരി മാസത്തിൽ തറവില പുതുക്കി പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. ഫെബ്രുവരിയും മാർച്ചും കഴിഞ്ഞു. ഇതുവരെയായിട്ടും തറവില പ്രഖ്യാപിച്ചിട്ടില്ല. അടിയന്തിരമായി അത് പുതുക്കി പ്രഖ്യാപിക്കാൻ നടപടിയെടുക്കുകയും അതുപോലെതന്നെ ഇങ്ങനെ ഓരോ വിഷയത്തിലുമുണ്ടാകുന്ന കാലതാമസം മാററിക്കൊണ്ട് നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവുകൂടി ബന്ധപ്പെടുത്തി ഓരോ വർഷവും കൃത്യസമയത്ത് തറവില പുതുക്കി നിശ്ചയിക്കത്തക്കവണ്ണം ഒരു നയം നമ്മുടെ കൃഷി നയത്തിൽ പ്രഖ്യാപിക്കുവാൻ കൃഷിമന്ത്രി തയ്യാറാകുമോ?

ശ്രീ. പി. പി. ജോർജ്ജ്: ആദ്യം പറഞ്ഞ കാര്യത്തെ സംബന്ധിച്ച് പഠിക്കുന്നതിന് കാർഷിക വില നിർണ്ണയ കമ്മീഷന്റെ അംഗങ്ങൾ—ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങൾ—മാർച്ച് 10-ാം തീയതി കേരളം സന്ദർശിച്ചിരുന്നു. ഈ കാര്യങ്ങൾ, കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ പ്രത്യേകമായും തയ്യാറാക്കി അവരുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. രണ്ടാമത് പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ആഗസ്തി: കുരുമുളകിന്റെ വിലയിടിവുമൂലം കുരുമുളക് കൃഷിക്കാർ വലിയ ബുദ്ധിമുട്ടിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കുരുമുളകുൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ അന്താരാഷ്ട്ര സമ്മേളനം കൊച്ചിയിൽ വിളിച്ചുകൂട്ടിയപ്പോൾ കുരുമുളക് ഉൽപ്പാദിപ്പിക്കുന്ന മററ് രാജ്യങ്ങൾ ആ സമ്മേളനത്തിൽനിന്ന് വിട്ടുനിന്ന ഗുരുതരമായ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുമൂലം ഉണ്ടായിരിക്കുന്ന പ്രശ്നം പരിഹരിക്കാൻ കേന്ദ്രഗവൺമെന്റിന്റെമേൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി. പി. ജോർജ്ജ്: കുരുമുളകിന്റെ വിലയിടിവിന്റെ കാര്യവും കുരുമുളക് കൃഷിക്കാർക്ക് ഇന്ന് വന്നിരിക്കുന്ന പ്രതിസന്ധിയെ സംബന്ധിച്ചും ഗവൺമെന്റിന് ഉത്തമ ബോധ്യം വന്നിട്ടുണ്ട്. അതിന്റെ ഫലമായി കുരുമുളക് കൃഷിക്കാരുടെ താൽപര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ, ഗവൺമെന്റ് വിലയുടെ കാര്യത്തിൽ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഇടുക്കിയിലും വയനാട്ടിലും കണ്ണൂരിലും പ്രത്യേകമായിട്ട് ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും യോഗങ്ങൾ വിളിച്ചുകൂട്ടി കുരുമുളക് കൃഷിക്കാർക്ക് ചെയ്തുകൊടുക്കാവുന്ന കാര്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സൂര്യൻ കിഴക്ക് ഉദിക്കുന്നതും പടിഞ്ഞാറ് അസ്തമിക്കുന്നതുമാണ് എന്ന് ഈ ഗവൺമെന്റ് അസന്നിദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട് എന്നു പറയുന്നതുപോലെയാണ് ഇപ്പോൾ പറഞ്ഞത്. അതൊരു വസ്തുതയാണല്ലോ, എന്താ കുരുമുളകിന്റെ കാര്യത്തിലുള്ള സ്ഥിതി? ആളുകളെ പററിക്കാനുള്ള ചോദ്യങ്ങൾ ചോദിപ്പിക്കുകയും മറുപടി പറയിപ്പിക്കുകയും ചെയ്യുകയാണ്. കുരുമുളക് കയററുമതി കഴിഞ്ഞ കൊല്ലം 81 കോടി രൂപയ്ക്കായിരുന്നെങ്കിൽ ഇത്തവണ അത് 41 കോടി രൂപയ്ക്കാണ് കയററി അയച്ചത്. റബ്ബർ കയററി അയയ്ക്കാൻ ഏർപ്പാട് ചെയ്തത്, നല്ല ഗ്രേഡ് റബ്ബർ കയററി അയയ്ക്കുന്നില്ല. മോശമായിട്ടുള്ളത്, വിദേശത്തൊന്നും ആവശ്യമില്ലാത്തതാണ് കയററി അയയ്ക്കുന്നത്. ഈ മാർച്ച് 31-നു മുൻപ് 20,000 ടൺ റബ്ബർ കയററുമതി ചെയ്യുമെന്നു പറഞ്ഞിരുന്നു. ഇതേവരെ എത്ര കയററുമതി ചെയ്തു? വിലയുടെ കാര്യം അങ്ങ് പറഞ്ഞു. 21 രൂപ. നിശ്ചയിച്ച വിലപോലും കിട്ടുന്നില്ല. പതിനെട്ടും പത്തൊൻപതും രൂപയാണ് കിട്ടുന്നത്. അതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ടെന്ന് പറഞ്ഞാൽ മതിയോ? ഇപ്പോൾ എത്ര കയററി അയച്ചു? നിശ്ചയിച്ച വില എന്തുകൊണ്ട് കൊടുക്കാൻ കഴിയുന്നില്ല? അതിനാവശ്യമായിട്ടുള്ള നടപടികൾ എന്തെങ്കിലും എടുക്കാൻ ആത്മാർത്ഥമായി ശ്രമിക്കുമോ?

ശ്രീ. പി. പി. ജോർജ്ജ്: ഈ ഗവൺമെന്റ് എടുക്കുന്ന നടപടികളെ ബഹുമാനപ്പെട്ട മെമ്പർ രാമകൃഷ്ണൻ പരിഹസിക്കുന്നതിൽ ഞാൻ സന്തോഷം പ്രകടിപ്പിക്കുകയാണ്; കാരണം, മുമ്പ് ചെയ്യാൻ സാധിക്കാത്ത പല കാര്യങ്ങളും, ഈ സംഗതികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കുരുമുളക് കൃഷിക്കാരുടെ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് അതിന്റെ ആവശ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്ത് കഴിഞ്ഞ ദിവസം ക്യാബിനററ് കൂടിയിട്ട് പ്രത്യേകമായി കുരുമുളക് കൃഷിക്കാരെ സഹായിക്കാനായി 75 ലക്ഷം രൂപ നീക്കിവച്ചു. അതിന്റേയുംകൂടി അടിസ്ഥാനത്തിലാണ് സ്പൈസസ് ബോർഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടികൾ നടത്താനായിട്ട് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ചോദ്യത്തിന് നേരത്തെതന്നെ ഒരുങ്ങിയതുകൊണ്ട് ഞാൻ പറഞ്ഞത് കേൾക്കാതെ പററിയതാണ്. അതുകൊണ്ട് ഇടുക്കിയിലും കണ്ണൂരിലും വയനാട്ടിലും പ്രത്യേകം യോഗം വിളിച്ച് കുരുമുളക് കൃഷിക്കാർക്ക് അവിടെ ചെയ്തുകൊടുക്കാൻ പോകുന്ന സംഗതികൾ നേരിട്ട് പ്രഖ്യാപിക്കാൻ പോകുകയാണ്. അവിടെചെന്ന് അതിൽ അവർക്കുംകൂടി പങ്കാളിത്തം വരുത്തിക്കൊണ്ട് ആണ് ചെയ്യാനുദ്ദേശിക്കുന്നത്. രണ്ടാമത് പറഞ്ഞ കാര്യം, പതിനയ്യായിരം ടൺ റബ്ബർ കയററുമതി ചെയ്യാനായി—വെറുതെ പ്രഖ്യാപിക്കലല്ല, പകുതിയോളം കയററുമതി നടന്നു കഴിഞ്ഞിട്ടുണ്ട്.—റബ്ബർ ബോർഡുമായി ഇന്നും നാളെയുമായി ബന്ധപ്പെട്ട് അതിന്റെ ലേററസ്ററ് ഫിഗർ ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് തരാം. ആ കാര്യത്തിൽ വിജയകരമായിട്ടുള്ള നടപടികളുണ്ടായിട്ടുണ്ട്. അത് ഗവൺമെൻറ് ശ്രദ്ധിക്കുന്നുണ്ട് എന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്,

## അടിയന്തിര ചോദ്യം

### ആററിങ്ങൽ മാമം പാലത്തിലെ ടോൾ പിരിവ്

* 6 [7] ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആററിങ്ങൽ മാമം പാലത്തിൽ ഇപ്പോൾ ടോൾ പിരിവ് ലേലം ചെയ്തു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ടോൾ പിരിവ് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടോൾ പിരിവ് നിർത്തലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ):

(എ) ലേലം ചെയ്തിരുന്നു. എന്നാൽ ടെൻഡർ ഉറപ്പിച്ചുകൊടുത്തിട്ടില്ല.

(ബി) നാഷണൽ ഹൈവേയിലുള്ള സ്ഥലമാകയാൽ കേന്ദ്ര ഗവൺമെൻറിനുമാത്രമേ ഇതിനെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കാൻ അധികാരമുള്ളു. കേരളാ ഗവൺമെൻറിനും ഈ പാലത്തെ ടോൾപിരിവിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നുള്ള അഭിപ്രായമുള്ളതുകൊണ്ട് ഈ കാര്യത്തിൽ കേന്ദ്രഗവൺമെൻറിനെ സമീപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1956-ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ച് പാലത്തിന്റെയും സമീപ റോഡുകളുടേയും നിർമ്മാണത്തിന് ചെലവായ തുകയും പലിശയും കാലാകാലങ്ങളിൽ അററകുററ പണികൾക്കായി ചെലവ് വരുന്ന തുക ഉൾപ്പെടെ പിരിഞ്ഞു കിട്ടുന്നതുവരെ ടോൾ പിരിവ് തുടരേണ്ടതുണ്ട്.

ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: ആഴ്ചകൾക്കുമുൻപ് നിലവിൽ വന്ന സെൻട്രൽ ആക്ടിന്റെ അമൻറ്മെൻറ് ആക്ട് അനുസരിച്ച് അതിന്റെ ടാർജററ് 25 ലക്ഷം രൂപയിൽനിന്ന് ഒരു കോടി രൂപയാക്കിയിട്ടുണ്ട്. പക്ഷേ ആററിങ്ങലിൽ കല്ലുകുപോലെയുള്ള ഈയൊരു ചെറിയ പാലത്തിന് 27 ലക്ഷം രൂപ മാത്രമാണ് ചെലവായത്. ടോൾ ആക്ട് സെക്ഷൻ 7 അനുസരിച്ച് ആളുകൾക്ക് എതിർപ്പുണ്ടെങ്കിൽ ഗവൺമെൻറിന് അത് മാനിച്ചുകൊണ്ടുതന്നെ പിൻവലിക്കാമെന്നുള്ള ഒരു തീരുമാനമിരിക്കെ ഒരു ജ്യോമട്രിക്കൽ കറക്ഷനുവേണ്ടി മാത്രമായി ഒന്നര കി. മി. അപ്രോച്ച് റോഡിന് ഇത്ര ഭീമമായൊരു ടോൾ പിരിവ് നടത്തുന്നത് നിർത്തലാക്കുന്നതിനെക്കുറിച്ച് മന്ത്രിസഭായോഗം കൂടി അടിയന്തിരമായി ശുപാർശ ചെയ്തുകൂടേ? അത് ഗവൺമെൻറിന് പരിഗണിച്ചുകൂടേ?

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുപോലെ ആ പാലം നിർമ്മാണത്തിന് 27 ലക്ഷം മാത്രമല്ല ചെലവായിട്ടുള്ളത്. പാലം നിർമ്മാണത്തിനും അപ്രോച്ച് റോഡിനുമായി ഏതാണ്ട് 120 ലക്ഷം രൂപ ഗവൺമെൻറിന് ചെലവായിട്ടുണ്ട്. ഇതിന്റെ ടോൾ പിരിവ് നിർത്തലാക്കണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം. ഈ കാര്യവുമായി പലപ്പോഴായി ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈയിടെയും ഇക്കാര്യം ഗൗരവമായി കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.

ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: ഇപ്പോൾതന്നെ 2 രൂപ പിരിവ് വാങ്ങിച്ചിട്ട് ഏകദേശം 75 ശതമാനം വാഹനങ്ങളും ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വാഹനങ്ങളടക്കം, പഴയ റോഡിൽകൂടിയാണ് പോകുന്നത്. ഈ റോഡ് പണിതതിന്റെ ഉദ്ദേശം ജോമെട്രിക്കൽ കറക്ഷൻ വരുത്തി ഫ്യൂവൽ കൺസംപ്ഷൻ കുറയ്ക്കുക എന്നുള്ളതാണ്. ഇപ്പോൾ ഭൂരിഭാഗം വാഹനങ്ങളും പഴയ റോഡുവഴി പോകുന്നതുകൊണ്ട് റോഡിൽ അപകടം പതിയിരിക്കുകയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ ടോൾ പിരിവ് 4 രൂപയിൽനിന്ന് 5 രൂപയാക്കാൻ പോകുകയാണ്. ഇതുംകൂടിയാകുമ്പോൾ പ്രശ്നം കൂടുതൽ ഗുരുതരമാകും.

ശ്രീ. പി.കെ.കെ. ബാവ: രണ്ടുരൂപയിൽനിന്ന് അഞ്ചുരൂപയാക്കണമെന്ന് കേന്ദ്ര ഗവൺമെൻറിന്റെ നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട്. പക്ഷേ അത് വർദ്ധിപ്പിക്കരുത് എന്ന ആവശ്യവുമായി കേന്ദ്രഗവൺമെൻറിനെ കേരളാ ഗവൺമെൻറ് സമീപിച്ചിരിക്കുകയാണ്. അത് അംഗീകരിച്ചു കിട്ടണമെന്ന വ്യക്തമായ ആവശ്യം ഗവൺമെൻറിനുണ്ട്. ഏതായാലും മെയ്മാസം വരെ അത് പിരിക്കേണ്ടതില്ല എന്ന നിലപാടിലാണ് ഗവൺമെൻറ് എത്തിച്ചേർന്നിട്ടുള്ളത്. അത് നിറുത്താനുള്ള അവകാശം കേന്ദ്ര ഗവൺമെൻറിൽ മാത്രം നിക്ഷിപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### ജനസമ്പർക്ക പരിപാടി

*7 [349] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേന്ദ്രങ്ങളിൽ ജനസമ്പർക്ക പരിപാടികൾ നടത്തി; ഈ ഓരോ പരിപാടിക്കും എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ഇത്തരം അപേക്ഷകളിൽ എത്രയെണ്ണം തീർപ്പു കൽപ്പിച്ചു;

(സി) ജനങ്ങൾക്ക് ജനസമ്പർക്ക പരിപാടികളിൽ വിശ്വാസ്യതയാർജ്ജിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) സീനിയർ ഉദ്യോഗസ്ഥൻമാർ അവരുടെ പ്രവർത്തി മണ്ഡലങ്ങളിലെ ഉൾപ്രദേശങ്ങളിൽ പോയി ജനങ്ങളുടെ പരാതികൾ കേട്ടു പരിഹാരങ്ങൾ കാണണം എന്ന് തുടങ്ങി, വിവിധ ഗവൺമെന്റു വകുപ്പുകളിൽനിന്നും ജനങ്ങൾക്ക് കിട്ടേണ്ട സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു സഹായകമാകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ജനസമ്പർക്ക പരിപാടി 1979-ൽ (മാസ് കോൺടാക്ട് പ്രോഗ്രാം) ആവിഷ്ക്കരിച്ചത്. ഇതനുസരിച്ച് റവന്യൂ, പഞ്ചായത്ത്, പൊതുമരാമത്ത്, കമ്മ്യൂണിററി ഡവലപ്പ്മെന്റ്, കൃഷി, മൃഗസംരക്ഷണം, ഡയറി, സർവ്വേ, വിദ്യുച്ഛക്തി, സഹകരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘം എല്ലാ മാസവും മുൻകൂട്ടി നിശ്ചയിച്ച ഒരു തീയതിയിൽ ഓരോ താലൂക്കോ ബ്ലോക്കോ സന്ദർശിച്ച് ജനങ്ങളുടെ പരാതികൾ നേരിട്ടു കേട്ടു പ്രശ്ന പരിഹാരമുണ്ടാക്കുക എന്നതാണ് വിഭാവനം ചെയ്തിരുന്നത്.

ഈ സർക്കാർ ഭരണം ജനങ്ങളോടടുപ്പിക്കുന്നതിനും വികേന്ദ്രീകരിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വില്ലേജ് ആഫീസുകൾ കേന്ദ്രീകരിച്ചു ഗ്രാമസഭകൾക്ക് രൂപകല്പന നൽകി പ്രാവർത്തികമാക്കിയിരിക്കുകയാണ്. ഇതിന്റെ ആദ്യസമ്മേളനം 5-10-1991-ൽ നടന്നു. ഓരോ മാസത്തിലും ആദ്യ ശനിയാഴ്ചയാണ് സമ്മേളന ദിവസം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാസ് കോൺടാക്ട് പരിപാടിയിലും ഗ്രാമസഭാ പരിപാടിയിലും വിവിധ ജില്ലകളിൽ ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം പൂർണ്ണമല്ല).

(സി) ഉണ്ട്. നാളിതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ജനസമ്പർക്ക പരിപാടിയും ഗ്രാമസഭാ പരിപാടിയും വളരെ ഉപകാരപ്രദമായിരുന്നു. ഇതിൽ പ്രചോദനം നേടി കൂടുതൽ അധികാര വികേന്ദ്രീകരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനു നടപടി

*8 [350] ശ്രീ. ഇ. ശങ്കരൻ:
,, കെ. പി. മമ്മു മാസ്ററർ:
,, സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1. റവന്യൂ ഭരണവും സാധാരണ ജനങ്ങളും തമ്മിലുള്ള അകൽച്ച കുറയ്ക്കുവാനും അവരുടെ വിവിധ ആവശ്യങ്ങൾ പെട്ടെന്ന് നിറവേററുവാനും സങ്കട നിവാരണ പ്രക്രിയ ത്വരിതപ്പെടുത്തുവാനും വേണ്ടി സംസ്ഥാനമൊട്ടാകെ മാസത്തിലെ എല്ലാ ആദ്യ ശനിയാഴ്ച തോറും ഗ്രാമസഭകൾ രൂപീകരിച്ച് നടപ്പാക്കി വരുന്നു.

2. റവന്യൂ വകുപ്പിലെ സർവേയും, ഭൂമി സംബന്ധിച്ച രേഖകളും നാളിതുവരെയുള്ളതാക്കാനും, അത് കമ്പ്യൂട്ടർ മുതലായ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ആധുനീകരിക്കാനും, തീരുമാനിച്ചിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് ആവശ്യമുള്ള പ്രമാണങ്ങൾ മുതലായവ ലളിതവും പെട്ടെന്ന് ലഭിക്കത്തക്കവണ്ണവുമുള്ള ഒരു സംവിധാനം ഉണ്ടാക്കി പ്രാവർത്തികമാക്കിയിട്ടുണ്ട്.

4. കാലാകാലങ്ങളിൽ ജില്ലാ കളക്ടർമാരുടെ സമ്മേളനം വിളിച്ചു കൂട്ടി ഓരോ ജില്ലയിലും ഇതേവരെ നടന്ന റവന്യൂ സംബന്ധപ്പെട്ട ജനക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും, നടത്തിപ്പ് വൈകല്യങ്ങൾ അകററാനും നടപടികൾ എടുത്തിട്ടുണ്ട്. എല്ലാ കാര്യങ്ങളും ഒരു സമയബന്ധിതയോടെ ചെയ്യണം എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

5. ഗ്രാമസഭകളുടെ ഇന്നേവരെയുള്ള പ്രവർത്തനം വിജയകരവും ജനങ്ങൾക്ക് ഉപകാരപ്രദവുമാണെന്ന് ഇതുവരെയുള്ള വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നതിനാൽ, റവന്യൂ വകുപ്പിന്റെ ഭരണം ഇനിയും കൂടുതൽ കാര്യക്ഷമമാക്കുവാൻ റവന്യൂ വകുപ്പ് പുനഃസംഘടിപ്പിക്കാനും, വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷൻ എന്നിവയുടെ വിസ്തൃതി പുനർനിർണ്ണയം ചെയ്യുന്നതിനും നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. അതിനുവേണ്ട നടപടികളും ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്തായി റവന്യൂ വകുപ്പിന്റെ പുനഃസംഘടനയെ സംബന്ധിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. വി. സോമസുന്ദരത്തിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ഏററവും ഒടുവിൽ, വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷൻ എന്നിവയുടെ വിസ്തൃതി പുനർനിർണ്ണയം ചെയ്യുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി റവന്യൂ ബോർഡ് മെമ്പർ ഡോ. ബാബു പോളിനെ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇതിനായി ഇപ്പോൾ നടക്കുന്ന പരിശീലനത്തിന് പുറമേ വ്യാപകമായും ഊർജ്ജിതമായും എല്ലാ റവന്യൂ ഉദ്യോഗസ്ഥൻമാർക്കും പ്രീ സർവീസ്, ഇൻ സർവീസ് പരിശീലനം, നൽകുന്നതിന് കേന്ദ്ര സഹായത്തോടെ തിരുവനന്തപുരത്ത് റവന്യൂ ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

## മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

*9 [351] ശ്രീ. വി. വി. രാഘവൻ:
,, കെ. ഇ. ഇസ്മയിൽ:
,, ഇ. രാജേന്ദ്രൻ:
,, സത്യൻ മൊകേരി:
,, പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം; ഈ പദ്ധതികൾക്കെല്ലാം കൂടി എത്ര കിലോ വാട്ട് ഉൽപ്പാദനശേഷിയുണ്ട്;

(സി) ഇവയുടെ മൊത്തം ചെലവ് എത്രയെന്നും, എവിടെയെല്ലാമാണെന്നും ഇത്തരം എത്ര മിനി മൈക്രോ പദ്ധതികൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്ന സ്റേറററ്മെൻറ് മേശപ്പുറത്തു വയ്ക്കുമോ;

(ഡി) ഇപ്പോൾ എവിടെയെല്ലാം ഇതിനുള്ള ഇൻവെസ്ററിഗേഷൻ നടന്നു വരുന്നു?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) ഉണ്ട്.

(ബി) 16 പദ്ധതികളുടെ പണി നടന്നു കൊണ്ടിരിക്കുന്നു. 4 പദ്ധതികൾ പരിഗണനയിലുമാണ്. ഇവയ്ക്കെല്ലാംകൂടി 73.75 മെ. വാ. ഉൽപ്പാദനശേഷി പ്രതീക്ഷിക്കുന്നു.

(സി) മേശപ്പുറത്തു വച്ചിട്ടുണ്ട്.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ മിക്ക നദികളിലും മിനി, മൈക്രോ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്കു വേണ്ടിയുള്ള സാദ്ധ്യതാ പഠനമോ പ്രാരംഭ ഇൻവെസ്റ്റിഗേഷനോ, വിശദമായ ഇൻവെസ്റ്റിഗേഷനോ നടക്കുന്നുണ്ട്.

ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെൻറ് സെൽ

*10 [352] ശ്രീ. സി. കെ. ചന്ദ്രപ്പൻ:
,, കെ. പ്രകാശ് ബാബു:
,, എം. നാരായണൻ: (ഹോസ്ദുർഗ്ഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഒരു ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെൻറ് സെൽ സൃഷ്ടിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) ഉണ്ട്.

(ബി) ഈ സെല്ലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

1. ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ പേര്, മേൽവിലാസം, ജനനതീയതി, പരീക്ഷാ യോഗ്യത സേവനകാല വിശദാംശങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുക.

2. ജീവനക്കാരുടെ നിയമന രീതി ഉരിത്തിരിയുന്നതിലേക്ക് താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുക.

(i) തസ്തികകളുടെ കാലാകാലങ്ങളിലുള്ള ഒഴിവുകൾ നിർണ്ണയിക്കുക.

(ii) ഒഴിവു തസ്തികകളിൽ അതാത് ജോലിക്ക് പരിശീലിപ്പിച്ച് പ്രാപ്തരാക്കിയവരെ നിയമിക്കുക.

(iii) ഇലക്ട്രിസിറ്റി ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അതാതു തസ്തികകളിലെ ജോലിക്ക് ആവശ്യമായ പരിശീലനം നൽകുക.

(iv) പുതിയ പുതിയ മാററങ്ങൾ ഉൾക്കൊള്ളാൻ അനുസൃതമായ പരിശീലനം നൽകുക.

3. തിരുവനന്തപുരം കേന്ദ്രമാക്കി ഒരു കോർപ്പറേററ് പരിശീലന കേന്ദ്രം സ്ഥാപിക്കുക.

4. ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമാവലിക്കും അനുസൃതമായി ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. ഇലക്ട്രിസിററി ബോർഡിന്റെ എല്ലാ മേഖലകളുടെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ, നടപടിക്രമങ്ങൾ മുതലായവ അച്ചടിച്ച് വിതരണം ചെയ്യുക.

## അർഹരായവർക്കെല്ലാം ഭൂമി പതിച്ചു നൽകാൻ നടപടി

*11 [353] ശ്രീ. പി. രാഘവൻ:
,, എ. പത്മകുമാർ:
,, സി. പി. ബാലൻ വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അർഹതയുള്ളവർക്കെല്ലാം ഭൂമി പതിച്ചു നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും അനർഹരായവർ ഭൂമി തട്ടിയെടുക്കുന്നത് ഒഴിവാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ഇതിനായി ലാൻറ് അസൈൻമെൻറ് കമ്മിററികൾ രൂപീകരിച്ചിട്ടുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഒരു പ്രത്യേക തീവ്രയത്ന പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പട്ടയം നൽകാൻ ബാക്കിയുള്ള എല്ലാ കേസുകളിലും പട്ടയം നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനർഹരായവർ ഭൂമി തട്ടിയെടുക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി പതിവിനുള്ള അർഹതയെ സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കുകയും ഈ നിബന്ധനകൾ പാലിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി പതിവ് വ്യവസ്ഥകൾ പാലിക്കാത്ത കേസുകളിൽ ഭൂമി പതിവ് റദ്ദ് ചെയ്യാറുണ്ട്,

(ബി) ഉണ്ട്.

## മൽസ്യത്തൊഴിലാളികൾക്ക് പട്ടയം

* 12 [354] ശ്രീ. എ .സി. ഷൺമുഖദാസ്:
,, കെ. ചന്ദ്രശേഖരൻ:
,, ബേബി ജോൺ:
,, കെ. കൃഷ്ണൻകുട്ടി:
ഡോ: കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര മൽസ്യത്തൊഴിലാളികൾ പാർക്കുന്നു എന്ന് കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വളരെ വർഷങ്ങളായി കടലോര പ്രദേശങ്ങളിൽ താമസിക്കുന്ന ഇവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചു?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കടലോര പ്രദേശങ്ങളിൽ ഭൂമി കൈവശമുള്ള മൽസ്യത്തൊഴിലാളികൾക്ക് കേരള ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് അവരുടെ കൈവശഭൂമിക്ക് പട്ടയം നൽകിയും താല്ക്കാലികമായി പതിച്ചു കൊടുത്തും വരുന്നുണ്ട്. അർഹരായ എല്ലാ മൽസ്യത്തൊഴിലാളികൾക്കും 3 മാസത്തിനകം പട്ടയം നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

* 13 [355] ശ്രീ. എസ്. ശർമ്മ:
,, സി. കെ. സദാശിവൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് തൊണ്ടുലഭിക്കാത്തതുമൂലം സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൊണ്ട് പൊതു വിപണിയിൽനിന്നും സംഭരിക്കുന്നതിന് പ്രാഥമിക കയർ സംഘങ്ങൾക്ക് സബ്സിഡി നൽകുന്ന പരിപാടി നിലവിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതിലേക്കായി എത്ര തുകയാണ് കഴിഞ്ഞ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരുന്നത്?

വിദ്യുച്ഛക്തി—കയർ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ:)

(എ) കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യത്തിനു തൊണ്ട് ലഭ്യമാകുന്നില്ല എന്നു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ത്രീപോയിൻറ് ലെവി നിലവിലുള്ള തെക്കൻ ജില്ലകളിൽ ലെവി സമ്പ്രദായം ഊർജ്ജിതപ്പെടുത്തുന്നതിനുപുറമേ എല്ലാ കയർ സഹകരണ സംഘങ്ങളേയും പൊതു വിപണിയിൽനിന്നു പരമാവധി തൊണ്ടു സംഭരിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സ് ശുപാർശകളുടെ അടിസ്ഥാനത്തിൽ ലെവി സമ്പ്രദായം നിലനിലുള്ള തെക്കൻ ജില്ലകളിൽ 1000

LIBRARY ARCHIVES Kerala Legislative Assembly

തൊണ്ടിന് 20 രൂപാ നിരക്കിലും ലെവി നിലവിലില്ലാത്ത വടക്കൻ ജില്ല കളിൽ കാലാകാലങ്ങളിലെ മാർക്കററ് വിലയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും നിശ്ചയിക്കുന്ന നിരക്കിലും സബ്സിഡി നൽകു വാനാണു വ്യവസ്ഥ ചെയ്തിട്ടുള്ളത്. പൊതു വിപണിയിൽനിന്നും വാങ്ങുന്ന തൊണ്ടിനുള്ള സബ്സിഡി സംഘങ്ങൾ തൊണ്ടു കയറാക്കി 'കയർ ഫെഡ്'-നു വിൽക്കുന്നതിന്റെ അടിസ്ഥാനത്തിലാണു നൽകുക. 1991-92 വർഷത്തിൽ ഇതിലേക്കു ബഡ്ജററിൽ 6 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു.

## റഗുലേററഡ് മാർക്കററുകൾ

* 14 [356] ശ്രീ. ഇ. പി. ജയരാജൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എം. വിജയകുമാർ:
,, എൻ. രാജൻ:
,, കെ. പ്രകാശ് ബാബു: താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് റഗുലേററഡ് മാർക്കററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് റഗുലേററഡ് മാർക്കററുകൾ ആരംഭിക്കുന്ന തിനായുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വിദേശ സഹായത്തോടുകൂടി റഗുലേററഡ് മാർക്കററുകൾ സ്ഥാപിക്കാനുള്ള നടപടിയുടെ ഇന്നത്തെ സ്ഥിതി എന്താ ണെന്ന് വ്യക്തമാക്കാമോ;

(ഇ) കൃഷിക്കാർക്ക് കൂടുതൽ പ്രയോജനപ്രദമായ ഈ നിയമ നിർമ്മാണം എത്രയും വേഗം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായ ത്തോടെ കേരള അഗ്രിക്കൾച്ചറൽ മാർക്കററ് പ്രോജക്ററിൻകീഴിൽ ആറു വിപണികൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അത് സംബന്ധിച്ച കരടു ബിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) നടപടികൾ പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ആഭ്യന്തര നെല്ലുല്പാദനം

* 15 [357] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:
,, കെ. ഇ. ഇസ്മയിൽ:
പ്രൊഫസർ മീനാക്ഷി തമ്പാൻ:
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ നെല്ലിന്റെ ശരാശരി അളവ് എത്ര;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ അളവ് എത്ര;

(സി) സംസ്ഥാനത്ത് ആഭ്യന്തര നെല്ലുല്പാദനം കുറയുവാനുണ്ടായ കാരണങ്ങളെന്തെല്ലാം;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മററ് വർഷങ്ങളെ അപേക്ഷിച്ചു നെല്ലുല്പാദനം കൂടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ആഭ്യന്തര നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്):

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 45·66 ലക്ഷം ടൺ നെല്ല് ആവശ്യമുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 1990–91–ൽ സംസ്ഥാനത്ത് 16·53 ലക്ഷം ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്.

(സി) നെൽകൃഷിയിൽ നിന്നുള്ള ആദായക്കുറവ് കാരണം നെൽപാടങ്ങൾ നാണ്യവിളകൾ കൃഷിചെയ്യുന്ന സ്ഥലങ്ങളായും പാർപ്പിട സ്ഥലങ്ങളായും മാററുന്നു. കൂടാതെ ഇഷ്ടിക, ഓട് മുതലായവ ഉദ്പ്പാദിപ്പിക്കുവാൻ നെൽപ്പാടങ്ങൾ ഉപയോഗിക്കുന്നത് കാരണവും നെല്ലുൽപ്പാദനം കുറയുന്നുണ്ട്.

(ഡി) നെല്ലുല്പാദനം കൂടിയിട്ടില്ല.

(ഇ) ആഭ്യന്തരനെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എട്ടാം പദ്ധതിയുടെ അവസാനത്തോടുകൂടി (1992–1997) വർഷം പ്രതി 15 ലക്ഷം ടൺ അരി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി പ്രധാനമായും ഗ്രൂപ്പ് ഫാമിംഗ്, കൂടുതൽ ഉല്പാദന ശേഷിയുള്ള വിത്തുകളുടെ സംഭരണവും വിതരണവും, വളം സബ്സിഡി, ഊർജ്ജിത നെല്ലുല്പാദന പദ്ധതി തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സ്വാശ്രയ ഗ്രാമങ്ങൾ

* 16 [358] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ഗ്രാമങ്ങൾ ആയി എത്ര ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും എത്രവീതം എന്നും അവ ഏതൊക്കെ ആണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഗ്രാമങ്ങളിൽ എന്തെല്ലാം സമയ ബന്ധിത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും, എപ്പോഴാണ് ഈ പരിപാടി പൂർത്തിയാക്കുന്നതെന്നും വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സ്വാശ്രയ ഗ്രാമങ്ങളായി 100 പഞ്ചായത്തുകളാണ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഓരോ ജില്ലയിലും ഏഴ് പഞ്ചായത്തുകൾ ആണ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്. അന്തിമ തീരുമാനമായിട്ടില്ല. പഞ്ചായത്തുകളുടെ പിന്നോക്കാവസ്ഥ, വിഭവശേഷി, പട്ടികജാതി/വർഗ്ഗത്തിലുള്ള ആളുകളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കിയാണ് തെരഞ്ഞെടുപ്പു നടത്താനുദ്ദേശിക്കുന്നത്.

(സി) ഗ്രാമങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, ചെറുകിട വ്യവസായം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിങ്ങനെ ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരവും, കൂടുതൽ വരുമാനവും നല്കത്തക്കവിധം ഉല്പാദനരംഗം വികസിപ്പിക്കുന്ന തരത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. ഓരോ പഞ്ചായത്തിന്റെയും വിഭവശേഷി അവലംബമാക്കിയാണ് പ്രവർത്തനമേഖല നിലകൊള്ളുന്നത്. ഒരു നിശ്ചിത കാലയളവിനുള്ളിൽ സന്തുലിതമായ പുരോഗതി കൈവരിക്കാനായി അതാതു പ്രദേശത്തിനനുയോജ്യമായ രീതിയിൽ പരിപാടികൾക്ക് മുൻഗണന നിശ്ചയിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ജില്ലാതലത്തിൽ ഇവയുടെ ചുമതല ജില്ലാ കളക്ടർക്കാണ്.

(ഡി) മൊത്തം തുക ഓരോ പഞ്ചായത്തിന്റെയും കർമ്മ പദ്ധതി ആവിഷ്ക്കരിച്ചശേഷമേ നിശ്ചയിക്കാനാവൂ. വിവിധ വകുപ്പുകൾ പദ്ധതികൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള തുക സമന്വയിപ്പിച്ച് ഗ്രാമത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് ഉപയോഗിക്കുന്നതിനു പുറമേ ഈ പദ്ധതിക്ക് പ്രത്യേകമായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപവീതം കൂടി നല്കും. പ്രാദേശിക വിഭവങ്ങൾ പൂർണ്ണമായി ഉപയോഗിച്ചും, സഹകരണ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് കിട്ടാവുന്നത്ര സഹായം നേടിക്കൊണ്ടും എല്ലാ തുറയിലുമുള്ള ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ, സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, ഗ്രാമത്തെ സ്വാശ്രയ ഗ്രാമമാക്കാനാണുദ്ദേശം.



LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷം കൊണ്ട് ഏറ്റെടുത്ത പരിപാടി പൂർത്തിയാക്കി അതാതു പഞ്ചായത്തുകൾക്കുണ്ടായ പുരോഗതിയുടെ അടിസ്ഥാനത്തിൽ പദ്ധതി തുടരുന്ന കാര്യം ആലോചിക്കുന്നതാണ്.

## കയർ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

* 17 [359] ശ്രീ. വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്രത്തിൽനിന്നും എന്തു തുക കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ, ബി) കയർ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനായി 200 ലക്ഷം രൂപ ചെലവിൽ 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയ 'മെഡികെയർ' എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) കയർ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ മരുന്നുകൾ നൽകുക.

(2) സ്ത്രീ തൊഴിലാളികൾക്കും അവരുടെ 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും വിററാമിൻ, മിനറൽസ് എന്നിവ നൽകുക.

(3) കയർ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

(4) കയർ തൊഴിലാളികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനായി 6 കിടക്കകളോടുകൂടിയ 50 ആശുപത്രി ബ്ളോക്കുകൾ പണി കഴിപ്പിക്കുക.

''മെഡികെയർ'' പദ്ധതി 1989–90 വർഷത്തിൽ അവസാനിച്ചു. ഇപ്പോൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും കയർ തൊഴിലാളികൾക്ക് ചികിത്സയ്ക്കു ഗ്രാൻറു നൽകുന്നുണ്ട്. കൂടാതെ സ്ഥിരമോ താല്ക്കാലികമോ ആയി അംഗവൈകല്യം വന്നവർക്കും മാരകമായ അപകടം സംഭവിച്ച തൊഴിലാളികളുടെ ഭാര്യ/ഭർത്താവ് എന്നിവർക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) മെഡികെയർ പദ്ധതിക്കു കേന്ദ്ര ഗവൺമെൻറിൽനിന്നും 100 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. കൂടാതെ കയർ തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുവേണ്ടി കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കേന്ദ്ര ഗവൺമെൻറ് 25 ലക്ഷം രൂപ ഈ സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായി. ഇതിൽ 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അതു വിനിയോഗിച്ചുകഴിഞ്ഞാലുടൻതന്നെ ബാക്കി 10 ലക്ഷം രൂപയും നൽകാമെന്നു അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേര സംരക്ഷണ സമിതികൾ

* 18 [360] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ഇ. കെ. ഇമ്പിച്ചിബാവ:
,, പാച്ചേനി കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ കേര സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ഡി) നാളികേര കൃഷിക്കാർക്ക് ഗ്രൂപ്പ് മാനേജ്മെന്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്):

(എ) ഉണ്ട്.

(ബി) നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സമഗ്ര നാളികേര വികസന പരിപാടി.

2. സങ്കരയിനം ടീ × ഡി തെങ്ങിൻ തൈകളുടെ ഉല്പാദനം (50 ശതമാനം കേന്ദ്ര സഹായ പദ്ധതി/വിതരണം).

3. ചെറുകിട തെങ്ങുകൃഷിയുടെ സംയോജിത നാളികേര വികസന പദ്ധതി (50 ശതമാനം കേന്ദ്ര സഹായ പദ്ധതി).

4. തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി (50 ശതമാനം കേന്ദ്രസഹായ പദ്ധതി).

5. തെങ്ങിൻ തോട്ടങ്ങളിൽ ഡ്രിപ്പ്/സ്പ്രിംഗ്ളർ പദ്ധതി (50 ശതമാനം കേന്ദ്രസഹായ പദ്ധതി).

(സി) ഉണ്ട്. 6436 കേര സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) നാളികേര കൃഷിയിൽ ഗ്രൂപ്പുമാനേജ്മെന്റ് പദ്ധതി 1990–91 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

കെ. എസ്. ഇ. ബി.-ക്ക് കാനഡയുടെ സഹായം

*19 [361] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, വി. വി. രാഘവൻ:
,, എൻ. രാജൻ:
,, സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് കെ. എസ്. ഇ. ബി.-ക്ക് കാനഡ സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം വ്യവസ്ഥകളിൻമേൽ ആണ് ആ സഹായം ചെയ്യുന്നത്;

(സി) ഈ സഹായം ഏത് മേഖലയിൽ ഉപയോഗിക്കുവാനാണ് കെ. എസ്. ഇ. ബി. തീരുമാനിച്ചിരിക്കുന്നത്?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) ഉണ്ട്.

(ബി) താഴെ പറയുന്നവയാണ് പ്രധാന വ്യവസ്ഥകൾ:

(1) ഈ പദ്ധതിക്ക് ആവശ്യമായ ഉപകരണങ്ങളും സാങ്കേതിക സഹായവും കാനഡയിൽനിന്നും ലഭ്യമാക്കുന്നതാണ്.

(2) പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ കാനഡയിലുള്ള നിർമ്മാതാക്കളിൽനിന്നും വാങ്ങേണ്ടതാണ്.

(3) പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ കാനഡയിൽനിന്നും കേരളത്തിലെത്തിക്കുന്നതിനും അവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള ചെലവുകൾ വൈദ്യുതി ബോർഡ് വഹിക്കേണ്ടതാണ്.

(സി) ആകെ അനുവദിച്ചിട്ടുള്ള തുക താഴെ പറയുന്ന മേഖലകളിൽ ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നു:

(1) ഇടുക്കി ഡാമിന്റെ സുരക്ഷാ നിരീക്ഷണം.

(2) വാട്ടർ മാനേജ്മെന്റ് സെന്റർ സ്ഥാപിക്കൽ.

(3) ഇടുക്കിയിലെ ജനറേററുകളുടെ എഫിഷ്യൻസി ടെസ്റ്റിംഗ്.

(4) ഇടുക്കിയിലെ ജനറേററുകളുടെ സ്പെയർ പാർട്ടുകൾക്കു വേണ്ടി.

(5) പ്രസരണ വിതരണ രംഗത്ത് റിയാക്ടീവ് കോമ്പൻസേഷന് ആവശ്യമായ കപ്പാസിറററുകൾ സ്ഥാപിക്കുക.

(6) കേരളത്തിലെ വൈദ്യുത പ്രസരണ രംഗത്ത് സ്ററാററിക് വി. എ. ആർ. കോമ്പൻസേഷൻ എക്വിപ്മെന്റ് സ്ഥാപിക്കേണ്ടതുണ്ടോ എന്നതിനെപ്പററി പഠനം നടത്തുക.

മേൽ പറഞ്ഞ പഠനത്തിൽ സ്ററാററിക് വി. എ. ആർ. കോമ്പൻസേഷൻ എക്വിപ്മെന്റ് ആവശ്യമാണെന്നു കണ്ടാൽ അത് സ്ഥാപിക്കുക.

## സംസ്ഥാനത്തെ കൃഷിക്കാർക്ക് ഗവൺമെന്റ് സഹായങ്ങൾ

*20 [362] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് ഗവൺമെന്റ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സഹായങ്ങൾ അർഹതപ്പെട്ട കൃഷിക്കാർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഗവൺമെൻറ് തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) അനർഹരായവർക്ക് സഹായധനം നൽകുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ സംവിധാനമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതനുസരിച്ചുള്ള ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്):

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നു:

1. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, നടീൽ വസ്തുക്കൾ, എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു.

2. സസ്യസംരക്ഷണ ഉപകരണങ്ങൾ, കുമിൾ കീടനാശിനികൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ കീടരോഗ നിയന്ത്രണത്തിനുള്ള സഹായവും ലഭ്യമാക്കുന്നു.

3. നവീന കാർഷികോപകരണങ്ങൾ സൗജന്യ നിരക്കിൽ വിതരണം നടത്തുന്നു.

4. വളം വാങ്ങുന്നതിന് സഹായം നൽകുന്നു.

5. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം നൽകുന്നു.

6. ഭൂവികസന പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നു.

7. പ്രകൃതി ക്ഷോഭത്തിനിരയായവർക്കുള്ള സഹായം നൽകുന്നു.

8. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നു.

(ബി) സഹായങ്ങൾ അർഹതപ്പെട്ട കൃഷിക്കാർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാതലത്തിൽ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസറും അദ്ദേഹത്തിന്റെ പ്രതിനിധിയായി ഡെപ്യൂട്ടി ഡയറക്ടറും സബ്ഡിവിഷണൽ തലത്തിൽ എസ്.ഡി.ഒ.-യും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടറും തങ്ങളുടെ ചുമതലയിൽപ്പെട്ട കൃഷിഭവൻ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനു പുറമേ ആവശ്യമായ നിർദ്ദേശങ്ങളും നൽകാറുണ്ട്. ഇതിനു പുറമേ കൃഷിഭവനുമായി ബന്ധപ്പെട്ട കാർഷിക വികസന സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ഇക്കാര്യത്തിൽ സ്വീകരിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി) കഴിഞ്ഞ ഒരു കൊല്ലത്തിനിടക്ക് ആറ് കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സ്ഥാപനങ്ങളുടെ വികസനം

*21 [363] ശ്രീ. ബി. രാഘവൻ:
,, പിണറായി വിജയൻ:
,, ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 1990-91, 1991-92 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്കായി എൻ.സി.ഡി.സി.-യിൽ നിന്നും എന്തുതുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; ഇതിൽ എന്തു തുക സർക്കാർ ഷെയറായി സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്;

(സി) എൻ.സി.ഡി.സി. സംഘങ്ങൾക്ക് അനുവദിച്ച തുക നൽകാതെ സർക്കാർ തടഞ്ഞുവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം സംഘങ്ങൾക്ക് നൽകേണ്ട എത്ര തുക വീതമാണ് തടഞ്ഞുവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

(1) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങൾ/ബാങ്കുകൾ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നൽകിവന്ന 5 ശതമാനം പലിശ സബ്സിഡി 28-2-1990 മുതൽ നിർത്തലാക്കിയതിന് പകരമായി 7-3-1992-ലെ ജി.ഒ. (എം. എസ്.) നമ്പർ 11/92/സഹകരണം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം എന്ന പേരിൽ ഒരു പുതിയ പദ്ധതി 1991-92 മുതൽ നടപ്പിലാക്കിവരുന്നു.

(2) അഗ്രിക്കൾച്ചറൽ റിവ്യൂ ക്രെഡിററ് കമ്മിററിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദുർബ്ബല കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(3) സ്ത്രീകളുടെ സമ്പാദ്യശീലം വളർത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടും സഹകരണ പ്രസ്ഥാനത്തിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തത്തിനു ഉദ്ദേശിച്ചുകൊണ്ടും മഹിളാ സഹകരണ അർബൻ ബാങ്കുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു.

(4) വ്യാപാരി വ്യവസായികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് സഹകരണ രംഗത്ത് ഒരു മർക്കൻറയിൽ കോ-ഓപ്പറേററീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(5) ലോകബാങ്കിന്റെ സഹായത്തോടുകൂടി എൻ.സി.ഡി.സി. മുഖേന 106.40 കോടി രൂപ ചെലവു വരുന്ന "ലോക ബാങ്ക് എൻ.സി ഡി.സി. 4 പ്രോജക്ററ്" താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

(1) സംയോജിത റബ്ബർ വികസന പദ്ധതി.
(2) റെയ്ഡ്കോയുടെ പഴ സംസ്ക്കരണ യൂണിററ്.
(3) ഗോഡൗണുകളുടെ നിർമ്മാണം.

(6) എൻ.സി.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സഹകരണ മാർക്കററിംഗ് ഫെഡറേഷൻ പുനരുദ്ധരിക്കുന്നതിനുള്ള പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(7) സംസ്ഥാനത്ത് ഗ്രാമീണ ഉപഭോക്തൃ പദ്ധതി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതിനായി എൻ.സി.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ സമഗ്ര ഗ്രാമീണ ഉപഭോക്തൃ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(8) സഹകരണ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആധുനിക സജ്ജീകരണങ്ങളോടുകൂടി സഹകരണ ആശുപത്രികൾ പ്രവർത്തിപ്പിക്കുന്നതിനും സഹകരണ ആശുപത്രികളിൽ "പാരാമെഡിക്കൽ കോഴ്സുകൾ" തുടങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(9) എൻ.സി.സി. ററി.-യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിൽ ഒരു സഹകരണ ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(10) ഇപ്പോൾ കോട്ടയം, പാലക്കാട്, വയനാട്, ജില്ലകളിൽ നടപ്പിലാക്കിവരുന്ന സംയോജിത സഹകരണ വികസന പദ്ധതി പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിൽകൂടി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന എൻ.സി.ഡി.സി. പദ്ധതി പ്രകാരം താഴെ പറയുന്ന തുക സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്:

| വർഷം | സഹകരണവകുപ്പ് (രൂപ ലക്ഷത്തിൽ) | കേരഫെഡ്ഡിന് |
|---|---|---|
| 1990–91 | 646.65 | 1371·90 |
| 1991–92 (31–1–1992 വരെ) | 123·09 | 108·59 |

ഓരോ വർഷത്തിലും സർക്കാരിൽനിന്നും ഷെയറായി താഴെപ്പറയുന്ന തുകകൾ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്:

| വർഷം | സഹകരണ വകുപ്പ് (രൂപ ലക്ഷത്തിൽ) | കേരഫെഡ്ഡിന് |
|---|---|---|
| 1990–91 | 312·28 | 1126·90 |
| 1991–92 (31–1–1992 വരെ) | 66·74 | 40·50 |

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'സി'-ക്ക് നൽകിയിരിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നതിനാവശ്യമായ രേഖകൾ മലയാളത്തിൽ ആക്കാൻ നടപടി

*22 [364] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനാവശ്യമായി ബോർഡിൽ ഹാജരാക്കേണ്ട രേഖകൾ മലയാള ഭാഷയിലാക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വൈദ്യുത നിയമങ്ങളും മററും ഉപഭോക്താവിനുകൂടി അറിയാൻ വേണ്ടവിധം കണക്ഷനാവശ്യമായ രേഖകൾ മലയാളഭാഷയിലോ മററ് പ്രാദേശിക ഭാഷയിലോ ആക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ, ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്കായി വൈദ്യുതി ബോർഡിൽ ഹാജരാക്കേണ്ട രേഖകളും അപേക്ഷകളും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകളും അടങ്ങുന്ന ''കണ്ടീഷൻസ് ഓഫ് സപ്ലൈ ഓഫ് ഇലക്ട്രിക്കൽ എനർജി'' എന്ന പുസ്തകം മലയാളത്തിലേക്ക് തർജ്ജിമ ചെയ്യുവാൻ കേരള ഭാഷാ ഇൻസ്ററിററ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിച്ചിരിക്കുന്നു.

## ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിക്കുള്ള ലോകബാങ്ക് സഹായം

* 23 [365] ശ്രീ. ഇ. രാജേന്ദ്രൻ:
പ്രൊഫസർ മീനാക്ഷി തമ്പാൻ:
ശ്രീ. സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെൻറുമായി ചർച്ചയ്ക്കുശേഷം ലോകബാങ്ക് ലോവർ പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് സഹായം തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് നേരത്തെ ഈ സഹായം തുടർന്നു നൽകുവാൻ ലോകബാങ്ക് വിസമ്മതം പ്രകടിപ്പിച്ചത് എന്നു വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഏതെല്ലാം വ്യവസ്ഥകളിലാണ് തുടർന്ന് സഹായിക്കാമെന്ന് ഏററത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലോകബാങ്ക് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അനുസരിച്ച് കെ. എസ്. ഇ. ബി. എന്തെല്ലാം ചെയ്യുമെന്നും അവയിൽ എന്തെല്ലാം ഇതിനകം തന്നെ ചെയ്തു കഴിഞ്ഞു എന്നും വെളിപ്പെടുത്തുന്ന സ്റേററ്മെൻറ് മേശപ്പുറത്ത് വയ്ക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) ഉണ്ട്.

(ബി) ലോകബാങ്കിൻെറ നിബന്ധനകൾ നടപ്പാക്കാൻ കാലതാമസം വന്നതുകൊണ്ടാണ് സഹായം തുടർന്ന് നൽകാൻ ലോകബാങ്ക് വിസമ്മതം പ്രകടിപ്പിച്ചത്.

(സി) ഇപ്പോൾ പ്രത്യേകം പുതിയ നിബന്ധനകൾ ഒന്നും തന്നെ ഇല്ല. നിലവിലുള്ള നിബന്ധനകൾ പാലിക്കാമെന്ന ധാരണയിലാണ് തുടർന്ന് സഹായിക്കാമെന്ന് സമ്മതിച്ചത്.

(ഡി) മേശപ്പുറത്തു വച്ചിട്ടുണ്ട്. †

## റവന്യൂ ട്രെയിനിംഗ് ഇൻസ്ററിററ്യൂട്ട്

* 24 [366] ശ്രീ. കെ. പി. മമ്മുമാസ്ററർ:
,, സി. പി. ബാലൻ വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ ട്രെയിനിംഗ് ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിൻെറ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഐ. എ. എസ്.-കാരുൾപ്പെടെ റവന്യൂ-സർവെ സ്ററാഫിന് ഇൻഡക്ഷൻ ട്രെയിനിംഗ്, ഇൻസർവീസ് ട്രെയിനിംഗ്, റിഫ്രഷർ ട്രെയിനിംഗ് മുതലായവ ഉൾപ്പെടെ തൊഴിൽ പരിശീലനം നൽകുക, ഇവർക്ക് ഭരണപരവും സാങ്കേതികപരവുമായ രംഗങ്ങളിൽ വൈദഗ്ദ്ധ്യം നൽകുക, ഡിപ്പാർട്ടുമെൻറൽ ടെസ്ററുകൾക്കുവേണ്ടി പ്രത്യേകം രൂപകല്പന നടത്തിയിട്ടുള്ള പരിശീലനം നൽകുക, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, സ്ററഡി ടൂറുകൾ എന്നിവ സംഘടിപ്പിക്കുക, പഠന ഗവേഷണ പദ്ധതികൾക്ക് രൂപം കൊടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നതോടൊപ്പം ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക, സ്ഥാപനത്തിൻെറ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പഠനക്കുറിപ്പുകൾ, മാനുവലുകൾ, ബുക്കുകൾ, സാഹിത്യ സൃഷ്ടികൾ എന്നിവ

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിക്കുക, റവന്യൂ–സർവെ വകുപ്പുകളിൽ തൊഴിൽപരമായ ഉന്നമനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി സമ്മാനങ്ങൾ, സർട്ടിഫിക്കറ്റുകൾ, മെഡലുകൾ, സ്കോളർഷിപ്പുകൾ മുതലായവ ഏർപ്പെടുത്തുക എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഉണ്ട്.

## വൈദ്യുതി ബോർഡിൽ കേബിൾ വാങ്ങിയതിലുള്ള ക്രമക്കേടുകൾ

* 25 [367] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:
,, പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ കേബിൾ വാങ്ങുന്നതിന് അവസാനമായി ടെണ്ടർ വിളിച്ചതെന്നാണ്; ഇതിൻപ്രകാരം എത്ര ടെണ്ടറുകൾ ലഭിച്ചു;

(ബി) ഏത് ടെണ്ടറിനാണ് കേബിൾ ലഭ്യമാക്കുന്നതിനുള്ള ഓർഡർ നൽകിയത്;

(സി) ഇപ്രകാരം ടെണ്ടർ ഉറപ്പിച്ചതിൽ ക്രമക്കേടുണ്ടായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) 29–8–1991-ലാണ് കേബിൾ വാങ്ങുന്നതിനുള്ള അവസാന ടെണ്ടർ വിളിച്ചത്. ഇതിൻപ്രകാരം 7 ടെണ്ടറുകൾ ലഭിച്ചു.

(ബി) പഞ്ചാബിലെ ഇൻഡസ്ട്രിയൽ കേബിൾസ് (ഇന്ത്യ) ലിമിറ്റഡിനും കൽക്കത്തയിലുള്ള ഫോർട്ട് ഗ്ലോസ്റ്റർ ഇൻഡസ്ട്രീസ് ലിമിറ്റഡിനുമാണ് ഓർഡർ നൽകിയത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനായി പദ്ധതി

* 26 [368] ശ്രീ. പിണറായി വിജയൻ:
,, സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കി; മൊത്തം എത്ര ഹെക്ടർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്ജ്):

(എ) ഉണ്ട്. നടപ്പുവർഷം (1991-92) സംസ്ഥാനത്ത് 7300 ഹെക്ടർ സ്ഥലത്ത് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. പകുതിയിൽ കൂടുതൽ കേടുവന്ന് നശിച്ച കുരുമുളക് തോട്ടങ്ങളിൽ മേൽത്തരം കുരുമുളക് വെച്ചു പിടിപ്പിച്ച് ശാസ്ത്രീയമായ കൃഷിമുറകൾ അനുവർത്തിക്കുന്നതാണ്. സബ്സിഡി യായി ഒരു ഹെക്ടറിന് ഒന്നാം വർഷം 3075 രൂപയും രണ്ടാം വർഷം 1313 രൂപയും മൂന്നാം വർഷം 1475 രൂപയും സഹായധനം നൽകു ന്നതാണ്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം (1990-91) 2440.72 ഹെക്ടർ സ്ഥലത്ത് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി. നടപ്പു വർഷം (1991-92) മൊത്തം 7300 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### വരൾച്ച നേരിടാൻ കേന്ദ്ര സഹായം

1 [3393] ശ്രീ. ബേബി ജോൺ:
,, കെ. ചന്ദ്രശേഖരൻ:
,, എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, ററി. നാണുമാസ്ററർ:
ഡോ. കെ. സി. ജോസഫ്:
ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉണ്ടായ വരൾച്ച നേരിടാൻ എന്തെങ്കിലും അടിയന്തിര ദുരിതാശ്വാസത്തിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺ മെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് തുക ലഭിച്ചു; എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ, ബി) വരൾച്ച നേരിടുന്നതിനുള്ള അടിയന്തിര ദുരിതാശ്വാസ സഹായത്തിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. വരൾച്ച നേരിടുന്നതിന് വേണ്ട ചിലവ് ദുരിതാശ്വാസ നിധിയിൽ നിന്നും ആണ് ചിലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## 1987 മുതൽ 1991 വരെ ദുരിതാശ്വാസങ്ങൾക്ക് നീക്കിവച്ച തുക

2 [3394] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987 മുതൽ 1991 വരെ വരൾച്ച, വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എന്തു തുകയാണ് ഓരോ വർഷവും നീക്കിവച്ചത്;

(ബി) 1990 മാർച്ച് 31-ന് പൂർത്തിയായ സാമ്പത്തിക വർഷം ദുരിതാശ്വാസങ്ങൾക്കായുള്ള 41·56 ലക്ഷം രൂപ വകമാറി ചെലവാക്കാൻ ഉണ്ടായ കാരണം അന്വേഷിക്കാമോ;

(സി) പ്രസ്തുത തുക ഏതെല്ലാം ഇനങ്ങൾക്കാണ് വഴിമാറി ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇക്കാലയളവിൽ ദുരിതാശ്വാസങ്ങൾക്കായി സംസ്ഥാന സർക്കാരിനെ സമീപിച്ചവർ എത്ര; ഇതിൽ സാമൂഹ്യ പ്രവർത്തകർ, സാമൂഹ്യ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരുടെ എത്ര അപേക്ഷകൾക്കാണ് ആശ്വാസം നല്കാതിരുന്നതെന്നു വെളിപ്പെടുത്താമോ?

### ഉത്തരം

(എ) വരൾച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1987 മുതൽ 1991 വരെ ഓരോ സാമ്പത്തിക വർഷവും നീക്കിവെച്ച മൊത്തം തുക താഴെ കൊടുക്കുന്നു:

| വർഷം | | രൂപ (കോടിയിൽ) |
|---|---|---|
| 1987–88 | .. | 48·28 |
| 1988–89 | .. | 16·05 |
| 1989–90 | .. | 44·59 |
| 1990–91 | .. | 31·00 |

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1989–90-ൽ അനുവദിച്ച തുക ദുരിതമനുഭവിക്കേണ്ടി വന്നവർക്ക് സഹായം നൽകുന്നതിനും, കേടുപാടുകൾ സംഭവിച്ച പൊതു സ്വത്തുക്കളുടെയും മററും പുനർനിർമ്മാണത്തിനും വേണ്ടിയായിരുന്നു. വക മാറി ചെലവഴിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കേണ്ടിവരുന്നവർക്ക് സഹായം നൽകുന്നത് ജില്ലാ കളക്ടർമാരും മററു ബന്ധപ്പെട്ട വകുപ്പുമേധാവികളും മുഖേനയാണ്. സർക്കാരിന് നേരിട്ട് ലഭിച്ച അപേക്ഷകൾ കളക്ടറൻമാർക്ക് അയയ്ക്കുകയാണുണ്ടായത്. ദുരിതാശ്വാസങ്ങൾക്കായി സമീപിച്ചവരിൽ അർഹരായവർക്കെല്ലാം നടപടിക്രമം പൂർത്തിയായ മുറയ്ക്ക് സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബാബുപോൾ കമ്മീഷന്റെ കാലാവധി

3 [3395] ശ്രീ. ചെർക്കളം അബ്ദുള്ള:
,, വർക്കല രാധാകൃഷ്ണൻ:
,, ടി. ശിവദാസമേനോൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകൾ പുനർവിഭജിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട ബാബു പോൾ കമ്മീഷന്റെ നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ;

(ബി) ബാബു പോൾ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ;

(സി) ഈ കമ്മീഷനെ ഏത് കാലയളവിലാണ് നിയോഗിച്ചത്;

(ഡി) കമ്മീഷൻ റിപ്പോർട്ട് ഏതു കാലയളവിൽ ഗവൺമെന്റിന് സമർപ്പിക്കും എന്ന് വെളിപ്പെടുത്താമോ;

(ഇ) എന്നത്തേക്ക് താലൂക്ക് പുനർവിഭജനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ദീർഘിപ്പിച്ചിട്ടുണ്ട്. കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ചാണ് കാലാവധി ദീർഘിപ്പിച്ചത്.

(സി, ഡി) 23-9-1991-ലാണ് കമ്മീഷനെ നിയമിച്ചത്. മൂന്നുമാസമായിരുന്നു കാലയളവ്. അത് 30-6-1992 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുമെന്ന് കരുതുന്നു.

(ഇ) താലൂക്ക് പുനർവിഭജനം കൃത്യമായി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാറായിട്ടില്ല.

റവന്യൂ ജില്ലാഭരണം മെച്ചപ്പെടുത്താൻ നടപടി

4 [3396] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ ജില്ലാഭരണ സ്ഥാപനങ്ങളുടെ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വില്ലേജ് ആഫീസറൻമാർക്ക് കൂടുതൽ അധികാരങ്ങരം നല്കി ക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതി കരംക്ക് എളുപ്പം പരിഹാരം കാണുന്നതിനുവേണ്ടി എല്ലാ വില്ലേജുകളിലും എല്ലാ മാസത്തിന്റെയും ആദ്യത്തെ ശനിയാഴ്ച ഗ്രാമസഭ ചേരുന്നതിനും തീരുമാനിച്ചു. ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, താലൂക്ക് വില്ലേജുകളുടെ പുനർനിർണ്ണയം നടത്താൻ വേണ്ട നിർദ്ദേശം സമർപ്പി ക്കാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്. എല്ലാ റവന്യൂ വിഷയങ്ങളും ഒരു സമയബന്ധിത രൂപത്തിൽ കൈകാര്യം ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്. പ്രവർത്തന പുരോഗതി വളരെ സൂക്ഷ്മമായി അവലോകനവും ചെയ്തു വരുന്നു.

### നശിച്ചുകൊണ്ടിരിക്കുന്ന റവന്യൂ രേഖകരം സംരക്ഷിക്കാൻ നടപടി

5 [3397] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങരംക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന വിലപ്പെട്ട പല റവന്യൂ രേഖകളും നശിച്ചുകൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത രേഖകരം സുരക്ഷിതമായി സൂക്ഷിക്കുന്നതിനു വേണ്ട നടപടികരം സ്വീകരിക്കാമോ?

ഉത്തരം

(എ) ചില വില്ലേജാഫീസുകളിൽ സൂക്ഷിക്കാൻ സ്ഥലമില്ലാതെ ചില റിക്കാർഡുകളും രജിസ്ററുകളും നശിച്ചുപോയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജാഫീസുകരംക്ക് സൗകര്യപ്രദമായ കെട്ടിടങ്ങരം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക പരിധി ക്കുള്ളിൽനിന്നുകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

### ചെറുകിട കൃഷിക്കാർക്ക് ആശ്വാസ നടപടികരം

6 [3399] ശ്രീ. ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങരംക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 ജൂൺ, ജൂലായ്, ആഗസ്ററ് മാസങ്ങളിൽ കാലവർഷ ക്കെടുതിയിൽ വീടും, കൃഷിയും, മററു വിളകളും നശിച്ച ചെറുകിട കൃഷിക്കാർക്കു വേണ്ടി എന്തെങ്കിലും ആശ്വാസ നടപടികരം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ലാ, താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഉണ്ട്. കാലവർഷക്കെടുതിയിൽ വീടുകൾ പൂർണ്ണമായും നശിക്കുകയോ, ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുള്ള അർഹതപ്പെട്ട ചെറുകിട കർഷകർക്ക് നടപടിക്രമം പൂർത്തിയായ മുറയ്ക്ക് സഹായം നൽകിയിട്ടുണ്ട്. കൂടാതെ കൃഷിയും മററ് വിളകളും നഷ്ടപ്പെട്ട ചെറുകിട കർഷകർക്കും സഹായം നൽകിയിട്ടുണ്ട്.

(ബി) വീട് നഷ്ടപ്പെട്ടവർക്ക് സഹായം നൽകുന്നത് ജില്ലാ കളക്ടർ മുഖേനയാണ്. വീട് നശിച്ച ചെറുകിട കൃഷിക്കാർക്ക് നൽകിയ സഹായം പ്രത്യേകമായി ജില്ല തിരിച്ച് കണക്കാക്കിയിട്ടില്ല. കൃഷി നശിച്ച ചെറുകിട കർഷകർക്ക് അതാത് ജില്ലയിലെ ബന്ധപ്പെട്ട കൃഷി ആഫീസുകൾ മുഖേനയാണ് സഹായം നൽകിയിട്ടുള്ളത്. ഓരോ ജില്ലയ്ക്കും അനുവദിച്ച തുക താഴെ കൊടുക്കുന്നു.

| | ജില്ല | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 42·50 |
| 2. | കൊല്ലം | 53·00 |
| 3. | പത്തനംതിട്ട | 103·00 |
| 4. | ആലപ്പുഴ | 222·00 |
| 5. | കോട്ടയം | 91·00 |
| 6. | ഇടുക്കി | 30·00 |
| 7. | എറണാകുളം | 96·00 |
| 8. | തൃശ്ശൂർ | 69·00 |
| 9. | പാലക്കാട് | 64·00 |
| 10. | മലപ്പുറം | 57·00 |
| 11. | കോഴിക്കോട് | 47·00 |
| 12. | വയനാട് | 39·00 |
| 13. | കണ്ണൂർ | 44·00 |
| 14. | കാസർകോട് | 42·50 |
| | ആകെ | 1000·00 |

## ഭൂപരിഷ്കരണ നിയമം ഫലപ്രദമായി നടപ്പാക്കാൻ നടപടി

7 [3401] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമം ഫലപ്രദമായി നടപ്പാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഏക്കർ മിച്ചഭൂമി ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര ഏക്കർ മിച്ചഭൂമി സർക്കാർ ഏറ്റെടുത്തു;

(ഡി) എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു?

ഉത്തരം

(എ) ഭൂപരിഷ്കരണനിയമം ഫലപ്രദമായിത്തന്നെ നടപ്പിലാക്കി വരികയാണ്. ഇതുപ്രകാരമുള്ള 90 ശതമാനത്തോളം ജോലികൾ പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്നവയും ഫലപ്രദമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 367 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒട്ടാകെ 363 ഏക്കർ മിച്ചഭൂമി വിതരണം നടത്തി.

## കാരായ്മ കുടിയാൻമാരുടെ കൈവശാവകാശ നിയമത്തിലെ അപാകതകൾ

8 [3402] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാരായ്മ കുടിയാൻമാരുടെ കൈവശാവകാശ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് ഗവൺമെൻറിൻെറ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1989-ൽ നിലവിൽവന്ന കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമ പ്രകാരം (ആക്ററ് 16/89) ഒറിജിനൽ കാരായ്മ തീർപ്പായി പട്ടയം നൽകിയ കേസുകളിൽ ലാൻറ് ട്രൈബ്യൂണലിൻെറ ഉത്തരവ് പുനഃപരിശോധന നടത്തുന്നതിനോ സ്വമേധയാ പുനർനിർണ്ണയം ചെയ്യുന്നതിനോ വകുപ്പില്ല. ഫലത്തിൽ കാരായ്മയ്ക്ക് മാത്രമായി പട്ടയം കിട്ടിയവർക്ക് കൈവശാവകാശത്തിനായി അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനു ടി ഭേദഗതി നിയമത്തിന് മുൻകാലപ്രാബല്യം നൽകുന്നതിന ള്ള നിർദ്ദേശവും, കൈവശാവകാശമായി അവകാശപ്പെടാവുന്ന സ്ഥലത്തിന് ഒരു പരിധി നിർണ്ണയിക്കുന്ന കാര്യവും, കൈവശാവകാശ ഭൂമി കാരായ്മക്കാർക്ക് പതിച്ചുകൊടുക്കുമ്പോൾ ജൻമിമാർക്ക് കൊടുക്കുന്ന പ്രതിഫല സംഖ്യ കുടികിടപ്പുകേസിൽ ജൻമിക്കനുവദിക്കുന്ന നഷ്ടപരിഹാര തുകയുടെ തോതിൽ വർദ്ധിപ്പിക്കുന്ന കാര്യവും നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം നൽകണമെന്ന ആവശ്യം

9 [3403] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, കെ. ബാബു:
,, പി. ടി. തോമസ്:
ശ്രീമതി അൽഫോൺസാ ജോൺ:
ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ആഫീസുകളിൽ രൂപീകരിച്ചിരിക്കുന്ന ഗ്രാമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾവഴി വിതരണം ചെയ്യുന്ന സോൾവൻസി സർട്ടിഫിക്കററിന്റെ പരിധി 5,000 രൂപയിൽനിന്നും 50,000 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഹരിജനങ്ങൾക്ക് നൽകുന്ന ജാതി സർട്ടിഫിക്കററ്, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ അനുവദിക്കുന്നതിനുള്ള ചുമതല വില്ലേജ് ഓഫീസർമാർക്ക് നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) കാലക്രമേണ ആവശ്യാനുസരണം ചെയ്യുന്നതാണ്.

(ബി) പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല.

(സി) ജാതി സർട്ടിഫിക്കററ് നൽകാൻ ഇപ്പോൾതന്നെ വില്ലേജ് ആഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

പെൻഷനുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ വില്ലേജ് ആഫീസ് തലത്തിൽ മുൻകൂർ പരിശോധന നടത്തുകയും ഗ്രാമസഭ സമ്മേളന ദിവസം ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടറോ ഡെപ്യൂട്ടി തഹസിൽദാരോ പരിശോധിച്ചശേഷം കക്ഷികളിൽ നിന്നും തെളിവെടുപ്പു നടത്തുകയും അപേക്ഷകൻ പെൻഷന് അർഹനാണോ അല്ലയോ എന്ന കാര്യം തീരുമാനിച്ച് അപ്പോൾ തന്നെ വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുശേഷം പെൻഷൻ അനുവദിക്കുന്നതിനു ബന്ധപ്പെട്ട തഹസിൽദാർക്കു ശുപാർശ ചെയ്യുകയാണ് നിലവിലുള്ള നടപടിക്രമം. പെൻഷനുകൾ അനുവദിക്കുവാൻ വില്ലേജ് ആഫീസറെ അധികാരപ്പെടുത്തുന്ന കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.



LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമ സഭകളിൽ നീതിമേളകൾ സംഘടിപ്പിക്കാൻ നടപടി

10 [3404] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ ഗ്രാമസഭകളിലും നീതിമേളകൾ കൂടി സംഘടിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകാമോ?

### ഉത്തരം

ഗ്രാമസഭകളിൽ പ്രത്യേകം നീതിമേളകൾ സംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മിച്ചഭൂമി

11 [3405] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമിയായി ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയുണ്ട്;

(ബി) അർഹതപ്പെട്ടവർക്ക് മിച്ചഭൂമി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ഇന്നു നിലവിലുള്ള മിച്ചഭൂമി എന്ന് വിതരണം നടത്താൻ കഴിയും?

### ഉത്തരം

(എ) 31-1-1992 വരെ സംസ്ഥാനത്തൊട്ടാകെ 93,213 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) കേരള ഭൂപരിഷ്ക്കരണ നിയമം 96-ാം വകുപ്പ് അനുസരിച്ചാണ് മിച്ചഭൂമി പതിച്ചുനൽകുന്നത്. പതിച്ചുകൊടുക്കുന്നതിന് യോഗ്യമായ ഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ അവർക്കും ബാക്കിയുള്ള ഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്കും, ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുവാൻ അവകാശമില്ലാത്തവരായ മറ്റ് ജന്മികൾക്കും പതിച്ചുകൊടുക്കുന്നു. ഒരു താലൂക്കിൽ ലഭ്യമാകുന്ന മിച്ചഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 87 1/2 ശതമാനത്തിൽ പകുതി ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കർഷകത്തൊഴിലാളികൾക്കും ഗസറ്റിൽ പരസ്യംമൂലം സർക്കാർ ഈ ആവശ്യത്തിലേക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലുംപെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും വിതരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ മിച്ചഭൂമി പതിച്ചു നൽകുന്നതിന് 1970-ലെ കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങളിലെ 30 (2) റൂൾ പ്രകാരം മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 4-2-1992 വരെ ഏറ്റെടുത്ത കോടതി സ്റ്റേ, നിക്ഷിപ്ത വനം, അന്യ കൈവശം തുടങ്ങിയ തടസ്സങ്ങളില്ലാത്ത മിച്ചഭൂമി മുഴുവനും വിതരണം ചെയ്യുന്നതിന് പരസ്യപ്പെടുത്തുന്നതിനും, വിതരണത്തിനും വേണ്ട എല്ലാവിധ ജോലികളും ഒരു സമയബന്ധിത പരിപാടിയായി ചെയ്തുതീർത്ത് 31-3-1992-നു മുൻപായി വിതരണം പൂർത്തിയാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മിച്ചഭൂമി വിതരണത്തിന് നേരിടുന്ന കാലതാമസം

12 [3406] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി വിതരണത്തിന് നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദീകരിക്കുമോ;

(ബി) മിച്ചഭൂമി വിതരണം നടത്തുമ്പോൾ മതധർമ്മസ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ടോ?

### ഉത്തരം

(എ) തടസ്സങ്ങളെല്ലാം നീങ്ങി, ബാദ്ധ്യതകളൊന്നുമില്ലാത്ത മിച്ചഭൂമിയുടെ വിതരണത്തിൽ കാലതാമസം നേരിടാറില്ല. പക്ഷെ, ഏറ്റെടുത്ത മിച്ചഭൂമിക്കെതിരായി കോടതിയിൽ വരുന്ന കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിന് മുമ്പ് വിതരണം ചെയ്യുന്നതിന് കഴിയുകയില്ല. ഇതാണ് മിച്ചഭൂമി വിതരണത്തിന് നേരിടുന്ന കാലതാമസത്തിന് പ്രധാന കാരണം.

(ബി) മിച്ചഭൂമി, മത ധർമ്മസ്ഥാപനങ്ങൾക്ക് പതിച്ചുകൊടുക്കാൻ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ വ്യവസ്ഥയില്ല.

## മലയോര കർഷകർക്ക് പട്ടയം

13 [3407] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

### ഉത്തരം

1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശക്കാർക്കാണ് പട്ടയം കൊടുക്കാൻ ഉദ്ദേശിക്കുന്നത്. 1-1-1977-ന് മുമ്പുള്ള കൈവശമാണെന്നത് തെളിയിക്കുന്നതിനും പട്ടയത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിനും വൃക്ഷങ്ങളുടേയും നാണ്യവിളകളുടേയും പ്രായം, വീടിന്റെ സ്വഭാവവും ഘടനയും, പഞ്ചായത്ത് രജിസ്ട്രേഷൻ, കരം തീർത്ത രസീതുകൾ, പാട്ടച്ചീട്ടുകൾ, ജന്മിയിൽനിന്നും ഭൂമി വാങ്ങിയതിന്റെ രേഖകൾ അഥവാ മറ്റുപ്രാമാണിക രേഖകൾ, വനം വകുപ്പിൽനിന്നും നൽകിയിട്ടുള്ള കേസ് ഡയറിയിലെ പ്രസക്ത ഭാഗങ്ങളും ഒഴിപ്പിക്കൽ നോട്ടീസുകളും,



LIBRARY ARCHIVES Kerala Legislative Assembly

1–1–1977-ന് മുൻപ് നിക്ഷിപ്ത വനങ്ങളിൽനിന്നും ഒഴിപ്പിക്കപ്പെട്ടവരുടെ പേരുകളും നമ്പരുകളും ഉൾക്കൊള്ളുന്ന വനം വകുപ്പ് രേഖകൾ തുടങ്ങിയ രേഖാപരമായ തെളിവുകൾ സ്വീകരിക്കുക എന്നുള്ളതാണ്.

## തടിവിലയും തറവിലയും ഈടാക്കിക്കൊണ്ട് വനഭൂമി പതിച്ചുകൊടുക്കാൻ നടപടി

14 [3408] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കൈവശം വെച്ചനുഭവിക്കുന്ന കൃഷിക്കാരുടെ ഭൂമിയിലുള്ള വൃക്ഷങ്ങൾ സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ മുറിക്കാനുള്ള നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിർത്തിവെച്ച് തടികൾ കൈവശക്കാർക്ക് തടിവിലയും തറവിലയും ഈടാക്കിക്കൊണ്ട് പതിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ വൃക്ഷങ്ങൾ മുറിക്കുന്ന നടപടി ഉണ്ടായിട്ടില്ല. എന്നാൽ പൂർണ്ണമായും സർക്കാരിന് അവകാശപ്പെട്ട വനവൃക്ഷങ്ങൾ ചില കൈവശ ഭൂമികളിൽനിന്ന് മുറിച്ചെടുത്തു വിൽക്കാൻ വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൈവശഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങളെല്ലാം കൈവശക്കാർക്കുതന്നെ നൽകാൻ സാദ്ധ്യമല്ല.

## കുടിയേററ തീയതി തെളിയിക്കാൻ റവന്യൂ–വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ നൽകിയ നിർദ്ദേശങ്ങൾ

15 [3409] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിക്ഷിപ്ത വനം ഉൾപ്പെടെയുള്ള വനഭൂമി കുടിയേറിയിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി കുടിയേററ തീയതി തെളിയിക്കാൻ റവന്യൂ–വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

വനഭൂമിയിലെ കുടിയേററക്കാർക്ക് പട്ടയം നൽകുന്നതിനുള്ള അർഹത നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിലേയും വനം വകുപ്പിലേയും ഉദ്യോഗസ്ഥൻമാർ ഓരോ കൈവശഭൂമിയും സംയുക്ത പരിശോധന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൈവശമാണെന്നതിന് തെളിവായി വൃക്ഷങ്ങളുടേയും നാണ്യവിളകളുടേയും പ്രായം, വീടിന്റെ സ്വഭാവവും ഘടനയും, പഞ്ചായത്ത് രജിസ്ട്രേഷൻ, കരം തീർത്ത രസീതുകൾ, പാട്ടചീട്ടുകൾ, ജന്മിയിൽ നിന്നും ഭൂമി വാങ്ങിയതിന്റെ രേഖകൾ അഥവാ മററു പ്രാമാണിക രേഖകൾ, വനം വകുപ്പിൽനിന്നും നൽകിയിട്ടുള്ള കേസ് ഡയറിയിലെ പ്രസക്തഭാഗങ്ങളും ഒഴിപ്പിക്കൽ നോട്ടീസുകളും 1-1-1977-ന് മുമ്പ് നിക്ഷിപ്ത വനങ്ങളിൽനിന്നും ഒഴിപ്പിക്കപ്പെട്ടവരുടെ പേരുകളും നമ്പരുകളും ഉൾക്കൊള്ളുന്ന വനംവകുപ്പ് രേഖകൾ തുടങ്ങിയ രേഖാപരമായ തെളിവുകൾ എന്നിവ സ്വീകരിക്കാൻ സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലം ജില്ലയിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ

16 [3410] ശ്രീമതി അൽഫോൺസാ ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പട്ടയം ലഭിക്കുവാൻ അപേക്ഷകൾ കെട്ടി കിടപ്പുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി കൈക്കൊള്ളുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) എത്രയും വേഗം പട്ടയം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അർഹത ഉള്ളവർക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കണയന്നൂർ താലൂക്കിലെ പട്ടയ വിതരണം

17 [3411] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കാക്കനാട് വില്ലേജിൽ നിന്ന് 1991 ജനുവരി 31 വരെ വിതരണം ചെയ്ത പട്ടയങ്ങൾ പുനഃപരിശോധിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

പട്ടയങ്ങൾ പുനഃപരിശോധിക്കാൻ വേണ്ട നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം ശാസ്തമംഗലം വില്ലേജിലെ പുറംപോക്ക് ഭൂമി

18 [3413] ശ്രീ. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ 125/20 എന്ന സർവ്വേ നമ്പറിൽ എത്ര സെൻറ് പുറംപോക്ക് ഭൂമിയുണ്ട്. ഈ പുറംപോക്കിൽ ആരെങ്കിലും അനധികൃതമായി പ്രവേശിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്;

(ബി) ഈ കയ്യേററത്തിന് എത്ര വർഷത്തെ പഴക്കമുണ്ട്; ഈ കയ്യേററത്തിനെതിരെ എന്തെങ്കിലും നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നഗരത്തിലെ പ്രധാനപ്പെട്ട ഒരു റോഡിനോട് തൊട്ടുകിടക്കുന്ന ഈ പുറംപോക്ക് കയ്യേററക്കാരന് പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ പൊതുമരാമത്തു വകുപ്പ്, നഗരസഭ, നഗരാസൂത്രണ വകുപ്പ്, വികസന അതോറിററി ഇവയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഇ) റോഡിൻെറ വികസനത്തിന് അനുപേക്ഷണീയമായ ഈ പുറംപോക്കിലെ കയ്യേററം അടിയന്തിരമായി ഒഴിപ്പിച്ച് അത് നഗരസഭയ്ക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 32 സെൻറ് പുറംപോക്കുണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 30 വർഷത്തിനുമേൽ പഴക്കം ഉണ്ട്. കയ്യേററക്കാർക്കെതിരെ, കേരള കൺസർവൻസി ആക്ററ് പ്രകാരം കേസെടുത്തിട്ടുണ്ട്.

(സി) റോഡ് വികസനത്തിന് ആവശ്യമായത് നീക്കി നിയമാനുസരണം പരിശോധിക്കാവുന്നതാണ്.

(ഡി) ആരാഞ്ഞിട്ടില്ല.

(ഇ) ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ നഗരസഭക്ക് കൈമാറുന്ന ആവശ്യം ഉദിക്കുന്നില്ല.

## ജൈനിമേഡ് ശ്മശാനത്തിന് സമീപമുള്ള പുറംപോക്ക് ഭൂമി

19 [3414] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈനിമേഡ് ശ്മശാനത്തിന് സമീപം കയ്യേററത്തിന് വിധേയമായിട്ടുള്ള പുറംപോക്ക് ഭൂമികൾ ഏതെല്ലാം; അവയുടെ സർവ്വേ നമ്പറുകളും കയ്യേററക്കാരുടെ പേരുവിവരവും വെളിപ്പെടുത്താമോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കയ്യേററത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി കയ്യേററ സ്ഥലം ഒഴിപ്പിച്ചെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജെനിമേഡ് ശ്മശാനത്തിന് സമീപമുള്ള പുറംപോക്ക് ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| കയ്യേററക്കാരുടെ പേര് വിവരം | | സർവ്വേ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| 1. | മുത്തു | 1452_3/35 | 0·83 |
| 2. | നഞ്ചമ്മാൾ | ,, | 0·05 |
| 3. | ഹനീഫ | ,, | 0.03 |
| 4. | ചന്ദ്രൻ | ,, | 0·02 |
| 5. | നദീർ | ,, | 0.06 |
| 6. | സലീം | ,, | 0·04 |
| 7. | പരീത് | ,, | 0·03 |
| 8. | മല്ലി | 1453_3/35 | 0·02 |
| 9. | രേണുക | ,, | 0·02 |
| 10. | ഉസൈൻ | ,, | 0·01 |

(ബി) ജില്ലാ കളക്ടർ അന്വേഷണം നടത്തി വേണ്ട നടപടി കൈക്കൊണ്ടുവരുന്നു.

തിരുവനന്തപുരം ലാററക്സ് പുറംപോക്കിൽ താമസക്കാർക്ക് പട്ടയം

20 [3415] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാററക്സ് പുറംപോക്കിൽ താമസിക്കുന്നവർക്ക് ഇന്നേവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് എന്നേക്ക് പട്ടയം കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം കൊടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൈനകരി പഞ്ചായത്ത് 2-ാം വാർഡിലെ താമസക്കാർക്ക് പട്ടയം കിട്ടുന്നതിന് നടപടി

21 [3416] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈനകരി പഞ്ചായത്തിലെ 2-ാം വാർഡിലെ ലക്ഷം വീടുകളിൽ താമസിക്കുന്നവർക്ക് പട്ടയം കിട്ടുന്നതിന് വേണ്ടി ഗവൺമെൻറിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പട്ടയം കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു വരുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

## പൂച്ചെടിവിളയിൽ കുടികിടപ്പുകാർക്ക് പട്ടയം നൽകാൻ നടപടി

22 [3417] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽ കുന്നുകുഴി പൂച്ചെടി വിളയിൽ കഴിയുന്ന കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതു സംബന്ധിച്ച് കോടതികളിൽ കേസുകൾ നിലവിലുണ്ടോ;

(സി) എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത്;

(ഡി) എത്ര പേർക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്?

### ഉത്തരം

(എ) പൂച്ചെടിവിളയിൽ മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലത്ത് ഉണ്ടായിരുന്ന കുടികിടപ്പുകാർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടയം നൽകുന്നത് കോടതി നിരോധിച്ചിട്ടുണ്ട്. നിരോധനം നീക്കുന്ന മുറയ്ക്ക് മാത്രമേ ബാക്കിയുള്ള കേസുകൾ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) 24 പേർക്ക് പട്ടയം ഇതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒഴിഞ്ഞുകിടക്കുന്ന തഹസീൽദാർമാരുടെ തസ്തികകൾ

23 [3418] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്ത് സൂപ്പി:
,, യു. എ. ബീരാൻ:
,, എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തഹസീൽദാർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഈ ഒഴിവുകൾ നികത്താൻ എന്തു നടപടിയെടുത്തു?

ഉത്തരം

(എ) തഹസീൽദാർമാരുടെ തസ്തികകൾ ഒന്നും ഒഴിഞ്ഞുകിടപ്പില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കാത്ത തഹസീൽദാർമാർ

24 [3419] ശ്രീ. ഡൊമനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിപ്പാർട്ടുമെന്റിൽ പോലീസ് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കാത്ത എത്ര തഹസീൽദാർമാർ ഉണ്ട്;

(ബി) എറണാകുളം ജില്ലയിൽ എത്ര പേർ ഉണ്ട്;

(സി) ഇവർക്ക് എത്രയും വേഗം പോലീസ് ട്രെയിനിംഗ് കോഴ്സ് നൽകുവാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ട്രെയിനിംഗ് ഇല്ലാത്തവർക്ക് ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

25 [3420] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വില്ലേജ് സംയോജനത്തിനുശേഷം ഇടുക്കി ജില്ലയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു; എന്നെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകളിൽ യഥാസമയം നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) 22-12-1990-ൽ അന്ന് നിലവിലിരുന്ന പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി അവസാനിക്കാനിരിക്കെ നിയമനത്തിൽ അമാന്തം കാണിച്ച ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കുമോ;

(ഡി) 21-1-1991-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്ന് 22-12-1990-നു മുൻപ് റിപ്പോർട്ടുചെയ്യപ്പെട്ട ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൽ ഉണ്ടായിട്ടുള്ള പാകപ്പിഴ തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഒൻപത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഒരെണ്ണം 25-9-1990-നും മൂന്നെണ്ണം 4-12-1990-നും അഞ്ചെണ്ണം 26-3-1991-നും റിപ്പോർട്ടുചെയ്തു).

(ബി) ഈ ഒൻപത് ഒഴിവുകളിലേക്കും പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം നടത്തിയിട്ടുണ്ട്.

(സി) പി.എസ്.സി. നിയമനം സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥൻ അമാന്തം കാണിച്ചതായി ഗവൺമെന്റിന് അറിവില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാതല സംസ്ഥാനതല ആഫീസുകളിൽ ലോ ഓഫീസറെ നിയമിക്കണമെന്ന ആവശ്യം

26 [3421] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാതല, സംസ്ഥാനതല ഓഫീസുകളിൽ ഒരു ലോ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നകാര്യം ഗവൺമെന്റ് പരിഗണനയിൽ ഉണ്ടോ;

(ബി) ഈ ആവശ്യം ഉന്നയിച്ച് സർവീസ് സംഘടനകൾ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ?

## ഉത്തരം

(എ) ഇല്ല.

(ബി) ഈ ആവശ്യം ഉന്നയിച്ച് കേരള ലാ സെക്രട്ടറിയേറ്റ് അസോസിയേഷൻ കാലാകാലങ്ങളിൽ ഗവൺമെന്റിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## റവന്യൂ വകുപ്പിലെ വില്ലേജ് മിനിസ്റ്റീരിയൽ സ്റ്റാഫ്

27 [3422] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് മിനിസ്റ്റീരിയൽ സ്റ്റാഫുകളെ ഏകീകരിച്ചു എങ്കിലും അവരുടെ പ്രൊമോഷൻ കാര്യത്തിൽ വില്ലേജ് സ്റ്റാഫുകളെ തഴഞ്ഞതായുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) റവന്യൂ-വില്ലേജ് സംയോജനത്തെത്തുടർന്ന് ഉണ്ടാക്കിയ ചട്ടങ്ങൾ ഫലത്തിൽ കൊണ്ടുവരുന്നതിൽ ചില വൈഷമ്യങ്ങൾ അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച കാര്യങ്ങൾ സമഗ്രമായി പരിശോധിച്ചശേഷം സർക്കാർ ഇതിനകംതന്നെ റവന്യൂ ബോർഡിനും ജില്ലാ കളക്ടർമാർക്കും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് സ്റ്റാഫിന് അർഹമായ ഉദ്യോഗക്കയററവും നൽകിവരുന്നുണ്ട്.

## വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ

28 [3424] ശ്രീ. തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏററുമാനൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ഇപ്പോൾ പുതിയതായി കെട്ടിടം പണി ഒന്നും നടക്കുന്നില്ല.

## വെണ്ണല ഗവൺമെൻറ് ഹൈസ്കൂളിന്റെ ഭൂമി

29 [3425] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സ്ഥിതിചെയ്യുന്ന വെണ്ണല ഗവൺമെൻറ് ഹൈസ്കൂളിന്റെ ഭൂമി കൈയേറിയത് സംബന്ധിച്ച് ഗവൺമെൻറിന് പരാതി കിട്ടിയിട്ടുണ്ടോ; എത്രയെണ്ണം;

(ബി) ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തി ഭൂമി കൈയേററം തടയാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി കിട്ടിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇടപ്പള്ളി സൗത്ത് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി

30 [3426] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്; എത്രയെണ്ണം വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ പൊതുജനങ്ങളുടെ സഹായത്തോടുകൂടി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി സൗത്ത് വില്ലേജാഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) 1138 വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. 314 വില്ലേജാഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഒരു പൊതു നിർദ്ദേശം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ എറണാകുളം ജില്ലയിൽ കളക്ടർ ഇപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വില്ലേജ് ആഫീസുകൾ

31 [3427] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഏതൊക്കെ വില്ലേജ് ആഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്;

(ബി) ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് പുതുതായി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പള്ളിച്ചൽ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതി

32 [3428] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാററിൻകര താലൂക്കിലെ പള്ളിച്ചൽ പഞ്ചായത്തിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വീടു വയ്ക്കുവാൻ സ്ഥലം അക്വയർ ചെയ്യാൻ നടപടി ആയിട്ടുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥലം ഉദ്ദേശിച്ചിട്ടുള്ളതെന്നും സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിലേക്കായി എന്തു തുക ചെലവാക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടെയാണോ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്ഥലം അക്വയർ ചെയ്യാൻ റവന്യൂ ഡിപ്പാർട്ട്മെൻറിൽ റിക്വസിഷൻ ഒന്നും കിട്ടിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

## റോഡ് പുറമ്പോക്ക് കൈയേറി താമസിക്കുന്നവരെ മാററി താമസിപ്പിക്കുന്നതിന് നടപടി

33 [3429] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി തെക്ക് വില്ലേജിൽ വെടിയൂർമഠം ക്ഷേത്രത്തിനു സമീപം റോഡ് പുറമ്പോക്ക് കൈയേറി താമസിക്കുന്നവരെ മാററി താമസിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണനയിൽ ഉണ്ടോ;

(ബി) ഇവരെ ഇവിടെ നിന്ന് മാററി താമസിപ്പിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാ കളക്ടർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കടൽ പുറമ്പോക്ക് സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതായി പരാതി

34 [3430] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ ചില ഭാഗത്ത് കടൽ പുറമ്പോക്കു സ്ഥലങ്ങളിൽ വീടു നിർമ്മിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കടൽഭിത്തി പൊളിക്കുന്നവർക്ക് എതിരായും പുറമ്പോക്കിൽ വീട് വെയ്ക്കുന്നവർക്ക് എതിരായും ശക്തമായ നടപടികൾ സ്വീകരിക്കാമോ;

(സി) ഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടി കടൽഭിത്തിക്കുള്ളിലുള്ള പ്രദേശത്ത് വീടുവെച്ചു താമസിക്കുന്നവരെ ഒഴിപ്പിക്കാൻ നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) കൈയേററമുൾപ്പെടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ഭൂ സംരക്ഷണ ചട്ടങ്ങളും നിയമങ്ങളും പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഞ്ചിയം പഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കാൻ നടപടി

35 [3431] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഓഞ്ചിയം പഞ്ചായത്തിൽ അറക്കൽ എന്ന സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കളിസ്ഥലം സ്ഥാപിക്കേണ്ടതിലേക്ക് ഓഞ്ചിയം പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ എവിടംവരെയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലത്തിന്റെ വില നിശ്ചയിച്ച് പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടോ;

(സി) ബോർഡ് ഓഫ് റവന്യൂവിലെ 19-3-1991-ലെ 5545/91 എൽ.ആർ.കെ. നമ്പർ ഫയലിൽ മേൽ നടപടി ആയിട്ടുണ്ടോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പുമായി കത്തിടപാട് നടന്നുവരുന്നു.

(ബി) തീരുമാനമായിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മോട്ടോർ ആക്സിഡൻറ് ക്ലെയിം ട്രിബ്യൂണലുകൾ

36 [3433] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മോട്ടോർ ആക്സിഡൻറ് ക്ലെയിം കേസുകൾ കൈകാര്യം ചെയ്യാൻ എത്ര ട്രിബ്യൂണലുകളുണ്ട്;

(ബി) ഓരോ ട്രിബ്യൂണലുകളിലും പെൻഡിംഗ് കേസുകളെത്ര;

(സി) ഈ കേസുകൾ എത്രയും വേഗം തീർക്കുവാൻ നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) 24

(ബി) അനുബന്ധം കാണുക†

(സി) പെൻഡിംഗ് കേസുകൾ എത്രയുംവേഗം തീർക്കുവാൻ ഹൈക്കോടതി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി മോട്ടോർ ആക്സിഡൻറ് ക്ലെയിംസ് ട്രിബ്യൂണലുകൾ തുടങ്ങുന്നതിനുള്ള ഒരു മുൻഗണനാലിസ്ററ് അനുസരിച്ച് ഏഴ് ട്രിബ്യൂണലുകൾ തുടങ്ങുന്നതിന് 14-2-1992-ലെ ജി. ഒ. (ആർ.ടി.) 814/92/ഹോം പ്രകാരം ഗവൺമെൻറ് അംഗീകാരം നൽകിയിട്ടുണ്ട്.

## നോട്ടറി പബ്ലിക്കിൻെറ അധികാരങ്ങൾ

37 [3434] ശ്രീ. ഡൊമിനിക്ക് പ്രസൻേറഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നോട്ടറി പബ്ലിക്കുമാർ പ്രവർത്തിക്കുന്നുണ്ട്;

(ബി) പുതിയതായി എത്രപേരെകൂടി നിയമിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്;

(സി) നോട്ടറി പബ്ലിക്കിന് ഏതെല്ലാം രേഖകൾ സാക്ഷ്യപ്പെടുത്താൻ അധികാരം നൽകിയിട്ടുണ്ട്;

(ഡി) പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്താൻ നോട്ടറി പബ്ലിക്കുമാർ സ്വീകരിക്കേണ്ട ഫീസു നിരക്കുകൾ ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ഇ) നോട്ടറി പബ്ലിക്കിൻെറ ഇന്നുള്ള അധികാരം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 323.

(ബി) കൃത്യമായി പറയാൻ നിർവ്വാഹമില്ല. അപേക്ഷ ലഭിച്ചതിനു ശേഷം അപേക്ഷിച്ച സ്ഥലത്ത് കൂടുതൽ നോട്ടറിമാരുടെ ആവശ്യമുണ്ടോ എന്ന് അന്വേഷണം നടത്തിയശേഷമാണ് നിയമനം നടത്തുന്നത്.

(സി) അനുബന്ധം കാണുക†.

(ഡി) പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്താൻ നോട്ടറിമാർ സ്വീകരിക്കേണ്ട ഫീസ് നിരക്കുകൾ 1956-ലെ നോട്ടറീസ് റൂൾസ് 10-ാം ചട്ടപ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

പുതിയ പ്ലീഡർമാരുടെ നിയമനം

38 [3435] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈക്കോടതിയിലും കീഴ്കോടതികളിലുമായി എത്ര ഗവൺമെന്റ് പ്ലീഡർമാരെ പുതിയതായി നിയമിച്ചിട്ടുണ്ട്;

(ബി) ഇനി എത്രപേരെകൂടി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഈ നിയമനം ഉടൻ നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഏതെല്ലാം രേഖകൾ സാക്ഷ്യപ്പെടുത്താൻ ഗവൺമെന്റ് പ്ലീഡർമാർക്ക് അധികാരം ഉണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറൽ, രണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരെ കൂടാതെ 41 ഗവൺമെന്റ് പ്ലീഡർമാരെയും, കീഴ്കോടതികളിൽ 27 ഗവൺമെന്റ് പ്ലീഡർമാരെയും പുതിയതായി നിയമിച്ചിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് നൽകാൻ നിർവാഹമില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഗവൺമെന്റ് പ്ലീഡർമാർക്ക് യാതൊരു രേഖകളും സാക്ഷ്യപ്പെടുത്താൻ അധികാരമില്ല.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

## ആദിവാസികളുടെ സ്പെഷ്യൽ കോടതികൾ

39 [3437] ശ്രീമതി കെ. സി. റോസക്കുട്ടി:
ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് മാത്രമായി സംസ്ഥാനത്ത് സ്പെഷ്യൽ കോടതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇവിടെ എത്ര കേസുകൾ തീർപ്പായിട്ടുണ്ട്;

(ഡി) എത്ര കേസുകൾ നിലവിലുണ്ട്?

### ഉത്തരം

(എ) ഇല്ല.

(ബി, സി, ആൻറ് ഡി) ഉദിക്കുന്നില്ല.

## നിയമവകുപ്പിലെ ജീവനക്കാർ

40 [3438] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമവകുപ്പിൻെറ കീഴിൽ ആകെ എത്ര ജീവനക്കാരാണുള്ളത്;

(ബി) ഈ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ഈ ജീവനക്കാരിൽ എസ്. സി./എസ്. ടി., ഒ. ബി. സി., മുസ്ലിം വിഭാഗക്കാർ എത്ര വീതം ഉണ്ട്;

(ഡി) ജീവനക്കാരിൽ മുന്നോക്കവിഭാഗവും മററ് പിന്നോക്ക വിഭാഗവും എത്ര; ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 250.

(ബി) അനുബന്ധം കാണുക†

(സി) എസ്.സി.—40, എസ്.ടി.—1, ഒ.ബി.സി.—121, മുസ്ലിം—15.

(ഡി) അനുബന്ധം കാണുക†

† അനുബന്ധം VII



LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡ്

41 [3439] ശ്രീ. അബ്ദുറഹിമാൻ ഹാജി:
,, നാലകത്ത് സൂപ്പി:
,, ചെർക്കളം അബ്ദുള്ള:
,, പി. വി. മുഹമ്മദ്:
,, കെ. എം. സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാന ഹൗസിംഗ് ബോർഡ് എത്ര വീടുകളുടെ പണി പൂർത്തിയാക്കി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതു ഭവനനിർമ്മാണ പദ്ധതിപ്രകാരം 364 ഭവനങ്ങളും വാടക ഭവന നിർമ്മാണ പദ്ധതിപ്രകാരം 342 ഭവനങ്ങളും ഈ വർഷം പൂർത്തിയാക്കി.

(ബി) 1. പൊതുഭവന നിമ്മാണ പദ്ധതി

| | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 20 |
| 2. | എറണാകുളം | 156 |
| 3. | തൃശ്ശൂർ | 74 |
| 4. | കാസർഗോഡ് | 114 |
| | ആകെ | 364 |

2. വാടക വീട് പദ്ധതി

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 342 |

രാജീവ് ദശലക്ഷ ഹൗസിംഗ് സ്കീം

42 [3440] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ദശലക്ഷം ഹൗസിംഗ് സ്കീം അനുസരിച്ച് എത്ര ഭവനങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) സ്കീമിന് മൊത്തം എന്തു തുക ചെലവു വരും;

(സി) ഈ സ്കീമിന്റെ കാലാവധി എത്ര വർഷമാണ്;

(ഡി) എവിടെയൊക്കെയാണ് സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവിധ ഇനങ്ങളിലായി പത്തു ലക്ഷം വീടുകൾ.

(ബി) പദ്ധതിയിൻകീഴിൽ വരുന്ന ഭവന നിർമ്മാണത്തിനും വീടുകളുടെ അററകുററപ്പണി നടത്തുന്നതിനും ശുചീകരണ സൗകര്യം ഏർപ്പെടുത്തുന്നതിനും കൂടി പ്രതിവർഷം മൊത്തം 1524.20 കോടി രൂപയാണ് മുതൽ മുടക്ക് കണക്കാക്കിയിട്ടുള്ളത്.

(സി) 5 വർഷം.

(ഡി) സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

റെൻറൽ ഹൗസിംഗ് സ്കീം

43 [3441] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടി സംസ്ഥാനത്തെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും "റെൻറൽ ഹൗസിംഗ് സ്കീം" ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര താലൂക്ക് കേന്ദ്രങ്ങളിൽ പ്രസ്തുത ഹൗസിംഗ് സ്കീം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി 1991-92-ലെ ബഡ്ജററിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ഡി) ഇതിനകം എന്തു് തുക ചെലവഴിച്ചു?

ഉത്തരം

(എ, ബി) സ്ഥലം ലഭ്യമാക്കുന്ന താലൂക്ക് ആസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ ആരംഭിച്ചിട്ടില്ല.

(സി) റെൻറൽ ഹൗസിംഗിന് 1991-92-ലെ ബഡ്ജററിൽ 150 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്.

(ഡി) റെൻറൽ ഹൗസിംഗ് സ്കീമിൽ മൊത്തം 1991-92-ൽ ചെലവായ തുക 25,48,933 രൂപയാണ്.

പുതിയ ഭവനനിർമ്മാണ പദ്ധതികൾ

44 [3442] ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ പദ്ധതികൾക്കായി എവിടെയൊക്കെ സ്ഥലമെടുത്തു; എത്ര പുതിയ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു; ഉടനെ ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;



LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ കാലങ്ങളിൽ ലോൺ വിതരണത്തിനുവേണ്ടി സ്ഥല പരിശോധനയ്ക്കും വയ്ക്കുന്ന വീടുകളുടെ സ്റേറജുകൾ പരിശോധിക്കുന്നതിനുമായി ഹൗസിംഗ് ബോർഡ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇപ്പോൾ പരിശോധനയ്ക്കായി എന്തു സംവിധാനം ചെയ്തിട്ടുണ്ട്; രാജീവ് ഭവന പദ്ധതിയുടെ വിജയത്തിനായി താലൂക്കുതലത്തിൽ ഡിവിഷൻ ആഫീസുകൾ ആരംഭിക്കുമോ;

(സി) ഹൗസിംഗ് ബോർഡിന്റെ എല്ലാ ജില്ലാ ആഫീസുകളിലും ഡിവിഷണൽ ആഫീസർമാരെ നിയമിച്ചിട്ടുണ്ടോ; ജൂനിയർ സൂപ്രണ്ടിന്റെ പണിപോലുമില്ലാത്ത ജില്ലാ ആഫീസുകളിൽ അസിസ്ററന്റ് സെക്രട്ടറിമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തിയതെന്തിനാണെന്ന് വ്യക്തമാക്കുമോ;

(ഡി) എൻജിനീയർമാർ കൈകാര്യം ചെയ്യേണ്ട എസ്റേററ്, പ്രോജക്ട് ആൻറ് ഫിനാൻസ് എന്നീ വിഭാഗങ്ങളിൽ എത്ര എൻജിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലെ തലവൻമാർ ആരാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) കൊല്ലം ജില്ലയിൽ ചിന്നക്കട ഭവനനിർമ്മാണ പദ്ധതിക്കു വേണ്ടി 48.56 ആർ ഭൂമി ഏറെറടുത്തിട്ടുണ്ട്. താഴെ പറയുന്ന നാലു പദ്ധതികളുടെ പണി ആരംഭിച്ചു:

(1) നാലാഞ്ചിറ ഭവനനിർമ്മാണ പദ്ധതിയിൽ 72 ഫ്ളാററുകൾ.

(2) പുന്നയ്ക്കൽ തോപ്പിൽ സൈററ് ബി ഭവനനിർമ്മാണ പദ്ധതിയിൽ 12 ഫ്ളാററുകൾ.

(3) രാജീവ് ദശലക്ഷം പദ്ധതി പ്രകാരം ഏററവും താഴ്ന്ന വരുമാനക്കാർക്കായി തൃക്കാക്കരയിൽ 37 വീടുകൾ.

(4) പൂജപ്പുര വാടക വീട് പദ്ധതി പ്രകാരം 16 ഫ്ളാററുകൾ

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. ചിന്നക്കട ഭവനനിർമ്മാണ പദ്ധതിയിൽ 24 ഫ്ളാററുകൾ.

2. ചേർത്തല ഭവനനിർമ്മാണ പദ്ധതിയിൽ 9 വികസിത പ്ളോട്ടുകളും 10 വീടുകളും.

3. ആററിങ്ങൽ, ത്രിവിക്രമംഗലം, ഇടപ്പള്ളി, ചങ്ങനാശ്ശേരി എന്നീ പദ്ധതികളിൽ യഥാക്രമം 26, 21, 31, 44 വീടുകൾ.

4. വാടക വീട് പദ്ധതിയിൽ പെരുമ്പാവൂരിൽ 54 വീടുകൾ.

മേൽപ്പറഞ്ഞവ കൂടാതെ പൂജപ്പുര ജയിൽ കോമ്പൗണ്ടിൽ രണ്ടാം ഘട്ടമായി 160 ഫ്ളാററുകളുടെയും കാസർകോഡ് 60 ഫ്ളാററുകളുടെയും പാലക്കാട് 78 ഫ്ളാററുകളുടെയും പണികൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പാ വിതരണത്തിന് ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ അവ പരിശോധിച്ച് അർഹരാണെന്ന് കാണുന്നവർക്കാണ് വായ്പ അനുവദിക്കേണ്ടത്. വീടുകളുടെ സ്റ്റേജുകൾ പരിശോധിക്കുന്നതിന് വായ്പ അപേക്ഷയിൽ എടുത്തുപറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വായ്പാ ഗഡുക്കൾ അനുവദിക്കുന്നത്. ചില കേസുകളിൽ ബോർഡിന് പണയാധാരം ചെയ്തിട്ടുള്ള വസ്തുവിലല്ല ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്നത് എന്നും ചില കേസുകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയതിൽ പിശക് ഉണ്ടെന്നും കാണുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്തു നിന്നുള്ള എൻജിനീയർമാരുടെ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കേണ്ട തില്ലെന്നും ഹൗസിംഗ് ബോർഡിലെ എൻജിനീയർമാർതന്നെ ആവശ്യമായ പരിശോധനകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകണമെന്നും നിർദ്ദേശി ച്ചിട്ടുണ്ട്. താലൂക്കുതലത്തിൽ ഡിവിഷൻ ആഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഹൗസിംഗ് ബോർഡിന്റെ എല്ലാ ആഫീസുകളിലും അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിച്ചിട്ടില്ല. അധികാര വികേന്ദ്രീ കരണത്തിന്റെ ഭാഗമായിട്ടാണ് അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമി ച്ചിരിക്കുന്നത്.

(ഡി) എൻജിനീയർമാർ കൈകാര്യം ചെയ്യേണ്ട എസ്റ്റേറ്റ്, പ്രോജക്ട് ഫിനാൻസ് എന്നീ വിഭാഗങ്ങൾ ഹൗസിംഗ് ബോർഡിൽ നിലവിലില്ല. ബോർഡിലെ എസ്റ്റേറ്റ്, പ്രോജക്ട് ഫിനാൻസ് എന്നീ വിഭാഗങ്ങളുടെ തലവൻമാർ ഡെപ്യൂട്ടി സെക്രട്ടറിമാരാണ്.

## എം. എൽ. എ. മാർക്കുള്ള ഭവനനിർമ്മാണ പദ്ധതി

45 [3443] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാർക്കുള്ള ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിൽ ഉണ്ടോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് എത്ര പേർക്ക് വീട് നിർമ്മാണത്തിന് വായ്പ ലഭിച്ചിട്ടുണ്ട്;

(സി) ലോണിന് പുതിയതായി അപേക്ഷിച്ചിട്ടുള്ളവർ ആരൊക്കെ യാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 48 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) (1) ശ്രീമതി റോസമ്മ ചാക്കോ, എം. എൽ. എ.

(2) ശ്രീ. കെ. സി. ജോസഫ്, എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

## പത്രപ്രവർത്തകർക്കായുള്ള ഭവനനിർമ്മാണ പദ്ധതി

46 [3444] ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കായുള്ള ഭവനനിർമ്മാണ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു;

(സി) ഈ പദ്ധതി പുനരാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പത്രപ്രവർത്തകർക്കായുള്ള ഭവനനിർമ്മാണ പദ്ധതി 24-7-1978-ലെ ജി. ഒ. (ആർ. ററി.) 1185/78 എൽ. ആൻറ് എച്ച്. ഡി. നമ്പർ ഉത്തരവനുസരിച്ച് ആരംഭിച്ചു.

(ബി) 31 വീടുകൾ നിർമ്മിച്ചു നൽകി.

(സി) നിലവിലുള്ള പദ്ധതി കൂടുതൽ ഗുണകരമായി പുനരാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. പുതുതായി ആരംഭിച്ച രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൻകീഴിൽ പത്രപ്രവർത്തകർക്കുവേണ്ടി അഞ്ചുവർഷംകൊണ്ട് 250 വീടുകൾ നിർമ്മിച്ചു നൽകുന്ന ഒരു പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ഇപ്പോൾ നൽകിവരുന്ന 20,000 രൂപ സബ്സിഡി 25,000 രൂപയായി വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഗുണഭോക്താക്കളുടെ വിഹിതവും ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പത്രപ്രവർത്തകർക്ക് 25 വീടുകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക ഹൗസിംഗ് കോളനി തിരുവനന്തപുരം താലൂക്കിൽ ചെട്ടിവിളാകം വില്ലേജിൽ 1.1455 ഹെക്ടർ സ്ഥലത്ത് പണിയുന്നതിനുവേണ്ട ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

## ചെങ്കൽചൂള ചേരി നിർമ്മാർജ്ജന പദ്ധതി

47 [3445] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ചെങ്കൽചൂള ചേരി നിർമ്മാർജ്ജന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) ഇതിന്റെ മൂന്നാംഘട്ട പണി ഇപ്പോൾ ഏതു സ്റേറജിലിരിക്കുന്നു;

(സി) എന്നത്തേക്ക് പ്രസ്തുത പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി 1991-92-ലെ ബഡ്ജററിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്; ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു?

ഉത്തരം

(എ) 1977 ഒക്ടോബർ 2-ാം തീയതി.

(ബി, സി) മൂന്നാംഘട്ട പണി പൂർത്തിയാക്കി 1990 നവംബർ 12-ാം തീയതി ഉൽഘാടനം ചെയ്തു.

(ഡി) നാലാംഘട്ട പദ്ധതിക്ക് 1991-92-ലെ ബഡ്ജററിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതുവരെ 4,47,600 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ദുർബല ജനവിഭാഗങ്ങൾക്ക് ഹഡ്കോയുടെ വായ്പാ സബ്സിഡി

48 [3446] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്കായി ഹഡ്കോയുടെ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര പേർക്ക് സബ്സിഡി ഇനത്തിലുള്ള ആനുകൂല്യം ലഭ്യമായി എന്ന് വെളിപ്പെടുത്താമോ;

(ബി) സബ്സിഡി ലഭ്യമാകണമെങ്കിൽ ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ച പ്രകാരമുള്ള ഭവന വായ്പാ ഗഡുക്കൾ കൃത്യമായി അടയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം ഗഡുക്കൾക്ക് മുടക്കം വരുത്തിയതുമൂലം സബ്സിഡി ആനുകൂല്യം നഷ്ടപ്പെടുന്ന ദുർബല വിഭാഗക്കാരെ ഈ സർക്കാർ പരിരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഹഡ്കോയുടെ വായ്പ ഉപയോഗിച്ച് സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്കായി ഭവന നിർമ്മാണത്തിനുള്ള പുനരധിവാസ ഭവന നിർമ്മാണ പദ്ധതി ഒന്നാംഘട്ടപ്രകാരം 94,603 പേർക്കും രണ്ടാംഘട്ട പ്രകാരം 32,090 പേർക്കും മൂന്നാംഘട്ട പ്രകാരം 42,564 പേർക്കും സബ്സിഡി നൽകിയിട്ടുണ്ട്.

(ബി) ഇങ്ങനെ ഒരു വ്യവസ്ഥ ഇല്ല. ഭവന വായ്പാ ഗഡുക്കൾ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചതായുള്ള സർട്ടിഫിക്കററ് ലഭിക്കുന്ന മുറയ്ക്കാണ് സബ്സിഡി നൽകി വരുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പ

49 [3447] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഹഡ്കോയിൽനിന്നും 1987 മുതൽ 1991 മാർച്ച് വരെ ആകെ എത്ര തുകയാണ് വായ്പയായി സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ തുക എത്ര ഗഡുക്കളായി ഏതെല്ലാം ഭവന നിർമ്മാണ പദ്ധതിക്കാണ് ഹഡ്കോയിൽനിന്നും വായ്പ എടുത്തിട്ടുള്ളത്;

(സി) ഈ ഓരോ ഗഡുക്കളുടേയും വായ്പാ ഗഡുക്കളിൽ എത്ര തുക വീതം ഹഡ്കോയ്ക്ക് തിരിച്ചു നൽകി; ഈ തുകയിൽ മുതൽ എത്ര; പലിശ എത്ര?

### ഉത്തരം

(എ) 1987 ഏപ്രിൽ മുതൽ 1991 മാർച്ച് വരെ ഹഡ്കോയിൽ നിന്നും ഹൗസിംഗ് ബോർഡിനു ലഭിച്ചത് 140·4516 കോടി രൂപയാണ്.

(ബി) നാലു മുതൽ ആറുവരെ ഗഡുക്കളായിട്ടാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 1987–88 മുതൽ 1990–91 വരെ ബോർഡ് ഹഡ്കോയ്ക്ക് തിരിച്ചു നൽകിയ തുക താഴെ പറയുംപ്രകാരമാണ്:

(തുക ലക്ഷത്തിൽ)

| വർഷം | മുതൽ | പലിശ | ആകെ |
|---|---|---|---|
| 1987–88 | 619·06 | 423·84 | 1042·90 |
| 1988–89 | 910·68 | 497·26 | 1407·97 |
| 1989–90 | 1065·88 | 709·55 | 1775·43 |
| 1990–91 | 1174·57 | 1031·64 | 2206·21 |

## ഹഡ്കോയ്ക്ക് തിരിച്ചു നൽകാനുള്ള വായ്പാ തുക

50 [3448] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഹഡ്കോയിൽനിന്നും വായ്പ എടുത്ത തുകയിൽ കൊടുത്തുതീർക്കാനുള്ള ബാക്കി സംഖ്യ നിലവിൽ എത്ര;

(ബി) ഈ സംഖ്യയിൽ പ്രതിവർഷം എന്തു തുകയാണ് മുതൽ/പലിശയടക്കം ഹഡ്കോയ്ക്ക് മടക്കി നൽകികൊണ്ടിരിക്കുന്നത്;

(സി) പുതിയ പദ്ധതികൾക്കായി വീണ്ടും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഹഡ്കോയെ വായ്പയ്ക്കായി സമീപിച്ചിട്ടുണ്ടോ;

† അനുബന്ധം VIII

(ഡി) ഉണ്ടെങ്കിൽ ഏതു് പദ്ധതിക്കു് എന്തു് തുകയാണു് ആവശ്യപ്പെട്ടിട്ടുള്ളതു്; വായ്പാ വ്യവസ്ഥകൾ എന്തെല്ലാമെന്നു് വിശദീകരിക്കുമോ?

ഉത്തരം

(എ) 31-3-1991 വരെയുള്ള കണക്കുകൾ പ്രകാരം 14870·30 ലക്ഷം രൂപ കൊടുത്തുതീർക്കാനുണ്ടു്.

(ബി) കഴിഞ്ഞ നാലുവർഷങ്ങളിൽ ഹഡ്കോയ്ക്കു് മടക്കി നൽകികൊണ്ടിരിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണു്:

| വർഷം | മുതൽ | പലിശ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1987-88 | 619·06 | 423·84 | 1042·90 |
| 1988-89 | 910·68 | 497·26 | 1407·97 |
| 1989-90 | 1065·88 | 709·55 | 1775·43 |
| 1990-91 | 1174·57 | 1031·64 | 2206·21 |

(സി) ഉണ്ടു്.

(ഡി) കഴിഞ്ഞ വർഷം സമർപ്പിച്ച പദ്ധതികൾ ഉൾപ്പെടെ മൊത്തം 106·642 കോടി രൂപയ്ക്കു് വായ്പയ്ക്കായി ഹഡ്കോയെ സമീപിച്ചിട്ടുണ്ടു്.

വിശദവിവരങ്ങളും വായ്പാ വ്യവസ്ഥകളും അനുബന്ധമായി വച്ചിരിക്കുന്നു. †

## കശുവണ്ടി തൊഴിലാളികൾക്കു് ഭവന നിർമ്മാണ പദ്ധതി

51 [3449] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്കു് വീടു് വച്ചു് നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കശുവണ്ടി തൊഴിലാളികൾക്കു് വീടു് വച്ചുനൽകുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ ഈ വിഭാഗത്തിലെ തൊഴിലാളികളെ കൂടി ദശലക്ഷ പാർപ്പിട പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു് ദുർബല വിഭാഗത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള പാർപ്പിടങ്ങളുടെ സംഖ്യയിൽനിന്നും ഒരു നിശ്ചിത എണ്ണം മാററിവച്ചു് ഒരു ഉപപദ്ധതി തുടങ്ങുന്ന കാര്യം ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലുണ്ടു്.

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡിന്റെ കടബാദ്ധ്യത

52 [3450] ശ്രീ. യു. എ. ബീരാൻ:
,, എം. കെ. മുനീർ:
,, എം. ജെ. സക്കറിയ:
,, യൂനുസ്കുഞ്ഞ്:
,, പി. എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് മൊത്തത്തിൽ എത്ര കോടി രൂപയുടെ കടബാദ്ധ്യതയുണ്ട്;

(ബി) കടമെടുത്തതിന് പലിശയിനത്തിൽ ഒരു കൊല്ലം എത്ര രൂപ അടയ്ക്കണം;

(സി) പലിശയും ഗഡുവും യഥാസമയമടയ്ക്കാത്തതിനാൽ പിഴ അടയ്ക്കേണ്ടതായി വന്നിട്ടുണ്ടോ;

(ഡി) പിഴയിനത്തിൽ കഴിഞ്ഞ 5 വർഷത്തിൽ എത്ര രൂപ അടച്ചു?

ഉത്തരം

(എ) താല്ക്കാലിക കണക്കുകൾ പ്രകാരം 31-3-1991 വരെ 19680.08 ലക്ഷം രൂപയുടെ കടബാദ്ധ്യതയുണ്ട്.

(ബി) മേല്പറഞ്ഞ വായ്പകൾക്ക് 1991-92-ലെ കണക്കുകൾ പ്രകാരം 1934.03 ലക്ഷം രൂപ അടയ്ക്കണം.

(സി) ഉണ്ട്.

(ഡി) പിഴപലിശ ഇനത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ 158.18 ലക്ഷം രൂപ അടച്ചു.

ഭവനനിർമ്മാണ ബോർഡിൽ നിന്നും ഭൂമി കൈമാററം ചെയ്യുമ്പോൾ സ്ററാമ്പ് ഡ്യൂട്ടി ഇനത്തിൽ അനുവദിക്കുന്ന ഇളവ്

53 [3451] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽനിന്നും ഭൂമിയും മററും കൈമാററം ചെയ്യുമ്പോൾ സ്ററാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇപ്പോൾ എന്തെങ്കിലും ഇളവ് അനുവദിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സ്ററാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവ് അനുവദിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇളവനുവദിക്കുന്ന കാര്യം പരിശോധനയിലാണ്.

ഹൗസിംഗ് ബോർഡിൽ കംപ്യൂട്ടർ സ്ഥാപിക്കാൻ നടപടി

54 [3452] ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിൽ ഇതുവരെ പിരിഞ്ഞുകിട്ടാനുള്ള ലോൺ കുടിശ്ശിക എത്രയുണ്ട്;

(ബി) ബോർഡിൽ കംപ്യൂട്ടർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താല്ക്കാലിക കണക്കുപ്രകാരം ബോർഡ് നേരിട്ടു നടപ്പിലാക്കുന്ന വിവിധതരം വായ്പാ പദ്ധതികളിൽനിന്നും 1/92 വരെ 514.70 ലക്ഷം രൂപയും സാഫ് പദ്ധതിയിൽ നിന്നും 6/91 വരെ 473.69 ലക്ഷം രൂപയും ജില്ലാ കളക്ടർമാർ വഴി നടപ്പിലാക്കുന്ന പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും 8/91 വരെ 2113.67 ലക്ഷം രൂപയും ഗുണഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

ഓഡിററ് റിപ്പോർട്ടുകൾ

55 [3453] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഹൗസിംഗ് ബോർഡിലെ ഓഡിററ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുവർഷംവരെയുള്ള റിപ്പോർട്ടുകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഡിററ് റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ, ബി) 1985–86 സാമ്പത്തിക വർഷംവരെയുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി) 1981–82 മുതൽ 1985–86 വരെയുള്ള ഓഡിററ് റിപ്പോർട്ടുകളുടെ ഓരോ പ്രതി ഇതോടൊപ്പം വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഹൗസിംഗ് ബോർഡ് ജീവനക്കാർ

56 [3454] ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987—1991 കാലഘട്ടത്തിൽ ബോർഡ് പുതുതായി എത്ര മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും ടെക്നിക്കൽ സ്റ്റാഫിന്റേയും തസ്തികകൾ സൃഷ്ടിച്ചു; അതിൽ ടെക്നിക്കൽ സ്റ്റാഫിന്റെ തസ്തികകൾക്ക് മാത്രം സർക്കാർ അംഗീകാരം നല്കാത്തതെന്തുകൊണ്ടാണ്;

(ബി) ഹൗസിംഗ് ബോർഡ് എന്തുകൊണ്ടാണ് ബോർഡിൽ ഒഴിവുള്ള എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികകളിൽ നിയമനം നടത്താത്തത്?

### ഉത്തരം

(എ, ബി) 1987—1991 കാലഘട്ടത്തിൽ പുതുതായി ടെക്നിക്കൽ സ്റ്റാഫിന്റെ 83 തസ്തികകളും, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 56 തസ്തികകളും സൃഷ്ടിച്ചു. ടെക്നിക്കൽ ഉദ്യോഗസ്ഥന്മാരുടെ ആവശ്യം കണക്കിലെടുത്താണ് ആളുകളെ നിയമിക്കുന്നത്. ഹൈക്കോടതിയുടെ വിധിയനുസരിച്ച് 1977-ലെ ബോർഡ് റഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികയായ എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ 1981 മുതലുള്ള നിയമനങ്ങൾ നിയമവിരുദ്ധമായി പ്രസ്താവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1981-നുശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾ പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേല്പറഞ്ഞ വിധിന്യായത്തിനെതിരെ ബോർഡ് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത കേസിന്റെ അവസാന തീരുമാനം ഉണ്ടായതിനുശേഷമേ എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ തസ്തികകൾ പ്രമോഷൻ വഴി നിയമനം നടത്താനും, റിവൈസ്ഡ് റഗുലേഷനിൽ ഈ പോസ്റ്റ് കൂടി ഉൾപ്പെടുത്താനും സാധിക്കുകയുള്ളു.

## സ്റ്റാൻഡേർഡ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് ആക്ടിന്റെ കരട് നിയമങ്ങൾ

57 [3455] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ലെ സ്റ്റാൻഡേർഡ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് ആക്ടിന്റെ കരടു നിയമങ്ങൾ നടപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമം നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) സ്റ്റാൻഡേർഡ്സ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് (എൻഫോഴ്സ്മെന്റ്) ആക്ട് 1985 സംസ്ഥാനത്തു നടപ്പാക്കുന്ന കാര്യം ഗവൺമെന്റിന്റെ സത്വര പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## അളവുകളും തൂക്കങ്ങളും നിയമപ്രകാരം എടുത്തിട്ടുള്ള കേസ്സുകൾ

58 [3456] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ സാമ്പത്തിക വർഷം അളവുകളും തൂക്കങ്ങളും നിയമപ്രകാരം എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ തീർപ്പു കൽപ്പിച്ചിട്ടുണ്ട്;

(സി) എത്ര കേസ്സുകൾ കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്;

(ഡി) തീർപ്പു കൽപ്പിച്ചിട്ടുള്ള കേസ്സിൻ പ്രകാരം കഴിഞ്ഞവർഷം എത്ര രൂപ സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്?

### ഉത്തരം

(എ) 1991 ഏപ്രിൽ മുതൽ 1992 ജനുവരി വരെ അളവുതൂക്ക നിയമപ്രകാരം 15,528 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) 14,927.

(സി) 57.

(ഡി) തീർപ്പു കല്പിച്ചിട്ടുള്ള കേസ്സിൻപ്രകാരം 1991 ഏപ്രിൽ മുതൽ 1992 ജനുവരി വരെ സർക്കാരിലേക്ക് 27,21,018 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

## പാക്കേജ് കമ്മോഡിററീസ് റൂൾസ് പ്രകാരം രജിസ്ററർ ചെയ്ത കേസ്സുകൾ

59 [3457] ശ്രീ. ജോണി നെല്ലൂർ:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കേജ് കമ്മോഡിററീസ് റൂൾസ് പ്രകാരം കഴിഞ്ഞവർഷം എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസ്സുകൾ കോടതി ശിക്ഷിച്ചിട്ടുണ്ട്?

### ഉത്തരം

(എ) 1097 എണ്ണം.

(ബി) 56 എണ്ണം.

(സി) 10 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

## റേഷൻ റീട്ടയിൽ ഷോപ്പിലും മാവേലി സ്റ്റോറിലും അളവുകളും തൂക്കങ്ങളും ഉദ്യോഗസ്ഥൻമാരുടെ പരിശോധന

60 [3458] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ റീട്ടയിൽ ഷോപ്പിലും മാവേലി സ്റ്റോറിലും അളവുകളും തൂക്കങ്ങളും വകുപ്പ് ഉദ്യോഗസ്ഥൻമാർ പരിശോധന നടത്താറുണ്ടോ;

(ബി) ഇങ്ങനെ പരിശോധന നടത്തിയതിന്റെ പേരിൽ ഏതെങ്കിലും കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

## ക്ലിനിക്കൽ തെർമോമീററർ, വെയിംഗ് മെഷീൻ മുതലായവയുടെ നിലവാരം പരിശോധിക്കാൻ നടപടി

61 [3460] ശ്രീ. പി. എം. മാത്യു:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡോക്ടർമാർ ഉപയോഗിക്കുന്ന ക്ലിനിക്കൽ തെർമോമീററർ, വെയിംഗ് മെഷീൻ മുതലായവ നല്ല നിലവാരം പുലർത്തുന്നവയാണോ;

(ബി) ഇവയുടെ കൃത്യത പരിശോധിക്കുന്നതിന് അളവുതൂക്ക നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ടോ;

(ഡി) പരിശോധന നടത്തുന്നില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ ഡോക്ടർമാർ ഉപയോഗിക്കുന്ന ക്ലിനിക്കൽ തെർമോമീററർ പരിശോധന നടത്താത്തതുകൊണ്ട് നിലവാരം പുലർത്തുന്നുണ്ടോയെന്ന് പറയാൻ നിർവ്വാഹമില്ല. വെയിംഗ് മെഷീൻ മിക്കവാറും സ്ററാൻഡേർഡ് നിലവാരം പുലർത്തുന്നവയാണ്.

(ബി, സി ആൻറ് ഡി) വെയിംഗ് മെഷീൻ പരിശോധിക്കാൻ നിയമം നിലവിലുണ്ട്. ക്ലിനിക്കൽ തെർമോമീററർ പരിശോധിക്കാൻ നിലവിലുള്ള നിയമത്തിൽ വകുപ്പില്ല. അതുകൊണ്ട് ഡോക്ടർമാർ ഉപയോഗിക്കുന്ന വെയിംഗ് മെഷീന്റെ പരിശോധന മാത്രം കാലാകാലങ്ങളിൽ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പെട്രോൾ ബങ്കിൽനിന്നും വിതരണം ചെയ്യുന്ന ഡീസൽ, പെട്രോൾ എന്നിവയുടെ അളവിൽ കുറവ്

62 [3461] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പെട്രോൾ ബങ്കിൽനിന്നും വിതരണം ചെയ്യുന്ന ഡീസൽ, പെട്രോൾ എന്നിവയുടെ അളവിൽ കുറവുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) കഴിഞ്ഞവർഷം കേരളത്തിൽ അളവിൽ കുറച്ച് ഡീസലും, പെട്രോളും വിതരണം ചെയ്തു എന്നതിന്റെ പേരിൽ എത്ര പെട്രോൾ ബങ്കുകാർക്കെതിരെ നടപടി എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ അന്വേഷണം നടത്തി കുററക്കാരുടെമേൽ കേസ് എടുത്തിട്ടുണ്ട്.

(സി) നൂററിപ്പത്തിനൊന്ന് പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

## അളവുകളും തൂക്കങ്ങളും ആഫീസുകളിലെ ജീവനക്കാർ

63 [3462] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുകളും തൂക്കങ്ങളും വകുപ്പിന്റെ താലൂക്ക് ഓഫീസിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്;

(ബി) ഇതിൽ ക്ലാർക്കുമാർ ആരെങ്കിലും ഉണ്ടോ;

(സി) പ്രസ്തുത ആഫീസിലെ ജോലിഭാരം കണക്കിലെടുത്ത് എല്ലാ താലൂക്ക് ഓഫീസുകളിലും ഓരോ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) അഞ്ച്.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകാരണം തൽക്കാലത്തേയ്ക്ക് മാററിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## അളവുതൂക്ക ഡിപ്പാർട്ട്മെൻറിലെ വാഹനങ്ങൾ

64 [3463] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുകളും തൂക്കങ്ങളും ഡിപ്പാർട്ടുമെൻറിൽ ഇന്ന് എത്ര വാഹനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) ഈ വാഹനങ്ങളുടെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഡിപ്പാർട്ടുമെൻറിൻെറ പരിശോധന മുതലായ കാര്യത്തിന് വാഹനം അത്യാവശ്യമാണോ;

(ഡി) എങ്കിൽ ഓരോ ജില്ലയ്ക്കും ഓരോ വാഹനങ്ങൾവീതം നൽകുന്നതിനുവേണ്ട നടപടികൾ എടുക്കുമോ?

### ഉത്തരം

(എ) പതിനൊന്ന്. ഇവയിൽ ഒരെണ്ണം അളവുതൂക്ക കൺട്രോളർ ആഫീസിലും ബാക്കി 10 വാഹനങ്ങൾ 14 ജില്ലകളിലായും ഉപയോഗിക്കുന്നു.

(ബി) ഒരെണ്ണം 25 വർഷം പഴക്കമുള്ളതും 6 എണ്ണം 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും 4 എണ്ണം 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതുമാണ്.

(സി) അത്യാവശ്യമാണ്.

(ഡി) ധനലഭ്യതയ്ക്കനുസരിച്ച് നടപടികൾ എടുക്കുന്നതാണ്.

## കശുമാവ് കൃഷി വികസനത്തിനായുള്ള പദ്ധതികൾ

65 [3464] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുമാവ് കൃഷിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

1992-93 സാമ്പത്തിക വർഷത്തിൽ 5,000 ഹെക്ടർ പ്രദേശത്ത് പുതുതായി കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, കശുമാവിനെ ആക്രമിക്കുന്ന ഒരു പ്രധാന കീടമായ തേയില കൊതുകിനെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുംപുറമെ, കേന്ദ്രാ

വിഷ്കൃത പദ്ധതിയായ സമഗ്ര കശുമാവ് വികസന പദ്ധതി യിൻകീഴിൽ 1991-92 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 100 ഹെക്ടർ സ്ഥലത്തെ കശുമാവ് കൃഷിക്ക്, ഹെക്ടറിന് 300 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

എണ്ണപ്പനകൃഷി നടത്തുവാൻ പദ്ധതി

66 [3465] ശ്രീ. തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ എണ്ണയുടെ ദൗർലഭ്യം നേരിടുവാൻ കേരളത്തിൽ വിപുലമായ തോതിൽ എണ്ണപ്പന കൃഷി നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കുട്ടനാടൻ പ്രദേശങ്ങളിലെ നെൽകൃഷിക്ക് യോഗ്യമല്ലാത്ത കരിനിലങ്ങൾ എണ്ണപ്പന കൃഷിക്ക് അനുയോജ്യമാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഓയിൽ പാം ഇന്ത്യ ലിമിററഡിൻെറ കീഴിൽ എണ്ണപ്പന കൃഷി വിപുലമായ തോതിൽ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

ഓയിൽ പാം ഇന്ത്യ ഓഫീസർ ആളുകളെ ഭീഷണിപ്പെടുത്തിയ സംഭവം

67 [3466] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽപാം ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിലെ ഒരു വാഹനം പോലീസ് ബോർഡും ലൈററും വച്ച് അവിടത്തെ സെക്യൂരിററി ഓഫീസർ സഞ്ചരിക്കുകയും ആളുകളെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓയിൽപാം ഇന്ത്യാ ലിമിററഡിൽ ഒരു വാഹനം പോലീസ് ഡിപ്പാർട്ടുമെൻറിലെ ഒരു സർക്കിൾ ഇൻസ്പെക്ടറായ സെക്യൂരിററി ഓഫീസർ പോലീസ് ബോർഡും ലൈററും വച്ച് ഉപയോഗിച്ചിരുന്നതായും എന്നാൽ ആളുകളെ ഭീഷണിപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും കമ്പനി അറിയിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത കാലത്ത് പരാതി ലഭിച്ചിരുന്നതായി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) പോലീസ് എന്ന ബോർഡും ലൈററും എടുത്ത് നീക്കുകയുണ്ടായി.

## പയറുകൃഷി പ്രോൽസാഹിപ്പിക്കാൻ പദ്ധതി

68 [3467] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷി വികസന പരിപാടിയിൽപ്പെടുന്ന പാടശേഖരങ്ങളിൽ മൂന്നാം വിളയായി പയറു കൃഷിയെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെൻറ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേലുള്ള വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്തു തുക ഇതിനായി ചെലവഴിക്കും; ഏതേത് ഇനങ്ങൾക്ക്;

(ഇ) നടപ്പു സാമ്പത്തിക വർഷം ഇതിനു ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര?

### ഉത്തരം

(എ, ബി) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷി നടത്തിയ പാടങ്ങളിൽ മൂന്നാം വിളയ്ക്ക് പയറു കൃഷി നടത്തുന്നതിനായി 20 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കി. ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്ക് 41 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ഒരു കർഷകന് ഒരു ഹെക്ടർ സ്ഥലത്ത് പയറുകൃഷി നടത്തുന്നതിന് 410 രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 260 രൂപ പയറു വിത്തിന്റെ വിലയുടെ 75 ശതമാനവും റൈസോബിയം കൾച്ചറിന്റെ വിലയായ 5 രൂപയും കീടനാശിനി വിലയുടെ 50 ശതമാനമായ 145 രൂപയുമാണ്.

(സി) മേൽപ്പറഞ്ഞ പദ്ധതി കൂടാതെ പയറു കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ദേശീയ പയറുകൃഷി വികസന പദ്ധതി നടപ്പിൽ ആക്കിയിട്ടുണ്ട്.

(ഡി) പയറുകൃഷി വികസന പദ്ധതിയിൽ 41 ലക്ഷം രൂപയും ദേശീയ പയറുകൃഷി വികസന പദ്ധതിയിൽ 10 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം ചിലവഴിക്കുന്നുണ്ട്. പയറുകൃഷി വികസന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ പയറു വിത്തിനും റൈസോബിയം കൾച്ചറിനും കീടനാശിനിക്കുമാണ് 41 ലക്ഷം രൂപ ചിലവഴിക്കാനുദ്ദേശിക്കുന്നത്. ദേശീയ പയറു കൃഷി വികസന പദ്ധതിയിൽ താഴെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിക്കുന്നതാണ്:

1. പയറു വിത്തിന്റെ മിനിക്കിററ്
2. പയറുകൃഷിയുടെ മാതൃകാതോട്ടം
3. കീടനാശിനി
4. റൈസോബിയം കൾച്ചർ
5. കീടനാശിനി തളിക്കാനുള്ള സ്പ്രേയറുകൾ
6. ട്രെയിനിംഗ്

(ഇ) നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കുംകൂടി 51 ലക്ഷം രൂപ ചിലവാക്കുവാനാണുദ്ദേശിക്കുന്നുത്.

## പച്ചക്കറി കൃഷി വികസനത്തിന് പദ്ധതി

69 [3468] ശ്രീ. ഇ. ശങ്കരൻ:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറികളുടെ ദൗർലഭ്യം പരിഗണിച്ച് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ പച്ചക്കറി കൃഷി രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് സംഭരണ/വിതരണ ശാലകൾ തുറന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ജില്ലകൾതോറും പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 13 പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മററ് ജില്ലകളിൽ ഇത്തരത്തിലുള്ള 5 ഗ്രാമങ്ങൾവീതം ഈ സാമ്പത്തിക വർഷത്തിൽ രൂപീകരിക്കുന്നതിന് കോർപ്പറേഷൻ നടപടികളെടുത്തുവരുന്നു. പച്ചക്കറി കൃഷിക്കാരുടെ സംഘടനകൾ രൂപീകരിക്കുകയും അതിലെ അംഗങ്ങൾക്ക് ആവശ്യമായ വിത്ത്, വളം, സാങ്കേതിക ഉപദേശങ്ങൾ മുതലായവ കോർപ്പറേഷൻ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ വിപണനം ചെയ്യുന്നതിനാവശ്യമായ സഹായങ്ങളും കോർപ്പറേഷൻ ചെയ്തുവരുന്നുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് പച്ചക്കറി സംഭരണ/വിതരണ ശാലകൾ തുറന്നിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കരകൃഷി വികസിപ്പിക്കുന്നതിനായി പദ്ധതി

70 [3466] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൃഷി വികസിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മൊത്തം എത്രകോടി രൂപ ചെലവുവരുന്ന പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഗവൺമെൻറ് ഒപേക്കിന്റെ (OPEC) സഹായത്തോടുക്കൂടി 54.42 കോടി രൂപക്കുള്ള കരകൃഷി വികസന പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ മൊത്തം 5.4 കോടി രൂപ ചെലവു വരുന്ന ദേശീയവാട്ടർ ഷെഡ് വികസന പദ്ധതി എന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയും 1991-92-ൽ നടപ്പാക്കുന്നുണ്ട്.

(ബി) മൊത്തം 59.82 കോടി രൂപയ്ക്കുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

## ചെറുകിട നാമമാത്ര കൃഷിക്കാർക്ക് രാസവള സബ്സിഡി

71 [3470] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കൃഷിക്കാർക്ക് രാസവള സബ്സിഡി നൽകുന്നതിനുള്ള തുക സംസ്ഥാന ഗവൺമെൻറിന് കേന്ദ്ര ഗവൺമെൻറ് നൽകുമോ;

(ബി) ഈ ആവശ്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെൻറിന് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) നൂറു ശതമാനവും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. അതിനാൽ തുക മുഴുവനും കേന്ദ്ര സർക്കാർ നൽകുന്നതാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തിനായി നീക്കിവച്ചിട്ടുള്ള 12.137 കോടി രൂപയിൽ ഇപ്പോൾ ലഭിച്ച 2.997 കോടി രൂപ കഴിച്ച് ബാക്കിയുള്ള 9.14 കോടി രൂപ കൂടി കഴിവതും വേഗം നൽകണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് അപേക്ഷിച്ചിട്ടുണ്ട്.

## കാർഷിക വായ്പാ പലിശ മടക്കിക്കൊടുക്കുവാൻ നടപടി

72 [3471] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട കർഷകർ എടുക്കുന്ന കാർഷിക വായ്പ നിശ്ചിത സമയത്ത് തിരിച്ചടയ്ക്കുന്നവർക്ക് വായ്പയുടെ പലിശ മടക്കിക്കൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ആനുകൂല്യം സംസ്ഥാനത്തെ മിക്ക ചെറുകിട കർഷകർക്കും ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ, ബി) 1985-86 വരെ മാത്രമെ കൃഷി വകുപ്പിൽ നിന്നും നേരിട്ട് കർഷകർക്കു വായ്പകൾ നൽകിയിരുന്നുള്ളൂ. ഇത് കൃത്യമായി തിരിച്ചടച്ചിരുന്നവർക്ക് പലിശനിരക്കിൽ 2 ശതമാനം കിഴിവു അനുവദിച്ചിരുന്നു. 1986-87 മുതൽ സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് വായ്പകൾ നൽകിവരുന്നത്. ഈ വായ്പകൾക്ക് പലിശ മടക്കി കൊടുക്കുന്നില്ല.

## കാർഷിക വായ്പകൾ എഴുതിത്തള്ളാൻ നടപടി

73 [3472] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ എടുത്ത കാർഷികവായ്പകൾ എന്നു മുതലാണ് ഗവൺമെൻറ് എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതു കാരണം ഗവൺമെൻറിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്ര;

(സി) മുൻസർക്കാർ 1972 മുതൽ 1985 വരെയുള്ള കാർഷിക വായ്പകൾ എഴുതി തള്ളിയിട്ടുണ്ടോ?

### ഉത്തരം

(എ) കൃഷി വകുപ്പിൽ നിന്നും നേരിട്ട് നൽകിയിട്ടുള്ള 5,000 രൂപ വരെയുള്ള കാർഷിക കടങ്ങളിൽ 31-12-1989 വരെ പിരിഞ്ഞു കിട്ടാൻ ബാക്കി നിൽപ്പുള്ള തുകയാണ് എഴുതിത്തള്ളാൻ ഉത്തരവായിട്ടുള്ളത്.

(ബി) മുതൽ ഇനത്തിൽ ആകെ 12,98,61,631 (പന്ത്രണ്ടു കോടി തൊണ്ണൂററിഎട്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി അറുനൂററി മുപ്പത്തിയൊന്ന്) രൂപയും അതിൻെറ ഇതുവരെയുള്ള പലിശയിനത്തിൽ 8,12,92,576 (എട്ട് കോടി പന്ത്രണ്ടു ലക്ഷത്തി തൊണ്ണൂററിരണ്ടായിരത്തി അഞ്ഞൂററി എഴുപത്തിയാറു) രൂപയുമാണ് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1990-ലെ കാർഷിക ഗ്രാമീണ കടാശ്വാസ പദ്ധതിയിലെ വ്യവസ്ഥ അനുസരിച്ചു സഹകരണ സ്ഥാപനങ്ങൾ നൽകിയ കാർഷിക വായ്പകളിൽ 2-10-1989-നു അവധി ബാക്കിയായി നിന്നിരുന്ന അർഹതപ്പെട്ട 10,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. കൃഷിവകുപ്പിൽ നിന്നും നേരിട്ടു നൽകിയിട്ടുള്ള 1972 മുതൽ 1985 വരെയുള്ള കാർഷിക വായ്പകൾ ഇതിനുമുമ്പ് എഴുതി തള്ളിയിട്ടില്ല.

## കാലവർഷക്കെടുതിമൂലവും വരൾച്ചമൂലവുമുണ്ടായ വിളനശീകരണത്തിന് നൽകിയ സഹായധനം

74 [3473] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം സംസ്ഥാനത്തുണ്ടായ കൃഷി നാശങ്ങൾക്കും വരൾച്ചമൂലമുണ്ടായ വിളനശീകരണത്തിനും 1987 മുതൽ ഓരോ വർഷവും എന്ത് തുകയാണ് കൃഷിക്കാർക്ക് ഗവൺമെന്റ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഇക്കാലയളവിലുണ്ടായ കാർഷികക്കെടുതിയുടെ നഷ്ടം എത്ര എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1987 മുതൽ 1991 വരെ സംസ്ഥാനമൊട്ടാകെ കാലവർഷക്കെടുതി, വരൾച്ച ഇവ മൂലമുണ്ടായ കൃഷിനാശത്തിന്, കൃഷിക്കാർക്ക് ആശ്വാസമായി മൊത്തം 2231.98 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ കണക്ക് താഴെ പറയും പ്രകാരമാണ്:

| വർഷം | പ്രകൃതിക്ഷോഭത്തിന്റെ സ്വഭാവം | രൂപ ലക്ഷത്തിൽ |
|---|---|---|
| 1987 | വരൾച്ച ദുരിതാശ്വാസം | 890·36 |
| 1988 | കാലവർഷക്കെടുതി ദുരിതാശ്വാസം | 24·63 |
| 1989 | വരൾച്ച ദുരിതാശ്വാസം | 19·99 |
| 1989 | കാലവർഷക്കെടുതി ദുരിതാശ്വാസം | 262·00 |
| 1990 | കാലവർഷക്കെടുതി ദുരിതാശ്വാസം | 35·00 |
| 1991 | കാലവർഷക്കെടുതി ദുരിതാശ്വാസം | 1000·00 |
| | ആകെ | 2231·98 |

ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 1987 മുതൽ 1991 വരെ സംസ്ഥാനമൊട്ടാകെ കാലവർഷക്കെടുതി, വരൾച്ച ഇവമൂലം 2,08,448·13 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

### കുഴൽമന്ദം മണ്ഡലത്തിലെ എം. എ. ഡി. സ്കീം

75 [3474] ശ്രീ എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ തരൂർ പഞ്ചായത്തിൽ 1989-ൽ സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് ഒരു എം. എ. ഡി. സ്കീം (മലമ്പുഴ ആയക്കെട്ട് ഡെവലപ്പ്മെന്റ് പദ്ധതി) ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(സി) ഇല്ലെങ്കിൽ അത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) പ്രസ്തുത സ്കീം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

#### ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇത്തരം പദ്ധതികൾ കമാൻറ് ഏരിയാ വികസന അതോറിട്ടിയാണ് നടപ്പിലാക്കുന്നത്.

(ഡി) സോയിൽ കൺസർവേഷൻ വിഭാഗം പ്രസ്തുത സ്കീം നടപ്പിലാക്കുന്നില്ല.

### കൃഷിഭവൻ ഉപദേശകസമിതികൾ

76 [3475] ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവൻ ഉപദേശക സമിതികൾ പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര കൃഷിഭവൻ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ സമിതികൾ മാസംതോറും യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ?

#### ഉത്തരം

(എ) പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിക്കാൻ 16-9-1991-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഓരോ കൃഷി ഭവനിലും ഒരു ഉപദേശക സമിതി വീതം 1047 കൃഷിഭവൻ ഉപദേശകസമിതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഒരു വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും സമിതികൾ യോഗം കൂടിയിരിക്കേണ്ടതാണെന്ന് നിലവിലുള്ള നിർദ്ദേശങ്ങൾ അനുശാസിക്കുന്നുണ്ട്.

## കൃഷിഭവനിൽ നടക്കുന്ന അഴിമതി തടയുവാൻ നടപടി

77 [3476] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളിൽ നടക്കുന്ന ക്രമക്കേടുകൾ തടയുവാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗവൺമെൻറ് പ്രഖ്യാപിച്ച് നടപ്പാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ പ്രയോജനം യഥാർത്ഥ ആളുകളിൽ എത്താതെ കൃഷിഭവനുകളിലെ ഉദ്യോഗസ്ഥർ തിരിമറി നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു തടയുവാൻ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) ക്രമക്കേടുകൾ നടക്കുന്നതായി ആരോപണമുണ്ടായാൽ അപ്പോഴപ്പോൾ തന്നെ വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാതലത്തിൽ കൃഷി ജോയിൻറ് ഡയറക്ടറും അദ്ദേഹത്തിന്റെ പ്രതിനിധിയായ കൃഷി ഡെപ്യൂട്ടി ഡയറക്ടറും, സബ്ഡിവിഷൻ തലത്തിൽ സബ്ഡിവിഷൻ ഓഫീസറും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടറും ക്രമക്കേടുകൾ നടക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ മാർഗ്ഗരേഖകളും കർശനമായ നിർദ്ദേശങ്ങളും നൽകാറുണ്ട്. ഇതിനും പുറമെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട കാർഷിക ഉപദേശക സമിതിയും ക്രമക്കേടുകൾ നടക്കാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) പദ്ധതികളുടെ പ്രയോജനം യഥാർത്ഥ ആളുകളിൽ എത്താതെ കൃഷിഭവനുകളിലെ ഉദ്യോഗസ്ഥർ തിരിമറി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ കൈക്കൊള്ളാറുണ്ട്. കൂടാതെ പദ്ധതികളുടെ പ്രയോജനം യഥാർത്ഥ കർഷകർക്കു തന്നെ ലഭിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ അതതു പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാറുണ്ട്.

## കൃഷി വകുപ്പിന്റെ കീഴിലുള്ള ജീവനക്കാർ

78 [3477] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എസ്. സി./എസ്. റ്റി., മുസ്ലീം, ഒ. ബി. സി. വിഭാഗക്കാർ ഓരോരുത്തരും എത്രവീതമുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ പ്രത്യേകം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7675 പേർ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

## അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടറിൽ നിന്നും റവന്യൂ റിക്കവറി

79 [3478] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടർ വി. എസ്. പ്രഭാകര കൈമൾ എന്ന ഉദ്യോഗസ്ഥനിൽ നിന്നും 11,160 രൂപ റവന്യൂ റിക്കവറി നടത്താനുള്ള ഉത്തരവിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത തുക സർക്കാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ശ്രീ. വി. എസ്. പ്രഭാകര കൈമളിൽ നിന്നും റവന്യൂ റിക്കവറി നടത്താൻ ഉള്ള ഉത്തരവ് വന്നിട്ടില്ല.

(ബി) കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ ശ്രീ. വി. എസ്. പ്രഭാകര കൈമളിൽ നിന്നും കോഴിക്കോട്ടുള്ള അമലാ ചാരിട്ടബിൾ പ്രൈവററ് ലിമിററഡ് ഈടാക്കുവാനുണ്ടായിരുന്ന തുക, ടിയാനിൽ നിന്ന് സർക്കാർ പിടിച്ചുകൊടുക്കണമെന്നു കോടതി ഉത്തരവ് നടപ്പാക്കാത്തതിനാൽ, കോഴിക്കോട് കളക്ടറേററിലെ ജംഗമ വസ്തുക്കൾ കണ്ടുകെട്ടണമെന്ന് ഉത്തരവായ സാഹചര്യത്തിൽ അതൊഴിവാക്കുവാൻ വേണ്ടിയാണ് ശ്രീ. കൈമൾ നൽകുവാനുള്ള 11,160 രൂപ സർക്കാർ ജില്ലാ കളക്ടർക്കു നൽകിയത്. ടി തുക ശ്രീ. കൈമളിൽ നിന്ന് ഈടാക്കുന്നതാണ്.

(സി) 12–11–1991-ലെ സർക്കാർ ഉത്തരവ് നമ്പർ ആർ. ററി. 2240/91/എഡി.-യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു‡

## ജില്ലാ കൗൺസിലിൽ നിന്നും പിൻവലിച്ച കാർഷിക അധികാരങ്ങൾ

80 [3479] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സംബന്ധമായ ഏതെല്ലാം അധികാരങ്ങളാണ് ജില്ലാ കൗൺസിലിൽ നിന്നും തിരിച്ചെടുക്കുകയുണ്ടായത്;

(ബി) ഇപ്രകാരം അധികാരം തിരിച്ചെടുക്കുവാനുള്ള കാരണം വ്യക്തമാക്കുമോ?

† അനുബന്ധം XI ‡ അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ കൗൺസിലുകളിൽകൂടി നടപ്പിലാക്കിക്കൊണ്ടിരുന്ന കൃഷി വികസന പരിപാടികളും ജില്ലാ കൗൺസിലുകൾക്ക് വിട്ടുകൊടുത്തിരുന്ന ജീവനക്കാർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും തിരിച്ചെടുക്കുകയുണ്ടായി.

(ബി) കൃഷി വകുപ്പിൽക്കൂടി നടപ്പിലാക്കുന്ന വികസന പരിപാടികൾ പ്രത്യേകിച്ചും പദ്ധതി നടത്തിപ്പ് തൃപ്തികരമാംവണ്ണം നടപ്പിലാക്കാൻ ജില്ലാ കൗൺസിലുകൾക്ക് ഉദ്ദേശിച്ച രീതിയിൽ കഴിയാത്തതുമൂലമാണ് അധികാരങ്ങൾ തിരിച്ചെടുത്തത്.

'ഇഫ്കോ'-യുടെ കീടനാശിനി നിർമ്മാണശാല

81 [3480] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 'ഇഫ്കോ'-യുടെ (ഇൻഡ്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോപ്പറേറ്റീവ് സൊസൈററി) കീടനാശിനി നിർമ്മാണശാലയോ വളനിർമ്മാണശാലയോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയായിരിക്കും തുടങ്ങുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) 'ഇഫ്കോ' കേരളത്തിൽ കീടനാശിനി നിർമ്മാണശാലയോ, വളം നിർമ്മാണശാലയോ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതായി വിവരമൊന്നും ലഭിച്ചിട്ടില്ല.

പരിസര മലിനീകരണം മൂലം കൃഷിനാശം

82 [3481] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പൊതുമേഖലാ ഫാക്ടറികളുടെയും പരിസരത്തുള്ള കൃഷിക്ക് പരിസര മലിനീകരണം മൂലം കൃഷിനാശം സംഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫാക്ടറികൾ വരുത്തിവയ്ക്കുന്ന ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിസര മലിനീകരണം മൂലം കൃഷി നാശം സംഭവിക്കുന്നതിന് നഷ്ടപരിഹാരം ഈടാക്കാൻ സർക്കാരിന് തൽക്കാലം നിയമങ്ങൾ ഒന്നും തന്നെ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## മിൽമയും പാലുൽപ്പന്നങ്ങളും

83 [3482] ശ്രീമതി അൽഫോൺസാ ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലിററർ പശുവിൻ പാലിന് കർഷകന് നൽകുന്ന വില എത്ര;

(ബി) എല്ലാ പശുവിൽ നിന്നും കിട്ടുന്ന പാലിന് ഒരേ വിലയാണോ നൽകുന്നത്; പാലിന്റെ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ശുദ്ധമായ പാലിന് ഒരേ വിലതന്നെ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു ലിററർ പാലിൽ അതിൽ നിന്നെടുക്കുന്ന വെണ്ണ ഉൾപ്പെടെ മിൽമയ്ക്കു ലഭിക്കുന്ന വില എത്ര;

(ഇ) മിൽമയിൽ ഓരോ കാററഗറിയിലും മൊത്തം എത്ര ജീവനക്കാരുണ്ട്; അവർക്ക് വേണ്ടിയുള്ള ചിലവ് പ്രതിവർഷം എത്രയെന്ന് കാററഗറി തിരിച്ച് പറയുമോ;

(എഫ്) മിൽമ ബോർഡ് അംഗങ്ങൾക്ക് വേണ്ടി എത്ര രൂപ ഏതെല്ലാം ഇനത്തിൽ ചെലവാക്കുന്നു എന്നു വ്യക്തമാക്കുമോ; വരവും ചെലവും തമ്മിലും ഉൽപ്പന്നവും ജീവനക്കാരും തമ്മിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) മിൽമയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടി സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മിൽമ സംഭരിക്കുന്ന ശരാശരി ഗുണനിലവാരമുള്ള ഒരു ലിററർ പശുവിൻ പാലിന് കർഷകന് 5 രൂപ 26 പൈസ നിരക്കിലാണ് നൽകുന്നത്.

(ബി) ഒരേ ഗുണനിലവാരമുള്ള എല്ലാ പാലിനും ഒരേ വിലയാണ് മിൽമ നൽകുന്നത്. പാലിന്റെ വില നിശ്ചയിക്കുന്നത് ഗുണനിലവാരമനുസരിച്ചാണ്. അതായത് പാലിൽ അടങ്ങിയിട്ടുള്ള കൊഴുപ്പിന്റെയും കൊഴുപ്പ് ഒഴിച്ചുള്ള മററു ഖരപദാർത്ഥങ്ങളുടെയും അളവനുസരിച്ച് വിലയിൽ വ്യത്യാസം വരാവുന്നതാണ്.

(സി) ശുദ്ധമായതും ഒരേ ഗുണനിലവാരമുള്ളതുമായ പാലിന് ഒരേ വിലയാണ് ഇപ്പോൾ മിൽമ നൽകുന്നത്.

(ഡി) ഒരു ലിററർ പാലിൽ (ശരാശരി ഗുണനിലവാരമുള്ള 4·3 ശതമാനം കൊഴുപ്പും 8·3 ശതമാനം എസ്. എൻ. എഫ്.) നിന്നെടുക്കുന്ന വെണ്ണ ഉൾപ്പെടെ മിൽമയ്ക്ക് ലഭിക്കുന്നത് 7 രൂപ 30 പൈസയാണ്.

(ഇ) ഓരോ കാററഗറിയിലുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധത്തിൽ കാണാവുന്നതാണ്. † അവർക്കു വേണ്ടിയുള്ള പ്രതിവർഷ ചിലവ് 5·5 കോടി രൂപയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) മിൽമ ബോർഡ് അംഗങ്ങൾക്കുവേണ്ടി പ്രതിവർഷം യാത്രാബത്തയും ഇന്ധനചിലവും ഉൾപ്പെടെ രണ്ടു ലക്ഷം രൂപ ചിലവാക്കുന്നു. മിൽമയിലെ വരവും ചിലവും തമ്മിലുള്ള അനുപാതം 100:99 ആണ്. (അതായത് 95 കോടി 24 ലക്ഷം രൂപ വരവും 95 കോടി 16 ലക്ഷം രൂപ ചിലവും ആകുന്നു) ഉൽപ്പന്നവും ജീവനക്കാരും തമ്മിലുള്ള അനുപാതം 145 ലിററർ പാലിന് ഒരു ജീവനക്കാരൻ എന്ന തോതിലാണ്.

(ജി) പാൽ ഉൽപ്പാദനവും സംഭരണവും വർദ്ധിപ്പിക്കുന്നതിലേക്കുവേണ്ടി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംഭരണ ചിലവ് കുറയ്ക്കുന്നതിനുവേണ്ടി വിവിധ സംഭരണ റൂട്ടുകൾ പാലിന്റെ അളവനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്. അത്യാവശ്യം എന്നു കാണുന്ന സ്ഥലങ്ങളിൽ സംഭരണത്തിനുവേണ്ടിയും വിതരണത്തിനുവേണ്ടിയും ഓരോ വാഹനം തന്നെ ഉപയോഗിക്കുന്നു. ഇന്ധനചിലവ് ചുരുക്കുന്നതിനുവേണ്ടി വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറച്ചിട്ടുണ്ട്. യാത്ര കൂടുതലുള്ള പെട്രോൾ വാഹനങ്ങളെ ഡീസൽ വാഹനങ്ങളാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഡയറികളിലെ പാഴ്ച്ചിലവുകൾ പരമാവധി കുറച്ചിട്ടുണ്ട്. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിലും നിയമനം നടത്തുന്നതിലും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാരുടെ യാത്രാ ചിലവുകൾ പരമാവധി കുറച്ചിട്ടുണ്ട്.

## മൃഗസംരക്ഷണം/ക്ഷീരവികസനം എന്നീ മേഖലകളുടെ വികസനം

84 [3483] ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകളുടെ വിസനത്തിനായി ഈ സർക്കാർ നിരവധി വികസന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

കുളമ്പുരോഗം, കാലിവസന്ത, പേയ്, വിഷബാധ എന്നീ രോഗങ്ങളെ നിയന്ത്രിക്കാനും പശുക്കളിൽ കാണുന്ന വന്ധ്യത നിവാരണം ചെയ്യാനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം ഇപ്പോഴുള്ള 17 ലക്ഷം ടണ്ണിൽ നിന്നും അടുത്ത അഞ്ചുവർഷം കൊണ്ട് 25 ലക്ഷം ടണ്ണായി ഉയർത്താനുള്ള ഒരു ബൃഹത്; പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പശുക്കളുടെ വർഗ്ഗോദ്ധാരണം, അവയുടെ പരിപാലനം, പാലുൽപ്പാദനം, വിപണനം, ഉപഭോഗം എന്നീ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## സഞ്ചരിക്കുന്ന വെററിനറി ആശുപത്രികൾ

85 [3484] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന വെററിനറി ആശുപത്രികൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്ക് എത്ര;

(ബി) എറണാകുളം ജില്ലയിൽ സഞ്ചരിക്കുന്ന വെററിനറി ആശുപത്രിക്ക് വാഹനം ഇല്ലാത്ത കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ആശുപത്രിക്ക് വാഹനം അനുവദിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 11 സഞ്ചരിക്കുന്ന മൃഗാശുപത്രികളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ആശുപത്രിയും ഇതിനു പുറമേ ആലപ്പുഴയിൽ ഒരു ബോട്ട് ആശുപത്രിയും പ്രവർത്തിക്കുന്നു.

(ബി) എറണാകുളം ജില്ലയിലെ സഞ്ചരിക്കുന്ന മൃഗാശുപത്രിക്ക് വാഹനം നൽകിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

## വെററിനറി ക്ലിനിക്കുകൾ

86 [3485] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര വെററിനറി ക്ലിനിക്കുകൾ വെററിനറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് എത്ര;

(ബി) എറണാകുളം ജില്ലയിൽ സ്ഥിതിചെയ്യുന്ന വെണ്ണല വെററിനറി ആശുപത്രി അപ്ഗ്രേഡ് ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ വർഷം പ്രസ്തുത ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സീനിയർ വെറററിനറി സർജൻമാരുടെ തസ്തികകളുടെ ലഭ്യതയനുസരിച്ച് മാത്രമേ വെറററിനറി ക്ലിനിക്കുകൾ വെറററിനറി ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യാൻ കഴിയു. ഇതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

(ബി) കിട്ടിയിട്ടുണ്ട്.

(സി) മൃഗാശുപത്രികൾ അപ്ഗ്രേഡ് ചെയ്യാനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കൂടുതൽ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

87 [3486] ശ്രീ. എം. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ/ക്ഷീരവികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കേന്ദ്രങ്ങൾ ആരംഭിക്കുവാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബീജദാന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്?

### ഉത്തരം

(എ, ബി) ഉണ്ട്. മൃഗസംരക്ഷണ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയതായി ആയിരം ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

## കരിങ്കരപ്പുള്ളി ലക്ഷം വീട് ഭാഗത്തെ പന്നിവളർത്തൽ കേന്ദ്രം

88 [3487] ശ്രീ. സി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുമ്പ് പഞ്ചായത്തിലെ കരിങ്കരപ്പുള്ളി ലക്ഷം വീട് ഭാഗത്തായി പന്നിവളർത്തൽ കേന്ദ്രം പ്രവർത്തിച്ചുവരുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേന്ദ്രത്തിലെ പന്നികൾ ലക്ഷം വീടുകളിൽ പ്രവേശിക്കുന്നതിനാലും അനാരോഗ്യം സൃഷ്ടിക്കുന്നതിനാലും ഗവൺമെന്റ് അന്വേഷണം നടത്തി പ്രശ്നം പരിഹരിക്കാൻ നടപടി എടുക്കുമോ?

### ഉത്തരം

(എ) കൊടുമ്പ് പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പന്നി വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നില്ല. സ്വകാര്യവ്യക്തിയുടമയിൽ പന്നി വളർത്തപ്പെടുന്നുണ്ട്.

(ബി) വ്യക്തമായ പരാതി ലഭിച്ചാൽ ആരോഗ്യ വകുപ്പ് അധികൃതർക്കും പഞ്ചായത്ത് വകുപ്പ് അധികൃതർക്കും ആവശ്യമായ നടപടി സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൃഷിവകുപ്പും കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രവും ചേർന്ന് ആസൂത്രണം ചെയ്യുന്ന കൃഷി വികസന കാര്യങ്ങൾ

89 [3488] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാകാലങ്ങളിൽ കൃഷിവകുപ്പും കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രവും ആസൂത്രണം ചെയ്യുന്ന കൃഷി വികസന കാര്യങ്ങൾ എത്ര കണ്ട് പ്രയോജനപ്പെടുന്നുവെന്നു ഗവൺമെന്റ് വിലയിരുത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രാദേശിക മണ്ണിന്റെ ഗുണങ്ങളും ഗവേഷണ വിഭാഗത്തിന്റെ നിഗമനങ്ങളും തമ്മിൽ പൊരുത്തപ്പെടാതെ കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നഷ്ടം കർഷകരെ ബുദ്ധിമുട്ടിപ്പിക്കുന്ന കാര്യം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) കർഷകന്റെ കാർഷിക വിളവുകൾക്ക് പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) ഉണ്ട്. എല്ലാ ജില്ലകളിലും മാസത്തിലൊരിക്കൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരും കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാരും കൂടിച്ചേർന്ന് നടത്തുന്ന പ്രതിമാസ ശിൽപശാലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഗവേഷണ ഫലങ്ങൾ ചർച്ച ചെയ്ത് സാങ്കേതികമായ ശുപാർശകൾ രൂപീകരിക്കുന്നു. ഇത് കൃഷി ഭവൻ മുഖേന കർഷകരിൽ എത്തിക്കുന്നു.

(സി) ഇല്ല.

(ഡി) കാർഷിക വിളവുകൾക്ക് പൂർണ്ണ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നതല്ല. കർഷകന് സഹായകരമായി കാർഷിക സാധനങ്ങൾ സബ്സിഡികൾ, വായ്പകൾ, ഉപദേശം എന്നിവ നൽകുന്നു. അവ സ്വീകരിച്ച് കൃഷി ചെയ്യേണ്ടതും വിളവെടുക്കുന്നതും കർഷകന്റെ ഉത്തരവാദിത്വമാണ്. പ്രകൃതിക്ഷോഭം മുതലായ കാരണങ്ങളാൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

## കാർഷികസർവ്വകലാശാല ഗവേഷണവിഭാഗം വികസിപ്പിച്ചെടുത്ത വിത്തുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള അറിവ് കൃഷിക്കാർക്ക് നൽകാൻ നടപടി

90 [3489] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം വികസിപ്പിച്ചെടുത്ത ഏതെല്ലാം തരത്തിലുള്ള കാർഷിക വിത്തുകളാണ് കർഷകർക്ക് നൽകിവരുന്നത്;

(ബി) ഈ അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള അറിവ് പൊതുജനങ്ങൾക്ക് നൽകാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേരള കാർഷിക സർവകലാശാലയുടെ ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്തതും കർഷകർക്ക് വിതരണം ചെയ്യുന്നതുമായ പ്രധാനപ്പെട്ട വിത്തിനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു:

നെല്ല്

അന്നപൂർണ്ണ
ത്രിവേണി
മട്ടത്രിവേണി
ജ്യോതി
ശബരി
കീർത്തി
നീരജ
ഭാരതി
പവിഴം
അരുണ
മകം
രമ്യ
കനകം
ഓണം
ഭാഗ്യ
ആശ
വൈററില 3

തെങ്ങിൻതൈ

ഡബ്ല്യു. സി. ററി × സി. ഡി. ഒ.
ഡബ്ല്യു. സി. ററി. × ജി. ബി. (കേരഗംഗ)
എ. ഒ. × ജി. ബി. (ആനന്ദഗംഗ)
സി. ഡി. ഒ. × ഡബ്ല്യു. സി. ററി.
സി. ഡി. ജി. × ഡബ്ല്യു. സി. ററി.
എൽ. ഒ. × സി. ഡി. ഒ.
ഡബ്ല്യു. സി. ററി.

പയർവർഗ്ഗങ്ങൾ

കനകമണി
കൃഷ്ണമണി

എള്ള്

തിലോത്തമ
സോമ
സൂര്യ

LIBRARY ARCHIVES Kerala Legislative Assembly

<u>പച്ചക്കറികൾ</u>

തക്കാളി—ശക്തി
വെണ്ട—കിരൺ
വഴുതന—സൂര്യ
വററൽമുളക്—ജ്വാലാമുഖി
ജ്വാലാസഖി
ചീര—കണ്ണാറലോക്കൽ
മത്തങ്ങ—അമ്പിളി
പാവൽ—പ്രിയ
പടവലം—ടി.എ. (19)
തണ്ണിമത്തൻ—മുടിക്കോട ലോക്കൽ

<u>ഫോഠറജ്</u>

ഹരിത

<u>ഇഞ്ചിപ്പുല്ല്</u>

സുഗന്ധി

<u>കരിമ്പ്</u>

മാധുരി

<u>കുരുമുളക്</u>

പന്നിയൂർ 1
പന്നിയൂർ 2
പന്നിയൂർ 3
പന്നിയൂർ 4

<u>കശുമാവ്</u>

ആനക്കയം 1
മടക്കത്തറ 1
മടക്കത്തറ 2

<u>ഏലം</u>

പി. വി. 1

(ബി) പാക്കേജ് ഓഫ് പ്രാക്ടീസസ് വഴി ശുപാർശകൾ നടത്തുക, പ്രതിമാസ വർക്ക്ഷാപ്പുകളിലൂടെ കർഷകർക്ക് വിവരങ്ങൾ എത്തിക്കുക, കർഷകരുടെ കൃഷിയിടങ്ങളിലെ പരിശീലനം, കൽപ്പധേനു വഴിയും വർത്തമാനപ്പത്രങ്ങൾ വഴിയും പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, ആകാശവാണി, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ വഴി കർഷകർക്ക് നൽകുന്ന പരിശീലനം എന്നിവ വഴിയാണ് പ്രധാനമായും വിത്തുകളുടെ ഗുണനിലവാരത്തെക്കുറിച്ചും മററും പൊതുജനങ്ങൾക്ക് അറിവ് പകർന്നു നൽകുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

## കേരള കാർഷിക സർവകലാശാലയിലെ കമ്പ്യൂട്ടറൈസേഷൻ

91 [3490] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാർക്ക് നൽകിയിരുന്ന സമയബന്ധിത ഗ്രേഡ് നിർത്തലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അത് നിയമാനുസൃതമായാണോ നിർത്തലാക്കിയത്; നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിനെതിരെ സംഘടനകളുടെ നിവേദനത്തിൻമേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കാർഷിക സർവകലാശാലയുടെ ആസ്ഥാനത്തും അതിന്റെ കീഴിലുള്ള കോളേജുകളിലും പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലും പുറമേ നിന്നുള്ള ധനസഹായത്തോടെ നടത്തുന്ന പദ്ധതികളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ജീവക്കാരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി, ഡി) ഉദിക്കുന്നില്ല.

## കാർഷിക വികസനം ലക്ഷ്യമാക്കിയുള്ള പുതിയ പദ്ധതികൾ

92 [3491] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്രകോടി രൂപയുടെ കാർഷിക വികസന പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്;

(ബി) ജില്ലതിരിച്ച് പദ്ധതി തുക വ്യക്തമാക്കാമോ?

### ഉത്തരം

(എ) 56.89 കോടി രൂപ

(ബി) ആകെ ചിലവഴിക്കുന്ന തുകയിൽനിന്നും 53·39 കോടി രൂപ ജില്ലകൾക്കായി വീതിച്ചുകൊടുത്തരിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| തിരുവനന്തപുരം | .. | 584·00 | ലക്ഷം രൂപ |
| കൊല്ലം | .. | 281·00 | ,, |
| പത്തനംതിട്ട | .. | 220·00 | ,, |
| ആലപ്പുഴ | .. | 347·00 | ,, |
| കോട്ടയം | .. | 265·00 | ,, |
| ഇടുക്കി | .. | 232·00 | ,, |
| എറണാകുളം | .. | 810·00 | ,, |
| തൃശ്ശൂർ | .. | 442·00 | ,, |
| പാലക്കാട് | .. | 520·00 | ,, |
| മലപ്പുറം | .. | 346·00 | ,, |
| കോഴിക്കോട് | .. | 531·00 | ,, |
| വയനാട് | .. | 248·00 | ,, |
| കണ്ണൂർ | .. | 282·00 | ,, |
| കാസർഗോഡ് | .. | 231·00 | ,, |
| ആകെ | .. | 5339·00 | ,, |

## കാർഷിക ഉൽപ്പന്നങ്ങളുടെ കയററുമതി

93 [3492] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട എത്ര തുകയ്ക്കുള്ള കാർഷിക ഉൽപ്പാദനമാണ് കഴിഞ്ഞ 1987 മുതൽ ഓരോ വർഷവും വിദേശത്തേക്ക് കയററി അയയ്ക്കപ്പെട്ടതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ എന്തു തുകയ്ക്കുള്ള ഏതെല്ലാം സാധനങ്ങളാണ് കയററി അയച്ചിട്ടുള്ളതെന്ന് പ്രത്യേകം വെളിപ്പെടുത്താമോ;

(സി) ഇതുമൂലം സംസ്ഥാനം നേടിയ വിദേശനാണ്യം എത്രയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ, ബി, സി) വിശദ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

## ജില്ലാ കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം

94 [3493] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ജില്ലാ കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

† അനുബന്ധം XIII



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കൃഷിത്തോട്ടങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതുതായി കൃഷിത്തോട്ടങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാമുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഇല്ല.

## കാർഷിക മേളകൾ

95 [3494] ശ്രീ. പി. ടി. തോമസ്:
,, സി. എം. സുന്ദരം:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പ്രാധാന്യമുള്ള ജില്ലകളിൽ താലൂക്ക് അടിസ്ഥാനത്തിൽ കാർഷിക മേളകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തുന്ന കാർഷിക മേളകൾക്കുപകരം ഇപ്രകാരം താലൂക്ക് തലത്തിൽ കാർഷികമേള സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുമോ?

ഉത്തരം

(എ) കാർഷിക മേളകൾ ഇപ്പോൾ ജില്ലാതലത്തിലാണ് സംഘടിപ്പിച്ചുവരുന്നതെങ്കിലും കാർഷികപ്രാധാന്യമുള്ള പ്രദേശങ്ങളിൽ താലൂക്ക് അടിസ്ഥാനത്തിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് വരുംവർഷങ്ങളിൽ പരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്.

(ബി) താലൂക്ക് തലത്തിൽ പ്രത്യേകമായി കാർഷിക മേളകൾ സംഘടിപ്പിക്കുമ്പോൾ, ഇതിന്റെ നടത്തിപ്പിന് ബന്ധപ്പെട്ടവരുടെ യോഗങ്ങൾ നടത്തുന്നതാണ്.

## കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭകരമായി നടത്തുന്നതിന് പദ്ധതി

96 [3495] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഇന്നേവരെയുള്ള നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷൻ ലാഭകരമായി നടത്തുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനിൽ ദിവസക്കൂലിയിനത്തിൽ ഉൾപ്പെടെ ഏതെങ്കിലും നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരമുള്ള വിശദവിവരം വെളിപ്പെടുത്താമോ?

## ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിക്കുന്നതുകൊണ്ട് മററ് പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കോർപ്പറേഷന്റെ നിലമ്പൂർ എസ്റേറററിലേക്ക് 55 കാഷ്വൽ തൊഴിലാളികളെയും സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച പദ്ധതിപ്രകാരം വിവിധ എസ്റേററുകളിൽ 14 തൊഴിലാളികളെയും സ്ററാഫ് വിഭാഗത്തിൽ 14 പേരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് സർവീസ് കമ്മീഷൻ വഴി സ്ററാഫ് വിഭാഗത്തിൽ ഒരാളെയും നിയമിച്ചിട്ടുണ്ട്.

## കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി വികസന ബോർഡുകൾ

97 [3496] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ എത്ര കൃഷി വികസന ബോർഡുകളാണ് ഉള്ളത്;

(ബി) പ്രസ്തുത ഓരോ ബോർഡിന്റേയും 1990-91, 1991-92 കാലയളവിലെ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ വികസന പ്രവർത്തനംകൊണ്ട് കാർഷിക വികസനത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഓരോ കാർഷിക വികസന ബോർഡുകളും വികസനങ്ങൾക്കായി എന്തുതുക വീതം ചെലവഴിച്ചു; ഇക്കാലയളവിൽ ബോർഡിന്റെ ആഫീസ് ചെലവ്, യാത്രപ്പടി, ശമ്പളം എന്നീ ചെലവുകൾക്കായി എന്തുതുക വീതം ചെലവഴിച്ചുവെന്ന് പ്രത്യേകമായി വെളിപ്പെടുത്താമോ?

## ഉത്തരം

(എ, ബി, സി, ഡി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ കൃഷി വികസന ബോർഡുകളൊന്നും പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### കാററുവീഴ്ച രോഗംമൂലമുള്ള നഷ്ടം

98 [3497] ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൾക്ക് കാററുവീഴ്ച രോഗം ബാധിക്കുന്നതുമൂലം എത്രകോടി രൂപയുടെ നഷ്ടം സംസ്ഥാനത്തെ കേര കർഷകർക്ക് ഉണ്ടാകുന്നുണ്ട്;

(ബി) കാററുവീഴ്ച രോഗം തടഞ്ഞ് കേരകർഷകർക്ക് ആശ്വാസം നൽകുന്നതിന് ഗവൺമെൻറ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം?

#### ഉത്തരം

(എ) 387 കോടി രൂപ പ്രതിവർഷം നഷ്ടപ്പെടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാററുവീഴ്ചരോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ മുറിച്ചുമാററുന്നതിന് തെങ്ങൊന്നിന് 100 രൂപാ നിരക്കിൽ സഹായധനം നൽകുകയും, പകരം നടുന്നതിനായി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകളും നൽകിവരുന്നുണ്ട്. ഈ രോഗം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കാതിരിക്കാനും, ഈ രോഗത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും തെങ്ങുകളുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനുംവേണ്ടി സ്വീകരിക്കേണ്ട ശാസ്ത്രീയ പരിചരണ രീതികൾ കർഷകർക്ക് വിവിധ മാധ്യമങ്ങളിൽക്കൂടി കൃഷിവകുപ്പ് നൽകിവരുന്നുണ്ട്.

### തെങ്ങുകൃഷി വികസനത്തിനുവേണ്ടി പുതിയ പദ്ധതികൾ

99 [3498] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകൃഷി വികസനത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ഗവൺമെൻറിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെങ്ങുകൃഷി വികസനത്തിനുവേണ്ടി എന്തെങ്കിലും ഏജൻസികളിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

#### ഉത്തരം

(എ) തെങ്ങുകൃഷി വികസനത്തിൽ 1992-93-ൽ പുതിയതായി ഏരിയാ അടിസ്ഥാനത്തിൽ ഉള്ള സമഗ്ര തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, തെങ്ങുകൃഷിക്ക് വിള ഇൻഷ്വറൻസ് എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) 1991-92 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെങ്ങു കൃഷി വികസനത്തിനായി നാളികേര വികസന ബോർഡ് മൊത്തം 157.993 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 80.90 ലക്ഷം രൂപ നാളികേര വികസന ബോർഡിന്റെ സഹായമാണ്.

## മില്ലിംഗ് കൊപ്രയുടെ ഉല്പാദനം

100 [3499] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. ചന്ദ്രശേഖരൻ:
,, ബേബിജോൺ:
,, കെ. കൃഷ്ണൻകുട്ടി:
,, ടി. നാണുമാസ്ററർ:
,, വി. സി. കബീർ:
ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ എത്ര ശതമാനം നാളികേരകൃഷിക്കായി ഉപയോഗിക്കുന്നു;

(ബി) ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്ന മില്ലിംഗ് കൊപ്രയുടെ എത്ര ശതമാനം കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്നു?

### ഉത്തരം

(എ) 27.56 ശതമാനം (1989-90-ലെ കണക്കനുസരിച്ച്)

(ബി) 95 ശതമാനം.

## കേരള നാളികേര വികസന കോർപ്പറേഷനും കേരഫെഡും തമ്മിലുള്ള സംയോജനം

101 [3500] ശ്രീ. പി. എം. മാത്യു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നാളികേര വികസന കോർപ്പറേഷനും കേരഫെഡും തമ്മിൽ സംയോജിപ്പിക്കാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിൽ ഏതെങ്കിലും സ്ഥാപനം നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത സംയോജനംമൂലം കേര കർഷകർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(ഡി) ഇതുമൂലം ഇപ്പോൾ കേരഫെഡിനു ലഭിച്ചുകൊണ്ടിരിക്കുന്ന ഇ.ഇ.സി.-യുടെ ധനസഹായം തുടർന്നു ലഭിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംയോജനംമൂലം ഇരു സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ ഉണ്ടാകുന്ന മാററത്തെപ്പററി ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി, ഇ) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കോർപ്പറേഷനും കേരഫെഡും തമ്മിൽ സംയോജിപ്പിക്കുന്നതിനെക്കുറിച്ചും സംയോജനത്തിൻെറ നിയമപരവും സാമ്പത്തികവുമായ വശങ്ങളെക്കുറിച്ചും പരിശോധിച്ചുവരുന്നതേയുള്ളു.

## കേരഫെഡിൽ നടത്തിയ നിയമനത്തിലെ അപാകതകൾ

102 [3501] ശ്രീമതി അൽഫോൻസാ ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കേരഫെഡിൽ ലയിപ്പിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) കേരഫെഡിൽ നിയമനത്തിനുവേണ്ടി നടത്തിയ എഴുത്തുപരീക്ഷയിലെ ക്രമക്കേടുകളെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) 1991 ഏപ്രിൽ മാസത്തിൽ കേരഫെഡിൽ 14 തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിൽ ചില തസ്തികകളിൽ അപേക്ഷിച്ചവരുടെ അപേക്ഷാഫീസ് സഹിതം മടക്കി അയച്ചിട്ടുള്ള വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരവധി ഒഴിവുകൾ ഉണ്ടായിരുന്നിട്ടും മേൽ പ്രസ്താവിച്ച രീതിയിൽ ചെയ്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കേരഫെഡിൽ ലയിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നതേയുള്ളു.

(ബി) ഇതിനെക്കുറിച്ച് പരാതി ഒന്നും ലഭിച്ചിട്ടില്ല.

(സി) 1991 ഏപ്രിൽ മാസത്തിൽ കേരഫെഡിൽ 15 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഇതിൽ മാനേജീരിയൽ കേഡറിൽപ്പെടാത്ത 10 തസ്തികകളിലേക്ക് അപേക്ഷ അയച്ചവരുടെ അപേക്ഷാഫീസ് മടക്കി അയച്ചുകൊണ്ടിരിക്കുകയാണ്. )–10–1991-ൽ ചേർന്ന കേരഫെഡിൻെറ ഭരണസമിതി യോഗം മാനേജീരിയൽ കേഡറിൽപ്പെടുന്ന 5 തസ്തികകളിൽമാത്രം നേരിട്ട് നിയമനം നടത്തുവാനും ബാക്കി മാനേജീരിയൽ കേഡറിൽപ്പെടാത്ത തസ്തികകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുവാനും തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിലാണ് അപേക്ഷാഫീസ് മടക്കി അയച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## നെല്ല് ഉൽപ്പാദനം സംബന്ധിച്ച പഠനം

103 [3502] ശ്രീ. കല്ലടി മുഹമ്മദ്:
,, കെ. കെ. അബു:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ചെർക്കളം അബ്ദുള്ള:
,, പി. വി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹെക്ടർ ഭൂമിയിൽ ശരാശരി നെല്ല് ഉൽപ്പാദനമെത്ര;

(ബി) അഖിലേന്ത്യാതലത്തിൽ അന്തർദേശീയ തലത്തിൽ ശരാശരി ഉല്പാദനം എത്ര;

(സി) സംസ്ഥാനത്ത് ശരാശരി നെല്ലുൽപ്പാദനത്തെ സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കിയിട്ടും ഗണ്യമായ വർദ്ധനവ് ഉണ്ടാകാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 1990-91 വർഷത്തിൽ ഒരു ഹെക്ടർ ഭൂമിയിൽ ശരാശരി 2956 കിലോഗ്രാം നെല്ലുൽപ്പാദിപ്പിച്ചതായി കണക്കാക്കപ്പെടുന്നു.

(ബി) 1987-88-ൽ അഖിലേന്ത്യാതലത്തിൽ ശരാശരി ഉല്പാദനം ഹെക്ടർ ഒന്നിന് 3332 കിലോഗ്രാമും അന്തർദേശീയതലത്തിൽ ഹെക്ടർ ഒന്നിന് 4903 കിലോഗ്രാമും ആണ്.

(സി) ഇല്ല.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

## നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി

104 [3503] ശ്രീ. ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൾ എതെല്ലാം ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുട്ടനാട് കരിനില വികസന ഏജൻസി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇതിന് എന്തു തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ ഗ്രൂപ്പ് ഫാമിംഗ്, കൂടുതൽ ഉല്പാദന ശേഷിയുള്ള വിത്തിന്റെ സംഭരണവും വിതരണവും ഊർജ്ജിത നെൽകൃഷി വികസന പദ്ധതി, കീടരോഗനിവാരണത്തിനുള്ള പദ്ധതി, രാസവള സബ്സിഡി, മിനികിററ്സ് വിതരണ പരിപാടി എന്നിവയാണ്.

(ബി) ഊർജ്ജിത നെൽകൃഷി വികസന പരിപാടി ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും കരി കോൾ വികസനപരിപാടികൾ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലും മററു പരിപാടികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) കരിനില വികസന പ്രവർത്തനങ്ങൾക്കായി ഇക്കൊല്ലം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ നടപടി

105 [3504] ശ്രീ. ടി. ചാത്തു:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷിക്കാർക്ക് ഏക്കർ ഒന്നിന് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന 40 രൂപ തോതിലുള്ള സബ്സിഡി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, വിത്ത് സംഭരണവും വിതരണവും, സംയോജിത നെൽകൃഷിവികസന പദ്ധതി, മിനി കിററ്സ് പദ്ധതി, പ്രശ്ന ബാധിത പ്രദേശങ്ങളിൽ പ്രത്യേക ഊർജ്ജിത വികസന പരിപാടികൾ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## നെൽകൃഷിയിൽ സ്വയം പര്യാപ്തത നേടാൻ സ്വീകരിച്ച നടപടികൾ

106 [3505] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയിൽ സ്വയംപര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിയുമോയെന്ന് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഭക്ഷ്യ ക്ഷാമം പരിഹരിക്കാൻ നെൽകൃഷിയെ പ്രോൽസാഹിപ്പിക്കാൻ ഈ ഗവൺമെൻറ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല് സംസ്ഥാനത്തിൻെറ ആവശ്യത്തിൻെറ എത്ര ശതമാനമാണ്; ഇക്കാര്യത്തിൽ സ്വയം പര്യാപത്ത നേടാൻ എന്തെങ്കിലും മാർഗ്ഗം കൃഷി വകുപ്പിൻെറ പരിഗണനയിലുണ്ടോ: വിശദീകരിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന് നെൽകൃഷിയിൽ സ്വയം പര്യാപ്തത നേടാൻ കഴിയുമോ എന്ന് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ സ്വയം പര്യാപ്തത നേടാൻ കഴിയില്ല എന്ന നിഗമനത്തിലാണ് എത്തിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പവും നെൽപ്പാടങ്ങളുടെ വിസ്തീർണ്ണത്തിലുണ്ടായിട്ടുള്ള കുറവും ഇതിന് പ്രധാന കാരണങ്ങളായി കണക്കാക്കുന്നു.

(ബി) സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കാൻ നെൽകൃഷി ലാഭകരമാക്കിത്തീർക്കുകയാണ് ഗവൺമെൻറ് പദ്ധതികളുടെ പ്രധാന ഉദ്ദേശം. ഇതിനായി വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഗ്രൂപ്പ് ഫാമിംഗ്, നല്ലയിനം വിത്ത് സംഭരണവും വിതരണവും, കരി കോൾ നിലങ്ങളിലെ നെൽകൃഷി വികസനം, രാസവളം സബ്സിഡി, വിള ഇൻഷ്വറൻസ്, ഊർജ്ജിത നെൽകൃഷി വികസനം, മിനികിററ്സ് വിതരണം മുതലായവയാണ് ഈ പരിപാടികൾ.

(സി) സംസ്ഥാനത്തിൽ ആവശ്യമുള്ള നെല്ലിൻെറ 36 ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. സംസ്ഥാനത്തിൻെറ ആവശ്യത്തിനനുസരിച്ചുള്ള നെല്ല് സംസ്ഥാനത്തിനകത്ത് തന്നെ ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യത ഇപ്പോൾ കാണുന്നില്ല.

## തരിശു നെൽപ്പാടങ്ങൾ കൃഷിക്കുപയുക്തമാക്കാൻ നടപടി

107 [3506] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തരിശു നെൽപ്പാടങ്ങൾ ഗവൺമെൻറ് തലത്തിൽ ഏറെറടുത്ത് കൃഷിവകുപ്പിൻെറ കീഴിൽ കൃഷി ചെയ്യാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ;

(ബി) നെൽപ്പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ ഗവൺമെന്റ് കർക്കശ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള തരിശു നെൽപ്പാടങ്ങൾ ഗവൺമെന്റ് തലത്തിൽ ഏറ്റെടുത്ത് കൃഷി ചെയ്യാൻ വേണ്ട പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) നെൽപ്പാടങ്ങൾ തരിശിടാതിരിക്കാൻവേണ്ടി 1967-ലെ ഭൂ വിനിയോഗ ഉത്തരവ് അനുസരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

നെൽപ്പാടങ്ങൾ ഇതര കൃഷികൾക്ക് വിനിയോഗിക്കുന്നതിനെതിരെ നടപടി

108 [3507] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള നെൽപ്പാടങ്ങൾ മററു കൃഷികൾക്ക് വിനിയോഗിക്കാൻവേണ്ട അനുമതികൾക്കായുള്ള അപേക്ഷകളിൻമേൽ തീരുമാനം എടുക്കുമ്പോൾ കൃഷിവകുപ്പുമായി ആലോചിക്കാറുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ കൃഷിവകുപ്പ് സ്വീകരിക്കാറുള്ള നടപടി വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന വ്യാപകമായി നെൽപ്പാടങ്ങൾ നികത്തി ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിൻമേൽ കൃഷിവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. അത്തരം അപേക്ഷകൾ അന്വേഷണം നടത്തിയശേഷം കൃഷി ജോയിന്റ് ഡയറക്ടറാണ് സർട്ടിഫിക്കററുകൾ നൽകുന്നത്. തീരുമാനം എടുക്കുന്നത് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരാണ്.

(ബി) 1967-ലെ (കെ.എൽ.യു. ഓർഡർ) ഭൂ വിനിയോഗ ഉത്തരവ് കർശനമായി പാലിക്കുന്നതിന് ജില്ലാ ഓഫീസർമാർവഴി എല്ലാ പഞ്ചായത്തുകളിലെ കൃഷി ഭവനുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാടങ്ങൾ നികത്തുന്നതിനുവേണ്ട അപേക്ഷകൾ വളരെ വിശദമായ പഠനവും അന്വേഷണവും നടത്തിയശേഷം മാത്രമാണ് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകുന്നത്.

നെൽകൃഷി ഇല്ലാതാവുന്ന സ്ഥിതിവിശേഷം തടയുന്നതിന് നടപടി

109 [3508] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തി മരങ്ങൾ വച്ചു പിടിപ്പിക്കുകയും കെട്ടിടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതുമൂലം നെൽകൃഷി ഇല്ലാതാവുന്ന സ്ഥിതി വിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നെൽപ്പാടങ്ങൾ നികത്തി തെങ്ങ്, റബ്ബർ എന്നിവ കൃഷി ചെയ്യുന്നതായും കെട്ടിടങ്ങൾ വയ്ക്കുവാൻ ഉപയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുട്ടനാട്ടെ പുഞ്ചകൃഷി വായ്പ

110 [3509] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കായൽപ്പാടങ്ങളിൽ 1990–91–ലെ പുഞ്ചകൃഷി വായ്പ എത്ര കർഷകത്തൊഴിലാളികൾക്ക് നൽകി;

(ബി) വായ്പ തിരിച്ചടയ്ക്കാത്തതിനാൽ ഗവൺമെൻറ് റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവോ; ഉണ്ടെങ്കിൽ എത്ര പേരുടെ പേരിലാണ് നടപടി സ്വീകരിച്ചത്;

(സി) ഈ വായ്പ യഥാർത്ഥ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലെന്ന റിപ്പോർട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കായലിലെ റാണി, ചിത്തിര എന്നീ പാടങ്ങളിൽ പാട്ടക്കൃഷിക്കായി എന്ത് തുകയാണ് വായ്പ നൽകിയത്; ഇതിൽ തിരിച്ചടച്ചത് എത്ര;

(ഇ) റവന്യൂ റിക്കവറി എത്ര പേരുടെ പേരിൽ എന്തു തുകയ്ക്കാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കുട്ടനാട് കായൽപ്പാടങ്ങളിൽ 1990–91–ലെ പുഞ്ചക്കൃഷിക്കായി കൃഷിവകുപ്പ് മുഖാന്തിരം വായ്പ വിതരണം ചെയ്തിട്ടില്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

കാപ്പി കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

111 [3510] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പി കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കാപ്പിയുടെ പർച്ചേഴ്സ് ടാക്സ് എടുത്തുകളയാൻ സർക്കാർ തയ്യാറുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കാപ്പിയെ സംബന്ധിക്കുന്ന കാര്യങ്ങൾ തീരുമാനിക്കുന്നത് കോഫി ബോർഡാണ്. എന്നാലും കാപ്പിക്ക് താങ്ങുവില നിശ്ചയിക്കേണ്ടതാണെന്ന് കാർഷിക വില കമ്മീഷനോട് ശുപാർശ ചെയ്തിട്ടുണ്ട്.

## കൊക്കോ കൃഷിയെ പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

112 [3511] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പ് കൊക്കോ കൃഷിയെ അവഗണിക്കുന്നു എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) കൊക്കോ കൃഷിക്കായി തെങ്ങ് കൃഷിയോടൊപ്പം വിളനിലം കണ്ടെത്തിയ കൃഷിവകുപ്പിന്റെ പരാജയംമൂലം ഈ കൃഷിക്കുണ്ടായ കഷ്ടനഷ്ടങ്ങളെപ്പററി ഗവൺമെന്റ് പരിശോധിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്തുമോ;

(ഡി) തെങ്ങു കൃഷിയോടൊപ്പം കൊക്കോയുടെ വിളനിലം കണ്ടെത്തിയ കൃഷിവകുപ്പ് കൊക്കോ കൃഷി പാടില്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കൃഷിയുടെ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) കൊക്കോ കൃഷിയെ പരിരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) കൊക്കോ തെങ്ങിനോടൊപ്പം ഇടവിളയായി കൃഷി ചെയ്യുന്ന സമ്പ്രദായം വ്യാപകമായി കൃഷിക്കാർ അനുവർത്തിച്ചു വരുന്നുണ്ട്. കൊക്കോ കായുടെ ഉല്പാദനം വർദ്ധിക്കുകയും അതിനനുസൃതമായി കൊക്കൊ കായ സംഭരിച്ച് സംസ്കരിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ വേണ്ടത്ര ഇല്ലാത്തതിനാൽ ഉൽപ്പാദിപ്പിക്കുന്ന കൊക്കോ കായ വിൽപ്പന നടത്തുന്നതിന് വേണ്ടത്ര സൗകര്യമില്ലാതായി. തൻമൂലം വിലയിടിവ് ഉണ്ടാവുകയും ഈ അടുത്ത കാലത്ത് കൊക്കോ കൃഷിക്ക് അല്പം മാന്ദ്യം സംഭവിക്കുകയും ചെയ്തു. എന്നാൽ ഇന്നത്തെ സ്ഥിതി വളരെ മെച്ചപ്പെട്ട രീതിയിലാണ്. സ്വകാര്യ സഹകരണ മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ നിലവിലുണ്ട്. കേരളം, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾക്കുവേണ്ടി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറിയായ 'കാംകോ' ഇന്ന് ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാഡ്ബറി തുടങ്ങിയ കമ്പനികളും കേരളത്തിൽനിന്ന് കൊക്കോ ശേഖരിക്കുന്നുണ്ട്. തൻമൂലം ഇപ്പോൾ കൊക്കോ കുരുവിന്റെ വിപണനത്തിൽ വലിയ ബുദ്ധിമുട്ടില്ല. വിലയും വർദ്ധിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ കൊക്കോ കൃഷി വ്യാപകമായി വീണ്ടും തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. തെങ്ങ് കൃഷിയുടെ ഇടവിളയായി കൊക്കോ കൃഷി കാര്യക്ഷമമായി തന്നെ കൃഷി ചെയ്യാം. കൊക്കോ കൃഷിക്ക് വേണ്ട വളവും വെള്ളവും അധികമായി കൊടുക്കണം. രണ്ട് കൃഷിയുടേയും ആദായം കണക്കിലെടുക്കുമ്പോൾ കൊക്കോ കൃഷി ആദായകരമായ രീതിയിൽത്തന്നെ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. ഈ രീതി കൃഷിവകുപ്പ് പ്രോൽസാഹിപ്പിച്ച് വരുന്നുണ്ട്.

(ഇ) കൊക്കോ കൃഷി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി കൊക്കോ കൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള കൃഷി കൂടുതൽ ആദായകരമാക്കി തീർക്കുന്നതിനുംവേണ്ടി തെങ്ങ്, കമുക് ഇവയുടെ ഇടവിളയായി കൃഷി ചെയ്യുന്ന പ്രദർശന പ്ലോട്ടുകൾ, കിണർ, കുളം ഇവ കുഴിച്ച് പമ്പുസെററ് സ്ഥാപിച്ച് ജലസേചനം വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുക വഴി കൂടുതൽ വിളവും ആദായവും വർദ്ധിപ്പിക്കാനുള്ള പരിപാടി നടപ്പാക്കി വരികയാണ്.

## സുഗന്ധ വ്യഞ്ജന കൃഷിയെ സഹായിക്കാൻ പദ്ധതി

113 [3512] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധ വ്യഞ്ജന കൃഷിയെ സഹായിക്കാൻ ഈ സർക്കാർ എന്തെങ്കിലും വികസന പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാം;

(ബി) ഈ കൃഷിയുടെ വികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടികളും അതിലേക്കുണ്ടാകുന്ന ചെലവും എത്ര?

### ഉത്തരം

(എ) ഉണ്ട്. താഴെ പറയുന്ന പദ്ധതികൾ 1991-92 വർഷത്തിൽ നടപ്പാക്കി വരുന്നു.

1. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള സംയോജിത പദ്ധതി (100 ശതമാനം കേന്ദ്ര സഹായം)

2. കുരുമുളകിന് ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതി

3. ഇഞ്ചിയുടെയും മഞ്ഞളിന്റെയും വികസനത്തിനു വേണ്ടിയുള്ള പദ്ധതി.

കൂടാതെ ഏലം വികസനത്തിനുവേണ്ടി സ്പൈസസ് ബോർഡ് മുഖാന്തിരം എക്സ്ററൻഷൻ അഡ്വൈസറി സ്കീം, കാർഡമം റീ പ്ലാൻറിംഗ് സ്കീം, ഇറിഗേഷൻ ആൻറ് ലാൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ട്രൈബൽ ഡവലപ്മെൻറ് പ്രോഗ്രാം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ്പ്, ജാതി തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷി

114 [3513] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ്പ്, ജാതി തുടങ്ങിയ സുഗന്ധവ്യഞ്ജന കൃഷി മൂലം 1987 മുതൽ നാളിതുവരെ ഓരോവർഷവും എന്തു തുകയുടെ കാർഷിക ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കപ്പെട്ടത്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) ഇക്കാലയളവിൽ കൃഷി വകുപ്പ് ഫാമുകളിൽ നിന്നും ഇത്തരം കാർഷിക ഉൽപ്പന്നങ്ങൾ എന്തു തുകയ്ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1987 മുതൽ നാളിതുവരെ ഉൽപ്പാദിപ്പിച്ച സുഗന്ധവ്യഞ്ജനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(അനുബന്ധം 1) †

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(അനുബന്ധം 2)†

(സി) വിവരം ശേഖരിച്ചു വരുന്നു.

ഇലക്ട്രിസിറ്റി ബോർഡിന്റെ റവന്യൂ കമ്മി

115 [3514] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988-89-ലെ ഇലക്ട്രിസിറ്റി ബോർഡിന്റെ യഥാർത്ഥ റവന്യൂ കമ്മി എത്രയാണ്; 1990-91-ലെ ബഡ്ജററിൽ 1988-89-ൽ 9·67 കോടിയുടെ കമ്മി രേഖപ്പെടുത്തിയത് യഥാർത്ഥ കമ്മിയാണോ;

(ബി) നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളവും മററ് ഓഫീസ് ചെലവുകളും 1988-89-ൽ റവന്യൂ കണക്കിൽ ചെലവ് എഴുതിയതെന്തുകൊണ്ടാണ്;

(സി) മുൻകൊല്ലങ്ങളിലെ ചെലവുകൾ 10·15 കോടി രൂപ 1988-89-ലെ റവന്യൂ കണക്കിൽ ചെലവെഴുതിയതുകൊണ്ടുണ്ടായതാണോ 1988-89-ലെ റവന്യൂ കമ്മിയെന്ന് വ്യക്തമാക്കാമോ;

(ഡി) 1988-89-ൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി നിയമം സെക്ഷൻ 3 (1) പ്രകാരമുള്ള ഡ്യൂട്ടി ചെലവ് എത്ര രൂപയാണ്; ഇതിൽ എത്ര രൂപ ബോർഡ് സർക്കാരിലേക്ക് അടച്ചിട്ടുണ്ട്;

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉപഭോക്താക്കളിൽ നിന്നും, ബോർഡിൽ നിന്നും ഇലക്ട്രിസിററി ഡ്യൂട്ടി പിരിക്കുന്നത് ഭരണഘടനാ നിർദ്ദേശമനുസരിച്ചാണോ; ഇലക്ട്രിസിററി ഡ്യൂട്ടി പിരിവിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ശരിയായ രീതിയിൽ വാർഷിക കണക്കുകളുണ്ടാക്കിയാൽ 1988-89-ൽ ഇലക്ട്രിസിററി ബോർഡിൽ റവന്യൂ മിച്ചം എത്ര രൂപയുണ്ടാവും;

(ജി) 1988-89 3 ശതമാനം ലാഭമുണ്ടാക്കുവാനുള്ള നിർദ്ദേശം ബോർഡിന് സർക്കാർ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കൊടുക്കാതിരിക്കുന്നത്?

ഉത്തരം

(എ) 1988-89-ലെ ഇലക്ട്രിസിററി ബോർഡിന്റെ യഥാർത്ഥ റവന്യൂ കമ്മി 1434·10 ലക്ഷം രൂപയാണ്. 1990-91-ലെ ബഡ്ജററിൽ രേഖപ്പെടുത്തിയിരുന്ന റവന്യൂ കമ്മി ആഡിററ് ചെയ്യുന്നതിന് മുൻപുള്ള താൽക്കാലിക കണക്കുകളെ ആധാരമാക്കിയുള്ളതാകയാൽ 9.67 കോടി എന്നത് യഥാർത്ഥ കമ്മിയല്ല.

(ബി) യഥാർത്ഥത്തിൽ റവന്യൂ കണക്കിലല്ല ചെലവെഴുതിയിരിക്കുന്നത്. റവന്യൂ ചെലവിൽ ആദ്യം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അതേ വാർഷിക കണക്കുകളിൽ അത് ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിന് മുൻപു തന്നെ കാപ്പിററൽ ചെലവിലേക്ക് മാററിയിട്ടുണ്ട്.

(സി) 1988-89-ൽ മുൻകൊല്ലങ്ങളിലേതായി റവന്യൂ കണക്കിൽ ചെലവെഴുതിയിരിക്കുന്നത് മൂന്നു ലക്ഷം രൂപ മാത്രമാണ്. 10·15 കോടി രൂപയിൽ ഈ മൂന്നു ലക്ഷം രൂപ കൂടാതെ തനത് വർഷത്തെ പലിശ മൂലധന സമാഹരണ ചെലവുകൾ മററു ചെലവുകൾ എന്നിവ അടങ്ങിയിരിക്കുന്നു.

(ഡി) 1988-89-ൽ സെക്ഷൻ 3 (1) ഡ്യൂട്ടി ചെലവ് 19·81 കോടി രൂപയാണ്. 1988-89 സാമ്പത്തിക വർഷം ഉൾപ്പെടെയുള്ള വർഷങ്ങളിൽ മേൽപ്പറഞ്ഞ ഇനത്തിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുക പലിശ ഇല്ലാത്ത സർക്കാർ വായ്പയായി ബോർഡിനനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) അതെ. ഇലക്ട്രിസിററി ഡ്യൂട്ടി പിരിവിൽ അപാകതയൊന്നുമില്ല. ഇത് കേരള സ്റേററ് ഇലക്ട്രിസിററി ഡ്യൂട്ടി ആക്ടും റൂൾസും പ്രകാരമാണ്.

(എഫ്) 1988-89-ലെ വാർഷിക കണക്കുകൾ ശരിയായ രീതിയിൽ ഉണ്ടാക്കി ആഡിററ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇതിൻപ്രകാരം റവന്യൂ കമ്മി 1434·10 ലക്ഷം രൂപയാണ്.

(ജി) 1988-89 വർഷത്തേക്ക് മാത്രമായി നിർദ്ദേശിച്ചിട്ടില്ല. എന്നാൽ 1948-ലെ ഇലക്ട്രിസിററി (സപ്ലൈ) ആക്ട് സെക്ഷൻ 59 അനുസരിച്ച് 3 ശതമാനം ലാഭം ഉണ്ടാക്കേണ്ടത് ബോർഡിന്റെ ചുമതലയാണ്. ഈ ശതമാന നിരക്ക് കൂട്ടണമെങ്കിൽ മാത്രം സർക്കാർ ബോർഡിന് നിർദ്ദേശം നൽകിയാൽ മതി.



LIBRARY ARCHIVES Kerala Legislative Assembly

## ഇലക്ട്രിസിററി ബോർഡിൽ റവന്യൂ കമ്മി

116 [3515] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990–91–ൽ ഇലക്ട്രിസിററി ബോർഡിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ; ഇലക്ട്രിസിററി ഡ്യൂട്ടി ഒഴിവാക്കിയതിന് ശേഷവും റവന്യൂ കമ്മിയുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളവും മററ് ഓഫീസ് ചെലവുകളും 1990–91–ലെ റവന്യൂ കണക്കിൽ ചെലവ് എഴുതിയിട്ടുണ്ടോ;

(സി) 114·2 കോടി രൂപയുടെ ശമ്പള ചെലവുകൾ എ. ജി.-യുടെ ആഡിററിൽ അംഗീകരിച്ചിട്ടുണ്ടോ; എ. ജി. അംഗീകരിച്ചത് എത്ര രൂപയാണ്;

(ഡി) 1990–91–ലെ റവന്യൂ മിച്ചമുണ്ടായിരുന്നത് 23·6 കോടിയുടെ ഡ്യൂട്ടി ചെലവ് ഒഴിവായതുകൊണ്ട് 23·7 കോടിയായി ഉയർന്നത് ശരിയാണോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1990–91–ലെ താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ കമ്മി ഉണ്ട്. ഇലക്ട്രിസിററി ഡ്യൂട്ടി ഒഴിവാക്കിയ ശേഷവും റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്.

(ബി) യഥാർത്ഥത്തിൽ റവന്യൂ കണക്കിലല്ല ചെലവെഴുതിയിരിക്കുന്നത്. റവന്യൂ ചെലവിൽ ആദ്യം ഉൾപ്പെടുത്തിയെങ്കിലും അതേ വാർഷിക കണക്കുകളിൽ തന്നെ ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിന് മുൻപ് കാപ്പിററൽ ചെലവിലേക്ക് മാററിയിട്ടുണ്ട്.

(സി) ഇത് 1990–91–ലെ പുതുക്കിയ എസ്ററിമേററ് അനുസരിച്ചുള്ളതാണ്, 1990–91–ലെ കണക്കുകൾ എ. ജി.-യുടെ ആഡിററ് കഴിഞ്ഞിട്ടില്ലാത്തതിനാൽ അംഗീകരിച്ച തുക എത്രയെന്ന് ഇപ്പോൾ ലഭ്യമല്ല.

(ഡി) ശരിയല്ല. ഇത് പുതുക്കിയ എസ്ററിമേററ് അനുസരിച്ചുള്ള കണക്കാണ്. യഥാർത്ഥ കണക്ക് ആഡിററിന് വിധേയമായ ശേഷമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളു.

## കെ. എസ്. ഇ. ബി.-യുടെ വിദേശ വായ്പ

117 [3517] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ആകെ വാങ്ങിയ വിദേശ വായ്പകൾക്ക് പ്രതിവർഷം നൽകുന്ന പലിശയെത്ര;

(ബി) ഏതേതു കാലയളവിൽ എന്തു തുകയാണ് വിദേശ വായ്പകളായി വാങ്ങിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുതലിനത്തിൽ പ്രതിവർഷം തിരിച്ചടയ്ക്കാൻ ബോർഡ് ചെലവാക്കുന്ന തുകയെത്ര?

ഉത്തരം

(എ, ബി, സി) വിദേശ വായ്പകൾ വൈദ്യുതി ബോർഡ് നേരിട്ട് വാങ്ങിയിട്ടില്ല. അതിനാൽ ബോർഡ് നേരിട്ട് പലിശ ഒന്നും നൽകുന്നുമില്ല.

## സ്വകാര്യ മേഖലയിൽ വൈദ്യുതി വിതരണം

118 [3519] ശ്രീ. കെ. ഇ. ഇസ്മയിൽ:
പ്രൊ. മീനാക്ഷി തമ്പാൻ:
ശ്രീ. കെ. പ്രകാശ് ബാബു:
,, പി. രാജു:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വൈദ്യുതി വിതരണം നടത്തുന്നതിന് അനുവാദം നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വൈദ്യുതി വിതരണം നടത്തുന്നതിന് അനുവാദം നൽകാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## ആണവ വൈദ്യുത നിലയം സ്ഥാപിക്കുന്നതിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ

119 [3520] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആണവ വൈദ്യുത നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ ഏകീകരിക്കാൻ ഈ സർക്കാർ എന്ത് നയ സമീപനമാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

(ബി) വിവിധ രാഷ്ട്രീയ സംഘടനകളും വ്യക്തികളും ആണവ വിദഗ്ധൻമാരും വൈദ്യുത ഉന്നത അധികാരികളും വ്യത്യസ്ത അഭിപ്രായം പ്രകടിപ്പിച്ചിരിക്കവേ ആണവ വൈദ്യുതി നിലയം സ്ഥാപിക്കാൻ ഒരു ഏകീകൃത നയം ഗവൺമെൻറ് സ്വീകരിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) കേരളത്തിൽ ഒരു ആണവ വൈദ്യുത നിലയം സ്ഥാപിക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഭിപ്രായം സമന്വയിപ്പിച്ചു മാത്രമേ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം എടുക്കുകയുള്ളു.

വൈദ്യുത ബോർഡിലെ കണക്കുകളുടെ പ്രസിദ്ധീകരണം

120 [3522] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഏതു വർഷത്തെ വാർഷിക കണക്കാണ് അവസാനമായി പ്രസിദ്ധീകരിച്ചത്;

(ബി) ഇതിന്റെ പ്രതി നിയമസഭാ മെമ്പർമാർക്ക് നൽകിയിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾ ആരെങ്കിലും വാർഷിക കണക്ക് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര പേർക്ക് എന്ത് വിലയ്ക്ക് കൊടുത്തിട്ടുണ്ട്;

(ഡി) സാമ്പത്തിക വർഷത്തിനു ശേഷം ആറുമാസത്തിനുള്ളിൽ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കണമെന്ന ഇലക്ട്രിസിറ്റി നിയമം അനുശാസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, ബോർഡ് ടി നിയമം പാലിക്കാറുണ്ടോ;

(ഇ) വാർഷിക കണക്കിലെ വരവു ചെലവുകൾക്കനുസരിച്ചാണോ നിരക്കുകൾ പുനർനിർണ്ണയം ചെയ്യേണ്ടത്;

(എഫ്) ആഡിററ് ചെയ്ത വാർഷിക കണക്കുകളില്ലാതെ നിരക്ക് വർദ്ധിപ്പിച്ചത് നിയമാനുസരണമാണോ;

(ജി) 1990–91 ബോർഡിന്റെ വാർഷിക കണക്കുകൾ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ:

(എച്ച്) 1970–71 മുതലുള്ള വാർഷിക കണക്കുകളുടെ ഓരോ പ്രതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1988–89 സാമ്പത്തിക വർഷത്തെ കണക്ക് പ്രസിദ്ധീകരിച്ചു.

(ബി) 28–3–1992–ൽ ഇതിന്റെ 150 കോപ്പി നിയമസഭാ സെക്രട്ടറിയററിന് നൽകിയിട്ടുണ്ട്.

(സി) അവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് വാർഷിക കണക്ക്, ഒരു പ്രതിക്ക് 5 രൂപ എന്ന നിരക്കിൽ വിലവെച്ച് വിദ്യുച്ഛക്തി ബോർഡ് വിൽപ്പന നടത്താറുണ്ട്. എത്ര പേർക്ക് ഇപ്രകാരം വാർഷിക കണക്കിന്റെ പ്രതികൾ എന്തു വിലക്ക് നൽകിയിട്ടുണ്ട് എന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സാങ്കേതിക കാരണങ്ങളാൽ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കുവാൻ കാലതാമസം വരാറുണ്ട്.

(ഇ) നിരക്ക് പുനർ നിർണ്ണയം ചെയ്യുന്നതിൽ വാർഷിക കണക്കിലെ വരവു ചെലവു കണക്കുകൾ മുഖ്യമായ ഒരു ഘടകമാണ്.

(എഫ്) നിയമാനുസരണമാണ്.

(ജി) 1990–91–ലെ കണക്കുകൾ ആഡിററിനായി എ. ജി. ക്ക് സമർപ്പിച്ചിട്ടുണ്ട്. എ. ജി. യുടെ ആഡിററ് സർട്ടിഫിക്കററ് കിട്ടിയാലുടൻ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

(എച്ച്) നടപടി സ്വീകരിക്കുന്നതാണെന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിച്ചിട്ടുണ്ട്.

## ഗവൺമെൻറിൻെറ അനുവാദം ഇല്ലാതെ ഏർപ്പെടുത്തുന്ന പവർകട്ട് നിയന്ത്രിക്കാൻ നടപടി

121 [3524] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെൻറിൻെറ നിർദ്ദേശം ഇല്ലാതെ സംസ്ഥാനത്ത് ഇലക്ട്രിസിററി ഡിവിഷനുകളിൽ പവർകട്ട് ഏർപ്പെടുത്തുന്നത് കണ്ടുപിടിക്കാനും നിയന്ത്രിക്കാനും എന്തെങ്കിലും മാർഗ്ഗങ്ങൾ കെ. എസ്. ഇ. ബി.–യിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു വരുന്നു?

### ഉത്തരം

(എ) ഗവൺമെൻറിൻെറ നിർദ്ദേശമില്ലാതെ സംസ്ഥാനത്ത് ഒരിടത്തും പവർകട്ട് ഏർപ്പെടുത്തിയിട്ടില്ലായെന്ന് ബോർഡ് അറിയിച്ചിരിക്കുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## നിരക്ക് വർദ്ധിപ്പിക്കുന്നതിന് സർക്കാരിൻെറ അനുവാദം

122 [3527] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991–92 ഫെബ്രുവരി മാസം വരെ ബോർഡിൽ എത്ര രൂപയുടെ റവന്യൂ വരുമാനമുണ്ടായിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഇതുവരെയുള്ള റവന്യൂ ചെലവ് എത്ര രൂപയാണ്;

(സി) പുതിയ നിരക്ക് വർദ്ധനവുകൊണ്ട് എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കളിൽനിന്നും ഒരു മാസത്തെ അധിക വരുമാനം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി നിരക്ക് വർദ്ധനവിന് സർക്കാർ അനുവാദം ആവശ്യമാണോ; സർക്കാർ അനുവാദം ബോർഡിന് കൊടുത്തിട്ടുണ്ടോ;

(ഇ) സാമൂഹ്യ കടപ്പാടിന്റെ പേരിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ ബോർഡിനധികാരമുണ്ടോ?

ഉത്തരം

(എ) ഏകദേശം 275·30 കോടി രൂപ.

(ബി) കണക്കുകൾ പൂർത്തിയായിട്ടില്ല.

(സി) ഏകദേശം, പ്രതിമാസം അഞ്ച് (5) കോടി രൂപ.

(ഡി ആന്റ് ഇ) സപ്ലൈ ആക്ടിലെ സെക്ഷൻ 78-എ അനുസരിച്ച് നയപരമായ കാര്യങ്ങളിൽ ബോർഡിന് നിർദ്ദേശം നൽകുവാൻ സർക്കാരിന് അധികാരമുണ്ട്. 1992-ലെ താരിഫ് പരിഷ്കരണത്തിന് വേണ്ടി ബോർഡ് സമർപ്പിച്ച നിർദ്ദേശം സർക്കാർ ചില ഭേദഗതികളോടെ അംഗീകരിക്കുകയാണുണ്ടായത്.

## സംസ്ഥാനത്തെ തെർമൽ പവർ പ്ലാന്റുകൾ

123 [3529] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെർമൽ പവർ പ്ലാന്റുകൾ എവിടെയെല്ലാം സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു;

(ബി) പ്രസ്തുത പ്ലാന്റുകൾക്ക് ഇന്ധനം നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയും;

(ഡി) പ്രസ്തുത പ്ലാന്റുകൾ പ്രവർത്തനക്ഷമമാകുന്നതോടുകൂടി വൈദ്യുതി ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കായംകുളത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കേന്ദ്ര പദ്ധതിക്കു പുറമെ, സംസ്ഥാന പദ്ധതികളായി കാസർകോട്, കോഴിക്കോട്, ബ്രഹ്മപുരം എന്നിവിടങ്ങളിൽ എണ്ണ ഇന്ധനമായും വൈപ്പിനിൽ വാതകം ഇന്ധനമായും തൃക്കരിപ്പൂരിൽ കൽക്കരി ഇന്ധനമായും തെർമൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

(ബി) കൽക്കരിയും, എണ്ണയും, വാതകവും ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. എണ്ണ ലഭ്യമാക്കുന്ന കാര്യം തത്വത്തിൽ കേന്ദ്രം അംഗീകരിച്ചതായി കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി ലോകസഭയെ അറിയിച്ചിട്ടുണ്ട്. ഔപചാരികമായ അറിയിപ്പ് സംസ്ഥാന ഗവൺമെന്റ് ഉടനെ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ധനം ലഭ്യത ഉറപ്പുവന്നതിനു ശേഷമേ എന്ന് തുടങ്ങാൻ കഴിയൂ എന്ന് തീരുമാനിക്കാനാവൂ.

| | | | | |
|---|---|---|---|---|
| (ഡി) 1. | കായംകുളം | (ഒന്നാംഘട്ടം) | 2247 | ദശലക്ഷം യൂണിററ് |
| 2. | തൃക്കരിപ്പൂർ | ,, | 2247 | ,, |
| 3. | വൈപ്പിൻ | ,, | 6420 | ,, |
| 4. | കാസർകോട് | ,, | 321 | ,, |
| 5. | ബ്രഹ്മപുരം | ,, | 535 | ,, |
| 6. | കോഴിക്കോട് | ,, | 642 | ,, |

## ജലവൈദ്യുത പദ്ധതികളെക്കുറിച്ചുള്ള സർവ്വേയും അന്വേഷണവും

124 [3521] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാദ്ധ്യതയുള്ള എത്ര ജലവൈദ്യുത പദ്ധതികളെപ്പററിയാണ് സർവ്വേയും അന്വേഷണവും നടന്നുകൊണ്ടിരിക്കുന്നത്;

(ബി) ഇതിലേക്കുള്ള അടിസ്ഥാന വിവരങ്ങൾ സംസ്ഥാന ഗവൺമെൻറിന് 1991-92 കാലയളവിൽ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം സർവ്വേയും അന്വേഷണവും നടത്തിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ആരെല്ലാം; ഇവരുടെ സർവ്വേക്കായി പ്രതിവർഷ ചെലവ് എത്ര?

### ഉത്തരം

(എ) സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുവാൻ സാദ്ധ്യതയുള്ള 15 വൻകിട ജലവൈദ്യുത പദ്ധതികളെയും 150-ഓളം ചെറുകിട/മിനി വൈദ്യുത പദ്ധതികളെയും കുറിച്ചാണ് സർവ്വേയും അന്വേഷണവും നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ഉണ്ട്. ഓരോ വർഷവും വൈദ്യുതി ബോർഡിൽ വാർഷിക പദ്ധതി തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിന് നൽകുന്നുണ്ട്. ഈ രേഖയിൽ സർവ്വേയും അന്വേഷണങ്ങളും സംബന്ധിച്ച വിശദ വിവരവും ഉൾപ്പെടുന്നു.

(സി) ഇത്തരം സർവ്വേയും അന്വേഷണവും നടത്തുന്നതിനായി കണ്ണൂർ, തൃശ്ശൂർ, കക്കയം, ചാലക്കുടി, കോന്നി, മൂന്നാർ എന്നീ ഡിവിഷനുകളിൽ എക്സിക്യൂട്ടീവ് എൻജിനീയർമാരേയും അവരുടെ കീഴിൽ അസിസ്ററൻറ് എക്സിക്യൂട്ടീവ് എൻജിനീയർമാരേയും അസിസ്ററൻറ് എൻജിനീയർമാരേയും നിയമിച്ചിട്ടുണ്ട്. സർവ്വേക്കും അന്വേഷണത്തിനുമായി പ്രതിവർഷം ഏതാണ്ട് 100 ലക്ഷം രൂപയോളം ചെലവാകുന്നുണ്ട്. (സർവ്വേ ജോലികൾ, ഡ്രില്ലിംഗ് ജോലികൾ, എസ്ററാബ്ളിഷ്മെൻറ് മുതലായവയ്ക്കായി.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി

125 [3532] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി സംസ്ഥാനത്ത് തന്നെ പൂർണ്ണമായി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോയെന്ന് ഗവൺമെന്റോ, വൈദ്യുതിബോർഡോ എപ്പോഴെങ്കിലും വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ:

(സി) ഇക്കാര്യത്തിന് എന്തെല്ലാം നടപടിയാണ് സ്വീകരിക്കേണ്ടത്.

(ഡി) ഇതിനായി എന്തു തുക ചെലവഴിക്കേണ്ടതായി വരും?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) എട്ടാം പദ്ധതിയുടെ അവസാനം 15,316 ദശലക്ഷം യൂണിററ് വൈദ്യുതി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. നിലവിലുള്ള ജല വൈദ്യുത പദ്ധതികളിൽ നിന്നും പുതിയ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതികളിൽ നിന്നുമായി 10,000 ദശലക്ഷം യൂണിററ് വൈദ്യുതിയെ ലഭിക്കുകയുള്ളു. അതിനാൽ കൽക്കരി, എണ്ണ, വാതകം ഇവ ഉപയോഗിച്ച് തെർമൽ പ്ലാൻറുകൾ സ്ഥാപിച്ച് ഈ കമ്മി നികത്താനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയും ഉപയോഗപ്പെടുത്താൻ കഴിയും. കൂടാതെ മിനി/മൈക്രോ ജല വൈദ്യുത പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൈദ്യുതി ഉൽപ്പാദനത്തിനായി സ്വകാര്യ മേഖലയെക്കൂടി പങ്കു കൊള്ളിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതികൾക്ക് ഉദ്ദേശം 5,000 കോടി രൂപ മുതൽ മുടക്കു വേണ്ടിവരുമെന്നും പ്രസരണ വിതരണ പദ്ധതികൾക്കായി ഉദ്ദേശം 3,000 കോടി വരുമെന്നും കണക്കാക്കിയിരിക്കുന്നു.

## പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ ജലം ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനം

126 [3533] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഇലക്ട്രിസിററി അതോറിററി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന തെർമൽ ആൻറ് ഹൈഡൽ പെർഫോമൻസ് റിവ്യൂ ഇലക്ട്രിസിററി ബോർഡിൽ ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പറമ്പിക്കുളം ഗ്രൂപ്പ്ഡാമുകളിലെ ജലം ഉപയോഗിച്ച് തമിഴ്നാട് സർക്കാർ വക ജനറേററിംഗ് സ്റേറഷനിൽ എത്ര യൂണിററ് വൈദ്യുതി ഓരോ കൊല്ലവും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്;

(സി) സർക്കാർ ജനറേററിംഗ് സ്റേറഷനിൽ ഒരു ദശലക്ഷം യൂണിററ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ജലവൈദ്യുത പദ്ധതികളുടെ അടിസ്ഥാന പ്രമാണമനുസരിച്ച് എത്ര ഘന അടി ജലം ആവശ്യമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രായോഗികമായി എത്ര ഘന അടി ജലം ഉപയോഗിക്കുന്നുണ്ട്;

(ഡി) വൈദ്യുതി ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ ഓരോ കൊല്ലവും എത്ര ഘന അടി ജലം സംഭരണമുണ്ടായിട്ടുണ്ട്;

(ഇ) വാട്ടർ റഗുലേഷൻ ബോർഡിൽ ഇലക്ട്രിസിററി ബോർഡിനെ ഏതെല്ലാം കൊല്ലങ്ങളിൽ ആരെല്ലാം പ്രതിനിധീകരിച്ചിട്ടുണ്ട്;

(എഫ്) ഇലക്ട്രിസിററി ബോർഡിന് പറമ്പിക്കുളത്ത് നിന്നും ലഭിക്കേണ്ട ജലം അതാത് കൊല്ലങ്ങളിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഘന അടി ജലം ഏതെല്ലാം കൊല്ലങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) ക്രമമായി ലഭിക്കാറില്ല.

(ബി) വിവരം ലഭ്യമല്ല.

(സി ഡി) ഇത് കേരളത്തിലെ വൈദ്യുതി ജനറേഷനുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ വിവരം ലഭ്യമല്ലായെന്ന് ബോർഡ് അറിയിച്ചിരിക്കുന്നു.

(ഇ) വാട്ടർ റഗുലേഷൻ ബോർഡിൽ 1970 മുതൽ വൈദ്യുതി ബോർഡിനെ പ്രതിനിധീകരിച്ചിട്ടുണ്ട്. 1970 മുതൽ 1989 വരെ ചീഫ് എൻജിനീയർ (സിവിൽ-പ്ലാനിംഗ്) അതിനുശേഷം ചീഫ് എൻജിനീയർ (ഇലക്ട്രിസിററി ജനറേഷൻ) ആയിരുന്നു പങ്കെടുത്തത്.

(എഫ്) പൂർണ്ണമായും ലഭിച്ചിട്ടില്ല. എന്നാൽ ഷോളയാർ സ്റേറഷനിലെ യന്ത്ര തകരാറുമൂലം മുഴുവൻ ജലവും ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. 1987 മുതൽ 1991 വരെ കരാർ പ്രകാരം നമുക്ക് 3,480 ദശലക്ഷം ഘന അടി ജലം ലഭിക്കുവാനുണ്ട്. ഷോളയാർ സ്റേറഷനിലെ യന്ത്രത്തകരാറുകൾ മുഴുവൻ പരിഹരിക്കപ്പെടുമ്പോൾ ഈ ജലം മുഴുവനും ഉപയോഗപ്പെടുത്താവുന്നതാണ്. കുടിശ്ശികയായി ലഭിക്കുവാനുള്ള ജലം പ്രതിവർഷം 500 Mcft എന്ന തോതിൽ ലഭിക്കുന്നതാണ്.

## ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് നിയന്ത്രണങ്ങൾ

127 [3535] ശ്രീ. തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇപ്പോൾ ത്രീ ഫേസ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ പ്രസ്താവിച്ച നിയന്ത്രണങ്ങൾ എന്നുമുതൽ പ്രാബല്യത്തിൽ വന്നു;

(സി) ത്രീ ഫേസ് കണക്ഷനുവേണ്ടി കിട്ടിയിട്ടുള്ള അനേകം അപേക്ഷകൾ മേൽപ്പറഞ്ഞ നിയന്ത്രണംമൂലം കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി അപേക്ഷകളിൻമേൽ അനുകൂലമായ തീരുമാനം എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചും ഓരോ വർഷങ്ങളിലും നിശ്ചയിക്കുന്ന ടാർജററും മുൻഗണനാക്രമവുമനുസരിച്ചാണ് ആ പ്രവർത്തി ചെയ്യുന്നത്.

(ബി, സി, ഡി) ഉദിക്കുന്നില്ല.

## അഡീഷണൽ ബില്ലുകൾക്ക് പലിശ ഈടാക്കുന്ന നടപടി

128 [3536] ശ്രീ. പി. ടി. തോമസ്:
,, സി. എം. സുന്ദരം:
,, കെ. സി. ജോസഫ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിററി അഡീഷണൽ ബില്ലുകൾക്ക് പലിശ ഈടാക്കുന്ന നടപടി അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകുമോ;

(ബി) വർഷത്തിലൊരിക്കൽ അഡീഷണൽ ബിൽ നൽകുന്നത് കാലദൈർഘ്യം കുറച്ച് ആറുമാസത്തിലൊരിക്കൽ ഇപ്രകാരം ബില്ല് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഡീഷണൽ ബില്ലുകൾ നിശ്ചിത തീയതിക്കുള്ളിൽ അടയ്ക്കുകയാണെങ്കിലും ഉപഭോക്താവിന്റെ അപേക്ഷ അനുസരിച്ച് അഡീഷണൽ ബില്ലിലെ തുകയ്ക്ക് ഇൻസ്ററാൾമെൻറ് അനുവദിച്ചിട്ടുള്ള അവസരങ്ങളിലും പലിശ ഈടാക്കുന്നില്ല.

(ബി) ഇപ്പോഴത്തെ താരിഫ് ഓർഡർ പ്രകാരം ആറുമാസത്തിലൊരിക്കൽ എടുക്കുന്ന റീഡിംഗിനെ അടിസ്ഥാനമാക്കി സ്ലാബ്/പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് പുനർ നിർണ്ണയം ചെയ്യുന്നതിനും അധിക ഉപഭോഗം ഉണ്ടെങ്കിൽ അതിന് ബില്ല് നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഴയ ഉപഭോക്താവിന്റെ കുടിശ്ശിക കാരണം പുതിയ ഉപഭോക്താവിന് കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ട്

129 [3540] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ ഉപഭോക്താവ് വൈദ്യുതി ചാർജ്ജിനത്തിൽ വരുത്തിയ കുടിശ്ശിക പുതിയ ഉപഭോക്താവ് അടച്ചു തീർത്താൽ മാത്രമേ വൈദ്യുതി നൽകൂ എന്ന തീരുമാനം ഗവൺമെന്റ് പുനഃപരിശോധിക്കുമോ;

(ബി) പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള എന്തെങ്കിലും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് പറയാമോ;

(ഡി) പഴയ ഉപഭോക്താവിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികൾ അവസാനിക്കുന്നതു വരെ പുതിയ ഉപഭോക്താവ് കണക്ഷൻ ലഭിക്കാതെ കാത്തിരിക്കണമെന്ന തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ ആൻറ് ബി) പഴയ ഉപഭോക്താവ് വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള കുടിശ്ശിക അടച്ചുതീർത്താൽ മാത്രമേ പുതിയ ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ നൽകൂ എന്ന ഇലക്ട്രിസിററി ബോർഡിന്റെ വ്യവസ്ഥയെപ്പററി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് റിട്ട് പെററീഷനും ഹൈക്കോടതിയിൽ നിലവിലുണ്ട്.

(സി ആൻറ് ഡി) പുതിയ ഉപഭോക്താവിന് ബുദ്ധിമുട്ട് ഉണ്ടാകാതെയും അതേസമയം ബോർഡിന് നഷ്ടം വരാത്ത രീതിയിലും പ്രശ്നം പരിഹരിക്കാനാണ് ബോർഡിന്റെ ശ്രമം. ബോർഡിന്റെ വരുമാനത്തെ ബാധിക്കുന്ന പ്രശ്നമായതിനാലും നിയമ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതിനാലും വളരെ വിശദമായ പരിശോധന ഈ കാര്യത്തിൽ ആവശ്യമായിരിക്കുന്നു എന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിക്കുന്നു. ഈ പ്രശ്നം ബോർഡിന്റെ സജീവ പരിഗണനയിലാണെന്നും എത്രയും വേഗം ഈ പ്രശ്നത്തെപ്പററി ഒരു അന്തിമ തീരുമാനം എടുക്കുന്നതാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

മീററർ റീഡിംഗിന് പുതിയ സംവിധാനം

130 [3544] ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യുച്ഛക്തി ബോർഡിന്റെ മീററർ റീഡിംഗുകാരെ അതതു സ്ഥലത്ത് മീററർ റീഡിംഗ് എടുക്കുമ്പോൾ അതതു സ്ഥലത്തു വച്ചുതന്നെ 'ബില്ല്' എഴുതി പണം സ്വീകരിക്കുന്നതിന് മീററർ റീഡിംഗുകാരെ ചുമതലപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അടയ്ക്കേണ്ട തുകയെപ്പററി ഉപഭോക്താവിന് മുൻകൂട്ടി അറിയാനുള്ള അവസരം ഇല്ലാതാകുന്നതുകൊണ്ട് ഇപ്പോൾ ഇങ്ങനെയൊരു നടപടിക്രമം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

## കണക്ഷൻ ലഭിക്കുന്നതിനും മീററർ മാററിവയ്ക്കുന്നതിനും ഒരു ഏകീകൃത നയം

131 [3545] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിസിററി സെക്ഷനാഫീസിൽ പുതുതായി കണക്ഷൻ ലഭിക്കുന്നതിനും, മീററർ മാററിവയ്ക്കുന്നതിനും മററും ഒരു ഏകീകൃത നയം സ്വീകരിക്കുമോ;

(ബി) 1991-92-ൽ വൈദ്യുതാഘാതമേററ് എത്ര ആളുകൾ മരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ കെ.എസ്.ഇ.ബി.-യിലെ ജീവനക്കാർ എത്ര; മററുള്ളവർ എത്ര;

(ഡി) നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകീകൃത നയം തന്നെയാണ് നിലവിലുള്ളത്.

(ബി) 131 പേർ.

(സി) ബോർഡ് ജീവനക്കാർ—7
മററുള്ളവർ—124

(ഡി) 14,93,969 രൂപ.

## വിമുക്തഭടൻമാർക്ക് വൈദ്യുതി കണക്ഷൻ മുൻഗണന

132 [3546] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരുടെ ഗാർഹികാവശ്യങ്ങൾക്കായുള്ള വൈദ്യുത കണക്ഷൻ നൽകുന്നതിന് സർക്കാർ എന്തെങ്കിലും മുൻഗണന നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം; വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടാവുന്ന അപകടത്തിൽ അംഗവൈകല്യം സംഭവിച്ച ഭടൻമാർക്ക് ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നുണ്ടെന്ന് വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

## ശ്രീകാര്യത്തുള്ള കരിയം സെക്ഷൻ ഓഫീസിൽ ഒ.വൈ.ഇ.സി. പ്രകാരം കണക്ഷൻ

133 [3548] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ശ്രീകാര്യത്തുള്ള കരിയം സെക്ഷൻ ഓഫീസിൽ ഒ.വൈ.ഇ.സി. പ്രകാരം രൂപ അടച്ചവരിൽ എത്ര പേർക്ക് 1992 ജനുവരി 1 മുതൽ മാർച്ച് 17 വരെ കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) എത്ര പേർക്ക് ഇനി കണക്ഷൻ നൽകുവാനുണ്ട്;

(സി) വൈദ്യുതി കണക്ഷനുവേണ്ടി ഒ.വൈ.ഇ.സി. പ്രകാരം രൂപ അടച്ച് കാത്തിരിക്കുന്നവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഡി) അവർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാനാവും; അതിന് എത്രവീതം കമ്പിയും പോസ്ററും ആവശ്യമായി വരുമെന്ന വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) എഴുപത്തി രണ്ട്.

(ബി) പത്ത്.

(സി)

| | പേര് | കൺസ്യൂമർ നമ്പർ |
|---|---|---|
| 1. | രാമചന്ദ്രൻ നായർ | 8485 |
| 2. | എസ്. രവീന്ദ്രൻ | 8445 |
| 3. | എസ്. രവീന്ദ്രൻ | 8563 |
| 4. | കുഞ്ഞുപിള്ള | 8519 |
| 5. | ഡി. രാധ | 8578 |
| 6. | മധുസൂധനൻ നായർ | 8599 |
| 7. | സുബ്രഹ്മണിതൻ | 8597 |
| 8. | പി. ജി. നിർമ്മൽ കുമാർ | 8594 |
| 9. | ആനി ഫിലിപ്പ് | 8586 |
| 10. | പങ്കജാക്ഷി | 8620 |

(ഡി) 31-3-1992-നകം കണക്ഷൻ നൽകാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നതായി വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതിന് 600 മീററർ 7/3.1 എം. എം. അലുമിനിയം കമ്പിയും, 803 മീററർ 7/2.21 എം.എം. അലുമിനിയം കമ്പിയും 15 പോസ്ററുകളും ആവശ്യമായി വരും.

LIBRARY ARCHIVES Kerala Legislative Assembly

## പ്രൈമറി സ്കൂളുകളെ വൈദ്യുതി ചാർജ്ജിൽനിന്നും ഒഴിവാക്കാൻ നടപടി

134 [3549] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

20 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഗവൺമെൻറ് പ്രൈമറി സ്കൂളുകളെയും വൈദ്യുതി ചാർജ്ജിൽനിന്നും ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ?

### ഉത്തരം

പ്രതിമാസം 20 യൂണിറ്റോ, അതിനു താഴെയോ ഉപഭോഗം വരുന്ന (3 ഫേസ് അല്ലാത്ത) ഗാർഹിക ഉപഭോക്താക്കളെ മാത്രമേ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളു. സ്കൂളുകൾക്ക് ഈ സൗജന്യം അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

## വലപ്പാട് 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

135 [3554] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വലപ്പാട് ഒരു 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ വൈദ്യുതി ബോർഡും ഗവൺമെൻറും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിയിലാണ് ബോർഡും ഗവൺമെൻറും തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സബ്സ്റ്റേഷൻ സ്ഥാപിക്കാൻ എത്ര ലക്ഷം രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) 1990–91 സാമ്പത്തിക വർഷത്തിലെ ബഡ്ജററിൽ എത്ര തുക വിലയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള ഭൂമി എടുക്കുന്നതിനുള്ള നടപടി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ;

(എഫ്) എന്നത്തേക്ക് ഈ സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ജി) ഈ സബ് സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ, ബി) സബ്സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിക്കുന്നത് ബോർഡാണ്. വലപ്പാട് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ 30–11–1988-ൽ ബോർഡ് തീരുമാനമെടുത്തു.

(സി) 445 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്തു ലക്ഷം രൂപ.

(ഇ) സ്ഥലമെടുപ്പിനായി ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

(എഫ്) സ്ഥലം കൈവശം ലഭിച്ചാലുടൻ പണി ആരംഭിക്കുന്നതാണ്.

(ജി) 1994-95 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാവുമെന്ന് കരുതുന്നതായി ബോർഡ് അറിയിച്ചിരിക്കുന്നു.

## ചേവായൂരിൽ പുതിയ സബ്സ്റ്റേഷൻ തുടങ്ങാൻ നിർദ്ദേശം

136 [3555] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയതായി എത്ര 110 കെ.വി. സബ്സ്റ്റേഷനുകൾ തുടങ്ങാനുള്ള നിർദ്ദേശങ്ങളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ പുതിയ സബ്സ്റ്റേഷൻ തുടങ്ങാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവൺമെന്റ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) മൂന്ന് എണ്ണം തുടങ്ങാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചേവായൂർ 110 കെ.വി. സബ്സ്റ്റേഷനാവശ്യമായ പ്രധാന യന്ത്രോപകരണങ്ങൾക്ക് കരാർ കൊടുത്തു. ഇവയിൽ പലതും ലഭിച്ചിട്ടുണ്ട്. സ്റ്റേഷനാവശ്യമായ സ്ഥലം എടുക്കുന്നതിന്റെ ഗസററ് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്നുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

## ദേവികുളങ്ങര പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

137 [3558] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിൽ 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടും പ്രയാർ 1-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായിരിക്കുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ടി വാർഡിൽ വൈദ്യുതി എത്താത്ത ഭാഗത്ത് പുതുതായി വൈദ്യുതി ലൈനുകൾ സ്ഥാപിച്ച് ഇലക്ട്രിക് കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ബോർഡിനു ലഭിച്ചിട്ടുണ്ട്.

(ബി) വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ബഡ്ജററിന് വിധേയമായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിച്ചിട്ടുണ്ട്.

മണ്ണടി ഭഗവതി നഗർ, പള്ളിത്താനം, കുന്നുംപുറം പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം

138 [3559] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കരമന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽപ്പെട്ട നെടുങ്കാട് വാർഡിലെ മണ്ണടി ഭഗവതി നഗർ, പള്ളിത്താനം, കുന്നുംപുറം പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഈ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 11 കെ. വി. ലൈൻ വലിച്ച് ഈ ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുള്ള എസ്ററിമേററിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്, ബഡ്ജററിന് വിധേയമായി മുൻഗണനാ ക്രമത്തിൽ ഈ ജോലി ചെയ്തു തീർക്കുന്നതാണെന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിച്ചിട്ടുണ്ട്.

പേരാമ്പ്ര മലയോര പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം

139 [3561] ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര അസംബ്ലി മണ്ഡലം അതിർത്തിയിലെ മലയോര പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന കാര്യം ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്ന് വിദ്യുച്ഛക്തി ബോർഡ് അറിയിച്ചിട്ടുണ്ട്.

## തെരുവ് വിളക്കുകൾക്ക് മീററർ ഘടിപ്പിക്കാൻ നടപടി

140 [3566] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ട്രീററ് ലൈററുകൾക്ക് മീററർ ഘടിപ്പിച്ച് കറൻറ് യൂണിററ് കണക്കാക്കാൻ സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനം വൈദ്യുത ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രകാശിപ്പിക്കാത്ത ലൈററുകൾക്ക് നഗരസഭയും പഞ്ചായത്തുകളും വൈദ്യുത ബോർഡിൽ കറണ്ട് ചാർജ് നൽകുന്നുണ്ടെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം കറണ്ട് ചാർജ് ഈടാക്കാനാവശ്യമായ നടപടി ഈ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) കാമ്പസുകളിൽ ഉപഭോക്താക്കൾ സ്വന്തം ലൈനുകളിൽ ഘടിപ്പിക്കുന്ന ലൈററുകൾക്കും ബോർഡിൻെറ താരിഫ് ഓർഡറിൽ ഉൾപ്പെടുത്താത്ത പ്രത്യേക തരം വിളക്കുകൾ ബോർഡിൻെറ ലൈനിൽ ഘടിപ്പിക്കുകയാണെങ്കിൽ അവയ്ക്കും മീററർ വച്ച് വൈദ്യുതി നൽകുന്നുണ്ട്. ഫിക്സഡ് ചാർജ് ആയി പ്രതിമാസം മീറററിന് 5 രൂപ വീതവും എനർജി ചാർജ് ആയി യൂണിററിന് 40 പൈസ വീതവുമാണ് ചാർജ് ചെയ്യുന്നത്.

(ബി) ഉണ്ട്. ബൾബ് ഫ്യൂസാവുകയോ മററെന്തെങ്കിലും തരത്തിൽ ലൈററ് ഫിററിംഗിൻെറ കേടുപാടുകൾ മൂലമോ ലൈററുകൾ കത്താതെ വരുന്ന അവസരത്തിൽ ആ ലൈററുകൾക്ക് കൂടി പഞ്ചായത്തുകളും നഗരസഭകളും വൈദ്യുതി ചാർജ് നൽകുന്നുണ്ട്. എന്നാൽ എത്രയും വേഗം ബൾബുകൾ മാററിയും കേടുപാടുകൾ തീർത്തും കത്താത്ത വിളക്കുകൾ കത്തിക്കുവാൻ ഏർപ്പാട് ചെയ്യാറുണ്ട്.

(സി) കത്താത്ത വിളക്കുകളുടെ എണ്ണം കൃത്യമായി കണക്കാക്കി എത്ര മണിക്കൂർ അവ കത്താതിരുന്നു എന്നുള്ള വിവരം ശേഖരിച്ച് അതിന് റിബേററ് നൽകുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ടെന്നും എന്നാൽ കത്താത്ത വിളക്കുകൾ എത്രയും വേഗം കേടുപാടുകൾ തീർത്ത് കത്തിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിദ്യുച്ഛക്തി ബോർഡ് അറിയിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## കെ. എസ്. ഇ. ബി.-യിലെ ഒഴിവുകൾ

141 [3568] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിലെ ഒഴിവുകളെല്ലാം നികത്തപ്പെടാത്തത് ഏതു കാലം മുതൽക്കാണ്;

(ബി) പ്രസ്തുത ഒഴിവുകൾ കൃത്യമായി നികത്താൻ മുൻ ഗവൺമെൻറ് നടപടി സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ അതിനു കാരണം വിശദീകരിക്കുമോ;

(സി) ഒഴിവുണ്ടായ വിവരം ബോർഡ് പി. എസ്. സി.-യെ അറിയിച്ചിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്?

### ഉത്തരം

(എ) 1988 ജനുവരി മുതൽ.

(ബി) സ്വീകരിച്ചിരുന്നു.

(സി) അറിയിച്ചിരുന്നു.

(ഡി) 4468 ഒഴിവുകൾ.

## കേന്ദ്ര സഹകരണ സംഘങ്ങളിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ ഓഹരി എടുക്കുന്നത് സംബന്ധിച്ച നടപടി

142 [3570] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ ഓഹരി എടുക്കുന്നതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സഹകരണവൽക്കരണ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങളിൽ ഇപ്പോൾതന്നെ സംസ്ഥാന ഗവൺമെൻറ് ഓഹരിയെടുക്കുന്നുണ്ട്. ഇങ്ങനെ ഓഹരിയെടുക്കുന്നതിനുവേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം കേന്ദ്ര ഗവൺമെൻറാണ് നൽകുന്നത്.

(ബി) 40 രൂപ ഓഹരിയെടുത്തിട്ടുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ അംഗത്തിന് 360 രൂപാ ക്രമത്തിലും, 75 രൂപ ഓഹരി എടുത്തിട്ടുള്ള കയർ ഉല്പന്ന നിർമ്മാണ സഹകരണ സംഘങ്ങളിലെ അംഗത്തിന് 675 രൂപാ ക്രമത്തിലും സംഘങ്ങൾക്ക് ഓഹരി വിഹിതം നൽകുന്നു. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വരെയുമാണ് ഗവൺമെന്റ് ഓഹരിയെടുക്കുന്നത്.

## കയർ തൊഴിലാളി ക്ഷേമ പദ്ധതിയിലേക്കുള്ള സർക്കാർ വിഹിതം

143 [3571] ശ്രീ. എസ്. ശർമ്മ:
,, വി. കേശവൻ:
,, വർക്കല രാധാകൃഷ്ണൻ:
,, സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമ പദ്ധതിയിലേക്കു സർക്കാരിന്റെ വിഹിതമായി 1991-92-ൽ എന്തു തുക നൽകിയിട്ടുണ്ടെന്നു പറയാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത പെൻഷൻ സംബന്ധിച്ച വിവരം ജില്ല തിരിച്ചു വ്യക്തമാക്കുമോ:

(സി) കയർ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ 1992 മാർച്ച് വരെ ലഭിച്ചിട്ടുണ്ട്;

(ഡി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടപ്പുണ്ട്;

(ഇ) ആറുമാസത്തിൽ കൂടുതൽ കാലതാമസം വേണ്ട എത്ര അപേക്ഷയുണ്ട്?

### ഉത്തരം

(എ) 15 ലക്ഷം രൂപ.

(ബി) ജില്ല തിരിച്ചുള്ള പെൻഷൻ വിതരണം

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | .. | 1,869 |
| 2. | കൊല്ലം | .. | 2789 |
| 3. | ആലപ്പുഴ | .. | 3782 |
| 4. | കോട്ടയം | .. | 419 |
| 5. | എറണാകുളം | .. | 1423 |
| 6. | തൃശ്ശൂർ | .. | 465 |
| 7. | മലപ്പുറം | .. | 265 |
| 8. | കോഴിക്കോട് | .. | 496 |
| 9. | കണ്ണൂർ | .. | 37 |
| 10. | കാസർകോഡ് | .. | 39 |
| | ആകെ | .. | 11,884 |



LIBRARY ARCHIVES Kerala Legislative Assembly

(സി) 358 എണ്ണം.

(ഡി) തീർപ്പാകാത്ത അപേക്ഷകൾ ഒന്നുമില്ല.

(ഇ) ഒന്നുമില്ല.

## കയർ വ്യവസായത്തെപ്പററി പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി

144 [3572] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വ്യവസായത്തെപ്പററി പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ടാസ്ക് ഫോഴ്സ് ശുപാർശയുടെ അടിസ്ഥാനത്തിൽ മൊത്തം 50 കോടി രൂപ അടങ്കൽ വരുന്ന സംയോജിത കയർ വികസന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റ്, എൻ. സി. ഡി. സി. എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതു കേന്ദ്ര ഗവൺമെന്റിന്റെയും എൻ. സി. ഡി. സി.-യുടെയും സജീവ പരിഗണനയിലാണ്. ടാസ്ക് ഫോഴ്സ് റിപ്പോർട്ടിലെ മററു ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം കാണിക്കുന്ന സ്റേററുമെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

## സഹകരണ സംഘങ്ങൾക്ക് കയർപിരി യന്ത്രങ്ങൾ വാങ്ങാൻ നടപടി

145 [3573] ശ്രീ. സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ പ്രവർത്തിക്കുന്ന ഒൻപതു കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ച റാട്ടുലോൺ ചെലവാക്കാത്തതിന്റെ പേരിൽ തിരിച്ചടക്കണമെന്നുള്ള സർക്കാരിന്റെ നിലപാട് മാററി പകരം കയർഫെഡ് നിർമ്മിച്ച പുതിയ കയർപിരി യന്ത്രങ്ങൾ വാങ്ങുന്നതിന് ഈ തുക വകമാററി ചെലവുചെയ്യാൻ അനുവദിക്കണം എന്നാവശ്യപ്പെടുന്ന മെമ്മോറാണ്ടം സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഈ ആവശ്യം അംഗീകരിക്കുവാൻ വരുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കഴിവതും വേഗം തീരുമാനം എടുക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മെമ്മോറാണ്ടം ലഭിക്കുകയുണ്ടായി.

(ബി, സി) റാട്ടുലോണും അതിന്റെ സബ്സിഡിയും അനുവദിച്ചത് 1983-84, 1984-85 കാലഘട്ടത്തിലാണ്. ഈ വായ്പയുടെ ഉപയോഗ കാലാവധി ഒരു വർഷമായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ 50 ശതമാനം സഹായത്തോടുകൂടി നൽകിയ ഈ തുക ഉപയോഗ കാലാവധി കഴിഞ്ഞ് ഏഴ് എട്ട് വർഷങ്ങളായിട്ടും സംഘങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല, പല സംഘങ്ങളും പ്രസ്തുത തുക ദുരുപയോഗപ്പെടുത്തുകയും അതിനെ സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയും ചെയ്ത സാഹചര്യത്തിലാണ് തുക തിരിച്ചടയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്. എന്നാൽ മേല്പറഞ്ഞ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കയർ ബോർഡിന്റെ പുതിയതായി നവീകരിച്ച റാട്ടുകൾ വാങ്ങി സംഘങ്ങൾ ഉപയോഗിക്കാൻ തയ്യാറാകുകയാണെങ്കിൽ ഉപകരണ വായ്പയുടെ വിനിയോഗ കാലാവധി നീട്ടികിട്ടുന്നതിന് അപേക്ഷ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

## മോഡൽ കയർ ഫാക്ടറികൾ

146 [3574] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ കയർ ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തായി;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര മോഡൽ കയർ ഫാക്ടറികൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) ഈ ആവശ്യത്തിന് 1990-91 വർഷത്തിലെ ബഡ്ജററിൽ എന്തു തുക നീക്കിവച്ചിരുന്നു; അതിൽ എന്തു ചെലവാക്കി;

(ഡി) ഈ ആവശ്യത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) ലക്ഷ്യമിട്ടിരുന്ന മൂന്ന് മോഡൽ കയർ ഫാക്ടറികളും സ്ഥാപിച്ചു കഴിഞ്ഞു. ഒരെണ്ണം പൊതുമേഖലയിലും രണ്ടെണ്ണം സഹകരണ മേഖലയിലും.

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴയിൽ മൂന്ന് മോഡൽ കയർ ഫാക്ടറികൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇവ മൂന്നും സ്ഥാപിച്ചു കഴിഞ്ഞു. മോഡൽ കയർ ഫാക്ടറികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) കേരള സ്റേററ് കയർ കോർപ്പറേഷന്റെ കീഴിലുള്ള മോഡൽ കയർ ഫാക്ടറി,

LIBRARY ARCHIVES Kerala Legislative Assembly

(2) കരപ്പുറം കയർ മാററ്സ് ആൻറ് മാററിംഗ്സ് സഹകരണ സംഘം നമ്പർ 889, ആലപ്പുഴ.

(3) ആലപ്പുഴ ടൗൺ കയർ മാററ്സ് ആൻറ് മാററിംഗ്സ് സൊസൈററി നമ്പർ 888.

(സി) 1990-91-ലെ ബഡ്ജററിൽ മോഡൽ കയർ ഫാക്ടറികൾക്ക് വായ്പ നൽകാനായി 10 ലക്ഷം രൂപയും ഓഹരിയെടുക്കുവാനായി 5 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിരുന്നത്. ഈ തുക മുഴുവനും ചെലവാക്കി.

(ഡി) 1990-91-ൽ ലക്ഷ്യമിട്ടിരുന്ന മൂന്ന് മോഡൽ കയർ ഫാക്ടറികളും സ്ഥാപിച്ച് കഴിഞ്ഞിരുന്നതിനാൽ ഒന്നുംതന്നെ ചെലവഴിക്കേണ്ടിവന്നില്ല.

## കയർ വ്യവസായ സഹകരണസംഘങ്ങൾക്കുള്ള സഹായം

147 [3575] ശ്രീ. എ. കണാരൻ:

,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വികസന പദ്ധതികളനുസരിച്ച് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം എന്തു തുകയാണ് ഈ ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് പറയാമോ;

(സി) കയറിൻേറയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പന ത്വരിതപ്പെടുത്തുന്നതിനായി ഈ കാലയളവിൽ എത്ര ശതമാനം റിബേററാണ് നൽകിയത്; ഈ ഇനത്തിൽ ഗവൺമെൻറിന് ചെലവായ തുക എത്ര; കയർ സഹകരണ സംഘങ്ങൾക്ക് റിബേററ് ഇനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുവാനുണ്ടോ; എങ്കിൽ എത്ര?

## ഉത്തരം

(എ) കയർ വികസന പദ്ധതികളനുസരിച്ച് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

(1) കുറഞ്ഞ പലിശ നിരക്കിൽ പ്രവർത്തനമൂലധന വായ്പ, കയർഫെഡിനും കയർ സഹകരണ സംഘങ്ങൾക്കും നൽകുന്നതിനായി സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് പലിശ സബ്സിഡി.

(2) വിൽപ്പന ഡിപ്പോകൾ തുറക്കുന്നതിന് കയർഫെഡിന് ഗ്രാൻറ്.

(3) കയർ സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിന് സംഘങ്ങളോടനുബന്ധിച്ച് ബാലവാടികൾ സ്ഥാപിച്ചു നടത്താൻ ധനസഹായം.

(4) കയറിനും കയറുൽപ്പന്നങ്ങൾക്കും 20 ശതമാനം റിബേററ്.

(5) കയർ സഹകരണ സംഘങ്ങളിലെ ഭരണപരമായ ചെലവു വഹിക്കാൻ 5 വർഷത്തേയ്ക്ക് മാനേജീരിയൽ സബ്സിഡി.

LIBRARY ARCHIVES Kerala Legislative Assembly

(6) ഉപകരണങ്ങൾ വാങ്ങാൻ വായ്പയും സബ്സിഡിയും.

(7) സംഘങ്ങളിലെ നഷ്ടം നികത്തി ബാങ്കുകളിൽ നിന്നും പ്രവർത്തനമൂലധനം ലഭിക്കുന്നതിന് അവയെ പ്രാപ്തമാക്കാൻ നഷ്ട പരിഹാര ഗ്രാൻറ്.

(8) പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ കയർഫെഡിനും മാററ്സ് ആൻറ് മാററിംഗ്സ് സംഘങ്ങൾക്കും ഗ്രാൻറ്.

(9) കയർഫെഡിന് ടെക്നിക്കൽ പ്രൊമോഷൻ സെൽ രൂപീകരിക്കാൻ ധനസഹായം.

(10) വടക്കൻ ജില്ലകളിലെ കയർ സംഘങ്ങൾക്ക് പൊതു വിപണിയിൽ നിന്ന് തൊണ്ടുവാങ്ങി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് പരിഹരിക്കാൻ ഗ്രാൻറ്.

(11) വടക്കൻ ജില്ലകളിലെ ഡീഫൈബറിംഗ് മില്ലുകളിൽ നിന്ന് ചകിരി വാങ്ങി ഉപയോഗിക്കാൻ ട്രാൻസ്പോർട്ട് സബ്സിഡി.

(12) തെക്കൻ ജില്ലകളിലെ സംഘങ്ങൾക്ക് പൊതുവിപണിയിൽ നിന്ന് തൊണ്ടു വാങ്ങാൻ സബ്സിഡി.

(13) പൊതുമേഖലയിലുള്ള ഡൈഹൗസുകളിൽ കൊണ്ടുപോയി ചകിരി, കയർ എന്നിവ ചായം മുക്കാൻ സബ്സിഡി.

(14) ഓഹരി മൂലധന നിക്ഷേപം.

(15) പ്രോസസിംഗ് യൂണിററുകൾ സ്ഥാപിക്കാൻ മാററ്സ് ആൻറ് മാററിംഗ്സ് സംഘങ്ങൾക്ക് ധനസഹായം.

(16) തൊണ്ടു തല്ലൽ, തൊണ്ടഴുക്കൽ, കയർ പിരിക്കൽ എന്നീ ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങാൻ വായ്പ.

(17) പ്രവർത്തനമൂലധന വായ്പ.

(18) വ്യാപാരപ്രദർശനങ്ങൾ സംഘടിപ്പിക്കാൻ കയർഫെഡിനും മാററ്സ് ആൻറ് മാററിംഗ്സ് സംഘങ്ങൾക്കും ഗ്രാൻറ്.

(19) കയർ സംഘങ്ങളിലെ ഉദ്യോഗസ്ഥൻമാർക്കും തൊഴിലാളി കൾക്കും പരിശീലനം നൽകുക.

കൂടാതെ കയർ സഹകരണ സംഘങ്ങൾ 30-6-1987-ൽ ഗവൺമെൻറി ലേക്ക് അടയ്ക്കാൻ ബാക്കി നിൽക്കുന്ന വായ്പ തുക, പലിശ, പിഴ പലിശ എന്നിവയുടെ 50 ശതമാനം ഗവൺമെൻറ് ഓഹരിയായി മാററി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതുമൂലം സംഘങ്ങൾക്ക് സഹകരണബാങ്കുകളിൽ നിന്ന് കൂടുതൽ പ്രവർത്തനമൂലധന വായ്പ ലഭിക്കാൻ അർഹതയുണ്ടാകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം 344·37 ലക്ഷം രൂപ കയർ വികസന പദ്ധതികൾക്കായി ചെലവാക്കിയിട്ടുണ്ട്.

(സി) 20 ശതമാനം റിബേററാണ് നൽകിയത്. ഈ ഇനത്തിൽ നടപ്പുവർഷം 20-3-1992 വരെ 229·54 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1991-92 വർഷത്തിൽ റിബേററ് അനുവദിച്ച ഇനത്തിൽ വിവിധ കയർ സംഘങ്ങൾക്കായി ഏകദേശം 114.69 ലക്ഷം രൂപ നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കയർ മേഖലയിലെ ഇതര പദ്ധതികൾ

148 [3576] ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെൻറിൻെറ സഹകരണ പദ്ധതിയനുസരിച്ച് കയർമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രഗവൺമെൻറിൻെറ 50 ശതമാനം ഗ്രാൻറ് നൽകുന്നത്; ഈ ഇനത്തിൽ ഈ സർക്കാർ വന്നതിനുശേഷം എന്തു തുക ലഭിച്ചിട്ടുണ്ട്?

### ഉത്തരം

(എ) കേന്ദ്രഗവൺമെൻറിൻെറ സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് കയർ മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(1) കയർഫെഡിന് വിൽപ്പന ഡിപ്പോകൾ തുറക്കുന്നതിന് സാമ്പത്തിക സഹായം.

(2) ഭരണപരമായ ചെലവുകൾക്ക് കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി.

(3) റാട്ടുകൾ, തറികൾ, മററുപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നവീകരിക്കുന്നതിനും വായ്പയും സബ്സിഡിയും നൽകുക.

(4) കയർ സഹകരണ സംഘങ്ങൾക്ക് ഓഹരിവിഹിതം നൽകുക.

(ബി) കേന്ദ്രഗവൺമെൻറിൽ നിന്നും 50 ശതമാനം സാമ്പത്തിക സഹായം ലഭിക്കുന്ന കയർ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:

(1) വിൽപ്പന ഡിപ്പോകൾ തുറക്കുന്നതിന് കയർ ഫെഡിന് സമ്പത്തിക സഹായം.

(2) കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി.

(3) റാട്ടുകൾ, ലൂമുകൾ, മററ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നവീകരിക്കുന്നതിനും വായ്പയും സബ്സിഡിയും നൽകുക.

(4) കയർ സഹകരണ സംഘങ്ങളിൽ ഓഹരി മൂലധന നിക്ഷേപം.

(5) കയറിനും കയറുൽപ്പന്നങ്ങൾക്കുമുള്ള 20 ശതമാനം റിബേററ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിബേററ് ഇനത്തിൽ 86.25 ലക്ഷം രൂപ കേന്ദ്ര ഗവൺമെൻറിൽ നിന്നും അഡ്വാൻസായി ലഭിച്ചിട്ടുണ്ട്. കൂടാതെ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ടു ബോർഡിന് ഗ്രാൻറ് നൽകുന്നതിനായി 1991–92 വർഷത്തിൽ 25 ലക്ഷം രൂപ കേന്ദ്രഗവൺമെൻറ് അനുവദിക്കുകയും അതിൽ 15 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഈ 15 ലക്ഷം രൂപ വിനിയോഗിച്ചശേഷം ബാക്കി 10 ലക്ഷം രൂപ കൂടി നൽകാമെന്നും കേന്ദ്ര ഗവൺമെൻറ് കയർ ബോർഡുവഴി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കയററുമതി പ്രോൽസാഹിപ്പിക്കാൻ നടപടി

149 [3577] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയറുൽപ്പന്നങ്ങളുടെ കയററുമതി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

### ഉത്തരം

കയറുൽപ്പന്നങ്ങളുടെ കയററുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ കയർ ബോർഡാണ്. കേന്ദ്ര ഗവൺമെൻറിൻെറ പുതിയ വ്യാപാരനയം കയററുമതി പ്രോൽസാഹിപ്പിക്കുന്നതിന് ഉതകുമാറാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

## കയർ മാർക്കററിംഗ് ഫെഡറേഷനിലെ ഉൽപ്പാദന യൂണിററുകൾ നവീകരിക്കുന്നതിന് പദ്ധതി

150 [3578] ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മാർക്കററിംഗ് ഫെഡറേഷനിലെ ഉൽപ്പാദന യൂണിററുകൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻെറ അനുമതി ലഭിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) കയർഫെഡിൻെറ കീഴിലുള്ള ഉൽപ്പാദന യൂണിററുകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള ഒരു പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗവൺമെൻറിനു സമർപ്പിച്ചിരുന്നു. ഇതിനു കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ ഇതിലെ ഏതാനും പദ്ധതികൾ കയർഫെഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയാണ്. മററുള്ളവ അഷിം ചാററർജി കമ്മിററി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുന്നതുമാണ്. ടാസ്ക് ഫോഴ്സ് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കയർ മാർക്കററിംഗ് ഫെഡറേഷനിലെ ഉൽപ്പാദന യൂണിററുകളിലേക്ക് ചകിരി ലഭ്യമാക്കുന്നതിനായി ഇപ്പോൾ പത്ത് (10) ഡിഫൈബറിംഗ് യൂണിററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന്

151 [3579] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന് പുതിയ വിൽപ്പനശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിൽപ്പനശാലകൾ തുറക്കുന്നതിന് കേന്ദ്രത്തിൽനിന്നും ഗ്രാൻറ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിൽപ്പനശാലകൾ തുറക്കുന്നതിന് കയർഫെഡിന് ഗ്രാൻറ് നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. എന്നാൽ ടാസ്ക് ഫോഴ്സ് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു മാർക്കററിംഗ് ഏജൻസിയെക്കൊണ്ട് വിശദമായ ഒരു മാർക്കററ് സർവെ നടത്തിയതിനുശേഷം മാത്രം പുതിയ വിൽപ്പനശാലകൾ ആരംഭിച്ചാൽ മതിയെന്നാണ് തീരുമാനിച്ചിട്ടുള്ളത്. മാർക്കററിംഗ് കൺസൾട്ടൻസി ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കയർഫെഡിന് വിൽപ്പനശാലകൾ ആരംഭിക്കാൻ കേന്ദ്ര ഗവൺമെൻറിൽനിന്നും 4 ലക്ഷം രൂപ ഇതുവരെ ഗ്രാൻറ് ലഭിച്ചിട്ടുണ്ട്. കൂടാതെ വിൽപ്പന ഡിപ്പോകൾ ആരംഭിക്കാൻ കേരള സ്റേററ് കയർ കോർപ്പറേഷന്, കയർ ബോർഡിൽ നിന്നും 1990-91-ൽ 25,000 രൂപയും ഗ്രാൻറ് ലഭിച്ചിട്ടുണ്ട്.

കയർ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം

152 [3580] ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ചത് എന്നാണ്;

(ബി) ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) ഈ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമുൻപ് ക്ഷേമനിധി ബോർഡിനോട് ആലോചിക്കുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാരലൽ കോളേജിലും, കോ-ഓപ്പറേററീവ് കോളേജുകളിലും കൂടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടിക്കൊടുക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചിരുന്നോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) 18-1-1989 തീയതിയിലെ കയർ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമാണ് വ്യവസ്ഥകൾ നിശ്ചയിച്ചത്.

(ബി) വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു:

(1) അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരിക്കണം.

(2) ക്ഷേമനിധി വിഹിതം കുടിശ്ശിക ഉണ്ടായിരിക്കരുത്.

(3) എസ്. എസ്. എൽ. സി.-ക്ക് ശേഷമുള്ള പോളിടെക്നിക്ക് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾ, പ്രീഡിഗ്രി, ബിരുദവും ബിരുദാനന്തരബിരുദവും, എൻജിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചർ, വെററിനറി സയൻസ് മുതലായ സാങ്കേതിക കോഴ്സുകൾ എന്നീ പഠനങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

(4) എൻജിനീയറിംഗ്, മെഡിസിൻ തുടങ്ങിയ സാങ്കേതിക പഠനങ്ങൾക്ക് 1500 രൂപയും മററു പഠനങ്ങൾക്ക് 500 രൂപയും പ്രതിവർഷം സ്കോളർഷിപ്പായി നൽകുന്നതാണ്.

(5) വർഷാവസാന പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് സ്ക്കോളർഷിപ്പ് തുടർന്ന് ലഭിക്കുന്നതല്ല.

(6) ഓരോ കോഴ്സിനും പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ സ്ക്കോളർഷിപ്പ് നിശ്ചയിക്കുന്നതാണ്.

(7) മറേറതെങ്കിലും പദ്ധതിപ്രകാരം സ്ക്കോളർഷിപ്പോ സ്റൈറപ്പന്റോ ലഭിക്കുന്നവർക്ക് ക്ഷേമനിധിയിൽ നിന്നുള്ള സ്ക്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയില്ല.

(സി) ക്ഷേമനിധിബോർഡ് നിലവിൽ വന്നത് 2-2-1989-ലാണ്. അതിനുമുൻപേ നിലവിൽ വന്ന (18-1-1989-ൽ) കയർ തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരമുള്ള വ്യവസ്ഥകളാണ് ഇവ.

(ഡി) ബാധകമല്ല.

(ഇ) ഇപ്പോഴതിനു വ്യവസ്ഥയില്ല.

(എഫ്) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ചികിത്സയ്ക്കായി സംവിധാനം

153 [3581] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കയർ മേഖലയിൽ പണിയെടുക്കുന്ന പ്രായംചെന്ന തൊഴിലാളികൾ ക്ഷയരോഗവും മററും പിടിപെട്ട് പണിയെടുക്കുവാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരുടെ ചികിത്സയ്ക്കായി പ്രത്യേകം സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) മുൻ ഗവൺമെൻറിന്റെ കാലത്ത് ഈ രംഗത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1988-ൽ സംസ്ഥാന ഗവൺമെൻറ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പുവഴി കയർ തൊഴിലാളികളെ സംബന്ധിച്ച് വിശദമായ ഒരു സെൻസസ് നടത്തിയിട്ടുണ്ട്.

(സി) കയർ മേഖലയിൽ പണിയെടുത്തതുകൊണ്ടുമാത്രം ഏതെങ്കിലും തൊഴിലാളിക്ക് ക്ഷയരോഗം പിടിപെട്ടതായി റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ഡി) കയർ തൊഴിലാളികളുടെ ചികിത്സാ ആവശ്യത്തിനായി കയർതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഗ്രാൻറ് നൽകുന്നുണ്ട്. കൂടാതെ കയർ തൊഴിലാളികളെ കിടത്തി ചികിത്സിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 50 ഗവൺമെൻറ് ആശുപത്രികളോടനുബന്ധിച്ച് 6 കിടക്കകളോടുകൂടിയ ആശുപത്രി ബ്ലോക്കുകൾ പണികഴിപ്പിച്ചു വരികയാണ്. ഇതിന്റെ പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ഇ) മുൻ ഗവൺമെൻറിന്റെ കാലത്ത് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. രാജീവ്ഗാന്ധി പ്രഖ്യാപിച്ച 200 ലക്ഷം രൂപ ചെലവു വരുന്ന 50 ശതമാനം കേന്ദ്രസഹായത്തോടുകൂടിയ 'മെഡി കെയർ' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ പ്രധാന പരിപാടികൾ ചുവടെ കൊടുക്കുന്നു:

1. കയർ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുക.

2. സ്ത്രീതൊഴിലാളികൾക്കും അവരുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും വൈററമിൻസ്, മിനറൽസ് എന്നിവ നൽകുക.

3. കയർ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

4. കയർ തൊഴിലാളികൾക്കായി 6 കിടക്കകളോടുകൂടിയ ആശുപത്രി വാർഡുകൾ പണി കഴിപ്പിക്കുക.

ഈ പദ്ധതി 1989_90-ൽ അവസാനിച്ചു. 50 ആശുപത്രി വാർഡുകളുടെ പണി കേരളാ ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈററി (കെ. എച്ച്. ആർ. ഡബ്ലിയു. എസ്.) വഴിയാണ് നടത്തി വരുന്നത്. ഇതിൻെറ പണി ഏകദേശം പൂർത്തിയായി വരുന്നു.

## കയർ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലങ്ങൾ

154 [3582] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) പ്രസ്തുത ആവശ്യം ഉന്നയിച്ച് സമർപ്പിക്കപ്പെട്ട നിവേദനങ്ങളൊന്നും ലഭിച്ചതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## തൊണ്ട് സംഭരണത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

155 [3583] ശ്രീ. വി. കേശവൻ:
,, സി. കെ. സദാശിവൻ:
,, എസ്. ശർമ്മ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെക്കൻ ജില്ലകളിലെ കയർ സഹകരണ സംഘങ്ങൾക്ക് പൊതുവിപണിയിൽ നിന്നും തൊണ്ട് സംഭരിക്കുന്നതിന് സംസ്ഥാന സർക്കാർ 1990_91, 1991_92 എന്നീ വർഷങ്ങളിൽ എന്തു തുക സബ്സിഡി നൽകിയിട്ടുണ്ട്;

(ബി) 1991_92 വർഷത്തിൽ ഇതുവരെയായി ഈ ആവശ്യത്തിന് എന്തു തുക സബ്സിഡിയായി നൽകിയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1990_91, 1991_92 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഈ ആവശ്യത്തിലേക്കായി സബ്സിഡി നൽകിയിട്ടില്ല.

(ബി) 1991_92 സാമ്പത്തികവർഷത്തിൽ ഈ ആവശ്യത്തിലേക്കായി തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളുടെ ആസ്തികൾക്ക് ഇൻഷ്വറൻസ്

156 [3585] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആസ്തികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അങ്ങിനെയൊരു നിർദ്ദേശം പരിഗണനയിലുണ്ടോ;

### ഉത്തരം

(എ) മിക്കവാറും എല്ലാ സഹകരണ സംഘങ്ങളും അവയുടെ ആസ്തികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുന്നുണ്ട്.

(ബി) (എ)-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സഹകരണ കോളേജ്

157 [3587] ശ്രീ. പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ മാനേജർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനുവേണ്ടി കേരളത്തിൽ പുതുതായി ഒരു സഹകരണ കോളേജുകൂടി കേന്ദ്ര സർക്കാരിന്റെ ചെലവിൽ തുടങ്ങുവാൻ ആലോചനയുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രിയും സംസ്ഥാന ഗവൺമെന്റും തമ്മിൽ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) നിർദ്ദിഷ്ട സഹകരണ കോളേജ് ഈ അദ്ധ്യയന വർഷം തന്നെ തുടങ്ങുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ സഹായത്തോടെ കണ്ണൂരിൽ ഒരു സഹകരണ കോളേജ് തുടങ്ങുവാൻ ആലോചനയുണ്ട്.

(ബി) ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാണ് ഈ വർഷംതന്നെ തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിച്ചത്.

(സി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ എൻ.സി.സി.റ്റി.-യുടെ ചെയർമാന് 18-3-1992-ൽ അംഗീകാരത്തിനായി അയച്ചുകൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന സഹകരണ ഗവേഷണ വിഭാഗം

158 [3588] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ഗവേഷണ വിഭാഗം നടത്തുന്ന പഠനങ്ങൾ സഹകരണ വികസനത്തെ എത്ര കണ്ടു സഹായിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) 1987 മുതൽ നാളിതുവരെ ഈ ഗവേഷണ കേന്ദ്രം നടത്തിയ റിസർച്ചുകളെക്കുറിച്ച് വിശദീകരിക്കാമോ;

(സി) പ്രസ്തുത ഗവേഷണ ഫലമായി സഹകരണ ഡിപ്പാർട്ടുമെൻറ് നടപ്പാക്കിയ പദ്ധതികളെന്തെല്ലാമാണ്;

(ഡി) ഈ ഗവേഷണ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഇ) സഹകരണ ഗവേഷണങ്ങൾക്കായി 1987 മുതൽ നാളിതുവരെ ഓരോ വർഷവും എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാന സഹകരണ വകുപ്പിലോ, സർക്കാർ ധനസഹായം ചെയ്യുന്ന സഹകരണ യൂണിയനിലോ സഹകരണ ഗവേഷണ വിഭാഗം പ്രവർത്തിക്കുന്നില്ല.

(ബി, സി, ഡി, ആൻറ് ഇ) ചോദ്യം ഉദിക്കുന്നില്ല.

## റെയ്ഡ്കോയ്ക്ക് ലഭിക്കാനുള്ള തുക

159 [3593] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉപകരണങ്ങളുടെ ഉൽപ്പാദന വിപണന രംഗത്ത് പ്രവർത്തിക്കുന്ന റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് കോ-ഓപ്പറേറ്റീവ് (റെയ്ഡ്കോ) എന്ന സ്ഥാപനത്തിന് എൻ.സി.ഡി.സി. അനുവദിച്ച തുക സർക്കാർ അനുമതി ലഭിക്കാത്തതിനാൽ സംഘത്തിന് ലഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എന്തു തുകയാണ് പ്രസ്തുത സ്ഥാപനത്തിന് നൽകാനുള്ളത്;

(സി) പ്രസ്തുത തുക സംഘത്തിന് ലഭിക്കാത്തതുമൂലം ഉണ്ടായ നഷ്ടം സർക്കാർ വകവെച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എൻ.സി.ഡി.സി. അനുവദിച്ച തുക റെയ്ഡ്കോയ്ക്ക് നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് മൂലധന ഗ്രാൻറ് നൽകുവാൻ നടപടി

160 [3595] ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് സാമ്പത്തികമായി സ്വയം പര്യാപ്തതയില്ല എന്ന വസ്തുത പരിഗണിച്ച് വർഷംതോറും ആവശ്യമായ നിശ്ചിത തുക മൂലധന ഗ്രാൻറായി നൽകുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് മൂലധന ഗ്രാൻറ് അനുവദിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള റൂൾസിന്റെ പരിധിയിൽ നിന്നുകൊണ്ട് ഫെഡറേഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായുള്ള പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മൂലധന ഗ്രാൻറ് അനുവദിക്കുന്നത്. നിശ്ചിത തുക വർഷം തോറും മൂലധന ഗ്രാൻറ് നൽകുവാൻ നിർവാഹമില്ല.

## കുന്നുകുഴി സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം

161 [3597] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിലെ കുന്നുകുഴി സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കുവാനായി പുറമ്പോക്കു ഭൂമി ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) സഹകരണവകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ്

162 [3609] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഡിപ്പാർട്ടുമെൻറുകളിലേയും സംഘങ്ങളിലേയും ജീവനക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ;

(ബി) സഹകരണസംഘം കെട്ടിടങ്ങൾക്ക് ജില്ലാ ബാങ്കിൽനിന്നും പണം നൽകി കെട്ടിട ഇൻഷ്വറൻസ് ഏർപ്പെടുത്തണം എന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) സഹകരണ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ബാധകമാണ്. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് അതാതു സംഘം ഭരണസമിതികളാണ്.

(ബി) ഇല്ല.

## സംസ്ഥാന പ്രാഥമിക സഹകരണബാങ്കിലെ ജീവനക്കാർ

163 [3613] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പ്രാഥമിക സഹകരണബാങ്കിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്; അവരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ എസ്. സി./എസ്. ടി., മുസ്ലീം, ഒ. ബി. സി. വിഭാഗക്കാർ എത്രവീതം സേവനം നടത്തുന്നു;

(സി) ഈ വിഭാഗക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ബാങ്കിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്;

(ഇ) പ്രാഥമിക സഹകരണ ബാങ്കിൻെറ കീഴിൽ എത്ര ബ്രാഞ്ചുകളാണ് ആകെ ഉള്ളത്?

### ഉത്തരം

(എ) കേരള സംസ്ഥാന പ്രാഥമിക സഹകരണ ബാങ്ക് എന്നൊരു സഹകരണ ബാങ്ക് നിലവിലില്ല.

(ബി, സി, ഡി, ഇ) മുകളിൽ (എ)-യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

## ജൂനിയർ കോ-ഓപ്പറേററീവ് തസ്തികയിൽ എംപ്ലോയ്മെൻറ് ഹാൻഡ്

164 [3616] ശ്രീ. കെ. ബാബു:
,, എം. മുരളി:
,, പി. ററി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി. എസ് സി. റാങ്ക് ലിസ്ററ് നിലവിലുള്ളപ്പോൾ സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേററീവ് ഇൻസ്പെക്ടർ തസ്തികയിൽ എംപ്ലോയ്മെൻറ് നോമിനികളെ തുടരുവാൻ അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

പതിനൊന്നുപേർ തുടരുന്നുണ്ട്. പി. എസ്. സി.-യുടെ നോമിനികൾ വരുന്നമുറയ്ക്ക് ഇവരെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ ഡിപ്പാർട്ടുമെൻറിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

165 [3617] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെൻറിൻെറ കാലത്ത് വിവിധ ഡിപ്പാർട്ടുമെൻറുകളിൽനിന്ന് സഹകരണ ഡിപ്പാർട്ടുമെൻറുകളിലേക്ക് എത്ര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്;

(ബി) ഈ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ഹൈഡ്രോഗ്രാഫിക് ഡിപ്പാർട്ടുമെൻറിലെ സർവ്വേ വിഭാഗം നടത്തിയ അഴിമതി

166 [3622] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൈഡ്രോഗ്രാഫിക് ഡിപ്പാർട്ടുമെൻറിലെ സർവ്വേ വിഭാഗം 1987 മുതൽ 1991 വരെ സർവ്വേ നടത്തുന്നതിനാവശ്യമായ ബോട്ടുകൾ, വള്ളങ്ങൾ ഇവ വാടകയ്ക്കെടുത്തതിന് എന്തു തുക ചെലവാക്കി;

(ബി) ഇക്കാലയളവിൽ സർവ്വേക്കാവശ്യമുള്ള കയർ, കൊടി, മുള ഇവ വാങ്ങിയതിനു ചെലവായ തുക എത്ര;

(സി) പ്രസ്തുത സർവ്വേക്കാവശ്യമുള്ള ബോട്ടുകളും, ഫൈബർ ബോട്ടുകളും ഡിപ്പാർട്ടുമെൻറിലുള്ളപ്പോൾ അവ സർവ്വേക്കുപയോഗിക്കാതെ വാടകയ്ക്ക് ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ചതു സംബന്ധിച്ച് ഗവൺമെൻറ് ഒരു അന്വേഷണം ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത കാലയളവിൽ സർവ്വേക്കാവശ്യമുള്ള കയർ, മുള, കൊടി മുതലായവയുള്ളപ്പോൾ ഇത്തരം സാധനങ്ങൾ വീണ്ടും വീണ്ടും വാങ്ങി ബില്ലെഴുതി ഗവൺമെൻറിന്റെ പണം അപഹരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ;

(ഇ) സർവ്വേ വിഭാഗം നടത്തിയ ഇത്തരം അഴിമതികളെപ്പററി അന്വേഷിച്ചു കുററക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 51,805 രൂപ

(ബി)

| | | |
|---|---|---|
| കയർ | .. | 23,390 രൂപ |
| കൊടി | .. | 1,05,346 ,, |
| മുള | .. | 16,263 ,, |

(സി) സർവ്വേ ആവശ്യത്തിനുള്ള ബോട്ടുകൾ ആഴം കൂടിയ സ്ഥലങ്ങളിൽ മാത്രം ഉപയോഗിക്കാനുള്ളവയാണ്. ബോട്ടുകൾ പോകാത്ത സ്ഥലങ്ങളിൽ നാടൻ വള്ളങ്ങളാണുപയോഗിക്കുന്നത് സർവ്വേയുടെ ആവശ്യത്തിന് കുറഞ്ഞത് ഏഴ് ആൾക്കാരും, സർവ്വേ ഉപകരണങ്ങളും കയററാൻ സൗകര്യമുള്ള ബോട്ടുകളാണാവശ്യം. ഫൈബർ ബോട്ടുകളിൽ നാലോ, അഞ്ചോ ആളുകളെ കയററാൻ മാത്രമേ സൗകര്യമുള്ളു. ഇക്കാരണങ്ങളാലാണ് ബോട്ടുകളും വള്ളങ്ങളും വാടകയ്ക്ക് എടുക്കുന്നത്.

(ഡി) കയർ, കൊടി, മുള എന്നീ സാധനങ്ങൾ സ്റേറാക്ക് ഏകദേശം തീരാറാകുമ്പോൾ മാത്രമാണ് വീണ്ടും ആവശ്യാനുസരണം വാങ്ങുന്നത്.

(ഇ) ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ അഴിമതി നടന്നതായി ആരോപിച്ച് ലഭിച്ച പരാതിയിൻമേൽ സർക്കാർ പ്രാഥമിക അന്വേഷണം നടത്തുകയും അതിന്റെ വെളിച്ചത്തിൽ കൂടുതൽ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

## തൈററാനിയം ലേബർ സഹകരണ സംഘത്തിലെ പ്രസിഡൻറും സെക്രട്ടറിയും ചേർന്നു പണം തട്ടിയെടുത്തതായി പരാതി

167 [3624] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൈററാനിയം ലേബർ സഹകരണസംഘം ററി-206-ലെ പ്രസിഡൻറും സെക്രട്ടറിയും ചേർന്ന് 1991 മേയ് 11-ന് അനധികൃതമായി ചെക്ക് ഒപ്പിട്ട് 45,000 രൂപ അപഹരിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജനറൽ വിഭാഗം അസിസ്ററന്റ് രജിസ്ട്രാർ വഴി അന്വേഷണം നടത്തുകയും വിവരം പോലീസിൽ റിപ്പോർട്ടു ചെയ്യുകയുമുണ്ടായി. ഫോർട്ട് പോലീസ് സ്റേറഷനിൽ കേസ് രജിസ്ററർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. തുടർന്നു വിശദമായ അന്വേഷണം നടത്തുന്നതിന് തിരുമല യൂണിററ് സഹകരണസംഘം ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും അന്വേഷണം തുടർന്നു വരികയുമാണ്.

കണയന്നൂർ, പറവൂർ താലൂക്ക് സഹകരണ അസിസ്ററന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് എതിരെ പരാതി

168 [3625] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കണയന്നൂർ, പറവൂർ താലൂക്ക് സഹകരണ അസിസ്ററന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് എതിരെ ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം;

(ബി) പരാതിയെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജി. സി. ഡി. എ. സഹകരണസംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ചു പരാതി

169 [3626] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജി. സി. ഡി. എ. സഹകരണസംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഈ സംഘത്തിൽ ജി. സി. ഡി. എ. ജീവനക്കാർക്ക് മെമ്പർഷിപ്പ് നൽകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ സംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗവൺമെന്റ് വിശദമായി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. മത്തായി എന്ന ഒരു ജീവനക്കാരൻെറ മെമ്പർഷിപ്പിനുള്ള അപേക്ഷ നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം ജീവനക്കാരനല്ല എന്ന കാരണത്താലാണ് അപേക്ഷ നിരസിച്ചിരിക്കുന്നത്.

(സി) അന്വേഷണം ആവശ്യമാണെന്നു കാണുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

## ബേപ്പൂർ തുറമുഖത്തെ മണ്ണുമാന്തി കപ്പലിൻെറ പ്രവർത്തനം

170 [3629] ശ്രീ. എ. സുജനപാൽ:
ശ്രീമതി റോസമ്മ ചാക്കോ:
ശ്രീ. പുനലൂർ മധു:
ശ്രീമതി കെ. സി. റോസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങരംക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീന മണ്ണുമാന്തി കപ്പൽഉപയോഗിച്ച് ബേപ്പൂർ തുറമുഖത്തുള്ള എത്ര ക്യൂബിക് മീററർ മണ്ണ് നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതുവഴി എത്ര കപ്പലുകരംക്ക് ഈ വർഷം ബേപ്പൂർ തുറമുഖത്ത് അടുക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) തുറമുഖത്ത് അടുക്കാൻ കഴിയാത്ത ഏതെങ്കിലും കപ്പലുകരം തിരിച്ചുപോയിട്ടുണ്ടോ?

### ഉത്തരം

(എ) 20-12-1990 മുതൽ 16-1-1991 വരെ ബേപ്പൂരിൽ മീന മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ച് 68 മണിക്കൂർ 15 മിനിററ് ഡ്രഡ്ജിംഗ് നടത്തുകയും 40800 ക്യൂബിക് മീററർ മണ്ണ് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. (ഈ വർഷം ബേപ്പൂരിൽ ഡ്രസ്ജിംഗിനായി ഗ്രാബ് ഡ്രഡ്ജറാണ് ഉപയോഗിച്ചത്.)

(ബി) ലക്ഷദ്വീപിൻെറ യാത്രാക്കപ്പലായ 'ദ്വീപ്സേതു' 24 പ്രാവശ്യം ബേപ്പൂരിൽ അടുത്തിട്ടുണ്ട്. കൂടാതെ 228 സെയ്ലിംഗ് വെസ്സലുകളും (പായ്ക്കപ്പൽ) കയററിറക്കുമതിക്കായി ഇവിടെ എത്തിയിരുന്നു.

(സി) അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

## II. ചരമോപചാരം

### സർവ്വശ്രീ. എസ്. കുമാരൻ, സി. കെ. ബാലകൃഷ്ണൻ, എൻ. ഗമാലിയേൽ, ടി. കെ. അബ്ദു, ഡി. വിവേകാനന്ദൻ, പുത്തൂർ അച്യുതമേനോൻ, ഒ. ജെ. ജോസഫ്, ശ്രീമതി കുസുമം ജോസഫ് എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. എസ്. കുമാരൻ, ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. എൻ. ഗമാലിയേൽ, ശ്രീമതി കുസുമം ജോസഫ്, ശ്രീ. ടി. കെ. അബ്ദു, തിരുവിതാംകൂർ കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ. ഡി. വിവേകാനന്ദൻ, കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ. പുത്തൂർ അച്ചുതമേനോൻ, രാജ്യസഭാംഗമായിരുന്ന ശ്രീ. ഒ. ജെ. ജോസഫ് എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. എസ്. കുമാരൻ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായിട്ടാണ് പൊതുരംഗത്തേയ്ക്ക് വന്നത്. ആലപ്പുഴയിൽ കയർ തൊഴിലാളിയായി ജീവിതം ആരംഭിച്ച അദ്ദേഹം കയർ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിലും, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചിരുന്ന അദ്ദേഹം ഉത്തരവാദ പ്രക്ഷോഭണത്തിലും, പുന്നപ്ര-വയലാർ സമരത്തിലും സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട അദ്ദേഹം മദ്ധ്യതിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വളർത്തിയെടുക്കുന്നതിൽ അക്ഷീണം പ്രയത്നിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരവധി നേതാക്കളെ ഒളിവിൽ പാർപ്പിക്കുന്നതിനും, ഒളിവിലിരുന്നുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കുന്നതിനും അദ്ദേഹം കാണിച്ച അസാമാന്യ ധീരത എന്നും സ്മരിക്കപ്പെടും. രാഷ്ട്രീയ പ്രവർത്തനത്തിന്റെ പേരിൽ പോലീസ് മർദ്ദനത്തിനിരയായ അദ്ദേഹത്തിന് നിരവധി തവണ ജയിൽവാസവും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറി, സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന ശ്രീ. എസ്. കുമാരൻ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് സി. പി. ഐ.-യിൽ നിലയുറപ്പിച്ചു. സി പി.ഐ. സംസ്ഥാന സെക്രട്ടറി, നാഷണൽ കൗൺസിൽ അംഗം കേന്ദ്രകമ്മിററി അംഗം എന്നീ പദവികളും, ദീർഘകാലം പാർട്ടിയുടെ കേന്ദ്ര സെക്രട്ടറിയേററിന്റെ ഭരണച്ചുമതലയും അദ്ദേഹം വഹിച്ചിട്ടുണ്ട്.

1960-ൽ മാരാരിക്കുളം നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1970-ലും, 1976-ലും രണ്ടു പ്രാവശ്യം രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിലും രാജ്യസഭയിലും അംഗമായിരുന്ന അദ്ദേഹം സാധാരണക്കാരന്റെ പ്രശ്നങ്ങൾക്കുവേണ്ടി എന്നും വാദിച്ചിരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച അദ്ദേഹത്തിന്റെ സംഘടനാപാടവം ഏവരുടെയും പ്രശംസയ്ക്ക് പാത്രീഭവിച്ചിരുന്നു. അനവധി ട്രേഡ് യൂണിയനുകളുടെ സാരഥ്യം വഹിച്ചിരുന്ന അദ്ദേഹം തൊഴിലാളികളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിൽ എന്നും പ്രതിജ്ഞാബദ്ധനായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ 'ജനയുഗ'ത്തിന്റെ വളർച്ചയ്ക്ക് അവിസ്മരണീയമായ സംഭാവനകൾ നൽകിയ അദ്ദേഹം ദീർഘകാലം അതിന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്നു.

മികച്ച സംഘാടകൻ, പാർലമെന്റേറിയൻ, തൊഴിലാളി പ്രവർത്തകൻ എന്നീ നിലകളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ച ശ്രീ. എസ്. കുമാരന്റെ നിര്യാണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും പുരോഗമന പ്രസ്ഥാനത്തിനും കനത്ത ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്.

ഒരു സാധാരണ കർഷക തൊഴിലാളി കുടുംബത്തിൽ ജനിച്ച ശ്രീ. സി. കെ. ബാലകൃഷ്ണൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്റ്റുഡൻസ് ഫെഡറേഷന്റെ സജീവ പ്രവർത്തകനായിരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥനായിരിക്കെ ജോലി ഉപേക്ഷിച്ച് സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. കർഷക പ്രസ്ഥാനത്തിനും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലും നിസ്തുലമായ സേവനം അദ്ദേഹം കാഴ്ചവച്ചു. കർഷകത്തൊഴിലാളി യൂണിയൻ പ്രസിഡന്റ് ആൾ ഇന്ത്യ കർഷക ത്തൊഴിലാളി ഫെഡറേഷൻ വർക്കിംഗ് കമ്മിറ്റി മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്ന അദ്ദേഹം കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിരന്തരം പ്രവർത്തിച്ചിട്ടുണ്ട്.

1960-ൽ വർക്കല നിയോജക മണ്ഡലത്തേയും 1967-ൽ കിളിമാനൂർ നിയോജകമണ്ഡലത്തേയുമാണ് അദ്ദേഹം കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്നത്. രാഷ്ട്രീയ ട്രേഡ് യൂണിയൻ രംഗങ്ങളിലെന്നപോലെ സഹകരണ–സാംസ്കാരിക രംഗത്തും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ശ്രീ. ബാലകൃഷ്ണൻ ഒട്ടനവധി സഹകരണ സ്ഥാപനങ്ങളുടെ സാരഥ്യം വഹിച്ചിരുന്നു. തിരുവനന്തപുരം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, ചെറുന്നിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്ന അദ്ദേഹം കേരള സർവകലാശാല സെനറ്റ് അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മികച്ച സംഘാടകൻ, നിയമസഭാ സാമാജികൻ, നിസ്വാർത്ഥനായ തൊഴിലാളി പ്രവർത്തകൻ, മികച്ച സഹകാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സി. കെ. ബാലകൃഷ്ണന്റെ നിര്യാണം കർഷക പ്രസ്ഥാനത്തിനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

സ്വാതന്ത്ര്യ സമരത്തിൽ പങ്ക് വഹിച്ചിട്ടുള്ള ശ്രീ. എൻ. ഗമാലിയേൽ പൊതുരംഗത്തേയ്ക്ക് കടന്നു വരുന്നതിന് മുമ്പ് അദ്ധ്യാപകനായിരുന്നു. സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് കോളേജിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

പുറത്താക്കപ്പെട്ട അദ്ദേഹം സ്വർണ്ണമെഡലോടെ നിയമ ബിരുദം നേടുകയുണ്ടായി. പിന്നീട് അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് അഭിഭാഷകനായ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായി മാറി. കോൺഗ്രസ്സിലെ ഭിന്നിപ്പിനെത്തുടർന്ന് സംഘടനാ കോൺഗ്രസ്സിൽ ചേർന്ന അദ്ദേഹം അതിന്റെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി പ്രസിഡൻറായിരുന്നു. നിസ്തുലമായ സേവനം കൊണ്ടും അർപ്പണ ബോധം കൊണ്ടും ഏവരുടെയും സ്നേഹബഹുമാനങ്ങൾ അദ്ദേഹം ആർജ്ജിച്ചിരുന്നു. നാടാർ ലീഗ് പ്രസിഡൻറ് ഫ്രീഡം ഫൈറേറഴ്സ് ഓർഗനൈസേഷൻ വൈസ് പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ. ഗമാലിയേൽ അധഃസ്ഥിതരുടേയും മററ് ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾക്കുവേണ്ടി എന്നും നില കൊണ്ടിരുന്നു. 'നമ്പൽ' എന്ന പത്രം ആരംഭിച്ച് അതിന്റെ പത്രാധിപരെന്ന നിലയിൽ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം നിരന്തരം പ്രവർത്തിച്ചു 1965-ലും, 1967-ലും പാറശാല നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കോൺഗ്രസ്സിന്റെ നിയമസഭാ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ലാളിത്യവും, ത്യാഗസന്നദ്ധതയും കൊണ്ട് ഏവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപററിയ പൊതു പ്രവർത്തകനെയാണ് ശ്രീ. ഗമാലിയേലിന്റെ നിര്യാണം മൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

കോൺഗ്രസ്സിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവന്ന ശ്രീമതി കുസുമം ജോസഫ് കുറഞ്ഞ കാലം കൊണ്ട് സംഘടനയുടെ നേതൃനിരയിൽ മുൻപന്തിയിലെത്തി ചേർന്നു. ഇടുക്കി ഡി. സി. സി. അംഗം, ഇടുക്കി ഡി. സി. സി. എക്സിക്യൂട്ടീവ് അംഗം എന്നീ സ്ഥാനങ്ങൾ അവർ അലങ്കരിച്ചിട്ടുണ്ട്. ഒരു മികച്ച സംഘാടക എന്ന ഖ്യാതിപിടിച്ചു പററാൻ അവരെക്കൊണ്ട് കഴിഞ്ഞു. 1957-ലും, 1960-ലും കാരിക്കോട് നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി കുസുമം ജോസഫ് നിയമസഭയിൽ കോൺഗ്രസ്സിന്റെ വിപ്പായി പ്രവർത്തിച്ചിരുന്നു. നിയമ സഭയുടെ പ്രിവിലേജ് കമ്മിററിയിൽ അവർ അംഗമായിരുന്നു. സാമൂഹ്യ പ്രവർത്തനരംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാനും തനതായ പ്രവർത്തന സരണിയിലൂടെ ബഹുദൂരം മുന്നേറാനും ശ്രീമതി കുസുമം ജോസഫിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി അവർ അഹോരാത്രം പ്രവർത്തിച്ചിരുന്നു. സ്റേററ് വിമൻസ് ഫ്രണ്ട് വൈസ് പ്രസിഡൻറ് സ്റേററ് സോഷ്യൽ വെൽഫെയർ ബോർഡ് അംഗം, ഹാൻറിക്രാഫ്ററ്സ് അപ്ക്സ് സൊസൈററി ബോർഡ് അംഗം, സംസ്ഥാന ശിശുക്ഷേമ സമിതി അംഗം എന്നീ നിലകളിൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവെച്ച ശ്രീമതി കുസുമം ജോസഫ് സാമൂഹ്യ-സാംസ്കാരിക രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ എന്നും സ്മരിക്കപ്പെടും. മികച്ച സഹകാരി കൂടിയായിരുന്ന ശ്രീമതി കുസുമം ജോസഫ് സഹകരണ രംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫിന്റെ നിര്യാണം കോൺഗ്രസ്സ് പ്രസ്ഥാനത്തിനും കേരള രാഷ്ട്രീയത്തിനും വലിയ നഷ്ടമാണ്.

കൊടുങ്ങല്ലൂർ കോട്ടപ്പുറത്തു തൊഴിലാളിയായിരിക്കെ, സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ശ്രീ. ടി. കെ. അബ്ദു പൊതു രംഗത്തേയ്ക്ക് വന്നത്. അസംഘടിതരായ ബീഡിത്തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ചു കൊണ്ട് ട്രേഡ് യൂണിയൻ രംഗത്തേയ്ക്ക് വന്ന അദ്ദേഹം കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് സി. പി. ഐ. (എം)-ൽ അംഗമായ അദ്ദേഹം പാർട്ടിയുടെ വടക്കേക്കര ഏരിയ കമ്മിറ്റി സെക്രട്ടറി, പറവൂർ ഏരിയ കമ്മിറ്റി അംഗം, എറണാകുളം ജില്ലാ കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. കർഷക സംഘം ജില്ലാ പ്രസിഡൻറായി സേവനം അനുഷ്ഠിച്ചുകൊണ്ട് കർഷക പ്രസ്ഥാനത്തിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്ക് ത്യാഗോജ്ജ്വലമായ സേവനം കാഴ്ചവെച്ച അദ്ദേഹത്തിന് അതിനോടനുബന്ധിച്ച് സഹിക്കേണ്ടിവന്ന യാതനകൾ നിരവധിയാണ്.

1977-ലും, 1980-ലും, 1982-ലും വടക്കേക്കര നിയോജക മണ്ഡലത്തെയാണ് അദ്ദേഹം കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്നത്. നിയമസഭയ്ക്കകത്തും പുറത്തും ജനകീയ ആവശ്യങ്ങൾക്കുവേണ്ടി എന്നും പോരാടിയ വ്യക്തിയായിരുന്നു ശ്രീ. അബ്ദു. സൗമ്യമായ പെരുമാററം കൊണ്ടും ആത്മാർത്ഥമായ പ്രവർത്തനം കൊണ്ടും ഏവരുടെയും ആദരവും സ്നേഹബഹുമാനങ്ങളും ആർജ്ജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. "അബ്ദുക്ക" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ശ്രീ. അബ്ദു കക്ഷി രാഷ്ട്രീയത്തിനതീതമായി ഏവർക്കും പ്രിയങ്കരനായിരുന്നു.

അദ്ദേഹത്തിൻെറ നിര്യാണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും തൊഴിലാളി-കർഷക പ്രസ്ഥാനത്തിനും ഒരു തീരാനഷ്ടമാണ്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയ രംഗത്തു വന്ന ശ്രീ. ഡി. വിവേകാനന്ദൻ വിദ്യാർത്ഥി കോൺഗ്രസ്സിൻെറ സജീവ പ്രവർത്തകനായിരുന്നു. നിരവധി വിദ്യാർത്ഥി പ്രക്ഷോഭണത്തിലും സ്വാതന്ത്ര്യ സമരത്തിലും പങ്കെടുത്ത അദ്ദേഹത്തിന് പല തവണ അറസ്ററും ജയിൽ വാസവും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കോൺഗ്രസ്സിലെ ഇടതുപക്ഷ വിഭാഗത്തിൻെറ നേതാക്കളിൽ ഒരാളായി മാറിയ ശ്രീ. വിവേകാനന്ദൻ കെ. എസ്. പി.-യുടെ രൂപീകരണം മുതൽ അതിൻെറ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. പിന്നീട് കോൺഗ്രസ്സിൽ തിരിച്ചെത്തിയ അദ്ദേഹം കെ. പി. സി. സി. എക്സിക്യൂട്ടീവ് അംഗമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് കോൺഗ്രസ്സ് (എസ്)-ൽ ചേർന്ന അദ്ദേഹം കുറച്ചുകാലം അതിൻെറ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

1954-ൽ കോട്ടുകാൽ നിയോജകമണ്ഡലത്തിൽ നിന്നുമാണ് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. മികച്ച പത്രപ്രവർത്തകൻ കൂടിയായിരുന്ന ശ്രീ. വിവേകാനന്ദൻ സോഷ്യലിസ്ററ് വാരിക, വീക്ഷണം എന്നിവയുടെ മുഖ്യപത്രാധിപരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

രാഷ്ട്രീയ പ്രവർത്തകൻ, പത്രപ്രവർത്തകൻ, അഭിഭാഷകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. വിവേകാനന്ദൻെറ വേർപാട് നമുക്ക് തീരാനഷ്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധനായ അഭിഭാഷകൻ, ഉജ്ജ്വലനായ വാഗ്മി പ്രഗത്ഭനായ സ്വാതന്ത്ര്യ സമരസേനാനി, സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണി പോരാളി, കൊച്ചിയിൽ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് തുടക്കം കുറിച്ച കരുത്തനായ നേതാവ്, കലാരസികൻ, സാമൂഹ്യ സാംസ്കാരിക രംഗത്തെ അജയ്യനായ പ്രവർത്തകൻ എന്നിങ്ങനെ തിളക്കമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു ശ്രീ. പുത്തൂർ അച്യുതമേനോൻ. കൊച്ചിയിലേയും, തിരു-കൊച്ചിയിലേയും, കേരളത്തിലെയും പൊതു ജീവിതത്തിന്റെ എല്ലാ തുറകളിലും നിറഞ്ഞു നിന്ന ആളായിരുന്നു അദ്ദേഹം. അഭിഭാഷകനെന്ന നിലയിൽ ഇരിങ്ങാലക്കുടയിൽ പ്രാക്ടീസ് ആരംഭിച്ച അദ്ദേഹം ആത്മാർത്ഥതയും കാര്യക്ഷമതയും കൊണ്ട് പെട്ടെന്ന് പ്രസിദ്ധനായി തീർന്നു. ഇരിങ്ങാലക്കുട നഗരത്തിന്റെയും സമീപ പ്രദേശങ്ങളുടെയും വികസനത്തിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ബാല്യദശയിൽ ഓട്ടുതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അദ്ദേഹം തൊഴിലാളി രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തുകയുണ്ടായി. ആലുവാ-കളമശേരി മേഖലയിലെ തൊഴിലാളിരംഗവും അദ്ദേഹത്തിന്റെ സ്നേഹ മസൃണമായ പരിരംഭണമേററാണ് വികാസം പ്രാപിച്ചത്.

1938-ൽ അദ്ദേഹം കാട്ടൂർ നിയോജകമണ്ഡലത്തിൽ നിന്ന് കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ 1942-ലെ ആഗസ്ററ് സമരം ഉയർത്തിയ സംഘർഷാത്മക സാഹചര്യങ്ങളെ തുടർന്ന് തേക്കിൻ കാട് മൈതാനത്തിൽ പോലീസും എം.എസ്.പി.-യും ചേർന്ന് നടത്തിയ ലാത്തിചാർജിൽ പ്രതിഷേധിച്ച് അദ്ദേഹം നിയമസഭയിൽ നിന്നും രാജിവെച്ചു. തുടർന്ന് സ്വതന്ത്ര്യസമരത്തിൽ പൂർണ്ണമായും മുഴുകി അദ്ദേഹത്തെ അറസ്ററു ചെയ്ത് ജയിലിലാക്കുകയും ചെയ്തു.

ജയിൽ വിമുക്തനായ അദ്ദേഹം അക്കാലത്തുണ്ടായ ക്ഷാമത്തെ നേരിടുന്നതിന് അഖിലകക്ഷി ഗ്രാമസേവാസംഘം രൂപീകരിച്ച് അതിന്റെ പ്രസിഡന്റെന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചു. 1945-ലും അദ്ദേഹം കാട്ടൂർ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 1962-ൽ കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റായ അദ്ദേഹം ദേവസ്വം സ്ഥാപനങ്ങളുടെ ഉദ്ധാരണത്തിനും, ദേവസ്വം ബോർഡ് ജീവനക്കാരുടെ ഉന്നമനത്തിനും വേണ്ടി ഉള്ളഴിഞ്ഞു പ്രവർത്തിച്ചു.

വിദ്യാഭ്യാസ ജീവിതകാലത്ത് ഒരു നല്ല നടനായിരുന്ന അദ്ദേഹം ധാരാളം കവിതകളുടേയും ലേഖനങ്ങളുടേയും കർത്താവാണ്. ഉണ്ണായി വാര്യർ സ്മാരക നിലയത്തിന്റെ സ്ഥാപകരിൽ മുമ്പനായിരുന്നു അദ്ദേഹം. കേരള സംഗീത നാടക അക്കാഡമി വൈസ് ചെയർമാനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീ. പുത്തൂരിന്റെ നിര്യാണം കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ രംഗത്തിന് അവർണ്ണനീയമായ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ആലപ്പുഴയിൽ കയർ ഫാക്ടറി തൊഴിലാളിയായി എത്തിയ ശ്രീ. ഒ. ജെ. ജോസഫ് തൊഴിലാളി സംഘടനാ പ്രവർത്തനങ്ങളിൽ വ്യാപൃതനായി കൊണ്ട് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയായി തീർന്നു. മദ്ധ്യതിരുവിതാംകൂറിലെയും മലബാറിലെയും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹം തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അക്ഷീണം പ്രവർത്തിച്ചിരുന്നു. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിയ്ക്കുന്നതിലും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിയ്ക്കുന്നതിലും അദ്ദേഹത്തിനുണ്ടായിരുന്ന പാടവം ശ്രദ്ധേയമാണ്. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉന്നത നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. ഒ. ജെ. ജോസഫ് ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ചരിത്രപരമായ പങ്ക് വഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിലും, ഉത്തരവാദ പ്രക്ഷോഭത്തിലും പങ്കെടുത്ത അദ്ദേഹം പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അംഗമായി. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്താനങ്ങളിൽ പങ്കെടുത്ത അദ്ദേഹത്തിന് മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും വിധേയനാകേണ്ടിവന്നിട്ടുണ്ട്. നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹത്തിന് വിവിധ ഘട്ടങ്ങളിലായി ഒളിവിലും ജയിലിലും ദീർഘകാലം കഴിയേണ്ടിവന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയായും സംസ്ഥാന കമ്മിറ്റി അംഗമായും ദീർഘകാലം പ്രവർത്തിച്ചുകൊണ്ട് കേരളത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. വിവിധ തൊഴിലാളി സംഘടനകളുടെ സാരഥ്യം വഹിച്ചിരുന്ന അദ്ദേഹം സി. ഐ. ടി. യു. സംസ്ഥാന വൈസ്പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. 1982 മുതൽ 1988 വരെ അദ്ദേഹം രാജ്യസഭാംഗമായിരുന്നു. കേരളത്തിന്റെ പ്രശ്നങ്ങൾ സഭയിൽ ഉന്നയിയ്ക്കുന്നതിനും ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിയ്ക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അദ്ദേഹത്തിന്റെ നിര്യാണം കേരളത്തിലെ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും നികത്താനാവാത്ത നഷ്ടം തന്നെയാണ്.

പരേതരോടുള്ള ബഹുമാന സൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേററ് നിൽക്കണം.

പരേതരോടുള്ള ആദരസൂചകമായി സഭയിലെ എല്ലാ അംഗങ്ങളും ഒരു മിനിററ് എഴുന്നേററുനിന്ന് മൗനം ആചരിച്ചു.

## III. കായിക താരങ്ങൾക്ക് അനുമോദനം

മി. സ്പീക്കർ: കഴിഞ്ഞ 28-ാം തീയതി പര്യവസാനിച്ച ഇന്റർ സ്റേററ് മീററിൽ ആദ്യമായി കേരളം പുരുഷ വിഭാഗത്തിലും വനിതാ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുകയും ഓവർആൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയും ചെയ്തു. കേരളത്തിന് അഭിമാനകരമായ ഈ നേട്ടം കൈവരിച്ച ഈ ചുണക്കുട്ടികളെ ഈ സഭയ്ക്കുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു. അടുത്ത ഒളിമ്പിക്സിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്താൻ അടിസ്ഥാനമായി വേണ്ട ഈ മൽസരത്തിൽ കേരളം കാഴ്ചവച്ച

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെട്ട പ്രകടനം മൂലം പ്രസ്തുത തെരഞ്ഞെടുപ്പിൽ അർഹമായ സ്ഥാനം കിട്ടുമെന്നും നമ്മുടെ കുട്ടികൾക്ക് ഒളിമ്പിക്സിലും സ്ഥാന മാനങ്ങൾ കരസ്ഥമാക്കാൻ ഇടവരുമെന്നും ചെയർ പ്രത്യാശിക്കുന്നു.

ശ്രീ. പി. രാഘവന് കാളിംഗ് അററൻഷൻ അവതരിപ്പിക്കാം.

ശ്രീ. ഒ. ഭരതൻ: ഈ നിയമസഭയിൽ അംഗമായിരുന്ന പാമ്പൻ മാധവന്റെ പേരിൽ അനുശോചനം രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ട്.

മി. സ്പീക്കർ: നാളെയാകാം.

ശ്രീ. ഒ. ഭരതൻ: നാളെയാകാം, ഞാൻ ചെയറിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്.

# IV. ശ്രദ്ധക്ഷണിക്കൽ

## (i) കാസർകോട് ജില്ലയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. പി. രാഘവൻ: സർ, മലബാറിൽ പൊതുവെയും കാസർകോട്, കണ്ണൂർ ജില്ലകളിൽ പ്രത്യേകിച്ചും രൂക്ഷമായിക്കൊണ്ടിരിക്കുന്ന വോൾട്ടേജ് ക്ഷാമം കേരളത്തിലെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. ഇക്കഴിഞ്ഞ ഒന്നു രണ്ട് മാസക്കാലമായി കേരളത്തിലെ വടക്കൻ ഭാഗത്ത് വോൾട്ടേജ് വളരെ കമ്മിയായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായിട്ട് ആ പ്രദേശത്തെ ആയിരക്കണക്കിന് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് വായിക്കാൻപോലും നിവൃത്തിയില്ല. മണ്ണെണ്ണ വിളക്കിലും മെഴുകുതിരി വെളിച്ചത്തിലുമൊക്കെയാണ് അവർ പാഠപുസ്തകങ്ങൾ വായിച്ചു തീർത്തത്. ഇപ്പോഴിതാ ഡിഗ്രി പരീക്ഷ അടുക്കുകയാണ്. ആ അവസരത്തിലും അവർക്ക് പുസ്തകം വായിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. അവിടെയുള്ള തെരുവു വിളക്കുകൾ തീരെ കത്തുന്നില്ല. രാത്രി സമയത്ത് സഞ്ചരിക്കുകയാണെങ്കിൽ പിശാചിന്റെ കണ്ണുപോലെ മിന്നിത്തിളങ്ങുന്ന ബൾബുകൾ കാണാമെന്നല്ലാതെ ഒരു സ്ഥലത്തും വിളക്ക് കത്തുന്നില്ലെന്നുള്ളതാണ് വസ്തുത. വീടുകളിലെത്തിയാൽ അരണ്ട വെളിച്ചം മാത്രമേയുള്ളൂ. ഒരിക്കലും വെളിച്ചമില്ല. വീടുകളിലെല്ലാം മെഴുകുതിരിയും മണ്ണെണ്ണ വിളക്കുകളുമാണ് ഉപയോഗിക്കുന്നത്. നാമമാത്രമായ വ്യവസായ സ്ഥാപനങ്ങൾ മാത്രമേ കാസർകോട് ജില്ലയിലുള്ളൂ. ആ വ്യവസായ സ്ഥാപനങ്ങൾപോലും ഇപ്പോൾ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. കെൽ–ന്റെ ഒരു യൂണിററും ഒരു വാച്ച് ഫാക്ടറിയും അവിടെയുണ്ട്. അവ കൃത്യമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. അതുമൂലം തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്.

അതുപോലെതന്നെ കുടിവെള്ളത്തിന് പൊതുവെ ക്ഷാമമാണ്. ഉള്ള കുടിവെള്ളം പോലും എത്തിക്കുന്നതിന് പമ്പ്സെററ് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. കാസർകോട് നിയോജകമണ്ഡലത്തിലേയ്ക്കും അതുപോലുള്ള പ്രദേശങ്ങളിലേയ്ക്കുമുള്ള വെള്ളം അതിവിദൂര സ്ഥലങ്ങളിൽനിന്നുമാണ് പമ്പ് ചെയ്തുകൊണ്ടുവരേണ്ടത്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ആ പമ്പ്സെററ് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരുന്നതുകൊണ്ട് തന്നെ വെള്ളമെത്തിക്കാൻ സാധിക്കാത്ത പ്രശ്നം ധാരാളമായിട്ടുണ്ട്. പല പഞ്ചായത്തുകളിലും ചെറിയ രീതിയിലുള്ള, കുടിവെള്ളം എത്തിക്കാനുള്ള ടാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അവിടെയും രാത്രി പത്തു മണിക്കുശേഷം മാത്രമേ പമ്പ്സെററ് പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാ തരത്തിലും ഏററവും വലിയൊരു പ്രശ്നമാണ് ഇന്ന് കാസർകോട്, കണ്ണൂർ ജില്ലകളിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. രാത്രി പത്തു മണി കഴിഞ്ഞാൽ മാത്രമേ അൽപ്പമെങ്കിലും വെളിച്ചമെത്തുകയുള്ളൂ. ഇപ്പോൾ പത്തു മണിക്കുശേഷം ആ വെളിച്ചംതന്നെ ഇല്ലാതിരിക്കുകയാണ്. ആറു മണി മുതൽ പത്തു മണി വരെയാണ് ഏററവും കൂടുതൽ വെളിച്ചം ആവശ്യമായി വരുന്നത്. എന്നാൽ ആ സമയത്ത് തീരെ വെളിച്ചമില്ല. ഒരു പക്ഷെ ഇവിടെ പറഞ്ഞാൽ തന്നെ ബഹുമാനപ്പെട്ട മന്ത്രിയടക്കമുള്ളവർക്ക് മനസ്സിലാകുമോയെന്നുള്ള കാര്യം സംശയമാണ്. ചൂട്ട് കത്തിക്കുന്ന പഴയ പ്രാകൃതമായ സ്ഥിതിയിലേക്ക് പല സ്ഥലവും ഇന്ന് എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇത് പരിഹരിക്കാൻ ആവശ്യമായിട്ടുള്ള ഒരു ക്രിയാത്മകമായ നടപടിയും എടുത്തുകാണുന്നില്ല. കർണ്ണാടക ഗവൺമെൻറിൽ നിന്നും 50 മെഗാവാട്ട് വിദ്യുച്ഛക്തി ലഭിച്ചാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരളാ ഗവൺമെൻറും കർണ്ണാടക ഗവൺമെൻറും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണയുടെ ഫലമായിട്ട് നമ്മൾ 50 മെഗാവാട്ട് വിദ്യുച്ഛക്തി കൊടുക്കാനും കർണ്ണാടകത്തിൽനിന്നും 50 മെഗാവാട്ട് നമുക്ക് ലഭിക്കാനുമുണ്ട്. എന്നാൽ പലപ്പോഴും പീക്ക് അവേഴ്സിൽ കർണ്ണാടക ഗവൺമെൻറ് നമുക്ക് വിദ്യുച്ഛക്തി തരാൻ തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ നമുക്ക് വിദ്യുച്ഛക്തി ലഭിക്കുന്നില്ല. കർണ്ണാടക പ്രദേശങ്ങളിൽക്കൂടി നാഴികകൾ സഞ്ചരിക്കുന്ന വിദ്യുച്ഛക്തി കേരളത്തിലേയ്ക്ക് എത്തുമ്പോൾ പ്രസരണശേഷി നഷ്ടപ്പെട്ട് കേരളത്തിൽ എത്തുന്നതിനുമുമ്പ് പൂർണ്ണമായും നഷ്ടപ്പെടുകയാണ്. അതിനാവശ്യമായിട്ടുള്ള സ്പീഡ് വർക്ക് അവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇത് ഗവൺമെൻറ് വളരെ ശക്തിയായി ഇടപെട്ടാൽ മാത്രമേ നടക്കുകയുള്ളൂ. ഉദ്യോഗസ്ഥൻമാരോട് സംസാരിക്കുമ്പോൾ പറയുന്നത്, രണ്ട് ഗവൺമെൻറുകളും തമ്മിൽ എഗ്രിമെൻറ് ഉണ്ടാക്കാത്തതുകൊണ്ടാണ് നമുക്ക് വിദ്യുച്ഛക്തി ലഭിക്കാത്തതെന്നാണ്. ഇതൊരു ശാശ്വതമായിട്ടുള്ള പരിഹാരമല്ല. കാസർകോട്, കണ്ണൂർ പ്രദേശത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ ശാശ്വതമായ നടപടികളെടുക്കണമെന്നാണ് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലാകെ പത്ത് ജനറേററിംഗ് സ്റേറഷനുകളുള്ളതിൽ ഒൻപതെണ്ണവും ടി. സി. ഏരിയായിലാണ്. കുററ്യാടി പ്രോജക്ട് മാത്രമാണ് മലബാറിലുള്ളത്. കുററ്യാടിയിൽനിന്നും അല്ലെങ്കിൽ കോഴിക്കോട് 220 കെ. വി. സബ് സ്റേറഷനിൽ നിന്നുമാണ് കാസർകോട്ടേയ്ക്ക് വിദ്യുച്ഛക്തി എത്തിക്കേണ്ടത്. അതവിടെയെത്തുമ്പോൾത്തന്നെ വിദ്യുച്ഛക്തി അല്ലാതായി മാറുകയാണ്. അത് പരിഹരിക്കാനാണ് കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് നാല് പുതിയ 220 കെ. വി. സബ് സ്റേറഷനുകളുടെ പണിയാരംഭിച്ചത്. അതിലൊന്ന് കണ്ണൂരിലാരംഭിച്ചു. മറെറാന്ന് കാസർകോട് ആരംഭിക്കാനുള്ള ആദ്യനടപടികളാരംഭിച്ചു. പക്ഷേ അതിൻെറ സ്ഥലമെടുക്കുന്ന നടപടികളിൽത്തന്നെ ഇപ്പോഴും കുടുങ്ങിക്കിടക്കുകയാണ്. ഇന്ന് നിർമ്മാണത്തിലിരിക്കുന്ന 220 കെ. വി. സബ്സ്റേറഷൻെറ പണി പൂർത്തിയാക്കുകയും പുതിയ 220 കെ. വി. സബ്

സ്റ്റേഷന്റെ പണി ആരംഭിക്കുകയും ചെയ്താൽ മാത്രമേ അൽപ്പമെങ്കിലും മാററം വരുത്താൻ സാധിക്കുകയുള്ളു. വടകരയും ബ്രഹ്മപുരത്തുമുള്ള ഡീസൽപ്ലാൻറുകളുടെ നടപടിയും ആരംഭിച്ചു കഴിഞ്ഞിട്ടില്ല. ഫ്യൂവൽ ലിങ്കേജ് പദ്ധതിക്ക് പെർമിഷൻ കിട്ടിയോ, എന്താണതിന്റെ സ്ഥിതി എന്ന് അറിയില്ല. കേന്ദ്രത്തിൽനിന്നും അനുകൂലമായ മറുപടി ഉണ്ടായി എന്ന് പറയുന്നതല്ലാതെ അതിനപ്പുറം എന്തു സംഭവിച്ചുവെന്ന് ഇപ്പോഴും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

സർ, അതുപോലെതന്നെ പല സബ്സ്റ്റേഷന്റെയും പ്രവർത്തന കാസർകോട് മുള്ളെരിയാ സബ്സ്റ്റേഷന്റെ പ്രവർത്തനം ശീഘ്രഗതിയിൽ അവസാനിപ്പിക്കുന്നതിന് പ്രത്യേകമായി ഒരു എഞ്ചിനീയറെ നിയമിച്ചുകൊണ്ട് ചില നടപടികൾ ആദ്യം ആരംഭിച്ചു. പക്ഷെ അത് ഇപ്പോൾ പൂർണ്ണമായി സ്തംഭിച്ചുകിടക്കുകയാണ്. ആ പ്രവർത്തനം ആരംഭിക്കാൻ സാധിക്കണം. അതുപോലെ കാസർകോട് ജില്ലയിലെ 220 കെ. വി. ലൈൻ സബ്സ്റ്റേഷൻ. അതിന്റെ സ്ഥലമെടുത്തുകൊണ്ട് ലോകബാങ്കിന്റെ സഹായത്തോടുകൂടിയാണ് അത് നടപ്പിലാക്കുന്നതെന്നു പറഞ്ഞുകേട്ടു. അതിലും ഒരു നടപടിയും എടുത്തിട്ടില്ല. ആ സ്ഥലത്തിനുള്ള കാശ് കൊടുക്കാനും സ്ഥലമേറെറടുക്കാനും ഗവൺമെന്റ് തയ്യാറായിട്ടില്ല. കഴിഞ്ഞ ഒരു കൊല്ലക്കാലമായിട്ട് അവിടെ അങ്ങനെ കിടക്കുകയാണ്. അത് അടിയന്തിരമായി തുടരണം. അതുപോലെ ട്രാൻസ്ഫോർമർ വേണം. എ. എസ്. കിട്ടിയ ട്രാൻസ്ഫോർമറുകൾ പോലും ഒന്നും രണ്ടും കൊല്ലമായി വെറുതെ കിടക്കുകയാണ്. മെററീരിയൽസ് ഇല്ലെന്ന കാരണമാണ് ഉദ്യോഗസ്ഥൻമാർ പറയുന്നത്. ഞാൻതന്നെ ബഹുമാനപ്പെട്ട മന്ത്രിയെ ഇടയ്ക്കിടയ്ക്ക് കാണുകയും കാസർകോട് പ്രത്യേകിച്ചും മെററീരിയൽസ് എത്തിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കണമെന്നു പറയുകയും ചെയ്തു. അത് മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എങ്കിൽപ്പോലും ഉദ്യോഗസ്ഥൻമാരില്ല. ഒടുവിൽ ഞാൻ ഇന്നലെ നാട്ടിൽ പോയപ്പോൾ അവിടത്തെ എഞ്ചിനീയർമാരിൽ നിന്നു കിട്ടിയ മറുപടി മെററീരിയൽസ് ഇല്ലാത്തതുകൊണ്ട് ഞാൻ പറഞ്ഞ ട്രാൻസ്ഫോർമറിന്റെ പ്രവർത്തനം നടത്താൻ പററുകയില്ലെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്നാണ്. പക്ഷെ മെററീരിയൽസ് ഇല്ലാത്തതുകൊണ്ട് എത്രയോ ട്രാൻസ്ഫോർമറുകൾ അവിടെ പ്രവർത്തനംപോലും ആരംഭിക്കാൻ സാധിക്കാതെയുണ്ട്. അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ടുതന്നെയുള്ള ട്രാൻസ്ഫോർമറുകൾക്ക് മെററീരിയൽസ് ഇല്ലെന്ന കാരണമാണ് പറയുന്നത്. അത് ഞാൻ പ്രാദേശികമായി പറയുകയല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ നിയമസഭയിൽത്തന്നെ കൊണ്ടുവന്നപ്പോൾ അത് പ്രാദേശികമായിട്ടുള്ള ചിന്താഗതിയാണെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ ഒരിക്കലും അങ്ങനെ പറയുകയല്ല, കാസർഗോഡിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് സ്വാധീനമുപയോഗിച്ചും, ഉദ്യോഗസ്ഥൻമാരുടെ സ്വാധീനമുപയോഗിച്ചും എല്ലാ തരത്തിലും ഇഷ്ടം പോലെ ട്രാൻസ്ഫോർമറുകൾ ഈ ഏരിയായിലുണ്ട്. കാസർകോഡ് വളരെ അവഗണിക്കപ്പെട്ട പ്രദേശമാണ്. മെററീരിയൽസ് കൊടുക്കാൻ ആവശ്യമായ നിർദ്ദേശം, കാര്യമായ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണം. നിർദ്ദേശം കൊടുത്താൽ മാത്രം പോരാ, അത് നടപ്പിലാക്കുന്നുണ്ടോയെന്നുകൂടി നോക്കണം. അത്തരത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിച്ചുകൊണ്ടും ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട സബ്സ്റ്റേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

പണി പൂർത്തിയാക്കിക്കൊണ്ടും കൂടുതൽ ട്രാൻസ്ഫോർമറുകൾ ആരംഭിച്ചുകൊണ്ടും കാസർകോഡിന്റെ ഈ ദയനീയമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ വളരെ വേഗത്തിലുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിന് ബന്ധപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, മലബാറിലെ വോൾട്ടേജ് കമ്മിയെപ്പററി ഈ സഭയുടെ ആദ്യ സമ്മേളനത്തിൽത്തന്നെ ഒരു അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കുകയും അതിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും ദീർഘകാലമായി ചെയ്തു തീർക്കാവുന്നതും ഹ്രസ്വകാലമായി ചെയ്തു തീർക്കാവുന്നതും ആയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദീകരണങ്ങൾ നൽകുകയുമുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ നിന്നുതന്നെ വോൾട്ടേജ് കുറവിന്റെ കാരണങ്ങളും അതിന്റെ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുള്ളതിനാൽ എന്റെ ജോലി കുറെയേറെ ലഘൂകരിക്കപ്പെട്ടിരിക്കുന്നു. പത്തു ജലവൈദ്യുത പദ്ധതികളുള്ളതിൽ ചെറിയ ജലവൈദ്യുത പദ്ധതിയായ കുററിയാടി മാത്രമാണ് മലബാർ പ്രദേശത്തുള്ളത്. അതുപോലെ അവിടത്തെ പ്രസരണ ശൃംഖല ദുർബലവുമാണ്. കൂടാതെ കേന്ദ്രത്തിൽനിന്ന് നമുക്ക് അനുവദിക്കുന്ന വിഹിതം, നമുക്ക് കിട്ടുന്നത് മററു സംസ്ഥാനങ്ങളിലെ ലൈനുകളിൽ കൂടിയായതുകൊണ്ട് പീക്ക് അവറിൽ അതിന്റെ പ്രയോജനം നമുക്ക് ലഭിക്കുന്നില്ല. ഇതു മൂന്നുമാണ് പൊതുവെ മലബാറിലെ വോൾട്ടേജ് കമ്മിക്കുള്ള കാരണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താനുള്ള തീവ്രമായ കുറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേന്ദ്ര വിഹിതം മംഗലാപുരത്തുനിന്നും കിട്ടിക്കൊണ്ടിരുന്നത് 30–35 മെഗാവാട്ട് ആയിരുന്നത്, ഞാൻ തന്നെ കർണ്ണാടകയിൽ ബാംഗ്ലൂരിൽ പോയി ഗവൺമെന്റുമായിട്ട്, അവിടത്തെ ഇലക്ട്രിസിററി ബോർഡ് ഉദ്യോഗസ്ഥൻമാരുമായിട്ട് ചർച്ച ചെയ്ത് അവിടെ ഉണ്ടെന്ന് പറഞ്ഞിരുന്ന സാങ്കേതിക ന്യൂനതകൾ പരിഹരിച്ച് 50 മെഗാവാട്ട് തരാമെന്നു സമ്മതിക്കുകയും കുറെ ദിവസം തരികയും ചെയ്തു. പക്ഷെ അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ട് നമ്മുടെ പീക്ക് അവറും അവരുടെ പീക്ക് അവറും ഒന്നായതുകൊണ്ട് അവരുടെ ലൈനിൽകൂടി കിട്ടുമ്പോൾ പലപ്പോഴും 50 മെഗാവാട്ടിനു പകരം നമുക്ക് മുപ്പത്തിയഞ്ചോ നാല്പതോ നാല്പത്തിയഞ്ചോ ആയിപ്പോകുന്നു എന്നതാണ്. ഇത് നമ്മുടെ നിയന്ത്രണങ്ങൾക്കതീതമായ കാര്യമാണ്. ദിവസേന അതുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കയാണ്.

രണ്ടാമത്, മലബാറിനെപ്പററി പൊതുവെ പറഞ്ഞതുകൊണ്ട് പറയുകയാണ്, തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് അവിടത്തെ ഒരു സ്റേറഷനിൽ നിന്നും ഇപ്പോൾ വയനാട് ഭാഗത്ത് അഞ്ച് മെഗാവാട്ട് വിദ്യുച്ഛക്തി ലഭിക്കുന്നുണ്ട്. ഒരു അടിയന്തിര സ്റെറപ്പ് എന്നുള്ള നിലയ്ക്ക് മാടക്കത്തറ സ്റേറഷൻ ഒന്നാംഘട്ടം കമ്മീഷൻ ചെയ്തതിന്റെ ഫലമായി പാലക്കാട് ഭാഗത്ത് വോൾട്ടേജ് നിലവാരത്തിൽ 25 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട് എന്നാണ് റിപ്പോർട്ട്. അതുപോലെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, ഷൊർണ്ണൂർ, തൃശ്ശൂർ ഭാഗങ്ങളിലും ഏതാണ്ട് പതിനെട്ടുശതമാനം വോൾട്ടേജ് വർദ്ധന ഉണ്ടായിട്ടുണ്ട്. മാടക്കത്തറ ജൂൺ മാസത്തിൽ രണ്ടാം ഘട്ടം കമ്മീഷൻ

ചെയ്യുമ്പോൾ കേന്ദ്ര വിഹിതമായിട്ട് നമുക്ക് ലഭിക്കുന്ന വൈദ്യുതി ആ ലൈനിൽക്കൂടി കിട്ടുമെന്നതുകൊണ്ട് വളരെയധികം മെച്ചം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ മലബാർ പ്രദേശത്തിന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വസ്തുതകൾ ഓരോന്നോരോന്നായി വിശദമായിട്ട് പറയുന്നില്ല. ആ സബ്സ്റ്റേഷനുകളുടെ പണികളെല്ലാം മുമ്പോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഓരോന്നും പ്രത്യേകം പ്രത്യേകം മോണിറ്റർ ചെയ്തു വരുന്നുണ്ട്. ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അത് ശ്രീ. ടി. ശിവദാസമേനോനൊക്കെ അറിയാവുന്നതാണ്. പല സബ് സ്റ്റേഷനുകളും അപ്രതീക്ഷിതമായ ഉടക്കുകളിൽപ്പെട്ട് കിടക്കുന്നുണ്ട്. ഇപ്പോൾത്തന്നെ അടുത്തകാലത്താണ് മഞ്ചേശ്വരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷന്റെ ശിലാസ്ഥാപനം നടന്നത്. അതിന്റെ പണി അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. 1993 മാർച്ച് മാസത്തിൽ അത് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ഞാൻ തന്നെ കാസർഗോഡ് വരികയും ഉദ്യോഗസ്ഥൻമാരുമായിട്ട് ചർച്ച നടത്തുകയും അവിടത്തെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും കുറെയേറെ നടപ്പിലാക്കാൻ ശ്രമിക്കുകയുമാണ്. മെററീരിയൽസിന്റെ ഷോർട്ടേജും മററുമൊക്കെ പെട്ടെന്ന് ഉണ്ടായതല്ല. അതെല്ലാം പരിഹരിക്കാനുള്ള ദീർഘകാല പദ്ധതികളുമായി ഗവൺമെൻറ് മുമ്പോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. മലബാർ പ്രദേശത്തെ വോൾട്ടേജ് കമ്മിക്ക് ശാശ്വതമായ പരിഹാരം വേറെയാണ്. അത് കൂടുതൽ വിദ്യുച്ഛക്തി പദ്ധതികൾ ഉണ്ടാക്കുക എന്നതാണ്. അതു സംബന്ധിച്ച് അദ്ദേഹംതന്നെ പറഞ്ഞു. നമുക്ക് പുതിയ ജനറേറ്റിംഗ് സ്റ്റേഷനുകൾ ഉണ്ടാകണം. തൃക്കരിപ്പൂർ സ്റ്റേഷന്റെ നിർദ്ദേശമുണ്ട്. അത് ഒന്നുമായിട്ടില്ല. അതേസമയത്ത് കാസർകോഡ് പള്ളിപ്പുറം എന്ന സ്ഥലത്തും കോഴിക്കോടും എറണാകുളത്ത് ബ്രഹ്മപുരത്തും സ്ഥാപിക്കാനായി നിർദ്ദേശിച്ചിരുന്ന ഡീസൽ ജനറേറ്റിംഗ് സ്റ്റേഷനുകൾക്ക് ആവശ്യമായ ഡീസൽ നൽകാമെന്ന് കേന്ദ്രഗവൺമെൻറ് ഉറപ്പുപറയുകയും അത് ലോക്സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഔദ്യോഗികമായ കമ്മ്യൂണിക്കേഷൻ ഏതവസരത്തിലും കിട്ടും എന്ന് പ്രതീക്ഷിക്കുകയാണ്. ലോക് സഭയിൽതന്നെ കേന്ദ്രമന്ത്രി ശ്രീ. ബി. ശങ്കരാനന്ദ് ഉറപ്പു നൽകിയ കാര്യമാണ് അത്. അത് വരികയാണെങ്കിൽ പതിനെട്ട് മാസങ്ങൾക്കുള്ളിൽ നമുക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും. അതു കമ്മീഷൻ ചെയ്താൽ ഇന്നു മലബാർ പ്രദേശത്ത് വൈദ്യുതി ജനറേറ്റിംഗ് സ്റ്റേഷനുകൾ ഇല്ലെന്നുള്ള അടിസ്ഥാനപരമായ പോരായ്മ അതുകൊണ്ട് നമുക്ക് പരിഹരിക്കാൻ സാധിക്കും. അതുപോലെ ദീർഘദൂര പ്രസരണം ഇടുക്കി, കോഴിക്കോട് ലൈനിൽകൂടിയാണ് ഇപ്പോൾ മലബാറിൽ വിദ്യുച്ഛക്തി എത്തുന്നത്. ദീർഘദൂര പ്രസരണത്തിന്റെ ഫലമായി പ്രസരണ നഷ്ടം ഉണ്ടാകുന്നു. വോൾട്ടേജ് ഇല്ലാതെവരുന്നു. മാടക്കത്തറ കമ്മീഷൻ ചെയ്യുകയും അതിനോടനുബന്ധിച്ച് പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് 220 കെ. വി. ലൈൻ കമ്മീഷൻ ചെയ്യുകയും ചെയ്യുമ്പോൾ രണ്ടു ഡീസൽ സ്റ്റേഷനുകൾ കൂടി വരുമ്പോൾ ഏതാണ്ട് ഒരു നിശ്ചിത കാലയളവിനുള്ളിൽതന്നെ മലബാർ മേഖലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ സാധിക്കും. അത് ഗവൺമെൻറിന്റെ അടിയന്തിര ശ്രദ്ധയിൽ പെട്ടിട്ടുള്ള കാര്യമാണ്. ഇതിനകംതന്നെ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. അത് ചെയ്തുകൊണ്ടിരിക്കുകയുമാണ് എന്ന് ഈ സഭയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ: ഡീസൽ ജനറേററിംഗ് സ്റേറഷന്റെ പ്രവർത്തനം എത്രയും വേഗം തുടങ്ങുമെന്ന് മന്ത്രി പറഞ്ഞു. 220 കെ. വി. സബ്സ്റേറഷന്റെ പ്രൊപ്പോസൽ കാസർകോഡ് ജില്ലയിലുണ്ട്. അതിന്റെ സ്ഥിതി എന്താണ്? സ്ഥലമെടുപ്പുപോലും നടന്നിട്ടില്ല. വളരെവേഗം പ്രവർത്തനം ആരംഭിക്കണം. അതുപോലെ 110 കെ. വി. സബ്സ്റേറഷന്റെ വർക്ക് പലതും പെൻഡിംഗിലാണ്. അത് യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കാൻ ആവശ്യമായ നടപടി മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. സി. വി. പത്മരാജൻ: നിലവിൽ പണി നടക്കുന്നതും പണി നടത്തേണ്ടതുമായ സബ്സ്റേറഷനുകളുടെ കാര്യം ഓരോന്നായി പരിശോധിച്ച് ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുന്നതും മുൻഗണന കൊടുത്ത്, യുദ്ധകാലാടിസ്ഥാനമൊന്നും ഇല്ലെങ്കിലും വളരെ പെട്ടെന്നുതന്നെ പൂർത്തിയാക്കാനുള്ള ടാർജററുകൾ നിശ്ചയിച്ചു കൊടുത്ത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## (ii) പാസ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ സംസ്ഥാനത്ത് പാസ്പോർട്ടിന്റെ പ്രശ്നം പിന്നെയും വലിയ വിഷമമായിരിക്കുകയാണ്. ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ധാരാളം ശ്രമങ്ങൾ നടത്തുന്നുണ്ട്. എങ്ങനെയെങ്കിലും കുറെ ആളുകൾ ഗൾഫിലും വിദേശ രാജ്യങ്ങളിലുംപോയി രക്ഷപെടാനുള്ള സാദ്ധ്യത വളരെയേറെയുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന ബുദ്ധിമുട്ട്, കൊച്ചിയിലും കോഴിക്കോടും; ഇപ്പോൾ ആരംഭിച്ച തിരുവനന്തപുരം പാസ്പോർട്ട് ആഫീസിലും അപേക്ഷകൾ കുന്നുകൂടി കിടക്കുകയാണ്. കൊച്ചിയിൽ മാത്രം ഒന്നരലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. അവിടെയാണെങ്കിൽ ആവശ്യത്തിന് സ്ററാഫില്ല. ലാമിനേഷൻ മിഷ്യൻ കേടാവുന്നു. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ അവിടെ വരുന്നു. അവിടത്തെ കമ്പ്യൂട്ടർ സൗകര്യം പര്യാപ്തമല്ല. ഇതെല്ലാം നിലനില്ക്കുമ്പോഴാണ് ഈ പാസ്പോർട്ട് അപേക്ഷകൾ അങ്ങോട്ട് ചെല്ലുന്നത്. അപേക്ഷ ചെന്നാൽ പോലീസ് വെരിഫിക്കേഷനുവേണ്ടി ഓരോ അപേക്ഷയും അയച്ചു കൊടുക്കണം. ഈ അപേക്ഷ ഓരോന്നും ബന്ധപ്പെട്ട ജില്ലകളിലെ എസ്.പി.-ക്ക് അയച്ചുകൊടുക്കണം. അതോടൊപ്പം ഓരോ അപേക്ഷയും സ്റേററ് ഹെഡ്ക്വാർട്ടേഴ്സിലും അയച്ചുകൊടുക്കണം. രണ്ടു സ്ഥലത്താണ് ഒരേ സമയത്ത് അയച്ചുകൊടുക്കുന്നത്. ഈ അപേക്ഷ ചെല്ലുമ്പോൾ വളരെ കാലതാമസം അവിടെ ഉണ്ടായശേഷമാണ് ബന്ധപ്പെട്ട എസ്.പി.-ക്കും തിരുവനന്തപുരം ഹെഡ്ക്വാർട്ടേഴ്സിലും അപേക്ഷ ചെല്ലുന്നത്. ഓരോ ജില്ലയിലും ഇതുവന്നാൽ എസ്.പി.-മാർ വളരെ വിഷമിക്കുകയാണ്. എസ്. പി.-മാർ പലരും ഇപ്പോൾ വെരിഫിക്കേഷൻ കൊടുക്കുന്നില്ല. എം.എൽ.എ.-മാരൊക്കെ വിളിച്ചു പറഞ്ഞിട്ട് അവർ ബുദ്ധിമുട്ട് പറയുകയാണ്. ഇവരെ കുററപ്പെടുത്താൻ ഒക്കുകയില്ല. ഇതിൽ റിസ്ക്കുണ്ട്. ചില എസ്.പി.-മാർക്ക് ചില അപേക്ഷകളുടെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. അതുകൊണ്ട്



LIBRARY ARCHIVES Kerala Legislative Assembly

ഇത് റിസ്ക്കാണ്. അവർക്ക് കൊടുക്കാൻ പ്രയാസമുണ്ട്. വെരിഫിക്കേഷൻ സർട്ടിഫിക്കററ് കൊടുക്കാൻ പ്രയാസമാണെന്നു പറഞ്ഞു.

ഇപ്പോൾ വന്നിരിക്കുന്ന ബുദ്ധിമുട്ട് ഓരോ എസ്.പി.-ക്കും
10 a. m.] ഞാൻ തിരക്കിയതിൽ, ഉള്ളത് സ്പെഷ്യൽ ബ്രാഞ്ചിന് നാല്
പോലീസുകാരാണ്. അവർക്ക് ഒരുപാട് ജോലി വേറെ ഉണ്ട്. അതിന് പുറമെയാണ് കെട്ടുകണക്കിന് പാസ്പോർട്ടുകൾ ഇങ്ങോട്ട് വരുന്നത്. ഇത് ഈ സ്പെഷ്യൽ ബ്രാഞ്ചിലെ നാല് പോലീസുകാരെക്കൊണ്ടാണ് അന്വേഷിപ്പിക്കേണ്ടത്. എങ്ങനെ എന്ന് തിരിച്ചു വരാനാണ്? ബണ്ടിൽ സഹിതം ഓരോ എസ്.പി. ഓഫീസിലും ഇരിക്കുകയാണ്. ഇവർക്ക് ഇത് കൊടുത്തയച്ചാൽ ഓരോ ജില്ലയിലുമുള്ള ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നൊക്കെ അന്വേഷിച്ച് തിരിച്ചു വരുമ്പോൾ മാസങ്ങൾ എടുക്കുകയാണ്. ഇപ്പോൾ സംഭവിച്ചിരിക്കുന്നത് കഴിഞ്ഞ ആഗസ്ററിൽ കൊടുത്ത അപേക്ഷയുടെ പാസ്പോർട്ടാണ് ഇപ്പോൾ കൊച്ചിയിൽനിന്ന് കൊടുക്കുന്നത്. എല്ലായിടത്തേയും അവസ്ഥ ഇതാണ്; കോഴിക്കോട്ടേയും തിരുവനന്തപുരത്തേയും ഒക്കെ. ഇപ്പോൾ പലരുമായിട്ടും ഇതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ പലരും പറയുന്നത് പാസ്പോർട്ട് ഓഫീസിൽ അപേക്ഷ വന്നിട്ട് ബന്ധപ്പെട്ട എസ്.പി.-മാർക്ക് അയച്ചു കൊടുക്കുന്നതിനേക്കാൾ നല്ലത് പാസ്പോർട്ട് ഓഫീസിൽ അപേക്ഷ അയയ്ക്കുമ്പോൾതന്നെ ബന്ധപ്പെട്ട എസ്.പി.-മാരുടെ വെരിഫിക്കേഷൻ സർട്ടിഫിക്കററോടുകൂടി ഈ അപേക്ഷ ചെല്ലുകയാണെങ്കിൽ കാലതാമസം ഒരുപാട് ഒഴിവാക്കാം എന്നാണ്. ഏഴ് മാസം കൊണ്ട് ഇപ്പോൾ കിട്ടുന്ന പാസ്പോർട്ടുകൾ ഒരു മാസംകൊണ്ട് കിട്ടുമെന്ന് പറയുന്നു. പക്ഷേ നമ്മുടെ എസ്.പി.-മാർ നേരത്തേ ഇതിന് വെരിഫിക്കേഷൻ സർട്ടിഫിക്കററ് തയ്യാറാക്കണമെങ്കിൽ അതിനുള്ള സൗകര്യങ്ങൾ അവിടെ വേണം. സ്പെഷ്യൽ ബ്രാഞ്ചിലെ പോലീസുകാരെക്കൊണ്ട് മാത്രം സാധിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രത്യേകമായ താൽപ്പര്യമെടുത്താൽ, അവരുടെ അധികാരം വേണമെങ്കിൽ ഒന്ന് വികേന്ദ്രീകരിച്ചുകൊണ്ട് ഡി.വൈ.എസ്.പി.-മാർക്കും അല്ലെങ്കിൽ മററുചില തരത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കും കൂടി ഇത് കൊടുക്കുകയാണെങ്കിൽ വളരെവേഗം വെരിഫിക്കേഷൻ നടത്തിയശേഷം പാസ്പോർട്ട് ഓഫീസുകളിലേക്ക് ഈ അപേക്ഷകൾ അയയ്ക്കാൻ സാധിക്കും. അതുകൊണ്ട് പാസ്പോർട്ട് ഓഫീസിൽ അപേക്ഷ വന്നതിനു ശേഷം അവിടെനിന്ന് ഡിസ്ട്രിക്ടുകളിലേക്ക് അപേക്ഷ അയക്കുന്നതിനു പകരം അപേക്ഷ ബന്ധപ്പെട്ട എസ്.പി.-മാരുടെ വെരിഫിക്കേഷൻ സർട്ടിഫിക്കററോടുകൂടി പാസ്പോർട്ട് ഓഫീസിലേക്ക് അയയ്ക്കുന്ന ഒരു സംവിധാനം ഉണ്ടാക്കുകയും ഓരോ ജില്ലയിലും ഈ അന്വേഷണം നടത്താനായിട്ട് കൂടുതൽ ഉദ്യോഗസ്ഥൻമാരേയും പോലീസ് കോൺസ്ററബിൾമാരേയും വയ്ക്കുകയും ഒരു പാസ്പോർട്ട് അപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഒരാഴ്ചയ്ക്കകം നിർബന്ധമായും അതിന്റെ വെരിഫിക്കേഷൻ നടത്തി പാസ്പോർട്ട് ഓഫീസിലേക്ക് അയക്കുകയും ചെയ്താൽ വളരെ സൗകര്യമായിരിക്കും. വളരെ വേഗംതന്നെ ഈ പാസ്പോർട്ട് കിട്ടുകയും ചെയ്യും. അതുപോലെതന്നെ ഇപ്പോൾ നമ്മുടെ പാസ്പോർട്ട് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന വെരിഫിക്കേഷൻ നടത്താൻ അധികാരമുള്ള ഉദ്യോഗസ്ഥൻമാരുടെ ലിസ്ററിൽ കൊടുത്തിട്ടുള്ള ഗവൺമെൻറ് സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ തുടങ്ങിയവരുടെ പേരുകൾ കറൻറ് അല്ല. നമ്മുടെ ഗവൺമെൻറ് സെക്രട്ടറിമാരും അഡീഷണൽ സെക്രട്ടറിമാരും പലരും ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. അവരുടെയൊന്നും പേര് ലിസ്ററിൽ ഇല്ല. അതുകൊണ്ട്

അതിനെ സംബന്ധിച്ച് ബന്ധപ്പെട്ട ഓഫീസുകളുമായി ചർച്ച ചെയ്ത് ആ ലിസ്റ്റ് പുതുക്കിക്കൊണ്ട് അങ്ങനെയുള്ള കാലതാമസം കൂടി ഒഴിവാക്കാനായിട്ട് ശ്രദ്ധിക്കുന്നത് വളരെ അനുഗ്രഹമായിരിക്കും. എല്ലാ ജില്ലകളിലും പാസ്പോർട്ടിന്റെ കാര്യത്തിൽ വിഷമമുണ്ട്. നമ്മുടെ ആളുകൾ വളരെ കഷ്ടപ്പെടുന്നു. അതുകൊണ്ട് തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പാസ്പോർട്ട് കിട്ടുന്ന കാര്യത്തിൽ ഇന്നുള്ള പ്രയാസങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഏതാണ്ട് അഞ്ചാറുമാസമെങ്കിലും ഒരു പാസ്പോർട്ട് കിട്ടാൻ എടുക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്. വിശേഷിച്ച് കൊച്ചിയിലുള്ള പാസ്പോർട്ട് ഓഫീസിൽ വരുന്ന കാലതാമസത്തെക്കുറിച്ച് കക്ഷി വ്യത്യാസമില്ലാതെ എല്ലാ ഭാഗങ്ങളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്, ഈ കാര്യങ്ങൾ ഇന്ത്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വിദേശകാര്യ മന്ത്രിയോടുതന്നെ സംസാരിച്ചിട്ടുള്ളതാണ്. പക്ഷേ ഇന്നത്തെ വ്യവസ്ഥയും അതിന് കുറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നത് ഡി.എസ്.പി.-യാണ്. ഈയിടെ കുവൈറ്റ് സംഭവത്തിനുശേഷം അവർ നിർബന്ധിക്കുന്ന ചില വ്യവസ്ഥകൾ ഉണ്ട്; പോലീസ് സർട്ടിഫിക്കറ്റ്. അത് ചെയ്യേണ്ടത് ഡി.എസ്.പി.-യാണ്. ഈ ഡി.എസ്.പി.-ക്ക് വെരിഫിക്കേഷന് അയയ്ക്കുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ സ്പെഷ്യൽ ബ്രാഞ്ചുകാരുടെ റിപ്പോർട്ടൊക്കെ കിട്ടുമ്പോൾ വളരെ കാലതാമസം വരുന്നു. ഇതെല്ലാം കഴിഞ്ഞ് പാസ്പോർട്ട് ഓഫീസിൽ വന്നാൽ അവിടെ ഡിസ്പോസ് ചെയ്യുന്ന കാര്യത്തിൽ താമസം വരുന്നുണ്ട്. ഇതിനെക്കുറിച്ച് പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഈയടുത്ത അവസരത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ രണ്ട് ഓഫീസർമാർ കേരളത്തിൽ വന്ന് നമ്മുടെ ബന്ധപ്പെട്ട ഓഫീസർമാരുമായി ചർച്ച ചെയ്തു. ആ ചർച്ചയിൽ പോലീസ് ഓഫീസർമാർ, സെക്രട്ടറിമാർ, ഗവൺമെന്റ് എല്ലാവരും ഉണ്ടായിരുന്നു. ആ ചർച്ചയുടെ ഫലമായി ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ആ നിർദ്ദേശപ്രകാരം പ്രധാനമായി ഇന്നിപ്പോൾ ഈ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാൻ സെൻട്രലിലാണെങ്കിൽ ഡെപ്യൂട്ടി സെക്രട്ടറിക്കു മേലെയും സ്റ്റേറ്റിലാണെങ്കിൽ ജോയിന്റ് സെക്രട്ടറിക്ക് മേലെയുമുള്ള ഓഫീസർമാർ, അതുപോലെ എസ്.പി. തുടങ്ങിയ ആളുകൾ സർട്ടിഫൈ ചെയ്താൽ മതി. എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്മാർ നൽകുന്ന പരിശോധനാ സർട്ടിഫിക്കറ്റ് ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരും നൽകിയാൽ മതിയാകും എന്നുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എസ്.പി. എന്നു പറയുമ്പോൾ ഡിസ്ട്രിക്ടിൽ വരുമ്പോൾ 14 എസ്.പി.-മാരാണുള്ളത്. അപ്പോൾ ഡിവൈ.എസ്.പി.-മാരും കൂടിയാണെങ്കിൽ കുറെക്കൂടി നമ്പർ വർദ്ധിക്കും. അവരും ഉത്തരവാദിത്വമുള്ള ഓഫീസർമാരാണെന്നുള്ള നിലയിൽ അവർ സർട്ടിഫൈ ചെയ്താൽ മതിയാകും. അതുപോലെതന്നെ ഇപ്പോഴുള്ള സ്പെഷ്യൽ ബ്രാഞ്ചുകാരെ പ്രത്യേകമായിട്ട് അന്വേഷിക്കുന്നതിനുപകരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അന്വേഷിക്കാനുള്ള സംവിധാനമുണ്ടാക്കാം. ഇന്നിപ്പോൾ സ്പെഷ്യൽ ബ്രാഞ്ചിന്റെ പോലീസിന് പകരം ഒരു സ്റ്റേഷനിൽ ഒരു കോൺസ്റ്റബിളിനെ



LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും ഇതിനുവേണ്ടി ചുമതലപ്പെടുത്തും. അതിനാവശ്യമായ പണം ഇന്ത്യാ ഗവൺമെൻറ് തരണമെന്ന് പറഞ്ഞിരിക്കുകയാണ്. ഏതായാലും ശരി ആ വെരിഫിക്കേഷൻ തുടങ്ങാൻ എല്ലാ സ്റ്റേഷനിലും നമുക്ക് ഓരോ ആളെ അതിനു മാത്രമായിട്ട് ചുമതലപ്പെടുത്തിയാൽ അക്കാര്യത്തിൽ താമസം ഉണ്ടാകുകയില്ല. അതുപോലെ അതാത് പ്രദേശത്തെ സബ് ഇൻസ്പെക്ടർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കുകയും അത് ഒരു ക്ലിപ്ത സമയത്തിനുള്ളിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഡിവൈ.എസ്.പി.-ക്ക് സർപ്പിക്കുകയും ചെയ്യണമെന്നുള്ള ഒരു നിർദ്ദേശമുണ്ട്. ഈ വക അധിക ജോലികൾക്കുവേണ്ടി വരുന്ന ജോലിഭാരം കണക്കിലെടുത്തുകൊണ്ട് പോലീസുകാരെ നിയമിക്കുന്നതിനുപുറമേ കൊച്ചിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ കുറച്ചുകൊണ്ടുവരുന്നതിനു വേണ്ടി ഇന്ത്യാ ഗവൺമെൻറിന്റെ പ്രതിനിധികളുമായി സംസാരിച്ചപ്പോൾ അവിടേക്ക് അരിയേഴ്സ് ക്ലിയറൻസിന് മാത്രമായിട്ട് തൽക്കാലം 50 ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ ഇന്ത്യാ ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ട്. ഇത് കേരള ഗവൺമെൻറിന്റെ മാത്രം ചുമതലയിൽപ്പെട്ടതല്ലെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. എങ്കിലും കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കേരള ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തു. ഇത് വേഗത്തിൽ നടപ്പിലാക്കാനുള്ളതായ നടപടി സ്വീകരിക്കും. ചിലപ്പോൾ ഓഫീസേഴ്സിന്റെയൊക്കെ ബുദ്ധി മുട്ടുണ്ടാകും. അതൊക്കെ ഇന്ത്യാ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷേ ഇപ്പോൾ ഒരു ആശ്വാസമുള്ളത് നമ്മുടെ തിരുവനന്തപുരം പാസ്പോർട്ട് ഓഫീസ് തുറന്നതോടുകൂടി നമുക്ക് ഒരു ഭാഗം കുറേക്കൂടി വിശേഷിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്ന് ഡിസ്ട്രിക്ടുകളിലുള്ള ആളുകൾക്ക് വളരെ സൗകര്യം തിരുവനന്തപുരം പാസ്പോർട്ട് ഓഫീസ് കൊണ്ട് ഉണ്ടാകും. ഏതായാലും ഈ പ്രശ്നം വളരെ ഗൗരവതരമാണ്. വിശേഷിച്ച് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വളരെയധികം ആളുകൾക്ക് ഇന്ന് ഗൾഫ് രാജ്യങ്ങളിൽ ജോലി കിട്ടുന്നുണ്ട്. കുവൈററിലേക്ക് ഒരിക്കലും തിരിച്ചു പോകേണ്ടിവരില്ലെന്ന് വിചാരിച്ചു വന്ന ആളുകൾ തിരിച്ചു പോകാൻ തയ്യാറായി. അവർക്ക് അവിടെ തിരിച്ചു ചെന്നാൽ ഉടനെ ജോലി കിട്ടും. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കേരള ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെട്ട് ഇതിന് എത്രയും വേഗം ഒരു പരിഹാരമുണ്ടാക്കുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. വൈകാതെ പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: ഒരു കാര്യം ചോദിക്കാനുണ്ട്. കേന്ദ്ര ഗവൺമെൻറ് ചെയ്യേണ്ട ചില കാര്യങ്ങൾ ഉണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഇപ്പോൾ അന്വേഷണത്തിന് പോകുന്ന പോലീസ് കോൺസ്ററബിൾസ് വെറും നാലോ അഞ്ചോ പേരെ ഉള്ളു. ഇപ്പോൾ പറഞ്ഞതുപോലെ ഒരു പോലീസ് സ്റ്റേഷനിൽ ഒരു കോൺസ്റ്റബിളിനെയെങ്കിലും ഇതിനു ചുമതലപ്പെടുത്തിയാൽ അത് വളരെ നല്ല ഒരു നടപടിയാണ്. അതിന് അടിയന്തിരമായ ഉത്തരവ് കൊടുക്കുകയും അതോടൊപ്പംതന്നെ 50 പേരെ കേന്ദ്രഗവൺമെൻറ് അനുവദിച്ചു എന്നു പറഞ്ഞു. അതിനെതിരായി ഇപ്പോൾ സ്റ്റേ പോയിരിക്കുകയാണെന്ന് കേട്ടു. പെട്ടെന്ന് ആ നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിനകംതന്നെ അതിനാവശ്യമായ നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശരത്ചന്ദ്ര പ്രസാദ്: സർ, കേരള യൂണിവേഴ്സിറ്റി സെനറ്റ് യോഗം ഇന്നും നാളെയും നടക്കുകയാണ്. അത് നേരത്തെയുള്ള റൂളിംഗിന് വിരുദ്ധമായിട്ടാണ്.

മി. സ്പീക്കർ: അത് ഞാൻ അന്വേഷിക്കാം.

# V. സബ്മിഷൻ

## (i) ആകാശവാണിയുടെ പ്രഭാതഭേരി എന്ന പരിപാടി

ശ്രീ. കെ. പ്രകാശ് ബാബു: സർ, ഇന്നലത്തെ പത്രത്തിൽ ആകാശവാണിയുടെ തിരുവനന്തപുരം, ആലപ്പുഴ നിലയങ്ങൾ കഴിഞ്ഞ നാലു വർഷമായി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്ന പ്രഭാതഭേരി എന്ന പരിപാടിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കുന്നതിനുവേണ്ടി ചില സ്ഥലങ്ങളിൽനിന്ന് ഒളിയമ്പുകൾ എയ്യുന്നതായി പത്രം റിപ്പോർട്ട് ചെയ്യുന്നുണ്ട്.. പ്രഭാതഭേരി എന്ന പരിപാടിയുടെ ശൈലിക്കും രൂപത്തിനുമൊക്കെ മാററം വരുത്താൻ പോകുന്നു എന്നു പറഞ്ഞുകൊണ്ടുള്ള വാർത്തകൾ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ എല്ലാ പത്രങ്ങളിലും ഉണ്ട്. അങ്ങനെ നമ്മുടെ ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുത്തതാണോ, അങ്ങനെ വല്ല നിയന്ത്രണത്തിനും ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ള കാര്യം വ്യക്തമാക്കണം.

മി. സ്പീക്കർ: ഇതിപ്പോൾ പെട്ടെന്ന് ഉന്നയിച്ച വിഷയമല്ലേ. അന്വേഷിച്ചിട്ട് നാളെ മറുപടി പറയാം.

(മറുപടി അടുത്ത ദിവസത്തേക്ക് മാററിവച്ചു.)

## (ii) കോട്ടയം ബി.സി.എം. കോളേജ് വിദ്യാർത്ഥിനി സിസ്റ്റർ അഭയയുടെ മരണം

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, കോട്ടയത്ത് 27-ാം തീയതി നടന്ന അതിദാരുണമായിട്ടുള്ള ഒരു സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. സിസ്ററർ അഭയ എന്ന ഒരു കന്യാസ്ത്രീ ബി.സി.എം. കോളേജിൽ രണ്ടാം വർഷ പ്രീഡിഗ്രിക്ക് പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. അവർ താമസിക്കുന്ന ഹോസ്ററലിലെ കിണററിൽ അവരുടെ മൃതദേഹം കാണുകയുണ്ടായി. 27-ാം തീയതി വെളുപ്പിന് 4 മണിക്ക് ശേഷം വായിക്കുന്നതിന് അലാറം വച്ച് തന്നെ വിളിക്കണമെന്ന് പറഞ്ഞിരുന്നു. അതുപോലെ അവർ വെളുപ്പിന് എണീററ് താഴെ അടുക്കളയിലേക്ക് വെള്ളം കുടിക്കാൻ പോയതാണ്. വെള്ളം കുടിക്കാൻ പോകുന്നവഴിക്ക് വേറെ സിസ്ററേഴ്സ് താമസിക്കുന്ന മുറിയിൽ വാതിൽ തുറന്നു കിടക്കുന്നതുകണ്ട് (അവരും വായിക്കാൻ എണീററവരാണ്) അവരോടും കൂടിയൊക്കെ പറഞ്ഞിട്ടാണ് താഴെ പോയത്. പക്ഷേ അതിനുശേഷം ഈ കുട്ടിയെ കണ്ടിട്ടില്ല. പിറേറ ദിവസം അവിടെ ഭക്ഷണം രാവിലെ ഇല്ലാത്തതുകൊണ്ട് രാവിലെ ഭക്ഷണം കഴിക്കാൻ ആരും പോയില്ല.

ആരും ശ്രദ്ധിച്ചുമില്ല. കുറെ കഴിഞ്ഞതിനുശേഷം അടുക്കള ഭാഗത്ത് കുടിക്കാൻ കുപ്പിയിൽ എടുത്ത വെള്ളം കുപ്പിമറിഞ്ഞ് കിടന്നിരുന്നു. ഈ കുട്ടിയുടെ ഒരു ചെരിപ്പ് അടുക്കള ഭാഗത്തു കണ്ടു. അങ്ങനെ അന്വേഷിക്കാൻ ഇടയായി. എന്നാൽ പുറത്തേക്കുള്ള വാതലിൽ പുറത്തുനിന്ന് തണ്ട് ഇട്ടിരിക്കുന്നു. പക്ഷേ അതിനകത്തേക്ക് കടക്കുന്ന സ്ഥലത്ത് അവർ തലയിലിടുന്ന മുണ്ട് പകുതി അകത്തും പകുതി പുറത്തുമായിട്ട് കിടന്നിരുന്നു. ഒരു ജനൽ അപ്പുറത്തുനിന്ന് തുറന്നിട്ടിരിക്കുകയും ചെയ്തിരുന്നു.

സർ, മറ്റൊരു ചെരിപ്പ് കിണറിന്റെ കരയിൽ കണ്ടു. പോലീസിൽ വിവരം അറിയിച്ചു. പോലീസ് വന്ന് നോക്കിയിട്ട് കിണററിൽ ഒന്നും കണ്ടില്ല. ആഴമുള്ള കിണറാണ്. ഞാൻ ഇന്നലെ രാവിലെ അവിടെ പോയിരുന്നു. പിന്നീട് ഫയർ ഫോഴ്സുകാർ വന്ന് നോക്കിയപ്പോൾ അടിയിൽ ജഡം കിടന്നിരുന്നു. അങ്ങനെയാണ് അത് പൊക്കി എടുക്കാൻ ഇടയായത്. എങ്ങനെയാണ് ഈ സംഭവം നടന്നത് എന്നുള്ളതിനെപ്പറ്റി അവിടെയുള്ളവരുമായിട്ടൊക്കെ സംസാരിച്ചതിൽനിന്നും ഇതൊരു കൊലപാതകമായിരിക്കാനാണ് ഇട എന്നാണ് മിക്കവാറും എല്ലാ പത്രങ്ങിലും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കിണറ് വളരെ ആഴമുള്ളതായതുകൊണ്ട് ദേഹത്തൊക്കെ സ്വല്പം മുറിവുകളെല്ലാം അങ്ങിങ്ങ് ഉണ്ടെന്നുള്ള വിവരവും പത്രറിപ്പോർട്ടിൽ കാണുകയുണ്ടായി. പുറത്ത് നിന്ന് ആരോ വന്ന് ബലം പ്രയോഗിച്ച് കൊല ചെയ്തിരിക്കാനാണ് ഇട എന്ന് സംശയിക്കത്തക്ക സാഹചര്യങ്ങളാണ് അവിടെയെല്ലാം ഉള്ളത്. ഇതിനു മുമ്പ് അവിടെ ഒരു സംഭവം ഉണ്ടായതും ഇതുമായി ബന്ധപ്പെടുത്തി പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെ ചെന്നപ്പോൾ ആ കാര്യത്തെപ്പറ്റി പറയുകയും ചെയ്തു. രണ്ട് പെൺകുട്ടികൾ സിനിമ കാണാനെന്ന് പറഞ്ഞുകൊണ്ട് പോയതാണ്. അവിടെയുള്ളത് 50 കന്യാസ്ത്രീകളും 200-ൽ ചില്വാനം വിദ്യാർത്ഥിനികളും താമസിക്കുന്ന ഒരു വലിയ ഹോസ്റ്റലാണ്. അവർ സിനിമ കാണാൻ എന്നുപറഞ്ഞുകൊണ്ട് പോയെങ്കിലും അവരുടെ സിനിമ വേറെയായിരുന്നു. നാലഞ്ച് ചെറുപ്പക്കാരുമായി ഒരു വാനിൽ കയറി പോയി. ആ വാനൊക്കെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ആലപ്പുഴയിലെ ഒരു ലോഡ്ജിൽ നിന്ന് അവരെ പിടിച്ചു എന്നാണ് പത്രവാർത്തയിൽ നിന്ന് അറിഞ്ഞത്. അവിടത്തെ കടൽപ്പാലത്തിൽ പോയി ഇവർ ഡാൻസ് ചെയ്തുവെന്നൊക്കെ ആണ് പറയുന്നത്. ഡാൻസ് ചെയ്യുമ്പോൾ വസ്ത്രങ്ങളൊക്കെ കുറച്ച് അലോഹ്യമായിട്ട് കാണാം. (അങ്ങനെ വിവസ്ത്രരായിട്ടൊക്കെ ആയിരുന്നു ഡാൻസ് ചെയ്തത്) ഏതായാലും പിടിച്ചു. ആ വിവരം അറിഞ്ഞ് ആ കുട്ടികളെ ഹോസ്റ്റലിൽനിന്ന് ഡിസ്മിസ് ചെയ്തു. ചിലരെ ഭീഷണിപ്പെടുത്തിയതായി അവിടെ ഫോൺ കിട്ടിയെന്നുള്ള വിവരവും കിട്ടി. ഏതായാലും അതുമായി വല്ല ബന്ധവുമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റിയൊന്നും എനിക്ക് അറിയില്ല. അതിനെപ്പറ്റി അന്വേഷിക്കേണ്ടതാണ്, ഇതുപോലെ ഒരു സംഭവം മുമ്പ് അവിടെ നടന്നതിനെ തുടർന്ന് അവിടെ വളരെ ഭീതിയിലാണ് അവർ കഴിയുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ഇന്നലെ അവിടെ പോയിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. മിനിയാന്ന് ശ്രീ. രമേശ് ചെന്നിത്തല ചെന്നിരുന്നുവെന്ന് ഇന്നലെ രാവിലെ എന്നോട് പറഞ്ഞു. ഈ കാര്യം തിരുവല്ലായിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ. രമേശ് ചെന്നിത്തല പറയുകയുണ്ടായി. ഇത് വളരെ ദാരുണമായിട്ടുള്ള സംഭവമാണെന്നു മാത്രമല്ല നമ്മുടെ ക്രമസമാധാന നിലയെ സാരമായി ബാധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യവുമാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല. ഇതിനുമുമ്പ് ഒരു കന്യാസ്ത്രീ, മുക്കൂട്ടുതറയിൽ മേഴ്സി എന്ന സ്റ്റാഫ് നേഴ്സ് ജാനുവരി 30-ാം തീയതി മുക്കൂട്ടുതറയിലെ അസീസി ഹോസ്പിറ്റൽസ് ആൻറ് കോൺവെൻറിൽ ഉള്ള കുളത്തിൽ മരിച്ചുകിടന്നിരുന്നു. അതിനെപ്പററി ഈ നിയമസഭയിൽ ഞങ്ങൾ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ അയച്ചതിന് എനിക്ക് തന്ന മറുപടിയിൽ (ഞാൻ മാത്രമല്ല, വേറെ ആളുകളും ഉണ്ടായിരുന്നു.) അതിനെപ്പററി ക്രൈം ബ്രാഞ്ചിന് വിട്ട് അന്വേഷിക്കുമോ എന്ന് ചോദിച്ചിരുന്നു. അന്വേഷിക്കുകയില്ലെന്നാണ് പറഞ്ഞത്. ആ സംഭവത്തെപ്പററി ഇപ്പോൾ ഹൈക്കോടതിയിൽ അവരുടെ സഹോദരൻ ഹേബിയസ് കോർപ്പസ് പെററീഷൻ കൊടുത്തിരിക്കയാണ്, സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞ്. അപ്പോൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി എന്തെങ്കിലും ഒരു റിപ്പോർട്ട് കിട്ടിയാൽ പോര. വളരെ സമർത്ഥമായി ക്രൈംബ്രാഞ്ചിനെ ക്കൊണ്ട് അന്വേഷിപ്പിക്കണം. ക്രൈം ബ്രാഞ്ച് എന്നൊക്കെ ഞാൻ പറയുമ്പോൾ എന്തോ വലിയതായി ധരിക്കുമെന്നൊന്നും വിചാരിക്കേണ്ട. പോലീസുകാർ തന്നെയാണ് ക്രൈം ബ്രാഞ്ചിലേയ്ക്ക് പോകുന്നത്. ഉത്തരവാദപ്പെട്ട, സത്യസന്ധരായിട്ടുള്ള, ഒരു സ്വാധീന ശക്തിക്കും വഴങ്ങാത്ത ഉദ്യോഗസ്ഥൻമാർ നമ്മുടെ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അവരെക്കൊണ്ട് അന്വേഷിപ്പിച്ച് അതിൻെറ ശരിയായിട്ടുള്ള വിവരം എന്താണെന്ന് പുറത്തുകൊണ്ടുവരണം. കുററക്കാരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടികൾ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായി ഈ ഭീതി അകററാനുള്ള നടപടികളും ഉണ്ടാകണമെന്ന് ഞാൻ ഗവൺ മെൻറിനോട് അവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. പി. എം. മാത്യു, ശ്രീ. തോമസ് ചാഴീകാടൻ ഇവർ രണ്ടുപേരും ഈ കാര്യത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. അവരുടെ കോൺസ്ററിററ്യൂവൻസിയിൽ പെട്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ മാർച്ച് മാസം 27-ാം തീയതി നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ഇവിടെ ഉന്നയിക്കുന്നതിന് മുമ്പേ ശ്രീ. തോമസ് ചാഴികാടൻ എന്നെ കണ്ട് ഈ വിവരങ്ങൾ ധരിപ്പിക്കുകയുണ്ടായി. ഞാൻ അതു സംബന്ധിച്ച് പ്രാഥമിക അന്വേഷണവും നടത്തി. ഏതായാലും ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസിനെ സംബന്ധിച്ച് പോലീസിൽ നിന്ന് കിട്ടിയ വിവരമനുസരിച്ച് 27-ാം തീയതി രാവിലെ 8.30-നാണ് കോൺവെൻറ് കിണററിൽ ഈ ശവശരീരം കാണപ്പെട്ടത്. ഇതു സംബന്ധിച്ച് ഹോസ്ററൽ സുപ്പീരിയർ സിസ്ററർ ലിസി കോട്ടയം വെസ്ററ് പോലീസ് സ്റ്റേഷനിൽ അറിയിച്ചതിനെ തുടർന്ന് സബ് ഇൻസ്പെക്ടർ സ്ഥലത്തെത്തി ഇൻക്വസ്ററ് തയ്യാറാക്കി ശവശരീരം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്ററു മോർട്ടത്തിന് അയക്കുകയുണ്ടായി. പോസ്ററുമോർട്ടം റിപ്പോർട്ടിൽ പറയുന്നത് യാതൊരു ബലപ്രയോഗവും നടത്തിയിട്ടില്ലെന്നും ആക്ഷേപിക്കപ്പെട്ടപോലെ അവർ ബലാൽസംഗം ചെയ്യപ്പെടുകയോ മററ് നിലയിലോ ഒന്നും ഉണ്ടായിട്ടില്ലെന്നും തലയിൽ ഉണ്ടായതായി പറയപ്പെടുന്ന ചതവും മുറിവുകളും കിണററിൽ വീഴുമ്പോൾ ഉണ്ടായതാണെന്നുമാണ്. എങ്കിലും ഈ സംഭവത്തിന് ആസ്പദമായ മററ് ചില കാര്യങ്ങൾ നടന്നതായിട്ട് അവിടെ സംസാരമുണ്ട്. ബഹുമാന പ്പെട്ട ചാഴികാടൻതന്നെ ഇതിനുമുമ്പ് അവിടെ നടന്ന സംഭവത്തെ

ക്കുറിച്ച് എന്നോട് പറയുകയുണ്ടായി. ഇതെല്ലാം വച്ചുകൊണ്ട് വിപുലമായ ഒരു അന്വേഷണം നടത്തണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കാര്യം പ്രത്യേകമായി അന്വേഷിക്കാൻവേണ്ടി സർക്കിൾ ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ കാര്യത്തിൽ കൂടുതലായിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കണമെങ്കിൽ സ്വീകരിക്കും. യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് സത്വരമായ നടപടികൾ എടുക്കുന്നതാണ്. കുററവാളികളെ ഒരിക്കലും രക്ഷപ്പെടാൻ സമ്മതിക്കുകയില്ല. വിശേഷിച്ച് ജീവിതത്തിൽ പരിശുദ്ധതയിൽ പരിപാവനത പുലർത്തിവരുന്ന കന്യാസ്ത്രീകൾ അടങ്ങുന്ന ഹോസ്ററലുകളിൽ യാതൊരുവിധ ശല്യവും ഇല്ലാതിരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി ഈ കാര്യം കൈകാര്യം ചെയ്യും.

## (iii) ടി. ബി. സാനിട്ടോറിയത്തിൽ ചികിൽസയിലായിരുന്ന ഉഷ എന്ന ഹരിജൻ യുവതിയെ ബലാൽസംഗം ചെയ്ത കേസ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): സർ, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് സൗത്തിൽ താമസിക്കുന്ന ഉഷ എന്ന ഹരിജൻ യുവതിയെ നെഞ്ചുവേദനയെത്തുടർന്ന് കണ്ണൂർ ജില്ലയിലെ പരിയാരം ററി. ബി. സാനിട്ടോറിയത്തിൽ പ്രവേശിപ്പിക്കുകയുണ്ടായി. അവിടെവച്ച് ആശുപത്രി സ്ററാഫ് നേഴ്സ് ദിനേശൻ എന്ന ആൾ ആ യുവതിയെ മരുന്ന് തരാമെന്ന് പറഞ്ഞ് വിളിച്ചുകൊണ്ടുപോവുകയും വളരെ ക്രൂരമായി ബലാൽസംഗം ചെയ്യുകയും ചെയ്ത സംഭവമുണ്ടായി. ഈ സംഭവത്തെ സംബന്ധിച്ച് ഞാൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരത്തേ പരാതി സമർപ്പിച്ചിരുന്നു. എന്നാൽ, ഈ സംഭവത്തെത്തുടർന്ന് ആ യുവതി മാനസികമായി ആകെ തളർന്നിരിക്കുകയാണ്. ബലാൽസംഗം ചെയ്തശേഷം ആ യുവതിയെ തളിപ്പറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, നാളിതുവരെ ഇതിനുത്തരവാദികളായ കുററവാളികളെ അറസ്ററ് ചെയ്തിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ സംഭവത്തിന് ഉത്തരവാദിയായ കുററവാളിയെ കണ്ടുപിടിച്ച് കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പരിയാരം ററി. ബി. സാനിട്ടോറിയത്തിൽ ചികിൽസയിൽ കഴിഞ്ഞിരുന്ന കാഞ്ഞങ്ങാട് സ്വദേശി ചൊമ്മിച്ചി മകൾ ഉഷ എന്ന ഉദ്ദേശം 16 വയസ്സുള്ള പെൺകുട്ടിയെ സാനിട്ടോറിയത്തിൽ ജോലി ചെയ്തിരുന്ന സ്ററാഫ് നേഴ്സ് ദിനേശൻ എന്ന ആൾ മാർച്ച് മാസം 8-ാം തീയതി രാത്രി ഉദ്ദേശം 8 മണിയോടുകൂടി ബലാൽസംഗം ചെയ്തതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഉഷയെ ചികിൽസക്കായി തളിപ്പറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രിയിൽ നിന്നുള്ള ഇൻഫർമേഷന്റെ അടിസ്ഥാനത്തിലാണ് പഴയങ്ങാടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്ററർ ചെയ്ത് Crime 2343/92 Section 375, 506 (1), I.P.C. പ്രകാരം ദിനേശനെ

മാർച്ചുമാസം 11-ാം തീയതി തന്നെ അറസ്ററ് ചെയ്ത് പയ്യന്നൂർ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി. മാർച്ചുമാസം 23-ാം തീയതി വരെ റിമാൻറ് ചെയ്യുകയും ചെയ്തിരുന്നു. അതിനുശേഷം തലശ്ശേരി സെഷൻസ് കോടതി ജാമ്യത്തിൽ വിട്ടിരിക്കുകയാണ്. ഈ കേസ് നല്ല രീതിയിൽ അന്വേഷണം നടത്തുന്നുണ്ട്. കാരണം, പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ ഒരു ഹോസ്പിററലിലെ ജീവനക്കാരൻ ബലാൽസംഗം ചെയ്തത് ആ നിലയിൽ തന്നെ കൈകാര്യം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. അറസ്ററ് ചെയ്തിട്ടുണ്ട്. ഇപ്പോഴം ജാമ്യത്തിലാണ്.

## (iv) കോങ്ങാട് പോലീസ് സ്റേറഷനിൽവച്ച് വിജയകുമാറിനെ ഉപദ്രവിച്ചു എന്ന പരാതി

ശ്രീ. പി. ബാലൻ: സർ, ഈ മാർച്ച് 3-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കോങ്ങാട് 6-ാം ക്ലാസ്സിൽ പഠിക്കുന്ന തോട്ടത്തിൽ മുത്തുമകൻ വിജയകുമാറിനെ പോലീസ്സ്റേറഷനിൽ വിളിച്ചുവരുത്തി. ഒരു മോഷണക്കേസ് അന്വേഷിക്കാനാണെന്നാണ് പറഞ്ഞത്. സബ് ഇൻസ്പെക്ടർ ചോദ്യം ചെയ്തതിൽനിന്ന് ആ കുട്ടി നിരപരാധിയാണെന്ന് തോന്നി പോകാൻ പറഞ്ഞ് സബ് ഇൻസ്പെക്ടർ സ്റേറഷനിൽനിന്ന് ഇറങ്ങിപ്പോയി. അവിടെയുള്ള കൃഷ്ണദാസ് എന്ന ഒരു കോൺസ്ററബിൾ കുട്ടിയുടെ അച്ഛനെ വരാന്തയിലിരിക്കാൻ പറഞ്ഞ് കുട്ടിയെ അകത്തു കൊണ്ടുപോയി ഇലക്ട്രിക്ഷോക്കടിക്കുന്നതുൾപ്പെടെ ക്രൂരമായ പീഡനത്തിന് ഇരയാക്കി. ആ കാര്യം ഞാൻ മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ കുട്ടി പഠിക്കുന്ന സ്ക്കൂളിലെ വിദ്യാർത്ഥികൾ സമരം നടത്തി. ഈ പോലീസുകാരൻ ഇതിനു മുമ്പും ഇതുപോലുള്ള ക്രൂരകൃത്യങ്ങൾ ചെയ്തയാളാണ്. കോങ്ങാട് പോലീസ് സ്റേറഷന് ഒരു പ്രത്യേകതയുണ്ട്, കോങ്ങാട് പോലീസ് സ്റേറഷൻ പാലക്കാട് ജില്ലയിലെ ആദ്യത്തെ മാതൃകാ പോലീസ് സ്റേറഷനാണ്. ഈ കാര്യത്തിൽ കുററക്കാരായ പോലീസുകാരുടെ പേരിൽ നടപടി എടുക്കണം. ആ കുട്ടി മോഷണം നടത്തിയിട്ടില്ലെന്നു മാത്രമല്ല, മോഷണം നടത്തിയ ആളുടെ ബന്ധു ചൂണ്ടിക്കാണിച്ചിട്ടാണ് വിജയകുമാറിനെ പിടിച്ചുകൊണ്ടുപോയി ഇത്തരത്തിൽ മർദ്ദിച്ചത്. ആ സംഭവത്തിന് കുററക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണവും നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കോങ്ങാട് തോട്ടത്തിൽ വീട്ടിൽ കൃഷ്ണൻ തന്റെ വക ഒരു ചെമ്പ് കുടവും നിലവിളക്കും കാണാതായതായും അതിന് കോങ്ങാട് തോട്ടത്തിൽ വീട്ടിൽ മുത്തുമകൻ 11 വയസ്സുള്ള വിജയകുമാറിനെ സംശയിക്കുന്നതായും പരാതി കോങ്ങാട് പോലീസ് സ്റേറഷനിൽ നൽകുകയുണ്ടായി. ആ പരാതിയുടെ അടിസ്ഥാനത്തിൽ മാർച്ച് മാസം 2-ാം തീയതി വിജയകുമാർ എന്ന കുട്ടിയെ അച്ഛൻ മുത്തുവിനോടൊപ്പം പോലീസ് സ്റേറഷനിൽ വരുത്തി അന്വേഷണം നടത്തി. അന്വേഷണത്തിൽ നിരപരാധിയാണെന്ന് ബോദ്ധ്യം വന്നതിനാൽ വിജയകുമാറിനെ അച്ഛൻ മുത്തുവിനോടൊപ്പം പറഞ്ഞുവിട്ടു. അന്ന് വൈകിട്ട് വിജയകുമാറിനെ വയറുവേദനയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പരാതിപ്പെട്ടതിനെത്തുടർന്ന് പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 6-3-1992-ന് ആശുപത്രിയിൽനിന്നും ചികിൽസ കഴിഞ്ഞ് പോവുകയും ചെയ്തു. ആശുപത്രിയിൽ ചികിൽസക്കായി പ്രവേശിപ്പിച്ച വിജയകുമാർ, തന്നെ പോലീസ് ദേഹോപദ്രവം ഏൽപ്പിച്ചതായി പറഞ്ഞതിനാൽ പാലക്കാട് ടൗൺ സൗത്ത് പോലീസ് വിജയകുമാറിന്റെ മൊഴി രേഖപ്പെടുത്തി, അത് ഹേമാംബികാനഗർ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സർക്കിൾ ഇൻസ്പെക്ടർ ഇതു സംബന്ധിച്ച് പ്രത്യേകമായ അന്വേഷണം നടത്തി. ആ ആരോപണം അടിസ്ഥാനരഹിതമാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും ശരി ആ റിപ്പോർട്ട് മുഴുവൻ അംഗീകരിച്ച് അവസാനിപ്പിക്കുകയല്ല, തുടർന്ന് അന്വേഷണം നടത്തി കുററവാളികളെ കണ്ടെത്തി ശിക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അവിടെ നിന്ന് ബഹളമുണ്ടാക്കിയല്ലോ, ഈ മാതൃകാസ്റേറഷൻ ഇപ്പോഴല്ല, മുമ്പുതന്നെ ഉണ്ടാക്കിയിട്ടുള്ളതാണ്.

## (v) ഡയിംഗ്-ഇൻ-ഹാർനസ് റൂൾ ലഘൂകരണം സംബന്ധിച്ച്

ശ്രീ. കെ. കെ. ശ്രീനിവാസൻ: സർ, ഡയിംഗ്-ഇൻ-ഹാർനസ് റൂൾ പ്രാബല്യത്തിൽകൊണ്ടു വരുന്നതു സംബന്ധിച്ച് ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നു. സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമായിട്ടുതന്നെ പരിഗണിക്കുന്നുണ്ട്. അത് നടപ്പിലാക്കുന്ന കാര്യത്തിൽ കാണിക്കുന്ന കുററകരമായ അനാസ്ഥയും സാങ്കേതികമായ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് വരുത്തുന്ന കാലതാമസവും ഗവൺമെൻറ് വീക്ഷിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. കാലാകാലങ്ങളിൽ ഗവൺമെൻറ് പ്രാബല്യത്തിൽ കൊണ്ടുവരുന്ന ചട്ടങ്ങൾ പലപ്പോഴും ഭേദഗതി ചെയ്യപ്പെടുന്നുണ്ട്. ഈ ഉത്തരവിൽ പലതും പരസ്പരവിരുദ്ധമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾത്തന്നെ എന്റെ കൈവശമുള്ള രേഖയനുസരിച്ച് നൂറിനുമേൽ ഇത്തരത്തിൽ ഒഴിവുള്ള നിരവധി സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആരോഗ്യവകുപ്പിൽ 176-ഉം, ആഭ്യന്തരവകുപ്പിൽ 238-ഉം റവന്യൂ വകുപ്പിൽ 131-ഉം നികുതിവകുപ്പിൽ 100-ഉം പൊതുവിദ്യാഭ്യാസ വകുപ്പിൽ 305-ഉം തദ്ദേശ സ്വയംഭരണ വകുപ്പിൽ 193-ഉം പൊതുമരാമത്തു വകുപ്പിൽ 115-ഉം സ്ഥാനങ്ങൾ ഇന്നും ഒഴിഞ്ഞുകിടക്കുന്നുണ്ട്. മൊത്തത്തിൽ ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഏകദേശം 1700 സ്ഥാനങ്ങൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നാണ്. ഇത് ഞാൻ പ്രത്യേകിച്ചും സൂചിപ്പിക്കാനുള്ള കാരണം ഈ കാര്യത്തിൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകുന്ന അനാസ്ഥ വളരെവേഗം പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നതാണ്. സർവ്വീസിലിരിക്കെ മരിച്ചയാളുകളുടെ കുടുംബത്തിന് സ്വാഭാവികമായിട്ടും ഗവൺമെൻറ് നൽകുന്ന പരീക്ഷയിൽ എന്തുകൊണ്ട് കാലതാമസം വരുത്തുന്നുവെന്നുള്ളത് ദുരൂഹമായ ഒരു കഥയായിട്ട് അവശേഷിക്കുന്നു. സർ, മററൊരുകാര്യം ഞാൻ സൂചിപ്പിക്കട്ടെ ചട്ടങ്ങളുടെ ലഘൂകരണമാണോ പരിഷ്കരണമാണോ ഇതിനു പരിഹാരം കാണാൻ ആവശ്യമായിരിക്കുന്നതെന്ന് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ഈ നിലവിലുള്ള ആളുകൾക്ക് നിയമനം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ കാണിക്കേണ്ട പരിഗണനയും സൂക്ഷ്മതയും ഉണ്ടോയെന്ന് ഗവൺമെൻറ് പരിശോധിക്കേണ്ടതാണ്. ഏതായാലും ശരി, ഈ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് വളരെ ഗൗരവത്തോടുകൂടി പരിഗണിച്ച് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഡയിംഗ്-ഇൻ-ഹാർനസ് സ്കീമനുസരിച്ച് ജോലികിട്ടാൻ പ്രയാസം വരുന്നു. ഈ പദ്ധതി ആദ്യമായി ആരംഭിച്ചത് 1970-ൽ ആണ്. അന്ന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ, ഒരു ജീവനക്കാരൻ മരണപ്പെട്ടാൽ ആ കാരണത്താൽ ആ കുടുംബം നശിക്കരുതെന്നുള്ളതാണ്. അന്ന് കിട്ടിയ ചില അപേക്ഷകളും അന്നത്തെ സാഹചര്യവും പരിഗണിച്ചപ്പോൾ ഇത് ഒരു ദയ അർഹിക്കുന്ന കാര്യമാണെന്ന് ബോദ്ധ്യമായതുകൊണ്ടാണ് അന്ന് ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയത്. അതായത് പത്ത് കൊല്ലമെങ്കിലും സർവ്വീസ് വേണം. അതുപോലെതന്നെ മക്കൾക്ക്, സ്വന്തം സഹോദരൻമാർക്ക്, അവർ വിവാഹം കഴിച്ചിട്ടില്ലാത്തവരാണെങ്കിൽ അവർക്ക് എന്നിങ്ങനെ വളരെ ലിമിറഡായിട്ടാണ് അന്ന് ഇത് വ്യവസ്ഥ ചെയ്തത്. അതുകൊണ്ട് അന്ന് അപേക്ഷിച്ചാൽ ഉടനെ ജോലികിട്ടും. അന്ന് വളരെ ചുരുങ്ങിയ കേസ്സുകൾ മാത്രമേയുണ്ടായിരുന്നുള്ളു. അതിനു ശേഷമാണ് പല മാററങ്ങളും വരുത്തിയത്. അന്ന് 25 വയസ്സായിരുന്നുവെങ്കിൽ പിന്നെ ജോലിക്ക് പ്രവേശിക്കാനുള്ള വയസ്സ് 35 ആയി. പിന്നെ 35-ൽ നിന്ന് 38-ഉം 40-വരെയായി. അതുപോലെ തന്നെ 1950-ന് മുമ്പുള്ള ആളുകൾക്കും അപേക്ഷിക്കാമെന്ന് വ്യവസ്ഥ വന്നു. ആ വ്യവസ്ഥ അങ്ങനെപോയിപ്പോയി ആർക്കും അപേക്ഷിക്കാമെന്നായി. അതായത് കല്യാണം കഴിച്ചാലും വിരോധമില്ല. സഹോദരിമാർക്ക്, മക്കൾക്ക് എന്നു പറഞ്ഞ് വ്യാപിച്ചതോടുകൂടി എത്രയായാലും പരിഹരിക്കാൻ സാധിക്കാത്ത അവസ്ഥാവിശേഷം ഉണ്ടായിരിക്കുകയാണ്. ഈ കാര്യത്തിൽ അന്നൊക്കെ വളരെ താൽപ്പര്യമെടുത്തയാളുകളിൽ ശ്രീ. ബേബി ജോണും ഞങ്ങളുമൊക്കെ ഉണ്ടായിരുന്നു. അന്ന് ഉണ്ടായ ഒരു ധാരണയിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു സ്ഥിതിവിശേഷം ഇന്ന് വന്നിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ഒരാൾ മരിച്ചു കഴിഞ്ഞാൽ നിരാധാരരായ ആ കുടുംബം നശിക്കാതിരിക്കുന്നതിന് അടിയന്തിരമായും ഇത് ചെയ്യേണ്ടതായിരുന്നു. മുമ്പ് മറെറാരു വ്യവസ്ഥയുണ്ടായിരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇവർ കൊള്ളാമോയെന്ന് നോക്കാൻ വേണ്ടി മാത്രം ഒരു പരീക്ഷയുണ്ടായിരുന്നു ഇപ്പോൾ അതും വേണ്ട എസ്. എസ്. എൽ. സി. എങ്ങനെയെങ്കിലും പാസ്സായവരാണെങ്കിൽ എലിജിബിളായി കഴിഞ്ഞു. അതുകൊണ്ട് വരുന്ന ബുദ്ധിമുട്ട്, ഇതിന്റെ വെരിഫിക്കേഷനെല്ലാം കഴിഞ്ഞ് വരുമ്പോൾ വളരെ കാലതാമസമുണ്ടാകുന്നു. ഏതായാലും ഇത് ഇങ്ങനെ താമസിപ്പിച്ചുകൂടെന്നുള്ളതുകൊണ്ട് ചീഫ് സെക്രട്ടറിയോട് ഇതു സംബന്ധിച്ച് പ്രൊപ്പോസൽ തരാൻ പറഞ്ഞു. ഏതായാലും ഒരു കുടുംബത്തിൽ ഒരാൾ മരിച്ചാൽ ആ കുടുംബത്തിൽ ഒരാൾക്ക് ജോലി കൊടുക്കുകയാണ്. അതിൽ സാമുദായിക പ്രാതിനിധ്യത്തിന്റെ കുഴപ്പമൊന്നും വരുന്നില്ല. ഈ മരിച്ചയാളിന്റെ വീട്ടിൽത്തന്നെയുള്ള ഒരാൾക്ക് ജോലികൊടുക്കും. അതുകൊണ്ട് എല്ലാ പ്രാതിനിധ്യവും വരും. അത് എങ്ങനെ ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിച്ച് ഭേദഗതി വരുത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അതിൻമേൽ വേഗത്തിൽ തീരുമാനമെടുക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## (vi) കറവമാടുകൾക്ക് പിടിപെട്ടിരിക്കുന്ന രോഗം

ശ്രീ. കൃഷ്ണൻ കണിയാമ്പറമ്പിൽ: സർ, നമ്മുടെ സംസ്ഥാനത്തുട നീളവും തൃശ്ശൂർ ജില്ലയിൽ പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിലെ കറവ മാടുകൾക്ക് മാരകമായ രോഗം പിടിപെട്ടിരിക്കുകയാണ്. ആയിര ക്കണക്കിന് കറവമാടുകൾക്ക് രോഗം പിടിപെട്ടിട്ടുണ്ട്. കറവമാടുകളുടെ വായ്ക്കകത്ത് ഒരു ചെറിയ പഴുപ്പ് വരികയാണ്. അത് അവസാനം അഴുകി ഒരു മഹാരോഗമായിത്തീർന്ന് കറവമാടുകൾ മരിച്ചുവീഴുന്നു. നമ്മുടെ കൃഷിവകുപ്പുമന്ത്രിയുടെ സ്വന്തം മണ്ഡലത്തിൽ പുതുക്കാട്, മണലൂർ, വലപ്പാട്, വാടാനപ്പള്ളി തുടങ്ങിയ പല പഞ്ചായത്തുകളിലായിട്ട് നൂറുകണക്കിന് കറവമാടുകൾ ഇതിനകം ചത്തുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ട് പാലുൽപ്പാദനം — അത് നമ്മുടെ മുഖ്യമന്ത്രിയുടെ കരിനാക്കാണോയെന്ന് എനിക്ക് അറിയുകയില്ല; എല്ലാവരോടും പാൽ കുടിക്കാൻ അദ്ദേഹം പറഞ്ഞു—ഇപ്പോൾ പാലിന്റെ ഉൽപ്പാദനം 80 ശതമാനം കുറഞ്ഞുപോയി. അവശേഷിക്കുന്ന പാലുപോലും ആരും വാങ്ങുന്നില്ല. ചായക്കടക്കാർ വാങ്ങുന്നില്ല. മിൽമക്കാർ വാങ്ങുന്നില്ല.

സർ, മൃഗസംരക്ഷണവകുപ്പ് ഇന്ന് നിഷ്ക്രിയമായിരിക്കുകയാണ്. ഈ കൃഷിക്കാർ വളരെ പാവങ്ങളാണ്. ഇത് മിണ്ടാപ്രാണികളുടെ കാര്യമാണ്. അവയ്ക്ക് ഒരു പ്രതിഷേധവുമായിട്ട് അങ്ങയുടെ അടുത്ത് വരാൻ പററുമോ? ഈ മന്ത്രിയുടെ അടുത്തേയ്ക്ക് വരാൻ പററുമോ? അതുകൊണ്ടാണല്ലോ അങ്ങയുടെ അടുത്ത് ഞങ്ങൾ വന്നത്. അങ്ങ് ഒരു ദയവ് കാണിക്കണം. ഇതിന് മരുന്നില്ല, നിഷ്ക്രിയമാണ്. അതുമാത്രമല്ല ഈ പാവപ്പെട്ട കൃഷിക്കാർ നാഷണലൈസ്ഡ് ബാങ്കിൽനിന്നും സഹകരണ സംഘങ്ങളിൽനിന്നും മററു പല ബാങ്കുകളിൽനിന്നും വായ്പ വാങ്ങിയിട്ടാണ് ഈ പശുക്കളെയൊക്കെ വാങ്ങിക്കുന്നത്. അവയെല്ലാം ചത്തുപോയിക്കഴിഞ്ഞിരിക്കുന്നു. രോഗം പിടിപെട്ടാൽ പിന്നെ രക്ഷയില്ല. അതുകൊണ്ട് ഈ പാവപ്പെട്ട കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകണം. ഇതിനാവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കണം. അതുമാത്രമല്ല താറാവിനും രോഗമാണ് സാർ. കുട്ടനാടൻ പ്രദേശങ്ങളിൽ ഏകദേശം പതിനെണ്ണായിരത്തോളം താറാവുകൾ ചത്തുപോകാൻ തുടങ്ങിയിരിക്കുന്നു. താറാവിനുള്ള ഈ രോഗം പ്രതിരോധിക്കാനുള്ള മരുന്ന് പ്ലാമൂട് കേന്ദ്രത്തിലുണ്ട്. അവിടെ ആ മരുന്ന് കരിഞ്ചന്തയ്ക്ക് വിൽക്കുന്നുവെന്ന ആരോപണം പത്രത്തിലൂടെ വന്നിരിക്കുന്നു. കൃഷി വകുപ്പ് എന്തു ചെയ്തു? അന്വേഷിച്ചോ; എന്തെങ്കിലും നടപടി എടുത്തോയെന്ന് എനിക്ക് അറിയില്ല. ഈ കാര്യത്തിൽ അടിയന്തിരമായി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും നടപടി വേണം, കൃഷിവകുപ്പിനെ സജീവമാക്കണം, മൃഗസംരക്ഷണവകുപ്പ് സജീവമാക്കണം, പ്രതിരോധ കുത്തിവയ്പുകൾ നടത്തണം, കൃഷിക്കാർക്ക് സാമ്പത്തികസഹായം കൊടുക്കണം, അതിനുള്ള നടപടി മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, തൃശ്ശൂർ ജില്ലയിലെ തീരപ്രദേശം ഉൾപ്പെടെയുള്ള 44 പഞ്ചായത്തുകളിലായിട്ടാണ് കഴിഞ്ഞ ഒന്ന്, ഒന്നര മാസക്കാലമായിട്ട് ഈ കാലിരോഗം വന്നിരിക്കുന്നത്. ഇത് കുളമ്പു ദീനമെന്നും ഫൂട്ട് ആൻഡ് മൗത്ത് ഡിസീസ് എന്നും കാലി വസന്ത എന്നും അറിയപ്പെടുന്ന തരത്തിലുള്ള രോഗമാണ്. അത് ഒരു

പ്രത്യേകതരം വൈറസ് അണുക്കൾകൊണ്ട് വായിലും കുളമ്പിലും പുണ്ണ് വരുന്ന രോഗമാണ്. കന്നുകാലികൾക്ക് പനി വന്ന് ആഹാരം കഴിക്കാൻ പററാതെ വരികയും അതിന്റെ ഫലമായിട്ട് പാൽ ഉൽപ്പാദനത്തിൽ കുറവു വരികയും ചെയ്യുന്നുണ്ട്. രോഗം ബാധിച്ച മൃഗങ്ങളെ ചികിത്സിക്കുന്നതിന് ഡിസ്ട്രിക്ടിലെ അനിമൽ ഹസ്ബൻഡറി ആഫീസറുടെ നേതൃത്വത്തിൽ കുറെയൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ നാഷണൽ ഡയറി ഡവലപ്മെൻറ് ബോർഡിന്റെ ഉദ്യോഗസ്ഥൻമാർ വന്ന് എറണാകുളം മുതൽ തൃശ്ശൂർ വരെ വാക്സിനേഷന് നടപടികൾ നടത്തിയിട്ടുണ്ട്. ഇതിനകംതന്നെ 16400 കുത്തിവയ്പുകൾ നടത്തിയിട്ടുണ്ട്. പ്രധാനമായിട്ട് രോഗം പകരാതിരിക്കുകയെന്നുള്ളതാണ് ഇതിൽ ചെയ്യാവുന്നത്. നാട്ടിക, വാടാനപ്പള്ളി, അയ്യന്തോൾ, ചാവക്കാട് തുടങ്ങിയ പ്രദേശങ്ങളിലും തൃശ്ശൂർ ജില്ലയിലെ പൊതുവായ പല പ്രദേശങ്ങളിലും, പഞ്ചായത്തുകളിലും ആയിട്ടാണ് ഇത് കണ്ടുവരുന്നത്. ഇത് കരിനാക്കൊന്നും അല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അറംപറ്റാതിരുന്നാൽ മതി. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടേയുംകൂടി നിർദ്ദേശപ്രകാരം കൂടുതൽ ഇക്കാര്യത്തിൽ ശ്രദ്ധിച്ച് കുത്തിവയ്പ് നടത്തി ഈ രോഗം വരാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: താറാവിന്റെ കാര്യത്തിൽ നഷ്ട പരിഹാരം കൊടുത്തോ?

മി. സ്പീക്കർ: അത് അന്വേഷിക്കാമെന്ന് പറഞ്ഞു.

## (vii) കൃഷിഫാം തൊഴിലാളികളുടെ സമരം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഇന്ന് ഈ സെക്രട്ടറിയേററിനു മുൻപിൽ കൃഷിഫാം വർക്കേഴ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സമരം നടക്കുന്നുണ്ട്. കൃഷിഫാം തൊഴിലാളികളോട് നമ്മുടെ ഗവൺമെൻറ് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം എന്നതാണ് അവർ ഉന്നയിക്കുന്ന ആവശ്യം. ആവശ്യങ്ങളിലെ എല്ലാ കാര്യങ്ങളും ഞാൻ ഉന്നയിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കാരം നടത്തിയ സന്ദർഭത്തിൽ ഫാം തൊഴിലാളികളുടേയും ശമ്പളവും സേവന വ്യവസ്ഥകളും പരിഷ്കരിച്ച് നടപ്പിലാക്കുമെന്ന് ഗവൺമെൻറ് അംഗീകരിച്ചു. ജി. ഒ. എം. എസ്. നമ്പർ 298/90 ആയി ഉത്തരവ് പുറപ്പെടുവിച്ചു. ഫാം തൊഴിലാളികളുടെ സംയുക്ത സംഘടനാ ഭാരവാഹികളും ഗവൺമെൻറിന്റെ പ്രതിനിധികളുമായി കൂട്ടായി ഇരുന്ന് ചർച്ച ചെയ്ത് ഈ വിഷയങ്ങൾ മുഴുവൻ അംഗീകരിച്ചു. അത് നടപ്പിലാക്കുന്നില്ല. ദീർഘകാലമായി മാസശമ്പളവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെയൊക്കെ എസ്ററാബ്ലിഷ്മെൻറ് സർവ്വീസിൽ ഉൾപ്പെടുത്തി സർക്കാർ ജീവനക്കാരായി അംഗീകരിക്കാം എന്നുള്ളത് ഗവൺമെൻറ് അംഗീകരിച്ചതാണ്. പെൻഷൻ നൽകും, എല്ലാ ഫാമുകളിലേയും തൊഴിലാളികൾക്ക് യൂണിഫോമും വാഷിംഗ് അലവൻസും നൽകും— ഇതും ഗവൺമെൻറ് അംഗീകരിച്ച വ്യവസ്ഥയാണ്. അതുപോലെ അവരുടെ പെൻഷൻ പ്രായം 60 വയസ്സായി മാററും. ഇരുപത്തഞ്ചിൽ കൂടുതൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഫാമുകളിൽ ക്രഷുകൾ ഏർപ്പെടുത്തും, ഇത്തരം കാര്യങ്ങളെല്ലാംതന്നെ അംഗീകരിച്ചതാണ്. തൊഴിലാളികളുടെ പ്രശ്നങ്ങളും മററ് പരാതികളും

പരിഗണിച്ച് യഥാസമയം പരിഹാരം കാണാൻ യൂണിയൻ പ്രതിനിധികളും ഡിപ്പാർട്ടുമെൻറ് അധികാരികളും ഉൾക്കൊള്ളുന്ന സ്റേററ് ലവൽ കമ്മിററി രൂപീകരിക്കും. ഇത്രയും കാര്യങ്ങൾ അംഗീകരിച്ചു. എന്നാൽ നാളിതുവരെ ഈ കാര്യങ്ങൾ ഗവൺമെൻറ് നടപ്പിലാക്കുന്നില്ല. ഇനി ഇതിനൊരു കൂടിയാലോചനയും ആവശ്യമില്ല. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം അംഗീകരിച്ച് നടപ്പിലാക്കണമെന്നാണ് ഈ സമരത്തിൽ ഈ തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യം. അതുകൊണ്ട് ഫാം തൊഴിലാളികളുടെ ഈ പ്രശ്നത്തിൽ അടിയന്തിരമായി പരിഹാരം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, ഇതിൻെറ കമ്മററിയുടെ ശുപാർശയനുസരിച്ച് മുമ്പത്തെ ഗവൺമെൻറിൻെറ കാലത്ത് കാബിനററിൽവന്ന് ചർച്ച ചെയ്ത് ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് മുമ്പത്തെ ഗവൺമെൻറ് പുറപ്പെടുവിച്ച ഓർഡറാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉദ്ധരിച്ചത്. 1990 നവംബർ മാസം 20-ാം തീയതിയാണ് അദ്ദേഹം പറഞ്ഞ നമ്പർ പ്രകാരമുള്ള ഓർഡർ പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പ്രസ് ചെയ്യുന്ന ആവശ്യങ്ങളായ കാഷ്വൽ തൊഴിലാളികളെ സ്ഥിരം വർക്കർമാർ ആക്കുക, പെൻഷൻ പ്രായം 55-ൽ നിന്നും 60 ആക്കുക, ഫാം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് എസ്ററാബ്ലിഷ്മെൻറ് സർവീസിൽ ഉൾപ്പെടുത്തുക തുടങ്ങിയുള്ള കാര്യങ്ങൾ വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉൾക്കൊള്ളുന്ന സംഗതികൾ ആയതുകൊണ്ട് കഴിഞ്ഞ ഗവൺമെൻറുതന്നെ ഈ റിപ്പോർട്ട് കാബിനററിൽ വന്നപ്പോൾ ചെയ്യാവുന്ന കാര്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കിയതാണ്. അതുകൊണ്ട് കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് തന്നെയുള്ള കാബിനററ്, അത് ഇപ്പോൾ ഈ ഉത്തരവിൽ പറയുന്ന കാര്യങ്ങൾ മതിയെന്നും സുപ്രധാനമായ ഈ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക ബാദ്ധ്യതമൂലം സാദ്ധ്യമല്ലായെന്നും തീരുമാനിച്ച് റിജക്ട് ചെയ്ത സംഗതികളാണ് ബഹുമാനപ്പെട്ട എൻെറ സ്നേഹിതൻ ഇസ്മായിൽ ഫാം തൊഴിലാളികൾക്കുവേണ്ടി ഇവിടെ ഉന്നയിച്ചിരിക്കുന്നവ. അതുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ഈ സംഗതികൾ എന്താണെന്ന് ഒരിക്കൽക്കൂടി പരിശോധിച്ച് സങ്കീർണ്ണസ്വഭാവമില്ലാത്തതും ഇപ്പോൾ ചെയ്യാൻ സാധിക്കാവുന്നതുമായ കാര്യങ്ങളെക്കുറിച്ച് അവരുമായിട്ട് ചർച്ച ചെയ്ത്, യൂണിയനുകളുമായിട്ട് ചർച്ച ചെയ്തതിനുശേഷം നടപടികൾ കൈക്കൊള്ളാം എന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു.

## (viii) വാഴൂർ ഗവൺമെൻറ് പ്രസ്സ്

ശ്രീ. പി. എം. മാത്യു: സർ, ശ്രീരാമൻെറ വനവാസകാലാവധിയേയും മൂന്ന് പഞ്ചവൽസര പദ്ധതികളുടെ കാലാവധിയേയും പിന്നിലാക്കുന്ന രീതിയിൽ ഇന്നും പണി തീരാതെ കിടക്കുന്ന കോട്ടയം ജില്ലയിലെ വാഴൂർ ഗവൺമെൻറ് പ്രസ്സിൻെറ ചിത്രം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1978-ൽ ട്രാൻസ്പോർട്ടിൻേറയും പ്രിൻറിംഗിൻേറയും ചാർജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട ഇന്നത്തെ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കെ. നാരായണക്കുറുപ്പ് രൂപകല്പന ചെയ്ത് അദ്ദേഹംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ത്റക്കല്ലിടുകയും ചെയ്തു. അതിനുശേഷം ആ ഗവൺമെൻറ് പോയി. പ്രസ്സിന്റെ പണി തുടങ്ങിയില്ല. വീണ്ടും 1983-ൽ ശ്രീമതി എം. കമലം ചാർജ്ജ് വഹിച്ച കാലത്ത് അതിന്റെ എ. എസ്സും. ടി. എസ്സും എല്ലാം കൊടുത്ത് സർവ്വ ക്രമീകരണങ്ങളുമായി 1987-ലെ ഗവൺമെൻറ് വന്ന് മൂന്നു മാസങ്ങൾക്കുള്ളിൽ അതിന്റെ പണി ആരംഭിച്ചു. ഭൂമിയ്ക്കും അതിലെ കെട്ടിടത്തിനുമായി 40 ലക്ഷത്തോളം രൂപ ഇപ്പോൾ ചെലവായി കഴിഞ്ഞു. കേരളത്തിൽ അച്ചടി ആദ്യമായി ആരംഭിച്ചത് കോട്ടയം ജില്ലയിലാണ്. ആ അച്ചടി ആരംഭിച്ചതിന്റെ 400-ാം വാർഷിക സ്മാരകം ആയിട്ടാണ് അന്ന് കോട്ടയം ജില്ലയിൽ ബഹുമാന്യനായ ഇന്നത്തെ ധനകാര്യ മന്ത്രിയുടെ നിയോജകമണ്ഡലത്തിന് തൊട്ടുകിടക്കുന്ന വാഴൂരിൽ ഈ പ്രസ്സ് അനുവദിച്ചത്. ഇന്ന് 40 ലക്ഷം രൂപ അവിടെ ചെലവായി കഴിഞ്ഞു. ഇപ്പോൾ 10 ലക്ഷം രൂപ അഡീഷണൽ ആയി ഒരു ബിൽഡിംഗിന് വേണ്ടി അനുവദിച്ചിട്ടുണ്ട്. 40 ലക്ഷം രൂപയോളം ചെലവഴിച്ച് മെയിൻ ബിൽഡിംഗ് തീർന്നപ്പോൾ നിർഭാഗ്യവശാൽ കോട്ടയം കുമളി റൂട്ടിൽ, മനോഹരമായ തേക്കടിയിലേക്ക് പോകുന്ന റൂട്ടിൽ റോഡിന് അഭിമുഖമായി തീർക്കേണ്ട ആ കെട്ടിടം തീർത്തു വച്ചിരിക്കുന്നത് റോഡിലേക്ക് പുറംതിരിഞ്ഞു നിൽക്കുന്ന രീതിയിലാണ്. പുതിയ 10 ലക്ഷം രൂപയുടെ കെട്ടിടം എങ്കിലും തീർക്കുമ്പോൾ അത് റോഡിന് അഭിമുഖമായി തീർക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇന്ന് ഈ കെട്ടിടത്തിന് 10 ലക്ഷം കൊണ്ട് പണി തീർന്നാൽ 100 ലക്ഷം രൂപ മെഷിനറിക്ക് വേണം. അത് മെഷിനറിക്കു വേണ്ടി വകയിരുത്തിയിട്ടില്ല. മെഷിനറി ഇല്ലാതെ 40 ലക്ഷം രൂപ മുടക്കി നമ്മൾ ഇങ്ങനെ ഒരു പ്രസ്സിനുവേണ്ടി സന്നാഹം ആരംഭിച്ചിട്ട് മൂന്ന് പഞ്ചവൽസര പദ്ധതികൾ കഴിയാൻ പോകുമ്പോഴും അത് തീരുന്നില്ല എന്നു പറയുന്നത് കഷ്ടമാണ്. അതുകൊണ്ട് അടിയന്തിരമായി മെഷിനറിക്ക് ഓർഡർ ചെയ്ത് തുക മുടക്കി ഈ ഗവൺമെൻറ് പ്രസ്സ് സംസ്ഥാനത്ത് ആദ്യമായി അച്ചടി ആരംഭിച്ചതിന്റെ 400-ാം വാർഷിക സ്മാരകമായി കോട്ടയം ജില്ലയിലെ വാഴൂരിൽ പണി പൂർത്തിയാക്കണം. മഹാനായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ മരിച്ചുപോയി. അദ്ദേഹത്തിന്റെ ഓമനപുത്രൻ എം. എൽ. എ. ആയി വന്ന ഈ കാലഘട്ടത്തിലെങ്കിലും ബഹുമാനപ്പെട്ട ഡപ്യൂട്ടി സ്പീക്കറടക്കം ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുമ്പോൾ ഈ പ്രസ്സിന്റെ പണി തീർന്ന് കോട്ടയം ജില്ലയോട്, പ്രിൻറിംഗ് രംഗത്ത് കോടിക്കണക്കിന് രൂപ മുടക്കാതിരിക്കാൻ, നമ്മളോട് പൊതുവിൽ നീതി പുലർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

എക്സൈസ് വകുപ്പു മന്ത്രി (ശ്രീ. എം. ആർ. രഘുചന്ദ്രബാൽ): സർ, കോട്ടയം ജില്ലയിലെ വാഴൂരിൽ ഒരു ഗവൺമെൻറ് പ്രസ് സ്ഥാപിക്കുന്നതിന് 4-6-1979-ലാണ് ഗവൺമെൻറ് അനുവാദം നൽകിയിട്ടുള്ളത്. അതിലേയ്ക്കായി വാഴൂർ വില്ലേജിൽ 4·86 ഏക്കർ സ്ഥലം 34·20 ലക്ഷം രൂപയ്ക്ക് പൊന്നും വിലയ്ക്കെടുത്തു. പൊന്നും വിലയ്ക്ക് എടുത്തതിൽ വസ്തു ഉടമ വസ്തുവിനു വില കൂടുതൽ കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം ജില്ലാ കോടതിയിൽ കേസ് കൊടുത്തു. അതിൻപ്രകാരം പതിനഞ്ചുലക്ഷത്തി പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപതു രൂപ അധികമായി കൊടുക്കുന്നതിനുവേണ്ടി വന്നിട്ടുണ്ട്. പ്രസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം 7-9-1991-ൽ നടന്നു. കെട്ടിടം പണിക്കു തയ്യാറാക്കിയ 29·70 ലക്ഷം രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

എസ്ററിമേററിന് 3–9–1983–ൽ ഭരണാനുമതി നൽകി. 15–11–1987–ൽ കെട്ടിടം പണി ആരംഭിച്ചു. പ്രസ്തുത പ്രസ് കെട്ടിടത്തിന്റെ പണി മിക്കവാറും പൂർത്തിയായി. ഇലക്ട്രിഫിക്കേഷനും മററു ചില്ലറ പണികളുമാണ് ഇനി അവശേഷിക്കുന്നത്. ഇതിനായി 10·60 ലക്ഷം രൂപ വേണ്ടിവരും. ഈ കാര്യത്തിന് അടുത്ത വർഷം 6 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. പ്രസ്സിനാവശ്യമായ മെഷീനറിക്കായി ഒരു കോടി രൂപ വേണ്ടിവരും. ഈ തുക പദ്ധതി ചെലവുകളിൽ ഉൾപ്പെടുത്തിയെങ്കിലും പ്ലാനിംഗ് ബോർഡിന്റെ ക്ലീയറൻസ് ലഭിക്കുകയുണ്ടായില്ല. ആ കാരണത്താൽ അടുത്ത വർഷത്തെ ബഡ്ജററിൽ തുക വകകൊള്ളിക്കാൻ കഴിഞ്ഞില്ല. ഈ പരാധീനതകൾ മൂലമാണ് വാഴൂർ പ്രസ്സിന്റെ പണി തുടങ്ങാൻ കഴിയാതെ വന്നത്. സർ, ഈ പ്രതിബന്ധങ്ങൾ നീക്കി പ്രസ്സ് ആരംഭിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഗവൺമെൻറ് നടത്തുന്നതാണ്.

## (ix) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. എ. കണാരൻ: സർ, കേരളത്തിലെ ഇരുപതു ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾ അവരുടെ നിരന്തരമായ പ്രക്ഷോഭണത്തിന്റേയും സമരത്തിന്റേയും ഫലമായി നേടിയെടുത്ത അവകാശങ്ങൾക്കെല്ലാം മാററം സംഭവിച്ചിരിക്കുന്നു. അതുകൊണ്ട് അതു നേടിയെടുക്കാൻ വേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി വളരെയധികം വിഷമതകൾ അനുഭവിച്ച് ഒരു പ്രക്ഷോഭണമെല്ലാം നടത്തിയിട്ടു കിട്ടാത്തതുകൊണ്ട്. ഈ ഗവൺമെൻറ് വന്നതിനുശേഷം ആ മാററം സംഭവിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഇന്ന് ഈ സംസ്ഥാനത്തിന്റെ മുഴുവൻ ജില്ലാ കളക്ടേറററിനു മുൻപിലും സെക്രട്ടറിയേററിനു മുൻപിലും ആയിരക്കണക്കിനു തൊഴിലാളികൾ പിക്കററിംഗ് സമരം നടത്തുകയാണ്. ഈ പാവപ്പെട്ട തൊഴിലാളികൾ മാർച്ച് ചെയ്ത് സെക്രട്ടറിയേററു പടിക്കലേക്കു വന്നുകൊണ്ടിരിക്കുകയാണ്. ഒന്നാമത്തേത് കർഷകത്തൊഴിലാളി പെൻഷനാണ്. 60 രൂപ 100 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ കാലത്ത് ഈ ഗവൺമെൻറ് പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഞങ്ങൾ ചോദിച്ചപ്പോൾ ധനകാര്യമന്ത്രി പറഞ്ഞത് 5 കൊല്ലത്തേക്കാണ് പറഞ്ഞതെന്നാണ്. ഇക്കൊല്ലത്തേക്ക് 10 രൂപ വർദ്ധിപ്പിച്ചു. ആ വർദ്ധിപ്പിച്ച 10 രൂപയില്ല. പഴയ 60 രൂപപോലും ഇപ്പോൾ നിലവിൽ ഇല്ല. 9 മാസക്കാലമായി പെൻഷൻ കിട്ടാത്ത അവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. എത്രയോ പേർ മരിച്ചുപോയി. 60 വയസ്സിനു മേലുള്ളവർക്കാണല്ലോ പെൻഷൻ കൊടുക്കാൻ വേണ്ടി നടപടിയെടുക്കുന്നത്. അനവധിപേർ മരണപ്പെട്ടു പോയിട്ടുണ്ട്. എന്തെങ്കിലും പണിയെടുത്ത ആളുകൾ തളർന്ന് അവശരാകുമ്പോൾ അവർക്ക് ആശ്വാസമായി ഈ കാശുകൊണ്ട് കഞ്ഞി കുടിക്കാനോ ചായ കുടിക്കാനോ ഇല്ലാത്ത അവസ്ഥയിൽ ഇവർ വല്ലാത്ത വിഷമം അനുഭവിക്കുകയാണ്.

അതുപോലെ വേറൊരു പ്രശ്നം. മിനിമം കൂലി എന്നു പറയുന്നത് കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ഈ കൂലി പുതുക്കി പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതിന്റെ എല്ലാ നടപടിയും കഴിഞ്ഞു. കൂലി പുതുക്കി നിശ്ചയിക്കൽ കമ്മിററി ഏകകണ്ഠമായി റിപ്പോർട്ടു കൊടുത്തു കഴിഞ്ഞു. മിനിമം വേജസ്

LIBRARY ARCHIVES Kerala Legislative Assembly

അഡൈ്വസറി കമ്മിററി റിപ്പോർട്ട് ഏകകണ്ഠമായി കൊടുത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അതൊന്നു പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നെങ്കിൽ ഈ വിലക്കയററത്തെ നേരിടാനെങ്കിലും ചെറിയൊരു ആശ്വാസം ഈ തൊഴിലാളികൾക്കു കിട്ടുമായിരുന്നു. ക്ഷേമനിധിയെക്കുറിച്ച് കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. എല്ലാ സ്ഥലത്തും ക്ഷേമനിധി ഓഫീസ് തുറക്കുന്നതുകൊണ്ട് ഗവൺമെൻറിനു നഷ്ടമില്ലാത്തതാണ്. ഈ രാജ്യത്തെ ലക്ഷക്കണക്കായ തൊഴിലാളികൾ അവരുടെ വിഹിതം അടച്ചുകഴിഞ്ഞാൽ ആ വിഹിതം കൊണ്ട് ഗവൺമെൻറിന്റെ നിത്യനിദാന ചെലവുകൾ വേണമെങ്കിൽ നടത്താം. 20 ലക്ഷം തൊഴിലാളികൾ രണ്ടു രൂപ വീതം അടച്ചു കഴിഞ്ഞാൽ മാസം 40 ലക്ഷം രൂപ വരുന്നു. 12 മാസം കൊണ്ട് 4 കോടി 80 ലക്ഷം രൂപ വരും. രണ്ടേകാൽ ഏക്കർ ഭൂമിയുള്ള ഉടമകളിൽ നിന്നും 10 രൂപ വീതം വാങ്ങിച്ചു കഴിഞ്ഞാൽ ഒരു മാസം കൊണ്ട് രണ്ടുമൂന്നു കോടി രൂപ വരും. ഒരു കൊല്ലംകൊണ്ട് ഏഴ്, എട്ടുകോടി രൂപയാണ് ഖജനാവിൽ വരുന്നത്. കർഷകത്തൊഴിലാളി പെൻഷൻ വാർദ്ധക്യത്തിലെത്തിയവർക്ക് കൊടുത്താൽ മതി. പ്രസവകാലാനുകൂല്യം, ചികിൽസ കാലാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, വീട് മേയാനുള്ള സൗജന്യം—ഈ സൗജന്യങ്ങളെല്ലാം കുറെക്കാലം കൊടുത്തുകഴിഞ്ഞാൽ മതി. ഗവൺമെൻറിനുതന്നെ ഒരു വരുമാനമുണ്ടാകുകയും അതുവഴി ഈ രാജ്യത്തെ ഗവൺമെൻറിന്റെ വികസനപ്രവർത്തനങ്ങൾ നടത്താനും കഴിയും. ഇതിന് അടിയന്തിര നടപടികൾ എടുക്കണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ): സർ, ഇവിടെ ഈ ഉന്നയിച്ച പ്രശ്നത്തെക്കുറിച്ച് കുറച്ചുദിവസങ്ങൾക്കു മുൻപ് വിശദമായി കാര്യങ്ങൾ സഭയെ അറിയിച്ചതാണ്. കഴിഞ്ഞ ഡിസംബർ വരെയുള്ള 6 മാസക്കാലത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ബാക്കിയുണ്ട്. ഈ മാർച്ച് 31-നുള്ളിൽ 3 മാസത്തെ ഒരു ഗഡു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാം എന്നു സഭയെ അറിയിക്കുകയും ചെയ്തിരുന്നു. അതു വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. രണ്ടു ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്തു തീരും.

പിന്നെ ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ മാന്ദ്യം അനുഭവപ്പെടുന്നു എന്നു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. അങ്ങനെ മാന്ദ്യം അനുഭവപ്പെടേണ്ട യാതൊരു പ്രശ്നങ്ങളും ഉണ്ടായിട്ടില്ല. ചെയർമാൻമാരില്ലാത്തതുകൊണ്ട് ക്ഷേമനിധിയുടെ പ്രവർത്തനത്തിൽ മാന്ദ്യം സംഭവിച്ചോ എന്ന് മെമ്പർക്ക് തോന്നിയതാണ്. പക്ഷെ മിക്കവാറും രണ്ട് ബോർഡുകൾ ഒഴിച്ച് എല്ലാ ക്ഷേമനിധി ബോർഡുകൾക്കും ചെയർമാൻമാരെ നിശ്ചയിക്കുകയും പഴയ ക്ഷേമനിധി ബോർഡുകൾ തന്നെ തുടരുകയും ചെയ്യുന്നു. എല്ലാ ക്ഷേമനിധിബോർഡുകളും യഥാസമയം കൂടി കാര്യങ്ങൾ ചർച്ച ചെയ്ത് പരിപാടികളുമായി മുന്നോട്ടു പോകാനാവശ്യമായ നിർദ്ദേശം ക്ഷേമനിധിബോർഡുകൾക്ക് നൽകിയിട്ടുണ്ട്.

മിനിമം കൂലി നാളെ പ്രഖ്യാപിക്കും.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, നമ്മൾ കൊടുക്കുന്ന ലിസ്ററ് ഇവിടെ ഫോളോ ചെയ്തു കാണുന്നില്ല. അതൊന്നു പരിശോധിച്ചാൽ മതി.

മി. സ്പീക്കർ: അദ്ദേഹം ആവശ്യപ്പെട്ടത് അനുസരിച്ചാണ് അനുവദിച്ചത്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആരായാലും ശരി ഒരു ലിസ്ററു കൊടുത്തു കഴിഞ്ഞാൽ ആ ലിസ്ററ് ഫോളോ ചെയ്യണം. അത് ഇല്ലാത്ത കളി കളിച്ചാൽ പററുകയില്ല.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പാർട്ടിയുടെ അനുവാദത്തോടു കൂടിയാണ് ചെയ്തത്. നാളെമുതൽ അങ്ങനെ വേണ്ടെന്നു വയ്ക്കാം.

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ: ഞാൻ ചെയർമാനെപ്പററിയാണ് പറയുന്നത്. പാർട്ടി പറഞ്ഞാൽ കേൾക്കേണ്ടതാണ്. ശരിയാണ്. പക്ഷേ ലിസ്ററു പ്രകാരം തന്നെ ഫോളോ ചെയ്യേണ്ടതില്ലേ. ആ രീതിയിൽ വേണ്ടി വരും. അല്ലെങ്കിൽ വളരെയധികം തകരാറുണ്ടാകും.

മി. സ്പീക്കർ: മേലിൽ അത് കൃത്യമായി ചെയ്യാം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അങ്ങനെയല്ല. ആ ആസ്പെക്ട് തീരുമാനിക്കാനുള്ള അധികാരം സ്പീക്കർക്കാണ്. സ്പീക്കർ തീരുമാനിച്ചു കഴിഞ്ഞാൽ സ്പീക്കറുടെ പ്രയോറിററിയിൽ എപ്പോൾ വേണമെങ്കിലും മാററം വരുത്താം. ഹാർഡ് ആൻറ് ഫാസ്ററ് റൂൾ ഇല്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മിനിസ്ററർ, ഒരു പ്ലാനിട്ടാൽ ആ പ്ലാൻ അനുസരിക്കേണ്ട ബാദ്ധ്യതയില്ലേ? നിങ്ങൾ വലിയ ട്രാൻസ്പോർട്ട് നോക്കുന്ന ആളാണെന്ന് എനിക്കറിയാം. ആ കാര്യം ഇവിടെ പറയണ്ട.

മി. സ്പീക്കർ: ഇനി അങ്ങനെ എന്തെങ്കിലും വ്യത്യാസം വരുത്തിയാൽ ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചിരിക്കും.

## (x) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഞാൻ ഇത് ഇഷ്ടപ്പെടാത്തതാണ്. എന്നെ വെറുതെ വിളിക്കണ്ട. വിളിക്കുമ്പോൾ കൃത്യമായി വിളിക്കണം. ആർക്കുവേണ്ടിയായാലും ശരി പക്ഷപാതപരമായി ചെയ്യരുത്.

സർ, ഞാൻ ഇവിടെ ഫിഷറീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. അഴിമതി നടത്താൻ വേണ്ടി നിലവിലുള്ള നിയമസംവിധാനങ്ങൾ മറികടക്കുക എന്നതിന് എന്തെല്ലാം നീചകൃത്യങ്ങൾ ചെയ്യണമോ അതെല്ലാം ഈ ഗവൺമെൻറ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങൾ ഒരുവിധം മര്യാദയ്ക്കു നടന്നുപോന്നതാണ്. അത് നിയമപ്രകാരം സൊസൈററി ആക്ററുണ്ടാക്കി ആ ആക്ടിന് അനുസരിച്ച് പ്രവർത്തിച്ച് വരുന്നതുമായിരുന്നു. പക്ഷേ ഇപ്പോൾ ഈ ഗവൺമെൻറ് ഈ സൊസൈറ്റികളെ മറികടന്ന് തന്നിഷ്ടമനുസരിച്ച് പുറമെയുള്ള ചില നാട്ടുപ്രമാണിമാർക്ക് അതിന്റെ പ്രവർത്തനത്തിന്റെ മേഖല തിരിച്ചു വിടാൻ പോകുകയാണ്. എല്ലാററിന്റേയും മേഖല പ്രൈവററുകാർക്ക് തിരിച്ചുവിട്ട് മററുള്ള ജനങ്ങളുടെ പ്രസ്ഥാനങ്ങളെ നശിപ്പിച്ചുകൊണ്ടു പോകുന്ന നീചമായ ഒരു പ്രവണത ഈ ഗവൺമെൻറ് സ്വീകരിക്കുന്നു. അതിന്റെ ഒരു ഭാഗമാണ് ഇപ്പോൾ മലപ്പുറം ജില്ലയിലെ 8 സൊസൈററി കളിൽ കാണുന്നത്. സൊസൈററികളിൽ തെരഞ്ഞെടുപ്പുകാലം വന്നു

തെരഞ്ഞെടുപ്പ് നോട്ടിഫൈ ചെയ്തു. അതിനു റിട്ടേണിംഗ് ഓഫീസർമാരെ വച്ചു. ആ ഓഫീസർമാരെ മറികടന്നുകൊണ്ട് ഇപ്പോൾ പ്രവർത്തിക്കാൻ തക്കം നോക്കുകയാണ്. എന്തിനാണ് ഈ കുതന്ത്രം. നോട്ടിഫൈ ചെയ്തിട്ടുള്ള റിട്ടേണിംഗ് ഓഫീസർമാരെ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം അതിനെ തകർത്ത് പ്രൈവററുകാർക്കു കൊടുക്കാൻ വേണ്ടിയുള്ള ഒരു സംരംഭം ഈ ഗവൺമെൻറ് ആലോചിച്ചു. അതിന് ഗവൺമെൻറ് ഉത്തരവ് നൽകുന്നു. ഇത് എന്തു നീതിയാണ്; എന്തു നിയമമാണ്; എന്തു ന്യായമാണ്? ഫിഷറീസ് മിനിസ്ററോട് വളരെ മര്യാദയോടു കൂടി, വളരെ സ്നേഹത്തോടുകൂടി ഞാൻ പറയുകയാണ്. ഈ ക്യററകൃത്യങ്ങൾ ചെയ്തിട്ടുള്ളത് അറിഞ്ഞിട്ടുപോലും അവരോട് വിരോധം തോന്നാത്ത ആളാണ് ഞാൻ. എന്തുകൊണ്ട്? അവർക്ക് മര്യാദയേ തോന്നാറുള്ളൂ. പക്ഷേ ഇത് അതല്ല. ഇപ്പോൾ ഇവിടെ ഭരിക്കുന്നത് ഒരു കറക്കുകമ്പനിയാണ്. കരയിൽ 5 കൊല്ലം 3 കൊല്ലമാക്കുന്ന വ്യാധി; അർബുദരോഗം പിടിപെട്ട്, അതിന് ഓർഡിനൻസിൻെറ രൂപം കൊടുത്ത്, ഇപ്പോൾ കടലിലേക്കാണ് ഇറക്കിയിരിക്കുന്നത്.

സർ, ഇതിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നുള്ള വിശ്വാസമാണ് എനിക്കുള്ളത്. അല്ലെങ്കിൽ ധൈര്യം വരുമോ? ഇവിടെയുള്ള മററുള്ള മന്ത്രിമാർക്ക് അഴിമതി ചെയ്യാൻ പററുകയില്ല. അവരെ ഞാൻ കുററം പറയുന്നില്ല. ഇത് നോക്കേണ്ട ആളായിട്ടുള്ള മുഖ്യമന്ത്രി ആ കാര്യം ശ്രദ്ധിക്കണം. ആ തെരഞ്ഞെടുപ്പുകൾ ഉടനടി നടത്തണം. മാത്രമല്ല, എൻ. സി. ഡി. സി.-യുടെ പദ്ധതികൾ സൊസൈററികൾ മുഖേനയേ നടത്തിക്കുകയുള്ളൂ എന്നുള്ള നിബന്ധന ഇവിടെ റദ്ദാക്കിയിട്ടില്ല. അത് നടപ്പിൽ വന്നുകൊണ്ടിരിക്കുന്നതാണ്. അതിനെ മാററാതെ സൊസൈററികൾ മുഖേനയല്ലാതെ എൻ. സി. ഡി. സി.-യുടെ ഏർപ്പാട് ചെയ്യാൻ പാടില്ല. ഫെബ്രുവരി 17, 18 തീയതികളിൽ മത്സ്യഫെഡ് ഇറക്കിയിട്ടുള്ള ഒരു വിജ്ഞാപനം 12-2-1992-ലെ ഗവൺമെൻറിൻെറ ഉത്തരവു പ്രകാരമാണെന്നാണ് പറയുന്നത്. അതിൽ ഇഷ്ടംപോലെ കൊടുക്കാനുള്ള അവകാശമുണ്ട്. ഈ മത്സ്യഫെഡ് തന്നെ, വാസ്തവത്തിൽ നിയമപരമായി തെരഞ്ഞെടുക്കപ്പെടാത്ത ഒരു അപ്പക്സ് സൊസൈററിയായ ഈ സ്ഥാപനം നിലനിൽക്കാൻ അർഹതയില്ലാത്തതാണ്. അതിനെ ഉപയോഗിച്ചുകൊണ്ടാണ് ഗവൺമെൻറ് ഈ കൃത്രിമങ്ങളെല്ലാം ചെയ്യുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം ശരിയായ നിലക്കുള്ള ഒരു തീരുമാനമെടുത്ത് പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ അഭ്യർത്ഥന മത്സ്യം പിടിച്ച് പട്ടിണി കിടക്കുന്ന തൊഴിലാളികളുടെ നേരെ പാടില്ല. അവർക്ക് കോപം വന്നാൽ മോശമാണ്. അവർ വിവരമില്ലായ്മകൊണ്ട് പലതും ചെയ്തേക്കും. കടലോരം എന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാമല്ലോ, അങ്ങ് ആ കാര്യത്തിൽ പരിചയസമ്പന്നനാണല്ലോ. ഞാൻ അഭ്യർത്ഥിക്കുന്നത് ഈ ആഴ്ചതന്നെ ഇത് ചെക്ക് ചെയ്യണമെന്നാണ്. മറെറാന്ന് ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയെ സംബന്ധിച്ചാണ്. ഞാൻ അത് വായിക്കാം. "തിരുവനന്തപുരത്ത് വലിയ വേളിയിൽ മത്സ്യത്തൊഴിലാളിയായ ക്ലീററസിൻെറ ഒരുലക്ഷം രൂപവരെ വിലവരുന്ന സാധനങ്ങൾ പെട്രോൾ ഒഴിച്ച് കത്തിച്ചിരിക്കുകയാണ്" ഒരു തൊഴിലാളി കൈവശം വച്ച് നടത്തുന്നതിനെ ഇങ്ങനെ നശിപ്പിച്ചത് വളരെ കുററകരമാണ്. പ്രത്യേകിച്ചും ഫിഷറീസിൻെറ അന്വേഷണത്തിന് അത് വിധേയമാക്കി നഷ്ടപരിഹാരം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷൻ മലപ്പുറം ജില്ലയിലെ മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് അംഗങ്ങൾ നൽകിയ നോമിനേഷനുകൾ ഡിക്ലെയർ ചെയ്യുന്നതിനും, തെരഞ്ഞെടുപ്പ് കഴിഞ്ഞ സംഘങ്ങളിലെ വിജയിക്കപ്പെട്ടവരുടെ പേരുകൾ ഡിക്ലെയർ ചെയ്യുന്നതിനും റിട്ടേണിംഗ് ഓഫീസർ നടപടി സ്വീകരിക്കണ മെന്നുള്ളതിനെക്കുറിച്ചാണ്. അതിനുള്ള മറുപടി ഞാൻ പറയാം. ഇതിൽ ബഹുമാനപ്പെട്ട അംഗം അഴിമതിയുടെ കാര്യമൊക്കെ പറഞ്ഞു. ബഹുമാന പ്പെട്ട മുഖ്യമന്ത്രിയെക്കൂടി ഇതിൽ ഉൾപ്പെടുത്തിയത് എന്തിനാണെന്ന് എനിക്കറിയില്ല. മലപ്പുറം ജില്ലയിൽ ആകെ ഒൻപത് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളാണുള്ളത്. അവ താഴെപ്പറയുന്നവയാണ്. പാലപ്പെട്ടി, വെളിയംകോട്, പുതുപ്പൊന്നാനി, തെക്കേകടപ്പുറം, മുക്കാടി- മരക്കടവ്, മീൻതെരുവ് അഴീക്കൽ, പള്ളിവളപ്പ്, പുറത്തൂർ, കൂട്ടായി പറവണ്ണ, തേവക്കടപ്പുറം, ചീനാം കടപ്പുറം, ഓശൻ കടപ്പുറം, ഏളാറൻ കടപ്പുറം, പരപ്പനങ്ങാടി, കടലുണ്ടി തുടങ്ങിയ ഒൻപത് സംഘങ്ങളിൽ എട്ട് സംഘങ്ങളിലും വിവിധ തീയതികളിലായി തെരഞ്ഞെടുപ്പ് നടത്തു ന്നതിന് വരണാധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊന്നാനി ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ നിയമിച്ചിട്ടുള്ളതാണ്. ഇതിൽ മുക്കാടി മരക്കടവ് സംഘത്തിൽ ഹൈക്കോടതിയുടെ സ്റ്റേയുള്ളതു കൊണ്ട് അവിടെ വരണാധികാരിയെ തീരുമാനിച്ചിട്ടില്ല. മീൻതെരുവ് അഴീക്കൽ സംഘത്തിൽ വരണാധികാരി ഫലം പ്രഖ്യാപിച്ചിട്ടുണ്ട്. മററ് സംഘങ്ങളുടെ വരണാധികാരികൾ വിവിധ കാരണങ്ങളാൽ അവധിയി ലായിരുന്നതിനാൽ തെരഞ്ഞെടുപ്പ് നടന്നില്ല. വീണ്ടും തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

## (ix) ലോവർ പെരിയാർ ജലവൈദ്യുതപദ്ധതിയുടെ പൂർത്തീകരണം

ശ്രീ. ഇ. എം. അഗസ്തി: സർ, നമ്മുടെ സംസ്ഥാനത്ത് നിർമ്മാണ ത്തിലിരിക്കുന്ന ഏക വൈദ്യുത പദ്ധതിയായ ലോവർ പെരിയാർ പദ്ധതിയുടെ നിർമ്മാണപ്രവർത്തനത്തിലുണ്ടായിരിക്കുന്ന അലംഭാവം സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 17-5-1987-ൽ അവാർഡ് ചെയ്യപ്പെട്ട ഈ പദ്ധതി 1991-ൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ 1992 ആയപ്പോഴും ഈ പദ്ധതിയുടെ പുരോഗതി 23 ശതമാനം മാത്രമാണ്. ഈ പദ്ധതിയുടെ ഏററവും പ്രധാന ഘട്ടമായ ഡാമിന്റേയും സാർജ് ഷാഫ്ററിന്റേയും, പ്രെഷർ ഷാഫ്ററിന്റേയും, പവർ ഹൗസിന്റേയും നിർമ്മാണ പുരോഗതി കേവലം 7.4 ശതമാനം മാത്രമാണ്. ഏററവും പ്രധാന ഘടകമായ ഡാമിന്റെ എസ്ക്കലേഷൻ വർക്കുകൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനത്തിലുണ്ടാ യിരിക്കുന്ന അനാവശ്യമായ കാലതാമസം പരിഗണിച്ച് ശ്രദ്ധയിൽ പെട്ടതിന്റെ ഫലമായി ഈ പദ്ധതിക്ക് സാമ്പത്തികസഹായം നല്കി ക്കൊണ്ടിരുന്ന വേൾഡ് ബാങ്ക് സാമ്പത്തിക സഹായം നിർത്തിവച്ചിരി ക്കുകയാണ്. ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ ആരംഭിക്കണമെന്ന് ബന്ധപ്പെട്ട മന്ത്രി യുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാ നത്തിൽ 1991 സെപ്തംബർ മാസത്തിൽ ബന്ധപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടർമാരായിരുന്ന എൻ. ടി. പി. സി.-യുടെ കോൺട്രാക്ട് അവസാനിപ്പിക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകുകയും ചെയ്തിരുന്നതാണ്. ഇപ്പോൾ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ അലംഭാവത്തിലും വളരെ വൈകിയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. എൻ. ടി. പി. സി.-യുടെ കരാറുകൾ ടെർമിനേററു ചെയ്തുവെങ്കിലും മററ് ബദൽ സംവിധാനങ്ങളുണ്ടാക്കാത്തതിന്റെ ഫലമായി ഇപ്പോൾ പദ്ധതി സ്തംഭനത്തിലാണ്. അനുബന്ധമായി മെഷിനറികൾ ഇറക്ടുചെയ്യേണ്ട കരാറുകാരുടെ കരാറുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതനുസരിച്ച് അലഹബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഗവൺമെൻറ് സ്ഥാപനമായ ത്രിവേണി സ്ട്രക്ച്ചറൽ ലിമിററഡും തെലുങ്ക് ഭദ്രാ സ്ററീൽ പ്രോഡക്ട്സും വലിയ നഷ്ടപരിഹാരത്തിനുവേണ്ടി കോടതിയെ സമീപിക്കുന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷവും ഉണ്ടായിരിക്കുകയാണ്. ഈ സ്ഥിതിയിൽ മുന്നോട്ടുപോയാൽ ഈ പദ്ധതി എന്ന് പൂർത്തീകരിക്കുമെന്നതിനെപ്പററി വലിയ ആശങ്കയുമുണ്ട്. എത്രയും വേഗം ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേകിച്ച് കോൺട്രാക്ടർമാരായിരുന്ന എൻ. ടി. പി. സി. ഒരു കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ നിലയ്ക്ക് ഒരു കോടതിയിലേക്കും കേസിലേക്കും പോകാതെ കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും അടിയന്തിരമായി ആലോചിച്ച് ഈ പ്രശ്നത്തിൽ പരിഹാരമുണ്ടാക്കി ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കി നമ്മുടെ സംസ്ഥാനത്തിന്റെ ഗുരുതരമായ വൈദ്യുതി ക്ഷാമത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബന്ധപ്പെട്ട മന്ത്രിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ. ടി. പി. സി.-ക്കായിരുന്നു ലോവർ പെരിയാറിന്റെ പവർഹൗസിന്റേയും ഡാമിന്റെയും മററും കരാർ. അത് 1987-ൽ തുടങ്ങി 1990-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. 1991 ആയിട്ടും അണക്കെട്ട് 8 ശതമാനവും പവർഹൗസിന്റെ 21 ശതമാനവും മാത്രമേ ആയിട്ടുള്ളു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 9/91-ൽ അത് റദ്ദാക്കുകയും ഈ സഭയെത്തന്നെ ഞാൻ വിവരം അറിയിക്കുകയും ചെയ്തു. എങ്കിലും 30-9-1991-ൽ ലോകബാങ്ക്, എൻ. ടി. പി. സി. ഈ പണി പൂർത്തിയാക്കാത്തതുൾപ്പെടെയുള്ള പല കാരണങ്ങൾ വച്ചുകൊണ്ട് അതിന്റെ സഹായം പിൻവലിക്കുകയുണ്ടായി. പിന്നീട് വളരെ കഠിനമായി പരിശ്രമം നടത്തിയതിന്റെ ഫലമായി 5-2-1992-ൽ മാത്രമാണ് ലോകബാങ്കിന്റെ സഹായം പുനസ്ഥാപിച്ചുകൊണ്ടുള്ള തീരുമാനമായത്. അതിനുശേഷം വേൾഡ് ബാങ്കിന്റെ സ്പെസിഫിക്കേഷൻസ് അനുസരിച്ച് ടെണ്ടർ വിളിക്കാനുള്ള നടപടികൾ അതിവേഗത്തിൽ വിദ്യുച്ഛക്തി ബോർഡ് കൈക്കൊണ്ടിരിക്കുകയാണ്. മഴക്കാലം കഴിഞ്ഞ ഉടൻ പണി പുനരാരംഭിക്കാൻ കഴിയുമെന്നും 1990/1994-ൽ അത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നുമാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഈ പ്രധാന കോൺട്രാക്ടുകൾ ചെയ്യുന്നതിനിടയിൽത്തന്നെ ചെറിയ ജോലികൾ പീസ് വർക്ക് റേററിൽ അവിടെ ചെയ്തുവരുന്നുണ്ട്. പ്രധാനപ്പെട്ട പണികൾ വേൾഡ് ബാങ്ക് ടെണ്ടറിന്റെ അടിസ്ഥാനത്തിൽ ഉടൻ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നമ്മുടെ സ്റേററിനെ ബാധിക്കുന്ന ഒരു കാര്യമാണിത്. നമ്മുടെ സ്റേററിന് ഒൻപത് കോടി രൂപ നഷ്ടപ്പെടുത്തിയ കാര്യത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ പോകുന്നത്. പത്രവാർത്ത അങ്ങ് കണ്ടിട്ടുണ്ടാകും,

LIBRARY ARCHIVES Kerala Legislative Assembly

'ശീതസമരം തീർന്നിട്ടില്ല', 'കാഡ ഇപ്പോഴും അനാസ്ഥ'. രണ്ട് മന്ത്രിമാർ തമ്മിലുള്ള ശീതസമരം കമാൻറ് ഏരിയ ഡെവലപ്മെൻറ് അതോറിററിയെ അനാഥമാക്കി. കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളുടെ ചുമതലയുള്ള 'കാഡ'യിൽ ഏററവും ഉയർന്ന തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്നു. ജലസേചനവകുപ്പുമന്ത്രിയും 'കാഡ'യുടെ ചുമതലയുള്ള സ്പോർട്സ്—ഹരിജനക്ഷേമ വകുപ്പുമന്ത്രിയും തമ്മിലുള്ള അധികാര മൽസരം മൂലമാണ് കാര്യം അങ്ങാടിപ്പാട്ടായത്. ഇതിന് അഡ്മിനിസ്ട്രേഷനില്ലാത്തതുകൊണ്ട് കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന സംഖ്യ വാങ്ങിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രാവശ്യത്തെ ബഡ്ജററിൽ ഈ കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഈ സഭയിൽ അല്ലാതെ ഇത് എവിടെയാണ് ഉന്നയിക്കാനുള്ളത്? രണ്ട് മന്ത്രിമാർ തമ്മിലുള്ള മൽസരം കൊണ്ടാണ് ഒൻപത് കോടി രൂപ നഷ്ടപ്പെടുത്തിയത്.

മി. സ്പീക്കർ: മന്ത്രിമാരുടെ വകുപ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയുടെ prerogative ആണ്. അതുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ

11 a. m.] അനുമതി നിഷേധിച്ചത്. ഞാൻ അനുമതി നിഷേധിച്ച കാര്യം ഇവിടെ ചർച്ച ചെയ്യാൻ പാടില്ല. ഇവിടെ മററ് ചർച്ചകൾ വരുന്ന കൂട്ടത്തിൽ പരാമർശിക്കാൻ പാടില്ലേ? സബ്മിഷനായിട്ട് അതിവിടെ എടുക്കാൻ പാടില്ല. ഇതൊക്കെ മുഖ്യമന്ത്രിയുടെ അധികാരപരിധിയിൽപ്പെട്ടതാണ്. ഒരു വകുപ്പ് ഏത് മന്ത്രിക്ക് കൊടുക്കണമെന്ന് തീരുമാനിക്കുന്നത് മുഖ്യമന്ത്രിയാണ്. അതൊന്നും ഇവിടെ ചർച്ചചെയ്യാൻ പാടില്ല. അത് ശരിയല്ല. ഇതൊക്കെ പൊതു ചർച്ചയിൽ പറയാമെന്നല്ലാതെ സബ്മിഷനിൽ പറയാൻ പാടില്ല. കൃഷ്ണൻകുട്ടി എനിക്ക് എഴുതി തന്നത് ശരിയാണ്. പക്ഷെ ഇതിനകത്ത് രണ്ട് മന്ത്രിമാർ തമ്മിലുള്ള വകുപ്പിന്റെ കാര്യം മുഖ്യമന്ത്രിയുടെ prerogative ആണ്. അതിൽ ഇടപെടാൻ എനിക്കു നിവൃത്തിയില്ല. സബ്മിഷനിൽ ചർച്ച ചെയ്യാൻ ഞാൻ അനുവദിക്കുകയില്ല. No....no ആ സബ്മിഷൻ തന്നെ ഈ കാരണത്താൽ നിരസിക്കുകയായിരുന്നു. അദ്ദേഹത്തെ ആ വിവരം അറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളല്ല സബ്മിഷനിൽ ഉന്നയിക്കുന്നത്. ധനകാര്യ ബില്ലിന്റെ ചർച്ചാവേളയിൽ പറയാമായിരുന്നു; അതിനൊന്നും ആരും തടസ്സമല്ല.

# VI. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

## സംസ്ഥാനത്തെ ജലനയം

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): കേരളത്തിന് സമഗ്രമായ ഒരു ജലനയം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു തുടങ്ങിയിട്ട് കുറച്ചു കാലമായി. 1987-ൽ കേന്ദ്രഗവൺമെൻറ് ഒരു ദേശീയ ജലനയം പ്രഖ്യാപിച്ചപ്പോൾ ഈ ആവശ്യത്തിന് ആക്കം കൂടി. സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഓരോ സംസ്ഥാനത്തും ജലനയം ഉണ്ടാവണമെന്ന് കേന്ദ്രം സൂചിപ്പിച്ചെങ്കിലും ആദ്യമായി ഒരു സമഗ്ര സംസ്ഥാന ജലനയത്തിന് രൂപം കൊടുക്കുന്നത് കേരളമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ സന്തോഷത്തോടും അതിലേറെ അഭിമാനത്തോടും കൂടിയാണ് സംസ്ഥാന ജലനയം ഞാൻ സഭയെ അറിയിക്കുന്നത്.

കേരളത്തിന് ഉയർന്നതോതിൽ—ആണ്ടിൽ 300 സെ. മീററർ—മഴ ലഭിക്കുന്നുണ്ട്. ഇവിടെ 44 നദികളുണ്ട്. എന്നാൽ ആളോഹരി മഴയും ആളോഹരി ഉപയോഗപ്പെടുത്താവുന്ന ജലവും മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടേത് തുലോം കുറവാണ്. ആണ്ടിൽ ഏറിയ കൂറും നമ്മുടെ നദീതടങ്ങൾ വററിവരണ്ട് കിടക്കുകയും ഭൂഗർഭ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയും കഴിഞ്ഞ ഒരു ദശകത്തിൽ ആവർത്തിച്ച് രൂക്ഷമായ വരൾച്ച നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ ലഭ്യമായ ജലം പരമാവധി ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഉതകുന്ന നടപടികൾ ആവശ്യമായതുകൊണ്ട് ഒരു സംസ്ഥാനതല ജലനയത്തിന് ഏറെ പ്രസക്തിയുണ്ട്.

വിവിധ തലങ്ങളിലും ബന്ധപ്പെട്ട എല്ലാവരുമായും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നാം രൂപം കൊടുത്ത ജലനയത്തിന്റെ പ്രധാന അംശങ്ങൾ ഞാൻ വിവരിക്കാൻ ആഗ്രഹിക്കുന്നു.

നമ്മുടെ ജലവിഭവ വികസന ശ്രമങ്ങളിൽ ഏററവും മുൻതൂക്കം കൊടുക്കാൻ ശുദ്ധജലം ലഭ്യമാക്കുക എന്ന കാര്യത്തിലായിരിക്കും. ഇക്കാര്യം ഉറപ്പാക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണപരമായ കാര്യങ്ങൾകൂടി കണക്കിലെടുത്ത് ജലസേചനം, ജലവൈദ്യുതോല്പാദനം, വ്യാവസായികാവശ്യങ്ങൾ, ഓരുവെള്ളം തടയൽ, വെള്ളപ്പൊക്കനിയന്ത്രണം, ജലഗതാഗതം, ജലത്തെ ആശ്രയിച്ചുള്ള കളികൾ, വിശ്രമാവശ്യങ്ങൾ എന്നിവയ്ക്കും വേണ്ടി ഓരോ നദീതടത്തിലേയും പ്രത്യേകതകൾ കണക്കിലെടുത്ത് ജലം ഫലപ്രദമായി ഉപയോഗിക്കുന്നതാണ്.

ഇതിനായി ഓരോ നദീതടവും അടിസ്ഥാനപ്പെടുത്തി ഉപരിതല ജലവും ഭൂഗർഭജലവും ആ പ്രദേശത്തെ ഏററവും ആവശ്യമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു സംസ്ഥാനതല ജലവിഭവ മാസ്ററർപ്ലാൻ തയ്യാറാക്കുന്നതാണ്.

സംസ്ഥാനത്ത് ഏകീകൃതമായ ഒരു ജലസേചന നിയമം നിലവിലില്ല. സമഗ്രവും സംസ്ഥാനത്ത് മുഴുവൻ ബാധകമാകുന്നതുമായ ഒരു ഏകീകൃത ജലസേചന നിയമനിർമ്മാണം നടത്തുന്നതാണ്.

ഭൂഗർഭ ജലവിനിയോഗം ആരോഗ്യകരമായ രീതിയിൽ നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു നിയമ നിർമ്മാണവും നടത്തുവാൻ ഉദ്ദേശിക്കുന്നു.

നദീതടങ്ങളിൽ അനിയന്ത്രിതമായ മണൽവാരൽ നടക്കുന്നതിന്റെ ഫലമായി നദീതടത്തിനും കരകൾക്കും ഉണ്ടാവുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാനായി മണൽവാരൽ നദീതടത്തിന്റെയും പാലങ്ങളുടേയും മററും ബലത്തെ ബാധിക്കാത്ത രീതിയിൽ അനുവദിക്കുന്നതിനാവശ്യമായ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട എല്ലാവരുമായി ആലോചിച്ചശേഷം തീരുമാനിക്കുന്നതാണ്. ലഭ്യമായ ജലം പരമാവധി ഉപയോഗിക്കുന്നതായി താഴെ പറയുന്ന പന്ത്രണ്ട് ഇനങ്ങൾ അടങ്ങിയ ഒരു പരിപാടി നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദീർഘകാല പരിപാടികൾ:

1. ഒഴുകിപ്പോകുന്ന മഴവെള്ളം സംഭരണികൾ നിർമ്മിച്ച് പരമാവധി പിടിച്ചെടുക്കുന്നതാണ്.

2. മണ്ണിനുമേലെ ഒഴുകിപ്പോകുന്ന ജലം മണ്ണിലേക്ക് ഒലിച്ചിറങ്ങുന്നത് സാദ്ധ്യമാക്കുന്നതിന് കോണ്ടൂർ കുഴികൾ, ചെക്കു ഡാമുകൾ തുടങ്ങിയവ വ്യാപകമായി നിർമ്മിക്കുന്നതാണ്. കൃഷി സ്ഥലങ്ങൾ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത കഴിയുന്നതും നിരുത്സാഹപ്പെടുത്തും.

3. വനനശീകരണം തടയുന്നതും കാച്ച്മെൻറ് പ്രദേശങ്ങൾ ജന്യ വൃക്ഷങ്ങൾ നട്ട് ബലപ്പെടുത്തുന്നതുമാണ്.

4. ജലസേചനത്തിനും വൈദ്യുതോല്പാദനത്തിനുമായി നിർമ്മിക്കപ്പെട്ട ജലസംഭരണികളിലെ ജലം കുടിവെള്ളത്തിനുകൂടി ലഭ്യമാക്കുന്നതാണ്. ശുദ്ധജല തടാകങ്ങളിലെ ജലത്തിൻെറ ഗുണനിലവാരം നിലനിർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

5. ഇപ്പോൾ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന കുളങ്ങൾ, നീരുറവകൾ, സുരംഗങ്ങൾ, മലപ്രദേശങ്ങളിലെ ഉറവകൾ തുടങ്ങിയ ചെറുകിട ജലസ്രോതസ്സുകളെല്ലാം വികസിപ്പിച്ചെടുത്ത് സംരക്ഷിച്ചും അവയുടെ നശീകരണം തടഞ്ഞും ഈ ജലം ജലസേചനത്തിനും കുടിവെള്ളത്തിനും ലഭ്യമാക്കുന്നതാണ്.

6. ഉപരിതലജലം ഉപയോഗിക്കുന്നതോടൊപ്പം ഭൂഗർഭജലവും നശീകരണം ഉണ്ടാവാത്ത രീതിയിൽ ആഴക്കിണറുകളും മററും നിർമ്മിച്ച് പ്രയോജനപ്പെടുത്തുന്നതാണ്.

7. തുടർച്ചയായ വരൾച്ചയ്ക്ക് വിധേയമാവുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ഹ്രസ്വ കാലപരിപാടികൾ:

8. കിണറുകൾ മൂടാൻ അനുവദിക്കുകയില്ല, മറിച്ച് അവ ആഴം കൂട്ടിയും മററും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണ്.

9. ജലസേചനത്തിന് ലഭ്യമാകുന്ന ജലം സൂക്ഷ്മതയോടെ ഉപയോഗിച്ച് കൂടുതൽ സ്ഥലത്ത് പ്രയോജനപ്പെടുത്തുന്നതിന് ഡ്രിപ് ഇറിഗേഷൻ തുടങ്ങിയ പരിപാടികൾ കൂടുതൽ ഫലവത്തായി പ്രചരിപ്പിക്കുന്നതാണ്.

10. ടാങ്കുകൾ, കുളങ്ങൾ എന്നിവ ആഴംകൂട്ടിയും സംരക്ഷിച്ചും ചെക്കുഡാമുകൾ നിർമ്മിച്ചും കൂടുതൽ ജലം ലഭ്യമാക്കുന്നതോടൊപ്പം തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതുമാണ്.

11. കിണറുകളും ഹാൻഡ്പമ്പുകളും മററും സംരക്ഷിക്കുന്നതിനാവശ്യമായ പരിശീലനം പൊതുജനങ്ങൾക്ക് നൽകുന്നതാണ്.

12. ജലം സംഭരണികളിൽനിന്നും പൈപ്പുകളിൽ നിന്നും മററും ചോർന്നുപോകുന്നത് തടയുന്നതാണ്.

ജലാശയങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുകയും അത് മെച്ചപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യും. ജലഗതാഗതം സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഈ സൗകര്യം വികസിപ്പിച്ചെടുക്കുന്നതിന് നടപടികൾ കൈക്കൊള്ളും. ജലവൈദ്യുതോല്പാദനം സാദ്ധ്യമാകുന്നിടത്തെല്ലാം അത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

നമ്മുടെ നീണ്ടകടലോരം അവിടെ അധിവസിക്കുന്ന ബഹുസഹസ്രം മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ സംരക്ഷിച്ച് നിലനിർത്തുന്നതിന് ബൃഹത്തായ പദ്ധതി ഏറ്റെടുക്കുന്നതാണ്.

ജലവുമായി ബന്ധപ്പെട്ട വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ജലവിഭവങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവശ്യം വേണ്ട പരിശീലനം നിർബന്ധിതമാക്കുന്നതാണ്. ജലസംബന്ധമായ കാര്യങ്ങളിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതും അതിന് ബന്ധപ്പെട്ട വകുപ്പുകൾ അവയുടെ ബഡ്ജററിന്റെ അര ശതമാനത്തിൽ കുറയാത്ത തുക നീക്കിവയ്ക്കുന്നതുമാണ്.

ജലം പരമാവധി ലഭ്യമാക്കുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്ത്, നമ്മുടെ ആളുകൾക്ക് കൂടുതൽ പ്രയോജനപ്രദമാകത്തക്കരീതിയിൽ മേൽപ്പറഞ്ഞ നയം നടപ്പാക്കുന്നതിന് ഒരു "വാട്ടർ റിസോഴ്സസ് കൺട്രോൾ ബോർഡി"ന് രൂപം കൊടുക്കുന്നതാണ്. കൂടാതെ ഒരു കേന്ദ്രീകൃത ഡാററാബാങ്ക് രൂപീകരിക്കുന്നതും കുളങ്ങൾ തുടങ്ങിയ ചെറുകിട ജലസ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുന്നതിന് ഒരു പ്രത്യേക സെല്ല് രൂപീകരിക്കുന്നതുമാണ്. ട്രെയിനിംഗ് വ്യാപകമാക്കുന്നതിന് സി. ഡബ്ല്യു. ആർ. ഡി. എം. കൂടുതൽ ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു.

ഈ ജലനയം പ്രാവർത്തികമാക്കുന്നതിന് ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. അതിന് ആവശ്യമായ പരിപാടികൾക്ക് ഉടനടി രൂപം കൊടുത്ത് ഈ നയം പൂർണ്ണമായും നടപ്പാക്കുന്നതിനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഇതിലേക്ക് ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടേയും മററ് എല്ലാവിഭാഗം ജനങ്ങളുടേയും പൂർണ്ണമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പംതന്നെ ഇതിന്റെ പൂർണ്ണമായിട്ടുള്ള വിവരങ്ങൾ ഞാൻ ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു. ഈ സ്റേറററുമെൻറിന്റെയും ജലനയത്തിന്റേയും പൂർണ്ണമായ കോപ്പി ഇപ്പോൾതന്നെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

## VII. റിപ്പോർട്ട് സമർപ്പണം

ശ്രീ. കെ. സി. ജോസഫ്: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

# VIII. നിയമനിർമ്മാണകാര്യം

## (i) 1992-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ:) സർ, 1992-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): 1992-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): ഞാൻ പിൻതാങ്ങുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം വി. രാഘവൻ:) സർ, 1969-ലെ സഹകരണ നിയമം പലപ്പോഴായി ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ ഓർഡിനൻസ് മുഖേന നാല് വകുപ്പിനാണ് ചില്ലറ ചില ഭേദഗതികൾ ഗവൺമെന്റ് കൊണ്ടുവരുന്നത്. അതിലൊന്ന് ഇതിലെ 28-ാം വകുപ്പാണ്. ഈ 28-ാം വകുപ്പിൽ നമ്മുടെ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ കാലാവധി നിർണ്ണയിച്ചിട്ടില്ല. ഈ 28-ാം വകുപ്പിൽ സഹകരണ സംഘങ്ങളുടെ കാലാവധി മാക്സിമം ഇത്രയാണ് എന്ന് നിർണ്ണയിക്കുന്നതാണ് ഒരു ഭേദഗതി. ഇവിടെ ആക്ഷേപം അഞ്ചുകൊല്ലം എന്നുള്ളത് മൂന്ന് കൊല്ലം ആക്കി എന്നാണ്. അഞ്ചുകൊല്ലമെന്നത് ഗവൺമെന്റ് ഇതുവരെ കൊണ്ടുവന്നിട്ടില്ല. അങ്ങനെ ആക്ടിൽ വ്യവസ്ഥയുമില്ല. പിന്നെ അഞ്ചുകൊല്ലമെന്ന് പറയുന്നത് നമ്മുടെ സഹകരണ രജിസ്ട്രാർ സൊസൈറ്റികൾക്ക് അയച്ചിട്ടുള്ള ഒരു ഡയറക്ഷനാണ്. നിങ്ങൾക്ക് അഞ്ചുകൊല്ലം വരെ വേണമെങ്കിൽ ബൈലാ ഭേദഗതിപ്പെടുത്തി കാലാവധി വയ്ക്കാമെന്നാണ്. അങ്ങനെ ഡയറക്ഷൻ മാത്രമേയുള്ളൂ; നിയമത്തിൽ വ്യവസ്ഥയില്ല. ഇൻഡ്യയിലെ മററ് എല്ലാ സ്റ്റേററുകളിലും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇവിടെ നമ്മുടെ ആക്ടിൽ വ്യവസ്ഥയില്ല. അത് പരിഹരിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള ആശയക്കുഴപ്പം പരിഹരിക്കാനാണ് മൂന്ന് വർഷമെന്ന് സഹകരണ ആക്ടിൽ ഈ ഓർഡിനൻസുകൊണ്ട് അല്ലെങ്കിൽ ഈ നിയമ നിർമ്മാണം കൊണ്ടുദ്ദേശിക്കുന്നത്. അപ്പോൾ ചോദിക്കും എന്തിനാണ് മൂന്നു വർഷമെന്ന് വച്ചത് അഞ്ചു വർഷമായിക്കൂടെയെന്ന്? ഇൻഡ്യയിലെ എല്ലാ സ്റ്റേററുകളിലും മൂന്നു വർഷമാണ്. 3,400-ൽപരം വരുന്ന മിൽക്ക് സൊസൈററികൾ, ആനന്ദ പാറേൺ സൊസൈററികൾ ഇതെല്ലാം മൂന്നു വർഷമാണ്. അതുപോലെതന്നെ 4000-ൽ പരം വരുന്ന നമ്മുടെ സ്കൂൾ സൊസൈററികളെല്ലാം ഒരു വർഷമാണ്. കോളേജ് സൊസൈററികൾ ഒരു വർഷമാണ്. സഹകരണ ഡിപ്പാർട്ടുമെന്റിലുള്ള കുറെ സൊസൈററികളാണ് അഞ്ചു വർഷമെന്ന് ബൈലാ അമന്റ്

ചെയ്തിട്ടുള്ളത്. ഒരു നിയമനിർമ്മാണത്തിൽ അല്ലെങ്കിൽ ഒരു ആക്ടിൽ വ്യവസ്ഥയില്ലാത്ത കാര്യത്തെപ്പററി തീരുമാനിക്കുമ്പോൾ പൊതുവായ മാനദണ്ഡമാണ് നോക്കുക. ആ പൊതുവായ മാനദണ്ഡം നോക്കുമ്പോൾ ഇൻഡ്യയിലെ എല്ലാ സ്റേററിലും മൂന്നുകൊല്ലമാണ്, വെസ്ററ് ബംഗാളാണ് മാതൃകയായെടുക്കുന്നതെങ്കിൽ വെസ്ററ് ബംഗാളിലും മൂന്ന് കൊല്ലമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പരിശോധിച്ചത്. അത് മാത്രമല്ല രണ്ട് സംസ്ഥാനങ്ങൾ ചേർന്നുള്ള സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൽ ഒരു നിയമമുണ്ട്. അത് മൂന്ന് കൊല്ലമാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെൻറിന്റെ പ്ലാനിംഗ് കമ്മീഷൻ കഴിഞ്ഞ കൊല്ലം ഈ ഗവൺമെൻറ് വരുന്നതിനു മുൻപ് തന്നെ നിശ്ചയിച്ച ഒരു പഠന ഗ്രൂപ്പിന്റെ റിപ്പോർട്ടനുസരിച്ച് അവർ ഒരു മോഡൽ ആക്ട് എല്ലാ സ്റേററുകൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. അതിലും മൂന്നുകൊല്ലമാണ് കൊടുത്തിരിക്കുന്നത്. ഇതെല്ലാം വച്ചുകൊണ്ടാണ് നിയമത്തിലില്ലാത്ത വ്യവസ്ഥ, എത്രകൊല്ലമെന്ന് കാലാവധി നിശ്ചയിക്കാത്തതുകൊണ്ട് മാക്സിമം മൂന്നു വർഷമെന്ന് തീരുമാനിക്കുന്ന, 28-ാം വകുപ്പിൽ ഒരു അമൻറുമെൻറ് ആയി കൊണ്ടുവന്നത്. അതുപോലെ നമ്മുടെ സഹകരണ സ്ഥാപനങ്ങളിലും 28 (എ) എന്നുപറഞ്ഞുകൊണ്ട് ഒരു വ്യവസ്ഥ കൊടുത്തിട്ടുണ്ട്. നമ്മുടെ സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കിട്ടുന്നില്ല. അതുപോലെ എസ്. സി./ എസ്. ററി.-ക്കും പ്രാതിനിധ്യം കിട്ടുന്നില്ല. 1985-ലെ ഒരു അമൻറുമെൻറനുസരിച്ച് ഇപ്പോൾ ക്രെഡിററ് സംഘങ്ങൾക്ക് മാത്രമേയുള്ളു. നിങ്ങൾ കൊണ്ടു വന്നത് സൊസൈററി പിരിച്ചുവിടാൻവേണ്ടി കോറം നിശ്ചയിക്കാനാണ്. അതിരിക്കട്ടെ. അതുകൊണ്ട് 28(എ) യിൽ കൊണ്ടുവന്ന അമൻറുമെൻറനുസരിച്ച് ഈ ക്രെഡിററ് സംഘങ്ങൾക്കു മാത്രമുള്ള ഈ നോമിനേഷനുകളിൽ അവർ തെരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ ജില്ലാ ബാങ്കുകളിലും സ്റേററ് ബാങ്കുകളിലും അതുപോലെ ലാൻറ് ഡെവലപ്പ്മെൻറ് ബാങ്കുകളിലും കൂടി സ്ത്രീകൾക്കും എസ്. സി./എസ്. ടി.-ക്കും കൂടി നോമിനേഷൻ കൊടുക്കണം. അതിനാണ് വേറൊരു വ്യവസ്ഥ അതിൽ കൊണ്ടുവന്നത്. ഇത് 33-ാം വകുപ്പിനുള്ള അമൻറുമെൻറാണ്. ജനാധിപത്യത്തെക്കുറിച്ച് അപ്പുറത്ത് പറയും. ഞങ്ങളും ജനാധിപത്യപരമായി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. 33-ാം വകുപ്പനുസരിച്ച് രജിസ്ട്രാർക്ക് എത്ര കാലം വേണമെങ്കിലും അഡ്മിനിസ്ട്രേററേയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിററിയേയോ വയ്ക്കാം. 33-ാം വകുപ്പനുസരിച്ച് എത്ര കൊല്ലം വേണമെങ്കിലും അഡ്മിനിസ്ട്രേററർക്ക് ഭരിക്കാം. 24 കൊല്ലം വരെ അഡ്മിനിസ്ട്രേററർ ഭരിച്ച സൊസൈററികൾ കേരളത്തിലുണ്ട്. അത് അപ്പുറത്തിരിക്കുന്നവർക്ക് മനസ്സിലാവില്ലായെങ്കിൽ മനസ്സിലാകേണ്ട. അത് ഞങ്ങൾ ഭേദഗതി ചെയ്യുകയാണ്. 33-ാം വകുപ്പ് അമൻറ് ചെയ്തിട്ട് ഒരു കൊല്ലത്തിലധികം പാടില്ലായെന്നാണ് ഇതിൽ വ്യവസ്ഥ കൊണ്ടുവന്നത്. 24 കൊല്ലംവരെ എന്നുള്ളത് ഞങ്ങൾ ഒരു കൊല്ലമായി തിരുത്തുകയാണ്. അതുപോലെ സഹകരണ യൂണിയന്റെ സെക്രട്ടറി കൂടി ബോർഡ് മെമ്പറാകുമെന്ന ഒരു വ്യവസ്ഥയാണ്. ഇത് സ്റേററ് ബാങ്കിലും മററും വന്നു. ഇങ്ങനെ വളരെ ചെറുതായിട്ടുള്ളതും എന്നാൽ അത്യാവശ്യം വേണ്ടതും അടിയന്തിര സ്വഭാവമുള്ളതുമായിട്ടുള്ള ചില ക്ലാസുകൾ ഉൾപ്പെടുത്തി ചില അമൻറുമെൻറുകളാണ് ഓർഡിനൻസായി ഇറക്കിയത്. സഹകരണ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനും ജനാധിപത്യപരമായി സംഘങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും വേണ്ടിയാണ് ഈ ഓർഡിനൻസ് ഗവൺമെൻറ് കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രിയുടെ പ്രസംഗം കേട്ടതിനുശേഷം എന്റെ ഒബ്ജക്ഷന് പ്രസക്തി ഏറി എന്നാണ് എന്റെ വിശ്വാസം. നേരത്തെ ഉന്നയിക്കേണ്ടതാണ്. ഇതിലെ ഒരു പ്രധാന സംഗതി ഈ അടുത്ത കാലത്തായി ഇൻഡ്യയിൽ ആകെ ത്തന്നെ പ്രത്യേകിച്ച് ബീഹാർ നിയമസഭയിൽ വരെ സഭ എടുത്തിരിക്കുന്ന തീരുമാനങ്ങളിൻമേൽ ഹൈക്കോടതികൾ ഇടപെടാറുണ്ട്. സഭ എടുത്ത ഒരു തീരുമാനത്തിൽ ഹൈക്കോടതി അടുത്തകാലത്ത് മൗലികാവകാശ ത്തിന്റെ പേരിൽ, മൂന്നുപേരുടെ മെമ്പർഷിപ്പ് ടെർമിനേററ് ചെയ്ത കാര്യത്തെ പാടേ ഹൈക്കോടതി സ്റേറ ചെയ്തു. അതുകൊണ്ടാണ് ഞാനിത് പറയാൻ കാരണം. ഇതിന്റെ ലെജിസ്ലേററീവ് കോംപിറാൻസ് ഒരു പ്രധാന കാര്യമാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനെ സംബന്ധിച്ചുള്ള ലെജിസ്ലേററീവ് കോംപിററൻസ് കേരള ഹൈക്കോടതി യുടെ പരിഗണനയിലിരിക്കുകയാണ്. അതിൻമേൽ ഒരു തീരുമാനമുണ്ടാ യില്ല. അതുകൊണ്ട് ഇപ്പോൾ ഈ പ്രശ്നം ചർച്ചയ്ക്ക് എടുക്കുന്നത് തീർച്ചയായിട്ടും ഒരു ഫ്യൂട്ടൈൽ എക്സർസൈസായി മാറാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഈ പ്രശ്നം ഇപ്പോൾ ഉന്നയിച്ചത്. സഭയ്ക്ക് ചർച്ച ചെയ്യാൻ അധികാരമില്ലെന്ന് എനിക്ക് വാദമില്ല. പക്ഷേ ഈ ചർച്ച മാററി വയ്ക്കണം. മാററിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത് കേരളാ ഹൈക്കോടതിയിൽ ഈ ഗവൺമെൻറിന്റെ പ്രതിനിധികളുൾപ്പെടെ കേസ് വാദിച്ച് അത് തീരുമാനത്തിന് വച്ചിരിക്കുകയാണ്. ഇതിന്റെ ലെജിസ്ലേറ്റീവ് കോംപിററൻസിനെ സംബന്ധിച്ചുള്ള കോടതിയുടെ വിധി അറിയുന്നതുവരെ ഇത് മാററിവയ്ക്കണമെന്നുള്ള ആദ്യത്തെ ഒബ്ജക്ഷൻ ഞാൻ റെയിസ് ചെയ്യുന്നു. രണ്ടാമത്തേത് നമ്മുടെ നടപടി ചട്ടം 75 (1) അനുസരിച്ച് അങ്ങേയ്ക്കറിയാം, ഇവിടെ ഇപ്പോൾ ഒരു സ്റേറററുമെൻറ് വിതരണം ചെയ്തു. എന്താണ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ച വസ്തുത? ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം മുഴുവൻ ഞാൻ കേട്ടു. നിലവിലുള്ള നിയമത്തിൽ ഒരു സൊസൈററിക്കും ഇത്ര കാലാവധിയുണ്ടായിരിക്കണമെന്ന് വ്യവസ്ഥയില്ല. എന്നാൽ ഇന്ന് കോ-ഓപ്പറേററീവ് കോൺഗ്രസ്സിന്റെ തീരുമാനമനു സരിച്ച് അഞ്ചുകൊല്ലം വരെയാകാം. ഡയറക്ടർ ബോർഡിന്റെ ഭരണ സമിതിയുടെ കാലാവധി തീരുമാനിക്കാൻ ജനാധിപത്യപരമായി അതാത് ജനറൽ ബോഡികൾക്ക് വിട്ടുകൊടുക്കുകയാണ് ചെയ്തത്. ആ ജനറൽ ബോഡികൾ തീരുമാനിക്കുകയല്ലാതെ സഭ പാസ്സാക്കി നിങ്ങൾ മൂന്നു കൊല്ലത്തേക്ക് മാത്രമേ ഭരണം നടത്താവൂ എന്നൊരു വ്യവസ്ഥ ഈ സഭ തീരുമാനിച്ചില്ല. അതുകൊണ്ട് കോൺഷ്യസായിട്ട് തന്നെയാണ് 1969-ലെ കോ-ഓപ്പറേററീവ് ആക്ടിൽ കാലാവധി ഫിക്സ് ചെയ്യാതിരുന്നത്. സഹകരണ സ്ഥാപനങ്ങൾ ജനാധിപത്യ സ്ഥാപനങ്ങളാണ്. അവ ഭരിക്കേണ്ടതിനെ സംബന്ധിച്ച് മാക്സിമം പിരീഡ് സജസ്ററ് ചെയ്യുക യല്ലാതെ ഇന്നതുവരെ ഭരിച്ചുകൊള്ളണമെന്ന് പറയേണ്ട കാര്യം ഇല്ലാത്തതു കൊണ്ട് വ്യവസ്ഥ ചെയ്തിട്ടില്ല. ഇതൊരു നടപടിക്രമമാണ്. ഞാൻ പറഞ്ഞുവന്നത്, എന്താണ് അടിയന്തിര സ്വഭാവം? കേരള നിയമസഭ മാർച്ചുമാസത്തിൽ കൂടുമെന്നുള്ളത് ഉറപ്പാണ്. അങ്ങേയ്ക്കും അറിയാം. ഒന്ന്, ബഡ്ജററ് സമ്മേളനം. (2) ആറു മാസം തികയുന്ന കാലാവധി ഈ മാസത്തിലാണ് വരുന്നത്. മാർച്ച് മാസത്തിൽ കൂടണമെന്നുള്ളത് ഒരു ഗവൺമെൻറിനെ സംബന്ധിച്ച് കോൺസ്ററിററ്യൂഷണൽ ലയബി ലിററിയാണ്. അത് നിറവേററാൻ വേണ്ടി കൂടുമെന്ന് ഉറപ്പായിരിക്കെ എന്ത് അടിയന്തിരാവസ്ഥയാണ് ഒരു ഓർഡിനൻസ് വഴി ഈ മൂന്നു കൊല്ലമെന്ന് ഈ നിയമത്തിൽ ഭേദഗതി ചെയ്യാനുള്ളത്? സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ഗതിയിൽ ഒരു ഗവൺമെൻറിന് ഒരു ബില്ല് അവതരിപ്പിച്ച് ഒരു നിയമം പാസ്സാക്കാമല്ലോ. സഭ കൂടുന്നതിന് ഏതാനും ആഴ്ചകൾക്കുമുൻപ് മാത്രമാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആ ഓർഡിനൻസ് പുറപ്പെടുവിച്ചതിന്റെ അടിയന്തിരസാഹചര്യമെന്താണ്? അപ്പോൾ അങ്ങനെ ഒരു അടിയന്തിര സ്വഭാവമുണ്ടായിരുന്നില്ല. സാധാരണഗതിയിൽ ഇവിടെ ഒരു ഒറിജിനൽ ബില്ല് അവതരിപ്പിച്ചിട്ട് സഭയിലെ എല്ലാ ഭാഗങ്ങളിലുമുള്ള അംഗങ്ങളുടെ അഭിപ്രായം ക്രോഡീകരിച്ച് ജനാധിപത്യപരമായ നിലയിൽ വേണമെങ്കിൽ ഈ ബില്ലിൽ കാലാവധി നിർണ്ണയിക്കുന്നകാര്യം തീരുമാനിക്കാം. അത് തീരുമാനിക്കുന്നതിനുപകരം ഒരു കമ്മിററഡ് ലെജിസ്ലേഷൻ, നമ്മെ പ്രത്യേകമായൊരു കമ്മിററ്മെൻറിൽ കൊണ്ട് എത്തിക്കുന്ന രൂപത്തിലുള്ള നിയമനിർമ്മാണം അല്ലെന്ന് ഇന്ന് അപ്പുറത്തുള്ളവർക്കാർക്കെങ്കിലും അഭിപ്രായം പറയാൻ കഴിയുമോ? മൂന്നു കൊല്ല മെന്ന് നിജപ്പെടുത്തിയ ഈ ഓർഡിനൻസിൽ അടിയന്തിര സ്വഭാവം ഇല്ല. വളരെ വ്യക്തമാണ്. അതുപോലെ ഇതെല്ലാം സാധാരണ രീതിയിലുള്ള നിയമനിർമ്മാണ പ്രക്രിയ വഴി അദ്ദേഹം പറഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ സഭയിൽ തന്നെ ഒരു ബില്ലവതരിപ്പിച്ച് നേടാവുന്ന ആവശ്യങ്ങളാണ്. 75 (ബി) അനുസരിച്ചുള്ള ഒരു അടിയന്തിര സ്വഭാവം ഉണ്ടായിരുന്നില്ല. മൂന്നാമത്തെ ഒബ്ജക്ഷൻ എന്നു പറയുന്നത് ഈ നിയമത്തിലുള്ള ഒരു പോരായ്മയാണ്. എന്താണ് ഇതിന്റെ ഫിനാൻഷ്യൽ കമ്മിററ്മെൻറ്?

മി. സ്പീക്കർ: ഇത് അവതരണ സമയത്തുള്ള ഒരു തടസ്സവാദമല്ലേ? പോയിൻറ്സ് മാത്രം പറഞ്ഞാൽ മതി.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൺസോളിഡേററഡ് ഫണ്ടിൽനിന്ന് ഒരു പൈസയും ചെലവാകുകയില്ലെന്നാണ് എഴുതിയിരിക്കുന്നത്. ആ പ്രസ്താവന തെററാണ്. തെററാണെന്ന് ഞാൻ പറയാൻ കാരണമുണ്ട്. ആയിരക്കണക്കിന് സൊസൈററികൾക്ക് അഡ്മിനിസ്ട്രേററീവ് ഓഫീസറന്മാരെ നിയമിക്കേണ്ട സാഹചര്യം ഉണ്ടാകും. അതിൽ ബഹുഭൂരിപക്ഷം ആളുകളും ഫുൾടൈം ഓഫീസേഴ്സാകും. ഇപ്പോൾ ഒരുപക്ഷേ ഗവൺമെൻറ് പറയുമായിരിക്കും ഇങ്ങനെ അഡ്മിനിസ്ട്രേററീവ് ഓഫീസറൻമാരായി വരുന്നവരുടെ ശമ്പളം സർക്കാർ കൊടുക്കുമെന്ന്. അപ്പോൾ ഇവിടെ നിന്നും ഫുൾടൈം ഓഫീസറായിട്ട് അഡ്മിനിസ്ട്രേററീവ് ഓഫീസർ പോയാൽ അയാളുടെ ലീനിൽ സർക്കാർ ഓഫീസറെ നിയമിക്കണം. ഈ നിയമം പാസ്സായാൽ കൺസോളിഡേററഡ് ഫണ്ടിൽനിന്ന് ചെലവ് വരികയില്ല എന്നുള്ള പ്രസ്താവന വസ്തുതകൾക്ക് നിരക്കാത്തതാണ്. കാരണം വലിയ വലിയ ബാങ്കുകളിൽ അഡ്മിനിസ്ട്രേററർമാരായിട്ട് ചുമതലയെടുത്തുചെന്ന ആൾ ഫുൾടൈം ഓഫീസറുടെ ജോലിയാണ് ചെയ്യേണ്ടത്. അങ്ങനെ ഫുൾടൈം ഓഫീസറായിട്ട് വരുന്ന ആൾ കോ-ഓപ്പറേററീവ് ഡിപ്പാർട്ടുമെൻറിൽനിന്നോ ഇതര ഡിപ്പാർട്ടുമെൻറിൽ നിന്നോ വരുന്ന ആളാണ്. അദ്ദേഹം അവിടെ വരുമ്പോൾ അവിടെ ഒഴിവുവരും. പകരം ആളെ അവിടെ കണ്ടെത്തണം. ഈ സംഘത്തിൽ നിന്ന് ചെലവ് കൊടുത്തിരുന്നാലും പകരം വരുന്ന വേക്കൻസിയിൽ ഒരാളെ നിയമിക്കണം. ചെലവ് ചുരുക്കുകയാണല്ലോ ശ്രീ. ഉമ്മൻചാണ്ടിയുടെ ലക്ഷ്യം. ആയിരക്കണക്കിന് പുതിയ തസ്തികകൾ സൃഷ്ടിച്ച് അഡ്മിനിസ്ട്രേററർമാരായി പോകുന്നവന് പകരം നിയമിക്കുകയും കൺസോളിഡേററഡ് ഫണ്ടിൽനിന്ന് ഭീമമായ തുക ചെലവിടേണ്ടി വരികയും ചെയ്യുമെന്നുള്ള കാര്യം പകൽപോലെ വ്യക്തമാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്ന പ്രസ്താവന സഭയെ തെററിദ്ധരിപ്പിക്കാനാണ്. വസ്തുതകൾക്ക് ചേരാത്തതാണ്. പ്രധാനമായും ഈ മൂന്ന് ഒബ്ജക്ഷൻസാണുള്ളത്. അങ്ങ് ഇത് അംഗീകരിച്ച് ഗവൺമെൻറിനെ ബുദ്ധിമുട്ടിലാക്കുമെന്നുള്ള പ്രതീക്ഷയിലല്ല ഞാനിത് പറയുന്നത്. ഇത് പറയുന്നതിൻെറ ഉദ്ദേശം ഒരു നിയമസഭാസാമാജികൻ എന്നുള്ള നിലയിൽ എനിക്ക് ഒരു ചുമതലയുണ്ട് ഈ സഭയിൽ ഇത് ഉന്നയിക്കാൻ. അല്ലാതെ അങ്ങിത് അംഗീകരിക്കുമെന്നോ ഗവൺമെൻറിനെ പ്രയാസത്തിലാക്കുമെന്നോ ഞാൻ പ്രതീക്ഷിക്കുന്നില്ല. അങ്ങനെ സംഭവിക്കരുത്. സംഭവിക്കുകയില്ല. അതെനിക്കറിയാം. അങ്ങേയ്ക്കുമെനിക്കുമറിയാം. പക്ഷേ ഈ നിയമത്തിൻെറ സാദ്ധ്യതകളെക്കുറിച്ച്, അതിൻെറ ലെജിസ്ലേററീവ് കോമ്പിററൻസിനെക്കുറിച്ച്, അതിൻെറ ഫിനാൻഷ്യൽ ഇംപ്ലിക്കേഷനെക്കുറിച്ച് അതുപോലെ ഇതിൻെറ നെസ്സസിററിയെക്കുറിച്ച് പറഞ്ഞതാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇത്തരുണത്തിൽ സുപ്രീംകോടതി ഇക്കാര്യത്തിൽ ഒരു വിധി പറഞ്ഞിട്ടുണ്ട്. അതുമുഴുവൻ ഞാൻ വായിക്കുന്നില്ല. ഈ നിയമത്തിന് വളരെയധികം പ്രസക്തമായ ആ പ്രത്യേകഭാഗം ഞാൻ വായിക്കാം. "The power to promulagate an ordinance is essentially a power to be used to meet an extraordinary situation................" There is no such extraordinary situation here."................and it cannot be allowed to be perverted to serve political ends". It is a clear case of perversion.

മി. സ്പീക്കർ: റീ ഇഷ്യു ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വിധി അല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അല്ല. റീ ഇഷ്യു ചെയ്യുന്നതിനെക്കുറിച്ച് വേറെയാണ്. ഇത് ഓർഡിനൻസിനെക്കുറിച്ച് ജനറലായിട്ട് സുപ്രീം കോടതിയുടെ ഒബ്സർവേഷനാണ്. അങ്ങ് തെററിദ്ധരിക്കരുത്. It is a general observation. The power to promulgate an ordinance is essentially a power to be used to meet an extra ordinary situation and it cannot be allowed to pervert to serve political ends. It is contrary to all democratic norms. The executive should have a power to make a law but in order to meet an emergent situation, this power is conferred on the Governor and an Ordinance issued by the Governor in exercise of his power must therefore be of necessity, shold be limited in point of time. ഇതൊന്നും മി. രാഘവനറിയില്ല. ശ്രീ. രാഘവൻ രാഷ്ട്രീയമായ വിദ്വേഷം വച്ചുകൊണ്ട് രാഷ്ട്രീയമായി പകപോക്കാൻ വേണ്ടി ഒരു perversion-നാണ്. This ordinance is a legal perversion as defined by the Supreme Court.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ഈ ഓർഡിനൻസാണോ perversion അതോ ഈ ഒബ്ജക്ഷൻസാണോ? റൂൾ 76 അനുസരിച്ച് ഈ സ്റേറജിൽ ഇതേപോലെ ഒരു ഒബ്ജക്ഷൻ കൊണ്ടുവരാൻ നിയമമില്ല. അങ്ങനെയൊരു ഒബ്ജക്ഷൻ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചതുതന്നെ നിർഭാഗ്യകരമായിപ്പോയി എന്നുമാത്രമേ പറയുവാനുള്ളു. ഇവിടെ നിയമസഭ മാർച്ച് മാസത്തിൽ കൂടുമെന്നിരിക്കെ എന്തിന് ഒരു ഓർഡിനൻസ് കൊണ്ടുവന്നു എന്നു ചോദിച്ചു. ഈ ഓർഡിനൻസ് ഫെബ്രുവരി മാസത്തിലാണ് വന്നത്. നിയമസഭ കൂടുന്നത് മാർച്ച് മാസം 21-നാണ്. മാർച്ച് മാസം

21-ാം തീയതി സഭ ചേരുന്നു. ഫെബ്രുവരി മാസം 7-ാം തീയതി ഓർഡിനൻസ് കൊണ്ടുവരുന്നു. ആർട്ടിക്കിൾ 213-ൽ പറയുന്നത് നിയമസഭയോ പാർലമെന്റോ കൂടിക്കൊണ്ടിരിക്കുമ്പോൾ, സമ്മേളന കാലത്ത് ഓർഡിനൻസ് കൊണ്ടുവരരുത് എന്നാണ്. സമ്മേളനത്തിന് നോട്ടീസ് അയയ്ക്കുന്നതിന് വളരെ മുമ്പ് എത്രയോ ആഴ്ചകൾക്കുമുമ്പ് ഒരു ഓർഡിനൻസ് കൊണ്ടുവന്നത് തെററായിപ്പോയി എന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത് ഒരു നിയമത്തിനും ചേരുന്നതല്ല. രണ്ടാമത്, അദ്ദേഹം ഇവിടെ ഉദ്ധരിച്ചത് സുപ്രീംകോടതി ജഡ്ജുമെൻറാണ്. സുപ്രീം കോടതിയുടെ ഏതെങ്കിലും ഒരു ജഡ്ജ്മെൻറ് എടുക്കുക, അതിൽനിന്നും ഏതെങ്കിലും ഒരു വാചക മെടുക്കുക, സാഹചര്യത്തിന് ചേരാത്ത നിലയിൽ അതിവിടെ ഉദ്ധരിക്കുക അത് ഒട്ടും ചേർന്നതല്ല. ശക്ധർ ആൻറ് കൗളിൽ പറയുന്നത് എന്താണ്? I am quoting Supreme Court Judgment which is reported in "A.I.R. 1974—Supreme Court page 1533." As regards the Ordinance making power of the Governor, the Supreme Court observes, "The necessity of immediate action and of promulgating an Ordinance is a matter purely for the subjective satisfaction of the Governor. He is the sole Judge of the circumstances necessitating the making of an Ordinance. His satisfaction cannot be questioned on ground of error of Judgment or otherwise."

സർ, സുപ്രീം കോടതി ജഡ്ജ്മെൻറിൽ വളരെ ക്ലീയറായിട്ട് ഗവർണ്ണർ സാററിസ്ഫാക്ഷനോടുകൂടി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചാൽ അതിനെ ക്വാസ്റ്റ്യൻ ചെയ്യാൻ പാടില്ലെന്നിരിക്കെ എന്തു വാദമാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഉദ്ധരിക്കുന്നത് എന്നെനിക്കറിഞ്ഞുകൂടാ. ഗവർണ്ണറുടെ സബ്ജക്ടീവ് സാററിസ് ഫാക്ഷനാണ്. നമുക്ക് അതിലേക്ക് പ്രവേശിക്കാൻപോലും സാദ്ധ്യമല്ല. അതിനെ ക്വസ്റ്റ്യൻ ചെയ്യാൻ പോലും സാദ്ധ്യമല്ല. ഇവിടെ ഈ സാഹചര്യമെന്തെന്ന് ഇതിന്റെ സ്റ്റേറ്റ്മെൻറ് ഓഫ് ഓബ്ജക്ട്സിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ സ്പെഷ്യലായിട്ട് ഈ നിയമം കൊണ്ടു വരാനിടയായ സാഹചര്യം സ്റേററ്മെൻറ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിട്ടുണ്ട്. ശ്രീ. എം. വി. രാഘവൻതന്നെ പറഞ്ഞു നിയമത്തിനകത്ത് പീരിയഡില്ല. നിയമത്തിനകത്ത് പീരിയഡ് പറഞ്ഞിട്ടില്ല. എന്തുണ്ടായി? ബൈലാ അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തോളാൻ പറഞ്ഞു. സംസ്ഥാനത്ത് വിവിധ സൊസൈററികൾ വിവിധ പീരിയഡ് നിശ്ചയിച്ചു. ചില സൊസൈററികൾക്ക് ഒരു കൊല്ലം, ചില സൊസൈററികൾക്ക് രണ്ടു കൊല്ലം, മൂന്നു കൊല്ലം, ഒന്നു മുതൽ അഞ്ചുവരെയുള്ള വർഷങ്ങൾ വ്യത്യസ്തങ്ങളായ സൊസൈറ്റികൾക്ക് വ്യത്യസ്തമായ ഡ്യൂറേഷൻ, ഇത് ശരിയല്ല. യൂണിഫോമായിട്ട് ഇതു സംബന്ധിച്ച് ഒരു ഡ്യൂറേഷൻ കൊടുക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് ഒരു നിയമം കൊണ്ടുവരേണ്ടതാവശ്യമാണ്. അതുകൊണ്ട് അങ്ങനെയൊരു നിയമം കൊണ്ടുവന്നതാണ്. സ്റേററ്മെൻറ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൺസിൽ വളരെ വ്യക്തമായി ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരാനിടയായ സാഹചര്യം പറഞ്ഞിരിക്കെ ആ സാഹചര്യമൊന്നും പറഞ്ഞിട്ടില്ലെന്നുള്ള ശ്രീ. വർക്കല രാധാകൃഷ്ണന്റെ വാദം വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ളതാണ്. മൂന്നാമത് ഒരു ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തെപ്പററിയാണ് ചോദ്യം. ഇവിടെ ഒരു പൈസപോലും ഗവൺമെൻറിന് അധികച്ചെലവില്ല. ഇത്

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നല്ല. ഇത് റീ ഡിപ്ലോയ്മെൻറ് മാത്രമേയാകുന്നുള്ളു. ആ കസേരയിൽ നിന്നെടുത്ത് ഈ കസേരയിലേക്ക് വയ്ക്കുന്നു. പലപ്പോഴും സഹകരണ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരാണ്. അതിനുവേണ്ടി ഗവൺമെൻറിന് ഒരു പൈസ പോലും ചെലവില്ല. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവില്ല. ആ സ്ഥിതിക്ക് ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പൈസയൊന്നും വച്ചിട്ടില്ല, കാണിച്ചിട്ടില്ല എന്നു പറയുന്ന വാദവും നിലനിൽക്കത്തക്കതല്ല. അതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം കറക്ടാണ്. സ്റേററ്മെൻറ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൺസിനെക്കുറിച്ച് ഗവർണ്ണറുടെ സബ്ജക്ടീവ് സാററിസ്ഫാക്ഷനിലേയ്ക്ക് പ്രവേശിക്കുന്നത് ശരിയല്ല. അതിനെ ഇവിടെ ഡിസ്ക്കസ് ചെയ്യത്തക്കതല്ല. റൂം 76 അനുസരിച്ച് ഈ സ്റേറജിലും ഇതിനെ ഒബ്ജക്ട് ചെയ്യത്തക്കതല്ല. അതുകൊണ്ട് അങ്ങ് ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻെറ ഈ മുടന്ത് വാദങ്ങളെ തള്ളിക്കളഞ്ഞ് ഈ ഡിസ്ക്കഷൻ മുന്നോട്ടുകൊണ്ടുപോകാൻ അനുവദിക്കണമെന്നുമാത്രമേ എനിക്ക് പറയുവാനുള്ളു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ലാ മിനിസ്ററർ പറഞ്ഞു. ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഒരു കാര്യം പറഞ്ഞത് ഫുൾടൈം അഡ്മിനിസ്ട്രേററർമാരെ വച്ചാൽ ശമ്പളം കൊടുക്കണമെന്നാണ്. ഫുൾടൈം അഡ്മിനിസ്ട്രേററെ വച്ചാൽ ചട്ടമനുസരിച്ച് തന്നെ ശമ്പളം സൊസൈററിയാണ് കൊടുക്കേണ്ടത്. ഗവൺമെൻറിലെ ചെലവല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യമാണ് പറയാനുള്ളത്. സുപ്രീം കോടതി ഈ കാര്യത്തിൽ പറഞ്ഞിട്ടുള്ള വിധിയാണ് അന്തിമവാക്ക്. സുപ്രീംകോടതി അസന്ദിഗ്ദ്ധമായ ഭാഷയിൽ ഗവർണ്ണർക്ക് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ശ്രീ. മാണി ഇത് വായിക്കണം. A.I.R. 1987 Supreme Court. Page 579. What are the powers? സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. ശ്രീ. മാണി പറയുന്നതല്ലല്ലോ നിയമം. സുപ്രീം കോടതി The power to promulgate an Ordinance സംബന്ധിച്ച് ഗവർണ്ണർക്കുള്ള പവറിനെക്കുറിച്ച് വളരെ വ്യക്തമായി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധത്തിൽ വിധി പ്രഖ്യാപിച്ചുകഴിഞ്ഞു. ഗവർണ്ണറുടെ subjective satisfaction-ന് വിധേയമല്ല. What are the circumstances that are prevailing for issuing an ordinance? There must be an extraordinary situation, there must be an emergency and there should also be a situation where in the immediate future, the legislature could not be convened. When these circumstances exist then only the Governor can issue an Ordinance. My dear Mani you are mistaken. Governor is having no subjective jurisdiction, അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അങ്ങ് തീരുമാനിക്കുന്നതിൽ എനിക്ക് പ്രതിഷേധമില്ല, പക്ഷേ ശ്രീ. മാണിയുടെ വാദം അങ്ങേയററം ബാലിശമാണ്. പുറത്ത് കോടതിയിലോ നാട്ടിൽ നാലുപേർ അറിയുന്നിടത്തോ പറയാൻ കൊള്ളാവുന്ന വാദമല്ല ശ്രീ. മാണി പറയുന്നത്. എനിക്ക് പലപ്പോഴും സങ്കടം തോന്നിയിട്ടുണ്ട്, നിയമത്തിൻെറ നാലയലത്തുപോലും ശ്രീ. മാണി ചെല്ലുകില്ല. എന്നിട്ട് he will argue something else which is not connected with the issue at all.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ ശക്ധർ ആൻറ് കൗം അതോറിററിയല്ല എന്നു പറഞ്ഞപ്പോൾതന്നെ ശ്രീ. വർക്കലയുടെ വാദം പൊളിഞ്ഞുപോയി. ഇവിടെ ഞാൻ ശക്ധർ ആൻറ് കൗളിനെയല്ല ക്വോട്ട് ചെയ്തത്. ശക്ധർ ആൻറ് കൗളിൽ പറഞ്ഞിരിക്കുന്ന സുപ്രീംകോടതി ജഡ്ജ്മെൻറിനെയാണ് ഞാൻ ക്വാട്ട് ചെയ്തത്. സുപ്രീം കോടതി ജഡ്ജ്മെൻറാണ് ഞാൻ വായിച്ചത്. ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞത് റീ ഇഷ്യൂവിനെപ്പററിയാണ്. ഓർഡിനൻസ് റീ ഇഷ്യൂ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള സുപ്രീംകോടതി ജഡ്ജ്മെൻറിൻെറ സൈറേറഷൻ പറഞ്ഞു എന്നുമാത്രമേയുള്ളു. അദ്ദേഹത്തിൻെറ ഈ വാദങ്ങളൊക്കെ കേട്ടാൽ ഒന്നും അറിയാൻ വയ്യാത്ത ഒരു നിലയിലാണെന്നു തോന്നും.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): വളരെ തെററിദ്ധാരണ പരത്തുന്ന നിലയിലാണ് ഈ വാദഗതികൾ. ഓർഡിനൻസിനെ സംബന്ധിച്ച് പാർലമെൻറിൽതന്നെ വിധി ഉണ്ടായിട്ടുണ്ട്. ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ജനാധിപത്യ വ്യവസ്ഥ അനുസരിച്ചുതന്നെയാണ്. നിയമനിർമ്മാണം നടത്തുന്നത് ഈ സഭയാണ്. ഓർഡിനൻസ് ഈ സഭയിൽ വരണം. സഭയ്ക്ക് അതേപടി സ്വീകരിക്കാം, മാററാം, അന്തിമമായ തീരുമാനമെടുക്കുന്നത് ഈ സഭയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഈ സഭ എടുക്കുന്ന തീരുമാനങ്ങൾ, ഈ സഭ രൂപം കൊടുക്കുന്ന, അല്ലെങ്കിൽ ഈ സഭ തീരുമാനിക്കുന്നതിൻെറ അടിസ്ഥാനത്തിലുണ്ടാകുന്ന സ്ഥാപനങ്ങൾ എത്രകാലം പ്രവർത്തിക്കണം, എങ്ങനെ പ്രവർത്തിക്കണമെന്നതിനൊരു നേതൃത്വം കൊടുക്കുകയെന്നുള്ളത് ഈ സഭയ്ക്കുള്ള അവകാശമാണ്. നേരെമറിച്ച് സഹകരണനിയമം കൊണ്ടു വന്ന അവസരത്തിൽ അതിൻെറ പരിധിയിൽ സഹകരണസംഘങ്ങളെ ഉൾക്കൊള്ളിക്കാൻ പറഞ്ഞു. അതുകൊണ്ടുതന്നെയാണുണ്ടായിട്ടുള്ളത്. ഒരു വർഷം മുതൽ അഞ്ചു വർഷം വരെ ഇവിടെ ചൂണ്ടിക്കാണിച്ചു. നാളെ ഒരു സഹകരണസംഘത്തിന് ഏഴ് കൊല്ലം വേണമെന്നുവച്ചാൽ തടയാൻ വ്യവസ്ഥയില്ല, പത്തുകൊല്ലം എന്നു പറഞ്ഞാൽ തടയാൻ വ്യവസ്ഥയില്ല. ഓഹരി എടുക്കുന്ന അംഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ സഹകരണ സംഘത്തെ സംബന്ധിച്ചുണ്ടാകുന്ന ചെയ്തികൾ സാധാരണ ഗതിയിൽ പാളിച്ച പററുകയാണെങ്കിൽ ഇത്രകാലയളവിൽ എങ്കിലും അവരെ മാററാനുള്ള വ്യവസ്ഥയുണ്ടാകണം. ആ വ്യവസ്ഥ യൂണിഫോം ആകണമെന്നുള്ളതുകൊണ്ട് സ്വീകരിച്ച ഒരു നടപടിയാണ്. അതിലും വിശേഷിച്ച് സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് പല സഹകരണസംഘങ്ങളും പല കാലഘട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതു കൊണ്ട് രണ്ടുകൊല്ലക്കാർ, അഞ്ചുകൊല്ലക്കാർ, തുടങ്ങി അതിൻെറയൊക്കെ കാലാവധി അവസാനിപ്പിച്ച് പിന്നെയും പിന്നെയും തെരഞ്ഞെടുപ്പ് വന്നാൽ മേലിലും തുടരും. അതുകൊണ്ട് അങ്ങനെയുള്ള ഒരു ഘട്ടത്തിൽ ഭാവിയിൽ വരുന്ന സഹകരണസംഘങ്ങളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വ്യക്തമായ ഒരു നിർദ്ദേശം കൊടുക്കേണ്ടത് ആവശ്യമായി വന്നതുകൊണ്ട് സഭ ചേരുന്നതിനുമുമ്പും സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പും ഇങ്ങനെയൊരു നടപടി സ്വീകരിക്കേണ്ടിവന്നതുകൊണ്ട് ഗവൺമെൻറ് സ്വീകരിച്ച ഒരു നടപടിയാണ്. അസാധാരണമായിട്ട് ഒന്നുമില്ല. അത് പൂർണ്ണമായും ജനാധിപത്യപരമായിട്ടുള്ള നടപടിയാണ്.

മി. സ്പീക്കർ: രണ്ടുമൂന്നുകാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ചത് (1) ഓർഡിനൻസിനെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്, വാദം കേട്ടിരിക്കുകയാണ്, അതുകൊണ്ട് ഇവിടെ ഇപ്പോൾ ഈ നിയമം........

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ നിയമം ഇവിടെ പാസ്സാക്കിയില്ലെങ്കിൽ it will be a fraud on the Constitution, ഹൈക്കോടതി തന്നെ പറയും ഇങ്ങനെയൊരു ഓർഡിനൻസ് പാസ്സാക്കിയിട്ട്, പ്രൊമുൾഗേററ് ചെയ്തിട്ട് നിയമസഭ അത് പാസ്സാക്കാതെ പിരിഞ്ഞതുതന്നെ ഇതാവശ്യമില്ലായിരുന്നു എന്ന് തെളിയിക്കുന്നതാണ് എന്ന്. അതുകൊണ്ട് ഗവൺമെൻറ് ബോണ ഫൈഡായിട്ട് മൂവ് ചെയ്തിട്ടുള്ള ഒരു കാര്യം, ബോണഫൈഡായിട്ട് ഗവർണ്ണർ പ്രൊമുൾഗേററ് ചെയ്ത ഒരു ഓർഡിനൻസ് എന്ന് തെളിയിക്കുവാൻതന്നെ ഈ നിയമം പാസ്സാക്കേണ്ടത് ആവശ്യമാണ്. യാതൊരു ഇഞ്ചങ്ഷനും ഈ ഗവൺമെൻറിനെതിരായിട്ട്, ഈ നിയമം ഇവിടെ കൊണ്ടുവരുന്നതിനെതിരായിട്ട് ഇല്ല, അതിന് വിലക്കില്ല. അത് പാസ്സാക്കേണ്ടത് bona fide തെളിയിക്കാനും ആവശ്യമാണ്.

ശ്രീ. ഇ. കെ. നായനാർ: ഇതിൽ ബഹുമാനപ്പെട്ട മാണി ന്യായവാദമാണല്ലോ പറഞ്ഞത്. എന്നാൽ ഈ അസംബ്ലി കൂടുമ്പോൾ എന്തിനാ ഓർഡിനൻസ്? അത് സ്പീക്കറാണ് ക്ലീയറാക്കേണ്ടത്. അതിൽ മന്ത്രിക്ക് അവകാശമില്ല. അസംബ്ലി കൂടുമ്പോൾ ഒരു ഓർഡിനൻസിന്റെ ആവശ്യമെന്താണ്?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ശ്രീ. ഇ. കെ. നായനാർ ഒരു ചോദ്യം ചോദിച്ചു. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് നിയമസഭ സമൺ ചെയ്തതിനുശേഷം നിങ്ങൾ ഇവിടെ എത്ര ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്? നിങ്ങൾ ചെയ്ത തെററ് ഞങ്ങൾ ചെയ്തിട്ടില്ല. ഈ ഓർഡിനൻസ് ഫെബ്രുവരിയിലാണ് ഇറക്കിയത്. ഗവർണ്ണർക്ക് സബ്ജക്ടീവ് സാററിസ്ഫാക്ഷൻ ഉണ്ടെങ്കിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാം എന്ന് നമ്മുടെ ഭരണഘടനയിൽതന്നെ വ്യവസ്ഥയുണ്ട്. ആ ഓർഡിനൻസ് തെറേറാ ശരിയോ എന്നുള്ളത് ചോദ്യം ചെയ്യേണ്ടത് വേറെ സമിതികളിലാണ്. ഇവിടെ സബ്ജക്ടീവ് സാററിസ്ഫാക്ഷൻ ഉണ്ട്; ഗവർണ്ണർക്ക്. അത് ചോദ്യം ചെയ്യാനുള്ള അവകാശം ഒരു മെമ്പർക്കുമില്ല, സഭയ്ക്കുമില്ല.

ശ്രീ. ഇ. കെ. നായനാർ: ഞങ്ങൾ ചെയ്തത് മുഴുവൻ ശ്രീ. ടി. എം. ജേക്കബ് ചെയ്യുമെങ്കിൽ തരക്കേടില്ലായിരുന്നു. അതിന് വിപരീതമായിട്ടാണ് ശ്രീ. ടി. എം. ജേക്കബ് പ്രവർത്തിക്കുന്നത്. അതാണ് ഞാൻ അതിനെ ചോദ്യം ചെയ്യാൻ കാരണം.

മി. സ്പീക്കർ: ഇതിൽ ആദ്യത്തെ വാദഗതി, കോടതിയിൽ കേസ് ഇരിക്കുന്നു, അതുകൊണ്ട് ഇവിടെ ചർച്ച ചെയ്ത് നിയമമാക്കാൻ പാടില്ലായെന്നുള്ളതാണ്. അത് നിയമപ്രകാരം ഇവിടെ ചർച്ച ചെയ്യുന്നതിന് നിയമപരവും ഭരണഘടന അനുസരിച്ചും തർക്കമില്ല. അതുകൊണ്ട് പിന്നെ മാററി വയ്ക്കണമോ വേണ്ടയോ എന്നുള്ളത് തീരുമാനിക്കേണ്ടത് ഗവൺമെൻറാണ്. അതുകൊണ്ട് നിയമപരമായ

LIBRARY ARCHIVES Kerala Legislative Assembly

തടസ്സമില്ലാത്ത ഒരു കാര്യം ഗവൺമെൻറ് മാററിവയ്ക്കുന്നില്ല, ഇപ്പോഠം തന്നെ എടുക്കണമെന്നു പറഞ്ഞുകഴിഞ്ഞാൽ എനിക്ക് അതിന് തടസ്സം നിൽക്കാനൊക്കില്ല.

ശ്രീ. ഒ. ഭരതൻ: ഈ നിയമസഭ ഈ ബിൽ സംബന്ധിച്ച് ഇവിടെ ചർച്ച നടത്തുന്നു. ചർച്ച ചെയ്ത് ഇന്ന് സബ്ജക്ട്സ് കമ്മിററിക്ക് അയയ്ക്കുന്നു. അതിനിടയിൽ നാളെ ഹൈക്കോടതിയുടെ വിധി വരുന്നു. ഇതിൽ ഇന്നയിന്ന പ്രൊവിഷൻസ് തെററാണ്, ഭരണഘടനാ വിരുദ്ധമാണ്, മൗലികാവകാശങ്ങഠക്ക് വിരുദ്ധമാണ് എന്ന് കോടതി പറയുന്നു. അങ്ങനെയാണെങ്കിൽ ഇവിടെ നടത്തിയ ചർച്ച മുഴുവൻ അനാവശ്യമായ ഒരു വ്യായാമമാകില്ലേ?

മി. സ്പീക്കർ: അങ്ങനെ വന്നുകഴിഞ്ഞാൽ നമുക്ക് പരിശോധിക്കാം. ഈ ഓർഡിനൻസിന് രണ്ടാമതൊരു തടസ്സവാദം പറഞ്ഞത് ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൻെറ കാര്യമാണ്. അത് അധികച്ചെലവ് വരുമെന്ന് ഗവൺമെൻറ് കരുതുന്നില്ലായെന്ന് ആവർത്തിച്ച് പറഞ്ഞു. അതുകൊണ്ട് ആ സാഹചര്യത്തിൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിന് ഭേദഗതി ആവശ്യമുണ്ടെന്നുള്ള അഭിപ്രായവും എനിക്കില്ല. ഇവിടെ ഈ സമ്മേളനം കൂടുന്നതിന് തൊട്ടുമുമ്പ് ഇത്തരത്തിലുള്ള ഒരു ഓർഡിനൻസ് ഇഷ്യൂ ചെയ്തതിൻെറ കാര്യമാണ് മൂന്നാമതൊരു തടസ്സം. അതിൻെറ ഒരു പ്രൊപ്രൈറററിയെക്കുറിച്ച് ആണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മൂന്നാമത്തെ ഇഷ്യൂ. അതിൽ ഒന്ന്, ഫെബ്രുവരിയിലാണ് ഓർഡിനൻസ് ഇവിടെ ഇഷ്യൂ ചെയ്തിട്ടുള്ളത്. സഭ കൂടുന്ന കാര്യം തീരുമാനിച്ചതും സമൻസ് അയച്ചതുമൊക്കെ മാർച്ചിലാണ്. ഇവിടത്തെ കീഴ്വഴക്കങ്ങഠ വച്ചു നോക്കുമ്പോഠ ഇവിടെ തടസ്സവാദങ്ങഠ വന്നതുകൊണ്ട് ഇവിടത്തെ പഴയ അനുഭവങ്ങഠ നോക്കി. 7–6–1985-ൽ 7-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിനുള്ള സമൻസ് ഇഷ്യൂ ചെയ്തു. സമൻസ് ഇഷ്യൂ ചെയ്തതിനുശേഷം 21–6–1985-ൽ ആണ് കേരളാ സർവ്വേ ആൻറ് ബൗണ്ടറീസ് അമൻറ്മെൻറ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. സമൻസ് ഇഷ്യൂ ചെയ്ത് ഏതാണ്ട് 13, 14 ദിവസം കഴിഞ്ഞിട്ടാണ് അന്ന് ആ ഓർഡിനൻസ് പുറപ്പെടുവിച്ചത്. അങ്ങനെയുള്ള ഒരു അനുഭവം ഉണ്ടായിട്ടുണ്ട്. 5–6–1986-ലാണ് 7-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിനുള്ള സമൻസ് ഇഷ്യൂ ചെയ്തത്. ആ സമൻസ് ഇഷ്യൂ ചെയ്ത അന്നുതന്നെ സമൻസ് ഇഷ്യൂ ചെയ്തതിനുശേഷം കേരളാ എസ്സൻഷ്യൽ സർവ്വീസസ് മെയിൻറനൻസ് ഓർഡിനൻസ് പുറപ്പെടുവിച്ച അനുഭവം ഉണ്ടായിട്ടുണ്ട്. 1989 മെയ് 26-ാം തീയതി എട്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിനുള്ള സമൻസ് അയച്ചു. അന്നുതന്നെ ആ സമൻസ് അയച്ചതിനുശേഷം കേരളാ റൂറൽ ഡെവലപ്പ്മെൻറ് ബോർഡ് അമൻറ്മെൻറ് ഓർഡിനൻസ് പുറപ്പെടുവിച്ചു. അങ്ങനെ പല അനുഭവങ്ങളും ഇക്കാര്യത്തിൽ ഇവിടെ ഉണ്ടായിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: അങ്ങനെ ചില ഓർഡിനൻസ് ഇറക്കുന്നതിനെപ്പററിയാണ് ശ്രീ. സുധീരൻ സ്പീക്കറായിരുന്ന കാലത്ത് ചില പരാമർശനങ്ങഠ നടത്തിയത് എന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: ഞാൻ പറഞ്ഞുവന്നത്, അങ്ങനെയുള്ള അനുഭവങ്ങളും. . . . . . . .സമൻസ് അയച്ചതിനുശേഷം ഓർഡിനൻസ് ഇഷ്യൂ ചെയ്ത അനുഭവങ്ങഠപോലും ഉണ്ടായിട്ടുണ്ട്. ഇവിടെ സമൻസ്



LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കുന്നതിനൊക്കെ വളരെ മുമ്പേ, നിയമസഭയുടെ സമൻസ് അയക്കുന്നതിന് തീരുമാനിക്കുന്നതിന് വളരെ മുമ്പേയാണ് ഈ ഓർഡിനൻസ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിലെ ആർട്ടിക്കിൾ 213 (I) അനുസരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് രണ്ട് വ്യവസ്ഥകളാണ് പ്രത്യേകം പറഞ്ഞിട്ടുള്ളത്, അതിൽ ഒന്ന് നിയമസഭ സമ്മേളിക്കാതിരിക്കുക. അതുകൊണ്ട് ആർട്ടിക്കിൾ 213-ലെ ഒന്നാമത്തെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ വ്യവസ്ഥ, അടിയന്തിര സാഹചര്യം. അടിയന്തിര നടപടി എടുക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ എന്നുള്ളത് ഗവർണ്ണറുടെ സാററിസ്ഫാക്ഷനാണ്. ഗവർണ്ണറുടെ സാററിസ്ഫാക്ഷനെ നമുക്ക് ചോദ്യം ചെയ്യാൻ ക്കുകയില്ലായെന്നാണ് ഇതു സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധി. അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. 'ഒരു ഓർഡിനൻസ് പ്രഖ്യാപിക്കുക എന്നുള്ളത് ഗവർണ്ണറുടെ സബ്ജക്ടീവ് സാററിസ്ഫാക്ഷനിൽപ്പെട്ട കാര്യമാണ്. ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം ഉണ്ടോ എന്നു തീരുമാനിക്കാനുള്ള പരമാധികാരി ഗവർണ്ണർ ആണ്. അതിനെ ചോദ്യം ചെയ്യാൻ സാദ്ധ്യമല്ല.' തീരുമാനത്തിനുള്ള തെററോ മററ് കാരണങ്ങളോ കൊണ്ട് അദ്ദേഹത്തിന്റെ ബോദ്ധ്യത്തെ ചോദ്യം ചെയ്യുക സാദ്ധ്യമല്ലെന്നാണ് സുപ്രീം കോടതിയുടെ അഭിപ്രായം. അതുകൊണ്ട് ഈ സാഹചര്യങ്ങളിൽ ഈ നിയമതടസ്സവാദങ്ങൾ ഒന്നുംതന്നെ നിലനിൽക്കുകയില്ല എന്ന് ചെയർ റൂൾ ചെയ്യുകയാണ്.

<u>ശ്രീ. ടി. എം. ജേക്കബ്:</u> സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സ്പീക്കറൊക്കെയായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ തടസ്സവാദം വണ്ടിക്കു പുറകിൽ കാളയെ കെട്ടിയതുപോലെ ആയിപ്പോയി.

<u>മി. സ്പീക്കർ:</u> ആ വാദത്തിനോട് ഞാൻ യോജിക്കുന്നില്ല. അദ്ദേഹം നല്ല അഭിഭാഷകനായിട്ട് വാദിക്കുന്ന ആളാണ്.

<u>ശ്രീ. കെ. എം. മാണി:</u> നല്ല അഭിഭാഷകനാ, നടത്തിയ കേസെല്ലാം തോററുപോയി.

<u>മി. സ്പീക്കർ:</u> ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല.

<u>ശ്രീ. വർക്കല രാധാകൃഷ്ണൻ:</u> ടി. എം. ജേക്കബിനെ നിയമം പഠിപ്പിച്ചവനാണ് ഞാൻ. ടി. എം. ജേക്കബിന് LL.B. പരീക്ഷയ്ക്ക് പോകണമെങ്കിൽ എന്റെ ഒപ്പ് വേണം. ഒപ്പ് വാങ്ങിക്കാതെയാണ് പരീക്ഷ എഴുതിയത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, നിരാകരണപ്രമേയം അവതരിപ്പിക്കുകയാണ്.

I move that—"This House resolves to disapprove the Kerala Co-operative Societies (Amendment) Ordinance, 1992 (Ordinance No. 3 of 1992)". ഭരണഘടന അനുസരിച്ചും ധാർമ്മികമായും ജനാധിപത്യപരമായും ശരിയായിട്ടുള്ളതല്ല. ഒരു ഓർഡിനൻസ്; ഇവിടെ വ്യക്തമാക്കിയതുപോലെ, അടിയന്തിര നടപടികൾ ആവശ്യമായി വരുമ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിക്കേണ്ടത്. സാധാരണനിലയ്ക്ക് നിയമസഭ കൂടാതിരിക്കുമ്പോഴ ഗവൺമെന്റിന് ഒരു ഓർഡിനൻസ് ഇറക്കേണ്ട അടിയന്തിര സാഹചര്യം വരുമ്പോഴാണ് ഓർഡിനൻസ് ഇറക്കേണ്ടിവരുക. നമ്മുടെ ഭരണഘടനയുടെ 213-ാം വകുപ്പ് ഇതുസംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. If the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances. ഗവർണ്ണറുടെ സാററിസ്ഫാക്ഷനാണ് പ്രധാനം എന്നു പറഞ്ഞത്. If the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances. ഇതാണ് ഭരണഘടനയുടെ 213-ാം വകുപ്പിൽ പറയുന്നത്. ഇവിടെ ഏതുതരത്തിലുള്ള അടിയന്തിര സാഹചര്യമാണ് ഉണ്ടായത്. ഇത്തരത്തിൽ ഒരു സാഹചര്യം that circumstances exist which render it necessary എന്നു പറയുന്ന എന്തു സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിലെ സഹകരണരംഗത്ത് ഇത്തരം ഒരു ഓർഡിനൻസ് അടിയന്തിരമായി കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇന്ന സാഹചര്യങ്ങൾ ഇതിന് ഉണ്ട്. ഇത് കൊണ്ടുവന്നില്ലെങ്കിൽ ഇന്നയിന്ന തകരാറുകൾ സംഭവിക്കാൻ ഇടയുണ്ട് എന്ന് ഇതുവരെ ഗവൺമെന്റിന് പറയാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഓർഡിനൻസിന്റെ സാംഗത്യത്തെക്കുറിച്ച് മുഖ്യമന്ത്രി അടക്കമുള്ള ബഹുമാനപ്പെട്ട മന്ത്രിമാരിൽ പലരും ന്യായീകരിച്ചു സംസാരിച്ചു. ഇവിടെയാണ് മുൻ ലോക്സഭാ സ്പീക്കർ മൗലങ്കാർ നെഹ്റുവിന് എഴുതിയിരുന്ന ഒരു കത്ത് പ്രസക്തമായി വരുന്നത്. ആ കത്ത് 1954 ജൂലൈ 17-ാം തീയതിയായിരുന്നു എഴുതിയത്. അതിൽ മൗലങ്കാർ പറഞ്ഞു The issue of ordinance is undemocratic ലോക്സഭാ സ്പീക്കറായിരുന്ന മൗലങ്കാർ നെഹ്റുവിന് എഴുതിയ കത്തിൽ പറയുകയാണ്, The issue of an ordinance is undemocratic and cannot be justified except in cases of extreme urgency or emergency. ഇതാണ് ഓർഡിനൻസുകളെ സംബന്ധിച്ച് പാർലമെന്റേറിയൻമാർ സ്വീകരിച്ചിരുന്ന സമീപനം. അടിയന്തിര സാഹചര്യം, എക്സ്ട്രീം അർജൻസി ഓർ എമർജൻസി, അതിനെ ന്യായീകരിക്കാൻ ഉണ്ടായിരിക്കണം. ഇവിടെ ഇത്തരത്തിലുള്ള ഒരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് എന്ത് എക്സ്ട്രീം അർജൻസിയാണ് ഉണ്ടായത്, ഏതുതരത്തിലുള്ള എമർജൻസിയായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഈ ഓർഡിനൻസ് കേരളത്തിലെ സഹകരണരംഗത്ത് ജനാധിപത്യം നിലനിറുത്തുന്നതിനു വേണ്ടിയുള്ളതല്ല. സഹകരണരംഗത്തെ കശാപ്പുചെയ്യാനുള്ളതാണ്, ഇത് സംഹരിക്കാനുള്ളതാണ്. അതുകൊണ്ടാണ് ഇതിനെ പലരും സംഹാര ഓർഡിനൻസ് എന്നും മാരണ ഓർഡിനൻസ് എന്നും ഒക്കെ വിശേഷിപ്പിക്കുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഇവിടെ ഓർഡിനൻസിന് എതിരായി പറഞ്ഞു. ഇവിടെ 40 വർഷം കഴിഞ്ഞശേഷം ആണ് നമ്മുടെ ഡെമോക്രസി പരീക്ഷണങ്ങളുമായി മുന്നോട്ടു പോകുന്നത്. ഇപ്പോൾ ഈ ആക്ട് കൊണ്ടുവരാനുള്ള പ്രധാന കാരണം മോഡൽ കോ-ഓപ്പറേറ്റീവ് സൊസൈററി ആക്ട് സെക്ഷൻ 31 എല്ലാ സ്റേററുകൾക്കും ബാധകമായിട്ടുണ്ട് എന്നുള്ളതാണ്. പ്ലാനിംഗ് കമ്മീഷൻ ഒരു യൂണിഫോമിററിയായിട്ട് എല്ലാ സ്റേററുകളിലും 3 വർഷ കാലാവധി വേണമെന്ന് പറഞ്ഞിട്ടുണ്ട്. The term of office of the directors of the board or, where the bye-laws provide for retirement of the directors by rotation, the term of office of the individual directors shall be for such period

as specified in the bye-laws but not exceed three years from the date of assumpti n of office; ഇപ്പോഴത്തെ പ്ലാനിംഗ് കമ്മീഷൻ പറഞ്ഞതാണ്. ഇപ്പോഴത്തെ പ്ലാനിംഗ് കമ്മീഷന്റെ ചെയർമാൻ നരസിംഹറാവു ആണ്. അന്നത്തെ പ്ലാനിംഗ് കമ്മീഷന്റെ ചെയർമാൻ പണ്ഡിററ് നെഹ്റു ആയിരുന്നു. ഇപ്പോഴത്തെ പ്ലാനിംഗ് കമ്മീഷൻ ശുപാർശയാണ് എല്ലാ സംസ്ഥാനങ്ങളിലും 3 വർഷത്തിൽ കൂടുതൽ ആക്ടിന്റെ കാലാവധി വരാൻ പാടില്ല. അതനുസരിച്ച് നിയമനിർമ്മാണം ഉണ്ടാക്കിക്കൊള്ളണമെന്ന ഡയറക്ടീവുണ്ട്. ആ ഡയറക്ടീവനുസരിച്ചാണ് 3 വർഷത്തെ കാലാവധി.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട തച്ചടിയുടെ ചോദ്യത്തിന് ഞാൻ ഇപ്പോം ഉത്തരം പറയുന്നില്ല. എന്റെ പ്രസംഗം ഉണ്ടല്ലോ; ആ പ്രസംഗത്തിന്റെ ഒരു ഘട്ടത്തിൽ ഇത് വരുന്നുണ്ട്. ഏതായാലും ബഹുമാനപ്പെട്ട തച്ചടി മോഡൽ ആക്ടിലുള്ള എല്ലാ നിർദ്ദേശങ്ങളും അംഗീകരിക്കുന്നു എന്ന് കണ്ടതിൽ സന്തോഷമുണ്ട്. ആ ആക്ഷനെ കുറിച്ച് അവസാനം പറയാം. അങ്ങ് അത് മുഴുവനായി അംഗീകരിക്കുന്നുണ്ട് എന്നാണല്ലോ ഈ പറഞ്ഞതിന്റെ അർത്ഥം. ഇവിടെ നിയമസഭ കൂടാനിരിക്കേ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ശരിയല്ലെന്ന് ലോക്സഭാ സ്പീക്കർമാർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. 1954-ൽ പറഞ്ഞ് അവിടെ നിറുത്തി എന്ന് തെററിദ്ധരിക്കേണ്ട. പിന്നീടും ലോക്സഭാ സ്പീക്കർമാർ ഇത് ആവർത്തിച്ചിട്ടുണ്ട്. 1971-ൽ നവംബർ 22-ന് അന്നത്തെ ലോക്സഭാ സ്പീക്കറുടെ പരാമർശം ഇവിടെയുണ്ട്. അദ്ദേഹം പറഞ്ഞത് All I can say is that I do not approve of an ordinance just at the time when the House is about to meet. ഓർഡിനൻസിനെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ഒന്നാണ്. ലോക്സഭാ സ്പീക്കർ പറഞ്ഞത്, just at the time when the House is about to meet എന്നാണ്. നിയമസഭ കൂടാനിരിക്കെ ഒരു ഓർഡിനൻസ് ഇറക്കുന്നതിനെ അദ്ദേഹത്തിന് ന്യായീകരിക്കാൻ കഴിയില്ലെന്നാണ്. ഇവിടെ നിയമസഭ കൂടേണ്ടതുണ്ടെന്ന് പാർലമെന്ററി പ്രവർത്തനവുമായി ബന്ധപ്പെട്ടുപോകുന്ന എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമല്ലേ? ഗവർണ്ണറുടെ അഡ്രസ്സിനു വേണ്ടി നിയമസഭ കൂടേണ്ട സാഹചര്യം വരുന്നു. തൊട്ടുമുമ്പാണ് ഈ ഓർഡിനൻസ് കൊണ്ടുവരുന്നത്. 1973-ൽ മാത്രമല്ല, ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞത്, 1954-ൽ മാത്രമേ പറഞ്ഞിട്ടുള്ളുവെന്ന്, 1973-ൽ നവംബർ 13-ാം തീയതി ലോക്സഭാ സ്പീക്കർതന്നെ ഇത്തരത്തിലൊരു ഘട്ടത്തിൽ വീണ്ടുമൊരു പരാമർശനം നടത്തി. അദ്ദേഹം പറഞ്ഞത്" Ordinances by themselves are not very welcome specially when the date for session of the House is very clear. It is not only clear but is also near. In such cases unless there are very special reasons ordinan.es should be avoided. ഈ ഓർഡിനൻസിനെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമായ ഒരു ഭാഗമാണിത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സ്പെഷ്യൽ റീസൺസ് ഉണ്ടെങ്കിൽ ആകാമെന്നല്ലേ പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. പിണറായി വിജയൻ: ഇവിടെ എന്തു റീസണാണ് ചൂണ്ടിക്കാണിക്കാനുള്ളത്?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റിന് തോന്നി റീസൺ ഉണ്ടെന്ന്.

ശ്രീ. പിണറായി വിജയൻ: അങ്ങനെ ഗവൺമെൻറിന് തോന്നിയാൽ പോരല്ലോ. നാലാൾക്ക് ബോദ്ധ്യമാകേണ്ടേ? അങ്ങനെ ബോദ്ധ്യമാകാതെ, ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ മാത്രം ബോദ്ധ്യമാകുമോ? ഈ നാടിന് ബോദ്ധ്യമാകേണ്ടേ, സഹകരണമേഖലയ്ക്ക് ബോദ്ധ്യമാകേണ്ടേ? നിങ്ങൾക്കു മാത്രം തോന്നിയതുകൊണ്ടായില്ല, അതൊരു ബോദ്ധ്യമാകലല്ല. നാടിന് ബോദ്ധ്യമാകണം. അത് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ പറഞ്ഞത്, Not only clear but is also near. നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം അത് ശരിയല്ലേ? നമ്മുടെ നിയമസഭ ഗവർണ്ണറുടെ അഡ്രസ്സിനുവേണ്ടി കൂടണമെന്ന് എല്ലാവർക്കുമറിയാമല്ലോ. ഫെബ്രുവരി 7-ാം തീയതി ഓർഡിനൻസ് ഇറക്കിയിട്ട് എത്രദിവസം താമസമുണ്ടായി നിയമസഭ വിളിച്ചുകൂട്ടാൻ തീരുമാനമെടുക്കുന്നതിന്? തൊട്ടടുത്ത് നിയമസഭ കൂടാൻ തീരുമാനിച്ചില്ലേ? നിയമസഭ വിളിച്ചുകൂട്ടേണ്ടതായിട്ടില്ലേ? ഇത്തരമൊരു സാഹചര്യത്തിൽ ഓർഡിനൻസ് ഇറക്കിയത് ഒരു രീതിയിലും ന്യായീകരിക്കത്തക്കതല്ല. നമ്മുടെ ഓർഡിനൻസ് ഫെബ്രുവരി 7-ാം തീയതിയാണ് പുറപ്പെടുവിച്ചത്. യാതൊരു അടിയന്തിര സാഹചര്യവും ഈ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുവേണ്ടി ഉണ്ടായിരുന്നില്ലെന്ന് എല്ലാവർക്കും അറിയാം. ഇതിനെക്കുറിച്ച് ആലോചിക്കുന്ന എല്ലാവർക്കും അത് സമ്മതിക്കേണ്ടിവരും. ഇത് തികച്ചും ജനാധിപത്യവിരുദ്ധമായ ഒന്നാണ്. ഇവിടെ പറഞ്ഞു, ചില്ലറ ചില ഭേദഗതികളാണ് ആക്ടിൽ കൊണ്ടുവന്നിട്ടുള്ളതെന്ന്. ഇത് നിസ്സാരമായ ഭേദഗതികളല്ല. നമ്മുടെ സഹകരണസംഘത്തെ കശാപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള ബോധപൂർവമായ ദുരുദ്ദേശത്തോടുകൂടിയുള്ള ഒരു നീക്കമാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. ഈ ഓർഡിനൻസ് ഇഷ്യൂ ചെയ്തത് നിയമസഭയെ അവഹേളിക്കലാണ്. മാത്രമല്ല, അങ്ങേയററത്തെ ദുരുദ്ദേശവുമാണ്. കേരളത്തിലെ സഹകരണമേഖലയെ തകർക്കുകയെന്നുള്ള ദുരുദ്ദേശമാണ് ഈ ഓർഡിനൻസിന്റെ പിന്നിലുണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ നേരത്തെ ഇത് തികച്ചും ന്യായമാണെന്ന് പറഞ്ഞുകൊണ്ട് മന്ത്രിമാർ നടത്തിയ വാദഗതി തികച്ചും തള്ളിക്കളയേണ്ടതാണെന്നാണ് എനിക്കു പറയാനുള്ളത്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നടത്തിയിട്ടുള്ള ചില പരാമർശനങ്ങൾ കാണേണ്ടതായിട്ടുണ്ട്. 1971-ലെ..............................

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട വിജയൻ ഇവിടെ ഉന്നയിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ ഒബ്ജക്ഷൻ റെയിസ് ചെയ്യുകയും ആ ഒബ്ജക്ഷനെല്ലാം തള്ളി, ഇത് ഓർഡറിലാണെന്ന് സ്പീക്കർ റൂളിംഗ് നടത്തിയതിനുശേഷം അതേ ഒബ്ജക്ഷൻതന്നെ ആവർത്തിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പിണറായി വിജയൻ: ഞാൻ ഒബ്ജക്ഷനല്ല റെയിസ് ചെയ്യുന്നത്. ഈ സഭ എന്തുകൊണ്ട് ഈ ഓർഡിനൻസ് അംഗീകരിച്ചുകൂട, എന്തുകൊണ്ട് തള്ളിക്കളയണമെന്നുള്ളതിനുള്ള എന്റെ ന്യായങ്ങളാണ് ഞാൻ അവതരിപ്പിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പുതിയ ഒബ്ജക്ഷനല്ല, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പറഞ്ഞുവെന്നേയുള്ളു. നേരത്തെ പറഞ്ഞിട്ടുള്ളതിനെക്കുറിച്ച് അഭിപ്രായം പറഞ്ഞു. ഒരാൾ പറഞ്ഞാൽ നമ്മുടെ അഭിപ്രായം എന്താണെന്ന് പറയണമല്ലോ, അങ്ങനെ പറഞ്ഞതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: ഇത് ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്നതിനുള്ള ഒരു കാര്യം 'ഹിന്ദി സാഹിത്യ സമ്മേളൻ ആക്ട് 1962' എന്നൊരു ആക്ട് സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. അത് Damayanthi *v.* Union of India എന്ന തരത്തിലാണ് വന്നത്. അതിലെ ചില പരാമർശനങ്ങൾ 1971-ലെ എ.ഐ.ആർ.-ന്റെ 966-ാമത്തെ പേജിൽ വന്നിട്ടുണ്ട്. അതിൽ പറയുന്നത്, ആർട്ടിക്കിൾ 19-നെ സംബന്ധിച്ച്, 19 (1) (ഇ)-യെ സംബന്ധിച്ച പ്രശ്നമാണ്. ഈ പ്രശ്നം ഉയർന്നു വന്നത് 1910-ൽ യു.പി.-യിലെ ബനാറസ്സിലാണ്. ഇൻഡ്യയിലെ ചില വിദ്യാഭ്യാസ വിചക്ഷണൻമാർകൂടി ഹിന്ദി ഭാഷ പ്രചരിപ്പിക്കുന്നതിനുവേണ്ടി ഒരു സംഘടന രൂപീകരിച്ചു. അവർ സമ്മേളിച്ച് രൂപീകരിച്ച സംഘടനയുടെ പേര് ഹിന്ദി സാഹിത്യ സമ്മേളൻ എന്നായിരുന്നു. 1914-ൽ ഈ സംഘടന സൊസൈററീസ് രജിസ്ട്രേഷൻ ആക്ട് ഓഫ് 1816 അനുസരിച്ച് രജിസ്ററർ ചെയ്തു. ആ സംഘടനയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരികയായിരുന്നു. അതിനുവേണ്ടി ആ സംഘടനതന്നെ ബൈലായുമുണ്ടാക്കി; റൂൾസുമുണ്ടാക്കി. അങ്ങനെയാണ് ഈ സംഘടന നടന്നുവന്നത്. പുതിയ നിയമങ്ങൾ ചേർക്കാൻവേണ്ടി ബൈലായിൽ വ്യവസ്ഥയുമുണ്ടാക്കി.

ഇങ്ങനെയിരിക്കെ 1914-ൽ രജിസ്ററർ ചെയ്ത സംഘടനയിൽ 1950-ലെ അംഗങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസം

12 noon] വന്നു. ചില തർക്കങ്ങൾ വന്നു. അത് സിവിൽകോർട്ടിൽ എത്തി. മൂന്നു കേസുകളുണ്ടായി. അങ്ങനെ അലഹബാദ് കോർട്ട് ഈ സംഘത്തിന്റെ ഭരണം റിസീവറെ ഏല്പിച്ചു. അലഹബാദ് സിവിൽകോർട്ട് സംഘത്തിന്റെ ഭരണം റിസീവറെ ഏല്പിച്ച കൂട്ടത്തിൽ യു. പി. ഗവർമെൻറ് യു. പി. ഹിന്ദി സാഹിത്യ സമ്മേളൻ ആക്ട് (36 ഓഫ് 1956) എന്നൊരു ആക്ട് കൊണ്ടുവന്നു. അത് നിയമസഭ പാസ്സാക്കി. ഓർഡിനൻസ് അല്ല ആക്ടുതന്നെ വന്നു. ഈ ആക്ടിനെതിരായി ഹൈക്കോർട്ടിലും പിന്നീട് സുപ്രീം കോർട്ടിലും പോയി. 1956-ൽ തന്നെ അലഹബാദ് ഹൈക്കോർട്ട് ഈ ആക്ട് വോയിഡ് ആണെന്നു വിധിച്ചു. കാരണം അവർ പറഞ്ഞത്, ഈ പുതിയ ആക്ട്.... that Act infringed the right of the members of the original sammelan of forming an association guaranteed by Article 19 (1) (c) of the Constitution. It was further held that that Act was not saved under Article 19 (4) of the Constitution. ഇതാണ് ഹൈക്കോടതി ചൂണ്ടിക്കാണിച്ചത്. ഇതു സംബന്ധിച്ച് സ്പെഷ്യൽ പെററീഷൻ വന്നു, ഒറിജിനൽ പെററീഷൻ സുപ്രീം കോർട്ടിൽ പോയി. സുപ്രീം കോർട്ട് ആക്ട് വോയിഡ് ആണെന്നു വിധിച്ചു. സർ, ഇവിടെ സുപ്രീം കോർട്ടിന്റെ പരാമർശനം, As a result, the petition and the appeal are both allowed with costs. The Act is declared to be invalid, so that there will be restraint on the concerned bodies, including the Union Government, from taking or continuing any action under the Act. There will be one hearing fee. Petition and appeal allowed. ഇത് സുപ്രീം കോർട്ടിന്റെ ഡിസിഷനാണ്. ജസ്ററീസ് ഭാർഗ്ഗവയാണ് ജഡ്ജ്മെൻറ് പ്രഖ്യാപിച്ചത്. സുപ്രീം കോർട്ടിന്റെ അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഫുൾ ബെഞ്ചാണ് കേസ് കേട്ടത്. ഇതിൽ എന്താണ് പ്രശ്നം? നാം കാണേണ്ടത് അവിടെ സ്ഥാപക മെമ്പർമാർക്കുള്ള അവകാശമല്ലേ സുപ്രീം കോർട്ട് എടുത്തു കാണിച്ചത്? മെമ്പർമാരുടെ മൗലീകാവകാശത്തെ ചോദ്യം ചെയ്യുന്നു എന്നതുകൊണ്ടാണ്

സുപ്രീം കോർട്ട് അത് റദ്ദു ചെയ്യാൻ ആക്ടുതന്നെ വോയിഡാണെന്നു വിധിക്കുകയാണ് ചെയ്തത്. അപ്പോഠം ഇവിടെ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് ഭരണഘടനാപരമായി, പാർലമെൻററി നടപടിക്രമം അനുസരിച്ച്, നിയമപരമായി, സുപ്രീം കോടതിയുടെയടക്കം വീക്ഷണം അനുസരിച്ച് നിലനിൽക്കത്തക്കതല്ല. ഇങ്ങനെ തികച്ചും നില നിൽക്കാത്ത......

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ ആക്ടും ബൈലായും തമ്മിലുള്ള കോൺട്രഡിക്ഷൻ വന്നാൽ ആക്ടിലെ പ്രൊവിഷനാണ് എടുക്കേണ്ടത് എന്ന് കേരളാ ഹൈക്കോടതിയും അതുപോലെ സുപ്രീം കോടതിയും ഇതിനുശേഷം വിധിച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. . പിണറായി വിജയൻ: ഇവിടെ ആക്ടും ബൈലായും തമ്മിലുള്ള യാതൊരു വൈരുദ്ധ്യവും വരുന്നില്ല. എന്താണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഇത് മനസ്സിലാകാത്തതുപോലെ ചോദിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ' മനസ്സിലായതുകൊണ്ടാണ് ഇതു ചോദിക്കുന്നത്. മെമ്പർമാരുടെ ഹിതമാണ് ബൈലായിൽ 58 എന്നു പറയുന്നത്. അത് ഇവിടെ 38 ആകുമ്പോഠം മെമ്പർമാരുടെ ഹിതത്തിന് എതിരാണെന്നാണ് വാദിക്കുന്നതെങ്കിൽ അതാണ് കോൺട്രഡിക്ഷൻ. ആ കോൺട്രഡിക്ഷൻ വന്നാൽ ആക്ടാണ് നിലനിൽക്കുകയെന്നു കേരളാ ഹൈക്കോടതിയിൽനിന്നും സുപ്രീം കോടതിയിൽനിന്നും നിരവധി വിധികഠം നൽകിയിട്ടുണ്ട് എന്നത് അറിയാമോ?

ശ്രീ. പിണറായി വിജയൻ: ആക്ടിൽ കൊണ്ടുവരുന്ന ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവരുന്ന ഭേദഗതി. ആ ഭേദഗതി ഏതുതരത്തിൽ സംഘങ്ങളെ ബാധിക്കുന്നു എന്നതാണ് പ്രശ്നം. നിലവിലുള്ള ഒരംഗത്തെ പരിഗണിക്കുന്നതല്ല. നിലവിലുള്ള ഒരു ആക്ടിന്റെ കീഴിൽ സംഘങ്ങഠം വരുമ്പോഠം ആ സംഘങ്ങളുടെ ബൈലായിൽ പറയുന്ന വ്യവസ്ഥ ആക്ടിനു വിധേയമായിരിക്കും. ഇവിടെ നിലവിലുള്ള നടപടിക്രമങ്ങഠംക്ക് വിരുദ്ധമായി, സമ്പ്രദായങ്ങഠംക്ക് വിരുദ്ധമായി ആക്ടിൽ ഭേദഗതി വരുത്തുകയാണ്. അങ്ങനെ ഒരു ഭേദഗതിയെ സംബന്ധിച്ച് ഏതു തരത്തിൽ സഹകരണ മേഖലയെ ബാധിക്കുമെന്നതാണ് പ്രശ്നം.

ശ്രീ. തച്ചടി പ്രഭാകരൻ: Directive from the Co-operative Registrar അല്ലാതെ ആക്ടിൽ ഇപ്പോഴാണ് ഇൻകോർപ്പറേററ് ചെയ്തുവരുന്നത്. ഈ നിയമസഭ പാസ്സാക്കിക്കഴിഞ്ഞിട്ടേ ഇൻകോർപ്പറേററ് ചെയ്യുകയുള്ളു. ഇപ്പോഠം ഗവൺമെൻറ് ചെയ്തിരിക്കുന്നത് മൂന്നുവർഷമായിരിക്കണം ഇതിന്റെ കാലാവധി എന്നുവയ്ക്കുകയാണ്. അല്ലാതെ മൂന്നുവർഷം, നാലുവർഷം എന്നു തോന്നിയപോലെ തീരുമാനിക്കാൻ പാടില്ല. ആക്ടിൽ വ്യക്തമായ വ്യവസ്ഥ മൂന്നു വർഷമായിരിക്കണം. കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടേയും കാലാവധി, ഒരു വർഷം, ഒന്നര വർഷം, രണ്ടുവർഷം എന്നു പറഞ്ഞ് തോന്നിയപോലെ തീരുമാനിക്കാൻ കഴിയാതെയുള്ള വ്യക്തമായ വ്യവസ്ഥയാണ് ഇതിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പ്ലാനിംഗ് കമ്മീഷൻ മോഡൽ ആക്ടിൽ അംഗങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ പറയുന്ന മൂന്നുകൊല്ലം, അഞ്ചുകൊല്ലമാക്കുന്നതും അഞ്ചുകൊല്ലം മൂന്നു കൊല്ലമാക്കുന്നതും . . . .

മി. ഡെപ്യൂട്ടി സ്പീക്കർ: മിസ്റ്റർ കൃഷ്ണൻനായർ ഇപ്പോൾ നിങ്ങളിൽ ആരാണ് സംസാരിക്കുന്നത്?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അദ്ദേഹം വഴങ്ങിയിട്ടാണ് ഞാൻ ചോദിക്കുന്നത്. അംഗങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ അഞ്ചുകൊല്ലം മൂന്നു കൊല്ലമാക്കാനും മൂന്നുകൊല്ലം അഞ്ചുകൊല്ലമാക്കാനും ജനറൽ ബോഡിക്ക് അധികാരം കൊടുക്കുന്നതല്ലേ ശരി? അത് ഗവൺമെന്റ് ഇൻസിസ്റ്റ് ചെയ്ത് ആക്ടിൽ ഭേദഗതി ചെയ്യുകയാണോ? അതൊരു അടിച്ചേല്പിക്കലല്ലേ? ജനാധിപത്യവിരുദ്ധമല്ലേ? ഇതാണെങ്കിൽ ജനറൽ ബോഡി എടുത്താൽ ജനാധിപത്യത്തിന് സഹായകരമല്ലേ? അതിനെപ്പററി ബഹുമാനപ്പെട്ട മെമ്പർ എന്തു പറയുന്നു?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒരു ചോദ്യംകൂടി. സഹകരണ സംഘം എന്നു പറയുന്നത് പരസ്പര സഹായസഹകരണ സംഘം എന്നാണ്. അതിന്റെ പ്രിൻസിപ്പിളിനുതന്നെ വിരുദ്ധമാണ് ഗവൺമെന്റ് ഇതിൽ കൈകടത്തുന്നത്. നമ്മുടെ രാജ്യത്ത് ഒഴികെ മററൊരു രാഷ്ട്രങ്ങളിലും ഗവൺമെന്റ് ഇങ്ങനെ സഹകരണ സംഘങ്ങളിൽ കൈകടത്തുന്നില്ല. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് മോഡൽ ആക്ട് ഇറക്കിയിരിക്കുന്നത്. സഹകരണ സംഘങ്ങളുടെ പരിപൂർണ്ണ അധികാരം ജനറൽ ബോഡിക്കാണ്. അത് തെരഞ്ഞെടുക്കുന്ന ബോഡിയാണ് സഹകരണസംഘത്തെ നിയന്ത്രിക്കേണ്ടത് എന്നാണ് എല്ലാ നിയമങ്ങളിലും ഉള്ളത്. ഈ നിയമത്തിൽ കേന്ദ്രഗവൺമെന്റിന്റെ ആ ആക്ടിനെതിരായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. പ്രത്യേകിച്ചും തച്ചടി പ്രഭാകരനും ആര്യാടൻ മുഹമ്മദും അവിടെ ഇരുന്നുകൊണ്ട് ഇതിനെ സപ്പോർട്ട് ചെയ്യുന്നതുതന്നെ അവർ ഇറക്കിയ മോഡൽ ആക്ടിനെതിരായിട്ടാണെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്ലാനിംഗ് കമ്മീഷൻ പറഞ്ഞ മെമ്പർമാരുടെ ഹിതത്തിനനുസരിച്ച് എന്നു പറഞ്ഞാൽ ഏതെങ്കിലും ഒരു ജനറൽബോഡി 25 കൊല്ലക്കാലത്തേക്ക് ആ ബോർഡ് തന്നെ ആയിരിക്കണമെന്നു പറഞ്ഞാൽ അത് അംഗീകരിക്കണമെന്നാണോ ബഹുമാനപ്പെട്ട പിണറായി വിജയന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഇവിടെ ഒരു ചോദ്യം ചോദിച്ചല്ലോ. അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യത്തിന് നേരെ വിപരീതമായിട്ടുള്ളതാണ് ഇപ്പോഴത്തെ ചോദ്യം. ഞാൻ നേരത്തേ പറഞ്ഞതുപോലെ ആ മോഡൽ ആക്ട് വിശദമായിട്ട് എടുക്കുന്നത് നല്ലതാണെന്നാണ് എനിക്ക് തോന്നുന്നത്. ഒരു സൊസൈററിയെ സംബന്ധിച്ചിടത്തോളം ആ സൊസൈററിയുടെ പരമാധികാരം അതിന്റെ ജനറൽ ബോഡിക്ക് ആയിരിക്കണമെന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരനും ഇതിനുമുമ്പ് അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്, ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചത് കേരളത്തിലെ സഹകരണ സംഘങ്ങൾ പല തരത്തിലാണ്. ഒരുവർഷമുള്ളതുണ്ട്, മൂന്നുവർഷമുള്ളതുണ്ട്, അഞ്ച് വർഷമുള്ളതുണ്ട്. ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ കാർമ്മികത്വം വഹിക്കുന്ന ഘട്ടത്തിലാണ് 1983 ഡിസംബർ 31, 1984 ജനുവരി 1, 2 തീയതികളിൽ ചേർന്ന മൂന്നാം സഹകരണ കോൺഗ്രസ് ഇതു സംബന്ധിച്ചുള്ള ശുപാർശ ഐകകണ്ഠ്യേന സമർപ്പിക്കുന്നത്. അന്ന് കേരളത്തിലെ സഹകാരികൾ ആരും എല്ലാ സൊസൈറ്റികളും 5 വർഷമാകണമെന്ന് ഉദ്ദേശിച്ചില്ല. അത് ഓരോ സംഘവും തീരുമാനിക്കേണ്ടതാണ്. ഒരു സ്കൂൾ സൊസൈററിയിൽ ചിലപ്പോൾ ഒരു വർഷംകൊണ്ട് വിട്ടുപോകുന്നവരുണ്ട്. ആ അംഗങ്ങളുള്ള സൊസൈററിയുടെ കാലാവധി ഒരു വർഷം എന്നതാണ് ശരി. അപ്പോൾ സ്കൂളുകളുടേയും കോളേജുകളുടേയും സൊസൈററികളുടെ കാലാവധി ഒരു വർഷമാണ്. ചുരുങ്ങിയ കാലാവധിയേ ഉള്ളൂ. ആ ചുരുങ്ങിയ കാലാവധിയുള്ള ആ സംഘങ്ങളും നമ്മുടെ കേരളത്തിൽ നിൽക്കുന്നു. എന്തോ ഭയങ്കര വൈരുദ്ധ്യം എന്ന മട്ടിൽ ഇതിനെ ചൂണ്ടിക്കാണിക്കേണ്ടതില്ല. ഇവിടെ പാൽ സൊസൈററികളെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. പാൽ സൊസൈററികളിലെ വ്യവസ്ഥ തന്നെ, അതിലെ വോട്ടവകാശമുള്ള മെമ്പർമാർ എന്നു പറയുന്നത് ആ സൊസൈററിയിൽ പാൽ കൊടുക്കുന്നവരാണ്. അപ്പോൾ യഥാർത്ഥത്തിൽ ഒരു പശുവിന്റെ, അല്ലെങ്കിൽ അയാളുടെ പശുക്കളുടെ, കറവമാടുകളുടെ അത്രയും കാലത്തേക്കാണ് ആ കറവമാടുകളിൽനിന്ന് കറന്ന് പാൽ എടുത്ത് സൊസൈററിയിൽ കൊടുക്കാൻ കഴിയുന്ന കാലത്തോളമാണ് ഇദ്ദേഹത്തിന് വോട്ടവകാശമുള്ള അംഗമായി തുടരാൻ കഴിയുക. അപ്പോൾ അത് മൂന്നു വർഷമെന്ന് ചൂണ്ടിക്കാണിച്ചത് തികച്ചും ശരിയാണ്. അവിടെ അഞ്ച് വർഷമാക്കൽ പ്രായോഗികമല്ല. നിങ്ങൾ ചോദിച്ച ചോദ്യത്തിനാണ് ഞാൻ മറുപടി പറയുന്നത്. നിങ്ങൾ പറഞ്ഞു, ഒരു വർഷമുണ്ട്, മൂന്നു വർഷമുണ്ട്. അഞ്ച് വർഷമുണ്ട്. അതിപ്പോൾ മൂന്നു വർഷമാക്കുകയാണെന്ന്. അന്ന് സഹകാരികൾ കണ്ടതാണ്. അന്ന് നമ്മൾ കണ്ടിട്ടുണ്ട്. ശ്രീ. തച്ചടി പ്രഭാകരന്റെ നേതൃത്വത്തിലാണല്ലോ ആ സഹകരണ കോൺഗ്രസ് നടന്നത്. അന്ന് നമ്മൾ കണ്ടതാണത്. എല്ലാം അഞ്ച് വർഷമാക്കുകയെന്ന് ഉദ്ദേശിച്ചിട്ടില്ല. അപ്പോൾ ഓരോ സംഘത്തിന്റെയും പ്രായോഗികതയനുസരിച്ച് കാലാവധി ആ സംഘങ്ങൾ നിശ്ചയിക്കേണ്ടിവരും. അന്ന് സഹകരണ കോൺഗ്രസ്സിന്റെ ഐകകണ്ഠ്യേനയുള്ള ശുപാർശയനുസരിച്ച് ഗവൺമെന്റ് അംഗീകരിച്ചത് എന്താണ്? ഗവൺമെന്റ് അംഗീകരിച്ചതിന്റെ ഭാഗമായിട്ടാണല്ലോ രജിസ്ട്രാറുടെ സർക്കുലർ വന്നത്. അന്ന് രജിസ്ട്രാറുടെ സർക്കുലർ രണ്ടെണ്ണം വന്നു. വിജയനുണ്ണി നമ്പ്യാരാണ് അന്നത്തെ രജിസ്ട്രാർ. അദ്ദേഹം രണ്ട് സർക്കുലറുകൾ ഇറക്കി. ആ സർക്കുലറിന്റെ പൊരുൾ എന്തായിരുന്നു? ഇത് ശ്രീ. തച്ചടി പ്രഭാകരന് അറിയാഞ്ഞിട്ടല്ല. ഇപ്പോൾ അദ്ദേഹം മറന്നുപോയിട്ടുമല്ല. ബോധപൂർവ്വം ഇത് ഉന്നയിക്കുകയാണ്. ബോധപൂർവ്വം ഇന്ന് ഇതിനെ ന്യായീകരിക്കണമെന്നുള്ളതുകൊണ്ട് പഴയ നിലപാടുകൾ ഓർമ്മയില്ല എന്ന മട്ടിൽ ചോദ്യം ചോദിക്കുകയാണ്. കേരളത്തിലെ എല്ലാ സഹകരണസംഘങ്ങളും അഞ്ച് വർഷമാക്കുക എന്ന് ഉദ്ദേശിച്ചിരുന്നില്ല. ഏതായാലും നിങ്ങൾക്ക് ഒരു സംഘത്തിന്റെ ബോർഡിന്റെ കാലാവധി അഞ്ച് വർഷമാക്കണമെന്ന അഭിപ്രായമുണ്ടെങ്കിൽ ജനറൽബോഡി തീരുമാനിച്ച് ആക്കാവുന്നതാണ്. അതിന് അംഗീകരണം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്ന് രജിസ്ട്രാർ പറഞ്ഞു. അങ്ങനെ രജിസ്ട്രാർ പറഞ്ഞതിന്റെ ഭാഗമായി നിലവിലുള്ള ബോർഡുകളുടെ കാലാവധി അഞ്ച് വർഷമാക്കി. ആ അഞ്ച് വർഷമാക്കിയത് കേരളത്തിലെ എല്ലാ സഹകരണസംഘങ്ങളും അല്ല. അഞ്ച് വർഷമാക്കാൻ പ്രായോഗികതയുള്ള അതതു സംഘങ്ങൾക്ക് അങ്ങനെ തോന്നിയ സംഘങ്ങൾ അഞ്ച് വർഷമാക്കി. ആ സംഘങ്ങൾ മാത്രമേ അഞ്ച് വർഷമാക്കിയുള്ളു. ബാക്കിയുള്ളത് അതേപോലെ തുടർന്നു. അതുകൊണ്ട് ഇവിടെ ഏതെങ്കിലും തരത്തിലുള്ള ഒരാപത്തും കേരളത്തിലെ സഹകരണ മേഖലയിൽ ഉണ്ടായിട്ടില്ല. കേരളത്തിലെ സഹകാരികളിൽ നമ്മൾ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരു മൊക്കെയായിട്ടുള്ള കുറെ ആളുകൾ ഈ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടല്ലോ. ആരെങ്കിലും ഇതിനുമുമ്പ് ഏതെങ്കിലും തരത്തിൽ ഈ അഞ്ചുവർഷം കാലാവധി ശരിയല്ലെന്ന് പറഞ്ഞിട്ടുണ്ടോ, ഉന്നയിച്ചിട്ടുണ്ടോ? എവിടെയെങ്കിലും പറയാൻ തയ്യാറായിട്ടുണ്ടോ? ആർക്കെങ്കിലും അങ്ങനെ അഭിപ്രായം ഉണ്ടായിട്ടുണ്ടോ? സഹകരണ മേഖലയിൽ ഇതാണ് ശരി എന്ന തോന്നലാണ് പൊതുവിൽ ഉണ്ടായിരുന്നത്. ഇത് കേരളത്തിലെ സഹകരണ മേഖലയെ ആകെ തകർക്കുന്ന പ്രശ്നമാണ്. എനിക്ക് കുറച്ചു കാര്യങ്ങൾ കൂടി പറയാനുണ്ട്. ഞാൻ ഇതിന്റെ ആമുഖത്തിന്റെ ഒരു ഭാഗം മാത്രമേ ആയിട്ടുള്ളു. ഈ ഓർഡിനൻസ് തികച്ചും ദുരുപദിഷ്ടമായി കൊണ്ടു വന്നതാണ്. ഈ ഓർഡിനൻസ് നമ്മുടെ സഹകരണവകുപ്പ് മന്ത്രിയുടെ ഒരു പ്രത്യേക പകപോക്കൽ ഉദ്ദേശത്തിന്റെ ഭാഗമായിട്ട് കൂടി വന്നിട്ടുള്ളതാണ്.

സർ, അദ്ദേഹം കേരളത്തിലെ സഹകരണമേഖലയെ തകർക്കാൻ ഉതകുന്ന ഈ നടപടിക്ക് നേതൃത്വം കൊടുത്തത് അദ്ദേഹത്തിന്റെ വ്യക്തിപരമായ ഒരു വാശി, വൈരാഗ്യം തീർക്കുന്നതിനുകൂടി ഉദ്ദേശിച്ചുകൊണ്ടാണ്. എ.കെ.ജി. ഹോസ്പിററൽ സ്ഥാപിച്ചത് സി.പി.ഐ. (എം)-ന്റെ കണ്ണൂർ ജില്ലാ കമ്മിററിയാണ്. അതിൽ പലരെയും മെമ്പർമാരാക്കിയിട്ടുണ്ട്. ഞാൻ അതിന്റെ ചരിത്രത്തിലേക്ക് കടക്കേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ എ.കെ.ജി. ഹോസ്പിററൽ നിലനിന്നുവരുന്ന ഘട്ടത്തിൽ എ.കെ.ജി. ഹോസ്പിററലിന്റെ പ്രസിഡന്റായി ശ്രീ. എം. വി. രാഘവനെ ആയിരുന്നു ഞങ്ങൾ നിശ്ചയിച്ചിരുന്നത്. ഇപ്പോഴത്തെ സഹകരണ വകുപ്പുമന്ത്രി അന്നത്തെ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആൾ. അദ്ദേഹത്തെ എ.കെ.ജി. ഹോസ്പിററലിന്റെ പ്രസിഡന്റായി ഞങ്ങളുടെ പാർട്ടി തീരുമാനത്തിന്റെ ഭാഗമായിട്ട് തന്നെ എടുത്തുവരികയായിരുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ:</u> സർ, നിങ്ങളുടെ പഴയ നേതാവല്ലേ ശ്രീ. എം. വി. രാഘവൻ. ഞങ്ങളുടെ പാർട്ടിയിലെ ഓരാൾ എന്നല്ല, നിങ്ങളുടെ പാർട്ടിയിലെ ആളാണ് ശ്രീ. എം. വി. രാഘവൻ.

<u>ശ്രീ. പിണറായി വിജയൻ:</u> ശ്രീ. രാമചന്ദ്രൻ മാസ്ററർ, ഞങ്ങളുടെ പാർട്ടിയിൽ പല കേമൻമാരും ഉണ്ടായിരുന്നു. പാർട്ടിയിൽനിന്ന് വിട്ട് പോയതിനുശേഷം ചള്ളുകളായവരും ഉണ്ട്. പണ്ട് അദ്ദേഹം ഞങ്ങളുടെ പാർട്ടിയിൽ ആയിരുന്നല്ലോ എന്ന് പറഞ്ഞിട്ട് കാര്യമില്ല. വന്നിട്ട് നന്നായവരുമുണ്ട്. അപ്പോൾ അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. അതൊക്കെ പാർട്ടിയുടെ ഒരു പ്രത്യേകതയാണ്. ശ്രീ. എം. വി. രാഘവൻ പാർട്ടി വിട്ടപ്പോൾ എ.കെ.ജി. ഹോസ്പിററൽ അദ്ദേഹത്തിന്റെ സ്വന്തമാക്കി, നടത്തിക്കൊണ്ടുപോകാനുള്ള ഒരു ശ്രമമാണ് നടത്തിയത്.

ശ്രീ. രാഘവൻ ഞങ്ങളുടെ പാർട്ടി വിടുന്നതിന് മുമ്പ് തന്നെ പാർട്ടിയിൽ നിന്ന് വിടാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ പോക്ക് അത്ര ഗുണകരമല്ലെന്ന് തോന്നിയതുകൊണ്ട് ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. അതു സംബന്ധിച്ച് അന്ന് ശ്രീ. രാഘവനുമായി തന്നെ സംസാരിക്കുകയുണ്ടായി. പക്ഷെ, അദ്ദേഹത്തിന് അതിനോട് യോജിപ്പുണ്ടായിരുന്നില്ല. അദ്ദേഹത്തിന് തോന്നിയതുപോലെ ആ സ്ഥാപനം നടത്തിക്കൊണ്ട് പോകണമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഞങ്ങൾക്ക് അത് അംഗീകരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പാർട്ടി വിട്ടു. പാർട്ടി വിട്ടു കഴിഞ്ഞതിനുശേഷം ഈ സ്ഥാപനം അദ്ദേഹത്തിന്റെ സ്വന്തം വകയാണെന്നമട്ടിൽ നടത്തിക്കൊണ്ടുപോകാൻ അദ്ദേഹം ശ്രമിച്ചു. മഹാനായ എ.കെ.ജി.-യുടെ പേരിൽ കണ്ണൂരിലെ ജനങ്ങൾ കെട്ടിപ്പടുത്ത സ്ഥാപനമാണത്. അത് ഏതെങ്കിലും ഒരു വ്യക്തിക്ക് തട്ടിപ്പറിച്ചുകൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. പക്ഷെ, ശ്രീ. രാഘവന് അന്നത്തെ ഒരു ആവേശത്തിൽ—അന്ന് ചിലർ രാഘവന് പിന്തുണ കൊടുക്കാനുണ്ടായിരുന്നല്ലോ—ആ പിന്തുണയുടെ ആവേശത്തിൽ അദ്ദേഹം അതു മറന്നു. അദ്ദേഹം അത് സ്വന്തമാക്കാൻ ശ്രമിച്ചു. ആ ഘട്ടത്തിലാണ് തെരഞ്ഞെടുപ്പു വന്നത്. ആ തെരഞ്ഞെടുപ്പിൽ സ്വാഭാവികമായും കണ്ണൂരിലെ ജനങ്ങൾ ആശ്രയിക്കുന്ന, ആ സൊസൈററിയിലെ മെമ്പർമാർ ആഗ്രഹിക്കുന്ന വിധി രേഖപ്പെടുത്തി. അതിനെതിരായി കണ്ണൂർ ജോയിന്റ് രജിസ്ട്രാറുടെ മുന്നിൽ ശ്രീ. രാഘവൻ ഫയൽ ചെയ്ത കേസുണ്ട്. ആ കേസ് നിലനിൽക്കുകയാണ്. ആ കേസ് ഒരു തരത്തിലും ജയിക്കാൻ സാദ്ധ്യതയുള്ള കേസല്ല. ജയിക്കാൻ സാദ്ധ്യതയുള്ള കേസല്ലെന്ന് ഇപ്പോൾ പ്രത്യേകിച്ചും ശ്രീ. രാഘവന് നല്ലതുപോലെ അറിയാം. പക്ഷേ, എ.കെ.ജി. സ്മാരക ഹോസ്പിററൽ പിടിച്ചെടുക്കുകയെന്നുള്ളത് ശ്രീ. രാഘവന് വല്ലാത്ത ഒരു വാശിയായിരുന്നു. അദ്ദേഹം മന്ത്രിയായതിനുശേഷം കേരളത്തിലെ കോ-ഓപ്പറേററീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ സംസ്ഥാന കൗൺസിൽ സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയുണ്ടായി. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു എ.കെ.ജി. സ്മാരക ആശുപത്രിയുടെ ഭരണസമിതിയെ പിരിച്ചുവിടാൻ ധാരാളം പഴുതുകൾ ഉണ്ട്; വേഗം പിരിച്ചുവിടുമെന്ന്. പരസ്യമായി അദ്ദേഹം നടത്തിയ പ്രസംഗമായിരുന്നു അത്. അപ്പോൾ എ.കെ.ജി. ഹോസ്പിററലിനോട് അദ്ദേഹത്തിനുള്ള വാശിയും വീറും പ്രതികാര മനോഭാവവും ഒരു പ്രത്യേക രീതിയിൽ പ്രകടിപ്പിക്കുകയായിരുന്നു. കേസ് ജയിക്കുകയില്ലെന്ന് ആദ്ദേഹത്തിന് അറിയാം. അതുപോലെ തന്നെ പിരിച്ചുവിടാൻ കഴിയില്ല. തോന്നുന്നതുപോലെ പിരിച്ചുവിടാൻ പററുമോ? അതിന് ഏതെങ്കിലും തരത്തിലുള്ള തെററായ നടപടികൾ ഹോസ്പിററലിന്റെ ഭാഗത്ത് നിന്ന് വേണ്ടേ? അങ്ങനെയൊരു തെററായ നടപടിയും ഹോസ്പിററലിന്റെ ഭാഗത്തുനിന്ന് ഇല്ലെന്ന് നല്ലതുപോലെ അറിയാവുന്ന ശ്രീ. രാഘവന് താൻ എടുക്കുന്ന നിലപാട് പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുകയില്ലെന്ന് ബോദ്ധ്യമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് നിയമപ്രകാരം എ.കെ.ജി. ഹോസ്പ്പിററൽ പിരിച്ചുവിടാൻ കഴിയുകയില്ല, അതുപോലെതന്നെ കേസിൽ ജയിക്കാൻ കഴിയുകയില്ലെന്ന് വന്നപ്പോൾ മററു ചില മാർഗ്ഗങ്ങൾ എന്താണെന്ന് ആലോചിക്കുകയായിരുന്നു. ആ ആലോചനയുടെ സൃഷ്ടിയാണ് ഈ ഓർഡിനൻസ്. എ.കെ.ജി. ഹോസ്പിററലിൽ ഡെപ്യൂട്ടേഷനിൽ പോലും വർക്ക് ചെയ്തു പോയാൽ അയാളുടെ നേരെ പ്രതികാര നടപടി വരികയാണ്. എ.കെ.ജി. ഹോസ്പ്പിററലിന്റെ സെക്രട്ടറിയായി ഡെപ്യൂട്ടേഷനിൽ ഒരു സഹകരണ ഉദ്യോഗസ്ഥൻ പ്രവർത്തിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പേര് കെ. എം. മാത്യു എന്നാണ്. അദ്ദേഹം ഇപ്പോൾ ഇടുക്കിയിലാണ്. ഇടുക്കി കേരളത്തിലല്ലേ, കേരളത്തിലെ എല്ലാവരും ഇടുക്കിയിൽ വർക്ക് ചെയ്യാൻ ബാദ്ധ്യതപ്പെട്ടവരല്ലേ, സിവിൽ ഉദ്യോഗസ്ഥന്മാരല്ലേ എന്നൊക്കെ ചോദിക്കാനും ചിലപ്പോൾ തയ്യാറായേക്കാം. ഇവിടെ നാം കാണേണ്ടത് എ.കെ.ജി. ഹോസ്പിററൽ എന്ന് കേൾക്കുമ്പോൾ ബഹുമാനപ്പെട്ട രാഘവന് ഉണ്ടാകുന്ന മനോഭാവമാണ്. അവിടെ വർക്ക് ചെയ്തുപോയാൽ ആ വർക്ക് ചെയ്ത ആളിന് പിന്നെ ആ ജില്ലയിൽ വർക്ക് ചെയ്യാൻ പററില്ല. ആ കെ. എം. മാത്യുവിനെ ഇടുക്കിയിലേക്ക് മാററി.

മി. സ്പീക്കർ: ഇനി എത്ര സമയം വേണ്ടിവരും.

ശ്രീ. പിണറായി വിജയൻ: സർ, കുറച്ച് അധികം സമയം വേണ്ടിവരും.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ നമുക്ക് ഇപ്പോൾ നിറുത്തിയിട്ട് ഉച്ചകഴിഞ്ഞ് തുടരാം. ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ട് എടുക്കാം.

(ചർച്ച തുടരുന്നതാണ്)

## (ii) 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: മിനിസ്ററർ, സംസാരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇല്ല.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഇതിനെ അനുകൂലിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ധനം വിനിയോഗിക്കാൻവേണ്ടി അനുവാദം നൽകുക എന്നുള്ളതാണ്. ഇവിടെ ഇതിനുമുമ്പ് ധനവിനിയോഗ ബിൽ പാസ്സാക്കി അത് പ്രയോഗത്തിൽ വരുത്തിയിട്ടില്ലാത്തവർ തന്നെയാണ് ഇന്നും ഈ ധനവിനിയോഗ ബില്ലിന്റെ അംഗീകാരത്തിനുവേണ്ടി ആവശ്യപ്പെടുന്നത്. എന്തിനാണ് അവർ കഴിഞ്ഞകാലം അനുവദിക്കപ്പെട്ട ധനം പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്നതിനെ സംബന്ധിച്ചിടത്തോളം നമുക്ക് അനുഭവത്തിൽനിന്ന് അറിയാൻ സാധിച്ചു. നമ്മുടെ രാജ്യത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. അവർ അവരുടെ തന്നിഷ്ടത്തിനും തോന്ന്യാസത്തിലും ദൂർനടത്തിപ്പിനും വേണ്ടിയാണ് വിനിയോഗിക്കപ്പെട്ടതെന്ന് കാണാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഒമ്പതു മാസം മുമ്പ് ധനവിനിയോഗ ബില്ലിന് അംഗീകാരം കൊടുക്കുമ്പോൾ സ്കൂളുകളിൽ പഠിച്ചിരുന്ന കുഞ്ഞുങ്ങൾക്ക്, 7-ാം ക്ലാസു വരെയുള്ള കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം നൽകിയിരുന്നു. ആ ഉച്ചഭക്ഷണം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നൽകുന്നില്ല. ആ കുഞ്ഞുങ്ങൾക്ക് കഴിഞ്ഞ നാലുമാസമായി ഉച്ചഭക്ഷണം കിട്ടുന്നില്ല. ആ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കാനല്ല ഈ ധനവിനിയോഗ ബില്ലിന് അംഗീകാരം ചോദിക്കുന്നത്. അത് ഇനിയും കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെയുള്ള ഒരു ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകേണ്ട വല്ല ആവശ്യമുണ്ടോ? സ്കൂൾ കുഞ്ഞുങ്ങൾക്ക്, ലക്ഷക്കണക്കായ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നത് നിറുത്തൽ ചെയ്ത ഒരു ഗവൺമെൻറാണ് ഈ ഗവൺമെൻറ്. അപ്പോൾ ഈ ധനം ശരിയായിട്ടുള്ള മാർഗ്ഗത്തിലല്ല വിനിയോഗിക്കപ്പെട്ടിട്ടുള്ളതെന്നുള്ളതിന്റെ തെളിവാണ് ഇത്. കഴിഞ്ഞ ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകിയത് സ്കൂളുകൾ അടച്ചുപൂട്ടാൻവേണ്ടിയായിരുന്നില്ല. ഇന്ന് എന്താണ് സ്ഥിതി? 669 സ്കൂളുകൾ ഇവിടെ പൂട്ടാൻവേണ്ടി പോവുകയാണ്. അങ്ങനെ സ്കൂളുകൾ പൂട്ടുകയെന്നു പറയുമ്പോൾ അതിന് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് പറയുന്ന ന്യായം കുട്ടികൾ ഇല്ലെന്നാണ്. നമ്മുടെ ഗ്രാമപ്രദേശത്തെ സംബന്ധിച്ച് പറയുമ്പോൾ പ്രാഥമിക വിദ്യാഭ്യാസം മാത്രമേ അവിടത്തെ കുട്ടികൾക്ക് കിട്ടുന്നുള്ളൂ. ആ പ്രാഥമിക വിദ്യാഭ്യാസംപോലും കിട്ടാനിടയില്ലാത്ത വിധം ആ സ്കൂളുകളെല്ലാം നഷ്ടത്തിലാണ്, പൂട്ടുന്നുവെന്നാണ് ഗവൺമെൻറ് പറയുന്നത്. അങ്ങനെ അടച്ചുപൂട്ടുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അവർക്ക് ജോലിയില്ലെങ്കിലും അവർക്ക് ശമ്പളം കൊടുക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. പിന്നെ മെയിൻറൻസ് അടക്കമുള്ള മററുചെലവുകളാണ് ഇത് അടച്ചുപൂട്ടുന്നതിന്റെ ഫലമായി സർക്കാരിന് മിച്ചമായി വരിക. അങ്ങനെ ചില്ലറ മിച്ചത്തിനുവേണ്ടി വലിയ തുക പാഴ്ചെലവ് ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലുണ്ടാക്കുന്നത്, ഗ്രാമപ്രദേശത്തെ ഏററവും പിന്നണിയിൽ കിടക്കുന്ന ജനവിഭാഗങ്ങളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസംപോലും നൽകാൻ സാധിക്കാത്ത അവസ്ഥയാണ്. ആ അവസ്ഥയിലേക്ക് നമ്മുടെ സംസ്ഥാനത്തെ എത്തിക്കുകയെന്നതാണ് ഗവൺമെൻറിന്റെ ഈ നടപടി മുഖേനയുണ്ടാകാൻ പോകുന്നത്. തീർച്ചയായും അത്തരമൊരു നടപടിക്ക് അംഗീകാരം കൊടുക്കുകയെന്നുള്ളതാണ് ഈ ധനവിനിയോഗ ബില്ലിനെ പിൻതുണയ്ക്കുക എന്നതിന്റെ അർത്ഥം. നിശ്ചയമായും അത് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ല. അതുപോലെതന്നെ ആയിരക്കണക്കിന് അദ്ധ്യാപകരെ ഇവിടെ ജോലിയില്ലാതെ ശമ്പളം കൊടുത്ത് നിറുത്തണം. 1982 മുതൽ 1987 വരെയുള്ള കാലത്ത് നമ്മുടെ സംസ്ഥാനത്ത് ഇതായിരുന്നു സ്ഥിതി. ആറായിരത്തിൽപ്പരം അദ്ധ്യാപകർ അന്ന് ജോലിയില്ലാതെ ശമ്പളം വാങ്ങിയിട്ടുണ്ട്. ആ സ്ഥിതിയിലേക്കുതന്നെ നമ്മുടെ സംസ്ഥാനത്തെ കൊണ്ടുചെന്ന് എത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് ആ നില വരാൻ പാടില്ല. ഇതിന് അംഗീകാരം കൊടുക്കാൻ പാടില്ല. കഴിഞ്ഞ കാലത്ത് ഗവൺമെൻറ് ചെയ്ത തെററ് പിന്നീടു വന്നിട്ടുള്ള എൽ.ഡി.എഫ്.-ന്റെ ഗവൺമെൻറാണ് തിരുത്തിയത്. അവരാണ് ആ അദ്ധ്യാപകർക്കെല്ലാം ജോലി കൊടുത്ത് ആ രംഗത്തെ കുഴപ്പം തീർത്തത്.

സർ, അതുപോലെതന്നെ നമ്മുടെ രാജ്യത്തെ സാക്ഷരത. അത് ഏററവും അഭിമാനകരമായി നാം പറയുന്നതാണ്. കേരളത്തിനകത്തും പുറത്തും പ്രശംസ നേടിയിട്ടുള്ള ഒന്നാണ്. സർ, ഇന്ന് അതിന്റെ സ്ഥിതി എന്താണ്? സാക്ഷരതയെന്ന് പത്രങ്ങളിൽ വായിക്കാമെന്നല്ലാതെ രാജ്യത്ത് എവിടെയെങ്കിലും അതു സംബന്ധിച്ച് എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോ? കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടുന്ന കുറെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതൊഴിച്ചാൽ രാജ്യത്തെ ആരെയെങ്കിലും നാലക്ഷരം പഠിപ്പിക്കാൻ, നേരത്തെ പഠിക്കാത്തവരെയായാലും, നേരത്തെ പഠിച്ചവരെ വീണ്ടും ആ അക്ഷരം ഓർമ്മപ്പെടുത്തുന്ന കാര്യത്തിലായാലും സാക്ഷരതാരംഗത്ത് ഇന്ന് എന്തെങ്കിലും നടക്കുന്നുണ്ടെന്ന് പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ? യാതൊന്നും നടക്കുന്നില്ലെന്നാണ് പത്ര വാർത്തകളിൽ കാണുന്നത്. അങ്ങനെ ദുർവ്യയത്തിനുവേണ്ടിയാണ് ഇന്ന് സാക്ഷരത ഉപയോഗിക്കപ്പെടുന്നത്. അല്ലാതെ ആരേയും സാക്ഷരരാക്കാനല്ല എന്ന് നമുക്ക് കാണാൻ സാധിക്കും. അതുപോലെതന്നെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ നമ്മുടെ രാജ്യത്ത് വന്നതിന്റെ ഫലമായി വലിയ കാര്യങ്ങളൊന്നും ചെയ്യാൻ സാധിച്ചിരുന്നില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് നൽകിയ കാശനുസരിച്ച് അവർക്ക് ജില്ലയ്ക്കകത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിരുന്നു. ഇന്ന് ആ വികസന പ്രവർത്തനങ്ങളൊന്നും നടത്തേണ്ട ബാദ്ധ്യതയും ചുമതലയും ജില്ലാ കൗൺസിലുകൾക്ക് ഇല്ല. അവർക്ക് അതിന് കാശില്ല. അവരുടെ കയ്യിലേയ്ക്ക് കൊടുത്ത, അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ കൊടുത്ത വകുപ്പുകളെല്ലാം ഇങ്ങോട്ട് ഏറെറടുത്ത് അധികാര കേന്ദ്രീകരണം നടത്തിയ ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. പിന്നെ എന്തിനാണ് ഈ രാജ്യത്ത് ധനം വിനിയോഗിക്കാൻവേണ്ടി ഇവരെ ചുമതലപ്പെടുത്തുന്നത്? അങ്ങനെ ജനാധിപത്യ സ്വഭാവങ്ങൾ ഇവിടെ തകർക്കപ്പെട്ടു. അധികാരവികേന്ദ്രീകരണം നാം എത്രയോ കാലമായി ആവശ്യപ്പെടുന്നതാണ്. അത് അനുവദിക്കപ്പെട്ടതുപോലും നിഷേധിക്കപ്പെട്ട ഒരു സംസ്ഥാനമാണ് കേരളമെന്ന് രാജ്യമാകെ അറിയുന്ന ഒരു സ്ഥിതിയിലേക്ക് സംഗതികളെത്തി. ഇവിടെ ഇപ്പോൾ സഹകരണ ജനാധിപത്യത്തെ പററി ശ്രീ. പിണറായി വിജയൻ പറഞ്ഞു. ഇവിടെ സഹകരണ രംഗത്ത് നിലനിൽക്കുന്ന ജനാധിപത്യ സ്വഭാവങ്ങൾ നശിപ്പിച്ച് അതിനകത്ത് ഏകാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും നടപടികൾക്കുള്ള നീക്കങ്ങളാണ് നടത്തുന്നത്. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്, 'അൽപന് ഐശ്വര്യം വന്നാൽ അർദ്ധരാത്രി കുട പിടിക്കും' എന്ന്. അതല്ലേ ശ്രീ. രാഘവൻ ഇവിടെ ചെയ്യുന്നത്. ശ്രീ. രാഘവൻ വേണ്ടയെന്താണ് സഹകരണ രംഗത്ത് ചെയ്യുന്നത്? അതിനെ നിലനിറുത്തുകയോ ശക്തിപ്പെടുത്തുകയോ പുഷ്ടിപ്പെടുത്തുകയോ ചെയ്യുകയാണോ? നേരെമറിച്ച് അതിനെ നശിപ്പിക്കാനുള്ള നടപടികളാണ് ഈ രംഗത്ത് നടക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. അതുപോലെതന്നെയാണ് ഗ്രന്ഥശാലാരംഗമെടുത്താലും. ഓരോന്നും എടുത്താൽ നമ്മുടെ രാജ്യത്തെ ജനങ്ങൾ ദീർഘകാലമായി നടത്തിവന്ന ഐതിഹാസികമായ സമരത്തിന്റെയും പോരാട്ടത്തിന്റെയും ഫലമായി കൈവരിക്കാൻ കഴിഞ്ഞ ജനാധിപത്യ സമ്പ്രദായങ്ങളും സ്വഭാവങ്ങളും ഇല്ലായ്മ ചെയ്ത് ഏകാധിപത്യത്തിന്റെയും അമിതാധികാരത്തിന്റെയും മാർഗ്ഗത്തിലേയ്ക്കാണ് ഈ ഗവൺമെന്റ് നീങ്ങുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

സർ, ഇവിടെ ഇപ്പോൾ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു, നമ്മുടെ രാജ്യത്ത് പണം സ്വരൂപിക്കുന്നതിൽ എക്സൈസ് വകുപ്പ് നല്ലൊരു സംഖ്യ ഇക്കുറി മിച്ചമുണ്ടാക്കുമെന്ന്. അങ്ങനെ എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ഒരു ഭാഗത്ത് മദ്യം വിററ് വരുമാനം കൂട്ടാൻ ശ്രമിക്കുമ്പോൾ മറുഭാഗത്ത് അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സമീപനമെന്താണ്? എന്റെ പഞ്ചായത്തിലെ ഒരു അനുഭവം ഞാൻ പറയാം. എന്റെ പഞ്ചായത്ത് ഇന്നൊരു മുനിസിപ്പാലിററിയാണ്. അത് പഞ്ചായത്തായിരുന്ന കാലത്ത് അവിടെ പഞ്ചായത്ത് വച്ച ഒരു തെങ്ങിൻ തോട്ടം, മുനിസിപ്പാലിററിയായപ്പോൾ അതും അതിന്റേതായല്ലോ. മുനിസിപ്പാലിററി അതു സാധാരണ പോലെ ലേലം ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ ലേലം ചെയ്യാൻ നിശ്ചയിച്ചപ്പോൾ മന്ത്രിയുടെ ഇടപെടൽ മൂലം ലേലം സ്റേറ ചെയ്തു. എന്തിന് എന്നല്ലേ? തെങ്ങ് ചെത്താൻ കൊടുക്കാൻ പാടില്ല. ഒരു ദ്വീപിൽ ആള് താമസമില്ലാത്ത സ്ഥലത്ത് തെങ്ങ് ചെത്താനും തേങ്ങ പറിക്കാനും അല്ലാതെ ആരെങ്കിലും അത് എടുക്കുമോ. അങ്ങനെ ചെത്താൻ കൊടുക്കാൻ പാടില്ല എന്ന് പറഞ്ഞതിന്റെ ഫലമായി ലക്ഷക്കണക്കിനായ രൂപ മുനിസിപ്പാലിററിക്ക് വരേണ്ട സംഖ്യ ഇല്ലായ്മ ചെയ്തു. ആ നിലയ്ക്ക് ഒരു ഭാഗത്ത് പണമുണ്ടാക്കാൻ ശ്രമിക്കുന്നു. മറുഭാഗത്ത് ഉള്ളതും ഇല്ലാതാക്കുന്ന നടപടികളും തുടരുന്നു. നമ്മുടെ രാജ്യത്ത് നിത്യോപയോഗ സാധനത്തിന്റെ വില വർദ്ധനവ്, ന്യായവില ഷോപ്പിന്റെ സ്ഥിതി, മാവേലി സ്റേറാറിന്റെ സ്ഥിതി ഇതു വല്ലതും പറയണോ? ഈ നിയമ സഭയിൽത്തന്നെ ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതാണ് രണ്ടു മാവേലി സ്റേറാറുള്ള സ്ഥലത്ത് മൂന്നാമത് ഒന്നുകൂടി തുടങ്ങും എന്ന്. ആ മൂന്നാമത്തെ ഒരെണ്ണം എവിടെ തുടങ്ങണമെന്നു തീരുമാനിക്കാൻ അധികാരം അതതു സ്ഥലങ്ങളിലുള്ള എം. എൽ. എ.-മാർക്കാണ്. അവർ നിർദ്ദേശിക്കുന്ന സ്ഥലത്ത് തുടങ്ങും. ആറുമാസം മുൻപ് തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ഒരു മാവേലിസ്റേറാർ അനുവദിച്ചു. അത് എവിടെ തുടങ്ങണമെന്നു ഞാൻ എഴുതിക്കൊടുത്തു. അതിന് ആരും എതിരില്ല. എന്നാലും മന്ത്രിക്ക് ഇന്നുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വലിയ ഒരു കെട്ടിടമെടുത്ത് അതു വൈററ്വാഷ് ചെയ്ത് മാവേലിസ്റേറാർ എന്ന ബോർഡും എഴുതി വച്ചിട്ട് മാസങ്ങൾ എത്രയായി? എന്നിട്ട് എന്താണ് തുടങ്ങാൻ കഴിയാത്തത്? ലീഗുകാർ അതിന് അനുകൂലമല്ല. ഇപ്പോൾ ഒരു മാവേലിസ്റേറാറുള്ള സ്ഥലത്തുതന്നെ ഈ മാവേലിസ്റേറാർകൂടി തുടങ്ങണം. മററ് എവിടെയും കൊണ്ടുപോയി തുടങ്ങാൻ പാടില്ല. അങ്ങനെ വരുമ്പോൾ കോൺഗ്രസ്സുകാർ ചിലയാളുകൾ ലീഗുകാരുടെ കൂടെയാണ്. അതുകൊണ്ട് മാവേലിസ്റേറാർ തുടങ്ങാൻ വകുപ്പുമന്ത്രി മിഴിച്ചിരിക്കുകയാണ്. തുടങ്ങാൻ ഇതുവരെ സാധിച്ചിട്ടില്ല. തുടങ്ങിയാൽ എന്തുണ്ടാകുമെന്നുള്ള കാര്യം വേറെ. അങ്ങനെ ഈ ഗവൺമെന്റ് കക്ഷിയുടേയും പക്ഷത്തിന്റേയും സ്വാധീനത്തിൽപ്പെട്ട് ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റാണെന്ന കാര്യത്തിൽ ആർക്കെങ്കിലും വല്ല സംശയമുണ്ടോ; ഭരണകക്ഷിക്കാർക്കുണ്ടോ? രാജ്യത്തിന്റെ സ്ഥിതി ഇതാണ്. ജനങ്ങളുടെ സ്ഥിതി ഇതാണ്. നമ്മൾ ഇവിടെ വന്നിരുന്ന് വലിയ പ്രസംഗങ്ങൾ നടത്തുന്നു. ജനങ്ങൾ ഈ പ്രസംഗത്തിന്റെ കൂടെയാണെന്ന് ഭരണകക്ഷിക്കാർ ധരിക്കുകയാണെങ്കിൽ അങ്ങേ അററത്തെ പിശകാണ്. ജനങ്ങൾക്കു മടുത്തു കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു ദുരവസ്ഥ നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട ഈ സന്ദർഭത്തിൽ രാജ്യത്തോ ജനങ്ങൾക്കോ വേണ്ടി യാതൊന്നും ചെയ്യാൻ തയ്യാറില്ലാത്ത ഇവരുടെ ധൂർത്തിനും ക്ഷേമത്തിനും വേണ്ടി ഇത്രയും വലിയ തുക ചെലവാക്കാൻ അനുവദിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടുതന്നെ ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുന്നു. എന്റെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ 1992-ലെ കേരള ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. 1741·20 കോടി രൂപയുടെ ധനവിനിയോഗ ബില്ലാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത ജൂലായ് 31 വരെയുള്ള ചെലവിനായി വിശദമായ ചർച്ച നടത്തി നാം ബഡ്ജററ് പാസ്സാക്കുന്നതുവരെയുള്ള 4 മാസത്തേയ്ക്കുള്ള തുകയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ ബില്ലിനെ പ്രതിപക്ഷം എന്തിനാണ് എതിർക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 199-ഉം 204-ഉം 207-ഉം അനുസരിച്ച് ഈ ബിൽ നമ്മുടെ അനുദിന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്നു കാണാൻ കഴിയും. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് 143·99 കോടി രൂപയുടെ കമ്മിയാണ്. ആ കമ്മി ഉണ്ടായതുതന്നെ റേഷൻ സബ്സിഡിക്കു വേണ്ടി 100 കോടി രൂപ അനുവദിക്കാനുള്ള തീരുമാനം കൂടെയുള്ളതു കൊണ്ടാണ് എന്ന് നമുക്ക് എല്ലാവർക്കുമറിയാം. ആ നടപടിയെപ്പോലും പ്രതിപക്ഷം എതിർക്കുകയാണ്. ഒരു ഭാഗത്ത് റേഷൻ സബ്സിഡിയുടെ തുക കൂട്ടിവച്ചത് കമ്മിയുണ്ടാക്കുമെന്നു പറയുകയും മറുഭാഗത്ത് ആ സബ്സിഡി നിറുത്തലാക്കാൻ പോകുന്നു എന്ന പ്രചരണവുമാണ് അവർ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ ഈ വർഷത്തെ ബഡ്ജററിലെ ഏററവും വലിയ മുഖമുദ്ര ചെലവു ചുരുക്കുമെന്ന പ്രഖ്യാപനമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. ചെലവു ചുരുക്കും ദുർചെലവ് അവസാനിപ്പിക്കും ഇതെല്ലാം പലപ്പോഴും തെരുവീഥിയിലെ പ്രസംഗങ്ങളായി അവസാനിക്കുന്നില്ലേ എന്നു നാം ആലോചിക്കണം. എറണാകുളം ലാ കോളേജിലെ വിദ്യാർത്ഥികൾ ഇക്കഴിഞ്ഞ ദിവസം നഗ്ന ഓട്ടം നടത്തുകയുണ്ടായി. പത്രങ്ങളിൽ വന്നതാണ്. അവർ നഗ്ന ഓട്ടം നടത്തിയതിനുശേഷം അവർ പറഞ്ഞ വാദം നാട്ടിലുണ്ടായിരിക്കുന്ന വിലക്കയററത്തിലും സാമ്പത്തികമായ ചില നടപടികളിലും പ്രതിഷേധിക്കാൻ വേണ്ടിയാണ് നഗ്ന ഓട്ടം നടത്തിയതെന്നാണ്. ആ വാദം പോലെ മാത്രമേയുള്ളു ഞങ്ങൾ ദുർചെലവു കുറയ്ക്കും ചെലവു ചുരുക്കും എന്നു പറയുന്ന വാദവും. അങ്ങനെയായി മാറുന്ന ഒരു വാദമായി അവസാനിക്കരുത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയുള്ള ചെലവു ചുരുക്കൽ അല്ലാതെ യാഥാർത്ഥ്യങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള ചെലവു ചുരുക്കലിനു നേതൃത്വം നൽകണമെന്നാണ് എനിക്കു പറയാനുള്ളത്. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പഠിപ്പിച്ച ഗാന്ധിജിയുടെ സത്യസന്ധത ഇക്കാര്യത്തിൽ നമ്മുടെ മന്ത്രിമാരും വകുപ്പു മേലദ്ധ്യക്ഷൻമാരും പുലർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. വലിയ പദവികൾ ഇപ്പോഴും തുടരുകയാണ്. താഴെക്കിടയിലുള്ള ക്ലാർക്കുമാരുടേയും പ്യൂൺമാരുടേയും തസ്തികകൾ നിറുത്തലാക്കിക്കൊണ്ട് പ്രമാണിമാർക്കും തമ്പുരാക്കൻമാർക്കും വാഴുവാനുള്ള വേദിയായി വൻകിട തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ അവസാനിപ്പിക്കാൻ എല്ലാവരും തയ്യാറാകണം. സർ, അങ്ങനെ ഉണ്ടായാൽ മാത്രമേ ഈ ചെലവു ചുരുക്കൽ ഫലപ്രദമായി തടയാൻ കഴിയൂ. ബഡ്ജററു പ്രസംഗത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹൈക്കോടതിയിൽ ആറോളം അഡ്വക്കേററ് ജനറൽമാർ ഉണ്ടായിരിക്കുന്നു. ഐ.ജി.-മാരുടേയും ഡി.ഐ.ജി.-മാരുടേയും എണ്ണം ക്രമാതീതമായി ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1985-ൽ ആർബിട്രേഷൻ നിറുത്തലാക്കിയെങ്കിലും ആർബിട്രേഷന്റെ ചാർജ്ജുള്ള ചീഫ് എഞ്ചിനീയർ ഇപ്പോഴും തുടരുകയാണ്. അങ്ങനെയുള്ള നിരവധി നിരവധി അനാവശ്യ തസ്തികകൾ നിറുത്തലാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് പ്രകടി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പി.ഡബ്ല്യു.ഡി.-യിലും ആരോഗ്യ വകുപ്പിലും മററു ഡിപ്പാർട്ടുമെൻറുകളിലും ഇതുതന്നെയാണ് സ്ഥിതി. നമ്മുടെ സംസ്ഥാന ഗവൺമെൻറിൻെറ പല സ്ഥാപനങ്ങളും ദുർച്ചെലവിൻെറ മകുടോദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാൻ കഴിയും. ചെലവു ചുരുക്കൽ ആരംഭിക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തുള്ള 100 കണക്കിനു സർക്കാർ സ്ഥാപനങ്ങൾ ഉണ്ട്. ഇതെല്ലാം ശ്രദ്ധിക്കാതെ പോകുന്നു എന്നുള്ള അഭിപ്രായവും ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ എസ്. ററി. ഡി.-യും FAX-ഉം പോലുള്ള അത്യാധുനിക സൗകര്യങ്ങളുണ്ടായിരുന്നിട്ടും മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും നടത്തുന്ന അനാവശ്യമായ സർക്കീട്ടുകൾ അവസാനിപ്പിക്കാൻ നടപടി എടുക്കണം. നമ്മുടെ ററി. ബി.-കളും ഗസ്ററു ഹൗസുകളും മദ്യപാനശാലകളായി മാറിയിരിക്കുന്നു. അതും ദുർച്ചെലവാണെന്നു കണ്ടെത്താൻ കഴിയണം. ഇവിടെ റിസോഴ്സസ് കമ്മീഷനെ നിയമിച്ചതുപോലെ നമ്മുടെ നാട്ടിലുണ്ടാകുന്ന തെററായ ചെലവുകൾ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി വേസ്ററേജ് സർവേയിംഗ് കമ്മിററിക്ക് രൂപം നൽകാൻ തയ്യാറാവണം. പുതുതായി സാമ്പത്തിക ബാദ്ധ്യതയില്ലാതെ ആ കമ്മിററി ഇടയ്ക്കിടെ യോഗം ചേർന്ന് ആ കമ്മിററിയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കാനും ചർച്ച ചെയ്യാനും കഴിയണം. ഓരോ സമ്മേളനം ആരംഭിക്കുമ്പോഴും മന്ത്രിമാർക്ക് ഞങ്ങൾ ചെലവ് ചുരുക്കി എന്നു സന്തോഷത്തോടുകൂടി പറയാനുള്ള സാഹചര്യമുണ്ടാകണം. ഞാൻ ഒരു വാക്കു കൂടി പറഞ്ഞു നിറുത്തിക്കൊള്ളാം. നമ്മുടെ കേരളത്തിൻെറ പൊളിററിക്കൽ ബാർഗെയിനിംഗ് കപ്പാസിററി അനുദിനം കുറഞ്ഞുവരുന്നു. നാലു പ്രഗത്ഭരായ കേന്ദ്ര മന്ത്രിമാരും ബഹുമാന്യനായ മുഖ്യമന്ത്രിയുമുള്ള നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ശക്തമായി പൊളിററിക്കൽ ലോബിയിംഗ് കേന്ദ്രത്തിൽ നടത്തണമെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ 20 എം. പി.-മാരേയും കാര്യമായി ലീഡു ചെയ്യാനും തമിഴ്നാട്ടിലും കർണ്ണാടകയിലും എം. പി.-മാർ ചെയ്യുന്നതുപോലെ ഇവിടെ രാഷ്ട്രീയം മറന്നുകൊണ്ടു പോരാടുവാനും നമ്മുടെ എം. പി.-മാരെ പ്രോൽസാഹിപ്പിക്കണം. അതോടൊപ്പം തന്നെ റെയിൽവേയുടെ ഭൂപടത്തിൽ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ നമുക്ക് കഴിയണം. നികുതി പിരിവു ശക്തിപ്പെടുത്തണം. ഇത്തരം നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിൻതാങ്ങുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. സർ, ഈ ഗവൺമെൻറിൻെറ കോഴിയങ്കവും അവരുടെ പിടിപ്പുകേടുമൊക്കെ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഈ ഗവൺമെൻറിനു വരുത്തിക്കൊണ്ടിരിക്കുന്നു. ഇന്നു കാലത്ത് ഈ സഭയിൽ പറയാൻ ഉന്നയിച്ച ഒരു പ്രശ്നം, ആ പ്രശ്നം ഇവിടെ അവതരിപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയുമൊക്കെ വല്ലാത്ത അസഹിഷ്ണുത ഈ സഭയിൽ പ്രകടിപ്പിച്ചു. സർ, സമയാസമയങ്ങളിൽ ഈ ഗവൺമെൻറിനും ഈ സംസ്ഥാനത്തിനും വരുന്ന നഷ്ടവും ബാദ്ധ്യതയും ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരമുണ്ടാക്കാനും ഈ സഭയിലെ അംഗങ്ങൾ പരിശ്രമിക്കുമ്പോൾ ഈ സഭയിൽ അങ്ങനെ അസഹിഷ്ണുത ആരും പ്രകടിപ്പിക്കാൻ പാടില്ല.



LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:** * * * *

**മി. സ്പീക്കർ:** ആ പരാമർശങ്ങരം ഒന്നും രേഖയിൽ ഉണ്ടാവുകയില്ല.

**ശ്രീ. കെ. ഇ. ഇസ്മയിൽ:** ഇവിടെ ഈ കമാൻഡ് ഏരിയ ഡെവലപ്മെൻറിന്റെ പ്രവർത്തനം ആകെ സ്തംഭിച്ചിരിക്കുന്നു എന്നു കേരളത്തിലെ പത്രങ്ങരം വാർത്ത പുറത്തുകൊണ്ടുവരികയുണ്ടായി.

**ശ്രീ. കെ. ഇ. ഇസ്മയിൽ:** സർ, കമാൻറ് ഏരിയ ഡവലപ്മെൻറിന്റെ പ്രവർത്തനമാകെ സ്തംഭിച്ചിരിക്കുന്നുവെന്ന് കേരളത്തിലെ ഉത്തരവാദപ്പെട്ട പത്രങ്ങരം പുറത്തുകൊണ്ടുവരികയുണ്ടായി. നമ്മുടെ സംസ്ഥാനത്തിനു ലഭിക്കേണ്ട ഒമ്പതുകോടി രൂപ ഈ വർഷം ചെലവഴിക്കാൻ കഴിയുകയില്ല, ലാപ്സാകാൻ പോവുകയാണ്. അതിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നില്ല. ഇവിടത്തെ മുഖ്യമായ തർക്കം എന്താണ്? 'കാഡയുടെ' ചുമതല പന്തളം സുധാകരൻ എന്ന വകുപ്പുമന്ത്രിക്കാണ്. എന്നാൽ അതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും കൊടുക്കുകയും ചെയ്യേണ്ടത് ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് ആണ്. രണ്ടുപേരും തമ്മിലുള്ള കോഴിപ്പോരിൽ പൂച്ചയുടെ അപ്പം പങ്കുവയ്ക്കാൻ കുരങ്ങൻ ഏററതുപോലെ അതിന്റെ മുഴുവൻ ഫയലുകളും വരുത്തി ഞാൻ ഇത് പങ്കുവച്ചുതരാമെന്ന നിലയിൽ ആ രണ്ടു വകുപ്പുകളുടേയും ചുമതല ഇപ്പോരം മുഖ്യമന്ത്രിയുടെ കൈയിലാണ്. അതിൽ ഒരു തീരുമാനവും എടുക്കുന്നില്ല. അതിനെ തുടർന്ന് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതവും നഷ്ടപ്പെടാൻപോകുകയാണ്. ഗൗരവമായ ഈ പ്രശ്നത്തിൽ ഗവൺമെൻറ് ഒരു നിലപാടെടുക്കണം. അടിയന്തിരമായി അതിനു പരിഹാരമുണ്ടാക്കണം.

അതുപോലെതന്നെ ഇൻറർ സ്റേററ് വാട്ടറിന്റെ ചുമതല ആർക്കാണ്? മുഖ്യമന്ത്രിക്കാണ്. അതിലും വകുപ്പുദ്യോഗസ്ഥൻമാരെ കൊടുക്കേണ്ട ചുമതല ടി. എം. ജേക്കബ്ബിനാണ്. ഒരത് ഞങ്ങരംക്കൊക്കെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. പറമ്പിക്കുളത്തെ പ്രശ്നം പോലുള്ള പ്രശ്നം നോക്കാൻ ഇന്ന് ആളില്ല. അതിന് ഉത്തരവാദിയില്ല. ഞങ്ങളുടെ നിയമസഭാ കമ്മിററി അവിടെ പോയപ്പോരം അതിന്റെ എഗ്രിമെൻറിന്റെ കാലാവധി കഴിഞ്ഞു, അതിന്റെ ചർച്ചക്ക് പോകാനാവശ്യമായ യാതൊരു ധാരണയും അവർ ഇതുവരെയുണ്ടാക്കിയിട്ടില്ല. അവർ അവിടെ പറഞ്ഞത് അതിനൊന്നും ഒരു നാഥൻ ഇല്ലെന്നാണ്. അതുപോലെതന്നെ കാവേരി ജലത്തിന്റെ പ്രശ്നം അതിരൂക്ഷമായ പ്രശ്നമായി ഇന്ന് ഇൻഡ്യയിൽ ഉയർന്നു നിൽക്കുകയാണ്. കാവേരി പ്രശ്നത്തിലും സജീവമായി ഇടപെടാൻ കഴിയണമെങ്കിൽ ഇൻറർ സ്റേററ് വാട്ടറിന്റെ ചുമതല വഹിക്കുന്ന മന്ത്രിയും വകുപ്പുമന്ത്രിയുമൊക്കെ താൽപര്യപൂർവ്വം ശ്രമിച്ചാൽ മാത്രമേ കഴിയുകയുള്ളു. ഇത്രയും നിരുത്തരവാദപരമായ സമീപനങ്ങളിലൂടെ നമ്മുടെ സംസ്ഥാനത്തിന് കോടികരം നഷ്ടപ്പെടുത്തുന്ന ഒരു സ്ഥിതിഗതിയുണ്ടാകാൻ പാടില്ല. ഉദാഹരണത്തിന് ഇതിന്റെ അഡ്മിനിസ്ട്രേററീവ് പ്രവർത്തനത്തിനുവേണ്ടി കമാൻറ് ഏരിയ വികസന പദ്ധതി സെക്രട്ടറിയേററ് സെല്ലിൽ '50-കേന്ദ്രാവിഷ്കൃതം' എന്ന മൈനർ ഹെഡ്ഡിൽ നടപ്പുവർഷത്തിൽ പ്ലാൻ സ്കീമായി അഞ്ചു ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ

*** സഭാദ്ധ്യക്ഷന്റെ റൂളിംഗ് പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

1992–93 സാമ്പത്തിക വർഷത്തിൽ ഒരുപൈസപോലും ആ ഇനത്തിൽ വകയിരുത്തിയിട്ടില്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അതിന്റെ പ്രവർത്തനം പൂർണ്ണമായും ഇല്ലായ്മചെയ്യുന്നതിലേക്ക് എത്തിക്കുന്നു എന്നാണ്. പതിനായിരക്കണക്കിന് വരുന്ന കൃഷിക്കാരുടെ ജീവൻ കൊണ്ടാണ് ഈ ഗവൺമെൻറ് പന്താടുന്നതെന്ന് ഓർമ്മവേണം. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായ ജലസേചനപദ്ധതിയുള്ള പ്രദേശത്തെ കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ജലസേചന സൗകര്യങ്ങൾ ലഭ്യമായിത്തുടങ്ങിയ പദ്ധതികളിൽനിന്ന് അത് കിട്ടാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇത് കേരളത്തിലെ വിവിധപ്രദേശങ്ങളിലെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ട് ചാലക്കുടി, ചീരക്കുഴി, ചിററൂർ, ഗായത്രി, കുററ്യാടി, മലമ്പുഴ, നെയ്യാർ, പമ്പ, പീച്ചി തുടങ്ങിയ നിരവധി ഡാമുകളുടെ ആയക്കെട്ട് പ്രദേശങ്ങളിലെ ജനങ്ങൾക്ക് വെള്ളമെത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കേണ്ട പദ്ധതിയിൽ ഇതുപോലെ നിരുത്തരവാദപരമായ സമീപനം കൊണ്ട് കോടികൾ നഷ്ടപ്പെടുത്താൻ ഇടവരുത്തുന്ന ഒരു സമീപനം ഗവൺമെൻറ് കൈക്കൊള്ളുന്നു. ഇത് ഒന്നിൽ മാത്രമല്ല നിരവധി ഉദാഹരണങ്ങൾ ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാനുണ്ട്. ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് ഇത്തരം ഗൗരവതരമായ വീഴ്ചകൾ ഗവൺമെൻറിന്റെ ഭാഗത്ത് നിന്ന് തുടരാൻ അനുവദിക്കാൻ പാടില്ല. അതിന് അടിയന്തിരമായ പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി നേരിട്ട് ഇടപെടാനും, പരിഹാരമുണ്ടാക്കാനും പരിശ്രമിക്കണം. പരിശ്രമങ്ങളിലൂടെ അതിന് പരിഹാരമുണ്ടാക്കാൻ കഴിയൂ. അതുകൊണ്ട് ഇത്തരം പിടിപ്പുകെട്ട ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എം. ജെ. സക്കറിയ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഈ സംസ്ഥാനത്ത് വളരെ ശ്രദ്ധേയമായ പല മാററങ്ങൾക്കും തുടക്കം കുറിക്കാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് സാധിച്ചിട്ടുണ്ട്. ഈ വർഷം പ്രഖ്യാപിച്ച വ്യവസായനയം പൊതുവെ പ്രശംസ പിടിച്ചുപററുന്നതാണ്. ഈ വ്യവസായ നയത്തിന്റെ ഗുണഫലങ്ങൾ നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായും ലഭ്യമാകണമെങ്കിൽ ഒരുപാട് ഘടകങ്ങൾ ആത്മസമർപ്പണത്തോടുകൂടി ഈ സംരംഭവുമായി സഹകരിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ധനകാര്യസ്ഥാപനങ്ങൾ, വ്യവസായികൾ, തൊഴിലാളികൾ നമ്മുടെ രാജ്യത്തിലെ സാമാന്യജനങ്ങൾ തുടങ്ങിയവരുടെയൊക്കെ നിർല്ലോഭമായ സഹകരണമുണ്ടെങ്കിൽമാത്രമേ നാം പ്രഖ്യാപിച്ച വ്യവസായനയം അത് അർഹിക്കുന്ന രീതിയിൽ പരിപൂർണ്ണതയിലെത്തിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ ധനകാര്യസ്ഥാപനങ്ങളുടെ പ്രധാന ഘടകമാണ് ബാങ്കുകൾ. ഈ രംഗത്ത് ഈ ബാങ്കുകൾ പൂർണ്ണമായും സഹകരണപരമായ ഒരു സമീപനം സ്വീകരിച്ചുകാണുന്നില്ല എന്നതാണ് ദുഃഖകരമായ ഒരു സത്യം. ബാങ്കുകൾക്ക് നിക്ഷേപസമാഹരണം എന്നതിൽ കവിഞ്ഞ് ഒരു ലക്ഷ്യമുണ്ടെന്നുള്ള വസ്തുത അവർ ബോധപൂർവ്വം വിസ്മരിച്ചിരിക്കുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സ്വയം തൊഴിൽ കണ്ടെത്താനും, ചെറുകിട വ്യവസായങ്ങളും, കച്ചവടങ്ങളും പ്രോൽസാഹിപ്പിക്കാനും സഹായകമായ ഒരു നിലപാട് ബാങ്കുകൾ സ്വീകരിക്കണം. ഇത് പൊതുവെ അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്,

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ പലപ്പോഴും ഇത്തരം സംരംഭങ്ങാക്ക് സഹായകരമായ ഒരു നിലപാട് ബാങ്കുകളിൽനിന്ന് ലഭിക്കുന്നില്ല. അവർ നാമമാത്രമായി കടവായ്പകാം നൽകുന്നു. പക്ഷേ അതിന്റെ പൂർണ്ണമായ ഗുണഫലം ലഭ്യമാകുന്നതിന് മുമ്പ്തന്നെ റവന്യൂ റിക്കവറിയോ മററ് നടപടികളോ മൂലം അത് തടസ്സപ്പെടുത്തുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. വിദേശത്ത് പോകുന്ന ചെറുപ്പക്കാർക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി ചില ബാങ്കുകാം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അതും അവർക്ക് ആവശ്യമുള്ളത്ര പണം നൽകാതെ അവരിൽ നിന്ന് കൂടുതൽ ഈട് ആവശ്യപ്പെടുന്നതുകൊണ്ട് ഫലത്തിൽ അതിന്റെ പ്രയോജനവും നമ്മുടെ യുവാക്കളിൽ ചെന്നെത്തുന്നില്ല. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തിലെ വ്യവസായികളെ സഹായിക്കാൻ വേണ്ടിയുള്ള ഒരു ഏജൻസിയാണ് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ. അവർ സഹായിക്കുന്നുണ്ടെങ്കിലും പലപ്പോഴും അത് യഥാർത്ഥത്തിൽ പ്രയോജനം ലഭിക്കുന്ന വിധത്തിലാകുന്നില്ലെന്നുള്ളത് ഒരു ദുഃഖകരമായ സത്യമാണ്. കെ. എഫ്. സി. ഒരു ബ്ലേയിഡ് കമ്പനിയായി മാറിയിരിക്കുന്നുവെന്നുള്ള പരാതി പുറത്തും നിയമസഭയ്ക്കകത്തും വളരെ പ്രാവശ്യം ആവർത്തിച്ച് പറഞ്ഞതാണ്. വ്യവസായങ്ങളുടെ പ്രൊഡക്ഷനാവശ്യമായ പണം നൽകിക്കഴിഞ്ഞാൽ അതിന്റെ ഉൽപ്പാദനം ആരംഭിക്കുന്നതിന് മുമ്പുതന്നെ അതിന്റെ റെവന്യൂ റിക്കവറി നടപടികാം ആരംഭിക്കുന്നതുകൊണ്ട് പല വ്യവസായങ്ങളും അതിന്റെ ആദ്യഘട്ടത്തിൽതന്നെ പൂട്ടിയിടേണ്ട ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായി വരുന്നുണ്ട്. അത് യഥാർത്ഥത്തിൽ നമ്മുടെ ഗവൺമെൻറിന്റെ നയത്തെ തുരങ്കം വയ്ക്കുന്ന, സഹായകരമല്ലാത്ത ഒരു സമീപനമാണ്. വെട്ടിപ്പിന് സഹായം നൽകുകയും വെട്ടിപ്പിന് ഇടയായവരെ തുലയ്ക്കുകയും ചെയ്യുന്ന ഒരു സമീപനം കെ.എഫ്.സി. ഒരിക്കലും സ്വീകരിക്കാൻ പാടില്ല എന്നാണ് എനിക്ക് വിനയപൂർവ്വം ഉണർത്താനുള്ളത്. ഒരുപാട് ഏജൻസികാം കൂടിയാണ് ഈവക കാര്യങ്ങാം തീരുമാനിക്കുന്നതെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഐ. ഡി. ബി. ഐ.-യും കെ. എസ്. ഐ. ഡി. സി.-യും ഒക്കെ ഇതിന്റെ പിന്നിലുണ്ടെങ്കിലും ഈ സാമ്പത്തികസഹായം നൽകുമ്പോാം അവരെ ഇതിൽനിന്ന് കരകയററാനുള്ള ഒരു സമീപനമായിരിക്കണം തീർച്ചയായും ഇത്തരം ഏജൻസികാം മുഖേന നമുക്കുവേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ വർഷം മിതവ്യയവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. തീർച്ചയായും അത് സ്വാഗതാർഹമായ ഒരു നടപടിയാണ്. ആരൊക്കെ ഏതെല്ലാം രീതിയിൽ അതിനെ വ്യാഖ്യാനിച്ചാലും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ വർഷം മിതവ്യയ വർഷമായി പ്രഖ്യാപിച്ചെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ കാര്യത്തിലെങ്കിലും ഇത് മിതവ്യയ വർഷമായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കാരണം മുൻകാല അനുഭവങ്ങാംവച്ച് നോക്കുമ്പോാം ധനകാര്യമന്ത്രി തീർച്ചയായും മിതവ്യയത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തും. മഹാത്മജി പറഞ്ഞു, 'ലളിതജീവിതവും ഉയർന്ന ചിന്തയും' അത് ബഹുമാനപ്പെട്ട അങ്ങയെ മാത്രം ബാധിക്കുന്നതോ എന്നെ മാത്രം ബാധിക്കുന്നതോ ആയ ഒരു കാര്യമല്ല. നമ്മുടെ സംസ്ഥാനത്ത് ഉന്നത നിലവാരത്തിലിരിക്കുന്ന ആളുകളിലും ലളിത ജീവിതവും ഉയർന്ന ചിന്തയും വേണം. ഇപ്പോാം ലളിതമായ ചിന്തയും ഉയർന്ന ജീവിതവുമാണ്. പലപ്പോഴും നമ്മുടെ ഉന്നത ശീർഷരായ ആളുകളിൽ കണ്ടുവരുന്നത് എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. അത് ഇവിടെ ഉണർത്താതിരിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: സർ, പഴയ കെ. പി. സി. സി. (ഐ) പ്രസിഡൻറ് ആൻറണി പറഞ്ഞിരിക്കുന്നത് മന്ത്രിമാർ ധൂർത്തടിക്കുകയാണ്; ധൂർവ്യയം ചെയ്യുന്നു, വീടുകളിലൊക്കെ ടെലിഫോൺ വയ്ക്കുന്നു ആഡംബര ജീവിതം നയിക്കുന്നുവെന്നൊക്കെയാണ്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ഒഴിവാക്കുന്നത് നല്ലതാണെന്ന അഭിപ്രായമുണ്ടോ?

[1 p.m.]

ശ്രീ. എം. ജെ. സക്കറിയ: സർ, മന്ത്രിമാർ മാത്രമല്ല, പൊതു പ്രവർത്തകൻമാർ ഇത്തരം ആർഭാടകരമായ ജീവിതം നയിക്കരുതെന്ന് എ. കെ. ആൻറണിക്ക് നേരത്തെ തന്നെ അഭിപ്രായമുള്ളതാണ്. ഈ കാര്യം അദ്ദേഹം പൊതുവായി പറഞ്ഞുവെന്നേയുള്ളൂ, നമുക്കൊക്കെ ബാധകമുള്ളതാണ്. ഞാൻ അതിൻെറ വിവാദങ്ങളിലേക്ക് കടക്കാനാഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ഒരുപാട് പ്രശ്നങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ട്. പുഴുക്കലരി കിട്ടുന്നില്ലയെന്നു മാത്രമല്ല അതിനു പകരം കിട്ടുന്നത് പച്ചരിയാണ്. മൂന്ന് ആഴ്ചയോളമായി അവിടെ പഞ്ചസാര കിട്ടുന്നില്ല. 10 കിലോ സ്പെഷ്യൽ അരി നൽകുന്നത് പച്ചരിയാണ്. റേഷൻകടകളിൽനിന്നും കിട്ടുന്നത് പുഴുക്കലരി ആയിരിക്കുമെന്നു പറഞ്ഞു. പക്ഷേ ഇപ്പോൾ സ്പെഷ്യലായിട്ട് കിട്ടുന്നത് പച്ചരിയാണ്. സാധാരണ ആഴ്ചയിൽ കിട്ടുന്നത് പച്ചരിയാണ്. പഞ്ചസാര കിട്ടാനില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ലീഗിനോടുള്ള പ്രത്യേക താൽപ്പര്യം കൊണ്ടാണ് പച്ചരി വിതരണം ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. ജെ. സക്കറിയ: പുഴക്കലരി ചുവന്നിരിക്കുമെന്നാണ് നമ്പാടൻ മാസ്ററർ മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് പച്ചയായിരിക്കുമെന്നു തോന്നുന്നത്. എൻെറ അഭിപ്രായത്തിൽ ഏതെങ്കിലും ഒരു താലൂക്കിൽ മാത്രമായി പുഴുക്കലരി വിതരണം ചെയ്യുന്ന നടപടി ശരിയല്ല. വികസനമെന്നു പറയുമ്പോൾ സംസ്ഥാനത്തൊട്ടാകെയുള്ള വികസനമാണ്. ഏതെങ്കിലും പ്രത്യേകമായ സ്ഥലത്തുള്ള വികസനമെന്നു പറയുമ്പോൾ സംസ്ഥാനത്തിൻെറ മൊത്തത്തിലുള്ള വികസനം സാദ്ധ്യമാകുമെന്ന് അർത്ഥമില്ല. റേഷൻ അരി വിതരണം ചെയ്യുമ്പോൾ പോലും കുന്നത്തൂർ താലൂക്കിൽ മാത്രം പുഴുക്കലരിയും മററ് താലൂക്കുകളിൽ പച്ചരിയും വിതരണം ചെയ്യുന്ന ചില ഉദ്യോഗസ്ഥൻമാർ ഉണ്ട്. നമ്മുടെ ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിയേയും ഗവൺമെൻറിനെയും ചീത്തയാക്കാൻ ബോധപൂർവ്വം ചില ഉദ്യോഗസ്ഥൻമാർ ശ്രമിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിയെ ആർക്കും ചീത്തയാക്കാൻ സാദ്ധ്യമല്ലയെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. ജെ. സക്കറിയ: കൂടെകിടക്കുന്നവനല്ലേ രാപ്പനിയുടെ ചൂട് അറിയാവൂ. അദ്ദേഹത്തിനറിയാവുന്നത്ര എനിക്കറിയില്ല.

ശ്രീ. സി. എഫ്. തോമസ്: ഒരു താലൂക്കിൽ പുഴുക്കലരി കൊടുക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് എതിരായി കർശന നടപടി സ്വീകരിക്കണമെന്നല്ലേ പറഞ്ഞത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജെ. സക്കറിയ: ഈ രാജ്യത്തെ സാധാരണക്കാരുടെ ഭക്ഷ്യ പ്രശ്നമാണ് ഞാൻ ഇവിടെ പറയുന്നത്. 180 കോടി രൂപ സബ്സിഡി കൊടുത്താണ് റേഷൻ വിതരണം ചെയ്യുന്നത്. ഇത്രയും വലിയ ഉത്തരവാദിത്വമാണ് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഏറ്റെടുത്തിട്ടുള്ളത്.

ശ്രീ. ടി. ശിവദാസമേനോൻ: ഭക്ഷ്യമന്ത്രിക്ക് ദുഷ്പേരുണ്ടാക്കാൻ ചില ഉദ്യോഗസ്ഥൻമാർ പരിശ്രമിക്കുന്നുവെന്ന് പറഞ്ഞു. ഉദ്യോഗസ്ഥൻമാർ മാത്രമല്ല അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട ആളുകളും ശ്രമിക്കുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. ജെ. സക്കറിയ: ഞാൻ പറഞ്ഞത് അരി വിതരണത്തിൻെറ കാര്യമാണ്. ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ അത് ഗൗരവമായി പരിഗണിക്കേണ്ടതാണ്. അതുപോലെ കുടിവെള്ളത്തിൻെറ പ്രശ്നം പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു പറയുകയാണ്. രൂക്ഷമായ വരൾച്ച നമ്മുടെ സംസ്ഥാനം നേരിടുകയാണ്. അത് നമ്മുടെ മന്ത്രി നിയമസഭയിൽ സമ്മതിച്ച കാര്യമാണ്. കുടിവെള്ളത്തിൻെറ പ്രശ്നത്തിൽ സമഗ്രമായ ജലനയം നമ്മുടെ മന്ത്രി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻെറ വിശദാംശങ്ങളിലേയ്ക്കു പോകാൻ ഇപ്പോൾ സന്ദർഭമില്ല. കഴിഞ്ഞ കൊല്ലം കുടിവെള്ളക്ഷാമമുണ്ടായപ്പോൾ ഇടതുപക്ഷമുന്നണി ഗ്രാമങ്ങളിൽ മാത്രം വെള്ളം കൊടുക്കുന്ന സമീപനമാണ് സ്വീകരിച്ചത്, അത് പൂർണ്ണമായും വിജയിച്ചുമില്ല. എല്ലായിടത്തും വേണ്ടപോലെ വെള്ളം കൊണ്ടുവന്ന് സപ്ലൈ ചെയ്തില്ല. നഗരപ്രദേശങ്ങളിൽ വെള്ളം വേണം. കൊച്ചി നഗരം വരൾച്ചയുടെ പിടിയിലമർന്നിരിക്കുകയാണ്. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെൻറ് അധികാരത്തിലിരുന്നപ്പോൾ, ബേബിജോൺ ജലസേചനമന്ത്രിയായിരുന്നപ്പോൾ ആണ് കൊച്ചി നഗരത്തിൻെറ അടക്കം ശുദ്ധജലവിതരണത്തിൻെറ ചുമതല ജലഅതോറിററി ഏറ്റെടുത്തത്. ഇന്ന് കൊച്ചി കോർപ്പറേഷൻ മേയറും കൗൺസിലർമാരും ജലഅതോറിട്ടിയിൽ നിന്നും അത് തിരിച്ചുകിട്ടണമെന്നു പറഞ്ഞ് സമരം ചെയ്യാൻ പോകുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഇപ്പോൾ കുടിവെള്ളം ടാങ്കർ ലോറികളിൽ കൊണ്ടെത്തിക്കാനുള്ള ചുമതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഗവൺമെൻറ് ഏറ്റെടുക്കുന്നില്ല. മുൻപ് ഇടതുമുന്നണി ഗവൺമെൻറ് അധികാരത്തിൽ ഇരുന്നപ്പോൾ കുടിവെള്ളം വേണ്ട ഓരോ പഞ്ചായത്തിലും ടാങ്കർ ലോറികളിൽ സർക്കാർ ചെലവിൽ വെള്ളം എത്തിച്ചിരുന്നു. ഇപ്പോൾ അത് കൊടുക്കുന്നില്ല. അത് പഞ്ചായത്തിൻെറ ചുമതലയിൽ കൊണ്ടുവന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ജെ. സക്കറിയ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം എനിക്കറിയാം. മാർക്സിസ്ററുകാർ ഭരിക്കുന്ന പഞ്ചായത്തുകളിൽ ഡി. വൈ. എഫ്. ഐ.-കാർ വെള്ളം കൊണ്ടുപോയി കൊടുത്തിരുന്ന വസ്തുത ഞാൻ അംഗീകരിക്കുന്നു. ഇവിടെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കും വെള്ളം ഇന്നു കിട്ടുന്നില്ല. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുകയെന്നുള്ള പ്രാഥമിക കടമപോലും ഒരു പഞ്ചായത്ത് ചെയ്യുകയില്ലെന്നു വാശിപിടിക്കുന്നത് ശരിയാണോ?

ശ്രീ. എം. ജെ. സക്കറിയ: ജനങ്ങളുടെ കുടിവെള്ള പ്രശ്നംപോലും കക്ഷിരാഷ്ട്രീയത്തിന്റെ തുലാസിൽ തൂക്കിമാത്രം വിതരണം ചെയ്തിരുന്ന ഒരു സമ്പ്രദായം ഇവിടെ ഉണ്ടായിരുന്നു. ഭക്ഷ്യകാര്യത്തിലും കുടിവെള്ളത്തിന്റെ കാര്യത്തിലും ഐക്യജനാധിപത്യമുന്നണിയുടെ നയങ്ങളെ താറടിച്ചു കാണിക്കാനും പരാജയപ്പെടുത്താനും ശ്രമിക്കുന്ന ശക്തികൾക്കെതിരെ ഗവൺമെന്റ് ജാഗ്രത പാലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഭരണരംഗത്ത് നടക്കുന്നതായിട്ടുള്ള ചില വ്യക്തമായ തെററുകൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സെക്രട്ടേറിയററ് സർവ്വീസിൽ നിന്നും ഐ. എ. എസ്. ഉദ്യോഗസ്ഥനായി സ്ഥാനക്കയററം കൊടുക്കാനായി തെരഞ്ഞെടുപ്പു നടത്തിയത് സംബന്ധിച്ചാണ്. അതിന്റെ പാനൽ തയ്യാറായി. സീനിയോറിട്ടി പ്രകാരം 16 അഡീഷണൽ സെക്രട്ടറിമാരുടെ പാനൽ തയ്യാറാക്കി.

(1) സർവ്വശ്രീ. ഇ. ശങ്കരൻ (സ്പെഷ്യൽ റിക്രൂട്ട്മെൻറ്, ഹരിജൻ ആണ്).
(2) പി. ആർ. പത്മനാഭൻ
(3) കെ. പി. ഷൺമുഖദാസ്
(4) വി. കെ. ശിവശങ്കരൻ
(5) അപ്പുക്കുട്ടൻ നമ്പ്യാർ
(6) വി. വിജയൻ
(7) വി. പി. രാജേന്ദ്രൻ
(8) ശ്രീമതി കെ. ആർ. വിജയകുമാരി ദേവി
(9) ശ്രീ. കെ. എ. അരവിന്ദാക്ഷൻ
(10) ശ്രീ. കെ. കൃഷ്ണൻ
(11) ശ്രീ. കെ. ലക്ഷ്മണ അയ്യർ
(12) ശ്രീമതി വി. വി. വിജയലക്ഷ്മി
(13) ശ്രീ. എം. ചന്ദ്രശേഖരൻ
(14) ശ്രീ. കെ. ആർ. ഗോപിനാഥൻ നായർ

ഇത് നോക്കാനായിട്ട് ഒരു സ്ക്രീനിംഗ് കമ്മിററിയെ നിയമിച്ചു. ആ സ്ക്രീനിംഗ് കമ്മിററിയിൽ എക്സ്ററൻഷൻ കൊടുത്തതായിട്ടുള്ള ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, ജി. എ. ഡി. സെക്രട്ടറി, (മുഖ്യമന്ത്രിയുടെ നേരെകീഴിൽ പ്രവർത്തിക്കുന്നതാണ്) എന്നിവരാണ്. ഇവർ മൂന്നുപേരെ തിരഞ്ഞെടുത്തിരിക്കുകയാണ്. ഹരിജനെ തഴഞ്ഞു, വേറെ നാലു സീനിയറെ തഴഞ്ഞു, എന്നിട്ട് തിരഞ്ഞെടുത്തത് (1) ശ്രീ. പി. അപ്പുക്കുട്ടൻ നമ്പ്യാർ (പ്രൈവററ് സെക്രട്ടറി ടു സി. എം.) 6 തൊട്ട് 8 വരെയുള്ളവരെ തഴഞ്ഞിട്ട് (2) ശ്രീ. കെ. എ. അരവിന്ദാക്ഷൻ (അഡീഷണൽ പി. എസ്. ടു സി. എം.) 10 തൊട്ട് 13 വരെയുള്ള ആൾക്കാരെ തഴഞ്ഞിട്ടാണ് മൂന്നാമത് ശ്രീ. കെ. ആർ ഗോപിനാഥൻനായർ (ജനറൽ അഡ്മിനിസ്ട്രേഷൻ അഡീഷണൽ സെക്രട്ടറി പ്രസിഡൻറ് സെക്രട്ടേറിയററ് അസോസിയേഷൻ)

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ അസോസിയേഷന്റെ പ്രസിഡന്റാണ്. ഈ മൂന്ന് ആാംക്കാരെ മാത്രം ഇൻററവ്യൂവിനു വിളിച്ചു ബാക്കി ആാംക്കാരെ മുഴുവനും വിളിച്ചില്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ടും സീനിയോറിട്ടിയുമെല്ലാം അവഗണിച്ചുകൊണ്ട് സ്വന്തം ആാംക്കാരെ തെരഞ്ഞെടുക്കുകയെന്നുള്ള ഏർപ്പാടാണ് ഐ. എ. എസ്.-ന്റെ കാര്യത്തിലും ചെയ്തിരിക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ സ്വന്തക്കാരെ തെരഞ്ഞെടുത്തു എന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. അത് മാത്രമല്ല ഫിനാൻസ് സെക്രട്ടറിയുടെ പ്രൈവററ് സെക്രട്ടറിയായിട്ടുള്ള നാരായണപിള്ള അദ്ദേഹത്തെ മൂന്നാം പ്രാവശ്യവും വിളിച്ചു. സെലക്ഷൻ റൂംസിൽ മൂന്നാമത് ഒരു ചാൻസ് കൊടുക്കണമെന്ന് വകുപ്പുണ്ടായിരുന്നതുകൊണ്ട് അതിനുവേണ്ടി വിളിച്ചു. പക്ഷേ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ കഴിവുള്ള മററൊരു ഉദ്യോഗസ്ഥനേയും പാനലിൽ ചേർത്തിട്ടില്ല. അവരെയൊന്നുംതന്നെ നിയമിച്ചിട്ടുമില്ല. ഇത് ഒരു തരത്തിൽ പറയുകയാണെങ്കിൽ സ്വജനപക്ഷപാതമാണ്. നല്ല നിലയിലുള്ള ആശ്രിതവാൽസല്യമാണ്. ഈ ആാംക്കാരെ തെരഞ്ഞെടുത്തത് തെററായ നിലയിലാണ്. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ചിലതെല്ലാം മുഖ്യമന്ത്രിക്കുവേണ്ടി നടത്തിയിരിക്കുന്നു എന്ന് മാത്രമേ കണക്കാക്കാൻ കഴിയുന്നുള്ളൂ. ഈ സംസ്ഥാനത്തെ ചെലവ് ചുരുക്കൽ നടപടികളെപ്പററി ഇവിടെ പറയുകയുണ്ടായി. ഒന്ന്, ഫോണിന്റെ കാര്യമാണ്. ധൂർത്തടിക്കുകയാണ് ഫോണിന്റെ കാര്യത്തിൽ ചെയ്യുന്നത്. ഇതേ മുഖ്യമന്ത്രി 1982 മുതൽ 1987 വരെ മുഖ്യമന്ത്രി ആയിരുന്നു. ഇതേ ക്യാബിനററ് റൂമും മുഖ്യമന്ത്രിയുടെ ഇതേമുറിയും ഉപയോഗിച്ചു. അത് കഴിഞ്ഞതിനുശേഷം നാലര കൊല്ലക്കാലം മററൊരു മന്ത്രിസഭ ഉണ്ടായിരുന്നു. വീണ്ടും വന്നപ്പോൾ ഇപ്പോൾ ആ മുഖ്യമന്ത്രിയുടെ ആ ഭാഗത്തൊന്നും നടക്കാൻ നിവൃത്തിയില്ല. മൂന്നു വരി കസേര. നാലേക്കർ സ്ഥലം. രണ്ട് ലക്ഷം രൂപ വിലയുള്ളതായ കസേര. ചൂരൽ കസേര അങ്ങ് കണ്ടിട്ടില്ലേ? ഗ്രാമോദ്യോഗ ഭവന്റെ മുൻപിൽക്കൂടി പോകുമ്പോൾ കാണുന്നതായ കസേരകൾ. വളരെ വില കുറഞ്ഞ കസേരകൾ. ആ കസേരകൾക്ക് രണ്ട് ലക്ഷം രൂപയെന്നു പറഞ്ഞ് ഫയൽ വന്നപ്പോൾ ചീഫ് സെക്രട്ടറി അതിൽ എഴുതി. This is atrocious. ഫയൽ മുഖ്യമന്ത്രിയുടെ അടുത്തു പോയി. ചീഫ് സെക്രട്ടറി അറിഞ്ഞില്ല മുഖ്യമന്ത്രിക്ക് താൽപ്പര്യമുള്ള കാര്യമാണെന്ന്. മുഖ്യമന്ത്രി പറഞ്ഞു മേടിക്കാൻ. ആദ്യത്തെ ഒപ്പ് അവഗണിച്ചുകൊണ്ട് ചീഫ് സെക്രട്ടറി രണ്ടാമത് ഒപ്പുവച്ചുകൊടുത്തു. ഇന്ന് ആൻറണി പറഞ്ഞിരിക്കുകയാണ് പേഴ്സണൽ സ്ററാഫ് കുറയ്ക്കണം, മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളിലുള്ള ഫോണുകളെല്ലാം കുറയ്ക്കണമെന്നുള്ള നിലപാടാണ്. ഈ മുഖ്യമന്ത്രി അഴിമതി കാട്ടിയെന്നുള്ള ആരോപണമുന്നയിച്ചിരിക്കുകയാണ്. ഈ മുഖ്യമന്ത്രിയുടെ ഗവൺമെൻറ്, മന്ത്രിമാർ, മുഖ്യമന്ത്രി ധൂർത്തടിക്കുകയാണ് എന്നുള്ള കാര്യങ്ങൾ ഈ സഭയിൽ വിവരിക്കുകയുണ്ടായി. ഇപ്പോൾ സ്വജനപക്ഷപാതം കാണിക്കുന്ന ഒരു മുഖ്യമന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹത്തെ കാണേണ്ടതുണ്ട്. The wheel has come full circle. എന്നാണ് ഷേക്ക്സ്പിയർ അദ്ദേഹത്തിന്റെ കിംഗ് ലിയറിൽ പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ഇതുംകൂടി ആയപ്പോൾ The wheel has come full circle. അദ്ദേഹത്തിന്റെ അവസാന കയ്യാണെന്ന് തോന്നുന്നു. അദ്ദേഹത്തിന് ഒരുപക്ഷേ അതറിയാമായിരിക്കാം. എന്തും നടക്കട്ടെ എന്നുള്ള നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. "After me the deluge" അതേ ജാതിയിലുള്ള ഒരു രണകൂടമാണ് ഇന്ന് നടക്കുന്നത്. ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഒരു ഗവൺമെൻറിൻെറ വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ വ്യക്തമായ കാഴ്ചപ്പാടുകളും നയങ്ങളും അതുപോലെ അത് നടപ്പാക്കേണ്ട ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നുള്ള സഹകരണവുമാണ് ഏററവും കൂടുതലാവശ്യമായിട്ടുള്ളത്. ഈ വരുന്ന നാലു മാസക്കാലത്തേക്കുള്ള കാര്യങ്ങൾക്ക് തുക ചെലവഴിക്കാൻ വേണ്ടി യുള്ള ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംസാരി ക്കുമ്പോൾ എനിക്ക് വ്യക്തമായ ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. ഇതിനുമുൻപ് നടന്ന ചർച്ചകളിൽ ഒക്കെ പല അംഗങ്ങളും ആവർത്തിച്ചു പറഞ്ഞ ഒരു കാര്യമുണ്ട്. നമ്മുടെ സെക്രട്ടേറിയററിൽ ആണെങ്കിലും അതു പോലെ മററ് സർക്കാർ സ്ഥാപനങ്ങളിലുമൊക്കെ ഈ ഗവൺമെൻറിൻെറ പ്രതിച്ഛായക്ക് മങ്ങൽ ഏൽപ്പിക്കത്തക്ക രീതിയിൽ കാര്യക്ഷമതയില്ലാത്ത ഉദ്യോഗസ്ഥൻമാർ പ്രവർത്തിക്കുന്നു എന്നുള്ള ആ ഒരു സ്ഥിതി വിശേഷത്തിന് മാററമുണ്ടാക്കുവാൻ കർശനമായ നിർദ്ദേശങ്ങൾ മന്ത്രി മാരുടെ ഭാഗത്തു നിന്നുണ്ടാകണം എന്നൊരു നിർദ്ദേശം ഞാൻ വയ്ക്കുക യാണ്. ഇന്ന് പല സർക്കാർ ഓഫീസുകളിലും എം. എൽ. എ. മാരായിട്ടുള്ള ആളുകൾ പോലും നിവേദനങ്ങൾക്ക് കത്തുകൾ കൊടുത്താൽ അതിനൊരു മറുപടിപോലും തരാൻ കൂട്ടാക്കാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട് എന്ന് പറഞ്ഞാൽ അത് ഖേദകരമാണ്. ഈ ഗവൺമെൻറ് ഉദ്ദേശിച്ച നയപരിപാടികൾ വിജയകരമായി മുന്നോട്ടു പോകണമെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ന് ഈ ഗവൺമെൻറിനെ സംബന്ധിച്ച് വളരെ വ്യക്തമായ ചില നയപരിപാടികൾ മുന്നോട്ടു വച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഒരു കാർഷികനയം ഈ സമ്മേളനത്തിൽ പ്രഖ്യാപിക്കുമെന്ന് പറയുന്നു. ഇന്ന് ഈ സഭയിൽ ജല നയം പ്രഖ്യാപിച്ചു കഴിഞ്ഞു. വ്യവസായനയം മുൻപേ തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞു. അതുപോലെ ഭവന നിർമ്മാണ രംഗത്തും വ്യക്തമായ ചില കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെൻറ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. പക്ഷേ ഈ നയങ്ങളൊക്കെ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടു പോകണമെങ്കിൽ മുൻപ് സൂചിപ്പിച്ചതുപോലെ ഇന്ന് ഇതിന് എല്ലാ വിഭാഗം ആളുകളുടേയും സഹകരണമാണ് ആവശ്യമായിട്ടുള്ളത്. ഇന്ന് ഈ കാര്യത്തിൽ കുറെക്കൂടി കാര്യക്ഷമതയുണ്ടാക്കുവാൻ വേണ്ടിയുള്ള ഒരു കൂട്ടായ പരിശ്രമം ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറ് കഴിഞ്ഞ എട്ടു മാസക്കാലം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗത്തിൻേറയും ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കി ക്കൊണ്ട് മുന്നോട്ടു പോയ്കൊണ്ടിരിക്കുകയാണ്. പുരോഗമനപരമായ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടു പോവുകയാണ്. ഇന്ന് ജലനയം പ്രഖ്യാപിച്ചു. ആ കാര്യത്തിൽ എല്ലാവർക്കും വളരെയധികം സന്തോഷമുണ്ട്. പക്ഷേ കേരളത്തിൽ ഒരു കാര്യം വിസ്മരിച്ചിട്ട് കാര്യ മില്ല. ഞങ്ങളൊക്കെ നിയോജകമണ്ഡലങ്ങളിലേക്ക് ചെല്ലുമ്പോൾ കേരളത്തിൽ മുൻപെങ്ങുമുണ്ടാകാത്തതുപോലെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഇന്ന് ബഹുമാനപ്പെട്ട ജേക്കബ് ജലനയം പ്രഖ്യാപിച്ചു. അത് പ്രഖ്യാപിച്ചതിനുശേഷം തിരുവനന്തപുരം സിററിക്കകത്ത് എല്ലാ സ്ഥലത്തും ഇഷ്ടം പോലെ പൈപ്പിൽ വെള്ളം കിട്ടിതുടങ്ങിയെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ജോണി നെല്ലൂർ: തീർച്ചയായും വളരെ സന്തോഷകരമായ കാര്യമായി ഞാൻ അതിനെ കാണുകയാണ്. എനിക്ക് പറയാനുള്ളത് ജലനയം പ്രഖ്യാപിച്ച ഈ ദിവസം, ഇതിനുശേഷമാണെങ്കിൽപ്പോലും ഈ സഭയിലെ മുഴുവൻ അംഗങ്ങളുടേയും നിയോജകമണ്ഡലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. അത് പരിഹരിക്കാൻ സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇന്ന് ബഹുമാനപ്പെട്ട ഗവൺമെന്റ് ഓരോ ജില്ലയിലേക്കും കുടിവെള്ളം എത്തിക്കാൻ വേണ്ട രൂപ അലോട്ട്ചെയ്തിട്ടുണ്ട്. എന്റെ ജില്ലയായ എറണാകുളം ജില്ലയിൽ പത്തു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു. പക്ഷേ ഈ തുക തികച്ചും അപര്യാപ്തമാണ് എന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. പത്തു ലക്ഷം രൂപ കൊണ്ട് എറണാകുളം ജില്ലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ഉള്ള പ്രദേശങ്ങളിൽ നാമമാത്രമായി പോലും കുടിവെള്ളം എത്തിക്കുവാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട് എന്നുള്ളതുള്ളതുകൊണ്ട് കൂടുതൽ തുക അനുവദിച്ചുകൊണ്ട് ഈ കുടിവെള്ളം എല്ലാ സ്ഥലത്തും എത്തിച്ച് ഞങ്ങളൊക്കെ ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ചെല്ലുമ്പോൾ അവിടെ ജനങ്ങളെ അഭിമുഖീകരിക്കുവാനുള്ള ഒരു സാഹചര്യം ഉണ്ടാക്കിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പ്രത്യേകമായി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. മററ് കാര്യങ്ങളിലേക്കൊന്നും സമയച്ചുരുക്കംകൊണ്ട് ഞാൻ കടക്കുന്നില്ല. ഈ ഗവൺമെന്റ് തികച്ചും നല്ല രീതിയിൽ പുരോഗമനപരമായ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള മുന്നോട്ടുള്ള ഈ പ്രയാണത്തിൽ തീർച്ചയായും പ്രതിപക്ഷ കക്ഷികളുടെ ത്യാഗപൂർണ്ണമായ ഒരു സഹകരണം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. രണ്ടായിരം ആണ്ടോടെ നമ്മുടെ സർക്കാർ സ്കൂളുകളും സ്വകാര്യ സ്കൂളുകളും ഇല്ലാതാകും. അന്ധ വിദ്യാലയങ്ങൾ ഉൾപ്പെടെ 669 അൺഇക്കണോമിക് സ്കൂളുകൾ നിർത്തലാക്കാൻ പോവുകയാണ്. ഈ കണക്ക് രണ്ടു വർഷം മുമ്പുള്ളതാണ്. കഴിഞ്ഞവർഷം 964-ം ഈ വർഷം 1200-ം സ്കൂളുകളുണ്ട്. ഭൂരിഭാഗവും സ്വകാര്യ സ്കൂളുകളാണ്. അൺഇക്കണോമിക് സ്കൂളുകൾ എന്ന പ്രയോഗം തന്നെ തെററാണ്. വിദ്യാഭ്യാസം കച്ചവടമാണെന്ന് സർക്കാർ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുകയാണ്. ഇനിമേൽ മലയോര പ്രദേശങ്ങളിലും കടലോര പ്രദേശങ്ങളിലും മററ് കോളനി പ്രദേശങ്ങളിലും പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടാകില്ല. പാവപ്പെട്ട കുട്ടികളെ തലയ്ക്കടിച്ച് കൊല്ലുന്ന അഭിനവറിപ്പറാണ് ബഷീർ. സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വാരിക്കോരി കൊടുക്കുകയാണ്. അവയെല്ലാം പട്ടണങ്ങളിലാണ് ആരംഭിക്കുക. വൻ തുക കോഴയും ഫീസും കൊടുത്ത് സമ്പന്നരുടെ കുട്ടികൾക്ക് മാത്രം പഠിക്കാവുന്ന സാഹചര്യമാണുണ്ടാകുന്നത്. വകുപ്പുമന്ത്രി സ്വകാര്യ മനേജുമെന്റുമായി ഗൂഢാലോചന നടത്തിയിട്ടാണ് സ്കൂളുകൾ നിർത്തുന്നത്. അദ്ധ്യാപകരുണ്ടാക്കിയ കെട്ടിടങ്ങളും സ്ഥലവും മാനേജർമാർക്ക് സ്വന്തമായി കിട്ടും. ഭൂരിപക്ഷം അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെടും. മററുള്ളവർക്ക് സർക്കാർ ശമ്പളം കൊടുക്കും. കുട്ടികൾ പെരുവഴിയിലാകും. ഭരണഘടനാ വാഗ്ദാനത്തിന്റെ ലംഘനമാണിത്. യാതൊരു തത്വദീക്ഷയുമില്ലാതെ മുൻകാലങ്ങളിൽ സർക്കാർ സ്കൂളിന്റെ

സമീപം സ്വകാര്യ സ്കൂളുകളും അവയുടെ അടുത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കൊടുത്തതുകൊണ്ടാണ് ഈ ദുർഗതി ഉണ്ടായത്. അദ്ധ്യാപകരുടെ കുററം കൊണ്ടല്ല. പിന്നോക്ക സമുദായങ്ങൾക്കും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുമാണ് കൂടുതൽ ദോഷം സംഭവിക്കുകയെന്നത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. സാക്ഷരതാ സർവേ നടത്തിയതിൽ മുസ്ലീം സമുദായത്തിലാണ് ഏററവും കൂടുതൽ നിരക്ഷരർ ഉള്ളതായി കണ്ടിരിക്കുന്നത്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സംവരണതത്വം പാലിക്കുന്നില്ല. പാലിക്കുകയും ഇല്ല. സ്കോളർഷിപ്പും ലംപ്സംഗ്രാൻറും ഉച്ചഭക്ഷണവും പാഠപുസ്തകവും ലഭിക്കുകയില്ല. കേരളത്തെ ഇരുട്ടിലാക്കുന്ന സാത്താന്റെ പണിയാണ് ബഷീർ നടത്തുന്നത്. ജനങ്ങൾ നിങ്ങളെ കല്ലെറിഞ്ഞു കൊല്ലും. പാവങ്ങളോട് ചെയ്യുന്ന കൊടും ക്രൂരതയാണ് ഇത്. ദൈവം പോലും പൊറുക്കില്ല. നൊയമ്പ് കാലത്ത് ഇത് ചെയ്യണമായിരുന്നോ സർ?

അന്ധമായി പാശ്ചാത്യ സംസ്കാരത്തെ ആശ്ലേഷിച്ച് ആർഷ ഭാരത സംസ്കാരത്തേയും കേരളീയ സംസ്കാരത്തെയും നശിപ്പിച്ചുകൊണ്ട് ഡാഡി മമ്മി ഡിസ്ക്കോ എയ്ഡ്സ് സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന തെററായ നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് അപകടകരമാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കി എല്ലാ സ്കൂളുകളും നിലനിർത്താൻ സർക്കാർ തയ്യാറാകണം. നമ്മുടെ സരസ്വതീ ക്ഷേത്രങ്ങൾ കോഴിവളർത്തൽ കേന്ദ്രമാക്കി മാററരുത്. ആവശ്യത്തിനുള്ള കോഴികൾ അവിടെയുണ്ട്. ഇനിയും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കൊടുക്കരുത്. കേരളത്തെ അന്ധകാരത്തിൽ താഴ്ത്തരുത്. മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കാലഘട്ടം ഒരു കറുത്ത അദ്ധ്യായമാക്കി മാററരുത് എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സാഹചര്യത്തിൽ ഏററവും നല്ല ഒരു ബഡ്ജററ് അവതരിപ്പിച്ചതിനുശേഷം നാല് മാസ കാലത്തെ ചെലവ് അനുവദിക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ബില്ലാണ് ഇത്. ഇതിനെ എന്തിനാണ് പ്രതിപക്ഷം എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എല്ലാത്തിനെയും കണ്ണടച്ച് എതിർക്കുന്ന സമീപനം ഒരു രാഷ്ട്രീയ കക്ഷിക്കും ഭൂഷണമല്ല. സൃഷ്ടിപരമായിട്ടുള്ള നല്ല കാര്യങ്ങളെ നല്ല കാര്യങ്ങളെന്ന് അംഗീകരിക്കുവാനും തെററായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാനും കഴിയണം. ഇവിടെ മൊത്തം എതിർപ്പാണ്. ധനവിനിയോഗബില്ലിനെ പൂർണ്ണമായി എതിർക്കുന്നു, അതിൽ നല്ലതായിട്ട് ഒന്നുമില്ല. എല്ലാം തെററാണെന്ന ഒരു സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഗവർണ്ണറുടെ പ്രസംഗത്തിനുശേഷവും ബഡ്ജററ് പ്രസംഗത്തിനുശേഷവും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ കാതലായ പ്രശ്നങ്ങൾക്ക് അക്കമിട്ട് അക്കമിട്ട് പരിഹാരം കാണാനുള്ള നിർദ്ദേശങ്ങളും സമീപനങ്ങളുമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചുവരുന്നത്. നാല് മാസത്തെ ചെലവിന് ഏററവും പ്രധാനമായി ഈ ബഡ്ജററിൽ പറയുന്നത് എന്താണ്? ഈ സംസ്ഥാനത്തിന്റെ കാതലായിട്ടുള്ള രണ്ട് പ്രശ്നങ്ങളാണ് കാർഷിക പുരോഗതിയും വ്യാവസായിക പുരോഗതിയും. കാർഷിക പുരോഗതിയ്ക്കും വ്യാവസായിക പുരോഗതിയ്ക്കും ആവശ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിരവധി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ള ഒരു ബഡ്ജററ്ആണ് ഇത്. കാർഷിക പുരോഗതിയേയും വ്യാവസായിക പുരോഗതിയേയും ലക്ഷ്യം ആക്കിക്കൊണ്ടാണ് ഈ ബഡ്ജററ് മുന്നോട്ടു പോകുന്നത്. ഏററവും പ്രധാനമായി ഊന്നൽ കൊടുത്തിട്ടുള്ളത് ഈ സംസ്ഥാനത്തെ കാർഷിക പുരോഗതിയ്ക്കും വ്യാവസായിക പുരോഗതിയ്ക്കും ആണ്. ഏററവും രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. ഇന്ന് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മാസ്മര വിദ്യകളൊന്നും ഒരു സർക്കാരിൻെറ കയ്യിലും ഉണ്ടായിരിക്കുകയില്ല. ഓരോ വർഷവും 10 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാം എന്നുള്ള വാഗ്ദാനവുമായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ സംബന്ധിച്ചിടത്തോളം 10 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല ഓരോ വർഷം കഴിയുന്തോറും ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ രൂക്ഷമായി പെരുകുന്ന ഒരു സാഹചര്യത്തിലൂടെയാണ് നമ്മുടെ സംസ്ഥാനം കടന്നു പോയത്. പ്രായോഗികമായി ഈ സംസ്ഥാനത്ത് നടപ്പിലാകുന്ന കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ട് കാര്യമുള്ളു. പ്രായോഗികമായ സമീപനം എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും കൊണ്ടുവന്നെങ്കിൽ മാത്രമേ ഒരു സംസ്ഥാന സർക്കാരിന് മുന്നോട്ടു പോകാൻ കഴിയൂ. വററ് തത്വവാദങ്ങൾ പറഞ്ഞിട്ട് കാര്യമല്ല. അപ്രായോഗികമായ സമീപനം എടുത്തതുകൊണ്ട് കാര്യമില്ല. ഈ സംസ്ഥാനത്തിൻെറ യഥാർത്ഥ ചിത്രം വിലയിരുത്താനും ആ യഥാർത്ഥ ചിത്രം വിലയിരുത്തിക്കൊണ്ടുതന്നെ സംസ്ഥാനം അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്താണ് മാർഗ്ഗം? സർക്കാർ ഉദ്യോഗത്തെ മാത്രം ആശ്രയിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയുമോ? അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവാക്കളെ സംബന്ധിച്ചിടത്തോളം സർക്കാർ തൊഴിൽ മാത്രം ആശ്രയിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുകയില്ല. നമുക്ക്, ഈ സംസ്ഥാനത്തെ കരണീയമായി ചെയ്യാൻ കഴിയുന്നത് വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയാണ്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ തന്നേയും സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന സാമ്പത്തിക പരിമിതി വച്ചുകൊണ്ട് മാത്രമേ കാര്യങ്ങളിലേയ്ക്കു കടക്കാൻ കഴിയൂ. അപ്പോൾ എന്ത് വേണം? യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം വേണമെങ്കിൽ സൗകാര്യമേഖലയ്ക്കും അതിൻെറതായ പ്രാധാന്യം കൊടുക്കണം. സ്വകാര്യമേഖലയ്ക്ക് അർഹമായ പ്രാധാന്യം കൊടുക്കുകയും സ്വകാര്യമേഖലയിൽ കൂടി തൊഴിലവസരങ്ങൾ, ഉണ്ടാക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും വേണം. അതിന് വൻകിട വ്യവസായങ്ങളായാലും ശരി ചെറുകിട വ്യവസായങ്ങളായാലും ശരി, ആ ചെറുകിട വ്യവസായങ്ങൾക്കും വൻകിട വ്യവസായങ്ങൾക്കും വളർന്നുവരാനുള്ള ഒരു അന്തരീക്ഷം ഈ സംസ്ഥനത്ത് ഉണ്ടാകണം, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകണം. അതിനുവേണ്ടിയാണ് കാർഷിക രംഗത്തും വ്യാവസായിക രംഗത്തും പ്രത്യേകമായി ഊന്നൽ കൾ നൽകിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള പരിപാടികൾക്ക് ഈ സർക്കാർ മുൻതൂക്കം കൊടുത്തിരിക്കുന്നത്. ഓരോന്നും അക്കമിട്ടക്കമിട്ട് എടുത്തു പറയാൻ

ആഗ്രഹിക്കുന്നില്ല. വൈദ്യുതി രംഗത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നു. വൈദ്യുതി ഉൽപ്പാദനം ഒരു പൊതുമേഖലാസ്ഥാപനമായ വൈദ്യുതി ബോർഡിന് മാത്രം നടത്താൻ സാമ്പത്തികശേഷി ഇല്ലാത്തതു കൊണ്ട് സ്വകാര്യമേഖലയെക്കൂടി സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി ഈ സംസ്ഥാനത്ത് കടന്നുവരാൻ അനുവദിക്കുന്ന ഒരു സമീപനം ആണ് എടുത്തിരിക്കുന്നത്. അങ്ങനെ വൈദ്യുതി മേഖലയിൽ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കാനും, അതുവഴി കാർഷിക രംഗത്തും വ്യാവസായിക രംഗത്തും കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനുമുള്ള വ്യക്തമായ പരിപാടികൾക്ക് ഈ സംസ്ഥാന സർക്കാർ രൂപം കൊടുത്തിരിക്കുന്നു. എന്തു കൊണ്ടും ഈ രാജ്യത്തിന്റെ സമഗ്രമായ പുരോഗതി, എല്ലാ മേഖലയിലും അടിസ്ഥാന പരമായിട്ടുള്ള പുരോഗതി ലാക്കാക്കിക്കൊണ്ടുള്ള പരിപാടിയാണ് ഇത്. അതുപോലെ വ്യക്തമായി ഒരു ജലനയം രൂപീകരിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജലം ഏററവും പ്രധാനപ്പെട്ട ആവശ്യമാണ്. കുടിവെള്ളത്തിന് ഏററവും പ്രാധാന്യം കൊടുത്തിരിക്കുന്നു. ജലമേഖലയിൽ ഏററവും പ്രാധാന്യം കൊടുത്തിരിക്കുന്നത് കുടിവെള്ളത്തിനാണ്. കുടിവെള്ളം കഴിഞ്ഞാൽ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കൃഷിക്ക് പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. ആ കൃഷിക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കാർഷിക രംഗത്ത് കൂടുതൽ വെള്ളം എത്തിച്ചുകൊടുക്കാൻ കൂടുതൽ കൂടുതൽ മേഖലയിലേയ്ക്ക് കൃഷിക്ക് ഉപയുക്തമാക്കാൻ ആവശ്യമായിട്ടുള്ള വ്യക്തമായ പരിപാടികൾ ആവിഷ്ക്കരിച്ചുകൊണ്ട് ജലനയത്തിന് രൂപം കൊടുക്കാൻ നമ്മുടെ സംസ്ഥാന സർക്കാർ മുന്നോട്ടു വന്നിരിക്കുന്നു. കാർഷിക രംഗത്തെ സംബന്ധിച്ചിടത്തോളം കാർഷിക രംഗത്ത് അടിസ്ഥാനപരമായ മാററങ്ങൾ ഉണ്ടാക്കാൻ, പ്രത്യേകിച്ച് പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ സാമ്പത്തികമായ പുരോഗതി ഉണ്ടാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ട് സാമ്പത്തികമായി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ മേഖലയിലുമുള്ള കൃഷിക്കാരെ സഹായിക്കാൻ ആവശ്യമായിട്ടുള്ള പണം വകയിരുത്തി കൊണ്ടുള്ള ബഡ്ജററ് ആണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിനെ എന്തിനാണ് നിങ്ങൾ എതിർക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒന്ന് കുരുമുളക് കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതി, മറെറാന്ന് നെൽകൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതി. ഓരോ മേഖലയിലും കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതി, ആ കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതിയ്ക്ക് ആവശ്യമായിട്ടുള്ള പണം വിലയിരുത്തി അത് വിനിയോഗിക്കുവാൻ അവസരം ചോദിക്കുമ്പോൾ നിങ്ങൾ എന്തിനു വേണ്ടി അതിനെ എതിർക്കുന്നു എന്നത് ഞങ്ങൾക്ക് മനസ്സിലാകാത്ത കാര്യമാണ്. എല്ലാത്തിനേയും കണ്ണടച്ച് എതിർക്കുകയെന്ന സമീപനം പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഭൂഷണമല്ല എന്നു ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഞാൻ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരൻ സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ സ്വജനപക്ഷപാതം കാണിക്കുന്നു. ചെകുത്താൻ വേദമോതുന്നു ഈ സംസ്ഥാനത്ത്. ഈ നിയമസഭയിൽ ചെകുത്താൻ വേദമോതുന്ന കാഴ്ചയാണ് കാണുന്നത്. സ്വജനപക്ഷപാതം ആരോപിക്കുന്നു. ഈ കഴിഞ്ഞ മന്ത്രിസഭ ഉണ്ടായിരുന്ന കാലത്ത് സ്വന്തം ഫാമിലിയെ മുഴുവനും, മുഴുവൻ വക്കീലൻമാരേയും

ഗവൺമെൻറ് പ്ലീഡർമാരാക്കിയ ശ്രീ. ചന്ദ്രശേഖരന് ഇവിടെ നിയമസഭയിൽ വന്ന് സ്വജനപക്ഷപാതത്തെക്കുറിച്ച് ആക്ഷേപിക്കാൻ എന്ത് അവകാശമുണ്ട് എന്നു ചോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. അങ്ങനെ ഇത്തരത്തിലുള്ള ആരോപണങ്ങളൊക്കെ ധാരാളം ഈ നിയമസഭ കേട്ടിട്ടുള്ളതാണ്. ആളുകളെ താറടിച്ചു കാണിക്കുന്നതിനുള്ള അടിസ്ഥാനരഹിതമായിട്ടുള്ള ആരോപണങ്ങൾകൊണ്ട് ആരെയെങ്കിലും താറടിച്ചുകാണിച്ച് ഈ സംസ്ഥാനത്തെ ഐക്യജനാധിപത്യമുന്നണിയേയും ഐക്യജനാധിപത്യമുന്നണി മന്ത്രിമാരേയും ചീത്തയാക്കാമെന്ന് വ്യാമോഹിച്ചാൽ നടപ്പില്ലായെന്ന് ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. മുഖ്യമന്ത്രിയെ ഒററപ്പെടുത്തി ആക്രമിക്കാനും ചീത്തയാക്കാനും വേണ്ടി ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അതു നടക്കുകയില്ല. കുറെ വർഷങ്ങളായി നിങ്ങൾ ഈ സംസ്ഥാനത്ത് ഇത് തുടങ്ങിയിട്ട്. അതിന് കാച്ചിയ വെള്ളം മാററിവയ്ക്കുന്നതാണ് നല്ലത്. അത് ഇനി ഈ സംസ്ഥാനത്ത് ചെലവാകാൻ പോകുന്നില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നു കൂടി അനുകൂലിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റും ഈ ധനവിനിയോഗ ബില്ലും എല്ലാം തന്നെ ഈ ഗവൺമെൻറിൻെറ സമീപനം നമ്മുടെ ഇന്നത്തെ സാമ്പത്തിക സാഹചര്യങ്ങളിൽ നാം സ്വീകരിക്കേണ്ട ഒരു സമീപനം വ്യക്തമാക്കുന്ന ഒന്നാണ്. വ്യവസായ വികസനത്തിലൂടെയും കാർഷിക വികസനത്തിലൂടെയും മാത്രമേ നമ്മുടെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ സാധിക്കുകയുള്ളു എന്നുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഈ ഗവൺമെൻറ് മുന്നോട്ടു നീങ്ങുകയാണ്. ഈ ഗവൺമെൻറിൻെറ വ്യവസായ നയം ഇവിടെ പ്രഖ്യാപിച്ചു കഴിഞ്ഞു. കാർഷിക നയം നാളെ കൃഷി വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കാൻ പോകുകയാണ്. നമ്മുടെ വികസനത്തിന് വളരെ പ്രാധാന്യമർഹിക്കുന്ന ജലനയം ഇവിടെ പ്രഖ്യാപിച്ചു കഴിഞ്ഞു. അങ്ങനെ ഈ നാടിൻെറ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സമീപനം ആണ് ഇന്ന് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അതിന് സഹായകരമായ ഒരു സമീപനം ഈ ഗവൺമെൻറ് എല്ലാ ഭാഗത്തു നിന്നും പ്രതീക്ഷിക്കുന്നു. അതനുസരിച്ചുള്ള ഒരു സമീപനം ആണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഇന്നും ചെലവ് ചുരുക്കലിനെക്കുറിച്ചൊക്കെ ചില വിമർശനങ്ങൾ ഇവിടെ ഉണ്ടായി. അൺഇക്കണോമിക് സ്കൂളുകൾ നിർത്തുന്നതിനെ കുറിച്ച് ശ്രീ. ലോനപ്പൻ നമ്പാടൻ മാസ്ററർ ശ്രീ. ബഷീറിൻെറ കാലം ഒരു കറുത്ത അദ്ധ്യായം ആക്കരുത് എന്നുവരെ പറയാൻ മടിച്ചില്ല. ഒരൊററ വിദ്യാർത്ഥിപോലും ഇല്ലാത്ത സ്കൂറം ഇവിടെ പ്രവർത്തിപ്പിക്കണം എന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? നമ്മുടെ ഇന്നത്തെ സാമ്പത്തിക സാഹചര്യം മനസ്സിലാക്കണം. ഞാൻ ആരേയും കുററപ്പെടുത്താൻ വേണ്ടി പറയുകയല്ല. നമ്മൾ പരസ്പരം കുററപ്പെടുത്തിയതുകൊണ്ടായില്ല എന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. പക്ഷേ ഇവിടെ പറയുമ്പോൾ ഒരു കാര്യം നിങ്ങൾ ഓർക്കണം. 1987-88-ൽ നിങ്ങളുടെ ഗവൺമെൻറ് അധികാരത്തിൽ വരുന്ന അവസരത്തിൽ പലിശ കൊടുക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് വിനിയോഗിച്ചു കൊണ്ടിരുന്ന രൂപ 213 കോടി 11 ലക്ഷം ആയിരുന്നു. നാലുകൊല്ലം കൊണ്ട് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മരണകാലത്ത് അത് 480 കോടിയായി. ഈ വർഷം 480·57 കോടി രൂപയായി, ഇരട്ടിയിലധികമായി വർദ്ധിച്ചിരിക്കുകയാണ്. ഞാൻ ബഡ്ജററിൽ സൂചിപ്പിച്ചതാണ്. നമ്മൾ കടമെടുക്കുന്ന തുക കൂടി വരുന്നു, അത് വികസന കാര്യങ്ങൾക്കുവേണ്ടി നമ്മൾ വിനിയോഗിക്കുന്നില്ല. നമ്മൾ എവിടെ പോയി നിൽക്കും? അവിടെയാണ് പ്രശ്നം. 213 കോടി രൂപ നിങ്ങൾ അധികാരത്തിൽ വരുന്ന അവസരത്തിൽ പലിശ കൊടുത്തു കൊണ്ടിരുന്നത് 1991–92–ൽ 480 കോടിയായി വർദ്ധിച്ചിരിക്കുന്നു. നമ്മൾ കൂടുതൽ കടമെടുക്കുന്നു. കടമെടുക്കുന്നത് തെററാണെന്ന് ഞാൻ പറയുന്നില്ല. കടമെടുക്കുന്ന തുക വികസനകാര്യത്തിന് വിനിയോഗിച്ചാൽ നമുക്കത് മുതൽക്കൂട്ടാകും.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: പ്ലാനിലേയ്ക്ക് വരുന്ന തുക ഭൂരിപക്ഷം തുകയും കടത്തിലാണ് കിട്ടുന്നതെന്നറിയാമോ? പ്ലാനിന്റെ തുക കേന്ദ്രം തരേണ്ടത്, കേന്ദ്രം തരുന്നത് കടമായിട്ടാണ്. അതിനൊക്കെ പലിശ കൊടുക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: കടമെടുക്കുന്നതിൽ തെററില്ല. പക്ഷേ നമ്മൾ ഈ കടമെടുക്കുന്നത്, ഇന്ന് ഈ പലിശ കൊടുക്കുന്നത് ഒരു കാര്യം മനസ്സിലാക്കാനുള്ളത്, ആ തുക മുഴുവൻ ഈ സംസ്ഥാനത്തിന്റെ വികസനത്തിന് വേണ്ടിയല്ല വിനിയോഗിക്കുന്നത് എന്നാണ്. നമ്മൾ കടമെടുക്കുന്ന തുക നമ്മുടെ റവന്യൂ ചെലവിനാണ് വക മാററി ചെലവഴിക്കുന്നത്. അതാണ് ഇവിടത്തെ ഏററവും ഗുരുതരമായ പ്രശ്നം. പ്ലാനിനു വേണ്ടി നമ്മൾ കടമെടുക്കുന്നു. പക്ഷേ പ്ലാനിനുവേണ്ടി കടമെടുക്കുന്ന തുക പദ്ധതിയേതര ചെലവുകൾക്കുവേണ്ടി നമ്മൾ മാററുന്നു. അതാണ് ഇവിടത്തെ ഗുരുതരമായ സ്ഥിതി. അങ്ങനെയൊരു സാഹചര്യത്തിൽ....

ശ്രീ. ബേബി ജോൺ: ഈ വർഷം പ്ലാനിനുവേണ്ടിയുള്ള തുക മററു മേഖലകളിലേയ്ക്ക് ചെലവാക്കിയിട്ടില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: ഉണ്ട്. ഞാൻ സമ്മതിച്ചല്ലോ. ഞാൻ പറഞ്ഞല്ലോ ഞാൻ ആരേയും പരസ്പരം കുററപ്പെടുത്താൻ വേണ്ടി പറയുന്നതല്ല കുററപ്പെടുത്താവുന്ന സാഹചര്യത്തിലല്ല നമ്മൾ നിൽക്കുന്നത്. പക്ഷേ എല്ലാവരും മനസ്സിലാക്കണം. ഒററ വിദ്യാർത്ഥിപോലുമില്ലാത്ത സ്കൂൾ നിറുത്തുന്നതു പോലും ശരിയല്ല. അത് ഇവിടത്തെ വിദ്യാഭ്യാസ രംഗത്ത് കറുത്ത അദ്ധ്യായം സൃഷ്ടിക്കുമെന്ന് പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. നമുക്ക് ഇതൊന്നും താങ്ങാൻ ആ രീതിയിലുള്ള ഒരു സ്ഥിതിവിശേഷമുള്ള സാഹചര്യമല്ല. ഇവിടെ ചെലവ് ചുരുക്കി വികസനരംഗത്ത് കൂടുതൽ പണം മുടക്കി സേവനരംഗത്ത് ഇന്ന് നേടിയിട്ടുള്ള നേട്ടങ്ങൾ നിലനിറുത്തുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി മുന്നോട്ടു പോകേണ്ട ഒരു സാഹചര്യമാണ്. അതിനനുസരിച്ച് മുന്നോട്ടു നീങ്ങേണ്ടത് ഒരാവശ്യമാണ്. അതുകൊണ്ട് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഇവിടെ വന്ന ഒരു ആക്ഷേപം ഉച്ചക്കഞ്ഞി നിറുത്തലാക്കിയെന്നാണ്. ശ്രീ. പാച്ചേനി കുഞ്ഞിരാമൻ അത് പറഞ്ഞു. പക്ഷേ ഒരു കാര്യം പറയാനുള്ളത് ഈ ഉച്ചക്കഞ്ഞി നിറുത്തിയിട്ടില്ല. അത് തുടരുന്നു. 1991–92 വർഷത്തിൽ 17½ കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിരുന്നത്. അത് ജനുവരി 31–ാം തീയതിയ്ക്കകം, ഞാൻ ഇതിനകം വിവരം ശേഖരിച്ചതിനുശേഷം പറയുകയാണ്, 9 കോടി 92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഉച്ചക്കഞ്ഞി



LIBRARY ARCHIVES Kerala Legislative Assembly

പിതരണം നേരത്തെയുണ്ടായിരുന്ന ഗവൺമെൻറിൻെറ കാലത്ത് തുടങ്ങിയ ഒരു പദ്ധതിയാണ്. ശ്രീ. കെ. കരുണാകരൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് ആ പദ്ധതി വിജയകരമായിത്തന്നെ മുന്നോട്ടു കൊണ്ടു പോകും. അടുത്ത സാമ്പത്തികവർഷത്തിലേയ്ക്കും 17½ കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്ര സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അങ്ങനെയുള്ള പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ബുദ്ധിമുട്ടു ണ്ടാവുകയില്ല. അതുപോലെ കഴിഞ്ഞ ദിവസം പെൻഷനുകളെക്കുറി ച്ചൊക്കെ ഇവിടെ പറഞ്ഞു. ഏതായാലും ഇന്ന് അതിനെക്കുറിച്ചുള്ള വിമർശനമുണ്ടായില്ല. ഞാൻ നേരത്തെ പറഞ്ഞ ഉറപ്പുണ്ട്. നിങ്ങളുടെ ഗവൺമെൻറ് ഇറങ്ങിപ്പോയ അവസരത്തിൽ കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മാവേതനവുമടക്കമുള്ള പെൻഷനുകൾക്കുണ്ടായിരുന്ന കുടിശ്ശിക മാർച്ച് 31-ാം തീയതി ഈ സാമ്പത്തികവർഷം അവസാനി ക്കുന്ന അവസരത്തിൽ ഉണ്ടാവുകയില്ല. എത്ര സാമ്പത്തികബുദ്ധിമുട്ടു ണ്ടെങ്കിലും അത് കൊടുക്കണമെന്നുള്ള ആഗ്രഹത്തിൻെറ പേരിൽ അത് കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സ്വജനപക്ഷപാതം എന്നു പറയുന്നത് ഒരു ആരോപണമാണ്. അത് ഉന്നയിക്കുന്നതിനുമുമ്പ് ഒന്ന് എഴുതി തന്നിരുന്നുവെങ്കിൽ അത് റെയ്സ് ചെയ്യാൻ അവസരം കിട്ടുമായിരുന്നു. എല്ലാ കാര്യങ്ങളിലും നിങ്ങൾ കൊണ്ടുവന്നു കൊണ്ടു വന്ന് തറച്ചുകെട്ടേണ്ടത് മുഖ്യമന്ത്രിയാണ്. പറഞ്ഞുകൊള്ളു. വിരോധ മില്ല. ഇക്കാര്യത്തിൽ ഐ. എ. എസ്. സെലക്ഷനും കേരള ഗവൺമെൻറു മായിട്ട് ഒരു ബന്ധവുമില്ല. ഐ. എ. എസ്. സെലക്ഷൻ നടത്തുന്ന കമ്മിററിയിൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻെറ മെമ്പർ ചെയർമാനാണ്. രണ്ടാമത്തെ ആൾ യൂണിയൻ ഹോം മിനിസ്ററിയുടെ പേഴ്സണൽ ഓഫീസറാണ്. ആ രണ്ട് പേരോടൊപ്പം ചീഫ് സെക്രട്ടറിയും നമ്മുടെ സീനിയർ സെക്രട്ടറിയുമുണ്ടാകും.

ശ്രീ. ബേബിജോൺ: ഐ. എ. എസ്. സെലക്ഷൻ എന്നു പറഞ്ഞത് അങ്ങ് പറഞ്ഞതുപോലെയുള്ള സെലക്ഷനല്ല. ഇവിടത്തെ സ്ക്രീനിംഗ് കമ്മിററി അതായത് ഇവിടത്തെ ചീഫ് സെക്രട്ടറിയും ഇവിടത്തെ അഡീഷണൽ ചീഫ് സെക്രട്ടറിയും അവർ ചെയ്ത കാര്യമാണ് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഞാൻ പറഞ്ഞുതരാം. അതു തന്നെയാണ് പറയുന്നത്. ഇവരെല്ലാം ഇൻറർവ്യൂചെയ്യുന്ന ബോഡി പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഇൻഡിപെൻറൻറ് ബോഡിയാണ്. സെലക്ഷനെ സംബന്ധിച്ചും മുൻകാലങ്ങളിൽ ഫോളോ ചെയ്തതിൽ നിന്നും വ്യത്യസ്തമായ ഒരു നടപടിയും അവർ സ്വീകരിച്ചതായി കാണുന്നില്ല. ഞാനിപ്പോൾ വെരിഫൈ ചെയ്യാം. കാരണം ഇതൊന്നും എൻെറ ശ്രദ്ധയിൽ വരേണ്ട കാര്യമല്ല. അതറിയാമല്ലോ. അങ്ങനെ ഈ സെലക്ഷൻ നടത്തിയതിൽ എൻെറ സെക്രട്ടറി പെട്ടു എന്നുള്ളതാണ്. ഈ ഒരു ബോഡി സെലക്ട് ചെയ്യുമ്പോൾ സെലക്ട് ചെയ്തത് സീനിയർ മോസ്ററായ ഒരാളെയാണ്. അഡ്മിനിസ്ട്രേഷനിൽ, ലായിൽ, ഫൈനാൻസിൽ ഇവരെ ഇൻറർവ്യൂ ചെയ്ത് സെലക്ട് ചെയ്തിട്ടുള്ളത് Senior most man in the Administrative Department. മററു പാനൽ എന്നു പറയുന്നത് അവരുടെ സീനിയോറിററിയാണ്. ഇതിന് ഇവരുടെ യെല്ലാം റിക്കാർഡ്സ് കാണും. സെലക്ഷൻെറ പ്രൊസീഡ്യുറിൽ

ഇവരുടെ പ്രീവിയസ് റിക്കാർഡ്സ് കാണും. ഇങ്ങനെ റിക്കാർഡ്സ് വച്ച് നടത്തുന്നത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനാണ്. കഴിവുള്ള ഒരാളെ ഞാൻ പ്രൈവററ് സെക്രട്ടറിയായി നിയമിച്ചുപോയത് അപരാധമാണെങ്കിൽ ആ അപരാധം ഞാൻ ചെയ്തിട്ടുള്ളത് ശരിയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ വേണോ? ഫർണീച്ചർ വാങ്ങിയതിന്റെ കാര്യം പറഞ്ഞു. ഖാദി സൊസൈററിയോടാണ് വാങ്ങിച്ചത്. അത് ഫൈനാൻസും ജനറൽ അഡ്മിനിസ്ട്രേഷനും അറിഞ്ഞു കൊണ്ടാണ്. ഇതൊക്കെ എന്തിനാണ് എന്ന് ഞാൻ ചോദിക്കുകയാണ്. ഈ ഗവൺമെൻറിനെക്കുറിച്ച് നിങ്ങൾക്ക് ഒന്നും പറയാനില്ല. ഈ ഗവൺമെൻറിന്റെ ഇത്രയും കാലത്തെ പെർഫോർമൻസിനെക്കുറിച്ച് നാട്ടിലൊന്ന് ഇറങ്ങിച്ചോദിക്കണം. കേരളത്തിലെ ജനങ്ങൾ പൂർണ്ണമായും ഈ ഗവൺമെൻറിന്റെ പിന്നിലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെ ഏങ്ങനെയെങ്കിലും തകർക്കാൻ എന്തെങ്കിലും പുകമറ സൃഷ്ടിക്കുന്ന ഈ ഏർപ്പാട് നിറുത്തുകയാണ് നല്ലത്. അത് നമുക്കും സ്റേററിനും നല്ലതാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 1992-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കാമോ എന്ന പ്രശ്നം . . . . . . . .

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു



LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയും പ്രകാരം സഭ വോട്ടുരേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—64

1. ശ്രീ. കെ. കരുണാകരൻ
2. ,, ഉമ്മൻ ചാണ്ടി
3. ,, പി. കെ. കുഞ്ഞാലിക്കുട്ടി
4. ,, പി. പി. ജോർജ്
5. ,, സി. വി. പത്മരാജൻ
6. ,, സി. ടി. അഹമ്മദാലി
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, കെ. പി. എ. മജീദ്
9. ,, കെ. നാരയണക്കുറുപ്പ്
10. ,, പി. കെ. കെ. ബാവ
11. ,, ഇ. ടി. മുഹമ്മദ് ബഷീർ
12. ,, ടി. എച്ച്. മുസ്തഫ
13. ശ്രീമതി എം. ടി. പത്മ
14. ശ്രീ. എം. വി. രാഘവൻ
15. ,, ആർ. രാമചന്ദ്രൻ നായർ
16. ,, എൻ. രാമകൃഷ്ണൻ
17. ,, പന്തളം സുധാകരൻ
18. ,, കെ. പി. വിശ്വനാഥൻ
19. ,, എം. എം. ഹസ്സൻ
20. ,, ജി. കാർത്തികേയൻ
21. ,, കെ. സി. ജോസഫ്
22. ,, കെ. രാഘവൻ മാസ്ററർ
23. ,, ആര്യാടൻ മുഹമ്മദ്
24. ,, കെ. കെ. രാമചന്ദ്രൻ മാസ്ററർ
25. ,, പി. ബാലൻ
26. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ,, ഇ. എം. അഗസ്തി
28. ,, നാലകത്ത് സൂപ്പി
29. ,, എം. ജെ. സക്കറിയ
30. ,, സി. എഫ്. തോമസ്
31. ,, ജോർജ് ഈഡൻ
32. ,, ജോർജ് ജെ. മാത്യു
33. ,, കെ. മുഹമ്മദാലി
34. ,, കെ. എസ്. നാരായണൻ നമ്പൂതിരി
35. ,, കെ. പി. നൂറുദ്ദീൻ
36. ,, തച്ചടി പ്രഭാകരൻ
37. ,, തേറമ്പിൽ രാമകൃഷ്ണൻ
38. ശ്രീമതി റോസമ്മ ചാക്കോ
39. ശ്രീ. കെ. കെ. ശ്രീനിവാസൻ
40. ,, കെ. കെ. തോമസ്
41. ശ്രീമതി അൽഫോൺസാ ജോൺ
42. ശ്രീ. കെ. ബാബു
43. ,, ടി. വി. ചന്ദ്രമോഹനൻ
44. ,, എം. സി. ചെറിയാൻ
45. ,, ഡേവിഡ് പിൻഹീറോ

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
47. ,, പി. എം. മാത്യു
48. ,, ജോയ് എബ്രഹാം
49. ,, ജോണി നെല്ലൂർ
50. ,, എ. വി. ഗോപിനാഥൻ
51. ,, പുനലൂർ മധു
52. ,, പി. ജെ. ജോയ്
53. ,, എം. മുരളി
54. ,, വി. ജെ. പൗലോസ്
55. ,, പാലോട് രവി
56. ,, തമ്പാനൂർ രവി
57. ശ്രീമതി റോസക്കുട്ടി ടീച്ചർ
58. ശ്രീ. ശരത്ചന്ദ്രപ്രസാദ്
59. ശ്രീമതി ശോഭനാ ജോർജ്
60. ശ്രീ. സി. എം. സുന്ദരം
61. ,, പി. ടി. തോമസ്
62. ,, ബി. വിജയകുമാർ
63. ,, യൂനുസ് കുഞ്ഞ്
64. ,, ജോസഫ് എം. പുതുശ്ശേരി

## പ്രതികൂലിക്കുന്നവർ—40

1. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ
2. ശ്രീമതി കെ. ആർ. ഗൗരിഅമ്മ
3. ശ്രീ. ടി. കെ. രാമകൃഷ്ണൻ
4. ,, പി. എസ്. ശ്രീനിവാസൻ
5. ,, കെ. ചന്ദ്രശേഖരൻ
6. ,, ബേബിജോൺ
7. ,, എ. സി. ഷൺമുഖദാസ്
8. ,, ഒ. ഭരതൻ
9. ,, പിണറായി വിജയൻ
10. ,, ടി. ശിവദാസമേനോൻ
11. ,, ഇ. കെ. ഇമ്പിച്ചിബാവ
12. ,, വർക്കല രാധാകൃഷ്ണൻ
13. ,, കെ. ഇ. ഇസ്മയിൽ
14. ,, കൃഷ്ണൻ കണിയാംപറമ്പിൽ
15. ,, സി. കെ. ചന്ദ്രപ്പൻ
16. ,, വി. സി. കബീർ
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. എസ്. ശർമ്മ
19. ,, ടി. കെ. ഹംസ
20. ,, ഇ. പി. ജയരാജൻ
21. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
22. ,, പാച്ചേനി കുഞ്ഞിരാമൻ
23. ,, കെ. പി. മമ്മു മാസ്ററർ
24. പ്രൊഫസർ മീനാക്ഷി തമ്പാൻ
25. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
26. ,, കെ. കൃഷ്ണൻകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. ടി. നാണു് മാസ്ററർ
28. ,, എം. നാരായണൻ (കുഴൽമന്ദം)
29. ,, സി. പി. നാരായണൻ
30. ,, എ. പത്മകുമാർ
31. ശ്രീമതി എൻ. കെ. രാധ
32. ശ്രീ. പി. രാഘവൻ
33. ,, ഇ. ശങ്കരൻ
34. ,, വി. ജെ. തങ്കപ്പൻ
35. ,, എം. വിജയകുമാർ
36. ,, കെ. പ്രകാശ് ബാബു
37. ,, എൻ. രാജൻ
38. ,, പി. രാജു
39. ,, സത്യൻ മൊകേരി
40. ,, ലോനപ്പൻ നമ്പാടൻ

നിഷ്പക്ഷകർ—ഇല്ല.

അനുകൂലിക്കുന്നവർ—64

പ്രതികൂലിക്കുന്നവർ—40

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 3 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

വൈകുന്നേരം 3 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുമേൽ 1.45-ന് പിരിഞ്ഞു.

1992 മാർച്ച് 30, തിങ്കൾ

അപരാഹ്ന സമ്മേളനം

നിയമസഭ വൈകുന്നേരം 3 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. പി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## നിയമനിർമ്മാണകാര്യം

### 1992-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ—ചർച്ച തുടർച്ച

മി. സ്പീക്കർ: ഓർഡർ, ഓർഡർ. അങ്ങേപ്പുറത്തും ഇങ്ങേപ്പുറത്തും ഇരിക്കുന്ന എല്ലാപേർക്കും സംസാരിക്കാൻ അവസരം കൊടുക്കണം. അതിനായി സഹകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, എ. കെ. ജി. ഹോസ്പിററലിനെ സംബന്ധിച്ചാണ് ഞാൻ നേരത്തെ പറഞ്ഞുനിറുത്തിയത്. ഈ ഹോസ്പിററൽ എന്നു കേൾക്കുമ്പോൾ നമ്മുടെ സഹകരണവകുപ്പുമന്ത്രി

ഒരു പ്രത്യേക വികാരത്തിലാണ് എടുക്കുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞു. ഈ ഹോസ്പിററലിലെ സെക്രട്ടറിയായി പ്രവർത്തിച്ച ഒരാളുടെ അനുഭവം ഞാൻ നേരത്തെ പറഞ്ഞു. മറെറാരാരം ഉണ്ടായിരുന്നു; ശ്രീ. വിശ്വനാഥൻ. ഈ സെക്രട്ടറിക്കുമുൻപ്, നേരത്തെ ഞാൻ പറഞ്ഞ മാത്യുവിന് മുൻപ് സെക്രട്ടറിയായി പ്രവർത്തിച്ചയാളാണ് അദ്ദേഹം. അദ്ദേഹത്തേയും ഇടുക്കിയിലേയ്ക്ക് സ്ഥലംമാററിയിരിക്കുകയാണ്. ഇങ്ങനെയുള്ള ആളുകളെ ഇടുക്കിയിലിട്ട് കുടുക്കാം എന്നാണ് സഹകരണ വകുപ്പുമന്ത്രിയുടെ ധാരണ. എ.കെ.ജി. ഹോസ്പിററലിൽ ഡോക്ടർ പി. കെ. ആർ. വാര്യർ ഉണ്ടായിരുന്നു. കേരളം കക്ഷിവ്യത്യാസമെന്യേ ആദരിക്കുന്ന മാന്യനാണ് അദ്ദേഹം. അദ്ദേഹം പ്രസിഡൻറായിരിക്കുമ്പോൾ അവിടെ വർക്ക് ചെയ്യാൻ ആ ഡോക്ടർക്കിടയായി. ആ കാലത്തെ ഡോക്ടറുടെ ഒരു ദുരനുഭവം അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ശ്രീ. രാഘവനെ സി. പി. ഐ. (എം.)-ൽ നിന്ന് പുറത്താക്കിയതിനുശേഷം അദ്ദേഹം ഈ സ്ഥാപനം ഒററയ്ക്ക് നടത്താൻ ശ്രമിച്ചപ്പോൾ അതിനെ അവിടെയുള്ള മെമ്പർമാർതന്നെ ചോദ്യം ചെയ്യാൻ തയ്യാറായിരുന്നു. അതിൻെറ ഭാഗമായി ആ ഭരണത്തിൽനിന്നു പുറത്തു പോകേണ്ടിവന്ന ശ്രീ. രാഘവൻ തിരിച്ച് ഈ സ്ഥാപനം പിടിച്ചെടുക്കുന്നതിന് വാശിയോടെ നീങ്ങിയതിൻെറ അവസാനഘട്ടമാണ് ഇപ്പോൾ സ്വീകരിച്ച നടപടി. ആ നടപടി തുടരുകയും അഡ്മിനിസ്ട്രേററർ അവിടെ ചാർജ് എടുക്കാത്ത അവസ്ഥ വന്നപ്പോൾ ചാർജ് എടുപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം അവിടെ പോകുകയുണ്ടായി. ഇവിടെ 20, 21 തീയതികളിൽ അദ്ദേഹം കണ്ണൂർ ഗസ്ററ് ഹൗസിൽ ഈ ഉദ്ദേശത്തെ മുൻനിറുത്തിത്തന്നെ പോയി ക്യാമ്പു ചെയ്തു. അങ്ങനെ ഒരു സൊസൈററിയിൽ ചാർജ് എടുക്കാത്ത അവസ്ഥ വന്നുകൂടാ എന്നാണ് അദ്ദേഹം വാശിയോടെതന്നെ പ്രഖ്യാപിച്ചത്. പക്ഷേ സർ, ആ സ്ഥാപനം ഞാൻ നേരത്തെ പറഞ്ഞപോലെ ജനങ്ങളുടെ സ്ഥാപനമാണ്. ആ സ്ഥാപനം അങ്ങനെ പിടിച്ചടക്കിക്കൂടാ എന്ന വാശിയോടുകൂടി അവിടെ ആയിരക്കണക്കിന് ആളുകൾ ആ സ്ഥാപനത്തിനു മുൻപിൽ തടിച്ചുകൂടുകയുണ്ടായി. ആ സ്ഥാപനത്തോടു കൂറുള്ള, ആ സ്ഥാപനം തകർന്നുകൂടാ എന്ന് ആഗ്രഹിക്കുന്നവരായിരുന്നു അവർ. വിവേകമില്ലാത്ത ആളുകൾക്ക് ഇത്തരം ഒരു പരിത:സ്ഥിതിയിലും അതു പിടിച്ചെടുക്കണം എന്നു നിർബന്ധിക്കാൻ കഴിയും. അവിടെയുള്ള ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ, ഡി. ഐ. ജി. അടക്കം ഉള്ളവരെ വിളിച്ചുവരുത്തി ബഹുമാനപ്പെട്ട രാഘവൻ ആ ഹോസ്പിററലിൽ കടന്നു ചാർജ് ഏല്പിക്കണം എന്ന് ആവശ്യപ്പെട്ടു എന്നാണ് അറിയുന്നത്. സർ, അതിൻെറ ഭവിഷ്യത്ത് എത്രത്തോളം ഗൗരവമായതായിരിക്കുമെന്നു ബോദ്ധ്യമുള്ള അവിടെ ക്യാമ്പ് ചെയ്ത ഡി. ഐ. ജി. അടക്കം ഉള്ള ഉദ്യോഗസ്ഥൻമാർ മന്ത്രിയാണെങ്കിലും അദ്ദേഹത്തോട് അതു പറഞ്ഞു മനസ്സിലാക്കിച്ചു എന്നാണ് ഞാൻ അറിയുന്നത്. പോലീസ് അകമ്പടിയോടുകൂടി ഈ അഡ്മിനിസ്ട്രേററർ എ.കെ.ജി. ഹോസ്പിററലിൽ കയറിക്കൂടുന്നതിനുവേണ്ടി ഒരു ശ്രമം നടത്തിയിരുന്നു. പക്ഷേ ജനങ്ങളുടെ സംഘടിതശക്തിക്കു മുൻപിൽ ഈ അഡ്മിനിസ്ട്രേററർ തിരിച്ചുവരികയാണുണ്ടായത്. സർ, ഇവിടെ നമ്മൾ ജനശക്തിയെ മറക്കാൻ പാടില്ല. ഏതെങ്കിലും തരത്തിൽ തെററായ വികാരത്തിനുനേരെ വാശി തീർക്കുന്നതിനുവേണ്ടി ഉപയോഗിക്കേണ്ടതല്ല ഒരു സംസ്ഥാനത്തിൻെറ ഭരണം. ഈ സംസ്ഥാനത്തിൻെറ ഭരണം ഈ ഗവൺമെൻറിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഈ മന്ത്രിസഭയിൽ അംഗമായി എന്ന നിലയിൽ ശ്രീ. രാഘവൻ അദ്ദേഹത്തിന്റെ വ്യക്തിപരമായ വാശി തീർക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയാണ്. ശ്രീ. രാഘവൻ സി. പി. ഐ. (എം.) പിടിച്ചെടുക്കാൻവേണ്ടി നടത്തിയ ശ്രമം ഞങ്ങൾക്കും ഞങ്ങളുടെ പാർട്ടിക്കാരല്ലാത്തവർക്കും അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ അനുഭവം അദ്ദേഹത്തിന്റെതന്നെ സ്വന്തം പ്രകൃതം കാരണം ഈ പാർട്ടിയിൽനിന്ന് പുറത്തുപോകേണ്ടി വന്നു എന്നതാണ്. ഇപ്പോൾ സഹകരണമേഖല പിടിച്ചടക്കാനാണ് ശ്രീ. രാഘവന്റെ ശ്രമം. അതിലും കൊമ്പ് ഒടിയുകയല്ലാതെ മറ്റെന്തെങ്കിലും സംഭവിക്കുമെന്നു ശ്രീ. രാഘവൻ തെററിദ്ധരിക്കരുത് എന്നാണ് എനിക്കു പറയാനുള്ളത്. ഇവിടെ ജനശക്തിയെ പരാജയപ്പെടുത്താൻ കഴിയില്ല.

ഇദ്ദേഹത്തിന്റെ സഹകരണമന്ത്രി എന്ന നിലയ്ക്കുള്ള പ്രവർത്തനം ആരംഭിച്ചതിനുശേഷം ആദ്യം കൈവച്ചത് സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നേരേയാണ്. സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയനെന്നു പറയുന്നത് കേരളത്തിലെ സഹകരണമേഖലയുടെ ഏററവും ഉന്നതസ്ഥാനമാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. അതു ഞാൻ പറയുന്നതിനുമുൻപ് ഒരു കാര്യം പറയട്ടെ, ഈ അഞ്ചു വർഷത്തെ കാലാവധിയുടെ ഗുണഫലം ബഹുമാനപ്പെട്ട രാഘവൻ എ. കെ. ജി. ഹോസ്പിററലിന്റെ പ്രസിഡൻറായിരിക്കുന്ന കാലത്ത് അനുഭവിച്ചതാണ്. സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ എന്ന നിലയിൽ ബഹുമാനപ്പെട്ട തച്ചടി ഇരുന്നിട്ടുള്ളതാണ്. സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയൻ എല്ലാവർക്കും അറിയാവുന്നതുപോലെ സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയനിൽനിന്ന് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടുവരുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതാണ് അതിന്റെ മാനേജിംഗ് കമ്മിററി. സർ, സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ ഒരു പുതിയ പ്രതിഭാസമുണ്ട്. അത് സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ തെരഞ്ഞെടുപ്പോടുകൂടിയാണ് ഉണ്ടാകുന്നത്. സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ തെരഞ്ഞെടുപ്പു നടന്നപ്പോൾ നിലവിൽ സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയൻ മാനേജിംഗ് കമ്മിററിയിൽ അംഗമായിട്ടുള്ള ചിലർ തെരഞ്ഞെടുക്കപ്പെട്ടില്ല.

ഓരോ സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയനിൽനിന്നും സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ ജനറൽ ബോഡിയിലേയ്ക്ക് ഓരോ പ്രതിനിധിയെ തെരഞ്ഞെടുക്കണം. സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയനിൽതന്നെ ഈ സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയൻ മാനേജിംഗ് കമ്മിററി അംഗമായിട്ടുള്ള ആൾ തെരഞ്ഞെടുക്കപ്പെടാത്ത അവസ്ഥ വന്നപ്പോൾ അങ്ങനെയുള്ള കേസ്സുകളിൽ അത്തരം ആളുകൾക്ക് സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ മാനേജിംഗ് കമ്മിററിയിൽ സാങ്കേതികമായി തുടരാൻ കഴിയുകയില്ല. അത്തരമൊരു അവസ്ഥ സംജാതമായി. അങ്ങനെ അഞ്ച് ഒഴിവുകൾ സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ മാനേജിംഗ് കമ്മിററിയിൽ വന്നു. ഈ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയൻ തീരുമാനിച്ചു; തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. ആ തെരഞ്ഞെടുപ്പ് നടത്തേണ്ടത് സ്റേററ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ സെക്രട്ടറി (അഡീഷണൽ രജിസ്ട്രാർ) ആണ്. അദ്ദേഹംതന്നെയാണ് കാര്യങ്ങൾ തീരുമാനിക്കേണ്ടത്, തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ തീരുമാനിക്കേണ്ടത്. പക്ഷേ, ഗവൺമെന്റിന്റെ ഇടപെടലുണ്ടായി. തെരഞ്ഞെടുപ്പ് നടത്താൻ പാടില്ലായെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചു. അതിന്റെ ഫലമായി അഡീഷണൽ രജിസ്ട്രാർ സെക്രട്ടറി ആയിട്ടുള്ള, അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

റിട്ടേണിങ്ങ് ഓഫീസറായി തെരഞ്ഞെടുപ്പ് നടത്തേണ്ട, ആ സ്ഥാപനത്തിൽ ഗവൺമെൻറ് ഇടപെടൽകാരണം തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത ഒരു സാഹചര്യം വന്നപ്പോൾ സ്റേററ് കോ-ഓപ്പറേറീവ് യൂണിയൻെറ ചെയർമാനായിരുന്ന പി. വി. അപ്പക്കുട്ടി ഹൈക്കോടതിയെ സമീപിച്ചു. "തെരഞ്ഞെടുപ്പ് നടത്താൻ ഞാൻ തീരുമാനിച്ചതാണ്, തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് എതിര് നില്ക്കുകയാണ്, തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിർദ്ദേശമുണ്ടാകണം, മാത്രമല്ല ഈ നീക്കം സ്റേററ് കോ-ഓപ്പറേറീവ് യൂണിയൻെറ മാനേജിംഗ് കമ്മിററിയെ ഇല്ലാതാക്കുന്നതിനുകൂടിയാണ് എന്ന് ശങ്കിക്കുന്നു" എന്നുള്ളതടക്കം ഹൈക്കോടതിയിൽ പി. വി. അപ്പക്കുട്ടി പരാതിപ്പെട്ടു. ഹൈക്കോടതി ഇക്കാര്യത്തിൽ ഒരു നിർദ്ദേശം ഗവൺമെൻറിന് നല്കി. അത് സ്ററാററസ്കോ തുടരണമെന്നായിരുന്നു. നിലവിലുള്ള സ്ഥിതിക്ക് മാററമുണ്ടാക്കാൻ പാടില്ലായെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. കേരളാ ഹൈക്കോടതിയുടെ വ്യക്തമായ അത്തരമൊരു നിർദ്ദേശമുണ്ടായിട്ടും സ്റേററ് കോ-ഓപ്പറേറീവ് യൂണിയൻ ചെയർമാൻ ഈ പെററീഷൻ കൊടുത്ത പി. വി. അപ്പക്കുട്ടി അടക്കമുള്ള മൂന്ന് ആളുകളുടെ നോമിനേഷൻ ഗവൺമെൻറ് റദ്ദ് ചെയ്തു പകരം ആളുകളെ നോമിനേററ് ചെയ്തു. ഈ മൂന്നു ആളുകളെ പിൻവലിച്ച് പകരം ആളുകളെ നോമിനേററ് ചെയ്തു ഇത്തരമൊരു നിലപാട് ഗവൺമെൻറ് എടുത്തപ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് പി. വി. അപ്പക്കുട്ടി വീണ്ടും ഹൈക്കോടതിയിൽ പോയി. അങ്ങേയ്ക്കറിയാം അത് കണ്ടംപ്റ്റ് ഓഫ് കോർട്ട് ആണ്. കണ്ടംപ്റ്റ് ഓഫ് കോർട്ട് ഉള്ള നടപടിയടക്കം എടുക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഹൈക്കോടതിയെ സമീപിച്ചത്. അങ്ങനെ വന്നപ്പോൾ ഗവൺമെൻറ് ഹൈക്കോടതിയിൽ വിചിത്രമായൊരു നിലപാട് സ്വീകരിച്ചു. ആ വിചിത്രമായ നിലപാട് ഈ മൂന്ന് ആളുകളെ വിത്ത്ഡ്രാ ചെയ്ത നടപടി റദ്ദ് ചെയ്യുന്നതായിരുന്നു. മൂന്ന് ആളുകളെ പുനഃസ്ഥാപിക്കാൻ ആയിരുന്നു. ആ മൂന്ന് ആളുകളെ പുനഃസ്ഥാപിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള ഓർഡർ ഹൈക്കോടതിയുടെ മുന്നിലും കൊടുത്തു. ഹൈകോർട്ടിന് പിന്നെ ഒന്നും ചെയ്യാനില്ല. സാധാരണ ഗതിയിൽ പി. വി. അപ്പക്കുട്ടിയുടെ പെററീഷൻെറ നേരെ ഒന്നും ചെയ്യാനില്ല. അങ്ങനെ കാര്യം നല്ലരീതിയിൽ അവസാനിച്ചു എന്നു കണ്ടപ്പോൾ ഹൈക്കോടതി അവസാനിപ്പിച്ചു. അതിവിചിത്രമായ വസ്തുത പിന്നെയാണ് വരുന്നത്. അതിൻെറ തൊട്ടടുത്ത നാളിൽ, ഈ ഓർഡർ ഹൈക്കോടതിയിൽ ഹജരാക്കിയതിൻെറ തൊട്ടടുത്തനാളിൽ, ആ മൂന്നുപേരെയും പിന്നേയും പിൻവലിച്ചു. സാധാരണ നാട്ടുമര്യാദയുള്ളവർപോലും അത് ചെയ്യില്ല. ആളുകൾ തമ്മിലുള്ള ഇടപാടിൽ പറഞ്ഞ വാക്കിൽ നിന്നു മാറാൻ പാടില്ല. ഇവിടെ കേരളത്തിലെ അത്യുന്നമായ നീതിപീഠം, ആ നീതിപീഠത്തെ തെററിദ്ധരിപ്പിച്ച് ആ നീതിപീഠത്തിനു മുന്നിൽ ഞങ്ങൾ ഈ നടപടി പിൻവലിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് കടലാസ് ഹാജരാക്കി. അതിനുശേഷമാണ് വീണ്ടും അവരെ പിൻവലിക്കുന്നത്. അപ്പോൾ ഹൈക്കോടതിയുടെ മുമ്പിൽ അത് സംബന്ധിച്ചുള്ള കേസ്സ് കിടക്കുകയാണ്, അങ്ങേയററം മര്യാദയില്ലാത്ത, നിയമവിരുദ്ധമായിട്ടുള്ള നടപടിയാണ്, ഇക്കാര്യത്തിൽ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. എനിക്ക് അതിൽ ആക്ഷേപമില്ല, കാരണം ഇതിന് നേതൃത്വം കൊടുക്കുന്ന സഹകരണവകുപ്പുമന്ത്രി ബഹുമാനപ്പെട്ട രാഘവൻ ഇതും ഇതിലപ്പുറവും ചെയ്യും, കാരണം മര്യാദ എന്നുള്ളത് അദ്ദേഹത്തിൻെറ നിഘണ്ടുവിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇതിൽതന്നെയുള്ള വിചിത്രമായ മറെറാരു വസ്തുതകൂടിയുണ്ട്, സ്റേററ്

LIBRARY ARCHIVES Kerala Legislative Assembly

കോ-ഓപ്പറേറ്റീവ് യൂണിയന് ഇപ്പോൾ എത്രയാ അവധി? സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനെക്കുറിച്ച് ഈ ഓർഡിനൻസിൽ മറന്നു പോയിട്ടില്ല. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ ഈ ഓർഡിനൻസിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ സെക്രട്ടറിക്ക് എക്സ് ഒഫിഷ്യോ അംഗത്വവും അദ്ദേഹത്തിന് വോട്ടിംഗ് പവറും കൊടുത്തിരിക്കുകയാണ്; ചീഫ് എക്സിക്യൂട്ടീവ് എന്നുള്ള നിലയ്ക്ക്. ആ കാലപരിധി എത്രയാണ്? 1984-ൽ ഗവൺമെന്റ് ഇവിടെ സ്വീകരിച്ച ചില നടപടികളുടെ ഫലമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് അഞ്ചു വർഷംവരെ കാലാവധി ഭരണസമിതികൾക്ക് നീട്ടാം എന്ന ആനുകൂല്യം വന്നപ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനും ശ്രീ. തച്ചടിയുടെ നേതൃത്വത്തിൽ ആ ആനുകൂല്യം അനുഭവിക്കുകയായിരുന്നു. അത് ഇപ്പോൾ തുടരുകയാണോ? ഓർഡിനൻസിൽ ബാക്കി എല്ലാ സഹകരണസ്ഥാപനങ്ങളും മൂന്നുവർഷം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന് പഴയ നിലതന്നെ അനുവദിച്ചുകൊടുത്തിരിക്കുകയാണ്. ഉദ്ദേശം എന്താണ്? ഉദ്ദേശം ദുരുദ്ദേശം ആണ്. ദുരുദ്ദേശ പൂർണ്ണമായിട്ടാണ് നടപടികൾ നീക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യ നടപടി-ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ദിവസങ്ങൾ കഴിയുന്നതിന് മുമ്പ് സ്വീകരിച്ച നടപടി-കാസർകോട് ജില്ലാ ബാങ്കിനെതിരായിട്ടായിരുന്നു. അത് ജൂൺ 25-ന് ആണ് ഈ നടപടി സ്വീകരിച്ചത്. അവിടെ രാമണ്ണറേയുടെ നോമിനേഷൻ പിൻവലിക്കുകയാണ് ചെയ്തത്. സഹകരണരംഗത്ത് സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാണിച്ചിട്ടുള്ള കൊള്ളരുതായ്മകൾ വളരെ വലുതാണ്. ഓരോ സംഘങ്ങളും, ജില്ലാ ബാങ്കുകളെ, അപ്പക്സ് സ്ഥാപനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിന് പിടിച്ചടക്കുന്നതിന്, തീവ്രമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് രാമണ്ണറെയുടെ നോമിനേഷൻ പിൻവലിച്ചത്. പകരം ആളെ നോമിനേററ് ചെയ്തില്ല. അവിടെ പിൻവലിച്ചുനിർത്തലായിരുന്നു ആവശ്യം. അങ്ങനെ രാമണ്ണറേയുടെ നോമിനേഷൻ 25/8-ൽ പിൻവലിച്ചു. അത് ഹൈക്കോടതി സ്റ്റേ ചെയ്തു. ഹൈക്കോർട്ടിൽ രാമണ്ണറേ പോയി. ഹൈക്കോടതി സ്റ്റേ ചെയ്തു, രാമണ്ണറേയുടെ നോമിനേഷൻ പിൻവലിച്ച് കോറമില്ലാതാക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു നടപടികൾ നീക്കിയത്. അത് ഫലിക്കാതെ പോകുകയാണുണ്ടായത്.

സർ, ആ ബാങ്കിൽത്തന്നെ കോറം സംബന്ധിച്ച ചില തർക്കങ്ങൾ ഉണ്ടായി. ഹൈക്കോടതിയിൽ കേസ് വന്നു. ആ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ആ കേസ് നടന്നുകൊണ്ടിരിക്കേ, ഹൈക്കോടതിയിൽ ഒരു നിയമപ്രശ്നം പരിശോധനയ്ക്ക് വിധേയമായി നടന്നുകൊണ്ടിരിക്കെ അവിടെ ബോർഡിനെ ഇല്ലാതാക്കി. കാസർകോട് അഡ്മിനിസ്ട്രേറ്റർ ഭരണം കൊണ്ടുവന്നു. അതിനുശേഷം തൃശ്ശൂർ ജില്ലാ ബാങ്കിലും ഈ നടപടിയുമായി ചെന്നു. തൃശ്ശൂർ ജില്ലാ ബാങ്കിലെ രണ്ട് നോമിനേഷൻ പിൻവലിച്ചു. നോമിനേററഡ് ഡയറക്ടർമാരെ രണ്ടുപേരെ പിൻവലിച്ചു. ഒരു സി. എം. പി.-കാരനേയും ഒരുകോൺഗ്രസ് (ഐ) കാരനേയും ഇവർക്ക് പകരമായി നോമിനേററ് ചെയ്തു. കാസർകോട് ആരേയും നോമിനേററ് ചെയ്തില്ല. ഇവിടെ നോമിനേററ് ചെയ്തതുകൊണ്ട് സംഗതി പിടിച്ചടക്കാൻ പററുമോ എന്നാണ് നോട്ടം. ഹൈക്കോടതിയിൽ ഹർജി ചെന്നു. ഹൈക്കോടതി അത് സ്റ്റേ ചെയ്തു. ഇതിൽ കാണേണ്ടത്, കാസർകോട്, തൃശ്ശൂർ ബാങ്കുകളുടെ കേസിൽ

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി നൽകിയ സ്റേറ വെക്കേററ് ചെയ്യുന്നതിന് തുടർച്ചയായി ശ്രമം ഗവൺമെൻറ് നടത്തി. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ ലാർജർ ബഞ്ച് അടക്കം കേസ് കേൾക്കുന്ന സ്ഥിതി ഉണ്ടായി. പക്ഷേ കോടതി ഇടപെട്ടില്ല. ആ സ്റേറ വെക്കേററ് ചെയ്യുന്നതിന് ഒരു ലാർജർ ബഞ്ച് അടക്കം കേട്ടിട്ടും തയ്യാറായില്ല എന്നാണ് വസ്തുത. ഞാൻ പറഞ്ഞുവരുന്നത്, ഓരോ ബാങ്കിന് നേരെയും ഇത്തരത്തിലുള്ള ഒട്ടേറെ നടപടികൾ സ്വീകരിക്കുകയും ആ നടപടികളുടെ തുടർച്ച എന്ന നിലയ്ക്ക് ആ നടപടികൾ ഉദ്ദേശിച്ച ഫലം ചെയ്തില്ല എന്നു വന്നപ്പോഴാണ് ഇവിടുത്തേക്ക് എത്തിയിട്ടുള്ളത്. ഒരു അതിശയകരമായ കാര്യം പത്തനംതിട്ട ജില്ലാ ബാങ്കിൽ നടന്നു. പത്തനംതിട്ട ജില്ലാ ബാങ്കിൻെറ ഡയറക്ടർക്ക് എതിരെ ഡിസ്ക്വാളിഫൈ ചെയ്യാതിരിക്കാൻ കാരണം ചോദിച്ചുകൊണ്ട് നോട്ടീസ് കൊടുത്തു. എന്താണ് കാരണം.

ശ്രീ. തമ്പാനൂർ രവി: സർ, അങ്ങ് ഈ സംസ്ഥാന സഹകരണ ബാങ്കിൻെറ പ്രസിഡൻറായത് ഗവൺമെൻറ് നോമിനിയായി വന്ന് ഇടയ്ക്ക് ആയതല്ലേ.

ശ്രീ. പിണറായി വിജയൻ: ഗവൺമെൻറ് നോമിനിയായിട്ടാണ് പ്രസിഡൻറായത്.

ശ്രീ. തമ്പാനൂർ രവി: സർ, സഹകരണ ജനാധിപത്യം ഇല്ലായിരുന്നോ? നിങ്ങളെല്ലാം പിടിച്ചടക്കുകയല്ലേ ചെയ്തത്.

ശ്രീ. പിണറായി വിജയൻ: അതിനെപ്പററി നിശ്ചയം ഇല്ലാത്തവർ അടങ്ങിയിരിക്കണം. പത്തനംതിട്ട ജില്ലാ ബാങ്കിൽ ഉണ്ടായത്, അവിടെയുള്ള ഡയറക്ടർമാർക്ക് നോട്ടീസ് കൊടുത്തു. എന്താണ് നോട്ടീസിൻെറ കാരണം. ആ ഡയറക്ടർമാർ ഒരു ആശുപത്രി സൊസൈററിയിലെ പ്രാഥമിക അംഗങ്ങളാണ്. ആ ആശുപത്രി സൊസൈററി ഓവർഡ്യൂ ആണ്. ആ ഓവർഡ്യൂ ആയിരിക്കുന്ന സൊസൈററിയിലെ പ്രാഥമികാംഗങ്ങൾ ആയിരിക്കുന്ന ഇവർ ജില്ലാ ബാങ്കിലെ ഡയറക്ടർമാരാണ്. അപ്പോൾ നിങ്ങളെ ഡിസ്ക്വാളിഫൈ ചെയ്യാതിരിക്കാൻ കാരണമാണ് ചോദിക്കുന്നത്. ഏതു സഹകരണ ചട്ടം അനുസരിച്ചാണ് അത്തരം ഒരു ചോദ്യം ചെയ്യൽ. ഏതു് നടപടിക്രമം അനുസരിച്ചാണ് ഡിസ്ക്വാളിഫൈ ചെയ്യാനുള്ള നീക്കം.

ശ്രീ. തച്ചടി പ്രഭാകരൻ: ഒരു മെമ്പറെ മാത്രം പിരിച്ചുവിട്ടാൽ പോരേ. 11 പേരുള്ളവരെ മുഴുവൻ എന്തിനാണ്. പിരിച്ചുവിട്ടത്. പത്തുപേരും ക്വാളിഫൈഡ് മെമ്പേഴ്സാണ്. എന്തിനാണ് എല്ലാവരേയും പിരിച്ചുവിട്ടത്.

ശ്രീ. പിണറായി വിജയൻ: ആ ബോർഡിലുള്ള ഈ പ്രൈമറി സൊസൈററിയിലെ അംഗങ്ങളായ എല്ലാവരുടേയും പേരിൽ നോട്ടീസ് ചെന്നു. ഒരാളുടെ പേരിലല്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ അവർ ഹർജി കൊടുത്തു. എന്താണ് നീക്കം എന്ന് വ്യക്തമാണല്ലോ. ഹൈക്കോടതി അതിലും ഇടപെട്ടു. ഇക്കഴിഞ്ഞ നാളുകളിലെല്ലാം ഹൈക്കോടതി ഇത്തരം കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുകയായിരുന്നു. ആ ഇടപെടലിൻെറ ഫലമായി ഒരു നടപടിയും ഉദ്ദേശിച്ചതുപോലെ, നിയമവിരുദ്ധമായ നടപടി ഇവിടെ സഹകരണ വകുപ്പിന് സ്വീകരിക്കാൻ കഴിയാതെവന്നു.

സഹകരണമന്ത്രിക്ക് വാശിയുണ്ടായിരുന്നു. പക്ഷേ ആ വാശി ഫലിച്ചില്ല. കാരണം നിയമവിരുദ്ധമായ നീക്കങ്ങളായിരുന്നു. ഇതിൽ ഹൈക്കോടതി ഇടപെട്ടു എന്നതാണ് വസ്തുത. അതുപോലെതന്നെ കോട്ടയം ജില്ലാ ബാങ്കിന്റെ കാര്യത്തിൽ പ്രസിഡൻറിനെ പിടിക്കാനാണ് ശ്രമം നടത്തിയത്. അദ്ദേഹത്തെ തെരഞ്ഞെടുത്ത പ്രാഥമിക സൊസൈററികളുടെ കമ്മിററി ജോയിൻറ് രജിസ്ട്രാർ സ്റേറാ ചെയ്തു എന്നു പറഞ്ഞാൽ അവിടുത്തെ പ്രസിഡൻറിന് ഈ കമ്മിററി സ്റേറ ചെയ്തു നിറുത്തിയാൽ ജില്ലാ ബാങ്കിൽ പ്രതിനിധിയായി പോകാൻ കഴിയുകയില്ല. ഉദ്ദേശം വ്യക്തമായിരുന്നു. അതിനെതിരായി ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അതിൽ ഇടപെട്ടു. ഹൈക്കോടതി ഇടപെട്ടു പറഞ്ഞു അവിടുത്തെ പ്രസിഡൻറ് ജോസഫ് ജില്ലാ ബാങ്കിൽ തുടരും എന്ന്. ഇങ്ങനെ നിരവധി കാര്യങ്ങൾ സഹകരണവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സഹകരണവകുപ്പ് ഇവിടെ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആലപ്പുഴ ജില്ലാബാങ്കിലെ കാര്യം തച്ചടിക്ക് നല്ലതുപോലെ അറിയാവുന്ന കാര്യമാണ്. ആലപ്പുഴ ജില്ലാ ബാങ്കിൽ അവിടുത്തെ പ്രസിഡൻറിന്റെ പ്രാഥമിക സൊസൈററിയിലെ അംഗത്വം റദ്ദാക്കുന്ന നടപടിയാണ് സ്വീകരിച്ചത്. എറണാകുളം ജില്ലാ ബാങ്കിൽ അവിടെ കുറുപ്പംപടി സൊസൈററി പ്രസിഡൻറ് ജില്ലാ ബാങ്കിലെ ഡയറക്ടറാണ്. കുറുപ്പംപടി സൊസൈററിക്ക് വിചിത്രമായ ഒരു നോട്ടീസ് ചെന്നു. അത്, നിങ്ങൾ നഷ്ടത്തിലാണ്, നിങ്ങളെ ഡിസ്‌ക്വാളിഫൈ ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കേണ്ടതാണ്. എത്ര സംഘങ്ങളാണ് കേരളത്തിൽ നഷ്ടത്തിൽ നടക്കുന്നത്. നഷ്ടത്തിലായാൽ ഏതെങ്കിലും ഭരണസമിതിയെ പിരിച്ചുവിടൽ ഉണ്ടോ? ഇവിടെ വിചിത്രമായ വസ്തുത കുറുപ്പംപടി സൊസൈററി ലാഭത്തിൽ പ്രവർത്തിക്കുമ്പോഴാണ് നിങ്ങൾ നഷ്ടത്തിലാണ് എന്ന് പറഞ്ഞ് നോട്ടീസ് കൊടുത്തത്. അദ്ദേഹത്തിന്റെ ജില്ലാ ബാങ്കിലെ ഡയറക്ടർ സ്ഥാനം നഷ്ടപ്പെടുത്തൽ ആയിരുന്നു ഉദ്ദേശം. അതിലും ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ഇതിലും ഇടപെട്ടു. ഇങ്ങനെ ഒട്ടേറെ ജില്ലാ ബാങ്കുകളുടെ കാര്യത്തിൽ കേരളത്തിൽ ഗവൺമെൻറ് ഇടപെട്ടത് സംബന്ധിച്ച് ഹൈക്കോടതിയുടെ മുൻപിൽ പോകുകയും ഹൈക്കോടതി അതിലെല്ലാം ഇടപെടുകയും ചെയ്തുവെന്നുള്ളതാണ് വസ്തുത. ഇവിടെ കാണാൻ സാധിക്കുക ഗവൺമെൻറ് ചാർജ് എടുത്ത ജൂൺ മാസം മുതൽ ഇക്കഴിഞ്ഞ ജനുവരി വരെ തുടർച്ചയായി സഹകരണ മന്ത്രിയുടെ നേതൃത്വത്തിൽ ഇതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു എന്നതാണ്. ഇത് മാത്രമായിരുന്നു ആലോചന. ഒരു കൂട്ടം ആളുകളേയും വട്ടത്തിലിരുത്തി വെറുതെ ഇതിനെക്കുറിച്ച് ആലോചിക്കുക മാത്രമായിരുന്നു ആ അഫീസിലെ ജോലി. അങ്ങനെ നടത്തിയ ശ്രമത്തിൽ കാസർകോട് മാത്രമാണ് അഡ്മിനിസ്ട്രേററെ എത്തിക്കാൻ ഈ ഗവൺമെൻറിന് സാധിച്ചത്. അതും നിയമപ്രകാരമുള്ള നടപടിയായിരുന്നില്ല, ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു കിടക്കുകയാണ്. ബാക്കി എല്ലാററിനും ഹൈക്കോടതി ഇടപെട്ടതുകൊണ്ട് ഗവൺമെൻറ് ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ എത്തിക്കാൻ കഴിഞ്ഞില്ലായെന്നുള്ളതാണ് വസ്തുത. എല്ലാ സ്ഥലത്തും കോൺഗ്രസ് (ഐ)–കാരെ കൊണ്ടുവരാൻ ഉദ്ദേശിച്ചോയെന്നറിയില്ല, എല്ലാ സ്ഥലത്തും സി. എം. പി.-കാരെ കൊണ്ടുവരികയെന്നുള്ളത് ആയിരുന്നു ഉദ്ദേശം. ഒരു സി.എം. പി.–കാരനേയും ഈ പറയുന്ന തരത്തിലെത്തിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് വസ്തുത. എല്ലായിടത്തും ഒന്ന് രണ്ട് സീററുകൾ സി.എം.പി.-ക്കുവേണ്ടി നീക്കിവച്ചിരിക്കുകയായിരുന്നു. പക്ഷേ ആ രീതിയിൽ കേരളത്തിലെ ഒരൊററ ജില്ലാ ബാങ്കുകളിലും

മന്ത്രി ഉദ്ദേശിച്ച രീതിയിൽ, മന്ത്രിയുടെ നേതൃത്വത്തിലുള്ള സഹകരണ വകുപ്പ് ഉദ്ദേശിച്ച രീതിയിൽ സി.എം.പി.-ക്കാരെ എത്തിക്കാൻ കഴിഞ്ഞില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: സി. എം. പി.-യുടെ സംസ്ഥാന സമ്മേളനം മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു നല്ല സമ്മേളനത്തെക്കാൾ വലുതായിരുന്നുവെന്നുള്ള കാര്യം അംഗീകരിച്ചുകൊടുക്കേണ്ടതായിരുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സി. എം. പി.-യിൽ ആളുകൾ കൂടിയെന്ന് പറയേണ്ടത് നിങ്ങളുടെ ഒരു ആവശ്യകതയാണ്. അതിനു ഞാനെന്തു പറയാനാണ്? എല്ലാ സൊസൈററികളിലും സി. എം. പി.-ക്കാരെ വയ്ക്കാനാണ് അവർ നോക്കുന്നത്. ഇതിനുശേഷം ആളുകൾ കൂടുതൽ സി. എം. പി.-യായിക്കൊണ്ടിരിക്കുന്നില്ലേ?

ശ്രീ. തച്ചടി പ്രഭാകരൻ: കോൺഗ്രസ്സിൽ നിന്നും ആരും സി. എം. പി.-യിലേക്ക് പോയിട്ടില്ല.

ശ്രീ. പിണറായി വിജയൻ: കോൺഗ്രസ്സിൽ നിന്നും പോകും, ഏതിൽ നിന്ന് പോകുമെന്ന് പറയാൻ സാദ്ധ്യമല്ല. പക്ഷേ ആളുകൾ സി. എം. പി.-യായിക്കൊണ്ടിരിക്കുന്നുണ്ട്. സി. എം. പി. എന്നുള്ള നിലയ്ക്ക് ചില സ്ഥലത്തിൽ അഡ്മിനിസ്ട്രേററീവ് കമ്മിററികൾ കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് ട്രെലിഗ്രാം വന്നുവെന്നുള്ള കാര്യങ്ങൾ പത്രത്തിൽ വന്നുകഴിഞ്ഞിട്ടുള്ളതാണ്. ആ കാര്യങ്ങളെക്കുറിച്ച് പിന്നീട് പറയാം.

ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ കാണേണ്ടത്, സഹകരണ വകുപ്പു മന്ത്രിക്ക് നഷ്ടപ്പെടാനൊന്നുമില്ല എന്നതാണ്. കാരണം ഏതെങ്കിലുമൊരു സഹകരണ സ്ഥാപനം അദ്ദേഹത്തിന് നഷ്ടപ്പെടാനില്ല. അതാണോ മററു പല പ്രസ്ഥാനങ്ങളുടെയും സ്ഥിതി? ഈ ഓർഡിനൻസ് വന്നപ്പോൾ ഞങ്ങൾ മാത്രമാണ് അതിനെ എതിർക്കുന്നതെന്ന് ഞാൻ ധരിക്കുന്നില്ല. നിങ്ങൾക്ക് എതിർക്കാൻ വിഷമമുണ്ടാകും, അത് ഒരു വസ്തുതയാണ്. മലപ്പുറം ജില്ലയിൽ ധാരാളം സഹകരണ സംഘങ്ങൾ ലീഗിന്റെ നേതൃത്വത്തിലുള്ളതാണ്. എന്നു പറഞ്ഞാൽ ലീഗുകാർ നേതൃത്വം കൊടുക്കുന്ന സംഘങ്ങൾ. സ്വാഭാവികമായും ഈ ഓർഡിനൻസിനെ അവർ അനുകൂലിക്കുമോ? രാഷ്ട്രീയമായി നമ്മൾ ചേരി തിരിഞ്ഞ് വർത്തമാനം പറയുമ്പോൾ ഞങ്ങൾ അനുകൂലിക്കുന്നു എന്ന് പറഞ്ഞേക്കാം. യഥാർത്ഥത്തിൽ അവർ അനുകൂലിക്കുമോ? അനുകൂലിക്കില്ലെന്നുള്ളത് ഉറപ്പല്ലേ? നിങ്ങൾ തമ്മിലുള്ള കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു തർക്കിക്കേണ്ട കാര്യമില്ല. പക്ഷേ നിങ്ങൾ തമ്മിലുള്ള ഏതെങ്കിലും തർക്കത്തിന് ഇത് വിധേയമാക്കുന്നുണ്ടോയെന്ന് എനിക്ക് പറയാൻ കഴിയില്ല. അവിടെ ലീഗുമായി ചിലർ തർക്കത്തിലാണ്. ആ തർക്കത്തിലുള്ളവരെ സഹകരണ വകുപ്പ് ഉപയോഗിച്ചുകൊണ്ട് ഇനി എന്തു നടപടി സ്വീകരിക്കുമെന്ന് നമുക്ക് കണ്ടറിയണം. ലീഗ് മാത്രമാണോ? എന്താണ് കേരളാ കോൺഗ്രസ്സിന്റെ സ്ഥിതി? കേരളാ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കുറെ സംഘങ്ങളില്ലേ? ഈ ഓർഡിനൻസിന്റെ ഒബ്ജക്ഷൻ വന്നപ്പോൾ ബഹുമാനപ്പെട്ട മാണി ശക്തിയായിത്തന്നെ അതിനെ എതിർത്തുപാടി. നിയമസഭയിലെ ചട്ടമനുസരിച്ച് അത്

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമാണ്. പക്ഷേ ഈ ഓർഡിനൻസിന്റെ ഉള്ളടക്കത്തോട് കേരളാ കോൺഗ്രസ്സുകാർക്കും സംഘങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരാണെന്നുള്ളതുകൊണ്ട് യോജിക്കാൻ കഴിയുമോ? കേരളാ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന സംഘങ്ങൾ നഷ്ടപ്പെടില്ലേ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: അങ്ങ് പറഞ്ഞതുപോലെ അവർ എതിർപ്പെല്ലാം പ്രകടിപ്പിച്ചതിന്റെ ഫലമായിട്ട് ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. ഈ സമ്മേളനം കഴിഞ്ഞാൽ ഈ സ്ഥാപനങ്ങളിൽ വച്ചിരുന്ന ലീഗിലേയും കേരളാ കോൺഗ്രസ്സിലെയും മെമ്പർമാരെത്തന്നെ അഡ്മിനിസ്ട്രേററീവ് കമ്മിററിയിൽ നിയമിക്കാമെന്നും ശ്രീ. തച്ചടി പ്രഭാകരനെ സ്റേററ് കോ-ഓപ്പറേററീവ് ബാങ്ക് കമ്മിററിയുടെ ചെയർമാനാക്കാം എന്നും ഒത്തുതീർപ്പിലെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ വന്ന് വാദിക്കുന്നതെന്നറിയാമോ?

ശ്രീ. പിണറായി വിജയൻ: പറഞ്ഞതിന്റെ ആദ്യഭാഗം നടക്കുമോ എന്നറിയില്ല. ചിലപ്പോൾ ഈ ഗവൺമെൻറ് ആയതുകൊണ്ട് സമ്മർദ്ദമൊക്കെ വരുമ്പോൾ നടന്നേക്കാം. രണ്ടാമത് പറഞ്ഞത് നടക്കില്ല. കാരണം, അരവിന്ദാക്ഷൻ എന്നു പറയുന്ന സാക്ഷാൽ സി.എം.പി. നേതാവ് സ്റേററ് കോ-ഓപ്പറേററീവ് ബാങ്കിന്റെ കമ്മിററി പ്രസിഡണ്ടാകുമെന്നുള്ള ധാരണ വച്ചുകൊണ്ടുതന്നെയാണ് ഉപദേശിക്കുന്നത്. ഉപദേശങ്ങളിൽ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനും പങ്കുണ്ട്. പക്ഷേ ഇപ്പോൾ നടപടി മാറിയിരിക്കുകയാണ്. ഇപ്പോൾ ശ്രീ. തച്ചടി പ്രഭാകരന് എത്താൻ കഴിയില്ല, അവിടെ അരവിന്ദാക്ഷൻ എന്നുപറയുന്ന എന്റെ പഴയ ഒരു സുഹൃത്തും സി.എം.പി.-കാരനുമായ മാന്യദേഹം പ്രസിഡണ്ടാകാൻ വേണ്ടി മുതിരുകയാണ് എന്നുള്ളത് നമുക്കറിയാം. അത് ശ്രീ. തച്ചടിയും മനസ്സിലാക്കിയിട്ടുണ്ടെന്നാണ് എന്റെ ധാരണ, ഈ ഓർഡിനൻസിനെ സാധാരണഗതിയിൽ ഞാൻ പറഞ്ഞവർക്കുപോലും അനുകൂലിക്കാൻ കഴിയില്ല, ബഹുമാനപ്പെട്ട മാണിക്കുപോലും ആ നിലയ്ക്ക് അനുകൂലിക്കാൻ കഴിയില്ലെന്നാണ് എന്റെ ചിന്ത. ഞാൻ നേരത്തെ പറഞ്ഞത്, സ്റേററ് കോ-ഓപ്പറേററീവ് യൂണിയനെ സംബന്ധിച്ചിടത്തോളം ജില്ലാ ബാങ്കുകളാണ്. കേരളത്തിലെ ഫെഡറേഷനെന്നത് ഓരോ ജില്ലയിൽ നിന്നും ഓരോ ആളുള്ള ഡയറക്ടർ ബോർഡാണ്. അങ്ങനെ 14 ജില്ലകളിൽ നിന്നുള്ള 14 പേരും നോമിനേററ് ചെയ്ത മൂന്നു പേരും ചേർന്നതാണ് കൺസ്യൂമർ ഫെഡറേഷന്റെ ഘടന. ആ ഭരണസമിതിയെ പിരിച്ചുവിട്ടു. പിരിച്ചുവിടാനുള്ള ന്യായമെന്താണ്? ആ കൺസ്യൂമർ ഫെഡറേഷന്റെ സ്ഥിതി എന്തായിരുന്നു? ഇപ്പോൾ പിരിച്ചുവിട്ട ഡയറക്ടർബോർഡ് അധികാരത്തിൽ വരുന്നതിന് മുമ്പ് കൺസ്യൂമർ ഫെഡറേഷൻ വലിയ നഷ്ടത്തിലായിരുന്നു. പ്രതിവർഷം 40 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടമുണ്ടാക്കിക്കൊണ്ടിരുന്ന സംഘമായിരുന്നു അത്. കേരളത്തിലെ സഹകരണമേഖലയിൽ അത്ഭുതാദരങ്ങളോടെയാണ് കഴിഞ്ഞ വർഷം രണ്ടു ലക്ഷത്തോളം രൂപ ആ സ്ഥാപനം ലാഭമുണ്ടാക്കിയെന്നുള്ള വാദം കേട്ടത്. കാരണം ആ രീതിയിൽ നഷ്ടത്തിലേയ്ക്ക് പോയിക്കൊണ്ടിരുന്ന ഒരു സംഘമായിരുന്നു അത്. ഇവിടെ ആകെ നഷ്ടം നികത്തിയെന്നല്ല. പ്രതിവർഷം 40 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടാക്കിക്കൊണ്ടിരുന്ന സ്ഥാപനം കഴിഞ്ഞ വർഷം രണ്ടുലക്ഷം രൂപ ലാഭമുണ്ടാക്കിയെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ഈ കൺസ്യൂമർ ഫെഡറേഷനെക്കുറിച്ച് നബാർഡും റിസർവ്വ് ബാങ്കും തമ്മിൽ ചർച്ച ചെയ്തപ്പോൾ ആദ്യം പറഞ്ഞത്, ഈ കൺസ്യൂമർ ഫെഡറേഷനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ലെന്നാണ്. അക്കാര്യം എന്നോടും പറഞ്ഞിട്ടുണ്ട്, ശ്രീ. വിജയനോടും പറഞ്ഞുകാണും. അക്യുമുലേററഡ് ലോസ് വന്നിട്ടുള്ളത് യാതൊന്നും ചെയ്യാൻ വയ്യാത്ത ഒരു സ്ഥാപനമാണ്. ആ സ്ഥാപനം പിരിച്ചുവിട്ട് ഏതെങ്കിലും രീതിയിൽ റിവൈവ് ചെയ്യാൻ പററുമോയെന്നുള്ളത് പരിശോധിക്കുന്നതേയുള്ളു, അല്ലാതെ ഇത് മാത്രമായിട്ട് പിരിച്ചുവിടുന്നില്ല. ഇത് ഞങ്ങൾ രണ്ടു പേർക്കും അറിയാവുന്ന കാര്യമാണ്. സ്റേററ് കൺസ്യൂമർ ഫെഡറേഷൻ യാതൊരു കാരണവശാലും നിലനിൽക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിൽ കോടിക്കണക്കിന് രൂപയുടെ അക്യുമുലേററഡ് ലോസ് വരുത്തിവച്ചിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ: കൺസ്യൂമർ ഫെഡറേഷനെ സംബന്ധിച്ച് വേണമെങ്കിൽ നമുക്ക് ഡിസ്ക്കഷനാകാം. കൺസ്യൂമർ ഫെഡറേഷന് എന്താണ് നബാർഡും മററും കൊടുക്കുന്നത്? അവർക്ക് എന്താണ് കൺസഷണൽ വ്യവസ്ഥയുള്ളത്? അവർ വലിയ തോതിലുള്ള പലിശയ്ക്ക് പൈസയെടുത്തിട്ട് പൊതുവിതരണം നടത്തേണ്ട സ്ഥിതിയല്ലേയുള്ളത്? അങ്ങനെയുള്ള കുറെ പ്രശ്നങ്ങളുണ്ടല്ലോ? അത് നമുക്ക് വേറെ ചർച്ച ചെയ്യാം. ഇതു സംബന്ധിച്ച് എല്ലാ പ്രയാസങ്ങളും ഒഴിവാക്കി രണ്ടുലക്ഷം രൂപ കഴിഞ്ഞ വർഷം അവർക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് വസ്തുത. അവിടെ വരെ ധൃതിപ്പെട്ടാണ് ഭരണസമിതി പിരിച്ചുവിട്ടത് എന്നാണ് പറഞ്ഞ ന്യായം. ഇത് പലതും അത്ഭുതങ്ങൾ ഉണ്ടാക്കുന്നതാണ്. അതുകൊണ്ടാണ് ഇതു പറയേണ്ടി വരുന്നത്. ഒരുപാട് നടപടികൾ ഉണ്ടായി. തുടരെത്തുടരെ നടപടികൾ അല്ലേ ഉണ്ടായത്? അതുകൊണ്ടാണ് ഇതു പറയേണ്ടിവരുന്നത്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ ബില്ലിൽ സഹകരണരംഗത്തുള്ള എല്ലാവർക്കും അഭിപ്രായം പറയാനുണ്ട്. ശ്രീ. പിണറായി വിജയന് മാത്രമല്ല. ഞങ്ങൾക്കും പറയുവാനുണ്ട്. ഞങ്ങളൊക്കെ പറയണ്ടേ? അതുകൊണ്ട് സർ, സമയം പരിമിതപ്പെടുത്തണം. പറഞ്ഞ കാര്യംതന്നെ പിന്നെയും പറഞ്ഞുകൊണ്ടിരുന്നാൽ എങ്ങനെയാണ്? ശ്രീ. പിണറായി വിജയനോട് ഒരു കാര്യം ചോദിക്കട്ടെ, നിങ്ങൾ സഹകരണ ബാങ്കുകളൊക്കെ എങ്ങനെയാണ് പിടിച്ചടക്കിയത്? അതുകൂടി പറയണം. എങ്കിലേ ചിത്രം പൂർത്തിയാവുകയുള്ളു. നിങ്ങൾ ഭരിച്ച കാലത്ത് ശ്രീ. ചന്ദ്രശേഖരൻ നായരും സി. പി. ഐ.-ക്കാരുമൊക്കെ നിങ്ങളെടുത്ത സഹകരണ ജനാധിപത്യത്തോട് യോജിപ്പുള്ളവരായിരുന്നോ? അതുകൂടി പറയണം.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട ഹസ്സൻ, ഞങ്ങൾ സഹകരണരംഗം പിടിച്ചെടുക്കുകയായിരുന്നില്ല. അങ്ങനെ പിടിച്ചെടുക്കേണ്ട ആവശ്യമില്ലായിരുന്നു. കേരളത്തിലെ സഹകരണ മേഖല അങ്ങനെ പിടിച്ചടക്കുകയായിരുന്നില്ല. സാധാരണഗതിയിൽ തെരഞ്ഞെടുപ്പു നടത്തിയപ്പോൾ ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പല സ്ഥലങ്ങളിലും ഭൂരിപക്ഷത്തിലെത്തുകയായിരുന്നു. എന്തായിരുന്നു വസ്തുത? നിങ്ങൾ കാണേണ്ടത്, പല സ്ഥലങ്ങളിലും തെരഞ്ഞെടുപ്പു നടത്താതെ നോമിനേററഡ് ബോർഡുകളായിരുന്നു തുടർന്നുവന്നത്. ആ നോമിനേററഡ് ബോർഡുകൾ തുടർന്നുവന്ന സാഹചര്യം ഒഴിവായി.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ തെരഞ്ഞെടുപ്പു നടത്തി. തെരഞ്ഞെടുപ്പു നടത്തിയപ്പോൾ സ്വാഭാവികമായും ഞങ്ങൾ ഭൂരിപക്ഷത്തിൽ എത്തുകയായിരുന്നു. ആ ഭൂരിപക്ഷം ഞങ്ങൾക്ക് കിട്ടി. അതിന്റെ ഭാഗമായി ഞങ്ങൾ ഭൂരിപക്ഷം നേടുന്ന സ്ഥിതിയുണ്ടായി. അതല്ലേ ഉണ്ടായത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ സഹകരണരംഗത്ത് രണ്ടു ക്രൈംസ് നടത്തിയിരുന്നുവെന്നതാണ് സത്യം. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് സഹകരണരംഗത്ത് അതിശക്തമായ വിധത്തിൽ അത് പിടിച്ചെടുക്കുന്നതിനുള്ള നീക്കമുണ്ടായി. സഹകരണ ജനാധിപത്യം തകർത്തു എന്നതു മാത്രമല്ല സഹകരണരംഗത്ത് അന്നുവരെ കാണാത്ത വിധത്തിലുള്ള എല്ലാ പ്രവണതകളും വളർത്തിക്കൊണ്ടുവരികയും ചെയ്തു. സഹകരണ കൊലപാതകം നടന്നു എന്നതാണ് വസ്തുത. ഇന്ത്യയിൽ ഏററവും കൂടുതൽ മാനിക്കപ്പെട്ട രംഗമാണ് കേരളത്തിൽ സഹകരണരംഗം. ആ സഹകരണരംഗത്തെ മുഴുവൻ കൊലപാതകം നടത്തിയെന്നുമാത്രമല്ല അതു രണ്ടാമത് പിടിച്ചടക്കുന്നതിനുവേണ്ടി രണ്ടു ക്രിമിനൽ ഒഫൻസ്, two in one എന്നു പറയുന്നതുപോലെ, രണ്ടു ക്രിമിനൽ ഒഫൻസ് തന്നെ നടത്തിയിരുന്നു എന്നതാണ് സത്യം. അങ്ങയുടെ പ്രസംഗത്തിൽ ഉടനീളം അങ്ങനെ നടന്നിരുന്നു എന്നതിന്റെ കൺഫഷനാണ് നടന്നത് എന്നു ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് രാഷ്ട്രീയത്തിന്റെ ഭാഗമായി പറയുന്നത് നമുക്ക് പരസ്പരം മനസ്സിലാക്കാൻ കഴിയുന്നതാണ്. അങ്ങ് കാണേണ്ടത് നോമിനേഷൻ റദ്ദാക്കുക എന്നത് കേരളത്തിലെ സഹകരണ മേഖലയിലാകെ ആവശ്യമായിരുന്നു. സഹകരണ കോൺഗ്രസ് സഹകാരികളെയെല്ലാം ചേർത്തിട്ടുണ്ട്. നോമിനേഷൻ സമ്പ്രദായത്തെ അതിശക്തിയായി.........................................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ സപ്പോർട്ട് ചെയ്ത് ശ്രീ. ഹസ്സന് വേറെ പോയിന്റ് പറയാൻ കാണും. പക്ഷേ ഞാൻ ഇതിന് മറുപടി പറയട്ടെ.

മി. സ്പീക്കർ: നിങ്ങൾ ദയവായി സഹകരിക്കണം. ഇനി ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. പ്രകാശ് ബാബു, ശ്രീ. എം. എം. ഹസ്സൻ, ശ്രീ. തച്ചടി പ്രഭാകരൻ ഇത്രയും പേർക്ക് സംസാരിക്കണം. 5·30-ന് ചർച്ച അവസാനിക്കുകയും വേണം. ഇപ്പോൾ ഒന്നര മണിക്കൂറായി അങ്ങ് പ്രസംഗിക്കുന്നു. അതുകൊണ്ട് ദയവായി അവസാനിപ്പിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇതൊക്കെ ഞാൻ എങ്ങനെ പറയാതിരിക്കും? ഇതിനൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലെയുള്ള ആളുകൾ ചോദിച്ചാൽ അതിനൊക്കെ മറുപടി പറയണ്ടേ?

ഇവിടെ എല്ലാ സഹകാരികളും മുക്തകണ്ഠം പ്രശംസിച്ച ഒരു നടപടിയാണ് നോമിനേഷൻ സമ്പ്രദായം നിർത്തലാക്കിയത്. ഭരിക്കുമ്പോൾ ആ ഭരണം ഉപയോഗിച്ച് രണ്ടാളെ നോമിനേററ് ചെയ്യാൻ പററുമോ എന്നതാണ് സാധാരണ നോക്കുന്നത്. എല്ലാ കക്ഷികളും അങ്ങനെയാണ് നോക്കുന്നത്. അതുവേണ്ട, സഹകാരികളുടെ പൊതു ആവശ്യം അനുസരിച്ച് നോമിനേഷൻ ഒഴിവാക്കി. അത് ഒഴിവാക്കുകയാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: നോമിനേഷൻ ഒഴിവാക്കണമെന്ന് പറഞ്ഞ് ബിൽ നിയമസഭയിൽ വന്നപ്പോൾ കോൺഗ്രസ് (ഐ)-ക്കാർ ഉൾപ്പെടെ യുനാനിമസായി ഈ നിയമത്തെ അനുകൂലിച്ചു എന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: അത് ഐക്യജനാധിപത്യമുന്നണിയാണ് പാസ്സാക്കിയത് എന്നു ഞാൻ പത്രങ്ങളിൽ വായിച്ചു. അതാണ് സംഗതി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ ധരിച്ചതുപോലെ അല്ല.

ഞാൻ പറഞ്ഞുവന്നത് കൺസ്യൂമർ ഫെഡറേഷനെ കുറിച്ചാണ്. കൺസ്യൂമർ ഫെഡറേഷന്റെ ബോർഡ് പിരിച്ചുവിടാൻ പറഞ്ഞ ന്യായമാണ് വിചിത്രം. അതിന് പറഞ്ഞത് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഉള്ളവരല്ല ഇപ്പോൾ ബോർഡിലുള്ളത്; അപ്പോൾ നിങ്ങൾക്ക് തുടരാൻ അർഹതയില്ല എന്നാണ്. തെരഞ്ഞെടുപ്പ് എന്നു പറഞ്ഞാൽ എന്താണ്? നമ്മൾ പതിനാലു പേർക്ക് എഴുതുന്നു. പതിമൂന്നാളെ തെരഞ്ഞെടുക്കുന്നു. അത് തെരഞ്ഞെടുപ്പാണ്. പതിനാല് ആൾ ഇരിക്കും. ആ പതിനാല് ആളുകളെത്തന്നെ സ്വയം തെരഞ്ഞെടുക്കലുണ്ട്. ഇവിടെ യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പില്ല. ഓരോ ഹോൾസെയിൽ സ്റ്റോറും കൺസ്യൂമർ ഫെഡറേഷന്റെ ബോർഡിൽ അംഗമാകേണ്ടയാൾ എന്നു തീരുമാനിക്കയാണ്. ആ ആൾ കൺസ്യൂമർ ഫെഡറേഷൻ ബോർഡിൽ അംഗമാണ്. ഹോൾസെയിൽ സ്റ്റോറിൽ തെരഞ്ഞെടുപ്പ് നടക്കുന്നു. ആ ആൾ മാറുന്നു, പകരം ആൾ വരുന്നു. അങ്ങനെ ബോർഡിൽ പതിനാല് എണ്ണം കാണിക്കുകയായിരിക്കും. ആളിൽ മാററം ഉണ്ടായെന്നു വരും. അത് ചൂണ്ടിക്കാണിച്ച് ഇന്നയിന്ന ആളെല്ലാം മാറിയിരിക്കുന്നു, അവർക്ക് അതുകൊണ്ട് കോറമില്ലാതായിരിക്കുന്നു എന്ന വിചിത്രമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്.

ഇതിന്റെ കാര്യത്തിൽ മറെറാരു വിചിത്രമായ സംഗതികൂടിയുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേററായി തെരഞ്ഞെടുത്തത് എറണാകുളം ജോയിന്റ് രജിസ്ട്രാറെയാണ്. അവിടെ എം. ഡി. ഒരു അഡീഷണൽ രജിസ്ട്രാറാണ്. ഇതിലെ വൈരുദ്ധ്യം അങ്ങേയ്ക്ക് മനസ്സിലാകുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അഡ്മിനിസ്ട്രേററർ ഭരണാധികാരി. ആ അഡ്മിനിസ്ട്രേററുടെ കീഴിൽ ജോലി ചെയ്യേണ്ടയാളാണ് എം. ഡി., ഇപ്പോൾ ജോയിന്റ് രജിസ്ട്രാറുടെ കീഴിൽ, അഡീഷണൽ രജിസ്ട്രാർ ഉദ്യോഗസ്ഥനായി വന്നിരിക്കുന്നു. അത്ര ധൃതിപിടിച്ചായിരുന്നു കാര്യങ്ങൾ നീക്കിയത്.

ശ്രീ. പാലോട് രവി: നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ ഓരോരോ ബാങ്കുകളായി എടുത്ത് ആദ്യം സ്റേററ് കോ-ഓപ്പറേററീവ് ബാങ്ക്, കാർഷിക വികസന ബാങ്ക് ഇങ്ങനെ ഓരോരോ ബാങ്കുകളായി എടുത്ത് ആ ബാങ്കുകളെ തകർക്കുകയാണ് ചെയ്തത്. എന്നാൽ പ്ലാനിംഗ് കമ്മീഷന്റെ ശുപാർശ അനുസരിച്ച് ഞങ്ങൾക്കുകൂടി നഷ്ടമുണ്ടാക്കിക്കൊണ്ടുള്ള ഒരു പൊതുവായ സമീപനമല്ലേ സഹകരണ മേഖലയിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: ഈ പറയുന്ന ഒററയ്ക്കൊററയ്ക്ക് പൊതു, ഇതൊന്നും എനിക്ക് മനസ്സിലാകുന്നില്ല. കാർഷിക വികസന ബാങ്കിന്റെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ആ ബാങ്കിൽ ഭൂരിപക്ഷമുള്ളവരെ ......................നമ്മൾ ഇപ്പോൾ കക്ഷി അടിസ്ഥാനത്തിലാണ്

തെരഞ്ഞെടുപ്പ് നടത്തികൊണ്ടിരിക്കുന്നത്. അപ്പോൾ ഭൂരിപക്ഷമുള്ളവർ ആരാണോ ആ ഭൂരിപക്ഷമുള്ളവർ സ്വാഭാവികമായും അധികാരത്തിൽ വരും. അതല്ലേ ഉണ്ടായത്? അതിന് ഞങ്ങളെല്ലാം പൊതുവിൽ ഇതിന്റെ എല്ലാം കഴുത്തറത്തിരിക്കുന്നു എന്ന സമീപനം എടുക്കുന്നത് ശരിയാണോ? അത് ശരിയല്ലല്ലോ? ഇവിടെ ഞാൻ പറഞ്ഞുവന്നത്, ഈ നടപടി സ്വീകരിച്ചതിന് മറ്റൊരു ഉദ്ദേശമുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ ചെയർമാൻ ശ്രീ. ഗംഗാധരക്കുറുപ്പ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ മാനേജിംഗ് കമ്മിറ്റി അംഗമാണ്. അപ്പോൾ കൺസ്യൂമർ ഫെഡറേഷനിൽ അയാൾ ഇല്ലാതായാൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിലെ അംഗത്വം ഇല്ലാതാക്കാൻ കഴിയും. അതിനെക്കുറിച്ച് പിന്നെ താല്പര്യമുണ്ടെന്ന് തോന്നുന്നില്ല. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിലെ മാനേജിംഗ് കമ്മിറ്റിയിലെ അംഗത്വം ഒഴിവാക്കുകയാണ് ഇതിന്റെ പിന്നിലുള്ള ഹീനമായ ഉദ്ദേശം. സഹകരണരംഗത്തെ മറ്റൊരു പുതുമയുള്ള കാര്യം കൺസ്യൂമർ ഫെഡറേഷനുമായി ബന്ധപ്പെട്ട് എടുത്തിരിക്കുന്നു. കൺസ്യൂമർ ഫെഡറേഷന്റെ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ നടപടികൾക്കൊക്കെ ശേഷം ഞങ്ങൾ തെരഞ്ഞെടുപ്പ് നടത്താൻ പോവുകയാണെന്ന് ഹൈക്കോടതിയിൽ പറഞ്ഞു, തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. റിട്ടേണിംഗ് ആഫീസറും വന്നു. റിട്ടേണിംഗ് ആഫീസർ വന്നാൽ പിന്നെ തെരഞ്ഞെടുപ്പ് നടപടികൾ നിർത്തിവയ്ക്കാൻ അധികാരമില്ല. പക്ഷേ വിചിത്രമായ സംഗതി ഈ കൺസ്യൂമർ ഫെഡറേഷനിൽ തെരഞ്ഞെടുപ്പ് നടത്താൻ റിട്ടേണിംഗ് ഓഫീസർ വന്നിട്ട് ആ റിട്ടേണിംഗ് ഓഫീസർ ഒരു നടപടിയും സ്വീകരിക്കാൻ തയ്യാറായില്ല എന്നതാണ്. എന്തുകൊണ്ടാണ്? സ്വാഭാവികമായിട്ട് ഉണ്ടാകുമോ? സ്വാഭാവികമായിട്ടൊന്നും ഉണ്ടായില്ല. ഒരു കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനെ റിട്ടേണിംഗ് ഓഫീസറായി നിശ്ചയിച്ചുവെങ്കിൽ ആ റിട്ടേണിംഗ് ഓഫീസർ സ്വാഭാവികമായും റിട്ടേണിംഗ് ഓഫീസറുടെ ചുമതല നിർവ്വഹിക്കും. അപ്പോൾ റിട്ടേണിംഗ് ഓഫീസറെ ചുമതല നിർവ്വഹിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ മേലെനിന്ന് തടഞ്ഞു. അതുകൊണ്ടാണ് റിട്ടേണിംഗ് ഓഫീസറുടെ ചുമതല അദ്ദേഹം നിർവ്വഹിക്കാതിരുന്നത്. റിട്ടേണിംഗ് ഓഫീസർ ചുമതല നിർവ്വഹിച്ചാൽ എന്താണ് സർ, വരിക? ഈ 14 ആളും വന്നിരിക്കുകയെന്നല്ലാതെ വേറെ ആരെയെങ്കിലും അതിൽനിന്ന് തെരഞ്ഞെടുക്കാൻ കഴിയുമോ?

മറ്റൊരു സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘമാണ് നമ്മുടെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്ക്. അതിൽ ഇലക്ടഡ് ചെയ്ത 14 ഡയറക്ടർ ബോർഡ് അംഗങ്ങളുണ്ട്. മൂന്ന് നോമിനേറ്റഡ് അംഗങ്ങളും നാല് എക്സ്-ഒഫിഷ്യോ അംഗങ്ങളും ഉണ്ട്. ഇങ്ങനെ 21 അംഗങ്ങളുള്ളതാണ് ആ ബോർഡ്. ഇവിടെ ആദ്യം സ്വീകരിച്ച നടപടി ഇതിലുള്ള മൂന്ന് നോമിനികളെ പിൻവലിച്ചു. പകരം നോമിനേറ്റ് ചെയ്തു. പകരം നോമിനേറ്റ് ചെയ്തപ്പോൾ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അത് സ്റ്റേ ചെയ്തു. ആ സ്റ്റേ കിടക്കുകയായിരുന്നു. അവിടെ പകരം നോമിനേഷൻ ഉണ്ടായി ഈ ബാങ്ക് പിടിച്ചടക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായി ഈ ഒരു നടപടി മാത്രമല്ല ഉണ്ടായത്. അവിടെ കോഴിക്കോട് ജില്ലയിൽ നിന്ന് ചന്ദ്രശേഖരക്കുറുപ്പ് ഉണ്ട് ബോർഡിൽ. ചന്ദ്രശേഖരക്കുറുപ്പിന്റെ സംഘത്തിൽ തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പ് നടന്നപ്പോൾ അതിൽ ചില കേസ്സുകൾ ഉണ്ടായി. ഫലം പ്രഖ്യാപിച്ചിരുന്നില്ല. ചന്ദ്രശേഖരക്കുറുപ്പ് അടക്കമുള്ള പാനൽ വിജയിക്കുകയാണ്.

പക്ഷേ കേസിൽ കിടക്കുകയായിരുന്നു തർക്കം. എന്താണ് ചെയ്തതെന്നറിയാമോ? ചന്ദ്രശേഖരക്കുറുപ്പ് കോഴിക്കോട് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിൽനിന്ന് ഇവിടെ സംസ്ഥാന ബാങ്കിലേക്ക് വന്ന പ്രതിനിധിയാണ്. ആ പ്രാതിനിധ്യം ഈ അഡ്മിനിസ്ട്രേററെ കൊണ്ട് പിൻവലിപ്പിച്ചു. പ്രാതിനിധ്യം പിൻവലിപ്പിച്ചാൽ ചന്ദ്രശേഖരക്കുറുപ്പിന്റെ ബോർഡിലെ അംഗത്വം പോകുകയാണ്. ചന്ദ്രശേഖരക്കുറുപ്പിന്റെ ബോർഡിന്റെ അംഗത്വം പോകുന്നതിനുവേണ്ടി ബോർഡിൽ അദ്ദേഹം ഇല്ലാതിരിക്കുന്നതിനുവേണ്ടി ആ പ്രാതിനിധ്യം അഡ്മിനിസ്ട്രേററെക്കൊണ്ട് പിൻവലിപ്പിച്ചു. റിസൽട്ട് പ്രഖ്യാപിക്കാത്തതുകൊണ്ട് താൽക്കാലികമായി അഡ്മിനിസ്ട്രേറററായിരുന്നു ഉണ്ടായിരുന്നത്. ചന്ദ്രശേഖരക്കുറുപ്പ് കോർട്ടിൽ പോയി. ആരു കേട്ടാലും ന്യായമല്ലാത്ത കാര്യമല്ലേ ചെയ്തത്. കോർട്ട് അതിൽ ഇടപെട്ടു. ചന്ദ്രശേഖരക്കുറുപ്പ് അവിടെ തുടരണമെന്ന് കോർട്ട് നിർദ്ദേശിച്ചു, ഈ ഒരു ബാങ്കിന്റെ കാര്യത്തിൽ മാത്രമല്ല, ഇനി കണ്ണൂരിലെ കാര്യം എടുക്കാം. കണ്ണൂർ ആകുമ്പോൾ നമ്മുടെ സഹകരണ വകുപ്പുമന്ത്രിക്ക് ചില്ലറ താൽപ്പര്യങ്ങൾ പല രീതിയിലും വരുന്ന നില ഉണ്ടല്ലോ. കണ്ണൂർ പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ ഡയറക്ടർ ബോർഡിനെ സൂപ്പർസീഡ് ചെയ്യാൻ നോട്ടീസ് അയച്ചു. എന്താണ് പറഞ്ഞ കാരണം? അവർ ഫണ്ട് ഡൈവർഷൻ നടത്തിയിരിക്കുന്നു. ഈ ഫണ്ട് ഡൈവർഷൻ എന്നു പറയുന്നത് പല ബാങ്കുകളും സദുദ്ദേശപരമായി ചില ഘട്ടങ്ങളിൽ ചെയ്യുന്നതാണ്. സാധാരണഗതിയിൽ അത് സംബന്ധിച്ചുള്ള നടപടികളെ അപ്പക്സ് ബാങ്കാണു നോക്കുക. ഇവിടെ ഇവരെ പിടിക്കാൻ എന്തെങ്കിലും കാരണമുണ്ടോയെന്ന് നോക്കിക്കൊണ്ടിരുന്നതിന്റെ ഭാഗമായി ഒരു കാരണം കണ്ടെത്തുകയായിരുന്നു. ആ കാരണം കണ്ടെത്തിയതിന്റെ മേലെതന്നെ അവർക്ക് നോട്ടീസ് കൊടുത്തു. നോട്ടീസ് കൊടുത്തതും മററു ചില ഇടപെടലുകളുടെ ഭാഗമായിട്ടായിരുന്നു.

ശ്രീ. പാലോട് രവി: സർ, രണ്ടായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ശാസ്താംകോട്ട കാർഷിക ഭൂപണയ ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ ആളുകൾ അവിടെ ജയിക്കുകയും അതു കഴിഞ്ഞ് ആറുമാസം കഴിഞ്ഞ് ഒരു സഖാവിനെക്കൊണ്ട് ഒരു ഇലക്ഷൻ പെററീഷൻ കൊടുപ്പിച്ചിട്ട് നിങ്ങൾ ആ ബാങ്കിന്റെ ബോർഡിനെ പിരിച്ചുവിട്ടില്ലേ. പിന്നെ ആറുമാസം കഴിഞ്ഞ് കോടതിയിൽ പോയിട്ട് തിരിച്ചുവന്നിട്ടല്ലേ ഞങ്ങൾക്ക് അധികാരത്തിൽ തിരിച്ചുവരാൻ കഴിഞ്ഞത്. രണ്ടായിരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ച ശാസ്താംകോട്ട കാർഷിക ഭൂപണയ ബാങ്കാണ്. 1980-ൽ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനകം നിങ്ങൾ ചെയ്തതാണ്. അത് സഹകരണ ജനാധിപത്യം ആണോ?

ശ്രീ. ടി. നാണുമാസ്ററർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അതേ ശാസ്താംകോട്ട സഹകരണ ബാങ്കിൽ അങ്ങനെ വന്നുവെന്ന് പറയപ്പെടുന്ന ശ്രീ. രാജശേഖരനെ എം., ഐ. തർക്കത്തിന്റെ ഫലമായി കുരുതി കഴിച്ചിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: ആ വാർത്ത ഞാൻ കണ്ടിരുന്നു. ഞാൻ വിഷയത്തിലേക്ക് കടക്കട്ടെ.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മളുടെ ശാസ്താംകോട്ട സഹകരണ ബാങ്കിനെക്കുറിച്ച് ശ്രീ. നാണുമാസ്ററർ പറഞ്ഞതിനോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു എന്നുമാത്രമല്ല ശ്രീ. നാണുമാസ്ററർ അന്ന് ആ ബാങ്കിലെ പ്രസിഡൻറിനേയും അന്നത്തെ ഭരണസമിതിയേയും പിരിച്ചുവിട്ടതിനെതിരായി അന്നത്തെ ബാങ്ക് പ്രസിഡൻറ് ശ്രീ. ശൂരനാട് രാജശേഖരനോടൊപ്പം നിന്ന ആളാണെന്ന സത്യംകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: ഏതായാലും ഈ പ്രശ്നത്തെക്കുറിച്ച് എനിക്ക് കൃത്യമായിട്ട് അറിയില്ല. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് പ്രസംഗിക്കാൻ തുടങ്ങിയിട്ട് ഒന്നേമുക്കാൽ മണിക്കൂറായി. ഇനി എത്ര സമയം കൂടി വേണം.

ശ്രീ. പിണറായി വിജയൻ: എനിക്ക് ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പറയാനുണ്ട്.

മി. സ്പീക്കർ: ഒന്നേമുക്കാൽ മണിക്കൂറായി. ഇതുവരെ ഞാൻ ഒന്നും പറഞ്ഞില്ലല്ലോ.

ശ്രീ. പിണറായി വിജയൻ: ഞാൻ ഈ നിയമസഭയിൽ ഏററവും കുറഞ്ഞ രീതിയിൽ സംസാരിക്കുന്ന ആളാണെന്നാണ് എൻെറ ധാരണ. പക്ഷേ......

മി. സ്പീക്കർ: ഒന്നേമുക്കാൽ മണിക്കൂറായി.

ശ്രീ. പിണറായി വിജയൻ: അങ്ങ് ഏതെങ്കിലും ഒരു ഘട്ടത്തിൽ ഞാൻ സംസാരിക്കുമ്പോൾ ഇടപെടേണ്ടിവന്നിട്ടുണ്ടെന്നും എനിക്ക് തോന്നുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. കെ. രാമകൃഷ്ണനും, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനും, ശ്രീ. എം. എം. ഹസ്സനും ശ്രീ. തച്ചടി പ്രഭാകരനുമൊക്കെ സംസാരിക്കാനുണ്ട്. എല്ലാവർക്കും സംസാരിക്കാനുള്ള അവസരം കൊടുക്കണം. വേറെ ആരും സംസാരിക്കുന്നില്ലെന്നു വെച്ചാൽ എനിക്ക് കുഴപ്പമില്ല.

ശ്രീ. ഒ. ഭരതൻ: സർ, ഞാൻ എല്ലാവർക്കും കൂടി സ്വീകാര്യമായിട്ടുള്ള ഒരു സജഷൻ പറയാം. ഇന്നത്തെ ചർച്ച നാളെയും കൂടി തുടരാം എല്ലാവർക്കും സംസാരിക്കാം.

മി. സ്പീക്കർ: എനിക്ക് അതിനൊന്നും വിരോധമുണ്ടായിട്ടില്ല. ഗവൺമെൻറ് തീരുമാനിച്ചു, ഇവിടെ വച്ച് സഭയും തീരുമാനിച്ചില്ലേ. അതിന് മറിച്ച് എങ്ങിനെയാണ് തീരുമാനമെടുക്കുന്നത്? അല്ലെങ്കിലുള്ള കുഴപ്പം വേറെ ചില വകുപ്പുകളനുസരിച്ച് ഇത് നിയന്ത്രിക്കേണ്ടിവരും. വേറെ ആർക്കും സംസാരിക്കാൻ അവസരം കിട്ടുകയില്ല. പൊതു ചർച്ച ആയതുകൊണ്ട് നിയന്ത്രിക്കാൻ വേറെ മാർഗ്ഗങ്ങൾ ഉണ്ട്. അപ്പോൾ വേറെ ആർക്കും സംസാരിക്കാൻ അവസരം കിട്ടുകയില്ല. പിന്നെ അതിനകത്ത് പരിഭവിച്ചിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂർ കാർഷിക വികസന ബാങ്കിന്റെ നേരെ സൂപ്പർസീഡ് ചെയ്യാനുള്ള നോട്ടീസ് കൊടുത്തതിൽ പറഞ്ഞ ഒരു കാര്യം ബാങ്ക് മലയാള മനോരമ, മാതൃഭൂമി എന്നീ പത്രങ്ങൾക്ക് പരസ്യം കൊടുത്തില്ല എന്നുള്ളതാണെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഇതെല്ലാം മെമ്പർക്ക് അറിയാം. എല്ലാം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: ഇങ്ങനെ പല രീതിയിലാണ് നടപടികൾ സ്വീകരിക്കുന്നത്. സാധാരണഗതിയിൽ മലയാളത്തിൽ അതിനെ അൽപ്പത്വം എന്നുമാത്രമേ പറയാൻ പററുകയുള്ളു. ഈ അൽപ്പത്വ പൂർണ്ണമായ നടപടികളാണ് പല കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: അഞ്ച് പത്ത് മിനിട്ട് കൊണ്ട് കൺക്ലൂഡ് ചെയ്യണം. അപ്പോൾ രണ്ട് മണിക്കൂർ ആകും.

ശ്രീ. പിണറായി വിജയൻ: ഇല്ല സർ, എനിക്ക് കുറച്ച് കാര്യങ്ങൾ കൂടി പറയാനുണ്ട്. ഞാൻ അങ്ങയെ ഒരു തരത്തിലും ധിക്കരിക്കുകയാണെന്നു ധരിക്കരുത്. എനിക്ക് കുറെ കാര്യങ്ങൾ കൂടി പറയാനുണ്ട്. അതുകൊണ്ട് മാത്രമാണ്.

മി. സ്പീക്കർ: മററ് മെമ്പർമാർക്ക് അവസരം കിട്ടാതെ പോകും. ഇന്ന് അഞ്ചരയാണ് സമയം തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: ഇത് പറയുന്നതിന് അങ്ങ് എന്നെ തടയരുത്.

മി. സ്പീക്കർ: ഞാൻ തടയുകയില്ല. ഞാൻ പറയുന്നത് സദുദ്ദേശത്തിലാണ്. ഒന്നേമുക്കാൽ മണിക്കൂറായി. എട്ടുപത്ത് മിനിററു കൂടി എടുത്ത് നിർത്തണം. മററ് മെമ്പർമാർ കൂടി സംസാരിക്കട്ടെ. അല്ലെങ്കിൽ അവർക്ക് അവസരം കിട്ടുകയില്ല. അവർക്ക് അവസരം കിട്ടാതെ പോകും.

ശ്രീ. പിണറായി വിജയൻ: നമ്മളൊക്കെ മനസ്സിലാക്കിയതിനെക്കാളും വളരെ കൂടുതലാണ് പ്രശ്നങ്ങളുള്ളത്. ആ പ്രശ്നങ്ങൾ ഞാൻ പറയാതിരുന്നാൽ അത് സഭയോടുതന്നെ ചെയ്യുന്ന നീതികേട് ആയിരിക്കും.

മി. സ്പീക്കർ: സാധാരണ ബില്ലിന്റെ ചർച്ചയിൽ സമയം നമ്മൾ ഇങ്ങനെ നിയന്ത്രിക്കാറില്ല. പക്ഷെ, പ്രസംഗിക്കുന്ന ആളുകൾ മററുള്ളവർക്കുകൂടി അൽപ്പം സമയം വേണമെന്നുള്ള സാധാരണ നടപടി കാണിക്കണം.

ശ്രീ. പിണറായി വിജയൻ: ഞാൻ അങ്ങയെ ധിക്കരിക്കുകയല്ല. ഇവിടെ കണ്ണൂർ കാർഷിക വികസന ബാങ്കിൽ നിന്നുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളെ ഡിസ്ക്വാളിഫൈ ചെയ്യുകയാണ്. എന്തായിരുന്നു ഇതിന്റെ ഉദ്ദേശ്യം? ശ്രീ. ചന്തുക്കുട്ടി കണ്ണൂർ ജില്ലയിൽ നിന്ന് ഇവിടെ സ്റേററ് ബാങ്ക് ഡയറക്ടർ ബോർഡ് അംഗമാണ്. ഇപ്പോൾ അവിടത്തെ ബോർഡ് ഇല്ലാതായിക്കഴിഞ്ഞാൽ ചന്തുക്കുട്ടിയെ പിൻവലിക്കാൻ സാധിക്കും. ആ

ഉദ്ദേശത്തിലാണ് ഈ കാര്യം ചെയ്തത്. പക്ഷേ ഇതിലും ഹൈക്കോടതി ഇടപെട്ടു. അവരെ ഡിസ്ക്വാളിഫൈ ചെയ്യാനുള്ള നീക്കത്തിലും ഹൈക്കോടതി ഇടപെട്ടു. ചന്തുക്കുട്ടി കൊടുത്ത പെറ്റീഷന്റെ കാര്യത്തിലും ഹൈക്കോടതി ഇടപെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, സഹകരണ ആക്ടിലെ റൂൾ 32 അനുസരിച്ചാണ് സൂപ്പർസെഷൻ നടപടി. അതിൽ പറയുന്നത് If the Registrar is satisfied that the Committee of any society persistently makes default or is negligent in the performance of the duties imposed on it by this Act or the rules or the bye-laws or commits any act which is prejudicial to the interests of the Society or wilfully disobeys............ആ വകുപ്പു പ്രകാരമാണ് ഇത് സൂപ്പർസീഡ് ചെയ്യേണ്ടത്. ഇതിൽ ഏതെങ്കിലും വകുപ്പിൽ കണ്ണൂർ പ്രൈമറി സഹകരണ ബാങ്ക് ഡിസ്ഒബെ ചെയ്തു എന്നു ബഹുമാനപ്പെട്ട മെമ്പർക്ക് പറയാൻ കഴിയുമോ?

4 p. m.]

ശ്രീ. പിണറായി വിജയൻ: സർ, അതല്ലേ ഞാൻ പറഞ്ഞത്. ഇതൊന്നുമല്ല കാരണം. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത് അതുകൊണ്ടാണ്. ഇതുപോലെ മറ്റൊരു ബാങ്കിന് നേരെ സ്വീകരിച്ച നിലപാടിനെപ്പറ്റി പറയാം. അത് തലശ്ശേരി കാർഷിക വികസന ബാങ്കാണ്. അവിടെ തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ മൽസരിച്ച ഒരു സ്ഥാനാർത്ഥിയുടെ ഇനീഷ്യൽ വോട്ടർ പട്ടികയിൽ അച്ചടിച്ചത് മാറിയിരുന്നു. ജോയിന്റ് രജിസ്ട്രാർ എന്താണ് ചെയ്തത്? ജോയിന്റ് രജിസ്ട്രാർ ആ തെരഞ്ഞെടുപ്പാകെ അസാധുവാക്കി. സാധാരണഗതിയിൽ ആ ഒരാളുടെ ഇനീഷ്യൽ മാറിയെങ്കിൽ അതുസംബന്ധിച്ചാണ് നടപടി ഉണ്ടാവുക. സാധാരണ ആ സ്ഥാനാർത്ഥിക്കുവേണ്ടിയാണ് വീണ്ടും തെരഞ്ഞെടുപ്പ് നടത്തുന്നത്. ഇവിടെ എല്ലാവരേയും കൂടി ഒന്നിച്ച് ഡിസ്ക്വാളിഫൈ ചെയ്യുകയായിരുന്നു. ആ തെരഞ്ഞെടുപ്പേ അസാധുവാക്കുകയായിരുന്നു. അതിൽ ട്രൈബ്യൂണൽ ഇടപെട്ടു. ട്രൈബ്യൂണൽ അതിനെ സ്റ്റേ ചെയ്തു. ആ സ്റ്റേ വന്നപ്പോഴാ വിചിത്രമായി. അവിടെ അഡ്മിനിസ്ട്രേറ്റർ ഭരണം കൊണ്ടുവരാൻ നടത്തിയ ധൃതിയുടെ കഥയൊന്നും സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഏതായാലും അന്ന് അഡ്മിനിസ്ട്രേറ്ററെ അവിടെ കൊണ്ടുവരാൻ കഴിഞ്ഞില്ല. കാരണം, അപ്പോഴേക്കും സ്റ്റേ വന്നു കഴിഞ്ഞിരുന്നു. സ്റ്റേ അവിടെ അറിയുകയും ചെയ്തുകഴിഞ്ഞിരുന്നു. പക്ഷേ, ധൃതി വളരെ കൂടുതലായിരുന്നു. ആ ജോയിന്റ് രജിസ്ട്രാർ ഓഫീസ് വിട്ട് മറ്റൊരു സ്ഥലത്ത് പോയി അവിടത്തെ സി.എം.പി.-യുടെ നിർദ്ദേശം അനുസരിച്ച് പുതിയ അഡ്മിനിസ്ട്രേറ്ററെ നിശ്ചയിച്ച് അയക്കുകയായിരുന്നു എന്നൊക്കെയാണ് പിന്നീട് പറഞ്ഞുകേട്ടത്. ഈ കാര്യത്തിൽ തന്നെ അത്യന്തം വിചിത്രമായ മറ്റൊരു കാര്യമുണ്ട്. അതാണ് നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിന്റെ കാര്യത്തിലുണ്ടായത്. അവിടെ തെരഞ്ഞെടുപ്പ് നടന്നു. ഒരു കൂട്ടർ പരാജയപ്പെട്ടു. മറ്റൊരു കൂട്ടർ ജയിച്ചു. എന്താണ് ഉണ്ടായത്? തോറ്റവരെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നു. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം ഉണ്ടാക്കിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് അത് എന്നാണ് തോന്നുന്നത്. സോളമൻ അലക്സ്, രാജൻ—രാജൻ സി. എം. പി. ആണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. മറ്റേയാം കോൺഗ്രസ് (ഐ) ആയിരിക്കും സ്വാഭാവികമായിട്ടും അങ്ങനെയായിരിക്കുമെന്നാണ് തോന്നുന്നത്. അങ്ങനെ തോറ്റവരുടെ കൂട്ടത്തിൽ ഉള്ള രണ്ടുപേരെ ഉൾപ്പെടുത്തി അവിടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തിരുവനന്തപുരം കാർഷിക വികസന ബാങ്കിൽ തെരഞ്ഞെടുപ്പ് നടന്നു. ആ തിരുവനന്തപുരം കാർഷിക വികസന ബാങ്കിലെ തെരഞ്ഞെടുപ്പ്........

ശ്രീ. തമ്പാനൂർ രവി: നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിലെ തെരഞ്ഞെടുപ്പ് അന്ന് പൂർണ്ണമായി നടന്നില്ലെന്നും ഞങ്ങൾ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയും നിങ്ങൾ വെറുതെ ഫലം ഡിക്ലയർ ചെയ്തതാണെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. പിണറായി വിജയൻ: സർ, നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിലെ തെരഞ്ഞെടുപ്പിനെക്കുറിച്ചല്ല പറഞ്ഞത്? നെയ്യാറ്റിൻകര തെരഞ്ഞെടുപ്പിൽ തോറ്റവരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി. ഒരു സ്ഥലത്തും കേൾക്കാത്ത നടപടിയാണത്. അങ്ങനെയൊരു നടപടി സാധാരണഗതിയിൽ ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. പിന്നീട് കോടതി ഇടപെട്ട് അവർക്ക് തന്നെ പുനഃസ്ഥാപിച്ചു കൊടുത്തത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ?

ശ്രീ. തമ്പാനൂർ രവി: സർ, അങ്ങ് പറയുന്ന തെരഞ്ഞെടുപ്പ് അന്ന് പൂർണ്ണമായി നടന്നിരുന്നില്ല. ഞങ്ങൾ തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചുവരാണ്. നിങ്ങൾ കള്ളവോട്ടാണ് ചെയ്തത്. അന്ന് തെരഞ്ഞെടുപ്പ് പൂർണ്ണമായിരുന്നില്ല.

ശ്രീ. പിണറായി വിജയൻ: സർ, തെരഞ്ഞെടുപ്പ് റിക്കാർഡ് ഉണ്ടല്ലോ. ആ റിക്കാർഡ് വച്ചല്ലേ നമ്മൾ കാര്യങ്ങൾ നോക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത് തിരുവനന്തപുരം പ്രാഥമിക കാർഷിക വികസന ബാങ്കിലെ തെരഞ്ഞെടുപ്പ് രണ്ട് മൂന്ന് തവണ മാറ്റിവയ്ക്കേണ്ടി വന്നു. കാരണം, ഗവൺമെന്റ് തലത്തിലുള്ള സ്വാധീനം വച്ചുകൊണ്ടുള്ള ഇടപെടലായിരുന്നു. ആ തെരഞ്ഞെടുപ്പ് നല്ല രീതിയിൽ നടത്തി കൊണ്ടുപോകാൻ ഉള്ള അന്തരീക്ഷമുണ്ടായിരുന്നു. അവസാനം ഹൈക്കോടതി നിരീക്ഷകരെ വച്ച്, ആ ഒബ്സർവർമാരുടെ സാന്നിദ്ധ്യത്തിലാണ് മൂന്നാമത്തെ തവണ തെരഞ്ഞെടുപ്പ് നടന്നത്. ആ തെരഞ്ഞെടുപ്പിൽ സാധാരണഗതിയിൽ തെരഞ്ഞെടുപ്പ് നടന്നു. സാധാരണഗതിയിൽ തെരഞ്ഞെടുപ്പ് നടന്നാൽ ഞങ്ങൾക്ക് ഭൂരിപക്ഷമുള്ളിടത്ത് ഞങ്ങൾ ജയിക്കും. അത് സ്വാഭാവികമല്ലേ? ഞങ്ങൾ അവിടെ ജയിച്ചു വന്നു. അതിൽ ഏതെങ്കിലും തരത്തിൽ കൃത്രിമം ഉണ്ടായതായി ആർക്കും പറയാൻ കഴിയില്ലല്ലോ. ഇങ്ങനെ ഒട്ടേറെ നടപടികൾ സഹകരണരംഗത്തെ വിവിധ സഹകരണസ്ഥാപനങ്ങൾ പിടിച്ചെടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

ശ്രീ. കെ. മുഹമ്മദാലി: സർ, ശ്രീ. വിജയൻ സഹകരണരംഗത്തെ ജനാധിപത്യ ധ്വംസനത്തെക്കുറിച്ച് പറഞ്ഞു. എറണാകുളം ജില്ലയിലെ സഹകരണ ബാങ്കിലേയ്ക്ക് കഴിഞ്ഞതവണ നടന്ന തെരഞ്ഞെടുപ്പിൽ 29 പേരെ അഡ്മിനിസ്ട്രേറ്റർ നോമിനിയായി നിയോഗിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

3 വോട്ടിനാണ് നിങ്ങൾ ജയിച്ചത്. ആ നിലയിൽ ഈ മേഖലയിൽ ജനാധിപത്യം തകർത്ത ശ്രീ. വിജയന്റെ കക്ഷിക്ക് ഇതിനെക്കുറിച്ച് എങ്ങനെ ന്യായീകരിക്കാൻ സാധിക്കും.

ശ്രീ. പിണറായി വിജയൻ: സർ, അവിടെയല്ല എവിടെയും തെരഞ്ഞെടുപ്പ് നടന്നത് എങ്ങനെയായിരുന്നു? ഒരു സ്വാഭാവിക പ്രക്രിയയുടെ ഭാഗമായിട്ടായിരുന്നു തെരഞ്ഞെടുപ്പ്. ഒരു ബാങ്കിൽ തെരഞ്ഞെടുപ്പ് നടക്കേണ്ട ഘട്ടം വരുന്നു. നമ്മൾ എല്ലാവരുംകൂടി തീരുമാനിക്കുന്നു എന്ത്? 'നോമിനേഷൻ വേണ്ടെന്ന്'. അങ്ങനെ നോമിനേഷൻ വേണ്ടാത്ത അവസ്ഥ വരുന്നു. നിർഭാഗ്യകരമായ ഒരു അവസ്ഥയെന്തായിരുന്നു? കേരളത്തിലെ പല സംഘങ്ങളിലും ദീർഘകാലമായി നോമിനേറ്റഡ് ഭരണസമിതികൾ നിലനിൽക്കുകയായിരുന്നു. ഈ നോമിനേഷൻ വേണ്ടെന്ന ഒരു നിലപാട് എടുത്തപ്പോൾ ആ നോമിനേറ്റഡ് ഭരണസമിതികളും ഇല്ലാതായി. സ്വാഭാവികമായും അവിടെ അഡ്മിനിസ്ട്രേറ്റർ വന്നു. നിലവിലുള്ള ഏതെങ്കിലും ഒരു ഭരണസമിതിയെ പിരിച്ചുവിട്ട് തെററായ ഒരു നടപടിക്ക് വിധേയമാക്കി അഡ്മിനിസ്ട്രേറ്ററെ കൊണ്ടുവരികയായിരുന്നില്ല. നമ്മൾ എല്ലാവരുംകൂടി ചെയ്ത ഒരു നടപടിയുടെ സ്വാഭാവിക പരിണാമമായിരുന്നു അത്. അത് ബഹുമാനപ്പെട്ട മുഹമ്മദാലിക്ക് മനസ്സിലാക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. എം. മാത്യു: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു അഡ്മിനിസ്ട്രേറ്റർ ഭരണം പിരിച്ചുവിട്ടിട്ടില്ലെന്ന്. ജൂൺ 31 സഹകരണ വർഷമായി കണക്കാക്കിക്കൊണ്ട് 5 വർഷം കാലാവധി കഴിയാതിരുന്ന എഴുപതോളം സംഘങ്ങളെ കോട്ടയം ജില്ലയിൽ പിരിച്ചുവിട്ടതിനുശേഷം ആ എഴുപത് സംഘങ്ങളിൽ നിന്നും ജില്ലാ ബാങ്കിലേയ്ക്ക് അഡ്മിനിസ്ട്രേറ്റർ നിയോഗിച്ച ആളുകൾ വന്ന് വോട്ടു ചെയ്യുകയും നേരിയ ഭൂരിപക്ഷത്തിനു നിങ്ങളുടെ ആളുകൾ അവിടെ ജയിക്കുകയും ചെയ്തു എന്നുള്ള വസ്തുത നിഷേധിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതായത് സഹകരണവർഷമൊന്നും നമ്മൾ ഇടയ്ക്കിടയ്ക്ക് തീരുമാനിക്കുന്നതല്ല. സഹകരണവർഷം തീരുമാനിക്കപ്പെടുന്നു. ആ സഹകരണവർഷം തീരുമാനിക്കപ്പെടുമ്പോൾ തെരഞ്ഞെടുപ്പ് നടത്തുന്ന മുറയ്ക്ക് അവരുടെ കാലാവധി അവസാനിക്കുന്നു. അതിന്റെ ഭാഗമായിട്ട് വന്നതാണ്. ഇതൊന്നും ബോധപൂർവ്വം ഒരു ഗവൺമെന്റ് ചെയ്തതായിരുന്നില്ല. വേണ്ടാത്ത കുറേ പ്രചരണങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു എന്നല്ലാതെ അതൊന്നും യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ കുററമായിരുന്നില്ല. ഇവിടെ ഈ ഓർഡിനൻസ് ഇറക്കിയതിന്റെ ഫലമായി ഈ രീതിയിലുള്ള സംഘങ്ങളെ ബാധിക്കുക എന്ന നില മാത്രമല്ല ഉണ്ടായത്. കേരളത്തിലെ ഒരു വിഭാഗം തൊഴിൽ മേഖല തകരുകയാണ്.

സർ, നമ്മുടെ കയർ, കശുവണ്ടി, കൈത്തറി, ഖാദി ഈ മേഖലകളിലൊക്കെ ഇതുമായിട്ട് ബന്ധപ്പെട്ട തൊഴിൽ മേഖല തകരുന്ന അവസ്ഥയാണുണ്ടാകുന്നത്. നമ്മുടെ കേരളത്തിൽ ഏകദേശം 14,000 സഹകരണ സ്ഥാപനങ്ങളുണ്ട്. ഈ സഹകരണ സ്ഥാപനങ്ങളിൽ പലതും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. അത് ഇപ്പോൾ സ്തംഭനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് കയർരംഗം. കയറിന്റെ ഏററവും വലിയ കേന്ദ്രം ആലപ്പുഴ ജില്ലയാണ്. സർ, ആലപ്പുഴ ജില്ലയിൽ രണ്ട് കയർ പ്രോജക്ടുകളാണുള്ളത്. അവിടെ നാലു കോടി തൊണ്ടാണ് ഈ വർഷം സംഭരിക്കാൻ പരിപാടിയിട്ടിട്ടുള്ളത്. എന്താണ് ഇപ്പോഴത്തെ സ്ഥിതി? തൊണ്ടു സംഭരണം താറുമാറായിരിക്കുകയാണ്. അവിടെ പല സംഘങ്ങളും നടന്നുപോകുന്നത് അനുദ്യോഗ സ്ഥാംഗങ്ങൾ സ്വീകരിക്കുന്ന നിലപാടടക്കം വച്ചുകൊണ്ടാണ്. ചിലപ്പോൾ സംഘത്തിൽ ആവശ്യമായ പണമുണ്ടാവുകയില്ല. തൊണ്ട് സംഭരിക്കുന്നതിന് ഇവർ ചെയ്യേണ്ട ചില പ്രവൃത്തികൾ കൂടിയുണ്ടാകും. തൊണ്ടുള്ളവരെ കാണുക, അവരെ പ്രേരിപ്പിക്കുക, അത്തരം ചില നടപടികൾ കൂടെ വേണ്ടിവരും. അതൊക്കെ ഡയറക്ടർ ബോർഡിലുള്ള അംഗങ്ങളാണ് സാധാരണ ചെയ്യുന്നത്. ഇപ്പോൾ ആ ഉത്തരവാദിത്വം അഡ്മിനിസ്ട്രേററർ എടുക്കുമോ? ആ നാട്ടിലുള്ള അവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കണമെന്ന് താൽപ്പര്യമുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾ ചെയ്തിരുന്ന പണി കേവലം ഒരു ഉദ്യോഗസ്ഥന് ചെയ്യാൻ സാധിക്കുമോ? ചെയ്താൽത്തന്നെ അത് ഫലപ്രദമാകുമോ? എവിടെനിന്നോ വരുന്ന ഒരു ഉദ്യോഗസ്ഥൻ ആ സ്ഥലത്തെ അഡ്മിനിസ്ട്രേററാകുന്നു. ആ അഡ്മിനിസ്ട്രേററർക്ക് തൊണ്ടു സംഭരിച്ചു പോലും, സംഭരിച്ചില്ലപോലും, എന്താണ് അദ്ദേഹത്തിന് പ്രത്യേകമായിട്ട് ഉണ്ടാകാൻ പോകുന്നത്? അപ്പോൾ ഈ നോൺ ഒഫീഷ്യൽസ് ഇല്ലാത്തത് സഹകരണസംഘങ്ങളെ വല്ലാതെ ബാധിക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ഈ പറഞ്ഞ മൂന്ന് വർഷം കൊണ്ട് നാലിലൊന്നിൽത്താഴെ സഹകരണസംഘങ്ങളേ അഡ്മിനിസ്ട്രേററർ ഭരണത്തിൽ വന്നിട്ടുള്ളു, നാലിൽ മൂന്നിലും ഇപ്പോഴും തെരഞ്ഞെടുക്കപ്പെട്ട ഭരണസമതികളാണുള്ളത്. ആ നാലിലൊന്ന് സമിതികളിൽ ഈ ആക്ട് അനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി അവർ ജനാധിപത്യമാർഗ്ഗത്തിലൂടെ വന്നോട്ടെ.

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട തച്ചടി, ഞാൻ കയർ സംഘങ്ങളുടെ കാര്യമാണല്ലോ പറയുന്നത്. തച്ചടിക്ക് നല്ലതുപോലെ അറിയാം. ഞാൻ ആലപ്പുഴയിലെ കാര്യമാണ് പറയുന്നത്. ആലപ്പുഴയിലെ പ്രോജക്ട് എടുക്കാം. അവിടെ 120 കയർ സംഘങ്ങളാണ് ഉള്ളത്. ആ 120 കയർ സംഘങ്ങളിൽ 75-ലും ഇപ്പോൾ ഭരണസമിതിയില്ല. കായംകുളം പ്രോജക്ടിൽ 98 കയർസംഘങ്ങളാണുള്ളത്. അതിൽ അൻപതിലും ഇപ്പോൾ ഭരണസമിതികൾ ഇല്ല. ഇത്തരം അവസ്ഥയാണ് ആലപ്പുഴ ജില്ലയിലുണ്ടായതെന്ന് ബഹുമാനപ്പെട്ട തച്ചടിക്കും അറിയാവുന്നതാണ് എന്നാണ് എനിക്കു തോന്നുന്നത്. ഇത് എല്ലാവർക്കും അറിയാവുന്നതാണ്. ചിലർ ഇതിനെ എതിർക്കുന്നതിനുവേണ്ടി എഴുന്നേററുനിന്ന് എതിർക്കുന്നുവെന്നു മാത്രമേയുള്ളു. അവിടെ ആ ഭരണസമിതികൾ പോയാൽ പകരം വന്ന അഡ്മിനിസ്ട്രേററർക്ക് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമോയെന്നാണ് ചോദ്യം. അത് സാധിക്കുകയില്ലെന്നതാണ് വസ്തുത.

ശ്രീ. തമ്പാനൂർ രവി: സർ, ഒരു ചോദ്യം.

ശ്രീ. പിണറായി വിജയൻ: എനിക്ക് വഴങ്ങുന്നതിൽ വിഷമമുള്ളതുകൊണ്ടല്ല, പക്ഷെ സ്പീക്കർ ഇപ്പോൾതന്നെ ലേശം പരിഭവത്തിലാണ് എന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് വഴങ്ങിയാൽ പിന്നെയും നീണ്ടു നീണ്ടു പോകും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പത്ത് മിനിററുകൂടി ആകുമ്പോൾ രണ്ട് മണിക്കൂർ തികയും. അപ്പോൾ നിറുത്തണം.

ശ്രീ. തമ്പാനൂർ രവി: ബഹുമാന്യനായ അങ്ങ് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡൻറായിരുന്ന കാലഘട്ടത്തിൽ കേന്ദ്രഗവൺമെൻറ് കേരളത്തിന് അനുവദിച്ച കാർഷിക കടാശ്വാസ വായ്പ വിതരണത്തിനുള്ള 28 കോടി 33 ലക്ഷം രൂപയിൽ 23 കോടി 33 ലക്ഷം രൂപ അങ്ങയുടെ ബാങ്കിൽ നിക്ഷേപിച്ച് ആ സമയത്ത് കേരള ഗവൺമെൻറ് പലിശ കൊടുക്കുകയായിരുന്നു, ആ തുക രാഷ്ട്രീയാടിസ്ഥാനത്തിൽ അങ്ങ് വായ്പ കൊടുത്തതായിട്ടുള്ള പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതേ കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ ഓവർഡ്രാഫ്ററ് അഡ്ജസ്ററ് ചെയ്യാൻ അങ്ങയുടെ ബാങ്കിൽനിന്നുതന്നെ 20 കോടി രൂപ പല ഘട്ടങ്ങളിലായി 20 ശതമാനം പലിശയ്ക്ക് സ്റേററ് ഗവൺമെൻറിന് കൊടുത്ത പരാതിയും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: എനിക്ക് യഥാർത്ഥത്തിൽ മനസ്സിലായില്ല. മൈക്ക് ശകലം വിട്ടുനിന്ന് സംസാരിച്ചാൽ മനസ്സിലാകുമെന്നാണ് തോന്നുന്നത്.

ശ്രീ. തമ്പാനൂർ രവി: അങ്ങ് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡൻറായിരുന്ന കാലഘട്ടത്തിൽ കാർഷികകടാശ്വാസ വായ്പ നൽകാൻവേണ്ടി കേന്ദ്രഗവൺമെൻറ് 28 കോടി 33 ലക്ഷം രൂപ കേരളത്തിന് അനുവദിച്ചു. ആ തുകയ്ക്ക് പത്തേമുക്കാൽ ശതമാനം പലിശ കേരളാ ഗവൺമെൻറ് കൊടുക്കണമായിരുന്നു. അങ്ങ് ആ തുകയിൽ 23 കോടി 33 ലക്ഷം രൂപ അങ്ങ് പ്രസിഡൻറായിരുന്ന ബാങ്കിൽ കൊണ്ടുപോയി ഇട്ട് രാഷ്ട്രീയ പരിഗണനവച്ച് അങ്ങ് വായ്പ കൊടുത്തു. ആ കാലഘട്ടത്തിൽ 20 കോടി രൂപ പല കാലഘട്ടങ്ങളിലായി സംസ്ഥാന ഗവൺമെൻറിന്റെ ഓവർഡ്രാഫ്ററ് അഡ്ജസ്ററ് ചെയ്യാൻ 20 ശതമാനം പലിശയ്ക്ക് അങ്ങുതന്നെ സംസ്ഥാന ഗവൺമെൻറിന് കൊടുത്തതായി രേഖകളിൽ കാണുന്നുണ്ട്. അത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ: ഞാൻ നേരത്തെ പറഞ്ഞു, ചിലപ്പോൾ ആളുകൾക്ക് ചില കാര്യങ്ങളെക്കുറിച്ച് നിശ്ചയമില്ലാതെ വരും. പക്ഷെ ഏത് രേഖയിൽ കണ്ട കാര്യമാണ് പറയുന്നത്? അദ്ദേഹം പറഞ്ഞത് എനിക്ക് മനസ്സിലായില്ല. സംസ്ഥാന സഹകരണ ബാങ്കിന് പക്ഷപാതമായി ലോൺ കൊടുക്കാൻ കഴിയുകയില്ല. നിങ്ങൾക്ക് സംസ്ഥാന സഹകരണബാങ്കിന്റെ നടപടി എന്താണെന്ന് അറിയുകയില്ലെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ കാര്യങ്ങൾ അറിയുന്ന ആളുണ്ടല്ലോ അവിടെ, അദ്ദേഹത്തോട് ചോദിച്ചാൽ മതി. വായ്പകൊടുക്കുകയെന്ന് പറയുന്നത് ജില്ലാ ബാങ്കുകൾ നിശ്ചയിക്കുന്ന മുറയ്ക്ക് ഇവിടെ വായ്പ അപേക്ഷകൾ വരികയാണ്. ആ വായ്പ അപേക്ഷകൾ നബാർഡിലേയ്ക്ക് അയച്ച് നബാർഡ് അനുവദിച്ചുകൊടുക്കുന്ന സ്ഥിതിയാണ് സ്റേററ് കോ-ഓപ്പറേററീവ് ബാങ്കിലുള്ളത്. സ്റേറ്റ് കോ-ഓപ്പറേററീവ് ബാങ്കിൽ ഒരു ജില്ലാ ബാങ്കിന്റെ കാര്യത്തിലും അത് ആര്, എന്ത് എന്നൊന്നും നോക്കേണ്ട കാര്യമില്ല. അത് പണ്ടുമില്ല,

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുമില്ല, അങ്ങനെയുള്ള ഒരു നിലയാണുള്ളതെന്നെങ്കിലും അങ്ങ് മനസ്സിലാക്കണം. ബാക്കി കാര്യങ്ങൾ കുറച്ചുകൂടി മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. രേഖയുണ്ടെങ്കിൽ രേഖവച്ച് പറയാം. ഏത് രേഖയാണെന്ന് കാണാമല്ലോ? അങ്ങനെ യാതൊരു വസ്തുതയുമില്ലെന്ന് അങ്ങ് ധരിക്കണം.

ശ്രീ. പി. ബാലൻ: അങ്ങ് ഇപ്പോൾ പ്രസംഗിച്ചല്ലോ, അഡ്മിനിസ്ട്രേററായതുകൊണ്ട് തൊണ്ടു സംഭരണവും കശുവണ്ടി സംഭരണവും നടക്കുന്നില്ലെന്ന്. തെരഞ്ഞെടുക്കപ്പെട്ട, നിലവിലിരിക്കുന്ന, മൂന്നുകൊല്ലം തികയാത്ത അങ്ങയുടെ പാർട്ടിക്കാർ ഭരണസമിതികളിലുള്ള സ്ഥലത്ത് ഈ തൊണ്ടു സംഭരണവും കശുവണ്ടി സംഭരണവും നടക്കാത്തത് എന്തുകൊണ്ട്?

ശ്രീ. പിണറായി വിജയൻ: തൊണ്ടു സംഭരണവും കശുവണ്ടി സംഭരണവും നടത്തുന്നതിന് ഞങ്ങളുടെ പാർട്ടി എതിരല്ല, ഞങ്ങളുടെ പാർട്ടി അതിന്റെകൂടെയല്ലെ? നേരെമറിച്ച് കശുവണ്ടി സംഭരണത്തിന്റെ കാര്യങ്ങൾ ആലോചിക്കാൻവേണ്ടി വിളിച്ചുകൂട്ടിയ യോഗത്തിൽ ഗവൺമെന്റ് പറയുന്നത് കശുവണ്ടി സംഭരണം ഞങ്ങളുടെ നയമല്ല എന്നല്ലേ? അതല്ല ഞങ്ങളുടെ നയം. കശുവണ്ടി സംഭരണം നടക്കണം എന്നുള്ളതാണ് ഞങ്ങളുടെ നയം. കശുവണ്ടി സംഭരണം നടക്കണം, തൊണ്ട് സംഭരണം നടക്കണം, തൊണ്ടുസംഭരണത്തിന്റെ ഭാഗമായി തൊണ്ട് ശേഖരിച്ച് തൊഴിൽ കൊടുക്കാൻ കഴിയണം എന്നൊക്കെയാണ് ഞങ്ങൾ കാണുന്നത്. അപ്പോൾ ഞങ്ങൾക്ക് ആകാവുന്ന സഹകരണം തരണമെന്നുള്ളതാണ് ഉദ്ദേശം.

സർ, അപ്പോൾ ഞാൻ പറഞ്ഞുവന്നത് തൊണ്ട് സംഭരണത്തിന്റെ കാര്യമാണ്. ആലപ്പുഴ ജില്ല എടുത്താൽ തന്നെ 15-ഓളം വൻകിട സഹകരണ ഫാക്ടറികളുണ്ട്. ഇത് ചെറിയ ഫാക്ടറികൾ അല്ല. തൊഴിലാളികൾ നടത്തുന്ന ഫാക്ടറികൾ പ്രതിവർഷം 20 കോടിയിലേറെ രൂപ വിററു വരവുള്ളതാണ്. അപ്പോൾ യഥാർത്ഥത്തിൽ ഈ സഹകരണ രംഗത്തുണ്ടായ പ്രതിസന്ധി സഹകരണസംഘങ്ങളെയാകെ വല്ലാത്ത പ്രതിസന്ധിയിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. കൃത്യമായി തൊഴിലുണ്ടായിരുന്നുവെന്നുള്ളതുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് 20 ലക്ഷം വരുന്ന തൊഴിലാളി കുടുംബങ്ങൾ ഒരു നേരമെങ്കിലും പട്ടിണിയില്ലാതെ കഴിഞ്ഞിരുന്നു. അതാണ് ഇല്ലാതെ പോകുന്നത്. ഈ 20 ലക്ഷം കുടുംബങ്ങളെ പട്ടിണിയിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥയാണ് ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതെന്ന് നാം കാണണം. സഹകരണമേഖലയിൽത്തന്നെ ഏററവും വലിയ കയർ ഫാക്ടറി കയർ മാററ്സ് ആന്റ് മാററിംഗ്സ് കോ-ഓപ്പറേറീവ് സൊസൈററിയാണെന്നാണ് തോന്നുന്നത്. അവർക്ക് അഞ്ച് ഷോറൂമുകളുണ്ട്. ആ അഞ്ച് ഷോറൂമുകളിൽ നാലെണ്ണവും കേരളത്തിന് പുറത്താണ്, വിശാഖപട്ടണം, വിജയവാഡ, ഈറോഡ്, മംഗലാപുരം. ഒന്നേകാൽക്കോടി രൂപ വിററുവരവുള്ള ഒരു സംഘമാണ്. അതിനേയും ഇത് ബാധിച്ചിരിക്കുകയാണ്. ചെറുതും വലുതുമായ ഒട്ടേറെ സഹകരണ സ്ഥാപനങ്ങൾ, തൊഴിലാളികൾ നടത്തുന്ന സ്ഥാപനങ്ങൾ,ഇതിനെയെല്ലാം ഈ ഓർഡിനൻസ് പ്രതികൂലമായി ബാധിച്ചേക്കും. വലിയ തോതിലുള്ള പ്രതിസന്ധിയുണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് നാം കാണണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയാണ് കയർഫെഡിന്റെ പ്രസക്തി വരുന്നത്. ഒരു കാലഘട്ടത്തിൽ ബഹുമാനപ്പെട്ട തച്ചടിയായിരുന്നു കയർഫെഡിന്റെ തലപ്പത്തുണ്ടായിരുന്നത്. കയർഫെഡ് 1979-ലാണ് രൂപം കൊണ്ടത്. 1979-ൽ രൂപം കൊണ്ട കയർഫെഡിൽ 1987-ൽ തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ നോമിനേററഡ് ഭരണസമിതിയായിരുന്നു. എട്ടു വർഷക്കാലം നോമിനേററഡ് ഭരണസമിതിയായിരുന്നു കയർഫെഡിലുണ്ടായിരുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: ഞങ്ങൾ കാണിച്ച ജനാധിപത്യം എന്താണ്? ഗവൺമെൻറ് നോമിനേററ് ചെയ്ത കമ്മിററിയിൽ ശ്രീ. ആനത്തലവട്ടം ആനന്ദൻ, ശ്രീമതി സുശീലാ ഗോപാലൻ, ശ്രീ. കെ. എം. ബാലൻ, ശ്രീ. എം. പി. ചന്ദ്രശേഖരൻ എന്നിവരുണ്ടായിരുന്നു. എല്ലാം ഇടതുപക്ഷക്കാരായിരുന്നു. ഞങ്ങളെ എതിർത്തയാളുകളാണ്. അവരെയെല്ലാം ആ കമ്മിററിയിൽ ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ട് അവിടെ തെരഞ്ഞെടുപ്പ് നടന്നില്ലെങ്കിലും എല്ലാ വിഭാഗം ആളുകളെയും എടുത്തു. നിങ്ങൾക്ക് ഒരു സൗകര്യം കിട്ടിയപ്പോൾ ഇവരെ തട്ടാൻ പററിയതാണ് തെരഞ്ഞെടുപ്പ് എന്നുകണ്ട് അന്ന് ആ തട്ടിപ്പിനുവേണ്ടി തെരഞ്ഞെടുപ്പ് നടത്തി. ഞങ്ങൾ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാതെ ഇതിന്റെ പുരോഗതിയ്ക്കുവേണ്ടി ചെയ്തുവെന്നുള്ള കാര്യം മി. വിജയൻ മനസ്സിലാക്കണം.

ശ്രീ. പിണറായി വിജയൻ: ഇവിടെ പ്രശ്നം തച്ചടിയും ഞാനും തമ്മിലല്ലേ. പക്ഷേ തെരഞ്ഞെടുപ്പ് നടക്കണ്ടേ. ഞങ്ങൾ ഒന്നിച്ചിരുന്ന് വർത്തമാനം പറയുന്നു. അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾ ഒന്നിച്ചുകൊണ്ടുപോകണമെങ്കിൽ ഒന്നിച്ചുകൊണ്ടുപോകാമല്ലോ. അതുകൊണ്ടു മാത്രം കാര്യമുണ്ടോ. തെരഞ്ഞെടുപ്പല്ലേ പ്രധാനം. തെരഞ്ഞെടുപ്പു വരുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക് വന്നു. തച്ചടി അവിടെയുണ്ട്. വിജയനും അവിടെയുണ്ട്. തച്ചടിക്ക് അല്ലെങ്കിൽ വിജയന് ഭൂരിപക്ഷം. അപ്പോൾ തെരഞ്ഞെടുപ്പ് അവിടെ നടന്നില്ല. ഒരു സൗകര്യത്തിനുവേണ്ടി നോമിനേററഡ് ബോർഡ് തുടരുകയായിരുന്നു. അതിൽ ആരുണ്ട് എന്നുള്ളതു പ്രശ്നമല്ല. നോമിനേററഡ് ബോർഡ് എത്രവർഷം. 8 വർഷം അവിടെ തുടരുകയായിരുന്നു. സർ, അവിടെ നാം കാണേണ്ടത് കയർഫെഡ് എന്നു പറയുന്നത് ഒരു സഹകരണസംഘമാണ്. നമ്മുടെ ചിലരുടെ ധാരണ സഹകരണസംഘം എന്നു പറഞ്ഞാൽ........... ....

ശ്രീ. എം. എം. ഹസ്സൻ: സർ, എത്ര സമയമാണ് ശ്രീ. വിജയൻ പ്രസംഗിക്കുന്നത്.

മി. സ്പീക്കർ: ഞാൻ രണ്ടുമൂന്നു തവണ പറഞ്ഞു. അങ്ങനെ പറഞ്ഞാൽ കേട്ടില്ലെങ്കിൽ റൂൾസ് ഓഫ് പ്രൊസീഡുവറിൽ നടപടിയുണ്ട്. അത് മൂവ് ചെയ്യണം. എനിക്ക് എന്തു ചെയ്യാനൊക്കും. അതിനാണ് റൂൾസ് ഓഫ് പ്രൊസീഡുവറിൽ നടപടി എഴുതി വച്ചിരിക്കുന്നത്. അത് മൂവ് ചെയ്യണം.

ശ്രീ. പിണറായി വിജയൻ: സർ, ചിലരുടെ ധാരണ ഈ സഹകരണ സംഘം എന്നു പറഞ്ഞാൽ ചെറിയ തരത്തിലുള്ള വായ്പാ സംഘങ്ങൾ മാത്രമാണെന്നാണ്. അതല്ല. പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിററ് സംഘം മാത്രമല്ല സഹകരണസംഘം. ഇതും സഹകരണസംഘമാണ്. തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആയിരക്കണക്കിന് തൊഴിലാളികളുടെ, ലക്ഷക്കണക്കിന് തൊഴിലാളി കുടുംബങ്ങളുമായി

ബന്ധപ്പെട്ട പ്രശ്നമാണത്. അവരെ എങ്ങനെ ബാധിക്കുന്നു എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ആ കയർ സംഘങ്ങളുടെ അപ്പെക്സ് ബോഡി ആയ കയർഫെഡിലും ഇപ്പോൾ ഇതിന്റെ ഫലമായി ബോർഡ് ഇല്ലാതായിരിക്കുന്നു എന്നതാണ് പ്രസക്തമായ പ്രശ്നം. സർ, ആ കയർഫെഡിൽ 515 കയർ സഹകരണസംഘങ്ങൾ അഫിലിയേററ് ചെയ്തിട്ടുണ്ട്. ഫാക്ടറി മേഖലയിലെ 31 മാററ്സ് ആൻറ് മാററിംഗ്സ് സംഘങ്ങളും ഇതിൽ അഫിലിയേററ് ചെയ്തിട്ടുണ്ട്. ഈ സംഘങ്ങൾ ഇപ്പോൾ അഡ്മിനിസ്ട്രേററാൽ നിയന്ത്രിക്കപ്പെടുകയാണ്.

മി. സ്പീക്കർ: ഈ സഭയുടെ ചരിത്രത്തിൽ ഒരുപക്ഷേ മോഷൻ മൂവ് ചെയ്ത് രണ്ടുമണിക്കൂർ ഒരാൾ തന്നെ സംസാരിക്കുന്നത് ഇത് ആദ്യമായിരിക്കും. ഇപ്പോൾ രണ്ടുമണിക്കൂർ കഴിഞ്ഞു. എന്നോട് പരിഭവം തോന്നിയിട്ട് കാര്യമില്ല. മി. ടി. കെ. രാമകൃഷ്ണനും തച്ചടി പ്രഭാകരനും മററു പലർക്കും സംസാരിക്കാനുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, വളരെ പ്രസക്തമായ പ്രശ്നങ്ങൾ ആണ് ഞാൻ സംസാരിക്കുന്നത്.............. (ബഹളം). ..........

മി. സ്പീക്കർ: ഒരു മോഷൻ അവതരിപ്പിച്ച് രണ്ടു മണിക്കൂറിൽ കൂടുതൽ എവിടെയാണ് ചർച്ച ചെയ്തിരിക്കുന്നത്. ആരും ചെയ്തു കാണുകയില്ല. ഞാൻ തരുന്ന സമയം ഇങ്ങനെ ദുരുപയോഗപ്പെടുത്തരുത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ ഓർഡിനൻസ് നിരാകരിക്കണം എന്ന എന്റെ മോഷൻ എന്തുകൊണ്ട് പ്രസക്തമാണെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: പിണറായി അവതരിപ്പിക്കുന്നതിനൊന്നും തർക്കമില്ല. പക്ഷേ ചുരുക്കി പറയണം. രണ്ടു മണിക്കൂറിൽ കൂടുതൽ വേണോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് അങ്ങനെ ചുരുക്കാൻ കഴിയുന്നതല്ല. കാർഷിക സൊസൈററികളെക്കുറിച്ച് പറഞ്ഞപ്പോൾ അതു ഞാൻ പറഞ്ഞു. ഞാൻ വീണ്ടും അങ്ങോട്ടു പോകുന്നില്ല.

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ നിരാകരണ പ്രമേയം അദ്ദേഹം അവതരിപ്പിച്ചുകൊണ്ട് എന്തുകൊണ്ട് ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. അദ്ദേഹം പൊതുയോഗത്തിൽ പറയുന്നതുപോലെയുള്ള കാര്യങ്ങളാണ് പറയുന്നത്. സർ, ഞങ്ങൾക്ക് ബോദ്ധ്യമായിട്ടില്ല. ഓർഡിനൻസ് എന്തിന്റെ പേരിൽ നിരാകരിക്കണമെന്ന കാര്യവും ശ്രീ. പിണറായി വിജയൻ പറഞ്ഞിട്ടില്ല.

ശ്രീ. പിണറായി വിജയൻ: ഞാൻ ആദ്യമേ അതു പറഞ്ഞു. ഞാൻ ആദ്യമേ എന്റെ മോഷൻ അവതരിപ്പിച്ചു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞതുപോലെയാണെങ്കിൽ അതു സമർത്ഥിക്കാൻവേണ്ടി അദ്ദേഹത്തിന് സമയം കൊടുക്കുന്നതല്ലേ മര്യാദ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: ബഹുമാനപ്പെട്ട ഹസ്സൻ, എന്റെ പ്രമേയം ഞാൻ ആദ്യമേ അവതരിപ്പിച്ചു. മോഷൻ അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ള കാര്യങ്ങൾ പറയുകയാണ്. അങ്ങ് എങ്ങനെയാണ് ഇത് അവതരിപ്പിച്ചില്ല എന്നു മനസ്സിലാക്കിയത് എന്നത് പിടികിട്ടാത്ത കാര്യമാണ്. ഏതായാലും ഈ മേഖലയിൽ നിങ്ങളുണ്ടാക്കിയ പ്രശ്നം 2 മണിക്കൂർ പറഞ്ഞാലും തീരുന്നതല്ല. അത്രത്തോളം പ്രശ്നങ്ങൾ കിടക്കുകയാണ്. ആ പ്രശ്നങ്ങൾ ഞാൻ പറയുന്നു. ഈ കയർഫെഡിൽ ഒരു അഡ്മിനിസ്ട്രേററാണ് ഇപ്പോൾ കാര്യങ്ങൾ നോക്കുന്നത്. ആ അഡ്മിനിസ്ട്രേററർ കാര്യങ്ങൾ നോക്കുന്ന ആ സംഘത്തിന് 52 മൊത്തം ഷോറൂമുകൾ ഇന്ത്യയിലുണ്ട്. 24 ഏജൻസി ഷോറൂമുകളുണ്ട്. 3 മൊബൈൽ ഷോറൂമുകളുണ്ട്. സർ, ഈ കയർഫെഡ് ലോകത്തിലെ ഏററവും വലിയ കയർയാൺ സ്റേറാക്കിസ്ററാണ്. അങ്ങനെയുള്ള ഒരു സംഘത്തെ ഇത്രയും വിപുലമായി കാര്യങ്ങൾ നോക്കേണ്ട ഒരു സംഘത്തെ, പതിനേഴോളം ഭരണ സമിതി അംഗങ്ങൾ നിയന്ത്രിച്ചിരുന്ന ഒരു സംഘത്തെ ഇപ്പോൾ ഒരു അഡ്മിനിസ്ട്രേററർ നിയന്ത്രിക്കുന്ന അവസ്ഥയാണ് വന്നിട്ടുള്ളത്.

ശ്രീ. എം. സി. ചെറിയാൻ: അങ്ങ് ഈ സഭയിൽ 2 മണിക്കൂർ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയാണ്. ഈ വിഷയം ഇവിടെ അവതരിപ്പിക്കാൻ വേണ്ടിയാണോ അതോ ഗിന്നസ്ബുക്കിൽ പേരു വരാൻ വേണ്ടിയാണോ അങ്ങ് ഈ വിഷയം ഇങ്ങനെ തുടർന്നുകൊണ്ടു പോകുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ആ പറഞ്ഞത് വിവരദോഷി യാണെന്ന് ഇവിടെ പറയാൻ പാടുണ്ടോ എന്നറിയില്ല, അത് സഭാനടപടികൾ പ്രകാരം ശരിയല്ലെന്നാണ് തോന്നുന്നത്, അതുകൊണ്ട് ഞാൻ അത് പറയുന്നില്ല. പക്ഷേ പറയുന്ന കാര്യം വിവരത്തോടെയായിരിക്കണം ചെറിയാൻ. എന്തും വിളിച്ചു പറഞ്ഞുകളയാം എന്നുള്ള ധാരണ വേണ്ട. ഞാൻ ഈ സഭയിലെ ഒരു അംഗമാണെങ്കിൽ എന്റെ അവകാശമാണ് ഞാൻ ഉപയോഗിക്കുന്നത്. നിങ്ങളുടെ ആരുടേയും ഓശാരത്തിനുവേണ്ടി ഞാൻ ഇവിടെ നിൽക്കുകയല്ല. എന്ത് അതിക്രമങ്ങളും കാണിച്ച് ആ അതിക്രമങ്ങളെക്കുറിച്ചു പറഞ്ഞുകേൾക്കുമ്പോൾ വല്ലാത്ത പൊള്ളലുണ്ടല്ലേ. പൊള്ളലുണ്ടെങ്കിൽ പോയി തടയണം. നല്ല പച്ചവെള്ളം തലയിൽ ഒഴിക്കാൻ നോക്കണം. അതിന് അങ്ങനെ ചൂടായിട്ട് കാര്യമില്ല. എനിക്ക് പറയാനുള്ള കാര്യങ്ങൾ ഞാൻ പറയും. നിങ്ങളുടെ ആരുടേയും ഓശാരത്തിനു വേണ്ടി ഞാൻ നിൽക്കുകയല്ല. എന്റെ അവകാശം ഞാൻ ഉപയോഗി ക്കുകയാണ്. അതു മനസ്സിലാക്കാനുള്ള വിവരമെങ്കിലും ഉണ്ടാകണം. സർ, നബാഡിൽ നിന്നും ഒരു പ്രത്യേക അനുമതി എന്ന നിലയിൽ ഈ സംഘത്തിന്റെ പ്രത്യേകത കണക്കിലെടുത്ത്, ഈ സംഘത്തിന്റെ കഴിവ് പരിഗണിച്ച് ഈ ബോർഡ് അധികാരത്തിൽ വന്നതിനുശേഷം 10 കോടി രൂപ വായ്പയായി കൊടുത്തിരിക്കുകയാണ്. സർ, നാം കാണേണ്ടത് ഈ ഭരണസമിതി അധികാരമേൽക്കുമ്പോൾ ഈ പറഞ്ഞ കയർഫെഡിന്റെ നഷ്ടം 5 കോടി രൂപയായിരുന്നു. ഇപ്പോൾ രണ്ടു വർഷം കൊണ്ട് 11 ലക്ഷം രൂപ ലാഭമുണ്ടാക്കാൻ ആ സംഘത്തിന് കഴിഞ്ഞിരിക്കുന്നു. 1990-91-ൽ 10 ലക്ഷം രൂപ ലാഭമാണെന്നാണ് അവരുടെ കണക്ക്. പ്രതിവർഷം 30 കോടി രൂപ കയർഫെഡിന്റെ ഇന്നത്തെ വിററുവരവാണ്. 50 കോടി രൂപ വിദേശ നാണ്യം നേടിത്തരുന്ന ഒരു സ്ഥാപനമാണത്. അത്തരമൊരു സ്ഥാപനത്തെ തകർക്കാനാണ് നിർഭാഗ്യവശാൽ ഈ അഡ്മിനിസ്ട്രേററർമാരുടെ നിയമനം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഉപകരിക്കുന്നത് എന്നു നാം കാണണം. സർ, കശുവണ്ടി കുത്തക സംഭരണം തുടങ്ങിയതുതന്നെ ഇവിടെ ഒരു നടപടി ആയിട്ട് എടുക്കുക എന്ന ഉദ്ദേശത്തോടെയല്ല എന്നാണ് പറയുന്നത്. കശുവണ്ടി കുത്തക സംഭരണത്തിനുവേണ്ടി വിളിച്ചുകൂട്ടിയ യോഗത്തിൽത്തന്നെ ഗവൺമെന്റ് പറയുന്നത് ഇത് ഗവൺമെന്റിന്റെ നയം അല്ലെന്നാണ്. അങ്ങനെ പറഞ്ഞുകൊണ്ടാണ് ഗവൺമെന്റുതന്നെ കാര്യങ്ങൾ അവതരിപ്പിക്കുന്നത്.

**Mr. Speaker:** 294 (1) Whenever the debate on any motion in connection with a Bill or on any other motion becomes unduly protracted, the Speaker may, after taking the sense of tho House, fix a time limit for the conclusion of discussion on any stage or all stages of the Bill or the motion, as the case may. റൂൾസ് ഓഫ് പ്രൊസീഡുവർ സെക്ഷൻ 294 അനുസരിച്ച് ഇത് വേണ്ടിവരും. ഇപ്പോൾ തന്നെ 2 മണിക്കൂറായി. ഇനി എത്ര സമയം കൂടി വേണ്ടിവരും. 5 മിനിററ് കൊണ്ട് അവസാനിപ്പിക്കണം. 5 മിനിററുകൂടി കഴിഞ്ഞാൽ തുടരാൻ അനുവദിക്കുകയില്ല.

ശ്രീ. പിണറായി വിജയൻ: അങ്ങ് ഇതൊന്നും അങ്ങനെ അടിച്ചേൽപ്പിക്കാൻ പാടില്ല.

മി. സ്പീക്കർ: ഇവിടെ എല്ലാവരും കേട്ടുകൊണ്ടിരിക്കുന്നതാണ്. 2 മണിക്കൂർ അനുവദിച്ചു. രണ്ടുമൂന്നു വട്ടം പറഞ്ഞു. ശ്രീ. പിണറായി അങ്ങനെ പ്രസംഗം നീട്ടിക്കൊണ്ടുപോകുന്നത് നിയന്ത്രിക്കാനാണ് സ്പീക്കർക്ക് അധികാരം കൊടുക്കുന്ന റൂൾ 294 വച്ചിട്ടുള്ളത്. 5 മിനിററ് കൂടി അനുവദിച്ചിരിക്കുന്നു. അതു കഴിഞ്ഞാൽ പ്രസംഗം നിറുത്തേണ്ടി വരും.

ശ്രീ. പിണറായി വിജയൻ: സ്പീക്കർക്ക് എല്ലാവിധ അധികാരങ്ങളും ഉണ്ട്. പക്ഷേ ഞങ്ങൾക്ക് ഇവിടെ പറയാനുള്ള കാര്യങ്ങൾ പറയാൻ സാധിക്കണം.

മി. സ്പീക്കർ: അതിനാണ് രണ്ട് മണിക്കൂർ തന്നത്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് ഈ സഭയുടെ നാഥനാണ്. അങ്ങ് സഭയിലുള്ള എല്ലാ അംഗങ്ങളുടേയും താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട ആളാണ്.

മി. സ്പീക്കർ: അതുകൊണ്ടാണ് സമയം ഇത്രയും തന്നത്. മററുള്ള മെമ്പർമാർക്കും സംസാരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് പറയാനുള്ള കാര്യങ്ങൾ പറയാൻ അനുവദിക്കുകയില്ല എന്നാണ് ഇതിന് അർത്ഥം.

മി. സ്പീക്കർ: ഇതു പത്രക്കാർ ഉൾപ്പെടെ എല്ലാവരും കേട്ടുകൊണ്ടിരിക്കുന്നതാണ്. ഞാൻ ഒന്നും കുറവ് ചെയ്തിട്ടില്ല. രണ്ടുമണിക്കൂർ സമയം തന്നു. മററുള്ള മെമ്പർമാർക്കും സംസാരിക്കണം. എനിക്ക് അവരുടെ അവകാശവും നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: പത്രക്കാരെ ഒഴിവാക്കി സഭ ചേരാൻ നമ്മൾ തീരുമാനിച്ചിട്ടില്ല. പത്രക്കാരും ഈ സഭയുടെ ഭാഗമാണ്. എനിക്ക് പറയാനുള്ള കാര്യങ്ങൾ പറഞ്ഞുതീർക്കാനുള്ള സമയം അങ്ങ് അനുവദിക്കണം.

മി. സ്പീക്കർ: 5 മിനിററുകൂടി തന്നിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ: 5 മിനിററുകൊണ്ട് തീരുന്ന കാര്യമല്ല. സർ, അങ്ങ് എനിക്ക് പറഞ്ഞുതീർക്കാനുള്ള സമയം അനുവദിച്ചുതരണം.

മി. സ്പീക്കർ: ഞാൻ അഞ്ചുമിനിട്ടുകൂടി അനുവദിച്ചിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അഞ്ചുമിനിട്ടുകൊണ്ടുമാത്രം ഇത് പറഞ്ഞു തീരുമെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ഇനി ശ്രീ. ടി. കെ. രാമകൃഷ്ണൻ പറയും, അതു പോലെ കൃഷ്ണൻ കണിയാംപറമ്പിൽ പറയും.

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് പറയാനുള്ളത് എനിക്ക് പറയണം. കശുവണ്ടി കുത്തക സംഭരണത്തിന്റെ പ്രശ്നത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കശുവണ്ടികുത്തകസംഭരണത്തിന്റെ പ്രശ്നത്തിൽ ഇവിടെ കശുവണ്ടി കുത്തക സംഭരണം നടത്തുക എന്നല്ല ഉദ്ദേശിക്കുന്നത്. ഇപ്പോൾ എന്താണ് അവസ്ഥ? അത് പൂർണ്ണമായും പൊളിഞ്ഞിരിക്കുന്നു അതിന്റെ കാരണക്കാർ ആരാണ്? അതിന് കാരണക്കാർ നിങ്ങളാണ്. ഒന്ന് നിങ്ങളുടെ നയമല്ല; മററൊന്ന്, അതിന്റെ കൂടെ നിങ്ങൾ കാണേണ്ടത് അഡ്മിനിസ്ട്രേററർമാർക്ക് കശുവണ്ടി കുത്തക സംഭരണത്തിന് താൽപര്യമുണ്ടോ എന്നതാണ്. കശുവണ്ടി കുത്തക സംഭരണം എന്നത് സാധാരണഗതിയിൽ നാട്ടിൽ അത്ഭുതപരമായ ഒരു ബോധവുംകൂടി ഉണ്ടാക്കലാണ്. ആ ബോധം ഉണ്ടാക്കൽ ആരാണെന്നാണ് ധരിച്ചത്? സാധാരണഗതിയിൽ അനൗദ്യോഗികാംഗങ്ങളാണ്. ആ അനൗദ്യോഗിക അംഗങ്ങൾ അതിന് അനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ കശുവണ്ടി കുത്തക സംഭരണം വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. ഇവിടെ നിർഭാഗ്യ വശാൽ അഡ്മിനിസ്ട്രേററർക്ക് അത്തരം ഒരു റോൾ നിർവഹിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. ഞാൻ പറഞ്ഞുവരുന്നത് തൊഴിൽ രംഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയുടെ അറിവിലേക്കായി ഒരു കാര്യം പറയാം. സാധാരണഗതിയിൽ സ്പീക്കർമാർ ഈ വകുപ്പ് ഇൻവോക്ക് ചെയ്യാറില്ല. ടി. എം. ജേക്കബ് രണ്ട് മണിക്കൂർ സംസാരിച്ചിട്ടും ഈ വകുപ്പ് ഇൻവോക്ക് ചെയ്തിട്ടില്ല. So you are creating a very bad precedent.

മി. സ്പീക്കർ: അങ്ങ് എന്നെക്കാളും പരിചയമുള്ള ആളാണല്ലോ, 5.30–ന് സഭ നിറുത്തണമെന്ന് തീരുമാനിച്ചിട്ട് ഇതുവരെ മോഷൻവരെ അവതരിപ്പിച്ചിട്ടില്ല, ഇനി ഒരു മണിക്കൂർകൊണ്ട് ആറ് മെമ്പർമാർ സംസാരിച്ചിട്ട് മന്ത്രിക്ക് മറുപടി പറയണം. അതിന് എങ്ങനെ സാധിക്കും? അതിന് നിർവാഹമില്ല. ഞാൻ മൂന്നുപ്രാവശ്യം വാണിംഗ് കൊടുത്തു ഞാൻ വളരെ വേദനയോടുകൂടിയാണ് അത് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ അങ്ങയുടെ വികാരം മനസ്സിലാക്കിയിട്ടാണ് പറയുന്നത്. പക്ഷേ ആ വകുപ്പ് അങ്ങ് പ്രയോഗിക്കരുത്.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ നിങ്ങരം സഹകരിക്കണം. ഞാൻ മൂന്നു പ്രാവശ്യം പറഞ്ഞു, രണ്ട് മണിക്കൂറായി. ഇതുവരെ മോഷൻ മൂവ് ചെയ്തില്ല. നിങ്ങരം സഹകരിക്കണ്ടേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, സഹകരിക്കണമെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഇതിന് മുൻപ് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് മൂന്ന് മണിക്കൂർ പ്രസംഗിച്ചിട്ട് ഞാൻ ഈ വകുപ്പ് ഉപയോഗിച്ചിട്ടില്ല.

ശ്രീ. ഒ. ഭരതൻ: നടപടി ക്രമങ്ങളനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരുപാട് അധികാരങ്ങളുണ്ട്. ആ അധികാരം ഉണ്ടെന്ന് വിചാരിച്ച് ആ അധികാരങ്ങരം സ്പീക്കർ പ്രയോഗിച്ചുകൂടാ. ബഹുമാനപ്പെട്ട സ്പീക്കർ ഭരണകക്ഷിയിലെ മാത്രം സ്പീക്കർ അല്ല, പ്രതിപക്ഷത്തിൻേറയും നിയമസഭയിലെ എല്ലാ ആളുകളുടേയും അവകാശം സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവും ബാദ്ധ്യതയും നിക്ഷിപ്തമായിട്ടുള്ള ഒരു വ്യക്തിയാണ് ബഹുമാനപ്പെട്ട സ്പീക്കർ. അതുകൊണ്ട് സ്പീക്കർക്ക് അധികാരമുണ്ടെന്നുള്ളതുകൊണ്ട് അത് പ്രയോഗിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് കഴിയുന്നത്രവേഗം പറഞ്ഞു തീർക്കാനുള്ള അവസരം കൊടുക്കണം.

മി. സ്പീക്കർ: ഞാൻ ഇത് പെട്ടെന്ന് എടുത്ത ഒരു തീരുമാനമല്ല, രണ്ട് മണിക്കൂർ കഴിഞ്ഞു, ഞാൻ മൂന്ന് തവണ പറഞ്ഞു. ബഹുമാനപ്പെട്ട രാമകൃഷ്ണനും, കൃഷ്ണൻ കണിയാംപറമ്പിലിനും, ഹസ്സനും, തച്ചടിയും സംസാരിച്ചിട്ട് മന്ത്രി മറുപടിയും, മറുപടി പറഞ്ഞിട്ട് സഭ തീരുമാനിച്ചതനുസരിച്ച് 5.30-ന് തീർക്കുകയും വേണം. അതുകൊണ്ട് ഞാൻ മൂന്നു പ്രാവശ്യം പറഞ്ഞു. അതിനു ശേഷമാണ് ഞാൻ റൂരം 294 ഉപയോഗിച്ചത്. ഇതിൽ കൂടുതൽ സമയം എങ്ങനെയാണ് കൊടുക്കേണ്ടത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സമയം നിശ്ചയിച്ച് കൂടിയാൽ മൂന്നും നാലും മണിക്കൂർ വരെ സമയം നീട്ടിക്കൊണ്ടുപോയിട്ടുള്ള നിയമസഭയല്ലേ ഇത്? പ്രധാനപ്പെട്ട ഒരു നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോരം കുറച്ചു സമയം നീട്ടിക്കൊടുക്കേണ്ടിവരും.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ നിങ്ങളാരും സംസാരിക്കണ്ടെന്ന് വച്ചാൽ മതി. മററുള്ള മെമ്പർമാരുടെ അവകാശം കൂടി സംരക്ഷിക്കേണ്ടേ? ഒരാരംക്ക് മാത്രം സംസാരിച്ചാൽ മതിയോ? അതുകൊണ്ട് ദയവായി സഹകരിക്കുകയാണ് വേണ്ടത്. റൂരം 294 നടപ്പിൽ വരുത്തുന്നത് മാനസികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിന് ഇടവരുത്താതെ സഹകരിക്കുകയാണ് നല്ലത്.

ശ്രീ. പിണറായി വിജയൻ: എനിക്ക് പറയാനുള്ള കാര്യങ്ങരം ഞാൻ വേഗത്തിൽ പറഞ്ഞു തീർക്കാൻ ശ്രമിക്കാം. ഞാൻ ഹാൻറക്സിൻെറ കാര്യം പറയാം. ഹാൻറക്സ് എന്നു പറയുന്നത് നെയ്ത്ത് തൊഴിലാളികളുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ കൈത്തറി രംഗം പൊതുവെ



LIBRARY ARCHIVES Kerala Legislative Assembly

വളരെ കടുത്ത പ്രതിസന്ധിയിലാണ്. ഇത് കൂടുതൽ പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. ഹാൻറക്സിൽ അഫിലിയേററു ചെയ്ത 404 സൊസൈററികളുണ്ട്. ഇപ്പോൾ ഹാൻറക്സ് അഡ്മിനിസ്ട്രേററർ ഭരണത്തിൻ കീഴിലാണ്. അത് സ്വതവെ ദുർബലമാണ്. ഇപ്പോൾ അഡ്മിനിസ്ട്രേററർ ഭരണം കൂടിയാകുമ്പോൾ അത് വല്ലാത്ത തകർച്ചയെ നേരിടുന്ന ഒരു അവസ്ഥയാണുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെൻറ് റിബേററ് ഇനത്തിൽ തന്നെ ഏകദേശം രണ്ടുകോടിയിൽപ്പരം രൂപ 31–3–1991–ലെ കണക്കനുസരിച്ച് കൊടുക്കാനുണ്ട്. ഇപ്പോൾ അത് വർദ്ധിച്ചിട്ടുണ്ടാകും. ഇതെല്ലാം കൂടി ഈ രംഗത്ത് വല്ലാത്ത പ്രതിസന്ധിയുണ്ടാകുകയാണ് എന്നത് ഞാൻ ഇവിടെ പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്.

മി. സ്പീക്കർ: എത്ര ഭംഗിയായി എല്ലാ പോയിൻറുകളും അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഇനി പറയാനുള്ള കാര്യങ്ങളാണ് ഏററവും കൂടുതൽ ആപത്തുള്ളത്. അങ്ങ് ഇത് ഓരോന്നും കേൾക്കുമ്പോൾ ഇങ്ങനെയാണ് നമ്മുടെ സഹകരണവകുപ്പ് കാര്യങ്ങൾ കൈകാര്യം ചെയ്തുവന്നത് എന്നതിൻെറ ദൃഷ്ടാന്തമാണ്............

മി. സ്പീക്കർ: ഒരു പോയിൻറു കൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ ഗവൺമെൻറ് സ്വീകരിച്ച് കൊണ്ടിരിക്കുന്ന നടപടികളെക്കുറിച്ച് ആണ്. ഇതൊക്കെ വളരെ പ്രധാനപ്പെട്ട പോയിൻറുകളാണ്. ഞാൻ താഴെ പറയുന്നത് നമ്മുടെ ഹൈക്കോടതി നൽകിയിട്ടുള്ള ഒരു ജഡ്ജ്മെൻറാണ്. ഇത് 10–3–1992–ന് സഹകരണ വകുപ്പുമന്ത്രി മറുപടി തന്നതാണ്. അതിൽ അദ്ദേഹം പറയുന്നത് On the facts and circumstances of this case, I feel that injustice has been done to the petitioner and the first respondent has acted in an arbitrary manner. So I direct the first respondent to give a transfer to the petitioner to Alappuzha in the next arising vacancy. എന്താണ് സർ, ഇവിടെ ഉയർന്നുവന്ന പ്രശ്നം? ഇവിടെയുള്ള പ്രശ്നം സരസമ്മ എന്ന ഒരു അസിസ്ററൻറ് രജിസ്ട്രാർ ആലപ്പുഴയിലാണ്. അവരുടെ ഭർത്താവ് തങ്കപ്പൻപിള്ള റിട്ടയേർഡ് എ. ആർ. ആണ്. സഹകരണ വകുപ്പിൽ തന്നെയുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെ സി.എം.പി.-യുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയായ ഡേവിഡ് മാത്യു സമീപിക്കുകയാണ്. അദ്ദേഹത്തിൻെറ വ്യവസ്ഥ, ആലപ്പുഴ ജില്ലയിൽ സരസമ്മ നിൽക്കണം, അതിനുള്ള വ്യവസ്ഥ 2500 രൂപ പാർട്ടി ഫണ്ടിൽ നൽകണം. ഇതാണ് ഡേവിഡ് മാത്യു വച്ച വ്യവസ്ഥ. പിന്നെ ഭർത്താവ് തങ്കപ്പൻപിള്ള സി.എം.പി.-യിൽ ചേരണം. പിന്നെ സരസമ്മയോ? സി. എം. പി.-യുടെ സ്ററാഫ് എംപ്ലോയീസ് ഫെഡറേഷനിൽ അംഗമായി ചേരണം. ഇത്തരം സ്ഥിതി വന്നപ്പോൾ ഇവർ അത് അനുവദിക്കാൻ തയ്യാറായില്ല. അങ്ങനെ തയ്യാറാകാതിരുന്നപ്പോൾ അവരെ സ്ഥലം മാററാൻ തയ്യാറായി.

(തടസ്സം)

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആരോപണമല്ല ഉന്നയിക്കുന്നത്. ഈ ഗവൺമെൻറ് തന്ന മറുപടിയിലെ കാര്യങ്ങളാണ് പറയുന്നത്. 1992 ജനുവരി 2-ന് ഹൈക്കോടതിയുടെ മുന്നിൽ പെററീഷനുമായി ചെന്നു.

മി. സ്പീക്കർ: ഗവൺമെൻറ് തന്ന മറുപടിയിൽ 2500 രൂപ സംഭാവന ചോദിച്ചുവെന്ന് എഴുതിയിട്ടുണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. പിണറായി വിജയൻ: അതു സംബന്ധിച്ച് നോക്കാം.

മി. സ്പീക്കർ: പറഞ്ഞാൽ മതി.

ശ്രീ. പിണറായി വിജയൻ: If the petitioner fail to yield to the request to give bribe and donate Rs. 2500 to the party fund........ ഇതിലുള്ളതാണ് ഞാൻ പറഞ്ഞത്. ഇത് പരാതിയാണ്. ഈ പരാതി രേഖയിലുള്ളതാണ്. അതാണ് ഞാൻ പറഞ്ഞത്. He has further made demand to the husband of the petitioner to join the Communist Marxist Party and the petitioner to join the State Employees, Federation—the service organisation sponsored by the Communist Marxist Party (C.M.P.). Since the demand from Shri David Mathew is illegal and beyond the capacity of the petitioner to satisfy, he was maintaining a hostile animosity against the petitioner and threatened the petitioner and her husband that the petitioner will soon be transferred to distant place. ഇതാണ് പരാതി. ആ പരാതി ചെന്നപ്പോൾ ഗവൺമെൻറ് പ്ലീഡർ കോടതിയിൽ പറഞ്ഞത് "That a vacancy in the cadre of Assistant Registrar of Co-operative society has arisen at Alappuzha with effect from 1-1-1992 and that he will ascertain whether the petitioner can be accommodated in that post" അതിനു ശേഷം ഇതേ ഗവൺമെൻറ് പ്ലീഡർ മറെറാരു അഫിഡവിററ് കൊടുക്കുകയാണ്. അതിൽ അദ്ദേഹം പറയുന്നത് It is stated that the petitioner had not rendered service for sufficient length of time in Malabar area. After her posting in the State service she had never been posted in Malabar. ഇതൊക്കെയാണ് പിന്നീട് പറഞ്ഞ ന്യായങ്ങൾ. ഇതൊക്കെ വച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടതി എത്തിച്ചേർന്ന നിഗമനമാണ് ഞാൻ അവസാനം വായിച്ചത്. If there was any iota of truth in the averment made by the respondents in the counter-affidavit one among the five mentioned therein ought to have been posted at Alappuzha as Assistant Registrar (Planning). Instead of doing that an Officer who was on leave has been accommodated at Alappuzha. This shows the lack of bona fide on the part of the First Respondent. First Respondent എന്നു പറഞ്ഞാൽ നമ്മുടെ രജിസ്ട്രാർ ആണ്, Registrar of Co-operative Socities എന്നു പറയുന്നത് വ്യക്തമാണല്ലോ? ബഹുമാനപ്പെട്ട മന്ത്രിയാണല്ലോ കാര്യങ്ങൾ നിശ്ചയിക്കുന്നത്. പക്ഷേ കോടതിയുടെ പരാമർശങ്ങൾ ഒക്കെ First Respondent രജിസ്ട്രാർക്ക് എതിരായിട്ടാണ് വന്നുകൊണ്ടിരിക്കുന്നത്. In filing the counter-affidavit alleging to say this incorrect fact........അവസാനം എത്തിച്ചേരുന്ന നിഗമനം On the facts and circumstances of this case, I feel that injustice has been done to the petitioner and the first respondent has acted in an arbitrary manner. So, I direct the first respondent to give a transfer to the petitioner to Alappuzha in the next arising vacancy. ഇത്



LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കേരളത്തിൽ സഹകരണ വകുപ്പ് എങ്ങനെ കൈകാര്യം ചെയ്യുന്നു വെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. ഇവിടെ കഴിഞ്ഞ വർഷം നിക്ഷേപ സമാഹരണം നടന്നു. ആ നിക്ഷേപ സമാഹരണ ഘട്ടത്തിൽ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി യഥാർത്ഥത്തിൽ നിക്ഷേപങ്ങൾ ലഭിക്കുന്നതിന് എതിരായിട്ടുള്ള പരാമർശങ്ങളാണ് നടത്തിക്കൊണ്ടിരുന്നത്. ഈ സഭയിൽ തന്നെ അദ്ദേഹം നടത്തിയ പ്രസംഗമുണ്ട്. അതിനുപുറമെ സഭയ്ക്കു പുറത്തു നടത്തിക്കൊണ്ടിരുന്ന പ്രസംഗമുണ്ട്. അതിലെല്ലാം അദ്ദേഹം പറഞ്ഞുകൊണ്ടിരുന്ന കാര്യം കേരളത്തിലെ സഹകരണമേഖല എന്നുള്ളത് ഒരു നിസ്സഹകരണ മേഖലയാണ് എന്നാണ്. കേരളത്തിലെ ഇന്നത്തെ സഹകരണ വകുപ്പുമന്ത്രി സഹകരണ വകുപ്പിന്റെ സംരക്ഷകൻ പറഞ്ഞു കൊണ്ടിരുന്ന കാര്യമാണ്. മറെറാരു ഗൗരവതരമായ പ്രശ്നം അദ്ദേഹം ആക്ഷേപമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നത് സംസ്ഥാന സഹകരണ ബാങ്ക് ബോംബെയിലെ ഡിസ്ക്കൗണ്ട് ഹൗസിൽ പണം നിക്ഷേപിച്ചു. ഡിസ്ക്കൗണ്ട് ഹൗസ് എന്നു പറഞ്ഞാൽ ഒരു പ്രൈവറ്റ് കമ്പനിയാണ്. അതൊരു കരിഞ്ചന്ത ഏർപ്പാടാണ്. ഈ ഡിസ്ക്കൗണ്ട് ആൻറ് ഫിനാൻസ് ഹൗസ് എന്നു പറയുന്നത് ഒരു പ്രൈവറ്റ് കമ്പനിയാണോ? നാം മനസ്സിലാക്കേണ്ടത് ഡിസ്ക്കൗണ്ട് ആൻറ് ഫിനാൻസ് ഹൗസിന്റെ ചെയർമാൻ റിസർവ്വ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണ്ണർ ആണ്. റിസർവ്വ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണ്ണർ ചെയർമാനായിക്കൊണ്ടുള്ള ആ ഡിസ്ക്കൗണ്ട് ആൻറ് ഫിനാൻസ് ഹൗസിലെ ഡയറക്ടർ ബോർഡിൽ സ്റേറററ് ബാങ്ക് ഓഫ് ഇൻഡ്യയുടെ, ബാങ്ക് ഓഫ് ഇൻഡ്യയുടെ, ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യയുടെ, ഇൻഡസ്ട്രിയൽ ക്രെഡിററ് ആൻറ് ഇൻവെസ്ററ്മെൻറ് കോ-ഓപ്പറേററീവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ചെയർമാൻമാരും റിസർവ്വ് ബാങ്കിന്റെ എക്സിക്യൂട്ടിവ് ഡയറക്ടറും അംഗങ്ങളാണ്. അതിന്റെ 51 ശതമാനം ഓഹരി റിസർവ്വ് ബാങ്കിന്റെ ആണ്. നമ്മുടെ സഹകരണമന്ത്രി പ്രൈവറ്റ് കമ്പനിയെന്നു വിശേഷിപ്പിച്ച ഈ സ്ഥാപനത്തിന്റെ 51 ശതമാനം ഓഹരി റിസർവ്വ് ബാങ്കിന്റേതാണ്. 33 ശതമാനം 28 പൊതുമേഖലാ സ്ഥാപനങ്ങളുടേതാണ്. ബാക്കിയുള്ള 16 ശതമാനം ഷെയർ 11 ഗവൺമെൻറ് സ്ഥാപനങ്ങളുടെതാണ്. ചുരുക്കത്തിൽ ഗവൺമെൻറ് ഉടമയിലുള്ള ഒരു സ്ഥാപനമാണിത്. ഈ ഡി.എഫ്.എച്ച്. എന്നു പറയുന്ന സ്ഥാപനം റിസർവ്വ് ബാങ്ക് നേരിട്ടു നടത്തുന്നതാണ്. സ്റേററ് കോ-ഓപ്പറേററീവ് ബാങ്ക് ഈ ബാങ്കിൽ പണമിടുന്നുവെങ്കിൽ അത് റിസർവ്വ് ബാങ്കിലാണ്. ആ റിസർവ്വ് ബാങ്കിൽ പണം കൊടുത്താൽ ആ റിസർവ്വ് ബാങ്ക് തന്നെയാണ് തിരിച്ചു നൽകുക. അങ്ങ് ഇവിടെ മോഡൽ ആക്ടിനെക്കുറിച്ച് പറഞ്ഞു. നേരത്തെ ഞാൻ പറഞ്ഞു മോഡൽ ആക്ടിലെ ചില വ്യവസ്ഥകളെക്കുറിച്ച് ഞാൻ പിന്നീട് പറയാമെന്ന്. മോഡൽ കോ-ഓപ്പറേററീവ് സൊസൈററീസ് ആക്ടിലെ ചില ഭാഗങ്ങളെക്കുറിച്ച് നേരത്തെ മന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനും പറഞ്ഞു. മോഡൽ ആക്ടിലെ ഏററവും പ്രധാനപ്പെട്ട ഉദ്ദേശമെന്താണ്? അതവർ കൃത്യമായി പറയുന്നുണ്ട്. മോഡൽ ആക്ടിലെ ചാപ്ററർ രണ്ടിൽ പറയുന്നത് സൊസൈററികളുടെ മാനേജ്മെൻറിൽ ഗവൺമെൻറ് ഇടപെടാൻ പാടില്ല എന്നാണ്. The State shall not interfere in the management and operation of co-operative societies. അതാണ് അതിന്റെ ഏററവും പ്രസക്തമായ ഭാഗം. You have twisted. The State shall recognize co-operative societies as democratic institutions owned, managed and controlled by members for their economic and social betterment, operating their business based on mutual aid and co-operative

LIBRARY ARCHIVES Kerala Legislative Assembly

principles. അതാണ് ഇതിന്റെ സത്ത. ഈ സത്ത ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? അംഗീകരിക്കുന്നില്ലെന്നാണ് നമുക്ക് ഈ നടപടികളിൽകൂടി കാണാൻ സാധിക്കുന്നത്. കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പിൾ എന്താണെന്ന് ഈ ബൈലായിൽ പറയുന്നുണ്ട്. കോ-ഓപ്പറേറ്റീവ് ബൈലാ എന്താണെന്ന് 3 (2) ആയി ഈ മോഡൽ ആക്ടിൽ ചൂണ്ടിക്കാണിക്കുകയാണ്. Co-operative Societies are democratic organisations. Their affairs shall be administered by persons elected or appointed in a manner agreed by the members and accountable to them. ഇതിൽ വ്യക്തമായിട്ടു പറയുകയാണ് by persons elected or appointed in a manner agreed by the members and accountable to them. ഇവിടെ ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ നിർവചിച്ചിരിക്കുകയാണ്. ഇതിൽ Board of Directors means the Governing Body of a Society by whatever name called to which the management of the affairs of the co-operative society is entrusted.

സർ, നേരത്തെ പറഞ്ഞതിന്റെ അനുബന്ധമായിട്ട് വരുന്ന ഒരു കാര്യമാണ്. ഇവിടെ സൊസൈറ്റി രജിസ്റ്റർ ചെയ്യാൻ കൊടുത്താൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ നിലപാടുകളുണ്ടല്ലോ അത് സംബന്ധിച്ച് ഈ ആക്ടിൽ കൃത്യമായിതന്നെ പറയുകയാണ്. ഞാനത് വ്യക്തമാക്കുന്നില്ല. ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യാൻ കൊടുക്കണം. സാധാരണഗതിയിൽ രജിസ്റ്റർ ചെയ്യണം. അല്ലെങ്കിൽ നിരസിക്കാൻ എന്താണ് കാരണമെന്നു പറയണം. അഥവാ അത് ചെയ്യുന്നില്ലായെന്ന് വിചാരിക്കുക. അങ്ങനെ വരുമ്പോൾ In case, no refusal is communicated within 60 days the society shall be deemed to be registered എന്നാണ്. അത് നമ്മുടെ കേരളത്തിൽ സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളുള്ളതാണ്. ബഹുമാനപ്പെട്ട ബാലൻ വൈദ്യരുടെ സൊസൈറ്റിയുടെ ഒരു കഥ ഇതിന് മുൻപ് പറഞ്ഞു കേട്ടിരുന്നു. അപേക്ഷ കൊടുത്തത് കിട്ടാനുള്ള താമസം കൊടുക്കാതിരിക്കാൻ വേണ്ടി കാത്ത് കെട്ടിക്കിടപ്പ്, ഇത്തരം കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കലാണ്. ഇവിടെ എന്താണ് പറഞ്ഞിട്ടുള്ളത്. In case no refusal is communicated within 60 days the society shall be deemed to be registered. അവരെ രജിസ്റ്റർ ചെയ്തതായി കണക്കാക്കപ്പെടും. 60 ദിവസത്തിനുള്ളിൽ തീരുമാനമെടുത്തില്ലെങ്കിൽ എന്ന് കൃത്യമായി പറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ പേജ് 8-ൽ where an order of refusal is received by the applicant under sub-clause (5) they may appeal against this order the co-operative council constituted at district or State level as the case may be and the decision of the co-operative council shall be final in this regard. ഇത് വളരെ പ്രധാനമാണ്. ഇതിലുള്ള പ്രാധാന്യം രജിസ്ട്രാർ തള്ളിയല്ലോ. രജിസ്ട്രാർ തള്ളിയാൽ അത് സംബന്ധിച്ച് അപ്പീലിന് അധികാരമുണ്ട്. അപ്പീൽ ആരുടെ അടുത്താണ്? ഗവൺമെന്റിലല്ല, യൂണിയനുണ്ടാക്കുന്ന കോ-ഓപ്പറേറ്റീവ് കൗൺസിൽ. കോ-ഓപ്പറേറ്റീവ് കൗൺസിൽ എങ്ങനെയാണ് വരുന്നതെന്ന് പറയ ന്നുണ്ട്. യൂണിയനാണ് കോ-ഓപ്പറേറ്റീവ് കൗൺസിലുണ്ടാക്കുന്നത്? കോ-ഓപ്പറേറ്റീവ് യൂണിയനുണ്ടാക്കുന്ന കോ-ഓപ്പറേറ്റീവ് കൗൺസിലിന് മുൻപാകെയാണ് അപ്പീൽ. ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തില്ലെങ്കിൽ അപ്പീലിന്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊവിഷനുണ്ട്. അപ്പോൾ ഗവൺമെൻറിന് ഈ കാര്യത്തിൽ യാതൊരു അധികാരവും ഈ ആക്ട് കൊടുക്കുന്നില്ലയെന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

മി. സ്പീക്കർ: ഇത് അഞ്ചുമിനിട്ടുകൊണ്ട് അവസാനിപ്പിക്കുകയാണെന്നുണ്ടെങ്കിൽ മററുള്ളവർക്ക് സംസാരിക്കാൻ അവസരം തരാം. അഞ്ചോ പത്തോ മിനിട്ട് കൊണ്ട് അവസാനിപ്പിക്കണം. കാരണം അഞ്ചര മണിക്ക് മന്ത്രിക്ക് മറുപടി പറയണം. അഞ്ചര മണിക്ക് ഇത് അവസാനിപ്പിക്കാമെന്ന് സഭ തീരുമാനിച്ചതാണ്. മററുള്ള അംഗങ്ങളുടെ അവകാശം നഷ്ടപ്പെട്ടുപോകുമെന്ന് ഞാൻ നേരത്തെ പറഞ്ഞില്ലേ? സഭ നീട്ടാൻ തയ്യാറാണെങ്കിൽ ഞാൻ എത്ര സമയം വേണമെങ്കിലും ഇരിക്കാം. പക്ഷേ സഭ തീരുമാനിച്ചത് മറിച്ചല്ലേ?

ശ്രീ. ടി. എം. ജേക്കബ്: കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ഈ സഭ മുൻപാകെ ചർച്ചയ്ക്ക് വന്നപ്പോൾ ഈ വിഷയം ഇവിടെ വന്നതാണ്. സി. പി. എം.-ൻെറ മെംബർമാർ ഈ വിഷയം പറഞ്ഞു. ഈ സഭ മുൻപാകെ ചർച്ച ചെയ്തു. ഇന്നത്തെ സഭാനടപടികൾ അഞ്ചര മണിക്ക് നിർത്താൻ നമ്മൾ തീരുമാനിച്ചിട്ടുള്ളതാണ്. അതാണ് സഭയുടെ ഇപ്പോഴത്തെ ടെൻഷൻ. അതിൽനിന്ന് വ്യത്യസ്തമായി ഒരു മെംബർ നീങ്ങുകയാണെങ്കിൽ അത് റെസ്ട്രിക്ട് ചെയ്യാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ സംസാരിച്ചുകൊണ്ട് നിൽക്കുന്നതിനിടയിൽ ശ്രീ. ടി. എം. ജേക്കബ് കയറി സംസാരിച്ചു. ഞാനിവിടെ നിൽക്കുന്നുണ്ട്. അദ്ദേഹം സംസാരിച്ചു.

മി. സ്പീക്കർ: എന്താണ് അങ്ങയുടെ നിർദ്ദേശം? സഭ തീരുമാനിച്ചത് അഞ്ചര മണിക്ക് പിരിയാനാണ്. (ബഹളം)...............

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിച്ച സമയം തൊട്ട് നാലും അഞ്ചും മണിക്കൂറുകൾ നീണ്ടുപോയിട്ടുള്ള ചരിത്രമുള്ള നിയമസഭയാണിത്. അതുകൊണ്ട് അഞ്ചര മണിക്ക് അവസാനിപ്പിക്കണമെന്നുള്ള നിലയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ല. (ബഹളം)........ ...... ........

മി. സ്പീക്കർ: എനിക്ക് വിരോധമില്ല. സഭയ്ക്ക് അങ്ങനെ മറിച്ച് തീരുമാനിക്കാനുള്ള അവകാശമുണ്ട്. എത്രവരെ ഇരിക്കണമെന്ന് സഭ തീരുമാനിച്ചാൽ എനിക്ക് ബുദ്ധിമുട്ടില്ല. എനിക്കൊരു വിരോധവുമില്ല. സഭ തീരുമാനിച്ചാൽ എത്ര നേരം വേണമെങ്കിലും ഞാനിരിക്കാൻ തയ്യാറാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സഭയുടെ തീരുമാനത്തിനുവേണ്ടി സഹായകരമായ രണ്ട് വാക്ക് പറയാൻ ഞാനാഗ്രഹിക്കുന്നു. വളരെ പ്രധാനപ്പെട്ട ഈ ബില്ലിനെ സംബന്ധിച്ച് ഇതുവരെ ശ്രീ. വിജയൻ സംസാരിച്ചതിൽ ഒരൊററ സംഗതിയും അപ്രസക്തമാണെന്ന് പറയാൻ എനിക്ക് സാധ്യമല്ല. പ്രസക്തമായിട്ടുള്ള കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അപ്രസക്തമായിട്ട് പറഞ്ഞിട്ടുണ്ട് എന്ന് വിശ്വസിക്കുന്നവർക്ക് അങ്ങനെ വിശ്വസിക്കുന്നതിൽ ഞാൻ തടസ്സമായിട്ട് നിൽക്കുന്നില്ല. തർക്കം കഴിഞ്ഞില്ലേ? ഞാൻ പറയുന്നത് 10-ാം തീയതിക്ക് മുൻപായിട്ടം

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസ് പാസ്സാക്കാം. നാളെയോ മറ്റെന്നാളോ സമാധാനപര മായി പിരിഞ്ഞ് 7-ാം തീയതിയോ 8-ാം തീയതിയോ 9-ാം തീയതിയോ ആയിട്ട് തീർക്കാം. ആ തരത്തിൽ സഭ യോജിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇന്ന് വൈകുന്നേരം പോയി സഭ കൂടുക. നാളെ അഞ്ച്, ആറ് മണിക്കൂറിനകത്ത് ഭേദഗതികളുണ്ടാക്കികൊടുക്കുക, ഇതെല്ലാം പ്രയാസമായിട്ടുള്ള കാര്യങ്ങളാണ്. ഞാൻ വിനയപൂർവ്വം സഭയോടഭ്യർത്ഥിക്കുന്നത് നൊയമ്പ് കഴിഞ്ഞിട്ട് 6-ാം തീയതി വീണ്ടും കൂടി 10-ാം തീയതി പാസ്സാക്കാമെന്നാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ബിസിനസം അഡ്വൈസറി കമ്മിററി മാത്രമല്ല സഭതന്നെ വോട്ടെടുത്ത് തീരുമാനിച്ചതാണ്. ഇനിയും ആ ഡിസ്കഷൻ കൊണ്ടുവന്ന് സമയം കളയാൻ വേണ്ടി ബോധപൂർവ്വം ശ്രമിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): അങ്ങ് അദ്ധ്യക്ഷത വഹിച്ച ബിസിനസ് അഡ്വൈസറി കമ്മിററിയുടെ മിനിട്ട്സും അതിന്റെ തീരുമാനങ്ങളും ഈ സഭയിൽ ചർച്ചക്കുവന്നു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ കാര്യം ബിസിനസ് അഡ്വൈസറി കമ്മിററിയിൽ ആലോചിച്ചതാണ്. അതിനുശേഷമാണ് ബിസിനസ് അഡ്വൈസറി കമ്മിററി ഐകകണ്ഠ്യേന ആ തീരുമാനമെടുത്തത്. ആ തീരുമാനത്തിന് വിരുദ്ധമായി സി. പി. എം.-ലെ നേതാക്കം ഇവിടെ അഭിപ്രായ പ്രകടനം നടത്തി. അതിനുശേഷം സി. പി. ഐ.-യിലെ ബഹുമാനപ്പെട്ട ശ്രീനിവാസനും അതുപോലെതന്നെ ബേബിജോണും അവരുടെ അഭിപ്രായങ്ങരം പറഞ്ഞു. അതിനുശേഷം ഈ സഭയിൽ വോട്ടിനിട്ട് ബിസിനസ് അഡ്വൈസറി കമ്മിററിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ഇന്നത്തെ ചർച്ച അവസാനിപ്പിക്കണമെന്ന് തീരുമാനി ക്കുകയും ചെയ്തതാണ്. ഈ സഭയ്ക്കുള്ളിൽ നൊയമ്പ് നോററിരിക്കുന്ന മുസ്ലീം സമുദായത്തിലെ അംഗങ്ങളുണ്ട്. അവർക്ക് ഇത് ആശ്വാസമാണ്. ആ കാര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് അഞ്ചര മണിക്ക് നമ്മരം അവസാനിപ്പിക്കാമെന്ന് തീരുമാനിച്ചിട്ടുള്ളത്. അതിന് വ്യത്യാസമായി പോകേണ്ട യാതൊന്നുമില്ല. അങ്ങു പറഞ്ഞതുപോലെ അല്ലെങ്കിൽ സഭ തീരുമാനിച്ചാൽ നീട്ടാം. ഇപ്പോരം എടുത്തിരിക്കുന്ന തീരുമാനം നിലനിൽ ക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആദ്യം ബിസിനസ് അഡ്വൈസറി കമ്മിററി കൂടിയപ്പോരം, രണ്ടാമത്തെ ദിവസം ഞാനുണ്ടായിരുന്നില്ല, അന്നു തന്നെ പറഞ്ഞതാണ്. മുസ്ലീം സമുദായങ്ങരംക്കുള്ള ബുദ്ധിമുട്ടുകരം പരിഗണിച്ച് 10-ാം തീയതിവരെ വോട്ടെടുപ്പിന്റെ കാലാവധിയുണ്ട്. 2-ാം തീയതി അവസാനിപ്പിക്കാം എന്നുള്ളത് മാററി നൊയമ്പിനുവേണ്ടി കുറച്ചു മാററിയതിനുശേഷം പിന്നെ കൂടാം. പക്ഷേ സഫിഷ്യൻറ് ടൈം ഇത് ചർച്ച ചെയ്യുന്നതിന് തരണമെന്ന് ഞങ്ങരം ആവശ്യപ്പെട്ടതായിരുന്നു. അതിന് ഓരോ സമയത്തുമുണ്ടാകുന്ന സ്ഥിതിഗതികളെ വിലയിരു ത്തിക്കൊണ്ട് തീരുമാനമെടുക്കാനുള്ള വിവേചന ബോധം ഉള്ളവരാണ് നമ്മരം. സഭയ്ക്കും ആ ബോധമുണ്ട്. അതനുസരിച്ച് പോകണം. അല്ലാതെ ക്ലോഷർ മൂവ് ചെയ്ത് അഞ്ചര മണിക്ക് നിർത്തണമെന്നുള്ള നിലയ്ക്ക് കൊണ്ടുപോകുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: പ്രതിപക്ഷത്തിന്റെ അഭിപ്രായത്തെ ഗവൺമെൻറ് എന്തെങ്കിലും റീ കൺസിഡർ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത്തവണ ബിസിനസ് അഡ്വൈസറി കമ്മിററിയിൽ തുടക്കം മുതലേ നമ്മരം ഒരു ധാരണയിലാണ് എല്ലാ കാര്യങ്ങളിലും പോയത്. സി. പി. ഐ. സമ്മേളനവും മററും വന്നപ്പോരം അതനുസരിച്ച് ഈ പ്രശ്നം അന്ന് എല്ലാവരുമുന്നയിച്ചപ്പോരം എല്ലാ ഭാഗത്തുനിന്നും അനുഭാവപൂർവ്വമായ ഒരു നിലപാടാണ് അന്ന് ബിസിനസ് അഡ്വൈസറി കമ്മിററിയിലുണ്ടായിരുന്നത്. അതനുസരിച്ച് നൊയമ്പ് നോക്കുന്ന വിഷമത കണക്കിലെടുക്കണമെന്നുള്ള ഒരു ധാരണയിലാണ് നമ്മളെത്തിയത്. ആ ധാരണയിലാണ് നമ്മരം പിരിഞ്ഞത്. ഇപ്പോരം പിന്നെ അതിനെതിരായി പറയുന്നത് ശരിയല്ല, അതുകൊണ്ട് ......................(ബഹളം) .................

മി. സ്പീക്കർ: ഗവൺമെൻറ് റീ കൺസിഡർ ചെയ്യാനുദ്ദേശിക്കുന്നില്ലായെന്നാണ് പറഞ്ഞത്.

ശ്രീ. കെ. പി. എ. മജീദ്: ബിസിനസ് അഡ്വൈസറി കമ്മിററിയിൽ തീരുമാനിച്ച പ്രകാരം ഇന്ന് അഞ്ചര മണിക്ക് നമ്മുടെ ചർച്ച അവസാനിപ്പിക്കേണ്ടതാണ്. അതുകൊണ്ട് റൂരം 293 അനുസരിച്ച് ഞാൻ ക്ലോഷർ മൂവ് ചെയ്യുകയാണ്. (ബഹളം)

മി. സ്പീക്കർ: ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കുമോ?

ശ്രീ. പിണറായി വിജയൻ: ഞാൻ ആദ്യമേ അങ്ങയോട് പറഞ്ഞു ഈ പോയിൻറ് മാത്രമേ പറയുന്നുള്ളുവെന്ന്.

മി. സ്പീക്കർ: ഒരു പോയിൻറ് ഒരു മണിക്കൂറും അര മണിക്കൂറുമൊക്കെ നീട്ടാം (ബഹളം)....................

ശ്രീ. പിണറായി വിജയൻ: ഈ ആക്ടിനെ സംബന്ധിച്ച് മാത്രമേ പറയൂ.

മി. സ്പീക്കർ: ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിച്ചാൽ ഈ ക്ലോഷർ മൂവ് ചെയ്യാതെ അവസാനിപ്പിക്കാം.

ശ്രീ. പിണറായി വിജയൻ: ഈ ആക്ടിനെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളു: (ബഹളം).......................

മി. സ്പീക്കർ: അങ്ങനെ പറയാനൊക്കില്ല. മന്ത്രിക്ക് മറുപടി പറയണം. ഒരു പോയിൻറ് ഒരു മണിക്കൂറും രണ്ട് മണിക്കൂറുമൊക്കെ പ്രസംഗിക്കാം. അങ്ങ് ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിച്ചാൽ ക്ലോഷർ മൂവ് ചെയ്യാതെ കഴിക്കാം. എനിക്ക് നിവൃത്തിയില്ല.

ശ്രീ. പിണറായി വിജയൻ: ഞാനധികം പ്രസംഗിക്കാനുദ്ദേശിക്കുന്നില്ല. ഈ പോയിൻറിനെക്കുറിച്ച് മാത്രമേ പറയൂ. ഡയറക്ടർ ബോർഡിന്റെ കാലാവധിയെ സംബന്ധിച്ച് എത്ര കാലമെന്നത്........

ശ്രീ. കെ. പി. എ. മജീദ്: Sir, under Rule 293, I move the closure motion. "That the question be now put"

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ചീഫ് വിപ്പിന് റൂൾ 293 അനുസരിച്ച് ക്ലോഷർ മൂവ് ചെയ്യാൻ അവകാശമുണ്ട്. അദ്ദേഹം മൂവ് ചെയ്തിരിക്കുകയാണ്.............(ബഹളം)...............റൂൾ 293 അനുസരിച്ച് എപ്പോൾ വേണമെങ്കിലും ക്ലോഷർ മൂവ് ചെയ്യാം. (ബഹളം)..........

ശ്രീ. വർക്കല രാധാകൃഷ്ണൻ: പ്രസംഗത്തിനിടയിൽ ക്ലോഷർ പാടില്ല. അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചിട്ടാകണം.

മി. സ്പീക്കർ: പ്രസംഗം അവസാനിപ്പിക്കാതെ രണ്ടുമണിക്കൂറോളം നീട്ടിക്കൊണ്ടുപോയാൽ എന്ത് ചെയ്യും? അത് ശരിയല്ല. ആ പറഞ്ഞതിൽ യാതൊരു അർത്ഥവുമില്ല.

ക്ലോഷർ മോഷൻ അവതരിപ്പിച്ചിരിക്കുകയാണ്. ശ്രീ. ജേക്കബ് അത് സെക്കൻഡ് ചെയ്തിരിക്കുകയാണ്.

ചീഫ് വിപ്പ് അവതരിപ്പിച്ച ക്ലോഷർ മോഷൻ അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്......

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പിൽ സഭ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—62

1. Shri K. P. A. Majeed
2. ,, E. M. Augusthy
3. ,, C. T. Ahamad Ali
4. Smt. Alphonsa John
5. Shri K. Babu
6. ,, R. Balakrishna Pillai
7. ,, P. Balan
8. ,, P. K. K. Bava
9. ,, T. V. Chandramohan
10. ,, M. C. Cherian
11. ,, David Pinhero
12. ,, Dominic Presenation
13. ,, P. P. George
14. ,, George Eden
15. ,, George J. Mathew
16. ,, A. V. Gopinathan
17. ,, T. M. Jacob
18. ,, Johny Nelloor
19. ,, K. C. Joseph
20. ,, Joseph M. Puthussery
21. ,, P. J. Joy
22. ,, Joy Abraham
23. ,, K. Karunakaran

LIBRARY ARCHIVES Kerala Legislative Assembly

24. Shri G. Karthikeyan
25. ,, P. K. Kunhalikutty
26. ,, P. M. Mathew
27. ,, Aryadan Muhammed
28. ,, K. Mohammedali
29. ,, E. T. Mohammed Basheer
30. ,, M. Murali
31. ,, K. Narayanakurup
32. ,, K. P. Noorudheen
33. Smt. M. T. Padma
34. Shri C. V. Padmarajan
35. ,, Thachady Prabhakaran
36. ,, V. J. Poulose
37. ,, Thiruvanchoor Radhakrishnan
38. ,, M. V. Raghavan
39. ,, K. Raghavan Master
40. ,, K. K. Ramachandran Master
41. ,, K. P. Ramachandran Nair
42. ,, R. Ramachandran Nair
43. ,, N. Ramakrishnan
44. ,, Therambil Ramakrishnan
45. ,, Palode Ravi
46. ,, Thampanoor Ravi
47. Smt. Rosamma Chacko
48. Shri T. Saratchandra Prasad
49. ,, Kadavoor Sivadasan
50. Smt. Sobhana George
51. Shri K. K. Sreenivasan
52. ,, Pandalam Sudhakaran
53. ,, C. M. Sundaram
54. ,, M. P. Thami
55. ,, C. F. Thomas
56. ,, K. K. Thomas
57. ,, P. T. Thomas
58. ,, B. Vijayakumar
59. ,, K. P. Viswanathan
60. ,, Yoonus Kunju
61. ,, M. J. Zakaria
62. ,, K. K. Nair

പ്രതികൂലിക്കുന്നവർ—41

1. Shri Baby John
2. ,, C. P. Balan Vydiar
3. ,, O. Bharathan
4. ,, C. K. Chandrappan
5. ,, K. Chandrasekharan
6. ,, T. Chathu
7. ,, T. K. Hamza

LIBRARY ARCHIVES Kerala Legislative Assembly

8. Shri E. K. Imbichi Bava
9. ,, K. E. Ismail
10. ,, E. P. Jayarajan
11. ,, V. C. Kabeer
12. ,, A. Kanaran
13. ,, Krishnan Kaniyamparambil
14. ,, K. Krishnankutty
15. ,, Koliyakode N. Krishnan Nair
16. ,, Pacheni Kunhiraman
17. ,, Lonappan Nambadan
18. ,, K. P. Mammoo Master
19. Prof. Meenakshi Thampan
20. ,, T. Nanoo Master
21. ,, C. P. Narayanan
22. ,, M. Narayanan (Hosdurg)
23. ,, M. Narayanan (Coyalmannam)
24. ,, A. Padmakumar
25. ,, K. Prakash Babu
26. Smt. N. K. Radha
27. Shri Varkala Radhakrishnan
28. ,, P. Raghavan
29. ,, N. Rajan
30. ,, E. Rajendran
31. ,, P. Raju
32. ,, T. K. Ramakrishnan
33. ,, E. Sankaran
34. ,, S. Sarma
35. ,, Sathyan Mokeri
36. ,, A. C. Shanmugha Das
37. ,, T. Sivadasa Menon
38. ,, P. S. Sreenivasan
39. ,, V. J. Thankappan
40. ,, M. Vijayakumar
41. ,, Pinarayi Vijayan

നിഷ്പക്ഷർ—ഇല്ല.

മി. സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ .. 62

പ്രതികൂലിക്കുന്നവർ .. 41

നിഷ്പക്ഷതപാലിക്കുന്നവർ ആരുമില്ല

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ട് പൊതു ചർച്ച അവസാനിപ്പിച്ചിരിക്കുന്നു. മിനിസ്ററർക്ക് മറുപടി പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു മെമ്പർ സംസാരിച്ചു കൊണ്ടിരിക്കുന്ന സമയത്ത് വാചകം പൂർത്തിയാക്കുന്നതിന് മുൻപ് അങ്ങയുടെ ഭാഗത്തുനിന്നും ക്ലോഷർ അവസാനിപ്പിച്ച് ഈ പ്രസംഗം പൂർത്തിയാക്കാൻ സമ്മതിക്കാത്തതിനാൽ ഞങ്ങൾ ഇന്ന് ഇനിയുള്ള സഭാനടപടിയിൽ പങ്കെടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇത് എല്ലാപേരും കേട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ എന്ത് ചെയ്തു എന്നുള്ളത് ഈ സഭ മുഴുവൻ പത്രക്കാർ ഒന്നടക്കം കേട്ടുകൊണ്ടിരിക്കുകയാണ്. അതിനെ തെററായി വ്യാഖ്യാനിക്കരുത്. പൂർത്തിയാക്ക് പൂർത്തിയാക്ക് എന്ന് ഞാൻ ആറു തവണ പറഞ്ഞു. ഇനിയും വേണമെങ്കിൽ അഞ്ച് മിനിട്ട് കൊടുക്കാമെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന് പോയിൻറ് അവസാനിപ്പിക്കാതെ ഒക്കുകയില്ലെന്ന് പറഞ്ഞു. സകലരും കേട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. അതുകൊണ്ട് അങ്ങനെ ദുർവ്യാഖ്യാനം ചെയ്യരുത്.

(പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തി. പിന്നീടുള്ള സഭാനടപടികളിൽ അവർ പങ്കെടുത്തില്ല)

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, അവർ നടത്തിയ കള്ളവോട്ടിൻെറയും അവർ നടത്തിയ വെട്ടിപ്പിൻേറയും അവർ വാങ്ങിയ കൈക്കൂലിയുടേയും കണക്കുകൾ ഈ ഭാഗത്തു നിന്നും പറയുന്നത് കേൾക്കാൻ സമയമില്ലാത്തതുകൊണ്ടാണ് ഇപ്പോൾ ഇറങ്ങിപ്പോകുന്നത്. ധൈര്യമുണ്ടെങ്കിൽ ഇവിടെ ഇരിക്കണം. കൃഷ്ണൻകുട്ടിയേയും 500 ആളുകളേയും പോലീസ് അറസ്ററ് ചെയ്തുവച്ചിട്ടാണ് കൃഷ്ണൻകുട്ടിയുടെ അടക്കം സി. പി. (എം.) വോട്ട് ചെയ്തത്. ചിററൂർ എൽ. എം. ബി. തെരഞ്ഞെടുപ്പിന് സി. പി. (എം.) കാർ കൃഷ്ണൻകുട്ടി എന്നു പറയുന്ന എം. എൽ. എ. യേയും 500 ആളുകളേയും അറസ്ററ് ചെയ്ത് പോലീസ് കസ്ററഡിയിൽ വച്ചപ്പോൾ കൃഷ്ണൻകുട്ടിയുടെ കള്ളവോട്ട് പെയ്ത നാണംകെട്ട പ്രതിപക്ഷമാണ് നിങ്ങൾ. എന്നിട്ടിപ്പോൾ ഇറങ്ങിപ്പോകുന്നു! കേൾക്കാൻ തയ്യാറല്ലാത്തതുകൊണ്ട്. കൃഷ്ണൻകുട്ടിയോട് ഞാൻ ചോദിക്കുന്നു നിങ്ങൾക്ക് നിഷേധിക്കാൻ ധൈര്യമുണ്ടോ? നിങ്ങൾ അറസ്ററിലായപ്പോൾ നിങ്ങളാണോ വോട്ട് ചെയ്തത്? പിണറായി വിജയൻ ജനാധിപത്യത്തിനെക്കുറിച്ച് പ്രസംഗിക്കുന്നു! പിണറായി വിജയനെ സഹകരണ പ്രസ്ഥാനത്തിലേക്ക് കൊണ്ടു വന്നത് ഞാനാ. എന്നിട്ട് എൻെറടുത്ത് ജനാധിപത്യത്തിനെക്കുറിച്ച് പ്രസംഗിക്കുന്നു! പിണറായി വിജയൻ എങ്ങനെയാണ് സ്റേററ് കോ-ഓപ്പറേററീവ് ബാങ്ക് പ്രസിഡൻറ് ആയത്. നോമിനേററ് ചെയ്തിട്ടല്ലേ? ഈ കോലിയക്കോട് കൃഷ്ണൻ നായർ എങ്ങനെയാണ് ലാൻറ് ഡവലപ്പ്മെൻറ് ബാങ്കിൻെറ പ്രസിഡൻറ് ആയത്? നോമിനേററ് ചെയ്തിട്ടല്ലേ? പി. വി. അപ്പുക്കുട്ടി എങ്ങനെയാണ് കോ-ഓപ്പറേററീവ് യൂണിയൻെറ പ്രസിഡൻറ് ആയത്? നോമിനേററ് ചെയ്തിട്ടല്ലേ? എന്നിട്ട് ഇപ്പോൾ ഞങ്ങൾ നോമിനേററ് ചെയ്തതിനെ പറയുന്നത് ജനാധിപത്യ വിരുദ്ധമെന്ന്. എന്താ അപ്പൂപ്പൻെറ സ്വത്താണോ? എൻെറ അപ്പൂപ്പൻെറ സ്വത്തല്ല. തറവാട് സ്വത്തല്ല. അതുപോലെ തന്നെ ഇവിടെ അങ്ങേ ഭാഗത്തിരിക്കുന്നവരുടെ അപ്പൂപ്പൻെറ സ്വത്തല്ല. ഇവിടെ സഹകരണ പ്രസ്ഥാനത്തിൽ ഈ രാജ്യത്തിലെ ഏത് പൗരനും മെമ്പർ ആകാൻ അർഹത ഉണ്ട്. ഏത് പൗരനും തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ട്. അത് നിഷേധിച്ച വർഷങ്ങളാണ് നാല് കൊല്ലം ഈ രാജ്യത്ത് പ്രതിപക്ഷം ഭരിച്ചത്. എ. കെ. ജി. ആശുപത്രിയെക്കുറിച്ച് പറഞ്ഞു. എ. കെ. ജി. ആശുപത്രി സി. പി. എം. രൂപീകരിച്ചതെന്ന് പറയുന്നു. ഏത് സഹകരണ ആക്ടിൽ ആണ് ഓരോ പാർട്ടി ആശുപത്രി രൂപീകരിച്ചിരിക്കുന്നത്? വിഡ്ഢിത്തം പറയുന്നതിന് ഒരു കണക്ക് വേണം. നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ ഹൈക്കോടതിയിലെ ജഡ്ജ്മെൻറും അതുപോലെ തന്നെ സുപ്രീം കോടതിയിലെ ജഡ്ജ്മെൻറും ഉദ്ധരിക്കാൻ ശ്രമിച്ചിട്ട് മൂന്ന് മണിക്കൂർ ഇവിടെ പ്രസംഗിച്ചു. എന്തിന്? വേറെയാരും

പ്രസംഗിക്കാതിരിക്കാൻ. വേറെ ആരെങ്കിലും പ്രസംഗിച്ചാലല്ലേ അവരുടെ മോഷണം മനസ്സിലാകുകയുള്ളൂ. അവരുടെ കള്ളത്തരം മനസ്സിലാകുകയുള്ളൂ. ഈ പിണറായി വിജയനാണ് കള്ള ഷെയർ സർട്ടിഫിക്കററ് അടിച്ച് എന്റെ കള്ള ഒപ്പിട്ട് അയ്യായിരത്തോളം യഥാർത്ഥ വോട്ടർമാരെ പോലീസിനെക്കൊണ്ട് അടിച്ച് ഓടിച്ചിട്ട് എ. കെ. ജി. ആശുപത്രിയിൽ വോട്ട് ചെയ്തത്. പിണറായി വിജയൻ ഇപ്പോൾ പ്രസംഗിച്ചു എ. കെ. ജി. ആശുപത്രി സി. പി. എം. രൂപീകരിച്ചതാണെന്ന്. അതിൽ സി. പി. എം. കാർ ഉണ്ടായിരുന്നു. ഞാൻ അന്ന് സി. പി. എം. ആണ്. അതിൽ കോൺഗ്രസ്സുകാരും ലീഗുകാരും അധികമുണ്ടായിരുന്നു. കണ്ണൂരിൽ ഒരു ആശുപത്രി ഇല്ല, നല്ല ഒരു ആശുപത്രി വരട്ടെയെന്ന് വച്ചു. ഞാൻ സി. പി. എം. ആയിരിക്കുമ്പോൾ ചേർത്ത മെമ്പർമാരെ വച്ചിട്ട് ഇലക്ഷൻ നടത്തുമ്പോഴാണ് 5000 ആളുകളെ പുറത്തുനിന്നുകൊണ്ടു വന്ന് പോലീസിനെ നിർത്തിയിട്ട് മററുള്ളവരെ അടിച്ചോടിച്ചത്. എന്റെകൂടെ മൽസരിച്ച ബാലൻമാസ്ററുടെ ഭാര്യയ്ക്ക് പകരം വോട്ടു ചെയ്യാൻ വന്നത് ഒരു സി. പി. എം. കാരന്റെ ഭാര്യയാണ്. ബാലൻമാസ്ററർ പറഞ്ഞു എന്റെ ഭാര്യയല്ലെന്ന്. ആ സ്ത്രീ പറഞ്ഞു ഞാൻ തന്റെ ഭാര്യ ആണ് എന്ന്. ഇങ്ങനെ പട്ടാപ്പകൽ പറഞ്ഞാൽ എന്താ ചെയ്യും? ഇത് സത്യമായിട്ട് നടന്നതല്ലേ സാർ? ഒരു സ്ത്രീയ്ക്ക് ചാരിത്രം വിലപ്പെട്ടതല്ലേ? എ. കെ. ജി. ആശുപത്രിയ്ക്കു വേണ്ടി ഞാൻ പ്രവർത്തിക്കുമ്പോൾ ആ ജില്ലയിൽ എന്റെ അനുയായികളായി വിജയനും ഭരതനും, ഒരു മെമ്പർ പോലും ആയിട്ടില്ല, എ. കെ. ജി. ആശുപത്രിയുടെ പേര് എന്താണെന്ന് ഈ ചങ്ങാതിമാർക്ക് അറിയില്ല. എ. കെ. ജി. ആശുപത്രി എന്നല്ല പേര്. കണ്ണൂർ ജില്ല കോ-ഓപ്പറേററീവ് ആശുപത്രിയാണ് ഇത് രൂപീകരിച്ചത്. അവസാനം അതിന്റെ ഒരു യൂണിററ് ആയി. ഈ ആശുപത്രി അതിന് എ. കെ. ജി. യുടെ പേരിടണമെന്ന് ഞാൻ പ്രൊപ്പോസ് ചെയ്തതാണ് ഡയറക്ടർ ബോർഡ് തീരുമാനിച്ചത്. എ. കെ. ജി. ആശുപത്രി എന്നാണ് മുൻ പ്രയോറിററി. ഒരു മെമ്പർ ആകാൻ കൂടി തയ്യാറാകാതെ ഈ രാജ്യത്ത് കള്ളവും ...... ഞാൻ ചോദിക്കട്ടെ ഞാൻ കൃഷ്ണൻകുട്ടിയെ പററി പറഞ്ഞല്ലോ. കൃഷ്ണൻകുട്ടിയുടെ ചിററൂർ എൽ. എം. ബി. ബാങ്കിൽ തെരഞ്ഞെടുപ്പു നടന്നു. ആ തെരഞ്ഞെടുപ്പിൽ എന്താ ചെയ്തത്? ചിററൂർ എൽ. എം. ബി. യിലെ തെരഞ്ഞെടുപ്പിൽ പത്ത് നാനൂറ് പോലീസുകാർ, നാല് സർക്കിൾ ഇൻസ്പെക്ടർമാർ, എട്ട് എസ്. ഐ. മാർ, ഒരു ഡി. വൈ. എസ്. പി. അവരുടെ നേതൃത്വത്തിൽ പോലീസ്. എന്നിട്ടോ ആശുപത്രിയിൽ ഭൂരിപക്ഷം മെമ്പർമാർ കൃഷ്ണൻകുട്ടിക്കാണ്. കൃഷ്ണൻകുട്ടിയേയും 500 ആളുകളേയും അറസ്ററ് ചെയ്തു. കൊണ്ടുപോയി ലോക്കപ്പിൽ വച്ചു. എന്നിട്ട് ഈ കൃഷ്ണൻകുട്ടിയുടെ അടക്കം കള്ള വോട്ട് ചെയ്തിട്ടാണ് ചിററൂർ ലാൻഡ് മോർട്ട്ഗേജ് ബാങ്ക് ഇപ്പോഴത്തെ ലാൻഡ് ഡവലപ്പ്മെന്റ് ബാങ്ക് സി. പി. എം. കാർ പിടിച്ചത്. പ്രതിപക്ഷത്തോട് ഇവര് ചെയ്തതാണ്, എന്നോട് ചെയ്തതാണ്. ഞാൻ എത്ര പ്രാവശ്യം ആവർത്തിച്ചതാണ്. ഈ ഇരിക്കുന്ന പലർക്കും അറിയില്ലേ എന്നെ ഇവിടെ ഇട്ട് ചവുട്ടിയത്. അങ്ങ് കണ്ടിട്ടില്ലേ സാർ? അങ്ങ് കണ്ടില്ല. ആ കള്ള ഷെയർ സർട്ടിഫിക്കററ് രാമകൃഷ്ണനെ കാണിക്കാൻ പോയപ്പോഴല്ലേ ഇവിടെ കോടിയേരി ബാലകൃഷ്ണനും ഗോപി കോട്ടമുറിക്കലും അടൂർ മെമ്പർ ഉണ്ണികൃഷ്ണപിള്ളയും ബി. രാഘവനും എന്നെ ചവുട്ടിയത്. ഞാൻ മെഡിക്കൽ കോളേജിൽ കിടന്നത്? എന്നിട്ട് എല്ലാ കൊള്ളരുതായ്മകളും നടത്തിയിട്ട് ഇവിടെ വന്ന് ജനാധിപത്യത്തെ കുറിച്ച് ആണ് പ്രസംഗിക്കുന്നത്. ഇവിടെ സഹകരണ പ്രസ്ഥാനം

നശിപ്പിച്ചു. ഇവർ അധികാരത്തിലെത്തുമ്പോൾ 11 കോടി രൂപയാണ് നമ്മുടെ ക്രഡിററ് മേഖലയുടെ നഷ്ടം. ഇവർ ഇറങ്ങിപ്പോകുമ്പോൾ 41 കോടി രൂപയാണ് നഷ്ടം. സഹകരണ പ്രസ്ഥാനത്തെ നാശത്തിലേക്കാണ് കൊണ്ടുപോയത്. ഇവർ എന്തെല്ലാം ചെയ്തു. ഒരു പത്മകുമാർ എം. എൽ. എ. എന്താണ് ചെയ്തതെന്നറിയാമോ? കടം എഴുതിത്തള്ളുമെന്ന് പറഞ്ഞു. പത്തുലക്ഷം രൂപ എഴുതിത്തള്ളി. 5,87,000 രൂപ തട്ടി. എന്തെല്ലാം എഴുതിത്തള്ളി എന്നറിയാമോ? വിവാഹാവശ്യം, കച്ചവടാവശ്യം, ബിസിനസ് ആവശ്യം, വിദ്യാഭ്യാസാവശ്യം ഇതിനെല്ലാം പണം എടുത്തതിനാണ് എഴുതിത്തള്ളിയത്. ആറന്മുള സർവ്വീസ് സഹകരണ ബാങ്ക് 5,87,000 രൂപ കൃത്രിമമായി എഴുതിത്തള്ളി. ആ സംഘത്തിന് എതിരായി നടപടി എടുത്തതിനാണ് ജനാധിപത്യത്തെപ്പററി പറയുന്നത്. പാവപ്പെട്ട കർഷകർക്ക് കടാശ്വാസം നൽകാൻവേണ്ടി കൊടുത്തിട്ടുള്ള പൈസ (ഞാൻ ഉത്തരവാദിത്വത്തോടുകൂടിയാണ് പറയുന്നത്, അന്വേഷണ റിപ്പോർട്ട് എന്റെ കൈയിലുണ്ട്.) 5,87,386 രൂപ അനധികൃതമായിട്ട് എഴുതിത്തള്ളി. കടം മുഴുവൻ അടച്ചു തീർന്ന മെമ്പർക്കും അടച്ചെന്ന് പറഞ്ഞു. എന്നിട്ട് ഈ കുഴപ്പം വന്നപ്പോഴാണ് രാജി വച്ചിട്ടു പോയത്. ആലപ്പുഴ ജില്ലാ ബാങ്കിനെപ്പററി പറഞ്ഞു. ഇടതുപക്ഷ മുന്നണിയിലെ ഒരു നേതാവ് എന്നെ വിളിച്ചു പറഞ്ഞു ഒരാളെ ബാങ്കിൽ നിയമിക്കാൻ പോകുന്നു എന്ന്. അതിന് ഒരു ലക്ഷം രൂപയാണ്, ഒരാളിന്റെ അപ്പോയിൻറ്മെൻറിന്. ഒരു പ്യൂണിന് 75,000 രൂപയുണ്ട്.

<u>ശ്രീ. തച്ചടി പ്രഭാകരൻ:</u> 25 പേരുടെ കൈയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം വാങ്ങി. മന്ത്രിയുടേയും ഗവൺമെൻറിൻേറയും ഭാഗത്തു നിന്ന് സ്റേറ വന്നു കഴിഞ്ഞതിനുശേഷം ഒരു ലക്ഷം രൂപ ഉദ്യോഗാർത്ഥികൾ തിരിച്ചു വാങ്ങാതിരിക്കാൻ താൽക്കാലികമായ ഒരു മെമ്മോ അയച്ച കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗവൺമെൻറ് അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. എം. വി. രാഘവൻ:</u> തീർച്ചയായും അതു സംബന്ധിച്ച അന്വേഷണം നടക്കുകയാണ്. നമ്മുടെ രാജ്യത്ത് സഹകരണ പ്രസ്ഥാനം എന്ന് പറയുന്നത്...... .. ......ഒരു ജില്ലാ ബാങ്കിന് 50-ം 60-ം ബ്രാഞ്ചുകളുണ്ട്. അതിലെല്ലാം നിയമനത്തിന്റെ പേരിൽ അഴിമതി. ഇതിന്റെയെല്ലാം ഫലമായിട്ട് പ്രൈമറി ബാങ്കുകളെ നശിപ്പിച്ചു, പ്രൈമറി ബാങ്കുകൾക്ക് നമ്മുടെ രാജ്യത്ത് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതിനെ സംബന്ധിച്ച് എടുത്ത നടപടി നിയമപ്രകാരമുള്ള നടപടി മാത്രമാണ്. ഞാൻ നേരത്തെ ഓർഡിനൻസ് ഇറക്കിയ കാര്യം പറഞ്ഞു. കേന്ദ്ര ഗവൺമെൻറിന്റെ മോഡൽ ആക്ടിനെപ്പററി പറഞ്ഞു. അതിലെ എല്ലാ കാര്യങ്ങളും നടപ്പിൽ വരുത്താമോ എന്നാണ് ഒരു മെമ്പർ ഇവിടെ ചോദിച്ചത്. ഇപ്പോൾ അടിയന്തിര പ്രാധാന്യമുള്ള കാര്യം നടപ്പിൽ വരുത്തും. വിശദമായിട്ടുള്ള നിയമനിർമ്മാണം ഈ ഗവൺമെൻറ് കൊണ്ടുവരും. സഹകരണ പ്രസ്ഥാനത്തിൽ എത്രത്തോളം ജനാധിപത്യ രീതി അവലംബിക്കാൻ സാധിക്കുമോ അത്രത്തോളം ജനാധിപത്യ രീതിയിൽത്തന്നെ കൊണ്ടുപോകാൻ വേണ്ടി ഞങ്ങൾ ശ്രമിക്കും എന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്. അതുപോലെ തന്നെ സർ, ഇവിടെ നോമിനേഷനെപ്പററി പറഞ്ഞു. 33-ാം വകുപ്പനുസരിച്ച് ഇവിടെ ഒരു നിയമം കൊണ്ടു വന്ന് നോമിനേഷൻ പിൻവലിക്കുന്നു. അപ്പക്സ് സൊസൈററിയിൽ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

നോമിനേഷൻ പിൻവലിച്ചിട്ടില്ല. ജില്ലാ ബാങ്കിൽ നോമിനേഷനുണ്ട്. സ്റേററ് ബാങ്കിൽ നോമിനേഷനുണ്ട്. കൺസ്യൂമർ ഫെഡറേഷനിൽ നോമിനേഷൻ ഉണ്ട്. റബ്ബർ മാർക്കററിംഗ് ഫെഡറേഷനിലുണ്ട്. എല്ലാററിലും ഉണ്ട്. പ്രൈമറി ബാങ്കിൽ പിൻവലിച്ചു. എന്തിനാണ് പിൻവലിച്ചത്. എന്നിട്ട് ഇവരുടെ ആളുകൾ പോകാതിരുന്നു. ഇവർ കോറം ഇല്ലെന്ന് പറഞ്ഞു. കോറം 50 ശതമാനത്തിൽ അധികമാണെന്ന് ആക്ടിൽ ഒരു വ്യവസ്ഥയും കൊണ്ടുവന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മന്ത്രി താൽക്കാലികമായിട്ടാണ്. അമൻറുമെൻറ് കൊണ്ടുവന്നത്; ഒരു വനിതയേയും ഒരു ഹരിജനേയും അപ്പക്സ് സൊസൈററിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി. അതുപോലെ തന്നെ 3 മാസത്തെ കാലാവധി എന്നുള്ളത് ആക്ടിൽ ഉൾപ്പെടുത്തി പരിമിതപ്പെടുത്തി. പക്ഷേ സഹകരണ നിയമം തന്നെ രാഷ്ട്രീയ വിദ്വേഷപരമായിട്ടുണ്ട്. 1969-ൽ പി. ആർ. കുറുപ്പ് എന്നു പറയുന്ന സഹകരണ മന്ത്രി കോൺഗ്രസ്സിലെ കുഞ്ഞാമ്പുവിനെ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും മാററുന്നതിനുവേണ്ടി അടിയന്തിരമായി എഴുതി ഉണ്ടാക്കിയതാണ്. പക്ഷേ പലപ്പോഴും ചെറിയ ചെറിയ അമെൻറ്മെൻറ് വന്നിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെൻറ് ഈ സഹകരണ രംഗവുമായി ബന്ധമുള്ള സഹകാരികളെ വച്ചുകൊണ്ട് സമഗ്രമായ ഒരു ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെൻറ് സന്നദ്ധമാകണം.

ശ്രീ. എം. വി. രാഘവൻ: തീർച്ചയായും ഗവൺമെൻറ് അതുതന്നെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ഞാൻ പറഞ്ഞുവന്നത് 33-ാം വകുപ്പിന് നോമിനേഷൻ പ്രൈമറിയിൽ വേണ്ടെന്നു പറഞ്ഞു. എന്നിട്ട് ആ നോമിനേഷൻ പിൻവലിക്കുകയും അങ്ങനെ നോമിനേഷൻ പിൻവലിച്ച് ഇവരുടെ മെമ്പർമാർ പോകാതെ കോറം ഇല്ലെന്നു പറഞ്ഞു തുടങ്ങിയിട്ട് .............. ഇവർ നാലു കൊല്ലത്തിനിടയിൽ പിരിച്ചു വിട്ടത് 1447 സൊസൈററികളാണ്. നാലു കൊല്ലത്തിനിടയിൽ പ്രതിപക്ഷം ഭരിക്കുന്ന സൊസൈററികൾ മാത്രമായിട്ട് 1447 എണ്ണം ഇവർ പിരിച്ചു വിട്ടിട്ടുണ്ട്. എന്നിട്ടാണോ ഇവർ ഇങ്ങനെ പറയുന്നത്. ഞങ്ങൾ ഈ ഓർഡിനൻസിൽ ഭരണ കക്ഷിയും പ്രതിപക്ഷവും ഒന്നും നോക്കിയിട്ടില്ല. ആക്ടിൽ വ്യവസ്ഥയില്ല. രജിസ്ട്രാറുടെ ഡയറക്ഷൻ മാത്രമാണ്. അത് ഒരു പ്രാവശ്യം മൂന്ന് കൊല്ലം പറഞ്ഞു. വേറൊരു പ്രാവശ്യം 5 കൊല്ലം പറഞ്ഞു. ആക്ടിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട് ആശയക്കുഴപ്പമുണ്ട്. ആ ആശയക്കുഴപ്പം പരിഹരിക്കുന്നതിനുവേണ്ടിയാണ് 3 കൊല്ലം എന്ന വ്യവസ്ഥ ഈ ഓർഡിനൻസിൽ കൊണ്ടുവന്നത്. അതനുസരിച്ച് എല്ലാ പാർട്ടികളിലുംപെട്ട സൊസൈററിയുടെ ഭാരവാഹികൾ തിരിച്ചുപോയിട്ടുണ്ട്. 1702 സൊസൈററികളാണ് ഈ ഓർഡിനൻസ് അനുസരിച്ച് പോയതെങ്കിൽ അതിൽ യു. ഡി. എഫിന്റേത് 655 എണ്ണമുണ്ട്. 800-ൽ അധികം എൽ. ഡി. എഫിന്റേതും മററ് ആളുകളുടേതും ഉണ്ട്. ഇവിടെയുള്ള എം. എം. ഹസ്സൻ ഫെഡറേഷന്റെ പ്രസിഡന്റാണ്. അതിന്റെ കാലാവധി കഴിഞ്ഞു. ഇവർ ഇപ്പോഴും എന്താണ് ചെയ്യുന്നത്? സ്റേററ് ബാങ്കിന്റെ പ്രസിഡന്റ് പിണറായി വിജയൻ. പിണറായി വിജയന് അദ്ദേഹത്തിന്റെ ബാങ്കിലെ നോമിനേഷൻ നഷ്ടപ്പെട്ടു. പിണറായി വിജയന്റെ പ്രസിഡന്റ് സ്ഥാനം പോയി. സി. പി. എം. മെമ്പർമാർ സ്റേററ് ബാങ്കിന്റെ യോഗത്തിൽ പങ്കെടുക്കുന്നില്ല. അങ്ങനെ കോറം ഇല്ലാതാക്കി

ആ സ്റേററ് ബാങ്ക് നടത്താതിരിക്കാനാണ് ഇപ്പോഴത്തെ ശ്രമം അതാണ് സ്റേററ് ബാങ്കിന്റെ സ്ഥിതി. അതുപോലെ ലാൻറ് ഡവലപ്പ്മെൻറ് ബാങ്ക്. പണം തിരിമറി നടത്തി. ഒരു അക്കൗണ്ടിലെ പണം വേറെ അക്കൗണ്ടിൽ ചെലവഴിച്ചാൽ നിയമപ്രകാരം തെററാണ്. ഗവൺമെൻറിനെ സംബന്ധിച്ച് നടപടിയെടുക്കേണ്ടിവരും. അത് ചെയ്തതിനാണ് ഇവിടെ വന്ന് രണ്ടും മൂന്നും മണിക്കൂർ പ്രസംഗിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നിയമവും ക്രമവും വിട്ട് പ്രവർത്തിച്ചിട്ടില്ല. ഒരു ഗവൺമെൻറ് മാറി മററൊരു ഗവൺമെൻറ് വന്നാൽ സാമാന്യ മര്യാദയനുസരിച്ച് രാജി വച്ചു പോവുകയാണ് ചെയ്യുന്നത്. സി. പി. എം.–ലെ ഒരു മെമ്പർ ആ മാന്യത കാണിച്ചു. വയനാട്ടിലുള്ള കുഞ്ഞിക്കണ്ണൻ. ഗവൺമെൻറ് മാറിയിരിക്കുന്നു. ഞാൻ പ്രതിപക്ഷത്താണ്. അതുകൊണ്ട് ഞാൻ രാജി വയ്ക്കുന്നു. ആ മാന്യത കാണിക്കുവാൻ പിണറായി വിജയനെപ്പോലെയുള്ള ആളുകൾക്ക് സാധിക്കുമോ? സാധിച്ചിട്ടില്ല. അവരുടെ ഗവൺമെൻറ് വന്നപ്പോൾ അവരുടെ ആളുകളെ മാത്രം നോമിനേററ് ചെയ്യുക. അത് ജനാധിപത്യം. എന്നിട്ട് പ്രസിഡൻറാകാം. ഇപ്പോൾ ഈ ഗവൺമെൻറ് വന്നപ്പോൾ ആ നോമിനേഷൻ പിൻവലിക്കുന്നില്ല. എന്തു ദയനീയമായിട്ടാണ് പ്രസംഗിക്കുന്നതെന്നറിയാമോ? പി. വി. അപ്പുക്കുട്ടിയുടെ നോമിനേഷൻ പിൻവലിച്ചു. പിണറായി വിജയന്റെ നോമിനേഷൻ പിൻവലിക്കാൻ പോകുന്നു. കണ്ണൂരിൽ നിന്നും ഒരാളെ രാജി വയ്പിച്ച് പകരം ഒരാളെ തെരഞ്ഞെടുത്തു. അതുപോലെ കൃഷ്ണൻ നായർ പിൻവലിക്കുന്നു. ഹൈക്കോടതിയിൽ പോകുന്നു. കോടതിയിൽ പോകുന്നതിന് ഞാൻ എതിരല്ല. ഗവൺമെൻറിന് ഷെയറുള്ള സ്ഥാപനങ്ങളിൽ ഗവൺമെൻറിൽ പ്രാതിനിധ്യമുള്ള ആളുകളല്ലേ സാധാരണ പോകുന്നത്. പിണറായി വിജയനെ അയയ്ക്കുവാൻ പററുമോ? കോലിയക്കോട് കൃഷ്ണൻ നായരെ അയയ്ക്കുവാൻ പററുമോ? അവർക്ക് നോമിനേഷൻ ആകാം. ഞങ്ങൾക്ക് നോമിനേഷൻ ഒന്നും ആയിക്കൂട. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഏകപക്ഷീയമായ നടപടിയെടുത്തിട്ടില്ല. കഴിഞ്ഞ ഗവൺമെൻറാണ് 1447 സൊസൈററികൾ ഏകപക്ഷീയമായി പിരിച്ചുവിട്ടത് എന്നതാണ് യാഥാർത്ഥ്യം. ഇനിയും സഹകരണ നിയമത്തിൽ ആവശ്യമായിട്ടുള്ള മാററങ്ങൾ വരുത്തി സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തും. കഴിഞ്ഞ ഗവൺമെൻറ് പലിശ സബ്സിഡി നിറുത്തിയതാണ്. പലിശ സബ്സിഡിയെന്നറിയപ്പെടുന്നത് 5 ശതമാനമാണ്. അത് മൊത്തം കടം വാങ്ങിച്ചതിന്റെ 5 ശതമാനമാണ് സബ്സിഡി കൊടുക്കുന്നത്. ഈ ഗവൺമെൻറ് വന്നതിനുശേഷം ഉമ്മൻചാണ്ടിയുടെ ബഡ്ജററിൽ പറഞ്ഞു ഞങ്ങൾ അത് കൊടുക്കുമെന്ന്, ഞങ്ങൾ ആ സബ്സിഡി കൊടുത്തു. വേറെ സാങ്കേതിക തടസ്സമുണ്ടായപ്പോൾ ഞങ്ങൾ അതു വകവയ്ക്കാതെ ഞങ്ങളുടെ ഡിപ്പാർട്ടുമെൻറ് മുഖേന 5 ശതമാനം സബ്സിഡി കൊടുക്കാനുള്ള ഏർപ്പാട് ചെയ്തു. അങ്ങനെ സഹകരണ സംഘങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഇവിടെ കൺസ്യൂമർ ഫെഡറേഷനെപ്പററി പറഞ്ഞു. കൺസ്യൂമർ ഫെഡറേഷനിൽ കോറം ഇല്ലാതെ സംഘങ്ങളെ എങ്ങനെയാണ് നിലനിറുത്തുന്നത്. ഞങ്ങൾ പിരിച്ചുവിട്ടതല്ല. താനേ പിരിഞ്ഞു പോയി. അതിന് ഞങ്ങളെ കുററപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ഇലക്ഷൻ വച്ചു. റിട്ടേണിംഗ് ഓഫീസറെ വച്ചു എന്നാണ് പറഞ്ഞത്. റിട്ടേണിംഗ് ഓഫീസറുടെ മുമ്പിൽ നോമിനേഷൻ കൊടുക്കാൻ ഒരാളും പോയിട്ടില്ല. റിട്ടേണിംഗ് ഓഫീസറെ വച്ചിട്ട് മന്ത്രിയോ ഗവൺമെൻറോ ഇടപെട്ടിട്ടാണ് ആ റിട്ടേണിംഗ് ഓഫീസർ ഒന്നും ചെയ്യാത്തതെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

റിട്ടേണിംഗ് ഓഫീസറെ വച്ചിട്ട് ആ റിട്ടേണിംഗ് ഓഫീസറുടെ അടുത്ത് നോമിനേഷൻ കൊടുക്കാൻ ആളുകളൊന്നും പോയിട്ടില്ല. കാരണം എല്ലാം ഡിസ്ക്വാളിഫൈഡ് ആണ്. ഇവിടെ പറഞ്ഞു, കൺസ്യൂമർ ഫെഡറേഷനിൽ ഇലക്ഷൻ നടക്കാറില്ല. കൺസ്യൂമർ ഫെഡറേഷന് ബൈലാ ഉണ്ട്. ആ ബൈലാ അനുസരിച്ച് അഞ്ചഞ്ചുകൊല്ലം കൂടുമ്പോഴും ഇലക്ഷൻ നടക്കാറുണ്ട്. 14 ആളുകൾ കൂടി 14 ആളുകളെ തെരഞ്ഞെടുക്കുന്നതായാലും തെരഞ്ഞെടുപ്പാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കൺസ്യൂമർ ഫെഡറേഷന്റെ ഇലക്ഷനിലോ അതുപോലെയുള്ള കാര്യങ്ങളെ സംബന്ധിച്ചോ ഇടപെടുകയില്ല എന്നുള്ളതാണ് വസ്തുത. ഇവിടെ അവസാനം പിണറായി വിജയൻ പറഞ്ഞതെന്താണ്? ഡിസ്ക്കൗണ്ട് വ്യവസ്ഥയിൽ പണം കൊടുത്തു എന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ സർ, ഈ നിയമസഭ കഴിഞ്ഞ ദിവസം ഒരു പ്രമേയം പാസ്സാക്കി. ഈ സംസ്ഥാനത്തിന്റെ പണം നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിച്ചത് പുറത്തു കൊടുക്കുന്നത് ഈ രാജ്യത്തോട്, ഈ സ്റ്റേറ്റിനോട് ചെയ്യുന്ന അനീതിയാണെന്നു കഴിഞ്ഞ നിയമസഭ ഒരു പ്രമേയം പാസ്സാക്കി. ഇവിടെ പാവപ്പെട്ട കൃഷിക്കാരനും നാട്ടുകാരും സഹകരണ ബാങ്കിൽ കൊണ്ടിട്ട പണം $15\frac{1}{2}$ ശതമാനം പലിശയ്ക്കാണ് ഞങ്ങൾ പ്രൈമറി ബാങ്ക് പണം കടമെടുക്കുന്നത്. അത് $12\frac{1}{2}$ ശതമാനത്തിന് ജില്ലാ ബാങ്കിൽ കൊണ്ടിടണം. പ്രൈമറി ബാങ്ക് മുഴുവനും കഷ്ടപ്പെടുകയാണ്. വേറെ ബാങ്കിലിടാൻ പറ്റുകയില്ല. ജില്ലാ ബാങ്കിൽ കൊണ്ടിട്ടാൽ ജില്ലാ ബാങ്കുകാർ സ്റ്റേറ്റ് ബാങ്കിൽ കൊണ്ടിടണം. ഈ 12 ശതമാനത്തിന് പ്രൈമറിക്കാരന്റെ പണം വാങ്ങിയിട്ട് ശ്രീ. പിണറായി വിജയനും സ്റ്റേറ്റ് ബാങ്കും ചെയ്തത് 38 ശതമാനത്തിന് ബോംബെ ഡിസ്ക്കൗണ്ട് ഹൗസിൽ കൊണ്ടിടുകയാണ്. ഇത് റിസർവ് ബാങ്കിന്റെ പേരാണ് പറയുന്നത്. ഇവിടെ ബാങ്കിംഗ് വ്യവസായം നടക്കുന്നതു മുഴുവൻ റിസർവ് ബാങ്ക് അറിഞ്ഞിട്ടല്ലേ? റിസർവ് ബാങ്ക് അറിയാതെ എന്തെങ്കിലും നടക്കുമോ? ബാങ്കിംഗ് വ്യവസായം മുഴുവൻ റിസർവ് ബാങ്ക് അറിഞ്ഞിട്ടാണ്. പക്ഷേ നമ്മുടെ നാട്ടിലെ പണം നാഷണലൈസ്ഡ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന പണം ഇവിടെ വിനിയോഗിക്കാതെ പുറത്തുകൊണ്ടുപോകുന്നതിൽ ശ്രീ. പിണറായി വിജയൻ അടക്കം എഴുന്നേറ്റുനിന്ന് പ്രമേയം പാസ്സാക്കിയതാണ് ഈ സഭയിൽ. എന്നിട്ട് സഹകരണത്തിലെ പണം കൊണ്ടുപോയി ബോംബെ ഡിസ്ക്കൗണ്ട് ഹൗസിലിടുക. എന്തിന്? പലിശ അധികം കിട്ടും. വേറെ എന്തെങ്കിലും നക്കാപിച്ച കിട്ടുമോ എന്ന് എനിക്കറിയില്ല. ഈ പ്രാവശ്യം തന്നെ എത്രയോ ആളുകൾ വന്നു ഷെഡ്യൂൾഡ് ബാങ്കിൽ പണം കൊടുക്കാൻ വേണ്ടി. ഈ ഗവൺമെന്റ് പറഞ്ഞു ഇടുകയില്ലെന്ന്. ഞങ്ങൾ അങ്ങനെ കൊടുക്കാനുദ്ദേശിക്കുന്നില്ല. ഈ കോ-ഓപ്പറേറ്റീവിന്റെ പണം ഇവിടെത്തന്നെ കൊടുക്കണം. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ ഡെപ്പോസിറ്റ് ഇവിടെത്തന്നെ വിനിയോഗിക്കണം. അതാണ് ഈ ഗവൺമെന്റിന്റെ നയം. പതിനായിരം രൂപ കടം കൊടുക്കാനാണ് പ്രൈമറി ക്രെഡിറ്റ് സംഘങ്ങളെ മുമ്പ് അധികാരപ്പെടുത്തിയതെങ്കിൽ ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം രജിസ്ട്രാർ അയച്ച സർക്കുലറിൽ പറഞ്ഞത് രണ്ടുലക്ഷം രൂപവരെ പ്രൈമറി സംഘങ്ങൾക്ക് കടം കൊടുക്കാമെന്നാണ്. 1800 കോടി രൂപ ഈ രാജ്യത്ത് ഡെപ്പോസിറ്റുണ്ട് സഹകരണ സംഘങ്ങളിൽ. കേരളത്തിന്റെ സമ്പദ്ഘടനയിൽ അഭിമാനകരമായ പങ്കുവഹിക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയും. ബോംബെ ഹൗസിൽ കൊണ്ടുകൊടുത്തിട്ടില്ല. അതുകൊണ്ട് ധൂർത്ത് നടത്തിയിട്ടില്ല. 1800 കോടി രൂപയുണ്ട്. ആ 1800 കോടി രൂപ ഇവിടെ വ്യവസായത്തിനുപയോഗിക്കാൻ കഴിയും. ഇപ്പോൾ ഞങ്ങൾ



LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ഹയർ പർച്ചേസ് അടക്കം രണ്ടുലക്ഷം രൂപ വരെ പ്രൈമറി ബാങ്കിന് കടം കൊടുക്കാം. അതുപോലെ ഗൾഫിൽ തൊഴിലന്വേഷിച്ച് പോകുന്ന ചെറുപ്പക്കാർക്ക് 25,000 രൂപയോ 50,000 രൂപയോ വേണമെങ്കിൽ കൊടുക്കാമെന്നു പറഞ്ഞു. കച്ചവടത്തിന് കൊടുക്കാമെന്നു പറഞ്ഞു. വീടുവയ്ക്കാൻ ഭൂമിയെടുക്കാൻ കൊടുക്കാമെന്നു പറഞ്ഞു. വീടു വയ്ക്കാൻ കൊടുക്കാമെന്നു പറഞ്ഞു. അങ്ങനെ വിവിധ ആവശ്യങ്ങൾക്ക് കൊടുക്കാൻ ഈ ഗവൺമെൻറ് പറഞ്ഞു. മുമ്പത്തെ മാതിരി യാതൊരു നിബന്ധനയും അതായത് പതിനായിരം രൂപയ്ക്ക് മുകളിൽ കൊടുക്കാൻ പാടില്ല എന്ന നിബന്ധന എടുത്തുകളഞ്ഞുകൊണ്ട് രണ്ടുലക്ഷം രൂപവരെ പ്രൈമറി ബാങ്കിന് കടം കൊടുക്കാമെന്നു പറഞ്ഞു. കൃഷിക്കാരോട് വാങ്ങിയ പണം, ഡെപ്പോസിററായി നാട്ടുകാരോട് വാങ്ങിയ പണം അവിടെ തന്നെ കൊടുക്കാൻ വേണ്ട ഏർപ്പാട് ചെയ്തു. ജില്ലാ ബാങ്കിൻെറ കയ്യിൽ പണമുണ്ട്. ആ പണം ഈ രാജ്യത്തെ വ്യവസായത്തിനും അതുപോലെ ചെറുകിട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പരിശോധിക്കുന്നത്. അത് പരിശോധിച്ച് തീർച്ചയായും ദീർഘകാലകടം കൊടുക്കാൻ വേണ്ടി ഈ രണ്ടായിരം കോടി രൂപ നമ്മുടെ രാജ്യത്ത് ഇൻവെസ്ററ് ചെയ്യാൻ വേണ്ടി, നമ്മുടെ രാജ്യത്ത് പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് ഈ ഗവൺമെൻറ് ശ്രമിക്കുന്നത്. അല്ലാതെ ബോംബെ ഹൗസിൽ പലിശ കൂടുതൽ കിട്ടുമെന്നു പറഞ്ഞിട്ട് അവിടെ കൊണ്ടുപോയി ഇടാനല്ല ഈ ഗവൺമെൻറ് ശ്രമിച്ചത്. ഇവരുടെ ഭരണത്തിൽ തികഞ്ഞ അരാജകത്വമാണ്. ശ്രീ. പിണറായി വിജയൻെറ സ്റേററ് ബാങ്കിനെക്കുറിച്ച് ഇന്നലെ കിട്ടിയ ഒരു റിപ്പോർട്ടാണ്. ആ സ്റേററ് ബാങ്കിൻെറ സ്ഥിതി എന്താണെന്നറിയാമോ? ആ സ്റേററ് ബാങ്കിൻെറ പേരൂർക്കട ബ്രാഞ്ചിൻെറ മാനേജർ ചെക്ക് എഴുതിക്കൊടുക്കുകയാണ്. അക്കൗണ്ടില്ലാത്ത ആളുടെ പേരിലാണ് ചെക്ക് എഴുതിക്കൊടുക്കുന്നത്. എന്നിട്ടാണ് പണം വാങ്ങുന്നത്. അങ്ങനെ നടത്തിയ തട്ടിപ്പാണ് ഇന്നലെ പിടിച്ചത്. യാതൊരു ചെക്കപ്പും യാതൊരു പരിശോധനയുമില്ലാതെ നമ്മുടെ സംസ്ഥാന സഹകരണ ബാങ്കടക്കം, അധഃപതിക്കുകയാണ്. ടി. എ. എടുക്കാൻ വേണ്ടിയോ അല്ലെങ്കിൽ വേറെ വെട്ടിപ്പ് നടത്താൻ വേണ്ടിയോ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാനല്ലാതെ എന്താണ് ഇവർ ചെയ്തത്? പേരൂർക്കട ബ്രാഞ്ച് മാത്രമല്ല എല്ലാ ബ്രാഞ്ചും അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ഇല്ലാത്ത ചെക്ക് ലീഫ് എഴുതിക്കൊടുക്കുകയാണ് ഇവർ. ഇവർ കൂട്ടുകൊള്ള നടത്തുകയാണ്. ചെക്ക് ലീഫ് എഴുതി കൊടുക്കുക മാനേജർ തന്നെ സാംഗ്ഷൻ ചെയ്യുക, അവിടെ ഡെപ്പോസിററ് ഉണ്ടോ എന്നു നോക്കുന്നില്ല. എന്നിട്ട് ആ പണം എടുക്കുന്നു. പ്രസിഡൻറിന് 500 കിലോ മീററർ കാർ. എന്നോട് ദേഷ്യമുണ്ടാകും. പറഞ്ഞിട്ട് എന്താണ് കാര്യം? എത്രയാണ് വണ്ടി? എത്രയാണ് സ്റേററ് ബാങ്കിന് വണ്ടി? എത്രയാണ് ജില്ലാ ബാങ്കുകൾക്ക് വണ്ടി? പ്രൈമറി സൊസൈററികൾക്ക് എത്രയാണ് വണ്ടി? കണ്ണൂർ ജില്ലയിൽ മാത്രം 30 കാറുകൾ (പെട്രോൾ) ഇപ്പോൾ ഓടുന്നില്ല. ഒരു സൊസൈററിക്ക് ഞാൻ പേരു പറയുന്നില്ല. ഒരു കാറും ഒരു ജീപ്പും പിന്നെ ഒരു ലോറിയുമുണ്ട്. കാർ പ്രസിഡൻറ് കൊണ്ടുപോയി. ജീപ്പ് ഒരു ഡയറക്ടർക്ക് കൊടുത്തു. അവസാനം വേറൊരു ഡയറക്ടറെ വിളിച്ചപ്പോൾ വണ്ടിയില്ല. ഒരു ലോറിയും കൊടുത്തു.

ശ്രീ. കെ. മുഹമ്മദാലി: ഈ മേഖലയുടെ ഭാവി ആശങ്കപ്പെടുത്തുന്ന നിലയിൽ കുടിശ്ശികയുടെ ശതമാനം വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: കുടിശ്ശിക കൂടിക്കൊണ്ടുവരികയാണ്. ആ കുടിശ്ശിക കുറയ്ക്കാനാണ് ഗവൺമെൻറ് ഈ സബ്സിഡി ഏർപ്പെടുത്തിയത്. അങ്ങനെ വന്നാൽ കൃത്യമായി അടയ്ക്കുന്നവരുടെ കുടിശ്ശിക കുറഞ്ഞുകിട്ടും. അതുകൊണ്ട് ഈ രംഗത്ത് ധൂർത്തുണ്ട്. അതിനെപ്പററി ഇവിടെ ശ്രീ. പിണറായി വിജയൻതന്നെ പറഞ്ഞു സഹകരണ വകുപ്പുമന്ത്രി തന്നെ പറയുന്നു എന്ന്. ഈ രംഗത്ത് അഴിമതിയുണ്ട്, ഈ രംഗത്ത് ധൂർത്തുണ്ട്. അത് അവസാനിപ്പിക്കും. ഈ രംഗം പിടിച്ചടക്കി ഏതാണ്ട് തറവാടുസ്വത്തുപോലെ ആരായാലും ശരി ഇത് കൈകാര്യം ചെയ്യാമെന്ന് വിചാരിക്കണ്ട. ഈ രാജ്യത്തിൻെറ മുഴുവൻ സ്വത്താണ് സഹകരണരംഗം. അത് ഈ രാജ്യത്തിൻെറ സ്വത്താക്കി മാററും. അതിൽ ഏത് രാഷ്ട്രീയമെന്നൊന്നുമില്ല. എന്നിട്ട് പറയുകയാണ് സി. പി. എം. ഒരു സൊസൈററി രൂപീകരിച്ചു. അത് ഞങ്ങളുടേതാണ്, മഹാനായ എ. കെ. ജി.-യുടെ എന്ന്. എ. കെ. ജി. എങ്ങാൻ എഴുന്നേററു വന്നിട്ടുണ്ടെങ്കിൽ ഇവരെ പിടിച്ച് പരസ്യമായി കെട്ടിയിട്ട് അടിക്കും. എ. കെ. ജി. ആശുപത്രിയുടെ മുമ്പിൽ നടന്നതുകണ്ടാൽ. എ. കെ. ജി. ജീവിച്ചിരിപ്പില്ല. മരിച്ചയാരം തിരിച്ചുവരുമെന്നുള്ള വിശ്വാസക്കാരനല്ല ഞാൻ. അങ്ങനെ വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ ശ്രീ. പിണറായി വിജയനേയും ശ്രീ. ടി. കെ. രാമകൃഷ്ണനേയും ശ്രീ. ഇ. കെ. നായനാരേയുമൊക്കെ പരസ്യമായി തിരുവനന്തപുരത്തെ ആ മരത്തിൽ കെട്ടിയിട്ട് ചാട്ടവാർകൊണ്ടടിക്കും. അത്രയും നീചമായിട്ടുള്ള പ്രവൃത്തിയാണ് എ. കെ. ജി. സഹകരണസംഘത്തിൻെറ പേരിൽ ഇവർ നടത്തിയിട്ടുള്ളത്. അതുകൊണ്ട് കള്ളവോട്ട്, കള്ളഷെയർ സർട്ടിഫിക്കററ് അടിക്കൽ, അഴിമതി, ധൂർത്ത്, ജനാധിപത്യധ്വംസനം ഇതൊക്കെ നടത്തി സഹകരണ പ്രസ്ഥാനത്തെ പാർട്ടി സ്വത്താക്കി മാററി. സി. പി. ഐ. (എം)-ൻെറ സ്വത്താക്കി. അതാണ് ഞാൻ പറഞ്ഞത് ശ്രീ. കൃഷ്ണൻകുട്ടിക്ക് രക്ഷയുണ്ടോ? ഇവിടെ മിണ്ടാപ്രാണികളെപ്പോലെ മററു പ്രതിപക്ഷ കക്ഷിക്കാർ ഇരിക്കുകയാണ്. ഞാൻ അവരെപ്പററി ഇപ്പോൾ ഒന്നും പറയുന്നില്ല. അവരുടെ വികാരം അവർക്കറിയാം. സി. പി. ഐ.-യുടെ വികാരം സി. പി. ഐ.-ക്കറിയാം. അവർക്കെല്ലാം ഉള്ളിൽ സന്തോഷമുണ്ട് എന്നുള്ള വിവരം എനിക്കറിയാം. അതുകൊണ്ട് ആ സ്ഥിതി ഇന്ന് അവസാനിപ്പിക്കണം. ഇത് ആരുടേയും സ്വത്തല്ല. ഭരണകക്ഷിയുടേയും പ്രതിപക്ഷത്തിൻേറയുമല്ല. ജനങ്ങളുടെ സ്വത്താണ് സഹകരണസംഘം. എല്ലാവർക്കും മെമ്പർഷിപ്പ് വേണം. എല്ലാവർക്കും തെരഞ്ഞെടുക്കപ്പെടാൻ അവകാശമുണ്ട്. ഇതിലെ ധൂർത്ത് നിറുത്തണം. ഇതിലെ അഴിമതി നിറുത്തണം. ഇതിലുള്ള കൈക്കൂലിയോ അതുപോലുള്ള ഏർപ്പാടോ നിറുത്തണം. അങ്ങനെ ജനാധിപത്യപരമാക്കണം. അതിൻെറ ഭാഗമായിട്ടാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. ഇനിയും പല പരിഷ്ക്കാരങ്ങളും വരാനുണ്ട്. അത് ഗവൺമെൻറ് കാലവിളംബം കൂടാതെ കൊണ്ടുവരുന്നതാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ ബിൽ സബ്ജക്ട് കമ്മിററിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

1992-ലെ 3-ാം നമ്പർ ഓർഡിനൻസായ ''1992-ലെ കേരള സഹകരണ സംഘം ഭേദഗതി ഓർഡിനൻസ് നിരാകരിക്കണം'' എന്ന ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച ഒന്നാം നമ്പർ പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1992-ലെ കേരളാ സഹകരണസംഘം (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിററിക്ക് അയച്ചു.

മി. സ്പീക്കർ: ഈ സബ്ജക്ട് കമ്മിററി ഇപ്പോഴത്തന്നെ ഡർബാർ ഹാളിൽ വച്ച് കൂടുന്നതാണ്.

സഭ ഇപ്പോഴം പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1992 മാർച്ച് മാസം 31-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം 2 (345) കാണുക]

നക്ഷത്രചിഹ്നമിട്ട 345-ാം നമ്പർ ചോദ്യത്തിന്റെ ബി വിഭാഗത്തിൽ പരാമർശിച്ച സ്റ്റേറ്റ്മെന്റ്.

(14-3-1992-ൽ നടന്ന റവന്യൂ മിനിസ്റ്റേഴ്സ് കോൺഫറൻസിന്റെ വിശദവിവരങ്ങൾ.)

1991 ഒക്ടോബർ 4, 5 തീയതികളിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ലഭ്യമായ എല്ലാ മിച്ചഭൂമിയും 31-3-1992-നകം വിതരണം ചെയ്യണമെന്ന് പ്രധാനമന്ത്രി നിർദ്ദേശിക്കുകയും അത് ഒരു സമയബന്ധിത പരിപാടിയായിതന്നെ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. അതേ തുടർന്ന് പ്രധാനമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്കയച്ച കത്തിൽ സംസ്ഥാനത്ത് ലഭ്യമായ മിച്ചഭൂമിയുടെ വിതരണം 31-3-1992-നകം പൂർത്തിയാക്കാൻ വേണ്ട ഊർജ്ജിത നടപടികൾ കൈക്കൊള്ളാനും അത് പ്രാവർത്തികമാക്കാൻ പോന്ന വിധത്തിലുള്ള ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കാനും നിർദ്ദേശിക്കുകയുണ്ടായി. മിച്ചഭൂമി സംബന്ധമായ കേസുകളും തർക്കങ്ങളും എത്രയുംവേഗം തീർപ്പാക്കുന്നതിലേക്കായി സ്പെഷ്യൽ ലാൻറ് ട്രിബ്യൂണലിനെ നിയമിച്ച് ഭൂമി വിതരണം കൂടുതൽ ഫലപ്രദമാക്കുന്ന കാര്യവും അതിൽ പ്രതിപാദിച്ചിരുന്നു. ഗ്രാമവികസന മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് മിച്ചഭൂമി വിതരണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്ന പ്രൊഫോർമ റിപ്പോർട്ട് രണ്ടാഴ്ചയി ലൊരിക്കൽ സ്റ്റേറ്റ് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകണ മെന്നും നിർദ്ദേശിച്ചിരുന്നു.

പ്രധാനമന്ത്രി നിർദ്ദേശിച്ച മുകളിൽ പറഞ്ഞ സമയബന്ധിത മിച്ചഭൂമി വിതരണ പ്രക്രിയയുടെ ഒരു തുടർനടപടിയെന്ന വിധത്തിൽ മിച്ചഭൂമി വിതരണത്തെ സംബന്ധിച്ചും ഭൂ സർവെ സംബന്ധിച്ച രേഖകൾ കൈകാര്യം ചെയ്യുന്നതിനെപററിയും അവലോകനം നടത്തുന്നതി നായിട്ടാണ് പ്രധാനമന്ത്രി മാർച്ച് 14-ന് ന്യൂഡൽഹിയിൽ റവന്യൂമന്ത്രി മാരുടെ യോഗം വിളിച്ചുകൂട്ടിയത്. പ്രസ്തുത യോഗത്തിൽ മിച്ചഭൂമി വിതരണത്തിന്റെ പുരോഗതി തൃപ്തികരമല്ലെന്നും അത് 31-3-1992-നകം പൂർത്തിയാക്കാൻ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായ നടപടികൾ കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

ഭൂമിയെ സംബന്ധിച്ച രേഖകൾ കാലോചിതമായി പരിഷ്കരിച്ച് സൂക്ഷിക്കുന്നതിന് കമ്പ്യൂട്ടർപോലുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഭൂമി സംബന്ധമായി രേഖകൾ ആധുനീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര സഹായം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നിർദ്ദേശിക്കുക യുണ്ടായി. കേന്ദ്ര സഹായം കൂടിയ തോതിൽ തുടരണമെന്നും ആവശ്യ മുണ്ടായി. ഭൂദാൻ പ്രസ്ഥാനത്തിലൂടെ ലഭ്യമായ ഭൂമിയുടെ വിതരണം ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശവും ചർച്ച ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം II

[30–3–1992-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 9 (351) കാണുക]

## മേശപ്പുറത്ത് വയ്ക്കാനുള്ള പട്ടിക

നിർമ്മാണത്തിലിരിക്കുന്നവയും റിപ്പോർട്ടുകൾ തയ്യാറായവയുമായ പദ്ധതികളുടെ ചെലവ്

| | | രൂപ ലക്ഷത്തിൽ | |
|---|---|---|---|
| 1. | മാട്ടുപ്പെട്ടി | 350 | പെരിയാർ |
| 2. | മലമ്പുഴ | 370 | ഭാരതപ്പുഴ |
| 3. | പേപ്പാറ | 580 | കരമന |
| 4. | ചിമ്മോണി | 370 | ചിമ്മോണി |
| 5. | മലങ്കര | 1100 | മൂവാററുപുഴ |
| 6. | പീച്ചി | 250 | കരുവണ്ണൂർ |
| 7. | കുററിയാടി ടെയിൽറെയിസ്. | 450 | കുററ്യാടി |
| 8. | ചെമ്പ്കടവ്—I | 450 | ചാലിയാർ |
| 9. | മംഗലം | 160 | മംഗലം |
| 10. | പശുക്കടവ് | 400 | മീൻപട്ടിപ്പുഴ |
| 11. | അടയ്ക്കാത്തോട് | 494 | വളപട്ടണം |
| 12. | ഓനിപ്പുഴ | 311 | ഓനിപ്പുഴ |
| 13. | വാഞ്ചിയം | 489 | വാഞ്ചിയം |
| 14. | ആനക്കയം | | ഷോളയാർ |
| 15. | ചാത്തൻകോട്ടുനട | 482·7 | കുററ്യാടി |
| 16. | പൂഴിത്തോട് | 495 | കാടന്ത്രപ്പുഴ |
| 17. | വെസ്റ്റേൺ കല്ലാർ | 695 | മുദിരപ്പുഴ |
| 18. | ചെമ്പ്കടവ്—II | 424·5 | ചാലിയാർ |
| 19. | പാൽചുരം | 472 | ബവാലിപ്പുഴ |
| 20. | ബാരപ്പോൾ | 1271 | ബാരപ്പോൾ |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം III

[30-3-1992-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 23 (365) കാണുക]

## മേശപ്പുറത്തുവയ്ക്കാനുള്ള പട്ടിക

ലോകബാങ്ക് മുന്നോട്ടുവെച്ചിരുന്ന നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു:

(1) കൺസൾട്ടൻസിനെ നിയമിക്കുക

കൺസൾട്ടന്റുകളെ നിയമിക്കുവാനുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിന് നൽകിക്കഴിഞ്ഞു.

(2) സ്പെഷ്യലിസ്റ്റുകളുടെ പാനൽ ഓഫ് എക്സ്പെർട്ടിനെ നിയമിക്കുക.

പാനൽ ഓഫ് എക്സ്പെർട്ടിനെ തിരഞ്ഞെടുത്തുകഴിഞ്ഞു.

(3) സമയബന്ധിതമായി ഓഡിററ് ചെയ്ത കണക്കുകൾ നൽകുക.

1990-91 വരെയുള്ള കണക്കുകൾ തയ്യാറാക്കി ഓഡിററിനുവേണ്ടി അക്കൗണ്ടന്റ് ജനറലിന് നൽകിക്കഴിഞ്ഞു.

(4) ഹ്യൂമൺ റിസോഴ്സസ് ഡവലപ്മെന്റ് സെൽ സ്ഥാപിക്കുക.

ഇത്തരത്തിലുള്ള ഒരു സെൽ ബോർഡിൽ സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം IV

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 18 (3413) കാണുക]

താഴെ പേരു പറയുന്നവർ അനധികൃതമായി കെട്ടിടങ്ങളും മററും കെട്ടി സ്ഥലം കൈവശത്തിൽ വച്ചിരിക്കുന്നു

1. ഭഗവതിപിള്ള ചെല്ലപ്പൻ പിള്ള
2. ശങ്കര പിള്ള ഗോവിന്ദ പിള്ള }
3. ജാനകി അമ്മ വിജയമ്മ }
4. കല്യാണി അമ്മ കാർത്യായനി അമ്മ
5. കുഞ്ഞുലക്ഷ്മി അമ്മ തങ്കമ്മ
6. സ്നേഹപ്പൂ മേരി പത്രോസ് എബ്രഹാം
7. ഈശ്വരി അമ്മ പാറുക്കുട്ടി അമ്മ }
   ചന്ദ്രികാ ബായി }
8. ജോസഫ് ആശീർവാദം

താഴെ പറയുന്നവർ കെട്ടിടങ്ങളും മതിലും കെട്ടിയും മററും കൈവശത്തിൽ വച്ചിരിക്കുന്നു

| | കേസ് നമ്പർ |
|---|---|
| ഭഗവതി പിള്ള ചെല്ലപ്പൻ പിള്ള | (എൽ. സി. 31/62) 1 സെൻറ് |
| ശങ്കരപ്പിള്ള ഗോവിന്ദപിള്ള<br>ജാനകിയമ്മ വിജയമ്മ | (എൽ. സി. 32/62) 8 സെൻറ് |
| കല്യാണി അമ്മ കാർത്യായനി അമ്മ | (എൽ. സി. 35/62) 10·5 സെൻറ് |
| കുഞ്ഞുലക്ഷ്മി അമ്മ തങ്കമ്മ | (എൽ. സി. 58/57) 1 സെൻറ് |
| സ്നേഹപ്പുമേരി, പത്രോസ് എബ്രഹാം | (എൽ. സി. 57/57) 2 സെൻറ് |
| ഈശ്വരി അമ്മ പാറുക്കുട്ടി അമ്മ<br>ചന്ദ്രികാ ബായി | (എൽ. സി. 33/62) 5·5 സെൻറ് |
| ജോസഫ് ആശീർവാദം | (എൽ. സി. 34/62) 4 സെൻറ് |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം V

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 36 (3433) കാണുക]

## 1-2-1992-ൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണലുകളിൽ പെൻറിംഗ് ആയ കേസുകൾ

| | | |
|---|---|---|
| 1. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, തിരുവനന്തപുരം .. | 5786 |
| 2. | ,, ,, ആററിങ്ങൽ .. | 1468 |
| 3. | ,, ,, കൊല്ലം .. | 6579 |
| 4. | ഫസ്ററ് അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, കൊല്ലം .. | 148 |
| 5. | സെക്കൻറ് ,, ,, കൊല്ലം .. | 134 |
| 6. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, പത്തനംതിട്ട .. | 2636 |
| 7. | ,, ,, ആലപ്പുഴ . | 3160 |
| 8. | അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, ആലപ്പുഴ .. | 94 |
| 9. | ,, ,, മാവേലിക്കര .. | 698 |
| 10. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, കോട്ടയം .. | 4421 |
| 11. | ,, ,, തൊടുപുഴ .. | 1535 |
| 12. | ,, ,, എറണാകുളം .. | 4377 |
| 13. | അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, എറണാകുളം .. | 32 |
| 14. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, പറവൂർ .. | 500 |
| 15. | ,, ,, തൃശ്ശൂർ .. | 6715 |
| 16. | ,, ,, പെരുമ്പാവൂർ .. | 4043 |
| 17. | ,, ,, പാലക്കാട് .. | 4073 |
| 18. | അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, പാലക്കാട് .. | 249 |
| 19. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, കോഴിക്കോട് .. | 7465 |
| 20. | ,, ,, കൽപ്പററ .. | 675 |
| 21. | ,, ,, മഞ്ചേരി .. | 6029 |
| 22. | ,, ,, തലശ്ശേരി .. | 1626 |
| 23. | അഡീഷണൽ മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, തലശ്ശേരി .. | 380 |
| 24. | മോട്ടോർ ആക്സിഡന്റ് ക്ലയിം ട്രിബ്യൂണൽ, കാസർഗോഡ് .. | 707 |



LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം VI

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 37 (3434) കാണുക]

1952-ലെ നോട്ടറീസ് ആക്ട് 8-ാം വകുപ്പിന്റെ 1 (എ)-ഉം (ജി)-ഉം ഉപവകുപ്പിനും 1956-ലെ നോട്ടറീസ് റൂൾസിലെ 11-ാം ചട്ടം 8 (1)-ഉം (2)- ഉം ഉപചട്ടങ്ങളിലും പറഞ്ഞിരിക്കുന്നതിനനുസരിച്ച് താഴെ പറയുന്ന രേഖകൾ സാക്ഷ്യപ്പെടുത്തുവാൻ നോട്ടറിമാർക്ക് അധികാരമുണ്ട്.

(1) പ്രമാണങ്ങൾ വെരിഫൈ ചെയ്യുക, പ്രാമാണീകരിക്കുക, സാക്ഷ്യപ്പെടുത്തുക അഥവാ അററസ്ററ് ചെയ്യുക.

(2) പണം നൽകിയത് സ്വീകരിച്ചുകൊണ്ടോ കൂടുതൽ ഈടുകൾ ആവശ്യപ്പെട്ടുകൊണ്ടോ ഏതെങ്കിലും പ്രോമിസറിനോട്ടോ ഹുണ്ടിയോ ബിൽ ഓഫ് എക്സ്ചേഞ്ചോ ഹാജരാക്കുക.

(3) ഏതെങ്കിലും വ്യക്തിയെ സത്യവാചകം ചെയ്യിക്കുക അഥവാ ഏതെങ്കിലും വ്യക്തിയിൽ നിന്നും സത്യവാങ്മൂലം വാങ്ങുക.

(4) ഇന്ത്യയ്ക്കുവെളിയിൽ ഏതെങ്കിലും രാജ്യത്തോ സ്ഥലത്തോ പ്രാബല്യം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള രീതിയിലോ ഭാഷയിലോ അല്ലെങ്കിൽ അത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ നിയമത്തിന് അനുയോജ്യമായോ ഏതെങ്കിലും പ്രമാണം തയ്യാറാക്കുക, സാക്ഷ്യപ്പെടുത്തുക അല്ലെങ്കിൽ പ്രാമാണീകരിക്കുക.

(5) ഏതെങ്കിലും പ്രമാണം ഒരു ഭാഷയിൽനിന്ന് മറെറാരു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനോ പരിഭാഷ പരിശോധിച്ച് അവ സാക്ഷ്യപ്പെടുത്തുന്നതിനോ.

(6) ഷിപ്പിങ്ങ് പ്രൊട്ടസ്ററ്, ബോട്ട് പ്രൊട്ടസ്ററ്, ഹൈമറേജ് സംബന്ധമായ പ്രൊട്ടസ്ററ് മററു വാണിജ്യസംബന്ധമായ പ്രൊട്ടസ്റ്റ് എന്നിവ എഴുതി ഉണ്ടാക്കുക, നോട്ടിങ്ങ് നടത്തുക.

(7) അസ്സൽ പ്രമാണങ്ങളുടെ ശരിപ്പകർപ്പ് സർട്ടിഫൈ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം VII

[30-8-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 40 (3437) കാണുക]

| | കാററഗറി | എസ്.സി. | എസ്.ടി. | ഒ.ബി.സി. | മുന്നോക്ക വിഭാഗം | ആകെ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| 1. | സെക്രട്ടറി | .. | .. | .. | 1 | 1 |
| 2. | സ്പെഷ്യൽ സെക്രട്ടറി | .. | .. | 1 | .. | 1 |
| 3. | അഡീഷണൽ സെക്രട്ടറി | 1 | .. | 3 | 2 | 6 |
| 4. | ജോയിൻറ് സെക്രട്ടറി | 1 | .. | 3 | 2 | 6 |
| 5. | ഡെപ്യൂട്ടി സെക്രട്ടറി | 2 | .. | 4 | 3 | 9 |
| 6. | അണ്ടർ സെക്രട്ടറി | .. | .. | 7 | 8 | 15 |
| 7. | സെക്ഷൻ ഓഫീസർ | 2 | .. | 9 | 11 | 22 |
| 8. | സീനിയർ കന്നട ട്രാൻസ്ലേററർ | 1 | .. | .. | 1 | 2 |
| 9. | സീനിയർ തമിഴ് ട്രാൻസ്ലേററർ | .. | .. | 1 | 1 | 2 |
| 10. | സെക്രട്ടറിയുടെ പി. എ. | .. | .. | 1 | .. | 1 |
| 11. | സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | .. | .. | 1 | 1 |
| 12. | ലീഗൽ അസിസ്ററൻറ് | 5 | .. | 30 | 20 | 55 |
| 13. | കന്നട/തമിഴ് ട്രാൻസ്ലേററർ | 2 | .. | 3 | 1 | 6 |
| 14. | ഓഫീസ് സൂപ്രണ്ട് | 1 | .. | 2 | 1 | 4 |
| 15. | ടൈപ്പിസ്ററ് | 11 | .. | 13 | 10 | 34 |
| 16. | കോൺഫിഡൻഷ്യൽ അസിസ്ററൻറ് | 1 | .. | 13 | 10 | 24 |
| 17. | ക്ലറിക്കൽ അസിസ്ററൻറ് | 1 | .. | 4 | 1 | 6 |
| 18. | ബൈൻഡർ | 1 | .. | 1 | 1 | 3 |
| 19. | അററൻഡർ | 1 | .. | .. | .. | 1 |
| 20. | ഡ്രൈവർ | .. | .. | 1 | 1 | 2 |
| 21. | റോണിയോ ഓപ്പറേററർ | .. | .. | 1 | 1 | 2 |
| 22. | ഡഫേദാർ | 1 | .. | 1 | 1 | 3 |
| 23. | പ്യൂൺ | 9 | 1 | 23 | 11 | 44 |
| | ആകെ ജീവനക്കാർ | 40 | 1 | 121 | 88 | 250 |



LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം VIII

[30–3–1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 49 (3447) കാണുക]

| | | | രൂപ ലക്ഷത്തിൽ |
|---|---|---|---|
| 1. | പുനരധിവാസ പദ്ധതി | .. | 6851·61 |
| 2. | 'സാഫ്' | .. | 88·10 |
| 3. | കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സ്കീം | .. | 91·44 |
| 4. | താഴ്ന്ന വരുമാനക്കാർക്കായുള്ള പദ്ധതി | .. | 2192·32 |
| 5. | ഇടത്തരം വരുമാനക്കാർക്കായുള്ള പദ്ധതി | .. | 1027·46 |
| 6. | ഉയർന്ന വരുമാനക്കാർക്കായുള്ള പദ്ധതി | .. | 763·48 |
| 7. | കോംപസിററ് പദ്ധതി (എൽ.ഐ.ജി., ഇ. ഡബ്ല്യൂയു. എസ്., എം. ഐ. ജി.) | .. | 373·81 |
| 8. | അററകുററപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതി | .. | 549·15 |
| 9. | ഭൂമി ഏറ്റെടുക്കൽ പദ്ധതി (എൽ. എ. സ്കീം) | .. | 359·17 |
| 10. | വാടകവീട് പദ്ധതി | .. | 48·64 |
| 11. | പൊതുഭവന പദ്ധതികൾ | .. | 511·81 |
| 12. | കൈരളി പദ്ധതികൾ | .. | 1115·85 |
| 13. | ബീഡിതൊഴിലാളികൾക്കുള്ള പദ്ധതി | .. | 47·61 |
| 14. | കൈത്തറി തൊഴിലാളികൾക്കുള്ള പദ്ധതി | .. | 24·71 |
| | ആകെ | .. | 14045·16 |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം IX

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 50 (3448) കാണുക]

ഹഡ്കോയിൽനിന്നും വായ്പ നേടുന്നതിന് സമർപ്പിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1. | പാററൂർ ഭവനനിർമ്മാണ പദ്ധതി | .. | 121·92 |
| 2. | എം. ഐ. ജി., കൊച്ചി | .. | 46·40 |
| 3. | കോഴിക്കോട് മെഡിക്കൽ കോളേജ് | .. | 148·25 |
| 4. | ചേർത്തല ഭവനനിർമ്മാണ പദ്ധതി | .. | 21·73 |
| 5. | ചിന്നക്കട ഭവനനിർമ്മാണ പദ്ധതി | .. | 38·80 |
| 6. | ആററിങ്ങൽ ഭവനനിർമ്മാണ പദ്ധതി | .. | 53·40 |
| 7. | ചങ്ങനാശ്ശേരി ഭവനനിർമ്മാണ പദ്ധതി | .. | 205·00 |
| 8. | ദുർബല വരുമാനക്കാർക്കായുള്ള പദ്ധതി (രാജീവ്) 28 | .. | 8016·00 |
| 9. | പുനരധിവാസ ഭവന നിർമ്മാണ പദ്ധതി നാലാംഘട്ടം (5 പദ്ധതി) | .. | 506·68 |
| 10. | കൈരളി 2-ാം ഘട്ടം (2 പദ്ധതി) | .. | 315·34 |
| 11. | താഴ്ന്ന വരുമാനക്കാർക്കായുള്ള പദ്ധതി (6 പദ്ധതി) | .. | 928·20 |
| 12. | പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്കുള്ള പദ്ധതി (2 പദ്ധതി) | .. | 157·50 |
| 13. | ഇരിങ്ങാലക്കുട പദ്ധതി | .. | 38·08 |
| 14. | പനമ്പള്ളി നഗർ ഹൗസിംഗ് സ്കീം | .. | 67·10 |
| | ആകെ | .. | 10664·20 |

വായ്പ സമാഹരിക്കുന്നതിനുള്ള പ്രധാന നിബന്ധനകൾ താഴെ പറയും പ്രകാരമാണ്:

(1) വായ്പയ്ക്കുള്ള ജാമ്യം ഗവൺമെൻറ് ഗ്യാരണ്ടിയാണ്.

(2) വായ്പയ്ക്കുള്ള പലിശനിരക്ക് തിരിച്ചടയ്ക്കേണ്ട കാലാവധി തുടങ്ങിയവ ഓരോ പദ്ധതിക്കും നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.

(3) ഹഡ്കോയിൽ നിന്നും വായ്പ സമാഹരിക്കുന്നതിനും പദ്ധതിക്കുമുള്ള സർക്കാർ അംഗീകാരം നൽകണം.

(4) ഓരോ പദ്ധതിക്കുമുള്ള ഗുണഭോക്താക്കൾ അതാത് പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വിഭാഗത്തിൽപ്പെടുന്നവരാണെന്നുള്ള സാക്ഷ്യപത്രം.

ഓരോ പദ്ധതിക്കും ഹഡ്കോ അംഗീകാരം ലഭിക്കുമ്പോൾ മാത്രമേ എന്തെല്ലാം വ്യവസ്ഥകളാണുള്ളത് എന്ന് കൃത്യമായി പറയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം X

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 74 (3473) കാണുക]

**1987 മുതൽ 1991 വരെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്തുണ്ടായ കൃഷിനാശങ്ങൾക്കും വരൾച്ചയ്ക്കും നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്**

**1987**—മൊത്തം 890.36 ലക്ഷം രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**1988**

| ക്രമ നമ്പർ | ജില്ലയുടെ പേര് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം | 1,04,867·00 |
| 2. | കൊല്ലം | 29,996·00 |
| 3. | പത്തനംതിട്ട | .. |
| 4. | ആലപ്പുഴ | 4,63,935·00 |
| 5. | കോട്ടയം | 1,44,552·00 |
| 6. | ഇടുക്കി | 1,76,067·00 |
| 7. | എറണാകുളം | 2,38,926·00 |
| 8. | തൃശ്ശൂർ | 2,33,755·00 |
| 9. | പാലക്കാട് | 1,84,647·00 |
| 10. | മലപ്പുറം | 1,74,860·00 |
| 11. | കോഴിക്കോട് | 2,07,997·00 |
| 12. | വയനാട് | 2,54,723·00 |
| 13. | കണ്ണൂർ | 1,04,328·00 |
| 14. | കാസർഗോഡ് | 1,45,000·00 |
| | ആകെ | 24,63,653·00 |

**1989**—വരൾച്ചാ ദുരിതാശ്വാസമായി നൽകിയ തുകയുടെ കണക്ക്

| ക്രമ നമ്പർ | ജില്ലയുടെ പേര് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം | 24,989·00 |
| 2. | കൊല്ലം | 1,00,000·00 |
| 3. | പത്തനംതിട്ട | 1,14,936·00 |
| 4. | ആലപ്പുഴ | 1,45,000·00 |
| 5. | കോട്ടയം | 5,000·00 |
| 6. | ഇടുക്കി | 24,935·00 |
| 7. | എറണാകുളം | 30,000·00 |
| 8. | തൃശ്ശൂർ | 2,49,847·00 |
| 9. | പാലക്കാട് | 12,40,001·00 |
| 10. | കോഴിക്കോട് | 4,971·00 |
| 11. | വയനാട് | 10,000·00 |
| 12. | മലപ്പുറം | 49,999·00 |
| | ആകെ | 19,99 678·00 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം X—(തുടർച്ച)

1989-ൽ കാലവർഷക്കെടുതി ദുരിതാശ്വാസമായി നൽകിയ തുകയുടെ കണക്ക്

| ക്രമ നമ്പർ | ജില്ലയുടെ പേര് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം | 1,95,000 |
| 2. | കൊല്ലം | 4,32,854 |
| 3. | പത്തനംതിട്ട | 9,63,000 |
| 4. | ആലപ്പുഴ | 24,61,046 |
| 5. | കോട്ടയം | 25,64,000 |
| 6. | ഇടുക്കി | 58,91,000 |
| 7. | എറണാകുളം | 20,77,000 |
| 8. | തൃശ്ശൂർ | 5,61,100 |
| 9. | പാലക്കാട് | 14,55,000 |
| 10. | മലപ്പുറം | 9,95,000 |
| 11. | കോഴിക്കോട് | 11,22,000 |
| 12. | വയനാട് | 19,38,000 |
| 13. | കണ്ണൂർ | 35,00,000 |
| 14. | കാസർകോട് | 20,45,000 |
| | ആകെ | 2,62,00,000 |

1990-ൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചതിന് വിതരണം ചെയ്ത തുകയുടെ കണക്ക്

| ക്രമ നമ്പർ | ജില്ലയുടെ പേര് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം | 1,00,000 |
| 2. | കൊല്ലം | 1,00,000 |
| 3. | പത്തനംതിട്ട | 2,00,000 |
| 4. | ആലപ്പുഴ | 4,25,000 |
| 5. | കോട്ടയം | 1,50,000 |
| 6. | ഇടുക്കി | 25,000 |
| 7. | എറണാകുളം | 6,75,000 |
| 8. | തൃശ്ശൂർ | 5,25,000 |
| 9. | പാലക്കാട് | 1,50,000 |
| 10. | മലപ്പുറം | 3,75,000 |
| 11. | കോഴിക്കോട് | 50,000 |
| 12. | കണ്ണൂർ | 3,65,112 |
| 13. | കാസർകോട് | 3,59,888 |
| | ആകെ | 35,00,000 |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം X—(തുടർച്ച)

1991—കാലവർഷക്കെടുതിമൂലമുണ്ടായ കൃഷിനാശത്തിന് അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്. തുക വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

| ക്രമ നമ്പർ | ജില്ലയുടെ പേര് | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 42 50 |
| 2. | കൊല്ലം | 53.00 |
| 3. | പത്തനംതിട്ട | 103.00 |
| 4. | കോട്ടയം | 91.00 |
| 5. | ഇടുക്കി | 30.00 |
| 6. | ആലപ്പുഴ | 222.00 |
| 7. | എറണാകുളം | 96.00 |
| 8. | തൃശ്ശൂർ | 69.00 |
| 9. | പാലക്കാട് | 64.00 |
| 10. | മലപ്പുറം | 57.00 |
| 11. | കോഴിക്കോട് | 47.10 |
| 12. | വയനാട് | 39.00 |
| 13. | കണ്ണൂർ | 44.00 |
| 14. | കാസർകോഡ് | 42.50 |
| | ആകെ | 1,000.00 |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം XI

[30–3–1992-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 78 (3477) കാണുക]

| | തസ്തിക | എസ്.സി./ എസ്.ററി. | മുസ്ലീം | ഒ.ബി.സി. | ആകെ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| 1. | കൃഷി ഡയറക്ടർ | .. | .. | .. | 1 |
| 2. | കൃഷി ആഫീസർ | 167 | 182 | 475 | 1197 |
| 3. | കൃഷി ഫീൽഡ് ആഫീസർ | 5 | 11 | 31 | 66 |
| 4. | കൃഷി അസിസ്ററൻറുമാർ | 375 | 615 | 1224 | 3061 |
| 5. | ജൂനിയർ സൂപ്രണ്ട് | 15 | 10 | 35 | 128 |
| 6. | ഹെഡ് ക്ലാർക്ക് | .. | 2 | 11 | 34 |
| 7. | കോൺഫിഡൻഷ്യൽ അസിസ്ററൻറ് | 3 | 5 | 15 | 43 |
| 8. | ടൈപ്പിസ്ററ് | 21 | 21 | 70 | 177 |
| 9. | റിസർച്ച് അസിസ്ററൻറ് | 3 | 2 | 3 | 16 |
| 10. | കമ്പയിലർ/ ഇൻവെസ്ററിഗേററർ | 4 | 3 | 2 | 58 |
| 11. | ഫെയർ കോപ്പി സൂപ്രണ്ട് | .. | .. | 2 | 5 |
| 12. | ക്ലാർക്ക് | 104 | 175 | 408 | 1021 |
| 13. | സീനിയർ അഡീഷണൽ ഡയറക്ടർ | 1 | .. | .. | 1 |
| 14. | അഡീഷണൽ ഡയറക്ടർ | 2 | 1 | .. | 5 |
| 15. | ജോയിൻറ് ഡയറക്ടർ | 6 | 2 | .. | 26 |
| 16. | ഡെപ്യൂട്ടി ഡയറക്ടർ | 15 | 7 | .. | 110 |
| 17. | സ്റേററ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ | .. | .. | .. | 1 |
| 18. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | .. | 2 | .. | 3 |
| 19. | ലേബർ വെൽഫെയർ ആഫീസർ | .. | .. | .. | 1 |
| 20. | അസിസ്ററൻറ് ഡയറക്ടർ | 27 | 21 | 108 | 265 |
| 21. | എഞ്ചിനീയറിംഗ് സ്ററാഫ് | .. | 6 | 14 | 35 |
| 22. | അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | 3 | 1 | 1 | 16 |
| 23. | അക്കൗണ്ട്സ് ആഫീസർ | 2 | .. | 4 | 19 |
| 24. | സീനിയർ സൂപ്രണ്ട് | 7 | .. | 1 | 14 |
| 25. | മെക്കാനിക്ക് | 15 | 3 | 6 | 83 |
| 26. | സീനിയർ മെക്കാനിക്ക് | .. | .. | 2 | 8 |
| 27. | ഫോർമാൻ | .. | .. | 1 | 10 |
| 28. | മെക്കാനിക്ക് എഞ്ചിനീയർ–സൂപ്പർവൈസർ | .. | .. | .. | 2 |
| 29. | ട്രാക്ടർ ഡ്രൈവർ | 6 | 3 | 4 | 32 |
| 30. | ഓയിൽ എൻജിൻ ഡ്രൈവർ | 1 | .. | 1 | 5 |
| 31. | ഫിററർ | .. | .. | 2 | 4 |
| 32. | വെൽഡർ | 1 | 1 | 3 | 10 |
| 33. | ബോറർ | .. | .. | 2 | 5 |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം XI—(തുടർച്ച)

| | തസ്തിക | എസ്.സി./ എസ്.ററി. | മുസ്ലീം | ഒ.ബി.സി. | ആകെ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| 34. | ടർണർ | .. | .. | .. | 1 |
| 35. | ബ്ലാക്സ്മിത്ത് | .. | .. | 1 | 2 |
| 36. | കാർപെൻറർ | .. | .. | .. | 1 |
| 37. | ട്രാക്ടർ ക്ലീനർ | 7 | 1 | 2 | 20 |
| 38. | വർക്ക്ഷോപ്പ് അററൻറർ | .. | .. | .. | 1 |
| 39. | ഫാം മെക്കാനിക്ക് | .. | .. | .. | 1 |
| 40. | ലാസ്കർ | 1 | .. | 1 | 3 |
| 41. | സിനിമ ഓപ്പറേററർ | .. | 1 | .. | 1 |
| 42. | ആർട്ടിസ്ററ് | 1 | .. | 1 | 2 |
| 43. | ഫോട്ടോഗ്രാഫർ | .. | .. | .. | 1 |
| 44. | അസിസ്ററൻറ് ഓഫ്സെററ് ഓപ്പറേററർ | .. | .. | .. | 1 |
| 45. | ഡ്രൈവർ-കം-ഓപ്പറേററർ | 1 | 1 | .. | 4 |
| 46. | ഫോട്ടോ ആർട്ടിസ്ററ് | .. | .. | 1 | 3 |
| 47. | ബോട്ട് സ്രാങ്ക് | 1 | .. | 1 | 3 |
| 48. | ബോട്ട് ഡ്രൈവർ | 1 | 2 | 1 | 5 |
| 49. | ഡക്കുമാൻ | .. | .. | 1 | 1 |
| 50. | വർക്സ് സൂപ്രണ്ട് | 5 | 3 | 7 | 30 |
| 51. | ഓവർസീയർ | 1 | 1 | 1 | 6 |
| 52. | ഡ്രാഫ്ററ്സ്മാൻ | 1 | .. | 2 | 5 |
| 53. | ഹെഡ് ഡ്രാഫ്ററ്സ്മാൻ | 1 | .. | .. | 2 |
| 54. | സ്കിൽഡ് അസിസ്ററൻറ് | 1 | .. | .. | 1 |
| 55. | പ്യൂൺ | 39 | 12 | 8 | 389 |
| 56. | വാച്ചർ | 18 | 6 | 12 | 159 |
| 57. | ബയിൻറർ | 1 | .. | 2 | 6 |
| 58. | ക്ലീനർ | 4 | .. | 1 | 8 |
| 59. | ലോറി ക്ലീനർ | 1 | .. | 1 | 2 |
| 60. | ഡ്യൂപ്ലിക്കേററ് ഓപ്പറേററർ | 3 | 5 | 4 | 44 |
| 61. | മസ്ദൂർ | 2 | .. | 1 | 4 |
| 62. | സയിൻറിഫിക് അസിസ്ററൻറ് | 5 | 3 | 8 | 57 |
| 63. | ഡ്രൈവർ | 13 | 8 | 21 | 108 |
| 64. | വാൻ ക്ലീനർ | 1 | .. | 5 | 9 |
| 65. | ഇലക്ട്രീഷൻ | 1 | 1 | 2 | 10 |
| 66. | ക്ലാർക്ക് ടൈപ്പിസ്ററ് | 2 | .. | 1 | 7 |
| 67. | മെഷിനിസ്ററ് | .. | .. | .. | 1 |
| 68. | ഫീൽഡ് സൂപ്പർവൈസർ | 8 | 16 | 11 | 213 |
| 69. | ലാബ് കീപ്പർ | .. | .. | .. | 2 |
| 70. | സ്റേറാർ-ഇൻ-ചാർജ് | 2 | 1 | 1 | 10 |
| 71. | ഗാർഡനർ-കം-ക്ലീനർ | 2 | 1 | 1 | 15 |
| 72. | ലാബ് അസിസ്ററൻറ് | 3 | 1 | 2 | 43 |
| 73. | ലാബ് അററൻറർ | 6 | 1 | 3 | 32 |
| | | | | ആകെ | 7675 |

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[30-3-1992-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 79 (3478) കാണുക]

## AGRICULTURE (ESTT. A) DEPARTMENT

**G.O. (Rt) No. 2240/91/AD, dated, Thiruvananthapuram, 12th December 1991**

*Abstract.*—Establishment—Agriculture Department—Suit E.P. 274/85 in O.S. 60/84 of Sub Court, Kozhikode—Amount due to Amala Charities from Sri V. S. Prabhakara Kaimal, Additional Director of Agriculture—Deposit of decretal amount in the Court—Ordered.

*Read.*—1. Letters No. SB (1) 21300/91, datedf 13-9-1991 and 3-12-1991 from the Director of Agriculture.

2. T.P.M. No. F6-70494/90, dated 15-11-1991 from the District Collector, Kozhikode.

### ORDER

In the Teleprinter Message read above, the District Collector, Kozhikode has informed Government that an amount of Rs. 14,880 (Fourteen thousand eight hundred and eighty only) including interest due to Amala Charities Private Limited, Amala Fund, Kozhikode from Sri V. S. Prabhakara Kaimal, Additional Director of Agriculture should be remitted at the Sub Court, Kozhikode immediately and that same should be recovered from the defaulter Sri Prabhakara Kaimal. The Director of Agriculture has reported that an amount of Rs. 3,720 (Three thousand seven hundred and twenty only) has already been recovered from the salary of Sri V.S. Prabhakara Kaimal.

Government has examined the matter in detail. They order that the balance amount is Rs. 11,160 (Eleven thousand one hundred and sixty only) will be placed at the disposal of District Collector, Kozhikode for the purpose, by debit to the "Suspense" head of account so as to avoid Court attachment.

The Director of Agriculture will take immediate action to clear the debit under the suspense head.

By order of the Governor,

N. SARASAMMA,
*Additional Secretary.*

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



# അനുബന്ധം XIII

[30-3-1992-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 93 (3492) കാണുക]

1987-88, 1988-89, 1989-90, 1990-91 വർഷങ്ങളിൽ കേരളത്തിൽനിന്ന് കയററി അയച്ച പ്രധാന കാർഷിക ഉൽപ്പന്നങ്ങളുടെ അളവും മൂല്യവും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

അളവ്—മെട്രിക് ടണ്ണിൽ
മൂല്യം—കോടി രൂപ

| ഉൽപ്പന്നം | 1987-88 | | 1988-89 | | 1989-90 | | 1990-91 | |
|---|---|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. കശുവണ്ടി .. | 33020 | 288·96 | 30303·7 | 246·91 | 41655 | 337·00 | 44165 | 392·23 |
| 2. സുഗന്ധ വ്യഞ്ജനങ്ങൾ .. | 44020 | 246·53 | 41155·6 | 169·74 | 39305 | 160·71 | 32802 | 133·24 |
| 3. കാപ്പി .. | 46240 | 128·50 | 42666·2 | 144·39 | 57097 | 142·47 | 35890 | 98·91 |
| 4. തേയില .. | 12930 | 35·86 | 20406·1 | 50·45 | 11685 | 43·19 | 9170 | 43·53 |
| 5. കയർ ഉൽപ്പന്നങ്ങൾ .. | 23900 | 31·45 | 23429·11 | 31·54 | 25134 | 37·70 | 23751 | 43·47 |
| 6. പഴവർഗ്ഗങ്ങളും പച്ചക്കറികളും | | | | | | | | |
| (എ) തിരുവനന്തപുരത്തുനിന്നും വിമാനമാർഗ്ഗം അയച്ചത് .. | .. | .. | .. | .. | 7421 | 13·32 | 6766 | 19·14 |
| (ബി) കൊച്ചിയിൽ നിന്നും വിമാന മാർഗ്ഗം അയച്ചത് .. | .. | .. | .. | .. | 224·12 | 12·70 | 166·23 | 9·34 |

# അനുബന്ധം XIV

[30-3-1992-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 113 (3512) കാണുക]

താഴെ പറയുന്ന പദ്ധതികളാണ് എട്ടാം പഞ്ചവൽസര പദ്ധതി കാലത്ത് ഒന്നാം വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. 20000 ഹെക്ടർ സ്ഥലത്തെ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധരിക്കുക.

2. 1000 ഹെക്ടർ സ്ഥലത്തുകൂടി ഇഞ്ചികൃഷി വ്യാപിപ്പിക്കുക.

3. 1000 ഹെക്ടർ സ്ഥലത്തുകൂടി മഞ്ഞൾ കൃഷി വ്യാപിപ്പിക്കുക.

4. കശുമാവ് തോട്ടങ്ങളിലും കുരുമുളകു തോട്ടങ്ങളിലും സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുക.

കൂടാതെ കുരുമുളകു വികസനത്തിനുവേണ്ടി യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ 161 കോടി രൂപയുടെ ഒരു പദ്ധതിയും കേന്ദ്രത്തിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്.

എട്ടാം പഞ്ചവൽസര പദ്ധതിയിൽ 1992-93 വർഷത്തിൽ സുഗന്ധവിള വികസനത്തിനായി വകകൊള്ളിച്ചിട്ടുള്ള 150 ലക്ഷം രൂപ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധരിക്കാനും ഇഞ്ചിയുടേയും മഞ്ഞളിന്റെയും കൃഷി വ്യാപിപ്പിക്കാനും ഉപയോഗിക്കും. 200 ലക്ഷം രൂപയാണ് കശുമാവ് തോട്ടങ്ങളിലേയും കുരുമുളക് തോട്ടങ്ങളിലേയും സസ്യസംരക്ഷണ നടപടികൾക്കുവേണ്ടി കണക്കാക്കിയിട്ടുള്ളത്.

1991-92 സാമ്പത്തിക വർഷത്തിൽ 100 ശതമാനം കേന്ദ്ര സഹായത്തോടെ ഉള്ള സംയോജിത സുഗന്ധവിള വികസന പരിപാടിക്ക് 372.325 ലക്ഷം രൂപയും, കുരുമുളക് ഗ്രൂപ്പ് മാനേജ്മെന്റ് പദ്ധതിയ്ക്ക് 25 ലക്ഷം രൂപയും, ഇഞ്ചിയുടേയും മഞ്ഞളിന്റേയും വികസന പദ്ധതിക്ക് 8 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം XV

[30-3-1992-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 114 (3513) കാണുക]

| സുഗന്ധവ്യഞ്ജനങ്ങളുടെ പേര് | 1987-88 | | 1988-89 | | 1989-90 | | 1990-91 | |
|---|---|---|---|---|---|---|---|---|
| | ഉൽപ്പാദനം (ടൺ) | വില രൂപ (ലക്ഷം) | ഉൽപ്പാദനം (ടൺ) | വില രൂപ (ലക്ഷം) | ഉൽപ്പാദനം (ടൺ) | വില രൂപ (ലക്ഷം) | ഉൽപ്പാദനം (ടൺ) | വില രൂപ (ലക്ഷം) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| കുരുമുളക് .. | 46819 | 17201 | 43241 | 18939 | 54135 | 17009 | 47922 | 16221 |
| ഇഞ്ചി .. | 45511 | 7459 | 45020 | 9692 | 47272 | 12579 | 44502 | 10867 |
| മഞ്ഞൾ .. | 5841 | 605 | 5787 | 578 | 5721 | 832 | 5908 | 1567 |
| ഏലം .. | 2050 | 3077 | 2820 | 5555 | 2820 | 8814 | 2770 | 7259 |
| ജാതി .. | 4770 | 9515 | 5192 | 7555 | 5537 | 7466 | ലഭ്യമല്ല | .. |
| ആകെ .. | 104991 | 37857 | 102060 | 42319 | 115485 | 46700 | 101102 | 35914 |

കുറിപ്പ്: ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഗ്രാമ്പുവിന്റെ ഉൽപ്പാദന വിവരങ്ങൾ ശേഖരിച്ചിട്ടില്ലാത്തതിനാൽ ലഭ്യമല്ല. ദേശീയതലത്തിൽ ഗ്രാമ്പുവിന്റെ ശരാശരി ഉൽപ്പാദനം ഹെക്ടറിന് 250 കി.ഗ്രാം ആണെന്ന് കണക്കാക്കിയിട്ടുണ്ട്. കേരളത്തിൽ 915 ഹെക്ടർ സ്ഥലത്ത് ഗ്രാമ്പൂ കൃഷി ചെയ്യുന്നുണ്ട്. അതിനാൽ ഗ്രാമ്പുവിന്റെ ഉൽപ്പാദനം ഏകദേശം 228.75 ടൺ ആയി കണക്കാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം XV—(തുടർച്ച)

ജില്ല തിരിച്ചുള്ള 1989–90-ലെ കണക്ക് താഴെ കൊടുക്കുന്നു

(ഉൽപ്പാദനം ടൺ)

| ജില്ലയുടെ പേര് | കുരുമുളക് | ഇഞ്ചി | ഏലം | ജാതി | മഞ്ഞൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| തിരുവനന്തപുരം .. | 1188 | 177 | 2 | 71 | 13 |
| കൊല്ലം .. | 3589 | 820 | 19 | 42 | 196 |
| പത്തനംതിട്ട .. | 2154 | 970 | .. | 145 | 119 |
| ആലപ്പുഴ .. | 695 | 188 | .. | 23 | 36 |
| കോട്ടയം .. | 1724 | 2957 | 1 | 503 | 1228 |
| ഇടുക്കി .. | 18947 | 6542 | 2378 | 192 | 449 |
| എറണാകുളം .. | 1108 | 5357 | .. | 3832 | 817 |
| തൃശ്ശൂർ .. | 857 | 505 | .. | 215 | 194 |
| പാലക്കാട് .. | 311 | 1536 | 200 | 30 | 596 |
| മലപ്പുറം .. | 889 | 362 | 3 | 121 | 149 |
| വയനാട് .. | 9148 | 22810 | 200 | 13 | 618 |
| കോഴിക്കോട് .. | 2510 | 2308 | 2 | 21 | 456 |
| കാസർഗോഡ് .. | 2377 | 1000 | .. | 104 | 153 |
| കണ്ണൂർ .. | 8638 | 1740 | 15 | 225 | 697 |
| ആകെ .. | 54135 | 47272 | 2820 | 5537 | 5721 |